# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 18, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 161 - നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 18, വ്യാഴം


സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ.പാലോട് രവി**

സെക്രട്ടറി

**ശ്രീ. പി. ഡി ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സ് സിനിമയും വകുപ്പുമന്ത്രി | : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... .1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 74

**II അടിയന്തരപ്രമേയം**

ഷിബുവിന്റെ കൊലപാതകം —

(അവതരണാനുമതി നിഷേധിച്ചു) ...390

**III. ശ്രദ്ധ ക്ഷണിക്കൽ**

ജീവൻരക്ഷാ മരുന്നുകളുടെ കസ്റ്റംസ് തീരുവ ഇളവ് —

- ശ്രീ. ടി. എൻ. പ്രതാപൻ ...411

**IV. റിപ്പോർട്ട് സമർപ്പണം**

1. 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് ...414

2. കേരളത്തിലെ വിവിധ ഊർജ്ജപദ്ധതികളുടേയും എനർജിമാനേജ്മെന്റ് സെന്ററിന്റേയും പ്രവർത്തനങ്ങൾ സംബന്ധിച്ചും വ്യാവസായിക പരിശീലനവകുപ്പിന്റെ നൈപുണ്യവികസനപരിപാടി സംബന്ധിച്ചുമുള്ള സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട് ... 415

3. എക്സൈസ് വകുപ്പിന്റെ ആധുനിക വൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട് ... 415

4. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് ... 415

5. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിപ്പതിനൊന്ന് മുതൽ നൂറ്റിയിരുപത് വരെയുള്ള റിപ്പോർട്ടുകൾ … 415

6. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ നൂറ്റിനാല് മുതൽ നൂറ്റിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ … 415

7. ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് … 416

8. മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ പതിമൂന്ന് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ …416

9. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് … 416

**V. ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച) … 416

**VI. ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച പ്രമേയം**

- മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) … 421

**VII. സഭാ സമ്മേളനം വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച പ്രമേയം**

- മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) … 422

**VIII. അനുബന്ധം I & II** …423

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2016 ഫെബ്രുവരി 18, വ്യാഴം*

വാല്യം 161] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2016 ഫെബ്രുവരി മാസം 18-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(അഴിമതിയാരോപണ വിധേയരായ മന്ത്രിമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ ഇരിപ്പിടങ്ങളിൽ എഴുന്നേറ്റുനിന്ന് പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയും അൽപ്പ സമയത്തിനുശേഷം നിശബ്ദരാവുകയും ചെയ്തു.)

<u>മി. സ്പീക്കർ</u>: ഓർഡർ............ഓർഡർ........ .....പ്ലീസ് ........

പ്ലീസ്.......ചോദ്യം നമ്പർ *211

### രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന

1 (*211) <u>ശ്രീ. കെ. മുരളീധരൻ</u>:
<u>ശ്രീ. വി. ഡി. സതീശൻ</u>:
<u>ശ്രീ. വർക്കല കഹാർ</u>:
<u>ശ്രീ. സി. പി. മുഹമ്മദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. പദ്ധതിയനുസരിച്ച് ധനസഹായം

നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ ): സർ,

(എ- സി) ദീർഘമായ മറുപടിയായതുകൊണ്ട് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു..*

ശ്രീ. കെ. മുരളീധരൻ: സർ, ആർ.എസ്.ബി.വൈ. പ്രകാരം ചികിത്സാ ഇൻഷ്വറൻസ് ലഭ്യമായിരുന്ന മിക്ക സ്വകാര്യ ആശുപത്രികളെയും ഈ പദ്ധതിയിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്. പദ്ധതിയുടെ തുടക്കത്തിൽ പാവപ്പെട്ട രോഗികൾക്ക് ലഭ്യമായിരുന്ന ചികിത്സാ സൗകര്യങ്ങളൊന്നും ഇപ്പോൾ ലഭിക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ്, മികച്ച സ്വകാര്യ ആശുപത്രികൾക്കുകൂടി ഈ പദ്ധതിയിലെ ഇൻഷ്വറൻസ് സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, സ്വകാര്യ ആശുപത്രികളെ പുറത്താക്കിയതല്ല, ചിലർ സ്വമേധയാ പുറത്തുപോയതാണ്. ചിലരെ ക്രമക്കേടുകൾ നടത്തിയതിന് പുറത്താക്കിയിട്ടുമുണ്ട്. സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ആർ.എസ്.ബി.വൈ. പദ്ധതിയിൽ സ്വകാര്യ ആശുപത്രികൾ പങ്കെടുക്കാൻ വൈമനസ്യം കാണിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അവർക്ക് ഈ റേറ്റുകൾ പോര എന്നുള്ളതാണ് കാരണം. ഞാൻ ഇക്കാര്യം സംബന്ധിച്ച് പല പ്രാവശ്യം ചർച്ച നടത്തിയിട്ടുള്ളതാണ്. സോഷ്യൽ കമ്മിറ്റ്മെന്റിന്റെ ഭാഗമായി ഇതിൽ വലിയ ലാഭം പ്രതീക്ഷിക്കാതെ ഓവർ ഹെഡ്സെങ്കിലും മീറ്റ് ചെയ്യാൻ സഹായകരമാണെങ്കിൽ ഇതിലേക്ക് വരണമെന്ന് പറഞ്ഞിട്ടും അവർ മുഖം തിരിഞ്ഞുനിൽക്കുകയാണ് കാണുന്നത്. റേറ്റ്സിന്റെ ചില റിവിഷൻ വരുന്നുണ്ട്. അതുവച്ച് കുറച്ചുപേർ കൂടി ഇതിൽ പങ്കാളികളാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* അനുബന്ധമായി ചേർക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ആർ.എസ്.ബി.വൈ.-യുടെ ഭാഗമായി നടപ്പിലാക്കുന്ന ചിസ് പദ്ധതിയിൽ അംഗങ്ങളായ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ടെന്ന് പറയുന്നത് സ്മാർട്ട് കാർഡ് ഓരോവർഷവും നിശ്ചിത തീയതിക്കുള്ളിൽത്തന്നെ പുതുക്കണമെന്നുള്ളതാണ്. അത് പുതുക്കിയില്ലെങ്കിൽ ഇവർ ഈ സ്കീമിൽ നിന്ന് ഔട്ടായി പോകും. ചിലപ്പോൾ ഇവർ കാർഡ് പുതുക്കാൻ മറന്നുപോകുന്ന സാഹചര്യവുമുണ്ട്. ഗവൺമെന്റാണ് ഇവരുടെ പ്രീമിയംഅടയ്ക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് തന്നെ ഇതിൽ അംഗങ്ങളായിട്ടുള്ളവർക്ക് ഓരോ വർഷവും സ്വയം കാർഡ് പുതുക്കിക്കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ? ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ഈ വർഷം വരെ കേന്ദ്ര ഗവൺമെന്റ് 75 ശതമാനവും സംസ്ഥാന ഗവൺമെന്റ് 25 ശതമാനവും വിഹിതം അടയ്ക്കുന്ന പദ്ധതിയാണിത്. അതുകൊണ്ട് സെൻട്രൽ നോംസാണ് ഇതിന് ബാധകമായിട്ടുള്ളത്. ഓരോ വർഷവും കാർഡ് പുതുക്കണമെന്നുള്ളത് അതിന്റെ ഒരു നിബന്ധനയായിരുന്നു. എന്നാൽ കഴിഞ്ഞവർഷം ആദ്യമായി കാർഡ് പുതുക്കാതെ പഴയ കാർഡ് തന്നെ തുടരാനുള്ള ഫെസിലിറ്റി ചെയ്തുകൊടുത്തിട്ടുണ്ട്. ഈ വർഷമാകുമ്പോൾ മൂന്നുവർഷത്തെ കോൺട്രാക്ട് കഴിഞ്ഞ്, പുതിയ ടെണ്ടർ വിളിച്ച് പുതിയ പാർട്ടി വരികയാണ്. അപ്പോൾ പുതിയ കാർഡ് എടുക്കേണ്ടി വരും. പക്ഷെ അത് കഴിവതും മൂന്നുവർഷത്തേക്ക്, ടെണ്ടർ കാലാവധിക്കുള്ളിൽ പുതുക്കണ്ടായെന്നുള്ള നിലപാടിലേക്കാണ് സംസ്ഥാന ഗവൺമെന്റ് എത്തിയിട്ടുള്ളത്. അക്കാര്യം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി വർദ്ധിപ്പിച്ചുവെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. പക്ഷെ, ആർ.എസ്.ബി.വൈ. പോലുള്ള കേന്ദ്ര പദ്ധതികളിൽ ഗണ്യമായ വെട്ടിക്കുറവാണ് ഇപ്പോൾ വരുത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇതുവരെ 75 ശതമാനം കേന്ദ്ര ഗവൺമെന്റ് വിഹിതവും 25 ശതമാനം സംസ്ഥാന ഗവൺമെന്റ് വിഹിതവും അടയ്ക്കുന്നു എന്നാണ് സൂചിപ്പിച്ചത്. ഈ കോൺട്രാക്ട് പുതുക്കിക്കഴിയുമ്പോൾ കേന്ദ്രവിഹിതം 60 ശതമാനമായി ഈ പദ്ധതിയിൽ കുറയുകയാണ്. അതുപോലെ 40 ശതമാനം

സംസ്ഥാന വിഹിതമായി വയ്ക്കേണ്ട സ്ഥിതിയിലുമാണ്. ഇത്രയും ഗ്യാപ് മീറ്റ് ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? അതുപോലെ പേമെന്റിന് കാലതാമസം വരുന്നുവെന്ന പരാതി പല സ്വകാര്യ ആശുപത്രികൾക്കുമുണ്ട്. അതുംകൂടി അഡ്രസ് ചെയ്യാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഈ വർഷത്തെ പദ്ധതി നടന്നു കൊണ്ടിരുന്നപ്പോൾത്തന്നെ കേന്ദ്ര ഗവൺമെന്റ് അവരുടെ ഷെയർ 75 ശതമാനത്തിൽ നിന്നും 60 ശതമാനമായി കുറയ്ക്കുമെന്ന് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ശക്തമായി ഇടപെടുകയും ഒരു ഫിനാൻഷ്യൽ ഇയറിന്റെ മദ്ധ്യത്തിൽ വച്ച് അങ്ങനെയൊരു തീരുമാനമെടുക്കുന്നത് ബുദ്ധിമുട്ടുണ്ടാകുമെന്ന് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം 75 ശതമാനമെന്നുള്ള കാര്യത്തിൽ അവർ വാക്കുപാലിക്കുകയും ചെയ്തു. എന്നാൽ അടുത്ത സാമ്പത്തികവർഷം മുതൽ 60 ശതമാനം തുക മാത്രമേ നൽകൂ എന്നാണ് പറഞ്ഞിട്ടുള്ളത്. അത് മുൻകൂട്ടി കണ്ടുകൊണ്ട് ആവശ്യമായ പ്രൊവിഷനിംഗ് നടത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ കാലതാമസം വരുന്നുവെന്ന് പറയുന്നതിന് രണ്ട് വശമുണ്ട്. പലപ്പോഴും ഇതിന്റെ മറവിൽ പല രീതിയിലുള്ള, തെറ്റായ കണക്കുകൾ കൊടുക്കുന്ന പശ്ചാത്തലത്തിൽ അക്കാര്യങ്ങളെക്കുറിച്ച് സൂക്ഷ്മപരിശോധന നടത്തി ക്രമക്കേടുകൾ ഉള്ളതാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് മാറ്റി വച്ചിരിക്കുകയാണ്. ജില്ലാ പരാതി പരിഹാര സമിതിയും സംസ്ഥാന പരാതി പരിഹാര സമിതിയുമാണ് ആ തർക്കങ്ങൾ തീർപ്പുകൽപ്പിക്കുന്നത്. ഡിസ്പ്യൂട്ടഡ് അല്ലാത്ത കേസ്സുകളിൽ കാലതാമസം എവിടെയെങ്കിലും വന്നിട്ടുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അടിയന്തരമായി ഇടപെട്ട് ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

ശ്രീ. വർക്കല കഹാറിനുവേണ്ടി ശ്രീ. ബെന്നി ബെഹനാൻ: സർ, ആർ.എസ്.ബി.വൈ. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഹെൽത്ത് കെയറാണ് കേരളത്തിലുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം ഇപ്പോൾ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മാത്രമാണ് ലഭ്യമാകുന്നത്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് അത് മറ്റ് വിഭാഗങ്ങളിലേക്കുകൂടി മാറ്റാൻ സാധിക്കുമോ; അതുപോലെതന്നെ ഇപ്പോൾ

ഏതെല്ലാം രോഗങ്ങൾക്കാണ് ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്നത്; ആ രോഗങ്ങളുടെ ലിസ്റ്റിൽ ചില മാറ്റങ്ങളുണ്ടാക്കി ഇത് കുറച്ചുകൂടി വ്യാപകമാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, കേന്ദ്ര ഗവൺമെന്റ് ബി.പി.എൽ. വിഭാഗങ്ങൾക്കുവേണ്ടി കൊണ്ടുവന്ന പദ്ധതിയാണ് ആർ.എസ്.ബി.വൈ. സംസ്ഥാന ഗവൺമെന്റ് മുപ്പത്തിരണ്ടര ലക്ഷത്തോളം കുടുംബങ്ങളെ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷത്തെ എൻറോൾമെന്റ് 36 ലക്ഷം കുടുംബങ്ങളായി വർദ്ധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കേരളത്തിലെ വലിയൊരു വിഭാഗം ആളുകൾ ഈ പദ്ധതിയിൽ കവേർഡാണ്.

ഇത് ഐ. പി. സ്കീമാണ്. അഡ്മിറ്റ് ചെയ്ത് കിടത്തി ചികിത്സിക്കുന്ന എല്ലാ രോഗങ്ങൾക്കും ഇതിന്റെ കവറേജുണ്ട്. ഔട്ട് പേഷ്യന്റായി ചികിത്സ തേടുന്നതിന് ഇതിന്റെ ആനുകൂല്യം കിട്ടില്ല.

ശ്രീ. സി. പി. മുഹമ്മദ്: സർ, ലക്ഷക്കണക്കിന് അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന നാടാണ് നമ്മുടേത്. അവരെല്ലാം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. കെട്ടിട നിർമ്മാണമേഖലയിൽ ജോലി ചെയ്യുന്ന അവരിൽ പലരും കെട്ടിടത്തിൽനിന്ന് വീണ് ഗുരുതരമായ പരിക്ക് പറ്റി നിത്യേനയെന്നോണം മരണമുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അന്യസംസ്ഥാന തൊഴിലാളികളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രസക്തമായൊരു വിഷയമാണെങ്കിലും ഇക്കാര്യത്തിൽ ഒരുപാട് പരിമിതികളുണ്ട്. ഇത് ഒരു വ്യക്തിക്കുവേണ്ടിയുള്ളതല്ല, അഞ്ചംഗ കുടുംബത്തിനുവേണ്ടിയുള്ളൊരു സ്കീമാണിത്. അങ്ങനെ വരുമ്പോൾ ഇത്തരം തൊഴിലാളികളുടെയൊക്കെ കുടുംബം അതാത് സംസ്ഥാനങ്ങളിലായിരിക്കും. അവരുടെ ഡീറ്റെയിൽസ് നമുക്ക് ഇവിടെ കിട്ടാൻ അസാധ്യമാണ്. എന്നാൽ ഇക്കാര്യത്തിൽ All India Accessibility ഉണ്ടാകണമെന്ന് നമ്മൾ ആവശ്യപ്പെട്ടതാണ്. ആധാർ പ്രോസസ് പൂർത്തീകരിക്കുന്നതോടെ അത് ചെയ്യാനാകുമെന്നാണ് കേന്ദ്രം നമ്മളെ അറിയിച്ചിട്ടുള്ളത്. പക്ഷേ കേരളം പോലെ മറ്റുസംസ്ഥാനങ്ങളിൽ ആധാർ രജിസ്ട്രേഷൻ പൂർത്തീകരിക്കാത്തതുകൊണ്ട് ഇതിന്റെ

പുരോഗതി നമുക്ക് നേടാൻ സാധിച്ചിട്ടില്ല. മാത്രമല്ല, അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന കുടുംബാംഗങ്ങളുടെ കാര്യംകൂടി സംസ്ഥാന സർക്കാർ സംരക്ഷിക്കണമെന്ന് പറയുന്നത് സംബന്ധിച്ച് ചില പ്രായോഗികവശമുണ്ട്. അതാണ് ഇതിന് തടസ്സമായി നിൽക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇത് സാധാരണ ആളുകളെ സംബന്ധിച്ചിടത്തോളം വളരെ സഹായകരമായിട്ടുള്ളൊരു പദ്ധതിയാണ്. ഇപ്പോഴുള്ള ഒരു പ്രശ്നം, എംപാനൽ ചെയ്തിട്ടുള്ള ചില ഹോസ്പിറ്റലുകളിൽ ഗവൺമെന്റ് പണം നൽകാത്തതുകൊണ്ട് അവർ പിൻമാറുകയാണ്. ഇത് ആളുകളെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുണ്ടാക്കുന്നുണ്ട്. കാരണം, രോഗം വന്ന് ചികിത്സ നടത്തിക്കഴിയുമ്പോഴാണ് ഇപ്പോഴിത് സ്വീകരിക്കില്ലായെന്ന് ചില ഹോസ്പിറ്റലുകൾ പറയുന്നത്. ഹോസ്പിറ്റലുകൾക്ക് ഗവൺമെന്റ് കൃത്യമായി പണം നൽകാത്തതുകൊണ്ടാണ് അങ്ങനെ പറയുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇൻഷ്വറൻസ് കമ്പനിയാണ് ഇതിന്റെ പണം അനുവദിക്കുന്നത്; അല്ലാതെ ഗവൺമെന്റല്ല. ഇൻഷ്വറൻസ് കമ്പനി ഒരു മാസത്തിനകം തുക സെറ്റിൽ ചെയ്യണമെന്നുള്ളതാണ് ഇതിന്റെ നിബന്ധന. അതനുസരിച്ച് ബഹുഭൂരിപക്ഷം ഇൻഷ്വറൻസ് കമ്പനികളും വിതരണം ചെയ്യുന്നുണ്ട്. ഗവൺമെന്റ് പ്രീമിയം കൊടുക്കാൻ ഏതാനും ദിവസം വൈകിയപ്പോഴും ഇൻഷ്വറൻസ് കമ്പനി പേമെന്റ് നടത്തിയതാണ്. സ്വകാര്യ ആശുപത്രികൾ ഇതിൽനിന്ന് മാറി നിൽക്കുന്നതിന് പല കാരണങ്ങൾ പറഞ്ഞെങ്കിലും അവരുടെ അമിതമായൊരു ലാഭക്കൊതി ഇക്കാര്യത്തിലുണ്ട്. ആ ലാഭം ഈ സ്കീമിൽനിന്ന് കിട്ടുന്നില്ല. ബി.പി.എൽ. വിഭാഗത്തെ ഉദ്ദേശിച്ചുള്ളൊരു സ്കീമായതുകൊണ്ട് ഇതിന്റെ റേറ്റ്സിന് പരിമിതിയുള്ളതുകൊണ്ടുതന്നെയാണ് അവരൊക്കെ ഇതിൽ നിന്ന് പിൻമാറുന്നത്. മുഖ്യധാരാ ആശുപത്രികളെയെല്ലാം സമ്മർദ്ദം ചെലുത്തിയിട്ടും റിക്വസ്റ്റ് ചെയ്തിട്ടും അവരൊന്നും ഈ സ്കീമുമായി സഹകരിക്കാൻ തയ്യാറല്ല. പിന്നെ ഇടത്തരവും അതിന്റെ താഴോട്ടുമുള്ള ആശുപത്രികളാണ് സഹകരിച്ചുകൊണ്ടിരുന്നത്. അവിടെയൊക്കെ യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി എന്ന പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായിരുന്നു ആദ്യത്തെ മൂന്ന് വർഷം നടത്തിക്കൊണ്ടിരുന്നത്. അവരുടെ ശ്രദ്ധക്കുറവുകാരണം വലിയ ക്രമക്കേടുകൾ അവിടെയും ആ സമയത്ത് നടന്നിട്ടുണ്ട്. ആ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്നാണ് പലരും പിൻമാറിയത്; കൂടാതെ അവരെ ഇതിൽനിന്നും ബ്ലാക്ക് ലിസ്റ്റ് ചെയ്യേണ്ടിയും വന്നു. ഇന്നലെ പുഷ്പഗിരി

മെഡിക്കൽ കോളേജ് ഈ പദ്ധതിയിൽ ചേരണമെന്ന് പറഞ്ഞ് അപേക്ഷ തന്നു. അവർക്ക് അനുമതി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, ആർ.എസ്.ബി.വൈ.-യുടെ ഇതുവരെയുള്ള നടത്തിപ്പിൽ ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ പ്രായോഗികമായ തടസ്സങ്ങളെന്തെങ്കിലും അനുഭവപ്പെട്ടിട്ടുണ്ടോ; ജില്ലാടിസ്ഥാനത്തിൽ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ആശുപത്രികളിൽ ഫണ്ടിന്റെ വിനിയോഗം എങ്ങനെയുണ്ട്; ഈ ഫണ്ടുപയോഗിച്ച് ലോക്കൽ പർച്ചേസ് നടത്തുന്നത് തടസ്സമാണോ; ലോക്കൽ പർച്ചേസ് നടത്താമെങ്കിൽ മെഡിസിന് പരിധി വച്ചിട്ടുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, 2008-2010 കാലഘട്ടത്തിൽ പരീക്ഷണാർത്ഥം തുടങ്ങിയ ഒരു സെൻട്രൽ സ്കീമാണിത്. ഇപ്പോൾ 2015-16 വർഷത്തിൽ വന്നുനിൽക്കുകയാണ്. ഇതിന് മറ്റ് തടസ്സങ്ങളൊന്നുമില്ല. ഈ പദ്ധതിയുടെ മേജർ ഷെയർ സർക്കാർ ആശുപത്രികളിലേക്ക് വരുന്നു എന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ ഗുണം. സർക്കാർ ആശുപത്രികളുടെ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിന് ആ പണം വിനിയോഗിക്കാൻ കഴിയും. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത തരത്തിൽ വലിയൊരു തുക ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ കൈകളിൽ എത്തുന്നുണ്ട്. അവർ അതെങ്ങനെ വിനിയോഗിക്കുന്നു എന്നതിനെക്കുറിച്ച് ലേബർ ഡിപ്പാർട്ട്മെന്റിൽ വിശദാംശങ്ങളില്ല. പക്ഷേ അത് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് ഉപയോഗിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. ബി. സത്യൻ: സർ, ചിസ് പ്ലസ് പദ്ധതി, ആർ.എസ്.ബി.വൈ. പദ്ധതി, 18 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് സൗജന്യ ചികിത്സ, ക്യാൻസർ ബാധിതരായവർക്ക് പൂർണ്ണമായി ചികിത്സാ സൗജന്യം തുടങ്ങിയ ധാരാളം ആരോഗ്യ സുരക്ഷാ പദ്ധതികളുണ്ട്. വളരെ പ്രായമുള്ള, പെൻഷൻ മാത്രം ലഭിക്കുന്ന നിർദ്ധനരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ ബി.പി.എൽ. ലിസ്റ്റിൽനിന്നും പുറത്താണ്. അശാസ്ത്രീയമായ രീതിയിൽ ബി.പി.എൽ. ലിസ്റ്റുണ്ടാക്കിയ സന്ദർഭത്തിൽ സംഭവിച്ചതാണ്. അവർ ആരോടും പരാതി പറയാറില്ല. അവർ വളരെ ഗുരുതരമായ രോഗം ബാധിച്ച് ചികിൽസയ്ക്കായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെന്ന് ലിസ്റ്റ് പരിശോധിക്കുമ്പോഴാണ് അവരുടെ പേരില്ലെന്ന് മനസ്സിലാകുന്നത്. അവർക്ക് അത്തരം ചികിത്സ നിഷേധിക്കപ്പെടുകയാണ്. അനർഹരായിട്ടുള്ള ധാരാളം ആളുകൾ ബി.പി.എൽ. ലിസ്റ്റിലുണ്ട്. ശാസ്ത്രീയമായ രീതിയിൽ പുനർനിർണ്ണയിച്ച്

അർഹരായിട്ടുള്ള ആളുകൾക്കുകൂടി ഇതിന്റെ സൗജന്യ സഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബി.പി.എൽ., എ.പി.എൽ. വേർതിരിവില്ലാതെ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഈ പദ്ധതിയിൽ അംഗങ്ങളാകാൻ അർഹതയുണ്ട്; അവരെല്ലാം അംഗങ്ങളാണ്. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ലിസ്റ്റിൽ 11.78 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾ മാത്രമേയുള്ളൂ. ഇപ്പോൾ 32 ലക്ഷം കുടുംബങ്ങൾ ഇതിലുണ്ടെന്ന് പറയുമ്പോൾ, പല വിഭാഗങ്ങളെയും ഇതിൽ ഉൾപ്പെടുത്തി അതിന്റെ പ്രീമിയം സംസ്ഥാന ഗവൺമെന്റ് നൂറ് ശതമാനവും അടയ്ക്കുന്നതുകൊണ്ടാണ്. കേന്ദ്ര വിഹിതം കുറവാണെങ്കിലും സംസ്ഥാന ഗവൺമെന്റ് നൂറ് ശതമാനം തുക അടയ്ക്കുന്നുണ്ട്. അർഹതപ്പെട്ട എല്ലാവരെയും പരമാവധി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് ഈ വർഷം 36 ലക്ഷം കുടുംബങ്ങൾ, ഏകദേശം 45 ശതമാനത്തോളം കുടുംബങ്ങൾ ഇതിൽ അംഗങ്ങളായി മാറുന്നത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ ഫണ്ട് പ്രയോജനപ്പെടുത്താൻ കഴിയുന്നുവെന്ന് അങ്ങ് വ്യക്തമാക്കുകയുണ്ടായി. ഈ ഒരു വർഷത്തിനിടയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ എത്ര കോടി രൂപയുടെ ഫണ്ട് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്? ഏറ്റവും പാവപ്പെട്ട ആളുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. അങ്ങ് തൊഴിൽ വകുപ്പുമന്ത്രി കൂടിയാണ്. കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന സേവനങ്ങളെ ഞാൻ തള്ളിപ്പറയുന്നില്ല. പ്രമുഖരായ ഡോക്ടർമാരും യന്ത്രസാമഗ്രികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമൊക്കെ കേരളത്തിലെ പ്രമുഖ സ്വകാര്യ ആശുപത്രികളിലുണ്ട്. പക്ഷേ ആ സ്വകാര്യ ആശുപത്രികളിൽ പാവപ്പെട്ടവർക്ക് പോകാൻ കഴിയില്ലെന്ന് അങ്ങേയ്ക്കുതന്നെ അറിയാം. ആ സ്വകാര്യ ആശുപത്രികളിൽ കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാകുന്ന അവസരത്തിലും അവിടെ ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, തൊഴിൽനിയമങ്ങൾ അവിടെ നടപ്പിലാക്കുന്നില്ല എന്നുള്ളത് തൊഴിൽ വകുപ്പു മന്ത്രിയായ അങ്ങ് മനസ്സിലാക്കണം. ഇത്തരം ന്യൂനതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേരള ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി, ഇത്തരം സ്വകാര്യ ആശുപത്രികളിൽ ഈ സ്കീം നിർബന്ധമായും നടപ്പിലാക്കണമെന്ന നിലപാട് സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതൊരു വോളന്ററി സ്കീം എന്നുള്ള നിലയിൽ സമ്മർദ്ദം ചെലുത്തി ചെയ്യാൻ കഴിയില്ല. അവർക്കൊരു സോഷ്യൽ കമ്മിറ്റ്മെന്റ് ഉണ്ടാകണം. പഞ്ചനക്ഷത്ര ആശുപത്രികൾ എന്നൊരു സംസ്കാരം രൂപപ്പെട്ടതോടെ പാവപ്പെട്ടവർക്ക് ചികിത്സ അസാധ്യമായിരിക്കുകയാണ്. ആ നിലയിൽ പാവപ്പെട്ട ആളുകളോട് ഒരു കമ്മിറ്റ്മെന്റുണ്ടാകണമെന്നുള്ള നിലയിൽ ഗവൺമെന്റ് പല പ്രാവശ്യം സമീപിച്ചിട്ടുണ്ട്. പക്ഷേ പലരും അതിന് വിമുഖത കാണിച്ച് നിൽക്കുന്നതാണ് യാഥാർത്ഥ്യം.

സർക്കാർ ആശുപത്രികളിൽ എത്ര കോടി രൂപയുടെ ഫണ്ട് പ്രയോജന പ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് പ്രത്യേക ചോദ്യമായി തരികയാണെങ്കിൽ അതിന് മറുപടി നൽകാം. കഴിഞ്ഞ വർഷം എല്ലാ പ്രീമിയവുംകൂടി 228 കോടി രൂപയാണ് ചെലവഴിച്ചത്. അതിൽ 65-70 ശതമാനത്തോളം തുക സർക്കാർ ആശുപത്രികളിലാണ് ചെലവഴിച്ചത്. ഏകദേശം 150 കോടി രൂപ കേരളത്തിലെ സർക്കാർ ആശുപത്രികളിലേക്ക് വന്നിരിക്കുകയാണ്. 150 കോടി രൂപയുടെ ഡെവലപ്മെന്റ് പല സർക്കാർ ആശുപത്രികളിലായി നടക്കേണ്ടതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, ആർ.എസ്.ബി.വൈ. അനുസരിച്ച് സ്വകാര്യ ആശുപത്രികളിൽക്കൂടി ചികിത്സ അനുവദിക്കുമോ എന്നുള്ള ഒരു ചോദ്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ നേരത്തെ സഹകരണ ആശുപത്രികളിൽ ഈ ചികിത്സാ സൗകര്യം ലഭ്യമായിരുന്നു. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ ഈ ആനുകൂല്യം ലഭ്യമായിരുന്നു. എന്നാൽ കോടിക്കണക്കിന് രൂപ ആശുപത്രികൾക്ക് കുടിശ്ശിക വരുത്തിയതിനാൽ പരിയാരം മെഡിക്കൽ കോളേജിൽ ഈ ചികിത്സ ഇപ്പോൾ അനുവദിക്കുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, പരിയാരം മെഡിക്കൽ കോളേജിന്റെ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ട വിഷയമാണ്. അതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ ഈ സന്ദർഭത്തിൽ കടക്കുന്നില്ല. ആ കണക്കുകളെക്കുറിച്ചുള്ള ഡിസ്പ്യൂട്ടും അതുകൊണ്ടുവന്ന കാലതാമസവും കഴിഞ്ഞ് അത് disallow ചെയ്തപ്പോൾ അവർ സ്വമേധയാ മാറിയതാണ്. ഈ പദ്ധതിയുമായി സഹകരിക്കാൻ മുന്നോട്ട് വരികയാണെങ്കിൽ ആ നിമിഷം തന്നെ തീരുമാനമെടുക്കാനുള്ള സാഹചര്യമൊരുക്കും.

<u>ശ്രീ. കെ. രാജു</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, തൊഴിൽ വകുപ്പിന്റെയോ ആരോഗ്യ വകുപ്പിന്റെയോ ആഭിമുഖ്യത്തിൽ ഈ പദ്ധതിയെ കുറിച്ചുള്ള മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല; നടന്നിട്ടുമില്ല. ഓരോ മണ്ഡലവുമെടുത്താൽ അക്കാര്യം അറിയാൻ സാധിക്കും, ഞങ്ങളെപ്പോലുള്ള ജനപ്രതിനിധികളെയൊക്കെ ബന്ധപ്പെടുത്തി ഒരു മോണിറ്ററിംഗും നടന്നിട്ടില്ല. എന്റെ മണ്ഡലംപോലെ അതിവിശാലമായ മണ്ഡലത്തിൽ ഒരു താലൂക്കാശുപത്രിയിൽ മാത്രമാണ് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നത്. അച്ചൻകോവിൽ, റോസ്മല തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും 70-80 കിലോമീറ്റർ യാത്രചെയ്ത് വരേണ്ടതുണ്ട്. അഞ്ചൽ ശബരിഗിരി ആശുപത്രി പോലെ മെച്ചപ്പെട്ട സ്വകാര്യ ആശുപത്രികൾ ഈ സ്കീമിനായി അപ്ലൈ ചെയ്തിട്ട് കാത്തിരിക്കുകയാണ്. അവരെക്കൂടി ഈ സ്കീമിൽ ഉൾപ്പെടുത്തിയാൽ സാധാരണ ജനങ്ങൾക്ക് അത് വളരെ പ്രയോജനമായിരിക്കും. ഇക്കാര്യം അങ്ങ് ആലോചിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, അപ്ലൈ ചെയ്യുന്ന ഒരാശുപത്രിയേയും ഇതിൽ നിന്നും നിഷേധിക്കുന്ന പ്രശ്നമില്ല. അങ്ങനെ കാലതാമസം വന്നിട്ടുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അടിയന്തര നടപടികളെടുക്കും. കൂടുതൽ ആശുപത്രികൾ ഇങ്ങനെ മുന്നോട്ടുവരണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. അതുകൊണ്ട് ആര് ആവശ്യപ്പെട്ടുവന്നാലും അവരെ ഈ സ്കീമിൽ ഉൾപ്പെടുത്തും.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, എന്റെ മണ്ഡലത്തിലെ മറയൂർ പ്രദേശത്തെ ശാസ്താ ഹോസ്പിറ്റലും ഇതുപോലെ അപേക്ഷ നൽകുകയുണ്ടായി. റിലയൻസ് ആണ് അവിടെ പരിശോധിക്കാൻ വന്നിരുന്നത്. തൈക്കാട് ഇതിന്റെ ഹെഡ് ഓഫീസിൽ ഞാൻ രണ്ട് പ്രാവശ്യം പോയിരുന്നു. പരിശോധനയിൽ ആ ആശുപത്രിക്ക് ടോയ്ലറ്റ് ഇല്ലെന്നുപറഞ്ഞാണ് ഒഴിവാക്കിയത്. പക്ഷെ എനിക്ക് നേരിട്ട് ബോദ്ധ്യമുണ്ട്, ഞാൻ തന്നെ ആ ഹോസ്പിറ്റലിൽ ചില രോഗികളെ കാണാൻ പോയിട്ടുണ്ട്. ചില ഹോസ്പിറ്റലുകളെ മാത്രം എംപാനൽ ചെയ്യാനുള്ള താല്പര്യമാണ് ആരോഗ്യ മേഖലയിൽ നടക്കുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച് വേണ്ട നടപടിയെടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, തീർച്ചയായും ഇക്കാര്യം പരിശോധിക്കാം. ഇതൊരു കിടത്തി ചികിത്സയുടെ സ്കീമാണ്. ഹോസ്പിറ്റലിന്റെ മിനിമം ഫെസിലിറ്റീസിന് എന്തൊക്കെ വേണമെന്നുള്ളത് സംബന്ധിച്ച് സെൻട്രൽ ഗവൺമെന്റ് നോംസുണ്ട്. ആ നോംസാണ് പരിശോധിക്കപ്പെടുന്നത്. അതിനൊരു കമ്മിറ്റിയുണ്ട്; ആ കമ്മിറ്റി പരിശോധിച്ചിട്ടാണ് ചെയ്യുന്നത്. ആ ആശുപത്രിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. ആ ആശുപത്രിക്ക് യോഗ്യതയുണ്ടെങ്കിൽ തീർച്ചയായും ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ആർ.എസ്.ബി.വൈ. പദ്ധതിയിൽ വളരെ ഉദാരമായിട്ടുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അത് നല്ല കാര്യമാണ്. അങ്ങനെയാണെങ്കിൽ കാർഷിക മേഖല, പ്രത്യേകിച്ച് മലയോര മേഖലയിൽ റബ്ബറിന്റെയും ഏലത്തിന്റെയുമൊക്കെ വില ഇടിഞ്ഞതിന്റെ ഫലമായി കൃഷിക്കാർ വലിയ വിഷമത്തിലാണ്. അവർ ആത്മഹത്യ ചെയ്യേണ്ടിവരുന്ന സാഹചര്യമാണുള്ളത്. അടുത്ത സമയത്ത് എന്റെ മണ്ഡലത്തിലെ എ.പി.എൽ. വിഭാഗക്കാരനായ ഒരു കൃഷിക്കാരൻ ആത്മഹത്യക്ക് ശ്രമിച്ചെങ്കിലും രക്ഷപ്പെട്ടു. അങ്ങനെയുള്ള കൃഷിക്കാരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം ആനുകൂല്യം ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, കൃഷിക്കാർ എന്നൊരു കാറ്റഗറിയെ മൊത്തത്തിൽ ഇതിലുൾപ്പെടുത്താൻ ഇപ്പോൾ ആലോചനയില്ല. അർഹതപ്പെട്ട ബി.പി.എൽ. കുടുംബങ്ങൾ ഏകദേശം 12 ലക്ഷത്തിനകമാണെങ്കിൽപ്പോലും അത് വർദ്ധിപ്പിച്ച് ഈ വർഷം 36 ലക്ഷം കുടുംബങ്ങളാണ് ഇതിൽ വരുന്നത്. കേരളത്തിലെ ഒരു വലിയ വിഭാഗം ഇതിൽ ഉൾപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. കാരണം, അഞ്ചംഗ കുടുംബമാണ്. 36,00,000 x5 എന്ന് പറയുമ്പോൾ ഒരു കോടി എൺപത് ലക്ഷം ജനങ്ങൾക്ക് ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുകയാണ്. കേരളത്തിലെ 50 ശതമാനം ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്നുള്ളതാണ്. ഒരുവിധം അർഹതപ്പെട്ടവരെയെല്ലാം കവർ ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ വർഷം സ്പെസിഫിക്കായി, പുതിയതായി ആരേയും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. ഈ 36 ലക്ഷം കുടുംബങ്ങളിലേക്കും ഈ സ്കീം എത്തിക്കാനാണ് ആലോചിക്കുന്നത്.

## പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി

2 (*212) ശ്രീ. വി. ടി. ബൽറാം:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. എ. റ്റി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി 'പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി' നടപ്പാക്കിയുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആയത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ,

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ ടൂറിസം വികസന സാധ്യതകൾ ജനകീയമായി കണ്ടെത്തി റിസോഴ്സ് മാപ്പിംഗ് വഴി അത്തരം പ്രദേശങ്ങളെ പരസ്പരബന്ധിതമായി വളർത്തിക്കൊണ്ടു വരിക; തദ്ദേശ ജനവിഭാഗങ്ങൾക്ക് ടൂറിസം വികസനത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്ന വിധത്തിൽ ചെറുതും വലുതുമായ ടൂറിസം സംരംഭങ്ങളെ പ്രാദേശികമായി വികസിപ്പിക്കുക, തദ്ദേശവാസികൾക്ക് ടൂറിസം അനുബന്ധമായ വിവിധ തൊഴിൽ പരിശീലനങ്ങൾ ലഭ്യമാക്കുക; തദ്ദേശീയമായ ഉത്സവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയ്ക്ക് ഊന്നൽ നൽകി വ്യത്യസ്തവും നൂതനവുമായ ടൂർ പാക്കേജുകൾ വികസിപ്പിക്കുകയും അവ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ നിന്നായി 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ഇടുക്കി ജില്ലയിലെ ചക്കുപള്ളം, മറയൂർ, കാന്തല്ലൂർ, വയനാട് ജില്ലയിലെ നൂൽപ്പുഴ, പുൽപ്പള്ളി എന്നീ 5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 25 ലക്ഷം രൂപ അനുവദിക്കുകയും വലിയപറമ്പ (കാസർഗോഡ്), നിലമ്പൂർ മുനിസിപ്പാലിറ്റി (മലപ്പുറം), വെള്ളിനേഴി (പാലക്കാട്), അതിരപ്പിള്ളി (തൃശ്ശൂർ), കടമക്കുടി (എറണാകുളം), വൈക്കം മുനിസിപ്പാലിറ്റി (കോട്ടയം), വെങ്ങാനൂർ (തിരുവനന്തപുരം) എന്നീ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, കേരളത്തിൽ ടൂറിസം വികസനത്തിന് അനന്ത സാധ്യതകളാണുള്ളതെന്ന് നമുക്കെല്ലാവർക്കുമറിയാം. ടൂറിസത്തെ ഒരു വ്യവസായമായി പ്രഖ്യാപിച്ചിട്ട് രണ്ടുപതിറ്റാണ്ടുകളിലേറെയായി. 2011-കാലയളവു വരെ 105 കോടി രൂപ മാത്രം പദ്ധതി അടങ്കൽ ഉണ്ടായിരുന്ന ടൂറിസം വകുപ്പ് ഇപ്പോൾ ഏതാണ്ട് 310 കോടി രൂപയിലേറെ കൈകാര്യം ചെയ്യുന്ന പ്രധാനപ്പെട്ട ഒരു വകുപ്പായി മൂന്നിരട്ടി വളർച്ച പ്രാപിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്. അങ്ങ് ടൂറിസം മന്ത്രി എന്നുള്ള നിലയിൽ 5 വർഷക്കാലയളവിൽ ഇത്തരത്തിൽ നൂതനമായിട്ടുള്ള നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നതായി കാണുന്നു. അതിൽ 'പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി' ഏറ്റവും ഒടുവിലത്തേതാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജനകീയ പങ്കാളിത്തത്തോടുകൂടി ഉത്തരവാദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുക എന്ന നയസമീപനത്തിന്റെ ഭാഗമായി എന്തുകൊണ്ടും നമുക്ക് ഏറ്റെടുക്കാൻ സാധിക്കുന്ന വലിയ സാധ്യതകളുള്ള ഒരു ടൂറിസം പദ്ധതിയാണ് ഭാരതപ്പുഴയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള 'റിവർ കൾച്ചറൽ ഹെറിറ്റേജ് ടൂറിസം' പദ്ധതി. ആ നിലയിൽ ഭാരതപ്പുഴയെ അതിന്റെ സംസ്കാരത്തെയും ചരിത്രത്തെയും ഐതിഹ്യങ്ങളെയും വിശ്വാസങ്ങളെയുമൊക്കെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു കൾച്ചറൽ ടൂറിസം പദ്ധതി വളരെ വിപുലമായ രീതിയിൽ ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച 'നിള പദ്ധതി' വളരെ കാലമായി ചർച്ച ചെയ്യുന്ന പദ്ധതിയാണ്. നമ്മെ സംബന്ധിച്ചിടത്തോളം നിള എന്നുപറയുന്നത് ഒരു നദി മാത്രമല്ല, സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയുമൊക്കെ തീരങ്ങളാണ്. അതുകൊണ്ടു തന്നെ ആ പദ്ധതിയിൽ ചെറിയ രീതിയിലുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ പല ഘട്ടങ്ങളിലായി സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ നടക്കുന്നുണ്ടെങ്കിലും പൂർണ്ണമായി അതൊരു പദ്ധതിയാക്കി രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി സംസ്ഥാന ടൂറിസം വകുപ്പ് കേന്ദ്ര ഗവൺമെന്റിനോട് 'നിള' റൂറൽ ടൂറിസം പദ്ധതിയുടെ ഭാഗമായി കൊണ്ടുവരണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥർ കഴിഞ്ഞ മാസം മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ എത്തിച്ചേരുകയും ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി 100 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്. എത്രയും പെട്ടെന്നുതന്നെ ആ പദ്ധതി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുമെന്ന് പ്രതീക്ഷിക്കാം.

ശ്രീ. വി. ടി. ബൽറാം: സർ, 'നിള' റൂറൽ ടൂറിസം പദ്ധതിയുടെ ഭാഗമായി 100 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കിയതായി സൂചിപ്പിച്ചതിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇതിന്റെ ഭാഗമായിതീർച്ചയായും ഉൾപ്പെടുത്തേണ്ട ഒന്നാണ് എന്റെ തൃത്താല നിയോജകമണ്ഡലത്തിലെ 'വെള്ളിയാംകല്ല് ടൂറിസം പദ്ധതി'യുടെ വികസനം. അങ്ങ് അനുവദിച്ച, ഏതാണ്ട് ഒന്നരക്കോടി രൂപ ഉപയോഗപ്പെടുത്തി മനോഹരമായ ഒരു പാർക്ക് അവിടെ പണി തീർക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ ചുറ്റുമതിൽ മുഴമിപ്പിക്കൽ, കൂടുതൽ ലൈറ്റിംഗ്, പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക എന്നിവയടക്കമുള്ള അടിസ്ഥാനപരമായ കുറച്ചുകാര്യങ്ങൾ കൂടി അവിടെ ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. ഇത്തരം കാര്യങ്ങൾക്കുവേണ്ടി അടിയന്തരമായ തുക അനുവദിക്കേണ്ട സാഹചര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു

പോലെതന്നെ വെള്ളിയാംകല്ല് പാലത്തിനോടനുബന്ധിച്ചുള്ള പാർക്ക് വളരെയേറെ ആളുകൾ വരികയും അവരുടെ ശ്രദ്ധയാകർഷിക്കുകയും ചെയ്യുന്ന ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും അവിടെ രണ്ടാം ഘട്ടം എന്നുള്ള നിലയ്ക്ക് പണം അനുവദിക്കേണ്ടത് ആവശ്യമാണ്. സമയപരിമിതിയുണ്ടെങ്കിലും എം.എൽ.എ. ഇവിടെ നിർദ്ദേശിച്ച കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എം. എ. വാഹീദ്: സർ, വിനോദസഞ്ചാര മേഖലയിൽ ഈ നൂതന പദ്ധതി അനന്തമായ സാധ്യതകളുണ്ടാക്കാൻ കഴിയുന്നതാണ്. കേരളത്തിൽ തന്നെ ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റാൻ കഴിയുന്ന ഒരു പദ്ധതിയാണ്. എന്റെ മണ്ഡലത്തിലെ ആക്കുളം ടൂറിസ്റ്റ് വില്ലേജ് കൂടി ഇതിലുൾപ്പെടുത്തിയാൽ കുറേക്കൂടി സാധ്യത കൂടുതലുണ്ടാകും. കേരളം കായൽ ടൂറിസത്തിന്റെയും അതുപോലെതന്നെ ഉൾനാടൻ ജലഗതാഗത ടൂറിസത്തിന്റെയുമൊക്കെ കേന്ദ്രമായി മാറിയിരിക്കുകയാണ്. ആ രീതിയിൽ ആക്കുളം ടൂറിസ്റ്റ് വില്ലേജിനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുമോ; അതിനെന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുമ്പിലുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഒരു സമയത്ത്, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കുട്ടികൾ ഉൾപ്പെടെ പിക്നിക്കിന് വരുന്നവരുടെ ഏറ്റവും പ്രധാനപ്പെട്ട സെന്ററുകളിൽ ഒന്നായിരുന്ന തിരുവനന്തപുരത്തെ ആക്കുളം ടൂറിസ്റ്റ് വില്ലേജ്. എന്നാൽ നിർഭാഗ്യവശാൽ കുറെ കാലങ്ങളായി ആക്കുളം ടൂറിസ്റ്റ് വില്ലേജിനെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ അതിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. അടുത്ത ദിവസം തന്നെ ആക്കുളം ടൂറിസ്റ്റ് വില്ലേജ് തുറന്നു കൊടുക്കാനുള്ള സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, പീപ്പിൾസ് ഓൺ ടൂറിസ'ത്തിന്റെ ഭാഗമായി ആക്കുളം വില്ലേജിനെ ഉൾപ്പെടുത്താമോ എന്ന കാര്യം ഗവൺമെന്റ് തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ടൂറിസത്തിന്റെ ഓസ്കാർ അവാർഡെന്ന് വിശേഷിപ്പിക്കാവുന്ന ഒഡീസ്യസ് അവാർഡുവരെ നേടിയ ഒരു കാലഘട്ടമാണിത്. നമ്മൾ നിരവധി ആകർഷകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടുകൂടി ഈ രംഗത്ത് നിരവധി മുന്നേറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിന്റെ തീരദേശത്തൊക്കെ വിദേശികൾക്ക് കുറഞ്ഞ ചെലവിൽ, ഒരു ഹോംലി അന്തരീക്ഷം, വളരെ നല്ല ആതിഥ്യമര്യാദയും മറ്റും കിട്ടുന്ന ജനപങ്കാളിത്തത്തോടുകൂടിയുള്ള, ടൂറിസം രംഗത്തുള്ള ഒരു വലിയ സംരംഭമാണ്

ഹോം സ്റ്റേ. ഒരു പഞ്ചനക്ഷത്ര ഹോട്ടലിനേക്കാളും നല്ല സൗകര്യങ്ങൾ വീടുകളിൽ ജനങ്ങൾ നല്കുന്നുണ്ട്. ഇത്തരം ഗ്രൂപ്പുകളെ സഹായിക്കാൻ ഗവൺമെന്റ് തലത്തിൽ എന്തൊക്കെ സപ്പോർട്ടാണ് അവർക്ക് കൊടുക്കാൻ കഴിയുക; എന്താണ് അക്കാര്യത്തിൽ അങ്ങയുടെ പദ്ധതി ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ നമുക്ക് ഏറ്റവും കൂടുതൽ പ്രൊമോട്ട് ചെയ്യാൻ കഴിയുന്ന ഒന്നാണ് 'ഹോം സ്റ്റേ'. വലിയ ഹോട്ടലുകളും സൗകര്യങ്ങളുമൊക്കെ ഉള്ളപ്പോൾത്തന്നെ സാധാരണ ആളുകൾക്ക് ടൂറിസത്തെ ഒരു വരുമാന സ്രോതസ്സാക്കി മാറ്റുന്നതിന് ഏറ്റവും കൂടുതൽ ഉപയോഗിക്കാവുന്ന ഒന്നാണ് 'ഹോംസ്റ്റേ'. 'ഹോം സ്റ്റേ' ആലപ്പുഴയിലും എറണാകുളത്തും മാത്രമാണ് ഒതുങ്ങി നിന്നിരുന്നതെങ്കിൽ ഇന്ന് മലപ്പുറം, കണ്ണൂർ, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലും ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ടൂറിസത്തിന്റെ സാധ്യതകൾ താഴെത്തട്ടിലുള്ള ജനങ്ങൾക്ക് ഉപകരിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗമാണ് ഹോം സ്റ്റേ. ഹോം സ്റ്റേയുമായി ബന്ധപ്പെട്ട് അസോസിയേഷനുണ്ട്. ഗവൺമെന്റിന് മുന്നിലുണ്ടായിരുന്ന അവരുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു റിക്വസ്റ്റ്, അവരുടെ ഇലക്ട്രിസിറ്റി താരിഫിലുള്ള പ്രശ്നമായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന്റെ രണ്ടാം വർഷം തന്നെ ഇലക്ട്രിസിറ്റി താരിഫിലുള്ള അപാകതകൾ പരിഹരിച്ച് അവർ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും നല്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ മറ്റെല്ലാ രീതിയിലുമുള്ള സപ്പോർട്ടും ഇന്ന് ഹോം സ്റ്റേകൾക്ക് ഗവൺമെന്റ് നല്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. റ്റി. ജോർജ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ നെയ്യാർ ഡാമിനെ ടൂറിസം ഡെസ്റ്റിനേഷൻ പോയിന്റാക്കി മാറ്റുകയും ടൂറിസം വികസനത്തിനുവേണ്ടി 5 ½ കോടി രൂപ നൽകുകയും ചെയ്ത അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. പണ്ടുകാലങ്ങളിൽ മൃഗവേട്ട ഒരു വിനോദമായിരുന്നു. എന്നാൽ ഇന്ന് മൃഗവേട്ട നിരോധിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ എന്നുള്ള രീതിയിൽ ചൂണ്ട ഉപയോഗിച്ച് മീൻപിടിക്കുന്നത് വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾ വളരെയേറെ ഇഷ്ടപ്പെടുന്നു. എന്നാൽ നെയ്യാർ ഡാം ഒരു സാങ്ച്വറിയായി മാറ്റിയതുകൊണ്ട് അവിടെ ഫിഷിംഗ് അനുവദിക്കുന്നില്ല. പരമ്പരാഗതമായ തൊഴിൽ മേഖല എന്നുള്ള രീതിയിൽ ഫിഷിംഗിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസം മേഖലയിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ

സൂചിപ്പിച്ചതുപോലെ തീർച്ചയായും കേരളത്തിന്റെ സാധ്യത എന്നുപറയുന്നത് വളരെ വലുതാണ്. വലിയ ജലാശയങ്ങളും നദികളും പുഴകളും കായലുകളും കടലുമൊക്കെയുള്ള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഫിഷിംഗ് ടൂറിസത്തിന് വളരെയേറെ സാധ്യതയുണ്ട്. ഗ്രാമീണ ടൂറിസത്തിന്റെ ഭാഗമായി ഫിഷിംഗ് ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ഇതിനകംതന്നെ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീമതി കെ. എസ്. സലീഖ: സർ, ലോക ടൂറിസം ഭൂപടത്തിൽ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായ കേരളത്തിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് ഇക്കാലത്ത് യൂറോപ്യൻ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി നമ്മുടെ വിനോദസഞ്ചാര കേന്ദ്രത്തിനെ വലിയ രീതിയിൽ ബാധിച്ചിട്ടുണ്ടെന്നുള്ള അവസ്ഥ നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ മേഖലയിൽ 'പീപ്പിൾസ് ഓൺ ടൂറിസം' പദ്ധതിയുടെ അനന്തമായ സാധ്യതയെ നമുക്ക് പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതുപോലെ 'വിസ ഓൺ അറൈവൽ' പദ്ധതി, സ്ത്രീകൾക്ക് നാട്ടിലും വിദേശത്തും സുരക്ഷിതമായി യാത്രയൊരുക്കാൻ ഉദ്ദേശിക്കുന്ന ടൂർ ഫെഡിന്റെ നേതൃത്വത്തിലുള്ള 'വിമൻ ഓൺ വാണ്ടർലസ്റ്റ് ക്ലബ്ബ്' എന്നിവയും നൂതന പദ്ധതികളാണ്. ഇത്തരം പദ്ധതികൾകൊണ്ട് നമ്മുടെ നാട്ടിലെടൂറിസം മേഖലയിൽ എത്രത്തോളം നേട്ടമുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്? നേരത്തെ ബഹുമാനപ്പെട്ട മിനിസ്റ്റർ സൂചിപ്പിച്ചതു പോലെ 7 പ്രദേശങ്ങളെ തെരഞ്ഞെടുത്തതിൽ എന്റെ മണ്ഡലത്തിലെ വെള്ളിനേഴി കലാഗ്രാമവും ഉൾപ്പെട്ടിട്ടുണ്ട്. 85 കോടി രൂപയുടെ വലിയൊരു പ്രോജക്ടാണ് അവിടെനിന്ന് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അതിന് ആദ്യംതന്നെ ഒരു കോടി രൂപ അനുവദിച്ചു. എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ കൊടുത്ത് അതിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഗ്രാമീണ മേഖലയിലെ അനന്തമായ സാധ്യതയെ വിപുലപ്പെടുത്താൻ തുടർന്നുള്ള കാലങ്ങളിലും വലിയരീതിയിലുള്ള പിന്തുണ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഗ്രാമീണ മേഖലയുടെ ഇത്തരം സാധ്യതകളെ പരമാവധി ടൂറിസം മേഖലയിൽ പ്രയോജനപ്പെടുത്തേണ്ടത് കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമാണെന്നുള്ളതുകൊണ്ട് അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ ടൂറിസത്തിന്റെ ഗുണം ഗ്രാമീണമേഖലയിലുള്ള സാധാരണക്കാരായ ജനങ്ങൾക്ക് ലഭ്യമാകത്തക്ക വിധത്തിലാവണം. ടൂറിസം എന്നുപറയുമ്പോൾ നമ്മൾ പുറമേ നോക്കിക്കാണുന്നതുപോലെ ആളുകൾ വന്നുപോകുന്നു എന്നതിനപ്പുറം

ടൂറിസത്തിലൂടെ കേരളത്തിന്റെ വികസനം, അത് തൊഴിൽ മേഖലയിലും സാമ്പത്തിക മേഖലയിലുമൊക്കെ തദ്ദേശീയരായ ആളുകൾക്കുണ്ടാകണ മെന്നുള്ളതുകൊണ്ടാണ് 'പീപ്പിൾസ് ഓൺ ടൂറിസം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പലപ്പോഴും നമ്മുടെ ധാരണ മറിച്ചാണ്. ഒരു ഡെസ്റ്റിനേഷൻ ഡെവലപ് ചെയ്തുകഴിഞ്ഞാൽ അവിടെയുള്ള സാധാരണക്കാരായ ജനങ്ങൾക്കാണ് അതിന്റെ ഗുണം ലഭിക്കുന്നത്. ചെറിയ തോതിലാണെങ്കിലും തൊഴിലും വരുമാനമാർഗ്ഗവുമുണ്ടാകണം. ആ രീതിയിൽ കേരളത്തിലെ ടൂറിസം ജനങ്ങളുടെ വളർച്ചയ്ക്ക് ഉപയോഗിക്കുക എന്നുള്ളതാണ്. കാർഷികരംഗത്തെ തിരിച്ചടി, വ്യവസായരംഗത്തുള്ള ചില പ്രശ്നങ്ങൾ, അതിനെയൊക്കെ അതിജീവിച്ച്, പ്രകൃതി നമുക്ക് അനുഗ്രഹിച്ച് നൽകിയിട്ടുള്ള ടൂറിസത്തിന്റേതായ സാധ്യതകളെ വിനിയോഗിച്ചുകൊണ്ട് ഗ്രാമീണ ടൂറിസത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിനുവേണ്ടി ഒട്ടനവധി കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ഞാനിവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വെള്ളിനേഴി കലാഗ്രാമം ഒരുപാട് കലാകാരന്മാരും സാംസ്കാരിക പാരമ്പര്യവുമുള്ള കലാഗ്രാമമാണ് എന്നുള്ളതു കൊണ്ടാണ് സംസ്ഥാന ടൂറിസം വകുപ്പ് അവിടെ ഒരു കലാഗ്രാമമായി പ്രഖ്യാപിച്ച് ആവശ്യമായ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു കോടി രൂപ ഗവൺമെന്റ് നൽകിയത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ കൂടി നീക്കിവച്ചിട്ടുണ്ട്. കൂടുതൽ ഫണ്ട് അനുവദിച്ചുകൊണ്ട് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടു പോകേണ്ട ഒരു പദ്ധതിയാണത്. തീർച്ചയായും അതിനുള്ള എല്ലാ പിൻതുണയും ഗവൺമെന്റ് നൽകുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ടൂറിസം രംഗത്ത് ഇത്രയധികം അന്താരാഷ്ട്ര പുരസ്കാരങ്ങൾ ഒരുമിച്ച് കിട്ടിയ മറ്റൊരു കാലവുമില്ല. 'ടൂറിസം ഓസ്കാർ' എന്ന പുരസ്കാരംപോലും ഈ സർക്കാരിന് ലഭിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ പമ്പാനദിയുടെ തീരത്ത് മനോഹരമായൊരു ടൂറിസം പദ്ധതി അങ്ങയുടെ വകുപ്പിന്റെ നിർദ്ദേശപ്രകാരം നിർമ്മാണം പൂർത്തിയായിരിക്കുകയാണ്. പമ്പയുടെ മനോഹാരിത പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് പ്രകൃതിക്കിണങ്ങുന്ന തരത്തിലാണ് ആ ടൂറിസം പദ്ധതി പൂർത്തിയായിരിക്കുന്നത്. പീപ്പിൾസ് ഓൺ ടൂറിസം പദ്ധതിയെന്ന് പറയുമ്പോൾ നമ്മുടെ കാർഷിക പാരമ്പര്യവും സംസ്കാരവും സൗന്ദര്യവും നമ്മുടെ സംസ്കൃതിയുമായി

ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങളെയുമെല്ലാം കൂട്ടിയോജിപ്പിക്കുന്ന വില്ലേജ് ടൂറിസത്തിന് വലിയ പ്രസക്തിയാണുള്ളത്. ഇപ്പോൾ ആലപ്പുഴയിൽ ടൂറിസ്റ്റുകൾ വന്നാൽ അവർ ആദ്യം ഹൗസ് ബോട്ടിൽ കയറുകയും ഹൗസ് ബോട്ടിൽ നിന്ന് ഇറങ്ങിയാൽ ഉടൻതന്നെ കാറിൽ കയറി അടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനിലേക്ക് പോവുകയുമാണ് ചെയ്യുന്നത്. ടൂറിസ്റ്റുകൾ ആലപ്പുഴയിൽപ്പോലും ഇറങ്ങുന്നില്ല. ഒരു ദിവസത്തെ വിനോദയാത്രയ്ക്കായി വരുമ്പോൾ കുറച്ചധികം പ്രദേശങ്ങൾ ടൂറിസത്തിന്റേതായി വികസിക്കുമെങ്കിലും കൃഷിയുമായി ബന്ധപ്പെടുത്തി ഒരു വില്ലേജ് ടൂറിസത്തിന് വലിയ പ്രസക്തിയാണുള്ളത്. 25-ാം തീയതി അങ്ങ് ഉദ്ഘാടനം ചെയ്യുന്ന ഇടക്കടവ് ടൂറിസം കേന്ദ്രമാക്കിക്കൊണ്ട് ഒരു വില്ലേജ് ടൂറിസം പദ്ധതി പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യമാണ് ഞാൻ നേരത്തേ പറഞ്ഞത്. ആലപ്പുഴതന്നെ അതിന് ഏറ്റവും വലിയ ഉദാഹരണമാണ്. ഇന്ന് ആയിരത്തിലധികം ഹൗസ് ബോട്ടുകളുണ്ട്. അതുമായി ബന്ധപ്പെട്ട് പതിനായിരത്തിലധികം ആളുകൾ നേരിട്ടും അല്ലാതെയും വരുമാനമുണ്ടാക്കുന്ന സാഹചര്യമുണ്ട്. ഏറ്റവും വലിയൊരു തൊഴിൽ മേഖല/വ്യവസായ മേഖല എന്നുള്ള രീതിയിൽ ഇന്ന് ഹൗസ്ബോട്ടുകൾ മാറിയിരിക്കുകയാണ്. ആ രീതിയിൽ ഓരോ പ്രദേശത്തിന്റെയും സാധ്യതകളെ വിനിയോഗിച്ചുകൊണ്ട് അവിടെയുള്ളവർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കാനുള്ള സാഹചര്യമൊരുക്കുക എന്നുള്ളത് മുന്നിൽ കണ്ടുകൊണ്ടാണ് വില്ലേജ് ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ ഉദ്ഘാടനം ചെയ്യാൻപോകുന്ന പമ്പയാറിന്റെ തീരത്തുള്ള പ്രോജക്ടുമായി ബന്ധപ്പെട്ട് വില്ലേജ് ടൂറിസം പദ്ധതികളുടെ സാധ്യതകളെക്കുറിച്ച് പരിശോധിക്കും. തീർച്ചയായും അനുകൂലമായ അന്തരീക്ഷമാണെങ്കിൽ അത് നടപ്പാക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ഇന്നത്തെ നമ്മുടെ റോഡുകളുടെ ശോച്യാവസ്ഥയും അവിശ്വസനീയമായ ട്രാഫിക്കുംമൂലം ടൂറിസ്റ്റ് മൂവ്മെന്റ്സ് തടസ്സപ്പെടുന്ന വിവരം അങ്ങേയ്ക്കറിയാം. അതിന്റെ ഭാഗമായിട്ടാണ് ടൂറിസം ഡിപ്പാർട്ടുമെന്റ് സീപ്ലെയിനെക്കുറിച്ച് ആലോചിച്ചത്. അത് കൊല്ലത്തും എറണാകുളത്തുമിറങ്ങി. പക്ഷെ ആലപ്പുഴയിൽ എന്തോ തടസ്സമുണ്ടായെന്ന്

പറഞ്ഞ് നിർത്തിവച്ചു; അങ്ങനെ നിർത്തിവയ്ക്കുന്നത് ശരിയല്ല. ഞാനും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. കെ. സദാശിവനുംകൂടി രണ്ട് കായലുകൾ കണ്ടുവച്ചിട്ടുണ്ട്. അങ്ങ് ദയവായി അവിടെ വരണം. ഞങ്ങളെല്ലാ സഹായവും ചെയ്യാം. സീപ്ലെയിൻ അവിടെയുമിറക്കണം. അത് ആ നാട്ടിലെ ടൂറിസം രംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് കാരണമാകുമെന്ന് കരുതുന്നു

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ തുറന്ന രീതിയിലുള്ള സമീപനത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അങ്ങ് നേരിട്ടുതന്നെ എന്നോട് പറഞ്ഞ കാര്യമാണിത്. എന്നാൽ നമ്മുടെ നാട്ടിൽ ഒരു പദ്ധതി കൊണ്ടുവരുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് അങ്ങേയ്ക്ക് നേരിട്ട് ബോധ്യമുള്ളതാണ്. വളരെ പ്രയാസപ്പെട്ടാണ് നമ്മൾ സീപ്ലെയിൻ ഇവിടെ കൊണ്ടുവന്നത്. നമുക്കത് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. എന്നാൽ വീണ്ടുമൊരു ചർച്ച രാഷ്ട്രീയതലത്തിൽ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പെട്ടെന്ന് ഈ പദ്ധതി ആരംഭിക്കാൻ കഴിയും. സീപ്ലെയിൻ ഇന്ന് നമ്മുടെ തിരുവനന്തപുരം എയർപോർട്ടിലുണ്ട്. പക്ഷെ, അത് വെള്ളത്തിൽ ലാൻഡ് ചെയ്യുന്നതിന്റെ പരിമിതിയും പ്രയാസങ്ങളും നിലനിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ചില അംഗീകാരം കൂടി ഇനി വാങ്ങാനുണ്ട്. തീർച്ചയായും ഇന്നല്ലെങ്കിൽ നാളെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം പ്രോജക്ടുകളിലൊന്നായി സീപ്ലെയിൻ മാറും. കാരണം, അത്രമാത്രം സാധ്യതകൾ നമുക്കുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കടലും കായലും പുഴകളും തടാകങ്ങളുമുള്ളതിനാൽ ഏറ്റവും നന്നായി നമുക്ക് വിനിയോഗിക്കാവുന്ന ഈ സാധ്യതയെ ഇത്തരത്തിലുള്ള താല്പര്യങ്ങളുടെ പേരിൽ നമുക്ക് നടത്താൻ കഴിയാതെ പോയി. പക്ഷെ അതിന്റെ പ്രവർത്തനങ്ങൾ വീണ്ടും സജീവമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. എത്രയും പെട്ടെന്ന് അത് വീണ്ടും റഗുലറായി സ്റ്റാർട്ട് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കേരളത്തിൽ ഏറ്റവുമധികം ഹോം സ്റ്റേ പ്രവർത്തിക്കുന്നത് ഫോർട്ട്കൊച്ചിയിലും കുമ്പളങ്ങിയിലുമാണ്. ഏറ്റവുമധികം വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾ വരുന്ന സ്ഥലമാണത്. ഇത്തവണ അവിടത്തെ ടൂറിസ്റ്റുകളുടെ വരവിൽ ഏകദേശം 60 ശതമാനത്തിലധികം കുറവുണ്ടായി. അതിന്റെ പ്രധാനപ്പെട്ട കാരണം, അവർ പലരും വരുന്നത് മദ്യം കഴിക്കാനൊന്നുമല്ല. പക്ഷെ ചിലപ്പോൾ അവരൊരു ഡ്രിങ്ക് വേണമെന്നും

അല്ലെങ്കിൽ ഒരു ബിയർ വേണമെന്നും പറയും. സ്വാഭാവികമായും ഇന്ന് അതിന് കുറച്ച് തടസ്സങ്ങളുണ്ട്. ......(ബഹളം)...... നയം മാറ്റാനല്ല.... ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളിൽ ക്യൂ നിൽക്കുവാൻ വിദേശികൾക്ക് സാധിക്കുമോ? അതിനാൽ വിദേശികളൊക്കെ വരുമ്പോൾ നമ്മുടെ നിലവിലുള്ള മദ്യനയത്തിൽ നിന്നുകൊണ്ടുതന്നെ പ്രീമിയം ഔട്ട്‌ലെറ്റ്സ് കൊടുക്കാൻ ടൂറിസം ഡിപ്പാർട്ടുമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ***** *** ******* അതോടൊപ്പം പുതിയ ടൂറിസ്റ്റ് ബംഗ്ലാവുകൾ/ഗസ്റ്റ് ഹൗസുകൾ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതി ഗവൺമെന്റിനുണ്ടോ?

ശ്രീ. എ. പി അനിൽ കുമാർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതാനും പുതിയ ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചില ഗസ്റ്റ് ഹൗസുകൾ പൂർത്തീകരിച്ചുകഴിഞ്ഞു. രണ്ട് യാത്രി നിവാസുകൾ ഉൾപ്പെടെ നാല് ഗസ്റ്റ് ഹൗസുകൾക്ക് അംഗീകാരം കൊടുത്തുകഴിഞ്ഞു. അതിരപ്പിള്ളിയിൽ യാത്രി നിവാസിന് അഞ്ചു കോടി രൂപ അനുവദിച്ചിട്ടുണ്ട്. വരുന്ന ഫെബ്രുവരി 23-ാം തീയതി അതിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഉദ്ഘാടനം നടക്കുകയാണ്. ശബരിമലയിൽ ദേവസ്വം ബോർഡിന്റെ ഗസ്റ്റ് ഹൗസല്ലാതെ നമുക്കൊരു ഗസ്റ്റ് ഹൗസ് ഇല്ലായെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വളരെ കുറച്ച് റൂമുകളും പരിമിതി വളരെ കൂടുതലുമുള്ള ഗസ്റ്റ് ഹൗസാണത്. അതുകൊണ്ട് അവിടെയൊരു ഗസ്റ്റ് ഹൗസ് വേണമെന്ന് വളരെ നാളുകളായി സ്ഥലം എം.എൽ.എ.-യും എല്ലാവരും ആവശ്യപ്പെടുന്ന കാര്യമാണ്. പുതിയ ദേവസ്വം ബോർഡ് അധികാരമേറ്റശേഷം സന്നിധാനത്ത് ഒരു കോംപ്ലക്സ് പണിയുന്നതിന് 10 സെന്റ് സ്ഥലം അനുവദിക്കാമെന്ന് അറിയിച്ചതിന്റെയടിസ്ഥാനത്തിൽ 7.2 കോടി രൂപയുടെ 'ശബരിമല പുണ്യദർശനം കോംപ്ലക്സ്" എന്നുപറയുന്ന ഗസ്റ്റ് ഹൗസ് ആരംഭിക്കുന്നതിന് പണം അനുവദിച്ചു. ഈയാഴ്ച തന്നെ അതിന്റെ പ്രവൃത്തി ഉദ്ഘാടനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇടുക്കിയിൽ 'യാത്രി നിവാസ്' ആരംഭിക്കുന്നതിന് 5 കോടി രൂപ അനുവദിച്ച് എ. എസ്. കൊടുത്തു കഴിഞ്ഞു. ഉടൻതന്നെ പ്രവൃത്തി ഉദ്ഘാടനം തുടങ്ങും. നമുക്ക് എറണാകുളത്ത് നിന്നും തൃശ്ശൂരിലേയ്ക്ക് പോകുന്ന വഴി ഗസ്റ്റ് ഹൗസിൽ പോകണമെങ്കിൽ നാഷണൽ ഹൈവേയിൽ നിന്നും കുറെ ഉള്ളിലോട്ട് യാത്ര ചെയ്യേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. പലപ്പോഴും ഗതാഗതക്കുരുക്കും മറ്റും ഉണ്ടാക്കുന്ന പ്രയാസങ്ങൾ കാരണം സമയം വളരെയധികം

---

* ബഹു. സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

എടുക്കുകയാണ്. അതുകൊണ്ട് നാഷണൽ ഹൈവേയിൽത്തന്നെ നമുക്കൊരു ഗസ്റ്റ്ഹൗസ് വേണമെന്ന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ആഗ്രഹം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, അദ്ദേഹം തന്നെ യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായി സംസാരിച്ച് ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള നാഷണൽ ഹൈവേയുടെ ഓരംചേർന്ന് 50 സെന്റ് സ്ഥലം ടൂറിസം വകുപ്പിന് കൈമാറി. അവിടെ 9 കോടി രൂപ അനുവദിച്ച് ഈ വരുന്ന മാർച്ച് ഒന്നാം തീയിതിക്കു മുമ്പായി പുതിയ ഗസ്റ്റ്ഹൗസിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. അങ്ങനെ നാല് പുതിയ ഗസ്റ്റ്ഹൗസുകളുമായി യാത്രി നിവാസുകൾ ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, എനിക്കെതിരെ ഉന്നയിച്ച ആരോപണം പിൻവലിക്കണം. അല്ലെങ്കിൽ രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: ശിവൻകുട്ടിയുടെ പേര് വന്ന ഭാഗം രേഖയിൽ നിന്നും നീക്കം ചെയ്യുന്നു.

ശ്രീ. സാജു പോൾ: സർ, ടൂറിസം മേഖലയുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. ഈ ഗവൺമെന്റിന്റെ തലതിരിഞ്ഞ നയങ്ങളുടെ ഫലമായി ടൂറിസം മേഖലയിലും ഹോട്ടൽ വ്യവസായ മേഖലയിലും വലിയ തകർച്ചയാണ് അനുഭവപ്പെട്ടിരിക്കുന്നത്. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റിന് മുമ്പിൽ പോയാൽ ഒരു വിദേശിയും ഒരു വിനോദസഞ്ചാരിയും ഈ നാട്ടിലേയ്ക്ക് വരികയില്ല. ഇവിടെ ടൂറിസം വകുപ്പിന് ഓസ്കാർ അവാർഡ് ലഭിച്ചതായി പറഞ്ഞു. യഥാർത്ഥത്തിൽ അഴിമതിക്കും വിവാദങ്ങൾക്കും വിവാദ വ്യക്തികളുമായിട്ടുള്ള സവാരിഗിരിഗിരിക്കും ഓസ്കാർ അവാർഡുണ്ടെങ്കിൽ അതും ഈ സർക്കാരിന് കിട്ടും.

എന്റെ ചോദ്യം, കേരളത്തിൽ എറണാകുളം ഉൾപ്പെടെയുള്ള ഡി.റ്റി.പി.സി.-കളിൽ ഏതെങ്കിലും ഒരു ഡി.റ്റി.പി.സി. ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; അതിനൊരു കൗൺസിലും എക്സിക്യൂട്ടീവുമുണ്ട്. ഓണാഘോഷ പരിപാടിക്കും പുതുവൽസരാഘോഷത്തിനും ഒരു കമ്മിറ്റി പേരിന് വിളിച്ചുചേർക്കുന്നതല്ലാതെ എന്താണ് നടക്കുന്നത്. ഈ സർക്കാരിന്റെ കാലത്തു മാത്രമല്ല മുൻപത്തെ അവസ്ഥയും അതുതന്നെയാണ്. അതുകൊണ്ട് ഡി.റ്റി.പി.സി.-കളെ സജീവമാക്കാനും അതിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കി ടൂറിസം മേഖലയെ വികസിപ്പിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ബഹുമാനപ്പെട്ട സാജുപോൾ ഈ തിരക്കിനിടയിൽ ഡി.റ്റി.പി.സി.-യുടെ പ്രവർത്തനങ്ങൾ വിലയിരുത്താത്തതു കൊണ്ടാണ്.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഡി.റ്റി.പി.സി.-കൾക്ക് കൂടുതൽ സ്വാതന്ത്ര്യം കൊടുക്കുകയും അതിലൂടെ ഒട്ടനവധി കാര്യങ്ങൾ ചെയ്യാനുള്ള അവസരം കൊടുക്കുകയും ചെയ്തിരിക്കുകയാണ്. പേരിനുമാത്രം ഒരു ബോർഡ് എന്നതിനപ്പുറം ഡി.റ്റി.പി.സി.-കൾ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ എല്ലാ കാര്യങ്ങളും നമുക്ക് ഡി.റ്റി.പി.സി.-യെ ഏൽപ്പിക്കാൻ സാധിക്കുകയില്ല. ഗവൺമെന്റ് ചെയ്യേണ്ടതായ കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്; അതിന് സംവിധാനങ്ങളുമുണ്ട്. ഡി.റ്റി.പി.സി. ചെയ്യേണ്ടതായ കാര്യങ്ങൾ ഡി.റ്റി.പി.സി.-യെ ഏൽപ്പിക്കുന്നു. പക്ഷെ ഡി.റ്റി.പി.സി.-യെ നോക്കുകുത്തിയായിട്ടല്ല മറിച്ച് സജീവമായ ടൂറിസം മേഖലയിലെ ഇടപെടലുകൾക്കുള്ള അവസരം ഡി.റ്റി.പി.സി.-ക്ക് ഒരുക്കിക്കൊടുക്കുന്നുണ്ട്. അതൊന്ന് പരിശോധിച്ചാൽ അങ്ങേയ്ക്ക് ബോധ്യമാകും.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളം ടൂറിസത്തിന്റെ അനന്ത സാധ്യത തേടുകയാണ്. വിദേശികൾ മദ്യം കുടിക്കാൻ മാത്രമാണ് കേരളത്തിൽ വരുന്നതെന്നുള്ള ധാരണയിലേക്ക് ടൂറിസം മേഖലയെ കൊണ്ടുപോകരുത്. നമ്മുടെ തീരദേശ ടൂറിസത്തിന്റെ സാധ്യതകൾ ഒരുപാട് തിരിച്ചറിഞ്ഞുകൊണ്ട് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മലബാറിൽ ബിയ്യം കായൽ, ഒട്ടുമ്പുറം, കൂട്ടായി, കീരാനെല്ലൂർ, കടലുണ്ടി പക്ഷിസങ്കേതം തുടങ്ങി ഒട്ടേറെ പദ്ധതികൾ വിപുലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ ദേശീയ ജലപാതയുടെ ഭാഗമായി വളരെ പ്രശസ്തമായ കനോലി കനാലിന്റെ വിപുലീകരണം നടക്കുമ്പോൾ കനോലി കനാലിന്റെ തീരങ്ങൾ ഉൾക്കൊള്ളുന്ന തീരപ്രദേശത്തിനുവേണ്ടി ഒരു തീരദേശ ടൂറിസം സർക്യൂട്ട് ഉണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ ഒരിക്കൽ ഉറപ്പുനൽകിയിരുന്നു. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പരിശ്രമങ്ങളെ ന്തെങ്കിലും തുടങ്ങിയിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെ എത്തിയെന്ന് വിശദമാക്കാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, മലബാർ മേഖലയുടെ ടൂറിസം വികസനമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രണ്ടുകാര്യങ്ങളിൽ ഒന്ന്. കേരളത്തിൽ എറണാകുളത്തുനിന്നും ഇങ്ങോട്ടുള്ളതുപോലെ തന്നെ വടക്കൻ മലബാർ- കാസർഗോഡ് വരെ നമുക്ക് അനന്തമായ സാധ്യതകളുണ്ട്. മനോഹരമായിട്ടുള്ള പ്രദേശങ്ങളുമുണ്ട്. പക്ഷെ നിർഭാഗ്യവശാൽ നമ്മുടെ ടൂറിസം മേഖല എന്നുപറയുന്നത് എറണാകുളത്തിനിപ്പുറത്ത്, അത് വിദേശ വിനോദ സഞ്ചാരികൾ വരുന്ന കാര്യത്തിലായാലും ആഭ്യന്തര വിനോദ സഞ്ചാരികൾ വരുന്ന കാര്യത്തിലായാലും എല്ലാം ഇങ്ങോട്ടാണ്. മലബാർ മേഖലയിലെ ടൂറിസം വികസനത്തിന്റെ സാധ്യതകൾ പല കാരണങ്ങൾ കൊണ്ടും വേണ്ട രീതിയിൽ മുന്നോട്ട് കൊണ്ടുവരാൻ നമുക്ക് കഴിയുന്നില്ല. അതിൽ പ്രധാനമായും തടസ്സം നിൽക്കുന്ന ഒട്ടനവധി കാര്യങ്ങളുണ്ട്. കണ്ണൂർ എയർപോർട്ട് വരുന്നതോടുകൂടി

അതിന് വലിയ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കനോലി കനാലുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സജീവ പരിഗണന കൊടുക്കുന്നുണ്ട്. ഇറിഗേഷൻ വകുപ്പ് ഏതാണ്ട് 7 കോടി രൂപയിലധികം ഇതിനകം നീക്കി വച്ചുകഴിഞ്ഞു. സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ നന്നായി വിനിയോഗിക്കാൻ കഴിയുന്ന പ്രദേശമാണ് കനോലി കനാൽ. മലബാറിന്റെ ടൂറിസം വികസന സാധ്യതകൾ വളരുന്നതോടൊപ്പം തന്നെ കനോലി കനാലിന്റെ വികസനവും ഗവൺമെന്റ് നടപ്പാക്കുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ 'ജടായു ടൂറിസം പദ്ധതി' ലോകശ്രദ്ധ ആകർഷിക്കുന്നതാണ്. ഈ പദ്ധതിയുടെ അനുബന്ധ പദ്ധതികളായ കടൽകാണിപ്പാറ പദ്ധതി, മാറ്റിടാംപാറ പദ്ധതി, ചേക്കുട്ടി തുടങ്ങിയവയെ സംബന്ധിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാട്ടിൻപുറത്തുള്ളവർക്ക് വൈകുന്നേരം വന്നിരിക്കാനും അത്യാവശ്യം സ്വസ്ഥമായി പ്രകൃതിഭംഗി ആസ്വദിക്കാനുമുള്ള സംവിധാനങ്ങൾ അവിടെയില്ല. ഇത്തരം പ്രദേശത്ത് ആ സംവിധാനങ്ങളൊരുക്കാൻ പഞ്ചായത്തുമായി ഏകോപിപ്പിച്ച് ചെറിയ നേതൃത്വവും സാങ്കേതികജ്ഞാനവും ചെറിയ തുകയും നൽകി ആ പ്രോജക്ടുകൾ അംഗീകരിക്കണം. അത്തരം പ്രോജക്ടുകളെല്ലാം ജടായു പ്രോജക്ടുമായുള്ള അനുബന്ധ പ്രോജക്ടുകളാണ്. ആ പ്രോജക്ടുകളെല്ലാം അങ്ങയുടെ മുന്നിലുണ്ട്. അങ്ങത് പരിശോധിക്കുകയും പരിഗണിക്കുകയും പഞ്ചായത്തുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ജടായു പ്രോജക്ട് തിരുവനന്തപുരത്തുനിന്നും 45-50 കിലോമീറ്റർ ദൂരമേയുള്ളൂ. എനിക്ക് ബഹുമാനപ്പെട്ട അംഗങ്ങളോട് സൂചിപ്പിക്കാനുള്ളത് ജടായു പ്രോജക്ട് സന്ദർശിക്കണമെന്നാണ്. ജടായു പാറയും അവിടെ നിർമ്മിക്കുന്ന ജടായു ശില്പവും അതിനോടനുബന്ധമായുള്ള ആയുർവേദ റിസോർട്ടുകളുമൊക്കെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാകാൻ പോകുന്ന ഒന്നാണ്. ദുബായിൽ നിന്നും ടൂറിസം ഡയറക്ടർ വന്ന് ഈ സ്ഥലം സന്ദർശിക്കുകയുണ്ടായി. മുഖ്യമന്ത്രിക്ക് അവിടെ നേരിട്ട് പോകാൻ കഴിഞ്ഞില്ല, ഹെലികോപ്റ്ററിലൂടെയാണ് അദ്ദേഹം അവിടത്തെ കാഴ്ചകൾ കണ്ടത്. തിരുവനന്തപുരത്തുകാരനായ അങ്ങേക്ക് ഇത് അതിമനോഹരമായ ഒരു സ്ഥലമാണെന്നറിയാം. പക്ഷേ അതിന്റെ പ്രവൃത്തിയുടെ ആദ്യഘട്ടം തീരാൻ പോകുന്നതേയുള്ളൂ. കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ സന്ദർശിക്കുന്ന സ്ഥലമായി ജടായുപ്പാറ മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ ഇതിനനുബന്ധമായി വരുന്ന മറ്റ് ടൂറിസം പദ്ധതികൾക്കൊക്കെ വലിയ സാദ്ധ്യതകളുണ്ട്. ബഹുമാനപ്പെട്ട അംഗം ആ

പദ്ധതിയുടെ കാര്യത്തിന് വളരെ സജീവമായ ഇടപെടലുകൾ നടത്തുന്നുണ്ട്. അദ്ദേഹം സൂചിപ്പിച്ച അനുബന്ധ പ്രോജക്ടുകൾക്കും ആവശ്യമായ പിന്തുണ ഗവൺമെന്റ് നൽകുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ടൂറിസം വകുപ്പ് ആവിഷ്കരിച്ചിരി ക്കുന്ന പീപ്പിൾസ് ഓൺ ടൂറിസം വളരെ നൂതനമായ പദ്ധതിയാണ്. ചെറിയ രാജ്യങ്ങളായ വിയറ്റ്നാമിലോ ഹാനോയിലോ പോകുകയാണെങ്കിൽ അവിടത്തെ ഓരോ തെരുവുകളിലും അമ്മമാരും സഹോദരിമാരും ഭക്ഷണം വിറ്റ് വരുമാനമുണ്ടാക്കുന്നത് കാണാൻ കഴിയും. വലിയ ജനകീയ പങ്കാളിത്തമുണ്ടായിരുന്ന ഒരു പ്രോഗ്രാമാണ് കഴിഞ്ഞയാഴ്ച അങ്ങ് ഉദ്ഘാടനം ചെയ്ത എന്റെ മണ്ഡലത്തിലെ കോട്ടൂർ വനമേഖലയിലെ പാങ്കാവിലുണ്ടായിരുന്ന ഇന്റർനാഷണൽ മൗണ്ടനിയറിംഗ് ബൈക്കിംഗ് സ്കീം. ആദിവാസി സമൂഹത്തിന്റെ സഹായത്തോടുകൂടി ഈ പദ്ധതി വളരെ വിജയകരമായി നടത്തി. ഇത് കണക്കിലെടുത്ത് എന്റെ മണ്ഡലമായ പാങ്കാവ് മേഖലയും അതിനടുത്തുള്ള കോട്ടൂർ ആന പാർക്കും പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ ഡാം സാങ്ച്വറിയും ചേർത്ത് ഒരു ടൂറിസം സർക്യൂട്ട് നിർമ്മാക്കാനുള്ള പദ്ധതി ആവിഷ്കരിക്കുമോ ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം തന്നെയാണ് പീപ്പിൾസ് ഓൺ ടൂറിസം എന്ന പദ്ധതികൊണ്ട് നമ്മൾ വിഭാവന ചെയ്തിരിക്കുന്നത്. നമ്മുടെ സഹോദരിമാർക്കും അമ്മമാർക്കും സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്കും അവരുടെ ജീവിതമാർഗ്ഗമായി ടൂറിസത്തെ മാറ്റിയെടുക്കാൻ കഴിയും. അഗ്രിക്കൾച്ചറിനേയും വ്യവസായത്തേയും നമ്മൾ ആശ്രയിക്കുന്നതുപോലെ ടൂറിസത്തെ ഗ്രാമീണ മേഖലയുടെ വളർച്ചയ്ക്ക് ഉപയോഗിക്കുകയെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിലെ കോട്ടൂർ വളരെ പ്രസിദ്ധമായ ആന വളർത്തൽ കേന്ദ്രമാണ്. അവിടെ ഏതാണ്ട് 50 ലക്ഷം രൂപയുടെ പ്രോജക്ട് സംസ്ഥാന ഗവൺമെന്റ് ഇതിനകം അനുവദിച്ചുകഴിഞ്ഞു. നെയ്യാർഡാമിനായി ഏതാണ്ട് അഞ്ചരക്കോടി രൂപയുടെ പദ്ധതി അനുവദിച്ചുകഴിഞ്ഞു. തീർച്ചയായും അത് ടൂറിസം സർക്യൂട്ടാക്കിയാൽ ഒരു ദിവസത്തെ യാത്രകൊണ്ട് സഞ്ചാരിക്ക് അടുത്തടുത്ത എല്ലാ സ്ഥലവും സഞ്ചരിച്ചു തീർക്കാവുന്നതാണ്. അതിനിടയിൽ നെയ്യാർഡാമും കോട്ടൂരും പൊൻമുടിയുമൊക്കെ സഞ്ചരിച്ച് പോകാൻ കഴിയുന്നുവെന്നുള്ള ആകർഷണീയതയും അതിനുണ്ട്. തീർച്ചയായും ഇതിനെ ഒരൊറ്റ സർക്യൂട്ടാക്കി ഡവലപ്പ് ചെയ്യുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ടൂറിസം രംഗത്തിന്റെ വികസനത്തിന് തടസ്സമായി വരുന്ന ചില പ്രശ്നങ്ങൾ കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്ന പ്രവണത നമ്മുടെ നാട്ടിൽ ശക്തിയായി വളർന്നുവരുന്നുണ്ട്. വാഹനങ്ങൾ ഉപയോഗിക്കുന്നതിലും അവർ താമസിക്കുന്ന റിസോർട്ടിനും ഭക്ഷണത്തിനും അമിതമായ ചാർജ്ജ് ഈടാക്കുകയാണ്. ഇതിന്റെ ഫലമായി ഭക്ഷണം പൊതിയായി കൊണ്ടുവന്ന് ഉപയോഗിക്കുന്ന രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ നാം ഉദ്ദേശിക്കുന്നതെന്താണോ ആ ഉദ്ദേശം നടക്കാത്ത ഒരു സ്ഥിതി ഇതിനനുബന്ധമായി വളർന്നുവരുന്നുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനുള്ള നടപടികൾ വളരെ ഗൗരവത്തോടു കൂടി സ്വീകരിക്കേണ്ടതുണ്ട്.

മറ്റൊന്ന്, ശ്രീനാരായണപുരത്തിന്റെ ഉദ്ഘാടനത്തിന് വരുമ്പോൾ ആ പദ്ധതിയിൽ രാജാക്കാട് പഞ്ചായത്തുകൂടി ഉൾപ്പെടുത്തണം. ശ്രീനാരായണപുര ത്തിന്റെ അടുത്തഘട്ടത്തിനുള്ള പ്രഖ്യാപനംകൂടി നടത്തണമെന്ന അഭ്യർത്ഥനകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ ഞാൻ ജനറലൈസ് ചെയ്തു കാണുന്നില്ല. പക്ഷേ ഒറ്റപ്പെട്ട കാര്യങ്ങളിൽ ഇത്തരം ചൂഷണം നടക്കുന്നുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരുന്നത് വളരെ കുറവാണ്. ഇവിടെ വരുന്ന സഞ്ചാരികൾക്ക്, അത് ടാക്സി ഡ്രൈവർമാരാണെങ്കിലും ഹോട്ടലുകാരാണെങ്കിലും ഏറ്റവും നല്ല സർവ്വീസ് കൊടുക്കുന്ന വളരെയധികം ആളുകളുണ്ട്. പക്ഷേ ഒറ്റപ്പെട്ട ആളുകളുടെ ഇടയിൽനിന്നും ഇത്തരം അനുഭവങ്ങളുണ്ടാകുന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവിടെയെല്ലാം മാറ്റമാണ് നമുക്കുണ്ടാകേണ്ടത്. ഈ സഞ്ചാരികൾ ഗവൺമെന്റിന് പ്രതിവർഷം വലിയ വരുമാനം ഉണ്ടാക്കി തരുന്നവരാണ്. അവരോട് ഏറ്റവും മാന്യമായ സമീപനം ഉണ്ടാകേണ്ടത് നമ്മുടെ നാടിന്റെ വളർച്ചയ്ക്ക് ആവശ്യമാണെന്ന തോന്നൽ സാധാരണക്കാരുടെ ഇടയിലുണ്ടാവുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലുള്ള വികസനപ്രവർത്തനത്തെക്കുറിച്ച് സൂചിപ്പിച്ചു. ശ്രീനാരായണപുരത്തിന്റെ ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഡി.റ്റി.പി.സി.-യുടെ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായി നടക്കുന്നുണ്ട്. ഡി.ഡി.സി. യോഗത്തിൽ പ്രതിപക്ഷ എം.എൽ.എ.-മാരാണ് കണ്ണൂർ ഡി.റ്റി.പി.സി.-യുടെ പ്രവർത്തനങ്ങളെ അങ്ങേയറ്റം പ്രശംസിച്ച്

സംസാരിച്ചിട്ടുള്ളത്. തീർത്ഥാടക ടൂറിസത്തിനും കേരളത്തിൽ വലിയ പ്രാധാന്യമുണ്ട്. തീർത്ഥാടക ടൂറിസത്തിന്റെയും ഇക്കോ ടൂറിസത്തിന്റെയും പ്രാധാന്യം കണക്കിലെടുത്ത് ദക്ഷിണകാശി എന്നറിയപ്പെടുന്ന കൊട്ടിയൂരിൽ എത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് ഒരു ടൂറിസ്റ്റ് ബംഗ്ലാവ് നിർമ്മിച്ച് അവിടെ വേണ്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, തീർത്ഥാടക ടൂറിസത്തിനും ഇക്കോ ടൂറിസത്തിനും വളരെ വലിയ പ്രധാന്യം ഗവൺമെന്റ് കൊടുക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായാണ് ഫണ്ട് ഇത്തരം കാര്യങ്ങൾക്ക് കൊടുക്കുന്നത്. അതുകൂടാതെ സംസ്ഥാന ഗവൺമെന്റ് പത്മനാഭ സ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് തയ്യാറാക്കുകയും അത് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുകയും നൂറ് കോടി രൂപ പത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് ടൂറിസം വികസനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതിനകം അനുവദിച്ചുകിട്ടുകയും ചെയ്തിട്ടുണ്ട്. ഗവിയിലും തേക്കടിയിലും വാഗമണിലും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ താൽപ്പര്യപ്രകാരം ഇക്കോ ടൂറിസം പ്രോജക്ട് തയ്യാറാക്കുകയും അത് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുകയും നൂറ് കോടി രൂപ അനുവദിക്കുകയും ചെയ്തു. അതിന്റെ ആദ്യഘട്ടമായി 20 കോടി രൂപ ഇതിനകം ലഭിച്ചു; അതിന്റെ പ്രവർത്തനങ്ങൾ ഉടൻ തുടങ്ങാൻ പോകുകയാണ്. മണ്ഡലത്തിലെ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്ന ഒരംഗമെന്ന നിലയിൽ അദ്ദേഹം ഇവിടെ സൂചിപ്പിച്ച ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, സംസ്ഥാനത്ത് ടൂറിസം മേഖലയിൽ ഈ കാലയളവിൽ കുറേ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാന്യനായ മന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കേരളത്തിന്റെ തനതായ പൈതൃകവുമായി ബന്ധപ്പെട്ട കുറേ കാര്യങ്ങളെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. കണ്ണൂർ കൈത്തറി, ബാലരാമപുരം കൈത്തറി, ലോകപ്രസിദ്ധമായ കുഞ്ഞിമംഗലം ലക്ഷ്മിവിളക്ക് തുടങ്ങിയ ഒട്ടേറെ ഗ്രാമീണ ഉല്പന്നങ്ങൾ ടൂറിസ്റ്റുകൾക്ക് കാണാനും അവർക്ക് ആവശ്യമുള്ള വിഭവങ്ങൾ വാങ്ങാനുമുള്ള സൗകര്യമുണ്ടാകേണ്ടതായിട്ടുണ്ട്. അത് ആ മേഖലയ്ക്കുള്ള സംരക്ഷണവും പിൻബലവുമായി മാറും. പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനു കളിൽ ഇത്തരം സാധനങ്ങൾ വിപണനം നടത്തുന്നതിനായി കൈത്തറി സ്റ്റാൾ പോലുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് ടൂറിസം വകുപ്പ് ചിന്തിക്കുമോ ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ടൂറിസം പ്രോജക്ടുകൾ ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവരികയും സമയബന്ധിതമായി അവ തീർക്കുകയും ചെയ്യുന്നതിൽ ഞാൻ ബഹുമാനപ്പെട്ട അംഗത്തെ പ്രത്യേകം അഭിനന്ദിക്കുകയാണ്. സാധാരണ, ടൂറിസം പ്രോജക്ടുകൾ തുടങ്ങിയാൽ പൂർത്തിയാക്കാൻ വർഷങ്ങളെടുക്കും. അദ്ദേഹം സമയബന്ധിതമായി പല പദ്ധതികളും പൂർത്തീകരിച്ചു. സുവനീർ ഉൾപ്പെടെയുള്ള, ഗ്രാമീണമേഖലയിലെ ഉൽപ്പന്നങ്ങൾ വിപണനം നടത്താനുള്ള സാഹചര്യമുണ്ടാക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഗവൺമെന്റ് തീർച്ചയായും അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ ടൂറിസത്തിന്റെ പ്രത്യേകത നമ്മുടെ പ്രകൃതി രമണീയത തന്നെയാണ്. വിദേശ ടൂറിസ്റ്റുകൾ വരുന്നത് ഇവിടെ മദ്യപിക്കാൻ വേണ്ടിയല്ല. ഒരു കാരണവശാലും വിദേശ ടൂറിസ്റ്റുകൾക്ക് മദ്യം വിൽപ്പന നടത്തി അതിനെ പ്രോത്സാഹിപ്പിച്ച് ടൂറിസത്തെ ദുർബലമാക്കാൻ ശ്രമിക്കരുത്. പ്രധാനപ്പെട്ട ഒരു കാര്യം, എറണാകുളം-തൃശ്ശൂർ ജില്ലകളിൽ ഉൾപ്പെടുന്ന 'മുസിരിസ് പൈതൃക പദ്ധതി' രാജ്യത്തെ ഏറ്റവും വലിയ പൈതൃക പദ്ധതികളിലൊന്നാണ്. അതിന്റെ ഒന്നാംഘട്ട ഉദ്ഘാടനവും രണ്ടാംഘട്ട ആരംഭവും എന്ന് തുടങ്ങാൻ സാധിക്കും? അതിനോടൊപ്പം സ്പൈസസ് റൂട്ട് എന്ന ഒരു ആശയം കൂടിയുണ്ട്. അതും കൂടി ഇംപ്ലിമെന്റ് ചെയ്യാൻ ശ്രമിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് 70 കോടി രൂപ മുസിരിസ് പ്രോജക്ടിന് അനുവദിക്കുകയും അതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഫെബ്രുവരി 27-ാം തീയതി രാവിലെ 10 മണിക്ക് ബഹുമാനപ്പെട്ട രാഷ്ട്രപതി മുസിരിസിന്റെ ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയാണെന്ന വിവരം ഏറെ സന്തോഷത്തോടുകൂടി സഭയെ അറിയിക്കുകയാണ്. രണ്ടാം ഘട്ടത്തിനാവശ്യമായ പണവും സംസ്ഥാന ടൂറിസം വകുപ്പ് അനുവദിക്കും. സ്പൈസസ് റൂട്ട് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. മുസിരിസ് പ്രോജക്ടിന്റെ ഒന്നാംഘട്ട ഉദ്ഘാടനം കഴിയുന്നതോടൊപ്പം സ്പൈസസ് റൂട്ടും സജീവമാക്കാൻ കഴിയും.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഏറ്റവും പ്രധാനപ്പെട്ട ലോക ശ്രദ്ധയാകർഷിക്കുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് പൊൻമുടി. അവിടെ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിച്ചിട്ട് അഞ്ച് വർഷം കഴിഞ്ഞുവെങ്കിലും അത് ഉദ്ഘാടനം ചെയ്യാൻ

കഴിഞ്ഞിട്ടില്ല. അത് അടിയന്തരമായി ഉദ്ഘാടനം ചെയ്യാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, പൊൻമുടിയിൽ വളരെ പഴക്കം ചെന്ന ഒരു ഗസ്റ്റ്ഹൗസായിരുന്നു ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ ഗസ്റ്റ്ഹൗസ് നവീകരിക്കുന്നതിനുവേണ്ടി ഏതാണ്ട് 6 കോടി രൂപ അനുവദിച്ചു. അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല; ഗവൺമെന്റ് സജീവമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്.

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എയർ ആംബുലൻസ് പദ്ധതി

3 (T* 213) ശ്രീ. കെ. അജിത് :

ശ്രീ. സി. ദിവാകരൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി സ്വകാര്യ പങ്കാളിത്തം തേടിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര വിമാന കമ്പനികൾ അപേക്ഷ നൽകി ; പദ്ധതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്; പദ്ധതി യഥാസമയം ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) എയർ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതിക്കായി സ്വകാര്യ പങ്കാളിത്തം തേടിയിട്ടുണ്ട്.

(ബി) എയർ ആംബുലൻസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

താല്പര്യപത്രം ക്ഷണിക്കുകയും അതിൽ ഏഴ് കമ്പനികൾ താല്പര്യപത്രം സമർപ്പിക്കുകയും ചെയ്തു. കേരളത്തിലെ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സ്വകാര്യ ആശുപത്രികളും സർക്കാർ ആശുപത്രികളും ചേർന്ന് ഒരു കൺസോർഷ്യം ഉണ്ടാക്കുകയും ഇവരുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഒരു കരാറിൽ ഏർപ്പെടുകയും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രസ്തുത കരാർ പ്രകാരം ടെണ്ടർ വിളിച്ച് പ്രസ്തുത വിമാന കമ്പനികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിക്കുന്നവരെ ഓപ്പറേറ്റിംഗ് ഏജൻസിയായി നിശ്ചയിച്ച് അവരുമായി ഒരു കരാറിൽ ഏർപ്പെട്ട് പ്രവർത്തിക്കുവാനായാണ് വിഭാവന ചെയ്യുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 14-10-2015-ാം തീയതിയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സ്വകാര്യ ആശുപത്രി മേധാവികളുടെ ഒരു യോഗം വിളിക്കുകയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. അതിനുശേഷം സ്വകാര്യ ആശുപത്രികളെ കത്ത് മുഖാന്തരം പദ്ധതിയിൽ ചേർന്ന് പ്രവർത്തിപ്പിക്കാനുള്ള താല്പര്യം അറിയിക്കുവാനായി ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഭൂരിഭാഗം ആശുപത്രികളും പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കാനുള്ള താല്പര്യം പ്രകടമാക്കിയില്ല. അതിനാൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മറ്റു വഴികൾ ആരായുകയും തൽഫലമായി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജിയെ സമീപിക്കുകയും ചെയ്തു. 14-1-2016-ാം തീയതിയിൽ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി മേധാവിയും ട്രാൻസ്പോർട്ട് വകുപ്പ് സെക്രട്ടറിയും ആരോഗ്യവകുപ്പ് സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ചേർന്ന് ഒരു യോഗം നടത്തുകയും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി പരിശീലന പറക്കലിനായി ഉപയോഗിക്കുന്ന അവരുടെ വിമാനങ്ങൾ ഉപയോഗിച്ച് വളരെ കുറഞ്ഞ ചെലവിൽ ഫലപ്രദമായി പ്രസ്തുത പദ്ധതി നടത്താമെന്ന് സമ്മതിക്കുകയും ചെയ്തു. അതിലേക്കായി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി ഒരു കരട് ധാരണാപത്രം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

**വിനോദസഞ്ചാര മേഖലയിലെ വികസനം**

4 (*214) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ വിനോദസഞ്ചാര മേഖലയിലെ വികസനം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; ടൂറിസം പ്രൊമോഷൻ ബോർഡ് രൂപീകരിച്ചോ; ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇവയിൽ എന്തൊക്കെ കാര്യങ്ങൾ സാദ്ധ്യമായി; അതിന്റെ അധികാരാവകാശങ്ങൾ എന്തെല്ലാമാണ്;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇത്തരം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് കമ്മിറ്റികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ &ബി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനവും പശ്ചാത്തല സൗകര്യ വികസനവും നടപ്പിലാക്കി കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ അന്തർദ്ദേശീയ നിലവാരത്തിൽ എത്തിക്കുന്നതിലേക്ക് മെഗാ സർക്യൂട്ട് ഡെവലപ്പ്മെന്റ്, ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് തുടങ്ങിയ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ വിവിധ പ്രദേശങ്ങളുടെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിച്ച് വിനോദസഞ്ചാരികളെ അവിടേക്ക് ആകർഷിക്കുന്നതിനും ഒട്ടേറെ പദ്ധതികൾ നിലവിലുണ്ട്.

'സ്റ്റേറ്റ് ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ്' രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിശദാംശം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പശ്ചാത്തല വികസനത്തിനായി കഴിഞ്ഞ ഏതാനും വർഷങ്ങളായി കേന്ദ്ര സഹായമുൾപ്പെടെ 950 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിലവിലുള്ള സൗകര്യങ്ങളെക്കുറിച്ച് എല്ലാ പ്രധാന കേന്ദ്രങ്ങളിലും ടൂറിസം വകുപ്പ് ഫീഡ് ബാക്ക് സർവ്വേ നടത്തുകയും അങ്ങനെ ലഭിക്കുന്ന വിവരങ്ങൾ കണക്കിലെടുത്ത് സഞ്ചാരികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വിനോദസഞ്ചാര മേഖലയിലെ സമഗ്ര ശുചീകരണം ലക്ഷ്യമാക്കി ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി അതത് ജില്ലാ ഡി.റ്റി.പി.സി. മുഖാന്തരം 'ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ' നടപ്പിലാക്കി വരുന്നു. കോവളം, മൂന്നാർ തുടങ്ങിയ ഡെസ്റ്റിനേഷനുകളിൽ വിവിധ എൻ.ജി.ഒ.-കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കിവരുന്നു. ടൂറിസം മേഖലയിൽ അപകടസാദ്ധ്യതയുള്ള സാഹചര്യങ്ങളെ ക്കുറിച്ചുള്ള ബോധവത്ക്കരണത്തിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പോലീസ് വകുപ്പുവഴി പ്രത്യേകം നിരീക്ഷണത്തിന് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രത്യേകം പരിശീലനം സിദ്ധിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ബീച്ചുകളിൽ ലൈഫ് ഗാർഡുകളുടെ സേവനവും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കുകയും ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദ സഞ്ചാരികൾക്ക് ലൈഫ്ജാക്കറ്റ് ധരിക്കണമെന്ന കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ ഹൗസ് ബോട്ട് ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രാഥമിക ഘട്ടത്തിലാണ്.

(ഡി) ഉണ്ട്. ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ വിപുലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)**

5 (*215) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :</u>
<u>ശ്രീ. കെ. കെ.നാരായണൻ :</u>
<u>ശ്രീ. എളമരം കരീം :</u>
<u>ശ്രീ. സി. കൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ ഘടനയും പ്രവർത്തനവും അറിയിക്കാമോ;

(ബി) പി.പി.പി. മാതൃകയിൽ രൂപീകരിക്കുന്ന പ്രോജക്ടുകൾക്ക് എത്ര തുക ചെലവഴിച്ചെന്നും അതുകൊണ്ട് കൈവരിക്കാൻ സാധിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; എത്ര പേരുടെ വൈദഗ്ധ്യം ഉയർത്തി തൊഴിൽ നേടിക്കൊടുക്കാൻ കഴിഞ്ഞുവെന്നും ഏതൊക്കെ മേഖലയിലാണെന്നും അറിയിക്കാമോ;

(സി) പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് നൽകാൻ കഴിഞ്ഞ സംഭാവനകൾ എന്തൊക്കെയാണ്;

(ഡി) സ്വകാര്യ സ്ഥാപനങ്ങൾക്കു പകരം തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളെ പരിശീലനത്തിനായി ബന്ധപ്പെടുത്താൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; കേന്ദ്ര സർക്കാർ ആവിഷ്കരിച്ച വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ എന്നതിൽ നിന്ന് കേയ്സിന് എന്തു മികവാണുള്ളത്;

(ഇ) സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഐ.ടി.ഐ.കൾ പോളിടെക്നിക്കുകൾ, എഞ്ചിനിയറിംഗ് കോളേജുകൾ എന്നിവയുടെ നിലവാരമില്ലായ്മ ഇത്തരം സ്ഥാപനത്തിന്റെ ആവശ്യകതയ്ക്ക് കാരണമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>):

(എ) ഉണ്ട്. വിവിധ മേഖലയിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിലേക്കായി 28-3-2012-ൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സെക്ഷൻ 8 കമ്പനി സ്ഥാപിച്ചു. ആഗോളവത്ക്കരണത്തെ തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകളിലെ തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം

(ബി) 1. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR)-ൽ 3.03 കോടി രൂപ ചെലവഴിച്ചു. ആദ്യവർഷം 635 പേർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

2. NICE (Nursing Institute for Career Enhancement)-നായി 42 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ പരിശീലനം പൂർത്തിയാക്കിയ

ആദ്യ ബാച്ചിലെ 116 വിദ്യാർത്ഥികൾക്കും വിദേശത്ത് ജോലി ലഭ്യമാക്കുകയും ചെയ്തു.

3. സെക്യൂരിറ്റി (നാഷണൽ)-നായി 10 ലക്ഷം രൂപചെലവഴിച്ചു. 20 പേർക്ക് പരിശീലനം നൽകിവരുന്നു.

4. കൊല്ലം ചവറയിലും കോഴിക്കോട് മാനാഞ്ചിറയിലെ പബ്ലിക് ലൈബ്രറിയിലും രണ്ട് കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പാലക്കാട്ട് കൗശൽകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. കൗശൽ കേന്ദ്രങ്ങളിലൂടെ നാളിതുവരെ 1572 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് CDM Assessment - ഉം Digital Library-യും ഉപയോഗിക്കാൻ സാധിച്ചു. കൂടാതെ, Language Lab - ലൂടെ 325 പേർക്ക് പരിശീലനം ലഭിച്ചുവരുന്നു. ഇതിനായി നാളിതുവരെ 3.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

5. Indian Institute of Infrastructure and Construction (IIIC) നിർമ്മാണ പ്രവർത്തനങ്ങൾക്കായി 23.5 കോടി രൂപ ചെലവഴിച്ചു. പ്രസ്തുത സ്ഥാപനം 2016 മാർച്ച് മാസത്തിൽ പ്രവർത്തനമാരംഭിക്കും.

6. KASE-ന്റെ യൂണിറ്റായി പ്രവർത്തിക്കുന്ന Kerala Institute of Design (KSID) അഹമ്മദാബാദിലെ National Institute of Design-ന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ ക്കായി 5.5 കോടിയോളം രൂപ ചെലവായിട്ടുണ്ട്.

(സി) ഉചിതമായ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) കേരള സർക്കാരിന്റെ State Skill Development Mission (SSDM) ആയാണ് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ Ministry of Skill Development & Entrepreneurship-ന്റെ സ്കിൽ വികസന പ്രവർത്തനങ്ങൾ ആണ് KASE മാതൃകയാക്കിയിട്ടുള്ളത്. പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങളാണ് തൊഴിലവസരങ്ങൾ കൂടുതലും നൽകുന്നത്. അതിനാലാണ്

സ്വകാര്യ സ്ഥാപനങ്ങളുമായി പി.പി.പി. മാതൃകയിൽ KASE പ്രവർത്തിക്കുന്നത്.

(ഇ) തൊഴിൽദാതാവിന്റെ ആവശ്യകത അനുസരിച്ചും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കിൽ ആവശ്യകതയ്ക്ക് അനുസൃതവുമായാണ് KASE-ന്റെ പരിശീലന പരിപാടികൾ വിഭാവന ചെയ്തിട്ടുള്ളത്. എന്നാൽ മാത്രമേ പരിശീലനം കഴിഞ്ഞിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാവുകയുള്ളൂ. നിലവിലുള്ള ഐ.ടി.ഐ.കൾ, പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ വ്യവസായ ശാലകളുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള തൊഴിൽ നൈപുണ്യം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രസക്തി വർദ്ധിപ്പിയ്ക്കുന്നതാണ്.

**വിദഗ്ദ്ധ ചികിത്സാ സൗകര്യം**

6 (*216) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന അർബുദ രോഗബാധിതരുടെ എണ്ണത്തിനനുസരിച്ച് വിദഗ്ദ്ധ ചികിത്സാ സൗകര്യം ഒരുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം ആർ.സി.സി.-ക്ക് വകയിരുത്തിയ ഫണ്ട് യഥാസമയം വിനിയോഗിച്ചിട്ടുണ്ടോ; തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളെ ക്യാൻസർ ടെറിഷ്യറി കെയർ സ്ഥാപനങ്ങളാക്കി മാറ്റുമെന്ന പ്രഖ്യാപനവും, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) 2012-13 മുതലുള്ള ബഡ്ജറ്റുകളിൽ വാഗ്ദാനം ചെയ്ത കൊച്ചിയിലെ ക്യാൻസർ സെന്ററിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ ; അതിനായി സർക്കാർ എന്തു തുക ചെലവഴിച്ചു ; മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടിട്ടുപോലും പ്രസ്തുത സ്ഥാപനം യാഥാർത്ഥ്യമാക്കാനാവാതെ പോയതെന്തുകൊണ്ടാണ്;

(ഡി) തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനായി പദ്ധതി ഇനത്തിൽ വകയിരുത്തിയ തുകയിൽ ചെലവഴിച്ചതും ശേഷിക്കുന്നതുമായ തുക

എത്ര; വകയിരുത്തിയ തുകയിൽ മൂന്നിലൊന്നു മാത്രം ചെലവഴിക്കാനിടയായത് എന്തുകൊണ്ട്; വ്യക്തമാക്കാമോ.?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് അർബുദരോഗചികിത്സയ്ക്ക് വിദഗ്ദ്ധ ചികിത്സാ സംവിധാനങ്ങൾ നിലവിലുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, തലശ്ശേരി മലബാർ സെന്റർ എന്നിവ അത്യന്താധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെറിഷ്യറി ക്യാൻസർ കെയർ സെന്റർ കേന്ദ്ര സഹായത്തോടെ ആരംഭിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. എറണാകുളം ജില്ലാ ആശുപത്രിയിലും ക്യാൻസർ ചികിത്സാ സൗകര്യം ലഭ്യമാണ്. സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം ആർ.സി.സി.-ക്ക് പദ്ധതി-പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയ ഫണ്ട് മുഴുവനായും വിനിയോഗിച്ചിട്ടില്ല.

പദ്ധതിയേതര ഇനത്തിൽ അനുവദിച്ച 4529.74 ലക്ഷം രൂപയിൽ 3020 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതിയിനത്തിൽ അനുവദിച്ച 3850 ലക്ഷം രൂപയിൽ 101 ലക്ഷം രൂപ ചെലവഴിച്ചു. മുഴുവൻ തുകയും ഈ സാമ്പത്തികവർഷം തന്നെ ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പദ്ധതിയിനത്തിൽ അനുവദിച്ച തുക പണി പൂർത്തിയാകാറായിരിക്കുന്ന കെട്ടിടത്തിൽ സ്ഥാപിക്കുന്നതിനുള്ള ചികിത്സാ ഉപകരണങ്ങൾക്കുകൂടി വേണ്ടിയുള്ളതാണ്. കെട്ടിടം പണി പൂർത്തിയാകാത്തതിനാലാണ് ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതെ പോയത്.

സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച് ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ സഹായത്തോടുകൂടി ക്യാൻസർ ചികിത്സാ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇതിൽ ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകൾക്ക്

കേന്ദ്രാവിഷ്കരണ പദ്ധതിയായ NPCDCS-ന്റെ സാമ്പത്തിക സഹായവും ലഭിച്ചിട്ടുണ്ട്. ഇതിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ക്യാൻസർ നിർണ്ണയവും ചികിത്സയും നടന്നുവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെറിഷറി ക്യാൻസർ കെയർ സെന്റർ കേന്ദ്ര സഹായത്തോടെ ആരംഭിക്കാനുള്ള നടപടി പുരോഗമിച്ചു വരുന്നു. കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിലും ടെറിഷ്യറി ക്യാൻസർ കെയർ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ ഒരു ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KC&RC) സ്ഥാപിക്കാൻ സർക്കാർ നയപരമായി തീരുമാനമെടുക്കുകയും അതിൻപ്രകാരം 3-2-2014-ൽ പ്രസ്തുത സെന്റർ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ പ്രാഥമിക ഉത്തരവ് നൽകുകയും ചെയ്തു. അതനുസരിച്ച് 300 കിടക്കകളോടുകൂടിയ ക്യാൻസർ ആശുപത്രിയും റിസർച്ച് സെന്ററും പ്രവർത്തനസജ്ജമാകുവാൻ താമസം നേരിടുമെന്നതിനാലും അടിയന്തരമായി ഒരു ക്യാൻസർ ആശുപത്രി വേണമെന്ന എറണാകുളത്തെ ജനതയുടെ ആവശ്യം പരിഗണിച്ചും പ്രസ്തുത പ്രോജക്ട് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ കാര്യത്തിലെന്നപോലെ ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ 2015-ൽ തീരുമാനിക്കുകയുണ്ടായി. 4-9-15-ലെ ജി.ഒ. (എം.എസ്)192/2015/ ആ.കു.വ പ്രകാരം ഒന്നാംഘട്ടമായി OP ഡിപ്പാർട്ടുമെന്റും രണ്ടാം ഘട്ടത്തിൽ 150 കിടക്കകളോടുകൂടിയ ആശുപത്രിയും മൂന്നാം ഘട്ടത്തിൽ വീണ്ടും 150 കിടക്കകളോടുകൂടിയ ആശുപത്രിയും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

പ്രാഥമിക ഘട്ടം എന്ന നിലയിൽ എറണാകുളം മെഡിക്കൽ കോളേജിന്റെ പേവാർഡ് ബ്ലോക്കിനോട് ചേർന്ന സെൻട്രൽ ബ്ളോക്ക് കെട്ടിടം OP ഡിപ്പാർട്ട്മെന്റ് തുടങ്ങുന്നതിനായി കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന് (KC&RC) വിട്ടുനൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി PWD-യെ ചുമതലപ്പെടുത്തുകയും ചെയ്തു. കൊച്ചി ക്യാൻസർ &റിസർച്ച് സെന്ററിന്റെ (KC&RC) പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപ അനുവദിക്കുകയും മാറ്റുന്നതിന് 22-1-2016-ലെ ജി.ഒ.(ആർ.റ്റി.)നം.229/2016/

ആ.കു.വ.പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 27-1-2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 289/2016/ആ.കു.വ. പ്രകാരം ഒരു കോടി മുപ്പതിനായിരം രൂപയ്ക്ക് ഉപകരണങ്ങൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 19-1-2016-ൽ കൂടിയ കൊച്ചി ക്യാൻസർ & റിസർച്ച് സെന്റർ സൊസൈറ്റിയുടെ (KC&RC) ഭരണസമിതിയോഗം ഒ.പി. ഡിപ്പാർട്ട്മെന്റ് അടിയന്തരമായി തുടങ്ങുന്നതിന് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ ക്യാൻസർ സെന്റർ (RCC) ആയാലും മറ്റ് മേജർ ആശുപത്രികളായാലും ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഇന്നത്തെ നിലയിൽ പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമായിട്ടുള്ളത്. ആ രീതിയിൽ ഘട്ടംഘട്ടമായി മാത്രമേ കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററും (KCRC) പൂർണ്ണതോതിലുള്ള ഒരു ക്യാൻസർ സെന്ററായി ഉയർത്താൻ സാധിക്കുകയുള്ളൂ.

(ഡി) തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* മലബാർ ക്യാൻസർ സെന്റർ വിനിയോഗിക്കാത്ത ഫണ്ടിൽ ഭൂരിഭാഗവും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ളതാണ്. ന്യൂക്ലിയർ മെഡിസിൻ കെട്ടിട നിർമ്മാണം, നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണം, രണ്ടാമത് ലിനാക് വാങ്ങുന്നതിലേക്കും സ്ഥാപിക്കാനുള്ള കെട്ടിട നിർമ്മാണത്തിനും വകയിരുത്തിയ തുക ചെലവാകാത്തതാണ് ചെലവു കുറയുന്നതായി കാണുന്നത്. കെട്ടിട നിർമ്മാണ പ്രവൃത്തികൾ എച്ച്.എൽ.എൽ-നെ ഏൽപ്പിച്ചിരുന്നെങ്കിലും അവർ കൃത്യമായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ എച്ച്.എൽ.എൽ-മായുള്ള കരാർ റദ്ദാക്കുകയും നിർമ്മാണ പ്രവൃത്തികൾക്കുള്ള കരാർ കോഴിക്കോട് ഊരാളുങ്കൽ ലേബർ കോർപ്പറേഷനെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ കാലതാമസം കൊണ്ടാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തത്.

**ദേശീയ ജലപാത നവീകരണം**

7 (*217) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പാത വൃത്തിയാക്കി ജലഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ദേശീയ ജലപാത നവീകരിച്ച്, ഇരു കരകളിലും പുഷ്പ-ഔഷധച്ചെടികൾ വച്ചുപിടിപ്പിച്ചും, സൗന്ദര്യവത്കരിച്ചും, ഇരിപ്പിടങ്ങൾ, ലഘുഭക്ഷണശാലകൾ എന്നിവ ക്രമീകരിച്ചും ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ&ബി) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ-3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഇതിന് 168 കി.മീ. ദൈർഘ്യമുണ്ട്. കൂടാതെ ചമ്പക്കരകനാൽ (14 കി.മീ), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ) ഇവയുൾപ്പെടെ 205 കി.മീ. ദൈർഘ്യമാണ് ഇതിനുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കി.മീറ്ററും ആലപ്പുഴ സീറോജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. പ്രസ്തുത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാനുള്ള നടപടികളാണ് നടന്നുവരുന്നത്. ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി Rs.1/ടൺ/കി.മീ. നിരക്കിൽ സബ്സിഡി/ ഇൻസെന്റീവ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ദേശീയ ജലപാതയിലൂടെയുള്ള ബാർജ്ജുകളുടെ നീക്കം സുഗമമാക്കുന്നതിനായി ഉദ്യോഗമണ്ഡലിലും ചവറയിലും സ്ഥിരം ബർത്തും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപയും കോവിൽതോട്ടം പാലം നിർമ്മാണത്തിന് KMML – ന്റെ വിഹിതമായ തനത് എസ്റ്റിമേറ്റിന്റെ 50% തുക, KMML-ന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സർക്കാരിലേക്ക് ഈടാക്കുന്നതാണ് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ദേശീയ ജലപാത കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ദീർഘിപ്പിക്കുന്നതിനാണ് ഇപ്പോൾ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

കോവളം-കൊല്ലം ജലപാത, സംസ്ഥാന ജലപാതയായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത ജലപാതയിൽ 13-ാം ധനകാര്യകമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയുടെ സഹായത്തോടെയുള്ള പുനരുദ്ധാരണ പ്രവൃത്തികളാണ് നടന്നുവരുന്നത്.

(സി) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി ഗതാഗതയോഗ്യമാകുന്ന മുറയ്ക്ക് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇത്തരം പദ്ധതികൾ പരിശോധിക്കാവുന്നതാണ്.

**പാറമടകളുടെ പുനരുപയോഗം**

8 (*218) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറമടകൾ ജലസംഭരണികളായി പുനരപയോഗപ്പെടുത്തുന്ന പദ്ധതികളേതെങ്കിലും പരിഗണനയിലുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരം ജല സംഭരണികളിൽ ഉണ്ടാകുന്ന അപകടങ്ങളിൽപ്പെട്ടുള്ള ജീവഹാനി ക്രമാതീതമാകുന്ന സാഹചര്യത്തിൽ അവയുടെ പുനരുപയോഗ സാധ്യതകൾ പഠിച്ച് തുടർ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ&ബി) സാധ്യത പരിശോധിക്കുന്നതാണ്.

**ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം**

9 (*219) ശ്രീ. എസ്. ശർമ്മ :

ശ്രീ. എം. എ. ബേബി :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിന് കേന്ദ്രവിഹിതം മുഴുവനായി ലഭിക്കാൻ 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനം കുടിശ്ശികയാക്കിയ

വിഹിതം അനുവദിക്കണമെന്ന സബ്ജക്റ്റ് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) സംസ്ഥാന വിഹിതം കുടിശ്ശികയാക്കിയത് മിഷൻ നടപ്പാക്കുന്ന വിവിധ പരിപാടികളെ എങ്ങനെ ബാധിച്ചുവെന്ന് വിശദീകരിക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന വിഹിതം ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്ക് കൈമാറുന്നതിനുണ്ടാകുന്ന കാലതാമസം കാരണം പല പദ്ധതികളും സമയ ബന്ധിതമായി നടപ്പാക്കാനാവുന്നില്ലെന്ന സബ്ജക്റ്റ് കമ്മിറ്റി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്;

(ഡി) ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിനു ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്ന് തിട്ടമില്ലാത്ത അവസ്ഥയിൽ വിവിധ പരിപാടികൾ ഫലപ്രദമായി എങ്ങനെ നടപ്പാക്കുമെന്ന് അറിയിക്കാമോ; പരിപാടികൾ അനവധാനതയോടെ നടപ്പാക്കുന്നതാണ് ആദിവാസി മേഖലയിൽ ശിശുമരണം ഉൾപ്പെടെയുള്ള സംഭവങ്ങൾക്കും വിവിധ തലങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ശോചനീയ സ്ഥിതിക്കും കാരണമാകുന്നതെന്ന ആക്ഷേപം സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>):

(എ) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനം കുടിശ്ശികയാക്കിയ വിഹിതവും കൂടാതെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ച 120 കോടി രൂപയും ചേർത്ത് എൻ.എച്ച്.എം. അപേക്ഷ സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിനെത്തുടർന്ന് 2015-16 വർഷത്തെ സംസ്ഥാന വിഹിതമായി 70 കോടി രൂപ സംസ്ഥാന സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

(ബി) മിഷൻ നടത്തിപ്പിന് കേന്ദ്രം അംഗീകരിക്കുന്നതിന്റെ 75 ശതമാനം വിഹിതം മാത്രമാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കാറുള്ളത്. ഇതിൽ അവസാന ഗഡു ഓഡിറ്റ് റിപ്പോർട്ടിന്റെയും സംസ്ഥാന വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ചും മറ്റു ചില മാനദണ്ഡങ്ങൾക്കനുസരിച്ചുമാണ് അനുവദിക്കാറുള്ളത്. ഇതിൻപ്രകാരം കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ള സംസ്ഥാന വിഹിതം മുഴുവൻ ലഭിക്കാത്തത് കാരണം കേന്ദ്ര സഹായത്തിൽ കുറവുവരാറുണ്ട്. ഇതുകൊണ്ട് ചില ജനോപകാര പദ്ധതികളായ ജെ.എസ്.വൈ, ജെ.എസ്.എസ്.കെ, ആർ.ബി.എസ്.കെ എന്നീ പദ്ധതികളുടെ പേയ്മെന്റിന് താമസം വരികയോ കുടിശ്ശിക വരികയോ ചെയ്യാറുണ്ട്. ശമ്പളം, ആശമാരുടെ ഇൻസെന്റീവ് എന്നിവയും കുടിശ്ശിക വരാറുണ്ട്.

ഇത് യഥാസമയം ഫണ്ട് വരുന്ന മുറയ്ക്ക് കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ പേരിൽ ധനവകുപ്പ് നിർദ്ദേശിച്ച പ്രകാരം ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഇതിൻ പ്രകാരം ഫണ്ടുകൾ Ways and Means -ന്റെ ക്ലിയറൻസ് നടപടികൾ ഇല്ലാതെ സൊസൈറ്റിക്ക് ലഭിക്കുന്നുണ്ട്.

(ഡി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് ലഭിച്ച ഫണ്ടിനെക്കുറിച്ച് വ്യക്തമായ രേഖകൾ ഉണ്ട്. ആദിവാസി മേഖലയിൽ ശിശുമരണം ഉൾപ്പെടെയുള്ള സംഭവങ്ങൾ തടയുന്നതിന് ദേശീയ ആരോഗ്യ ദൗത്യം ആരോഗ്യ വകുപ്പുമായി സംയോജിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

**ആശുപത്രി ഉപകരണങ്ങൾക്ക് ക്ഷാമം**

10 (*220) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. കെ.രാജു</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ സ്ട്രെക്ചർ, വീൽചെയർ. ഡ്രിപ്പ് സ്റ്റാന്റ്, ബെഡ് തുടങ്ങിയവയ്ക്ക് ക്ഷാമം നേരിടുന്നുണ്ടോ, ഉണ്ടെങ്കിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഇത്തരത്തിൽ ക്ഷാമം നേരിടുന്ന ആശുപത്രികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആശുപത്രി ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ പ്രദമാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) മെഡിക്കൽ കേളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ അത്യാഹിത വിഭാഗങ്ങളിൽ ഇത്തരത്തിൽ ഉപകരണങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>):

(എ) തിരുവനന്തപുരം, കോഴിക്കോട്, മഞ്ചേരി, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ സ്ട്രെക്ചർ, വീൽചെയർ, ഡ്രിപ്പ് സ്റ്റാന്റ്, ബെഡ് തുടങ്ങിയവയ്ക്ക് ക്ഷാമം നേരിടുന്നില്ല. എന്നാൽ കോട്ടയം മെഡിക്കൽ കോളേജിലും അനുബന്ധ ആശുപത്രികളിലും

രോഗികളുടെ ബാഹുല്യത്തിനനുസരിച്ച് ഇവ ലഭ്യമാക്കാൻ സാധിക്കുന്നില്ല.

(ബി) ഉണ്ട്. മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ളവർക്ക് ഷോപ്പുകളിൽ ആശുപത്രി ഉപകരണങ്ങൾ നന്നാക്കിവരുന്നു. കൂടാതെ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റും അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്.

(സി) ഇത്തരം ഉപകരണങ്ങളുടെ ക്ഷാമം അത്യാഹിത വിഭാഗത്തിൽ അനുഭവപ്പെടുന്നതായി പരാതി ലഭിച്ചിട്ടില്ല. HDC മുഖേനയും, സന്നദ്ധ സംഘടനകൾ വഴിയും അവശ്യ ഉപകരണങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വാങ്ങാറുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തൊഴിൽ നൈപുണ്യ**

**വികസന കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

11 (*221) ഡോ. കെ. ടി. ജലീൽ :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കുമെന്ന പദ്ധതി സാക്ഷാത്ക്കരിച്ചിട്ടുണ്ടോ;

(ബി) എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രസ്തുത പദ്ധതി പ്രകാരം നൈപുണ്യ വികസന കേന്ദ്രങ്ങളായെന്നും അതുവഴി തൊഴിലന്വേഷകർക്കുണ്ടായ നേട്ടങ്ങളെന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) ഇതിനായി തൊഴിൽ വകുപ്പ് എത്ര തുക നാളിതുവരെ ചെലവഴിച്ചെന്നും അതുവഴിയുണ്ടാക്കാൻ സാധിച്ച ഭൗതിക നേട്ടങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ; പ്രസ്തുത പദ്ധതി സാക്ഷാത്ക്കരിയ്ക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, (എ) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റുക എന്ന പദ്ധതി എംപ്ലോയബിലിറ്റി സെന്റർ എന്ന പേരിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം കൊല്ലം, കോട്ടയം, എറണാകുളം കോഴിക്കോട്,

കണ്ണൂർ, പാലക്കാട് എന്നീ ആറ് ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പൂർണ്ണമായും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തനസജ്ജമായിട്ടുണ്ട്. മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ ആശയവിനിമയശേഷി, തൊഴിൽ നിപുണത തുടങ്ങിയവ വിവിധ അസ്സെസ്സ്മെന്റ് ടൂളുകളുപയോഗിച്ച് കണ്ടെത്തി ടെക്നിക്കൽ സ്കിൽസിൽ പരിശീലനം ആവശ്യമുള്ളപക്ഷം ഐ.റ്റി.ഐ.-കൾ ഉൾപ്പെടെയുള്ള അംഗീകൃത പരിശീലന കേന്ദ്രങ്ങളിലൂടെയും സോഫ്റ്റ് സ്കിൽ പരിശീലനം എംപ്ലോയബിലിറ്റി സെന്ററുകളിലൂടെയും നൽകി അവരെ തൊഴിലിന് പ്രാപ്തരാക്കുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിൽ ദാതാക്കളുടെ ആവശ്യത്തിനനുസരിച്ച് നേരിട്ടും എംപ്ലോയബിലിറ്റി സെന്ററുകൾക്കുള്ളിലും പുറത്തുമായി നടത്തുന്ന വിവിധ ജോബ് മേളകളിലൂടെയും മേൽപ്പറഞ്ഞവിധം പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികളെ രാജ്യത്തിനകത്തും പുറത്തുമുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുന്നു.

(സി) 2012-13 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതിക്കായി ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു*.

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിന് നിലവിലുള്ള ഭൗതിക സാഹചര്യം അപര്യാപ്തമായതിനാൽ ആയത് പൂർണ്ണമായും മാറ്റി ഹൈടെക് ഓഫീസ് സംവിധാനം ചെയ്യേണ്ടതുണ്ട്. അതുപ്രകാരം നിലവിലെ 7 എംപ്ലോയബിലിറ്റി സെന്ററുകളും പൂർണ്ണമായും ഹൈടെക് ഓഫീസാക്കി മാറ്റിയിട്ടുണ്ട്. റിസപ്ഷൻ ഹാൾ, വെയിറ്റിംഗ് ഹാൾ, അസ്സെസ്സ്മെന്റ് കം കൗൺസിലിംഗ് റൂം, ട്രെയിനിംഗ് ഹാൾ, കമ്പ്യൂട്ടർ ട്രെയിനിംഗ് ഹാൾ, കോൺഫറൻസ് ഹാൾ, ഹൈ സാനിറ്റേഷൻ ഫെസിലിറ്റീസ്, സൈനേജ് ബോർഡ് എന്നീ സംവിധാനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഓരോ സെന്ററിലും ട്രെയിനിംഗിനായി 30 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

**കൊക്കകോള ദുരിതബാധിതർ**

12 (*222) <u>ശ്രീ. എം. ഹംസ</u> :

<u>ശ്രീ. എ. കെ. ബാലൻ</u> :

<u>ശ്രീമതി കെ. എസ്. സലീഖ</u> :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബില്ലിന് കേന്ദ്രാനുമതി വാങ്ങാൻ, കഴിഞ്ഞ അഞ്ചുവർഷമായിട്ടും സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(ബി) കേന്ദ്രത്തിലെ മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ട്രിബ്യൂണൽ രൂപീകരണ നിയമത്തിന് അംഗീകാരം നേടിയെടുക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ബിൽ രാഷ്ട്രപതി അംഗീകാരം നൽകാതെ മടക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ് ;

(ഡി) ദുരിതബാധിതർക്ക് നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കാനായി എന്തുചെയ്യാൻ ഉദ്ദേശിക്കുന്നു ;

(ഇ) രാഷ്ട്രപതി ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് ബിൽ ഉടൻ പാസ്സാക്കാൻ തയ്യാറാകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ-സി) കേരള നിയമസഭ പാസ്സാക്കിയ 'പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011', ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണർ 29-3-2011-ൽ ബഹു.രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിൽ വിഭാവന ചെയ്തിട്ടുള്ള നിയമവുമായി പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയയ്ക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 19-9-2015-ൽ വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. ഇക്കാര്യം സർക്കാർ നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി&ഇ) പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തുമാർഗ്ഗം സ്വീകരിക്കാമെന്ന് സർക്കാർ നിയമവിദഗ്ധരുമായി കൂടി ആലോചിച്ചുവരികയാണ്.

**പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ**

13 (*223) ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മുപ്പതു വർഷം കൂടുമ്പോഴും അതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുന:പരിശോധിക്കാവുന്നതാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യാൻ നടപടി സ്വീകരിച്ചിരുന്നുവോ;

(ബി) ചാലക്കുടി പുഴയിലും ഭാരതപ്പുഴയിലും നീരൊഴുക്കു കുറഞ്ഞതിന്റെ കാരണമായും പാലക്കാട് ജില്ലയിലെ വരൾച്ചക്ക് കാരണമായും ഈ പദ്ധതിയെ വിലയിരുത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കരാർ പുനരവലോകനം നടത്തി ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ നടപടി എടുക്കുമോ ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സ്വീകരിച്ചിരുന്നു. കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതല ത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്നെങ്കിലും സംയുക്ത ഗേജിംഗിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാഞ്ഞതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

(ബി) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി) നിലവിൽ വന്നതിനു ശേഷം ഭാരതപ്പുഴയുടെ പോഷകനദിയായ ചിറ്റൂർ പുഴയിലും ചാലക്കുടി പുഴയിലും സ്വാഭാവികമായി ലഭിച്ചുവന്ന നീരൊഴുക്കിൽ കുറവുണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. എന്നാൽ ഈ പദ്ധതി നിലവിൽ വന്നശേഷം വർഷം മുഴുവനും വേനൽക്കാലത്ത് ഉൾപ്പെടെ ഈ നദികളിൽ നിയന്ത്രിതമായ അളവിലാണെങ്കിൽ പ്പോലും നീരൊഴുക്ക് ലഭ്യമാണ്. പി. എ. പി. കരാർ പ്രകാരം കേരളത്തിന് ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി. ജലവും, ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ജലവും ലഭ്യമാക്കേണ്ടതാണ്.

പി.എ.പി. കരാർ പ്രകാരമുള്ള ജലം മണക്കടവ് വിയറിലും കേരള ഷോളയാറിലും ലഭിക്കാത്ത വർഷങ്ങളിൽ യഥാക്രമം പാലക്കാട് ജില്ലയിലെ ചിറ്റൂർപുഴ പദ്ധതി പ്രദേശത്തും ചാലക്കുടിപുഴ പ്രദേശത്തും ജലദൗർലഭ്യവും വരൾച്ചയും അനുഭവപ്പെടാറുണ്ടെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തമിഴ്നാടുമായി നടത്തിയിട്ടുള്ള നിരവധി കരാർ പുനരവലോകന ചർച്ചകളിൽ, പി.എ.പി.-യുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ചർച്ചകൾ തുടർന്നും നടത്തി കേരളത്തിന് മെച്ചപ്പെട്ട ജലവിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം യാഥാർത്ഥ്യമാക്കാൻ വേണ്ട നടപടികൾ തുടർന്നും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റേയും കേരള ജനതയുടേയും താല്പര്യം സംരക്ഷിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**ചികിത്സാരീതികളുടെ ഏകോപനം**

14 (*224) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ പഞ്ചായത്തുകളിലും ത്രിതല ചികിത്സാ സമ്പ്രദായം ഏർപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആയുഷ് പദ്ധതിയിൽ പാരമ്പര്യ പിൻബലത്തോടൊപ്പം ശാസ്ത്രീയ പിൻബലവുമുള്ള സിദ്ധ പോലുള്ള ചികിത്സാരീതികളെ അവഗണിക്കുന്നു എന്ന ആക്ഷേപം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മോഡേൺ മെഡിസിന്റെയും, സ്വകാര്യ ആശുപത്രികളുടെയും അമിത പ്രചാരണങ്ങളിൽപ്പെട്ട്, ചെലവു കുറഞ്ഞ ഫലപ്രദമായ മറ്റു ചികിത്സാരീതികളെ ആശ്രയിക്കാൻ ബി.പി.എൽ.-കാർ പോലും മടിക്കുന്ന സ്ഥിതിവിശേഷം നേരിടാൻ എല്ലാ വിഭാഗം ചികിത്സാരീതികളും തുല്യ രീതിയിൽ ജനങ്ങളിൽ എത്തിക്കാൻ മതിയായ സൗകര്യവും, അവസരങ്ങളും ഒരുക്കുമോ; വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്.

ശിവകുമാർ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ പഞ്ചായത്തുകളിലും ത്രിതല സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം.-ന് കീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയുർവ്വേദ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും ആരംഭിക്കുകയുണ്ടായി.

(ബി) 2016-17 സാമ്പത്തികവർഷം 8 ജില്ലാ ആയുർവ്വേദ ആശുപത്രികളിൽ താൽക്കാലിക സിദ്ധ യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയ സിദ്ധ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുവേണ്ടി ലഭിച്ച 28 പഞ്ചായത്തുകളുടെ തീരുമാനങ്ങൾ ചേർത്ത പ്രൊപ്പോസലിൽ (എ 1/251/2015-ആയുഷ് നമ്പർ ഫയലിൽ) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ വിഭാഗം ചികിത്സാ രീതികളെയും ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം.-ന് കീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയുർവ്വേദ ഡിസ്പെൻസറികളും28 സിദ്ധ ഡിസ്പെൻറികളും ആരംഭിക്കുകയുണ്ടായി. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ജനങ്ങൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം സൗജന്യമായി നൽകിവരുന്നു.

**അഡ്വഞ്ചർ ടൂറിസം**

15 (*225) ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വൈഞ്ചർ ടൂറിസം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) കേരളത്തിൽ സുസ്ഥിര സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പിൽ, മുഴപ്പിലങ്ങാട്, വാഗമൺ എന്നീ സ്ഥലങ്ങളെ പ്രധാന സാഹസിക വിനോദ സഞ്ചാര കേന്ദ്രങ്ങളായി ഉയർത്തുന്നതിന് വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും

സ്ഥലലഭ്യതയ്ക്കനുസരിച്ച് അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നീ സ്ഥലങ്ങൾ അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ സാഹസിക വിനോദസഞ്ചാരത്തിന്റെ അനന്ത സാധ്യതകൾ അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ അന്തർദേശീയ സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇന്റർനാഷണൽ മൗണ്ടൻ ബൈക്ക് ചലഞ്ച് MTB Kerala Second Edition-2014 ഫെബ്രുവരിയിൽ കല്പറ്റയിലും അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ 2014 ജൂലൈയിൽ കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും വിജയകരമായി നടപ്പാക്കുവാൻ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിക്ക് കഴിഞ്ഞു. കൂടാതെ 2015 ഫെബ്രുവരിയിൽ ഇടുക്കിയിലെ വാഗമണ്ണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലും സംഘടിപ്പിക്കുകയുണ്ടായി. ഇതിലുപരി, കടലിനടിയിലെ സാഹസികത ആഗ്രഹിക്കുന്നവർക്കായി സ്കൂബ ഡൈവിംഗ് കോവളത്ത് നടത്തിവരുന്നു. മൂന്നാമത് അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് മത്സരം തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ 2016 ഫെബ്രുവരി 15, 16 തീയതികളിൽ നടന്നു.

(ബി) പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതിയുടെ അനന്തസാധ്യതകൾ മനസ്സിലാക്കി കേരളത്തെ ഒരു സുസ്ഥിര സാഹസിക വിനോദസഞ്ചാര മേഖലയായി ഉയർത്തുക എന്നതാണ് പ്രധാന ഉദ്ദേശലക്ഷ്യം.

(സി) കേരളത്തിൽ സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പിനുകീഴിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഓരോ ഉത്സവ, മത്സരാവസരങ്ങളിലും സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്.

**സംസ്ഥാനത്തെ കുടിവെള്ള വിതരണം**

16 (*226) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത മൺസൂൺ ആരംഭിക്കും വരെയും സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന് ആവശ്യമായത്ര വെള്ളം സംഭരണികളിലുണ്ടോ എന്ന കാര്യം

പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ശരാശരി ഉപഭോഗവും സംഭരണികളിലെ ജലശേഖരവും സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) കാലവർഷത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾമൂലം കുടിവെള്ള ലഭ്യതയിലുണ്ടാകുന്ന വ്യതിയാനം വിതരണത്തെ ബാധിക്കാതിരിക്കാൻ എന്തൊക്കെ മുൻ കരുതൽ നടപടികൾ സ്വീകരിക്കാറുണ്ടെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലെയും ശരാശരി പ്രതിദിന ഉപഭോഗം 330 ദശലക്ഷം ലിറ്ററാണ്. തിരുവനന്തപുരം നഗരത്തിലേക്ക് 117 ദിവസത്തേക്ക് ആവശ്യമായ ജലം ഇപ്പോൾ പേപ്പാറ ജലസംഭരണിയിൽ ലഭ്യമാണ്.

കൊല്ലം സർക്കിളിന് കീഴിലുള്ള വിവിധ പദ്ധതികളിൽ നിന്നുള്ള ശരാശരി പ്രതിദിന ഉപഭോഗം 221.30 ദശലക്ഷം ലിറ്ററാണ്. കൊല്ലം കോർപ്പറേഷനിലേക്കും ചവറ, പന്മന, ശൂരനാട് തെക്ക്, പടിഞ്ഞാറെ കല്ലട, നീണ്ടകര, തേവലക്കര, തെക്കുംഭാഗം എന്നീ പഞ്ചായത്തുകളിലേക്കുള്ള പ്രധാന സ്രോതസ്സായ ശാസ്താംകോട്ട തടാകത്തിൽ ഏകദേശം 70 ലക്ഷം ക്യൂബിക് മീറ്റർ ജലശേഖരം ഉണ്ട്. കുഴൽക്കിണറുകളും നദികളും മറ്റു സ്രോതസ്സായിട്ടുള്ള പദ്ധതികളിലെ ജലശേഖരം കൃത്യമായി കണക്കാക്കിയിട്ടില്ല. കോട്ടയം സർക്കിളിന് കീഴിൽ റിസർവ്വോയർ ഉറവിടമായിട്ടുള്ള പദ്ധതികൾ ഒന്നുമില്ല.

തൃശ്ശൂരിനും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ജലസ്രോതസ്സായ പീച്ചി ജലസംഭരണിയിൽ നിന്നും പ്രതിദിനം 50.5 എം.എൽ.ഡി. ജലം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്തുവരുന്നു. ഇപ്പോൾ പീച്ചി ജലസംഭരണിയിൽ 40.64 മില്യൺ മീറ്റർ ക്യൂബ് സ്റ്റോറേജ് ഉണ്ട്.

കണ്ണൂർ സർക്കിളിന് കീഴിൽ കൃഷി ആവശ്യങ്ങൾക്ക് കൂടി വിഭാവന ചെയ്ത ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള പഴശ്ശി ജലസംഭരണിയിൽ നിന്നുമാണ് കുടിവെള്ള പദ്ധതികൾക്ക് ദിനംപ്രതി 100 എം.എൽ.ഡി. ജലം ആവശ്യമായി

വരുന്നത്. ഇത്ര അളവ് സംഭരണിയിൽ ഉണ്ടാകുന്നതായിരിക്കും. മലപ്പുറം ജില്ലയിൽ എല്ലാ വർഷത്തെയും പോലെ താൽക്കാലിക തടയണകൾ സ്ഥാപിച്ചുകൊണ്ട് മൺസൂൺ വരെ വിതരണം ചെയ്യുന്നതിന് പര്യാപ്തമായ ജലം സംഭരിച്ച് നിർത്തിയിട്ടുണ്ട്. കോഴിക്കോട് പെരുവണ്ണാമൂഴി ജലസംഭരണിയിലെ ജലശേഖരം 70 മില്യൺ ക്യൂബിക് മീറ്ററാണ്. ഈ സ്രോതസ്സിൽ നിന്നുള്ള ഉപഭോഗം 45 മില്യൺ ലിറ്ററാണ്. ഇത് മൺസൂൺ വരെ സംരക്ഷിച്ച് ഉപയോഗ യോഗ്യമാക്കുന്നതാണ്.

പാലക്കാട് ജില്ലയിൽ കുടിവെള്ള വിതരണത്തിന് ആവശ്യമായ ജലം സംഭരണികളിൽ നിലനിർത്തുവാൻ ജലസേചന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജലസേചന വകുപ്പ് ആവശ്യമായ ജലം സംഭരണികളിൽ നിലനിർത്തിയിട്ടുണ്ട്. മറ്റ് ജലസ്രോതസ്സുകളെ കൂടാതെ 4 ജലസംഭരണികളെ (ഡാം) കുടിവെള്ള പദ്ധതിക്കായി ആശ്രയിക്കുന്നുണ്ട്.

1. മലമ്പുഴ ഡാമിൽനിന്ന് 4 മാസത്തേക്ക് -5 മില്യൺ മീറ്റർ ക്യൂബും;

2. മീങ്കര ഡാമിൽ നിന്ന് - 0.324 മില്യൺ മീറ്റർ ക്യൂബും.

3. പോത്തുണ്ടി ഡാമിൽ നിന്ന് - 0.324 മില്യൺ മീറ്റർ ക്യൂബും.

4. കാഞ്ഞിരപ്പുഴ ഡാമിൽ നിന്ന് -0.84 മില്യൺ മീറ്റർ ക്യൂബും കുടിവെള്ള വിതരണത്തിനായി ആവശ്യമായി വരും. സംഭരണികളിലെ ജലശേഖരം തൃപ്തികരമാകുമെന്നാണ് നിലവിലുള്ള വിലയിരുത്തൽ.

(സി) കാലവർഷത്തിലുണ്ടാകുന്ന ഏറ്റക്കുറിച്ചിലുകൾ മൂലം കുടിവെള്ള ലഭ്യതയിലുണ്ടാകുന്ന വ്യതിയാനം വിതരണത്തെ ബാധിക്കാതിരിക്കാൻ ജലനിധി പദ്ധതിയിൽ രണ്ടാം ഘട്ടത്തിലെ പഞ്ചായത്ത് തല ഭൂജല സംവർദ്ധന പ്രവർത്തനത്തിന്റെ ഭാഗമായി മേൽക്കൂര വഴിയുള്ള മഴവെള്ള സംഭരണം (കിണറുകളിലേക്ക്), തടയണകൾ, ഭൂഗർഭ തടയണകൾ, മഴക്കുഴികൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും കേരള വാട്ടർ അതോറിറ്റി കുടിവെള്ള സ്രോതസ്സുകൾ വിപുലീകരിച്ചും, താത്കാലിക തടയണകളോ സ്ഥിരം തടയണകളോ നിർമ്മിച്ചും ലൈനുകളിലെ വാൽവുകൾ ക്രമീകരിച്ചും മുൻകരുതലുകൾ സ്വീകരിക്കാറുണ്ട്. കൂടാതെ പൈപ്പ് ലൈനുകളിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി ലീക്കേജുകൾ പരിഹരിച്ച് ജലനഷ്ടം ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കാൻ ശ്രമിക്കാറുണ്ട്.

**കീടനാശിനി പ്രയോഗം**

17 (*227) ശ്രീ. വി. ശശി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം ഉൾപ്പടെയുള്ള മേഖലകളിലെ വ്യാപകമായ കീടനാശിനി പ്രയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കീടനാശിനി പ്രയോഗം കൂടുതലുള്ള മേഖലകളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിൽ രോഗങ്ങൾ വ്യാപകമാകുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഇത്തരം പ്രദേശങ്ങളിൽ സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിനുള്ള ബോധവത്ക്കരണവും മറ്റു നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് കൃഷി വകുപ്പ് പ്രത്യേകമായി പഠനം നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യവകുപ്പ് പഠനം നടത്തിയിട്ടുണ്ട്. രോഗങ്ങൾ കീടനാശിനി മൂലമാണെന്ന് ടി പഠനത്തിൽ സ്ഥിരീകരിച്ചിട്ടില്ല.

(സി) കാസർഗോഡ്, പാലക്കാട് ജില്ലകളിൽ പഠനങ്ങൾ നടത്തിയ ആരോഗ്യവകുപ്പ് കീടനാശിനിയുടെ പ്രയോഗം കുറയ്ക്കുന്നതിനായി ബോധവത്ക്കരണ ക്യാമ്പുകൾ നടത്തുന്നുണ്ട്.

**ലബോറട്ടറി സംവിധാനം**

18 (*228) ശ്രീ. വി. ശിവൻകുട്ടി :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ സ്കാനിംഗ് ഉൾപ്പെടെ സൗജന്യ ലബോറട്ടറി സംവിധാനം ഒരുക്കുമെന്ന പ്രഖ്യാപനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ;

(ബി) സ്വകാര്യലാബുകളുടെ താല്പര്യാനുസൃതമാണ് പി.എച്ച്.സി.കൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറി സംവിധാനം ഒരുക്കാത്തതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; പാവപ്പെട്ട രോഗികളെ സ്വകാര്യ ലാബുകൾ ചൂഷണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ആരോഗ്യവകുപ്പിനു കീഴിലുള്ള സർക്കാർ ആശുപത്രിയിൽ ലബോറട്ടറി സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. ലബോറട്ടറി സംവിധാനം നിലവിലില്ലാത്ത സി.എച്ച്.സി., പി.എച്ച്.സി എന്നിവിടങ്ങളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. വഴി തുടങ്ങിയിട്ടുണ്ട്. ലബോറട്ടറി സംവിധാനം നിലവിലില്ലാത്ത ആശുപത്രികളിൽ മാനേജ്മെന്റ് വഴിയും ഇത്തരം സംവിധാനം നടത്തിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള സ്റ്റേറ്റ് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് വഴിയും ആശുപത്രികളിൽ എത്തുന്ന രോഗികൾക്കുവേണ്ടിയും ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. അൾട്രാ സൗണ്ട് സ്കാനിംഗ്, സി.റ്റി. സ്കാനിംഗ് തുടങ്ങിയവ ഓരോ വർഷത്തെയും ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തിവരുന്നുണ്ട്. നിലവിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലെ സ്കാനിംഗ് യൂണിറ്റുകളും ലബോറട്ടറി സംവിധാനവും പ്രവർത്തനക്ഷമമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് ആർ.എസ്.ബി.വൈ/കാരുണ്യ/ജെ.എസ്.വൈ., ജെ.എസ്.എസ്.കെ സമഗ്ര ആദിവാസി ആരോഗ്യ പദ്ധതി തുടങ്ങിയവ പ്രകാരം സൗജന്യമായി രോഗനിർണ്ണയം നടത്തിവരുന്നു.

(ബി) ലബോറട്ടറികൾ ഇല്ലാത്ത പി.എച്ച്.സി., സി.എച്ച്.സി.-കളിലും

ഘട്ടംഘട്ടമായി ഇത് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എൻ.എച്ച്.എം. വഴി നടന്നുവരുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക ആരോഗ്യ/ സാമൂഹിക കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കേരളജനതയ്ക്ക് കുറഞ്ഞ ചെലവിൽ കുറ്റമറ്റ രോഗനിർണ്ണയം പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ 171 പ്രാഥമിക/സാമൂഹിക ആരോഗ്യകേന്ദങ്ങളിലെ ലാബുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെ നിയന്ത്രണം രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2013-ലെ കരട് ബിൽ നമ്പർ 230 ആയി നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുതബില്ലിൽ നിയമനിർമ്മാണം ഉണ്ടാകുന്നതോടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്.

### നോക്കുകൂലി വിമുക്ത ജില്ലകൾ

19 (*229) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളെയും നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) എല്ലാ ജില്ലകളെയും നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി

സ്വീകരിക്കുകയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നു വരികയാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനമൊട്ടാകെയുള്ള നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

(സി) നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലകളിലെ പ്രധാന കവലകളിൽ റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് ഏകീകൃത കയറ്റിറക്ക് കൂലി പ്രസിദ്ധപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കൂലി മനസ്സിലാക്കി തൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് എസ്.ബി.റ്റി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. കൂടാതെ നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി 180042555214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. കോൾ സെന്റർ മുഖേന ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## റിസർവോയറിലെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതി

20 (*230) ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ റിസർവോയറിലെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ്പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) റിസർവോയറിലെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി & സി) ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി റിസർവോയറുകൾക്കുമേൽ ഫ്ലോട്ടിംഗ് പിവിപാനൽ സ്ഥാപിച്ച് സൗരോർജ്ജം പ്രയോജനപ്പെടുത്തുന്ന നൂതന ആശയം ഉൾക്കൊണ്ട് ചുള്ളിയാർ/ മീങ്കര റിസർവോയറുകളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഒരു പൈലറ്റ് പ്രോജക്ട് ആരംഭിക്കുന്നതിന് 18-4-2013 - ലെ സ.ഉ. (എം.എസ്)നം. 34/2013/ജവിവ ഉത്തരവ് പ്രകാരം ജലസേചന വകുപ്പിന് അനുമതി നൽകി. തുടർന്ന് 19-6-2013 ലെ സ.ഉ.(സാധാ) നം.706/13/ജവിവ ഉത്തരവ് പ്രകാരം ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് താല്പര്യമുള്ള ഏജൻസികളെ കണ്ടെത്തുന്നതിന് ഗ്ലോബൽ ടെണ്ടർ വിളിക്കുന്നതിനുള്ള ഭരണാനുമതി നൽകി. അതുപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് ഗ്ലോബൽ ടെണ്ടർ വിളിക്കുകയും ചെയ്തു. എന്നാൽ ടെണ്ടറിൽ പങ്കെടുക്കാൻ ആരും മുന്നോട്ട് വരാത്ത സാഹചര്യത്തിൽ കെ.ഐ.ഐ.ഡി.സി. ജർമ്മൻ സർക്കാരിന്റെ ഡെവലപ്മെന്റ് ബാങ്ക് ആയ KFW Entwicklungs Bank-മായി ബന്ധപ്പെടുകയും ജർമ്മൻ സർക്കാർ ഇന്ത്യൻ സർക്കാരുമായി ഉഭയകക്ഷി ചർച്ച നടത്തി 50 മില്ല്യൻ യൂറോ റെഡ്യൂസ്ഡ് ഇന്ററസ്റ്റ് ലോൺ കെ.ഐ.ഐ.ഡി.സി.-ക്ക് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ഈ വ്യവസ്ഥകൾ അംഗീകരിച്ചതായി കേന്ദ്രസർക്കാർ (ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ്) കെ.ഐ.ഐ.ഡി.സി.-യെ അറിയിക്കുകയും തുടർന്ന് ജർമ്മൻ സർക്കാരിന്റെ സഹായത്തോടുകൂടി ഒരു വിദേശ കൺസൾട്ടൻസി സ്ഥാപനവുമായി ചേർന്ന് പഠനങ്ങൾ നടത്തി. പ്രസ്തുത പദ്ധതിയുടെ പ്രായോഗികത ഉറപ്പാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി റിപ്പോർട്ട് ജർമ്മൻ സർക്കാരുമായി ചേർന്ന് വിദേശ വിദഗ്ധരുടേതുൾപ്പെടെയുള്ള സഹായ

സഹകരണങ്ങളോടുകൂടി തയ്യാറാക്കാനുള്ള നടപടിക്രമങ്ങൾ കെ.ഐ.ഐ.ഡി.സി. സ്വീകരിച്ചുവരുന്നു.

**തൊഴിൽ നിയമ ഭേദഗതി**

21 (*231) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എളമരം കരീം :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള തൊഴിൽ നിയമ ഭേദഗതിയിലെ വ്യവസ്ഥകളോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(ബി) ഈ നിയമഭേദഗതി തൊഴിൽ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ വിവിധ സംസ്ഥാന തൊഴിൽ സെക്രട്ടറിമാരുമായി കേന്ദ്ര ലേബർ സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലില്ലാത്ത സംസ്ഥാനങ്ങൾക്ക് വേണ്ടിയുള്ള ഒരു കരട് നിയമമാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളത്. ഇപ്പോൾ ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലുള്ള സംസ്ഥാനങ്ങൾക്ക് ഇത് ബാധകമായിരിക്കുകയില്ല എന്നതാണ് ചർച്ചയിൽ കേന്ദ്ര സർക്കാർ എടുത്തിരിക്കുന്ന നിലപാട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള നിലവിലെ ബില്ലിൽ പത്തോ അതിൽ കൂടുതലോ ജീവനക്കാർ ഉള്ള സ്ഥാപനങ്ങൾ മാത്രമേ പരിധിയിൽപ്പെടുന്നുള്ളു. ആയത് കേരളത്തിൽ പത്തിൽ താഴെ ജോലിക്കാരുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്ന് കരുതപ്പെടുന്നു. നിർദ്ദിഷ്ട ബില്ലിൽ തൊഴിലാളികൾക്ക് അനുവദിക്കുന്ന വിവിധതരം അവധി ആനുകൂല്യങ്ങളിൽ കുറവ് വരുത്തുന്നതിന് നിർദ്ദേശമുണ്ട്.

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും നിയമത്തിലെ വകുപ്പ്

18 പ്രകാരം 6 മാസമോ അതിലധികമോ സേവനകാലയളവുള്ള തൊഴിലാളിയെ വിടുതൽ ചെയ്യുന്നതിന് മുന്നോടിയായി ഒരു മാസത്തെ നോട്ടീസോ തത്തുല്യമായ വേതനമോ തൊഴിലുടമ നിർബന്ധമായും നൽകേണ്ടതാണ്. മാത്രമല്ല പിരിച്ചുവിടുന്നതിനുള്ള മതിയായ കാരണവും തൊഴിലാളിയെ അറിയിക്കേണ്ടതാണ്. കേന്ദ്ര സർക്കാർ പാർലമെന്റിൽ കൊണ്ടുവരുന്ന ഈ ബില്ലിൽ ഈ വ്യവസ്ഥ ഉൾപ്പെട്ടതായി കാണുന്നില്ല. ഇത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ദോഷകരമാണ്. സ്ത്രീ തൊഴിലാളികൾക്ക് തൊഴിലുടമ യാത്രാ സൗകര്യം ഏർപ്പെടുത്താതെ സ്ത്രീകളെ രാത്രി 7 മുതൽ രാവിലെ 6 വരെ ജോലി ചെയ്യിപ്പിക്കുവാൻ പാടില്ലായെന്ന സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് പുതിയ കേന്ദ്രബില്ലിലെ നിർദ്ദേശങ്ങൾ ആകയാൽ നിലവിലെ കേരള നിയമത്തിലെ വ്യവസ്ഥകൂടി പുതിയ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണെന്നും തൊഴിൽ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

**പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി**

22 (*232) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മുൻ കാലങ്ങളെ അപേക്ഷിച്ച് വിവിധതരം പനി- വയറിളക്ക രോഗങ്ങളും അതു മൂലമുള്ള മരണങ്ങളും വർദ്ധിച്ചുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൊതുആരോഗ്യമേഖലയിലുണ്ടായ ദൗർബല്യങ്ങൾക്ക് കാരണമെന്തെന്നും അവ പരിഹരിക്കാനായി സ്വീകരിച്ച നടപടികളെന്തെന്നും അറിയിക്കാമോ;

(സി) ആരോഗ്യ സംരക്ഷണത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കുകയും ചെലവു കുറയ്ക്കുകയും പകർച്ച വ്യാധികൾ നിയന്ത്രിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി രൂപീകരിക്കുമെന്നും അതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നുമുള്ള 2013-14 ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ഏജൻസി നിലവിൽ വന്നോ; എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇല്ലെങ്കിൽ പൊതു ആരോഗ്യ മേഖലയെ

ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) മുൻകാലങ്ങളെ അപേക്ഷിച്ച് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പനിയിലും പനിമരണങ്ങളിലും കുറവുണ്ടാകുകയാണ് ചെയ്തത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഡെങ്കിപ്പനിയിൽ കാര്യമായ വർദ്ധനവ് ഉണ്ടായി. ഇത് ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിലും, മറ്റ് രാജ്യങ്ങളിലും ഈ കാലഘട്ടത്തിൽ ഉണ്ടായ പ്രവണതയുടെ പ്രതിഫലനം മാത്രമാണ്. വയറിളക്കരോഗങ്ങളിലും വർദ്ധനവ് ഉണ്ട്. എന്നാൽ എലിപ്പനി, മലമ്പനി, ചിക്കൻഗുനിയ, ജപ്പാൻജ്വരം, ടൈഫോയ്ഡ്, എച്ച്1 എൻ1 തുടങ്ങിയ പനികൾ 2006-2010 കാലഘട്ടത്തേക്കാൾ കുറഞ്ഞതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്നാൽ മഞ്ഞപ്പിത്തംഎ-യിൽ വർദ്ധനവ് ഉണ്ട്. ചെള്ള് പനി തിരുവനന്തപുരം ജില്ലയിൽ ആണ് കൂടുതൽ ഉണ്ടായത്. പകർച്ചവ്യാധി മരണങ്ങളുടെ കാര്യത്തിൽ വൈറൽപനി, എലിപ്പനി മരണങ്ങളിൽ കാര്യമായ കുറവ് ഉണ്ടാക്കാനായി മലമ്പനി, ജപ്പാൻജ്വരം, മഞ്ഞപ്പിത്തം-എ 1, ടൈഫോയ്ഡ്, എച്ച്1 എൻ1 എന്നിവമൂലമുള്ള മരണവും കുറയ്ക്കുവാനായി. ഡെങ്കിപ്പനി മൂലമുള്ള മരണം വർദ്ധിച്ചു. ചെള്ളുപനിയും കുരങ്ങുപനിയും മൂലവും മരണമുണ്ടായി.

ജനസംഖ്യാവർദ്ധനവും രോഗനിരീക്ഷണം കാര്യക്ഷമമാക്കുന്നതും രോഗ ബാധിതരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ കാരണമാകുമെന്ന കാര്യവും കൂടി പരിഗണിച്ചാൽ, പൊതുവിൽ മുൻകാലത്തെ അപേക്ഷിച്ച് പകർച്ചവ്യാധി പലതും കുറഞ്ഞിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും.

(ബി) പൊതു ആരോഗ്യമേഖലയിൽ കാര്യമായ ദൗർബല്യങ്ങൾ ഇല്ല. പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട് സാമൂഹിക ഘടകങ്ങളെ അനുയോജ്യമായ രീതിയിൽ കൂട്ടിയിണക്കുന്നതിന് വിവിധ വകുപ്പുകളുടെ പങ്കാളിത്തം അവിഭാജ്യഘടകമാണ്. അതിന് യോജിച്ച രീതിയിൽ ഉള്ള വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ജനങ്ങളുടെ ജീവിതശൈലിയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതും ആവശ്യമാണ്. അതിനുവേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ

വകുപ്പ്നടത്തുന്നുണ്ട്. നഗരപ്രദേശങ്ങൾ ഇതര സംസ്ഥാനതൊഴിലാളികളുടെ വാസസ്ഥലങ്ങൾ, നഗരപ്രദേശങ്ങളിലെ പിന്നോക്ക പ്രദേശങ്ങൾ, തീരപ്രദേശങ്ങൾ, ആദിവാസി മേഖലകൾ തുടങ്ങിയവയിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുവാനും കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. ആഗോളതലത്തിലും രാജ്യാന്തര തലത്തിലും പാരിസ്ഥിതികമായും കാലാവസ്ഥയിലും ഉണ്ടാകുന്ന മാറ്റങ്ങൾ ആരോഗ്യമേഖലയെ പലപ്പോഴും പ്രതികൂലമായി ബാധിക്കാറുണ്ട്. ഇതോടൊപ്പം ജനസംഖ്യാവർദ്ധനവും മാലിന്യപ്രശ്നങ്ങൾ, നഗരവൽക്കരണം, മരുന്നുകൾക്കെതിരെ രോഗാണുവും, കീടനാശിനികൾക്കെതിരെ രോഗം പരത്തുന്ന ജീവികളും പ്രതിരോധശേഷി ആർജ്ജിക്കുന്നതും, ഇതര സംസ്ഥാന തൊഴിലാളികൾവഴിയുള്ള ആരോഗ്യപ്രശ്നങ്ങളും ആണ് മറ്റ് വെല്ലുവിളികൾ. ഇത്തരം വെല്ലുവിളികൾ നേരിടാനായിട്ടുള്ള വാർഷിക കർമ്മപദ്ധതിയാണ് ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നത്.

(സി&ഡി) സംസ്ഥാന പൊതുജനാരോഗ്യ സംരക്ഷണ ഏജൻസി നിലവിൽ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഏജൻസിയുടെ ഗവേണിംഗ് ബോഡിയുടെ ആദ്യയോഗം കൂടി. ഗവേണിംഗ് ബോഡിയിൽ വിവിധ വകുപ്പ് മന്ത്രിമാരേയും സെക്രട്ടറിമാരേയും അംഗങ്ങളാക്കി. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും, ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലും മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചു. പകർച്ചവ്യാധികൾ ഉണ്ടാകുന്നത് മുൻകൂട്ടി അറിയുവാൻ ഒരു ഹെൽത്ത് ഒബ്സർവേറ്ററി രൂപീകരിക്കും. പകർച്ചേതര വ്യാധികളും കൊതുകുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിന് അനുയോജ്യമായ തീരുമാനങ്ങൾ എടുത്തു. ഇതര വകുപ്പുകൾ പൊതുജനാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് നിർബന്ധമായും അനുവർത്തിക്കേണ്ട ചുമതലകൾ തീരുമാനിച്ചു. പൊതുജനാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച അവബോധം പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ഉണ്ടാകുന്നതിന് തൃശ്ശൂർ കിലയിൽവച്ച് പരിശീലനം നൽകുന്നതായിരിക്കും. മേൽപ്പറഞ്ഞ കാര്യങ്ങൾ വിശദമായി ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് ഉണ്ടാക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിലേക്ക് നീങ്ങുന്നു.

ഇതോടൊപ്പം പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്താനുള്ള മറ്റു പ്രവർത്തനങ്ങളും ആരോഗ്യവകുപ്പ് നടത്തിവരുന്നു.

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ്**

23 (*233) ശ്രീ.സാജു പോൾ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിനെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ വകുപ്പിനെ സ്വയംഭരണ സ്ഥാപനമാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സ്വയംഭരണ സ്ഥാപനമായി മാറുന്നതോടെ, നിലവിലുള്ള ഇ.എസ്.ഐ ആനുകൂല്യം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ-സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിനെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ സർക്കാർ നിലവിൽ തീരുമാനിച്ചിട്ടില്ല. എന്നാൽ ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും വഴി നൽകിവരുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ ഇ.എസ്.ഐ ആക്ടിന്റെ സെക്ഷൻ 58(5) പ്രകാരം സംസ്ഥാനതലത്തിൽ ഒരു സബ്സിഡിയറി കോർപ്പറേഷൻ/സൊസൈറ്റി രൂപീകരിക്കുന്നതിന്മേൽ കേന്ദ്ര സർക്കാരിന്റെ ഇ.എസ്.ഐ കോർപ്പറേഷൻ സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അതിനെപ്പറ്റി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ 02/02/2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 150/2016/തൊഴിൽ പ്രകാരം ട്രെയിനിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ഡി&ഇ) വകുപ്പിനെ സ്വയംഭരണ സ്ഥാപനമായി മാറ്റുവാൻ

തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

**ഔഷധ വില**

24 (*234) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ വില നിയന്ത്രിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മരുന്ന് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) രോഗികൾക്ക് മരുന്നുകളുടെ ജനറിക് നെയിം എഴുതിയ കുറിപ്പുകൾ മാത്രമെ നൽകാവൂ എന്ന നിബന്ധന പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജീവിതശൈലീ രോഗങ്ങളുടെയും പാരമ്പര്യ രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെയും മരുന്നുവില അസഹനീയമാംവിധം വർദ്ധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) നമ്മുടെ രാജ്യത്ത് മരുന്നുകളുടെ വില നിയന്ത്രിക്കുന്നതും നിശ്ചയിച്ചുറപ്പിക്കുന്നതും കേന്ദ്ര സർക്കാരാണ്. ഇത് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് വകുപ്പിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ ആന്റ് പ്രൈസിംഗ് അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്.

കേന്ദ്ര ആക്ടായ എസൻഷ്യൽ കമോഡിറ്റീസ് ആക്ടിന്റെ കീഴിലുള്ള ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) വഴിയാണ് NPPA വില നിയന്ത്രണം നടപ്പാക്കുന്നത്. നിലവിലുണ്ടായിരുന്ന DPCO 1995 പ്രകാരം 76 ഇനം മരുന്നുകളുടേയും അവയുടെ വിവിധ കോമ്പിനേഷനുകളുടെയും വില മാത്രമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് മുമ്പ് നിശ്ചയിച്ചുറപ്പിക്കുവാൻ കഴിഞ്ഞിരുന്നത്. എന്നാൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി 2012-ന്റെ ഭാഗമായി നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ

മെഡിസിൻ (NLEM 2011)-ൽ ഉൾപ്പെട്ടിട്ടുള്ള 348 ഇനം മരുന്നുകളുടെയും അവയുടെ വിവിധ ഫോർമുലേഷനുകളുടെയും വില നിശ്ചയിച്ചുറപ്പിക്കുവാൻ തീരുമാനിക്കുകയും, അതിൻപ്രകാരം NPPA വിവിധ ഗസറ്റ് വിജ്ഞാപനം വഴി നാളിതുവരെ 530 മരുന്ന് ഫോർമുലേഷനുകളുടെ വില നിയന്ത്രണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. NPPA നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയിൽ തന്നെയാണോ നിർമ്മാതാക്കൾ മരുന്ന് നിർമ്മിച്ച് വിതരണം നടത്തുന്നതെന്ന് വകുപ്പ് പരിശോധനകളിലൂടെ നിരന്തരം ഉറപ്പ് വരുത്തുന്നുണ്ട്. മരുന്നുകളുടെ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് നിർമ്മിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെയും നിർമ്മാതാക്കളുടെയും വിശദാംശങ്ങൾ അനന്തര നടപടികൾക്കായി NPPA-യെ അറിയിക്കുന്നുണ്ട്. കൂടാതെ DPCO പ്രകാരം NLEM പട്ടികയിൽപ്പെടാത്ത മരുന്നുകളുടെ എം.ആർ.പി, ഒരു വർഷത്തിൽ 10 ശതമാനത്തിൽ കൂടുതൽ വർദ്ധനവ് വരുത്തുവാൻ പാടില്ല. ഇപ്രകാരം അധികമായി വില വർദ്ധനവ് നടത്തുന്നവർക്ക് എതിരെയും എൻ.പി.പി.എ. നടപടി സ്വീകരിച്ചു വരുന്നുണ്ട്. അനുവദനീയമായിട്ടുള്ള പരമാവധി വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമം ലംഘിക്കുന്നവർക്കെതിരെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ നിയമംവഴി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മരുന്നുകളുടെ വില നിയന്ത്രണത്തിൽ നമ്മുടെ സംസ്ഥാന സർക്കാരിന് അധികാരം ഒന്നുംതന്നെയില്ല. അമിത ചികിത്സാ ചെലവുകൾക്ക് ആശ്വാസമേകുന്നതിലേക്കായി സർക്കാരിന്റെ കാരുണ്യ, കമ്മ്യൂണിറ്റി ഫാർമസി, നീതി, മാവേലി മെഡിക്കൽ ഷോപ്പുകൾ വഴി മരുന്നുകളുടെ വില വളരെ കുറച്ച്, പാവപ്പെട്ട രോഗികൾക്ക് കൊടുക്കുവാനുള്ള സൗകര്യം ചെയ്തുവരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവിത ശൈലീരോഗങ്ങളുടെയും പാരമ്പര്യ രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെയും മരുന്നുകളുടെ വില നിയന്ത്രിക്കുന്നതും നിശ്ചയിച്ചുറപ്പിക്കുന്നതും കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമാസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയാണ്. വില നിയന്ത്രണമില്ലാത്ത മരുന്നുകളുടെ പരമാവധി വില (എം.ആർ.പി) 10 ശതമാനത്തിൽ കൂടുതൽ വർദ്ധനവ് പാടില്ല എന്നുള്ളതാണ്. ക്യാൻസർ, കിഡ്നിരോഗങ്ങൾ, ഹൃദ്രോഗം എന്നിവ വളരെയധികം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ടി മരുന്നുകളുടെ വില

നിയന്ത്രണവും അത്യന്താപേക്ഷിതമാണ്. ഇറക്കുമതി ചെയ്യുന്ന മരുന്നുകൾക്കായി കംപൽസറി ലൈസൻസിംഗ് സമ്പ്രദായം നിലവിൽ ഉള്ളതിനാൽ ഇത്തരം അമിതവില ഈടാക്കുന്ന അവശ്യമരുന്നുകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കാൻ കഴിയുമെന്നത് ഒരു വലിയ കാര്യമാണ്. ഇത്തരം സംരംഭങ്ങൾ എല്ലാംതന്നെ സാധാരണക്കാർക്ക് ചികിത്സാ സൗകര്യത്തിന് ഉതകുമെന്നുള്ളത് തീർത്തും വസ്തുതാപരമാണ്.

## ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവരുടെ രജിസ്ട്രേഷൻ

25 (*235) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവർക്ക് രജിസ്ട്രേഷനോ ലൈസൻസോ എടുക്കുന്നതിനായി നീട്ടി നൽകിയ സമയ പരിധി എന്നാണ് അവസാനിച്ചത്; ബന്ധപ്പെട്ട സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) രജിസ്ട്രേഷന് അപേക്ഷിക്കുന്നവർക്കെല്ലാം സ്ഥാപന പരിശോധന കൂടാതെ രജിസ്ട്രേഷൻ നൽകുന്ന നിലവിലെ സമ്പ്രദായം രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയുടെ പ്രസക്തി ഇല്ലാതാക്കിയെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) തട്ടുകടകൾ മാത്രമല്ല, ചെറുകിട, വൻകിട ഭക്ഷണശാലകളും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) സർക്കാർ പ്രഖ്യാപിച്ചിരുന്ന സുരക്ഷിത ഭക്ഷണ മേഖലകളുടെ പ്രത്യേകതയും അവ എവിടെയൊക്കെ യാഥാർത്ഥ്യമായെന്നും അറിയിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ):

(എ) 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ അനുശാസിക്കും പ്രകാരമുള്ള ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിന്റെ സമയപരിധി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ File No. 1/1/

Enf-1/FSSAI/212(p) എന്ന ഉത്തരവ് പ്രകാരം മേയ് 4 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഭക്ഷ്യ ഉത്പാദന വിതരണ സംരംഭകർക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും എടുക്കുന്നതിന് Food Licensing and Registration System (FLRS) എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം 39275 ലൈസൻസും 130054 രജിസ്ട്രേഷനും 2015-16 ഒന്നാം അർദ്ധ വർഷത്തിൽ കൊടുത്തിട്ടുണ്ട്. ലൈസൻസോ, രജിസ്ട്രേഷനോ ഇല്ലാതെ പുതിയതായി ആരംഭിക്കുന്ന ഭക്ഷ്യ ഉത്പാദന-വിതരണ കേന്ദ്രങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കാറുണ്ട്.

(ബി) 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുബന്ധചട്ടങ്ങളും അനുസരിച്ച് രാജ്യത്തെ എല്ലാ ഭക്ഷ്യ ഉല്പാദനവിതരണ സംഭരണമേഖലയിൽ പ്രവർത്തിക്കുന്നവർക്കും ലൈസൻസ്/രജിസ്ട്രേഷൻ നൽകുന്നതിനാണ് ഭക്ഷ്യ സുരക്ഷ അതോറിറ്റി പ്രാമുഖ്യം നൽകിയിട്ടുള്ളത്. ടി ലൈസൻസോ, രജിസ്ട്രേഷനോ നൽകിയ ശേഷം ആയവർക്ക് അവബോധവും പരിശീലനവും നൽകി മാനദണ്ഡങ്ങൾ പാലിക്കുവാൻ വേണ്ടിയുള്ള നടപടികൾ ഇതിനോടൊപ്പം സംസ്ഥാന വ്യാപകമായി നടത്തുന്നുണ്ട്. ടി നടപടികൾ പ്രാമുഖ്യത്തോടെ കൈക്കൊള്ളുന്നതിനോടൊപ്പം പരിശോധന നടത്തി നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾ ക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തട്ടുകടകൾ, ചെറുകിട, വൻകിട ഭക്ഷണശാലകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ 2015 നവംബർ 30 വരെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ 20826 റെയ്ഡുകൾ നടത്തുകയും സ്ഥാപനങ്ങളിൽ നിന്ന് 1,00,36,050 രൂപ പിഴ ഈടാക്കുകയും 9 സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് സുരക്ഷിത ഭക്ഷണമേഖലകൾ (Safe Food Zone) ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഈ പദ്ധതിയുടെ പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ജില്ലാ ആശുപത്രി, ചിറയിൻകീഴ് താലൂക്ക് ആശുപത്രി, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തി സുരക്ഷിത ഭക്ഷണ വില്പന മേഖലകൾ ഉണ്ടാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. രാജ്യത്ത് ആദ്യമായിട്ടാണ് "സുരക്ഷിത ഭക്ഷണമേഖല" എന്നുള്ള ആശയം ഒരു സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും കൃത്യമായി പരിശോധിച്ചതിനുശേഷം മാത്രമേ ഇത് പൂർണ്ണമായും പ്രായോഗികതലത്തിൽ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന് അനുബന്ധമായ

തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ പദ്ധതി**

26 (*236) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതു തടയാൻ പാലങ്ങളിലും മറ്റു ഗതാഗതമുള്ള ഭാഗങ്ങളിലും വേലി കെട്ടുന്ന പദ്ധതിയുടെ നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പ് ഏത് ഏജൻസി /വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം മാലിന്യനിക്ഷേപം തടയാനാവുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ&ബി) നദികളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാനുദ്ദേശിച്ച് പാലങ്ങളിലും മറ്റു ഗതാഗതമുള്ള ഭാഗങ്ങളിലും വേലി കെട്ടുന്ന പദ്ധതി ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നില്ല. എന്നാൽ കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പ് കരമന നദി, കിള്ളിയാർ, തെക്കനക്കര കനാൽ, തിരുവല്ലംതോട് എന്നിവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കപ്പെടുന്നത് തടയാൻ ഗാൽവനൈസ്ഡ് അയൺ ചെയിൻ ലിങ്ക് ഉപയോഗിച്ച് ഭാഗികമായി വേലി കെട്ടുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ എറണാകുളം ജില്ലയിൽ ജലസേചന വിഭാഗത്തിന് കീഴിൽ മാർക്കറ്റ് കനാലിന്റെ തീരങ്ങളിൽ വേലികെട്ടൽ നടത്തിയിട്ടുണ്ട്.

(സി) ഒരു പരിധിവരെ തടയാൻ സാധിക്കുന്നുണ്ട്.

**മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള സംവിധാനം**

27 (*237) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മരുന്നുകടകളിലൂടെ വിറ്റഴിക്കുന്ന മരുന്നുകൾ ഗുണനിലവാരം ഉള്ളവയാണെന്ന് ഉറപ്പാക്കാനുള്ള സംവിധാനം എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഔഷധ ഗുണനിയന്ത്രണ വകുപ്പിന്റെ മുഖ്യപ്രവർത്തനങ്ങൾ എന്തെന്നും അവ എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചെന്നും അറിയിക്കുമോ;

(സി) സാമ്പിൾ ശേഖരണത്തിന്റെ രീതിയും അതിനു വരുന്ന ചെലവെത്രയെന്നും അറിയിക്കാമോ; ശേഖരിക്കുന്ന സാമ്പിൾ വിലകൊടുത്തു വാങ്ങുകയാണോ; അതിനായി എത്ര തുക പ്രതിവർഷം നീക്കിവച്ചിട്ടുണ്ട്;

(ഡി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ കൂടുതൽ ശക്തമായ എന്തു നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ; എത്ര കമ്പനികൾക്കെതിരെ ക്രിമിനൽ കേസുകൾ എടുത്തിട്ടുണ്ട്; ആർക്കെങ്കിലും ശിക്ഷ ലഭിച്ചിട്ടുണ്ടോ; എത്ര കമ്പനികളെ കരിമ്പട്ടികയിലാക്കിയിട്ടുണ്ട്;

(ഇ) പരിശോധനാഫലം വരുന്നതിനു മുമ്പായിത്തന്നെ വിറ്റു തീരുന്ന ഉപയോഗയോഗ്യമല്ലാത്ത മരുന്നുകൾ ഉപയോഗിക്കാനിടയായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബിൽ നിന്നുള്ള പരിശോധനാ റിപ്പോർട്ട് ഹാജരാക്കുന്ന ബാച്ച് മരുന്നുകൾ മാത്രമേ സംസ്ഥാനത്തെ വിൽപ്പനശാലകളിലൂടെ വിൽക്കാവൂ എന്ന് നിഷ്കർഷിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഉണ്ട്. നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയ ശേഷമാണ് നിർമ്മാതാക്കൾ അവ വിപണിയിലെത്തിക്കുന്നത്. കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ,

ആശുപത്രികൾ (ഗവൺമെന്റ്/പ്രൈവറ്റ്) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലേക്ക് (തിരുവനന്തപുരം/എറണാകുളം) അയയ്ക്കുന്നുണ്ട്.

(ബി) ഔഷധ ഗുണ നിയന്ത്രണ വകുപ്പിന്റെ മുഖ്യ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണനിലവാരമുള്ള മരുന്നുകളുടെയും അവശ്യ മരുന്നുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നു.
2. അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ മരുന്നുകൾ, സൗന്ദര്യ വർദ്ധകവസ്തുക്കൾ എന്നിവയുടെ നിർമ്മാണം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുന്നു.
3. വ്യാജ മരുന്നുകൾ, ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ, സൗന്ദര്യ വർദ്ധക വസ്തുക്കൾ എന്നിവ പരിശോധിച്ച് കണ്ടെത്തുകയും അവയുടെ തുടർ ഉപയോഗം തടയുകയും ചെയ്യുന്നു.
4. കേന്ദ്ര ഗവൺമെന്റ് നിരോധിച്ചിട്ടുള്ള മരുന്നുകളുടെ നിർമ്മാണം, വിതരണം, വില്പന എന്നിവ കണ്ടെത്തി അവ തടയുക.
5. മരുന്നുകളുടെ പരമാവധി ചില്ലറ വിലയേക്കാൾ അമിതമായി വില ഈടാക്കുന്നത് തടയുകയും നിയമം ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
6. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതും തെറ്റിദ്ധാരണാജനകവുമായ മരുന്നുകളെ സംബന്ധിച്ച പരസ്യങ്ങൾ നൽകുന്നവർക്കെതിരെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ഒബ്ജക്ഷനബിൾ അഡ്വർട്ടൈസ്മെന്റ് ആക്ട് ആന്റ് റൂൾസ് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുക.
7. Unlawful possession ആക്ട് പ്രകാരം, സർക്കാർ മരുന്നുകൾ സ്വകാര്യ വില്പന സ്റ്റോറുകൾ വഴി വില്പന നടത്തുന്നത് തടയുകയും നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
8. മെത്തനോൾ, സയനൈഡ് ഉൾപ്പെടെയുള്ള വിഷവസ്തുക്കളുടെ ഉല്പാദനം, വിതരണം, വിപണനം എന്നിവ പോയിസൺ

റൂൾസ് പ്രകാരം കർശനമായി നിയന്ത്രിക്കുക.

9. Morphine, Pethidine, Fentanyl citrate തുടങ്ങിയ നാർക്കോട്ടിക് മരുന്നുകളുടെ നിർമ്മാണം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുകയും ഇത്തരം മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുക.
10. സംസ്ഥാന വിപണിയിലുള്ള (പ്രൈവറ്റ്/ ഗവൺമെന്റ്/ ഇ.എസ്.ഐ) മരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെല്ലാം നിയമാനുസൃതമായി വളരെ ഫലപ്രദമായി ഔഷധ ഗുണനിയന്ത്രണ വകുപ്പ് നടപ്പിലാക്കി വരുന്നു.

(സി) പൊതുവെ മരുന്നു സാമ്പിളുകൾ പരിശോധനയ്ക്കായി എടുക്കുന്നത് മൊത്തവ്യാപാര സ്ഥാപനങ്ങൾ/മരുന്നു നിർമ്മാണ കമ്പനികൾ/ഗവൺമെന്റ്/ സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുമാണ്. ചട്ടപ്രകാരം ശേഖരിക്കുന്ന മരുന്നുകൾ നാല് തുല്യ ഭാഗങ്ങളായി വിഭജിച്ച് സീൽ ചെയ്യുന്നു. ഇതിൽ ഒരു ഭാഗം സാമ്പിൾ എടുക്കുന്ന സ്ഥാപന ഉടമയ്ക്ക് തിരികെ സൂക്ഷിക്കുവാനായി നൽകുന്നു. ബാക്കി മൂന്ന് ഭാഗങ്ങളിൽ ഒന്ന് ഗവൺമെന്റ് ഡ്രഗ്സ്ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് മെമ്മോറാണ്ടത്തിനോടൊപ്പം അയച്ചു കൊടുക്കുന്നു. ശേഷിക്കുന്ന രണ്ട് ഭാഗം തുടർനടപടികൾക്ക് വേണ്ടി ഉദ്യോഗസ്ഥർ സൂക്ഷിക്കുന്നു. ഗവൺമെന്റ് അനലിസ്റ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗുണനിലവാരം ഉള്ളതാണെങ്കിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന രണ്ട് ഭാഗം മരുന്നുകളും സാമ്പിൾ എടുക്കുന്ന സമയത്ത് കടയുടമയ്ക്ക് നൽകിയിട്ടുള്ള ഭാഗവും ചേർത്ത് മൂന്ന് ഭാഗം മരുന്നുകൾ സർക്കാർ ആശുപത്രികളിൽ സൗജന്യ വിതരണത്തിനായി നൽകുന്നു. ഗുണനിലവാരം ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ അത്തരം മരുന്നുകളുടെ നിർമ്മാതാക്കൾക്ക് പരിശോധനാ ഫലത്തിന്റെ കോപ്പി അയച്ചുകൊടുക്കുന്നു. നിർമ്മാതാക്കൾ പ്രസ്തുത റിപ്പോർട്ട് ചലഞ്ച് ചെയ്യുകയാണെങ്കിൽ ഇൻസ്പെക്ടർ സൂക്ഷിച്ചിട്ടുള്ള ഒരു ഭാഗം മരുന്ന് കോടതി മുഖേന സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോട്ടറി, കൽക്കട്ടയിലേക്ക് അയയ്ക്കുന്നു. ടി ലബോറട്ടറിയുടെ റിപ്പോർട്ട് അന്തിമമായി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. തുടർ അന്വേഷണം നടത്തി നിർമ്മാതാവിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട കോടതികളിൽ അന്യായം ഫയൽ ചെയ്യുന്നു. മൊത്ത വ്യാപാര സ്ഥാപനങ്ങളിൽ നിന്നും സാമ്പിൾ എടുക്കുകയാണെങ്കിൽ മൊത്ത വ്യാപാരികൾ ചില്ലറ

വ്യാപാരികൾക്ക് കൊടുക്കുന്ന വിലക്ക് (Price to retailer), അതായത് എം.ആർ.പി-യേക്കാളും കുറഞ്ഞ നിരക്കിലും, ചില്ലറ വ്യാപാരികൾ/സ്വകാര്യ ആശുപത്രികളിൽ നിന്നും എടുക്കുന്ന സാമ്പിളുകൾക്ക് പരമാവധി ചില്ലറ വിലയിലും, ഗവൺമെന്റ് ആശുപത്രികളിൽ നിന്നും സൗജന്യമായും ആണ് മരുന്ന് പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കുന്നത്. മരുന്ന് സാമ്പിളിംഗിനായി പ്രതിവർഷം 5,30,000 രൂപയോളം നീക്കി വച്ചിട്ടുള്ളതാകുന്നു.

(ഡി) നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും ഗുണ നിലവാരം ഉറപ്പാക്കുന്നതിലേക്കായി ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945-ലെ ഷെഡ്യൂൾ എം പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളും പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്ന് വകുപ്പ് നിരന്തരം നിർമ്മാണശാലകൾ വിവിധ ഘട്ടങ്ങളായി പരിശോധിച്ച് ഉറപ്പാക്കിയതിനുശേഷമാണ് മരുന്ന് നിർമ്മാണ ലൈസൻസുകൾ അനുവദിക്കുന്നത്. ലൈസൻസ് അനുവദിച്ച ശേഷവും പ്രസ്തുത സ്ഥാപനങ്ങൾ നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇത്തരത്തിൽ നിർമ്മിച്ച് വിതരണത്തിനായി വിപണിയിൽ എത്തിക്കുന്ന മരുന്നുകളുടെ shelf life period-ൽ ഉടനീളം ഗുണനിലവാരം ഉറപ്പാക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിലേക്കായി അവയുടെ റാൻഡം സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. നിലവിൽ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്നു പരിശോധനാ ലബോറട്ടറികളാണ് ഉള്ളത്. 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ 3 പുതിയ മരുന്ന് പരിശോധനാ ലാബുകൾ കൂടി സ്ഥാപിക്കുമെന്ന് പരാമർശിച്ചിട്ടുണ്ട്. കോഴിക്കോട്, കോന്നി, തൃശ്ശൂർ എന്നിവിടങ്ങളിലാണ് ഇത് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇങ്ങനെ മരുന്ന് പരിശോധനാ ലാബുകളുടെ എണ്ണം 5 ആകുന്നതോടുകൂടി കേരള വിപണിയിൽ വിറ്റഴിക്കുന്ന ആകെ ബ്രാന്റുകളുടെ ഏകദേശം 10 ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താമെന്നാണ് പ്രതീക്ഷ.

ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ നിയമലംഘനത്തിന്റെ കാഠിന്യത്തിനനുസൃതമായി വകുപ്പുതല നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ 2013, 2014, 2015 കാലയളവിൽ യഥാക്രമം 21, 29, 12 കേസ്സുകൾ സംസ്ഥാനത്തെ വിവിധ കോടതികളിലായി നടന്നുവരുന്നു. ശിക്ഷാവിധി നിലവിൽ വന്നിട്ടുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2008-7, 2009-7, 2010-3, 2011-1, 2012-1, 2013-Nil, 2014-2, 2015-3 സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്ത മരുന്നുകളുടെ ഗുണനിലവാര ക്കുറവിന്റേതുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

ലിമിറ്റഡ് നാളിതുവരെ ഒരു കമ്പനിയെ (M/s. Zee Laboratories, Himachal Pradesh) കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) പരിശോധനാഫലം വരുന്നതിനു മുൻപായിത്തന്നെ വിറ്റുതീരുന്ന മരുന്നുകൾ ഉപയോഗിക്കാൻ ഇടയായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിലേക്കായി ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമവും അതിനു കീഴിലുള്ള ചട്ടങ്ങളും അനുശാസിക്കുന്നില്ല എന്നതിനാൽ പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ നിയമപരമായി സാധിക്കുകയില്ല.

(എഫ്) 1940-ലെ കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് നിയമവും അതിനുകീഴിലുള്ള ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിലാണ് മരുന്ന് നിർമ്മാണം, വിതരണം, വില്പന എന്നിവ വകുപ്പ് ഫലപ്രദമായി നിയന്ത്രിച്ചുവരുന്നത്. എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബിൽ നിന്നുള്ള പരിശോധനാ റിപ്പോർട്ട് ഹാജരാക്കുന്ന ബാച്ചുകൾ മാത്രമേ സംസ്ഥാനത്തെ വില്പനശാലകളിലൂടെ വിൽക്കാവൂ എന്ന് ടി നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ലാത്തതാകുന്നു.

**പുതിയ ഹോമിയോ ഡിസ്പെൻസറികൾ**

28 (*238) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാന വാർഷിക പദ്ധതി പ്രകാരം പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുവേണ്ടി (2015-16-ൽ ഒഴികെ) പദ്ധതികൾ നിലവിലുണ്ട്. ആയതുപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 110

പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ജനറൽ സെക്ടറിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികളിലൂടെ പ്രധാനമായും പൊതുജനങ്ങൾക്ക് സൗജന്യ ഹോമിയോപ്പതി ചികിത്സാ സേവനം നൽകുക, സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക, ആരോഗ്യ ബോധവത്ക്കരണം നടത്തുക, മദ്യം/മയക്കുമരുന്ന് വിമോചന ചികിത്സ നൽകുക, കുട്ടികളില്ലാത്ത ദമ്പതിമാർക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ ഫലപ്രാപ്തി നൽകുക, മാനസിക-ബൗദ്ധികവൈകല്യങ്ങളുള്ള കുട്ടികൾക്കും, കൗമാരപ്രായക്കാർക്കും ഹോമിയോപ്പതി ചികിത്സയിലൂടെ വ്യക്തിത്വവൈകല്യം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു.

(സി) പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലനിധി**

29 (*239) ശ്രീ. എം. എ. ബേബി :
ശ്രീ. ബി. സത്യൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസിയുടേയോ മറ്റേതെങ്കിലും ഏജൻസിയുടേയോ സഹായത്തോടെ പ്രവൃത്തി നടക്കുന്നതോ പൂർത്തീകരിച്ചതോ ആയ ഏതെങ്കിലും പദ്ധതികൾ ജലനിധിക്ക് കൈമാറാൻ ഉദ്ദേശമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെങ്കിലും നഗരകുടിവെള്ള വിതരണം പി.പി.പി. മോഡലിലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ;

(സി) ജലനിധി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് വില നിശ്ചയിച്ചിരിക്കുന്നത് ഏതടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; പൊതു ടാപ്പുകൾ ഉണ്ടോ; ഇല്ലെങ്കിൽ പാവപ്പെട്ടവർക്ക് കുടിവെള്ളം ലഭ്യമാക്കാൻ എങ്ങനെ സാധിക്കും;

(ഡി) വാട്ടർ അതോറിറ്റി പുതിയ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത്

നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഇല്ല.

(ബി) നഗരകുടിവെള്ള വിതരണ പദ്ധതിയോ ഗ്രാമ കുടിവെള്ള പദ്ധതിയോ ഒന്നും തന്നെ പി.പി.പി മോഡലിലാക്കാൻ ആലോചിക്കുന്നില്ല.

(സി) ജലനിധി വഴി കേരള വാട്ടർ അതോറിറ്റി പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് കിലോലിറ്ററിന് 6/-രൂപ നിരക്കിൽ വെള്ളക്കരം നിശ്ചയിച്ചിരിക്കുന്നു. ഗുണഭോക്തൃ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന ശുദ്ധജല വിതരണ സമിതികളുടെ നിയമാവലി അനുസരിച്ച് ജലനിധി മുഖേന കാര്യക്ഷമമായ രീതിയിൽ ജലവിതരണം നടത്തുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള ചെലവ് ഗുണഭോക്തൃസമിതികളിൽ നിന്നും ഈടാക്കുകയാണ് ചെയ്യുന്നത്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗുണഭോക്തൃ സമിതികളിൽനിന്നും ഈടാക്കുന്ന തുകയ്ക്ക് ഇളവ് അനുവദിക്കുന്ന കാര്യത്തിൽ സമിതികൾക്ക് തീരുമാനമെടുക്കാവുന്നതാണ്. ജലനിധി പദ്ധതിയിൽ പൊതുടാപ്പ് പ്രോത്സാഹിപ്പിക്കാറില്ലെങ്കിലും ഗുണഭോക്തൃ സമിതികൾ തീരുമാനമെടുക്കുന്ന പക്ഷം കമ്മിറ്റികൾ രൂപീകരിച്ച് പൊതുടാപ്പുകൾ അനുവദിക്കാവുന്നതാണ്.

(ഡി) വാട്ടർ അതോറിറ്റി ധാരാളം പുതിയ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. 2011 മുതൽ കേരള വാട്ടർ അതോറിറ്റി, ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് മാത്രമായി 1769.00 കോടി രൂപയുടെ 209 പദ്ധതികൾക്ക് അംഗീകാരം നൽകി. കൂടാതെ നബാർഡിന്റെ സഹായത്തോടെ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കിവരുന്നു.

**ടൂറിസം രംഗത്ത് പുതിയ സംരംഭങ്ങൾ**

30 (*240) ശ്രീ. റ്റി.യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ സംരംഭങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ബി) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലുൾപ്പെടെയുള്ള ദൃശ്യ മാധ്യമങ്ങൾ മുഖേന പരസ്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ&ബി) കേരളത്തിന്റെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിനായി ദൃശ്യ അച്ചടി മാധ്യമങ്ങളിലൂടെയും മറ്റ് നൂതന മാർഗ്ഗങ്ങളിലൂടെയും വിവിധ പ്രചാരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഈ വിപണന തന്ത്രത്തിന്റെ ഭാഗമായി കേരളത്തിന്റെ പ്രധാന ആഭ്യന്തര വിപണികളായ തമിഴ്നാട്, കർണ്ണാടക, ഗുജറാത്ത്, മഹാരാഷ്ട്ര, ഡൽഹി, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ വിവിധ ദൃശ്യ അച്ചടി മാധ്യമങ്ങളിലൂടെ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ആഭ്യന്തര വിനോദസഞ്ചാരികളുടെ കേരളത്തിലേക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിനായി 2015-16 'വിസിറ്റ് കേരള' വർഷമായി ആചരിക്കുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അവയവദാനവും സ്വീകരിക്കലും - നിയമവ്യവസ്ഥകൾ

1 (2275) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനവും സ്വീകരിക്കലും സംബന്ധിച്ച് തുടർന്നു വരുന്ന നിയമവ്യവസ്ഥകൾ എന്തെല്ലാമെന്നും ഇതിൽ എന്തെങ്കിലും മാറ്റങ്ങൾ ഈ സർക്കാർ വരുത്തിയോയെന്നും വ്യക്തമാക്കുമോ;

(ബി) അവയവദാന മാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ഈ സർക്കാറിൻെറ കാലയളവിൽ എത്ര തുക ചെലവഴിച്ചു;

(സി) അവയവദാന മാറ്റ ശസ്ത്രക്രിയ സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിലവിൽ നടന്നുവരുന്നു; ഇവയിൽ ഓരോ അവയവദാന മാറ്റ ശസ്ത്രക്രിയയ്ക്കും സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ഈടാക്കുന്ന ചികിത്സാ നിരക്ക് എത്ര തുക വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) മസ്തിഷ്ക മരണം സംഭവിച്ച എത്ര പേരുടെ അവയവങ്ങൾ സർക്കാർ നേതൃത്വത്തിൽ വിവിധ സ്വീകർത്താക്കൾക്ക് ദാനം ചെയ്തുവെന്നും അവർ ആരെല്ലാം എന്നും (ദാനം ചെയ്തവരും സ്വീകരിച്ചവരും) ഇവയിൽ ഓരോന്നിനും സർക്കാരിന് ഉണ്ടായ ചെലവ് എത്ര എന്നും വ്യക്തമാക്കുമോ;

(ഇ) അവയവദാന/മാറ്റ ശസ്ത്രക്രിയ വളരെ സങ്കീർണ്ണമായ നമ്മുടെ സംസ്ഥാനത്ത് നിയമത്തിൽ സമൂലമാറ്റം വരുത്തി വ്യവസ്ഥകൾ ഉദാരമാക്കി മൾട്ടി ഓർഗൻ ട്രാൻസപ്ലാന്റിംഗ് സെന്റർ അടിയന്തരമായി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തു നടപടി സ്വീകരിക്കും ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അവയവ മാറ്റിവയ്ക്കൽ ആക്ട് 1994 Transplantation of Human Organ and Tissue Act 1994 G.S.R.218 (E) 2014 -ലെ റൂൾ എന്നിവ പ്രകാരമാണ് സംസ്ഥാനത്ത് അവയവദാനം/അവയവം മാറ്റിവയ്ക്കൽ അല്ലെങ്കിൽ സ്വീകരിക്കൽ നടപ്പിലാക്കുന്നത്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്.

(ബി) അവയവദാന ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓപ്പറേഷൻ തീയേറ്റർ, ട്രാൻസ്പ്ലാന്റ് ICU, ഡയാലിസിസ് യൂണിറ്റ് എന്നിവയ്ക്കായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകൾക്കായി 9 കോടി 50 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(സി) കേരളത്തിൽ നിലവിൽ നാല് സർക്കാർ മെഡിക്കൽ കോളേജുകളിലാണ് വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജിലെ ആദ്യ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ നടന്നു. കേരള സർക്കാർ കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടങ്ങാനിരിക്കുകയും അതിനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുമുണ്ട്. സ്വകാര്യ ആശുപത്രികളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗജന്യമായാണ് നടത്തുന്നത്.

(ഡി) കേരളത്തിൽ 2012 ആഗസ്റ്റ് മാസം മുതൽ 194 മസ്തിഷ്ക മരണാനന്തര അവയവദാനം നടന്നിട്ടുണ്ട്. ഇതുവഴി 527 പേർക്ക് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തരം അവയവങ്ങൾ ദാനം ചെയ്തവരുടെ വിശദാംശം

അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു*. അവയവങ്ങൾ സ്വീകരിച്ചവരുടെ പൂർണ്ണമായ വിശദാംശം നിലവിൽ ലഭ്യമല്ല.

(ഇ) അവയവദാനം/മാറ്റം സംബന്ധിച്ച് കേന്ദ്രസർക്കാർ നിയമമാണ് നിലനിൽക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണപുരോഗതി**

2 (2276) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയ്ക്ക് ദിശാബോധം നൽകുന്ന പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് മരുന്നുകളുടെ ലഭ്യത, ജീവനക്കാരുടെ സാന്നിദ്ധ്യം, ലാബ് സംവിധാനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ നൽകുന്നതിനാവശ്യമായ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ലഭ്യമാക്കുമോ;

(സി) സർക്കാർ ആശുപത്രികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ നിലവിൽ വന്നു. കോന്നി, തിരുവനന്തപുരം ജി.എച്ച്. മെഡിക്കൽ കോളേജുകൾക്ക് പ്രിൻസിപ്പാൾ ഓഫീസ് നിലവിൽവന്നു. കാസർഗോഡ്, വയനാട് മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടി നടന്നുവരുന്നു.

(ബി) ആശുപത്രികളുടെ പ്രവർത്തനം അതാത് ആശുപത്രി സൂപ്രണ്ടുമാർ സ്ഥാപനതലത്തിലും ജില്ലാമെഡിക്കൽ ഓഫീസർമാരുടെ തലത്തിൽ ജില്ലകളിലും സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് വഴിയും മോണിറ്റർ ചെയ്തുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. മരുന്നുകളുടെ ലഭ്യത, ലാബ് സംവിധാനങ്ങളുടെ പ്രവർത്തനം, ആശുപത്രികളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുപ്രശ്നങ്ങൾ എന്നിവ ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള അവലോകന യോഗങ്ങൾ വിശദമായി ചർച്ച ചെയ്ത് അവയ്ക്ക് പരിഹാര നടപടികൾ എടുത്തുവരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡി.എച്ച്.എസ്, ഡെപ്യൂട്ടി ഡി.എച്ച്.എസ്, അസിസ്റ്റന്റ് ഡയറക്ടർമാർ, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാർ എന്നിവർക്ക് ഓരോ ജില്ലകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്.

(സി) സർക്കാർ ആശുപത്രികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി പ്രാഥമിക/സാമൂഹിക/താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലായി ഇരുന്നൂറ് (200)ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-2-ന്റെയും പാർട്ട് ടൈം സ്വീപ്പറുടെ മുപ്പത്തിയൊമ്പത് (39) തസ്തികയും പുതുതായി സൃഷ്ടിക്കപ്പെട്ടു. ആശുപത്രി സൂപ്രണ്ടുമാർ, ആർ.എം.ഒ.-മാർ, നഴ്സിംഗ് ഓഫീസർമാർ, നഴ്സിംഗ് സൂപ്രണ്ടുമാർ തുടങ്ങിയവർ ആശുപത്രി ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മേൽനോട്ടം നൽകിക്കൊണ്ട് പ്രത്യേകമായ സാനിറ്ററി റൗണ്ട്സ് നടത്തി പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു.

## ആരോഗ്യവകുപ്പ് കൊട്ടാരക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

3 (2277) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യ വകുപ്പ് മുഖേന കൊട്ടാക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉമ്മന്നൂർ പ്രാഥമികാരോഗ്യകേന്ദ്രം പുനരുദ്ധാരണത്തിന് പഞ്ചായത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്ലാൻ ഫണ്ടിൽനിന്നും 7.13 ലക്ഷം രൂപ അനുവദിച്ച് പഞ്ചായത്ത് നേരിട്ട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പണി പൂർത്തീകരിച്ചിട്ടില്ല. മൈലം പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ചുറ്റുമതിൽനിർമ്മാണംപൂർത്തീകരിച്ചിട്ടുണ്ട്. ലാബ് നിർമ്മാണം നടന്നുവരുന്നു.

**ഇരിണാവ് ആയുർവ്വേദ സർക്കാർ ഡിസ്പെൻസറി**

4 (2278) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി പഞ്ചായത്തിലെ ഇരിണാവ് ആയുർവേദ സർക്കാർ ഡിസ്പെൻസറി ആയുർവേദ ആശുപത്രിയാക്കി ഉയർത്തിയ തെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തു ന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ ഇരിണാവ് ആയുർവ്വേദ സർക്കാർ ഡിസ്പെൻസറി ജി.ഒ (എം.എസ്) നമ്പർ.108/2011/ആ.കു.വ. തീയതി തിരുവനന്തപുരം 21-2-2011 ഉത്തരവ് പ്രകാരം മുപ്പത് കിടക്കകളോട്ടുകൂടിയ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ ഒരു അറ്റന്റർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധനയിലാണ്.

**കിടത്തി ചികിത്സയുള്ള സർക്കാർ ആശുപത്രികൾ**

5 (2279) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിടത്തി ചികിത്സയുള്ള എത്ര സർക്കാർ ആശുപത്രികളുണ്ട്; ജില്ല തിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ലബോറട്ടറി പരിശോധനാ സൗകര്യം ഇല്ലാത്ത ആശുപത്രികളുടെ വിവരങ്ങൾ നൽകുമോ;

(സി) കൊല്ലം ജില്ലയിൽ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഉണ്ട്; പ്രസ്തുത കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം ഇല്ലാത്തവ ഏതെല്ലാം;

(ഡി) പ്രസ്തുത കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എട്ട് (8) സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യവകുപ്പിന് കീഴിലുള്ള മുന്നൂറ്റിയെൻപത് (380) സർക്കാർ ആശുപത്രികളിലും കിടത്തി ചികിത്സ ലഭ്യമാണ്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) എട്ട് മെഡിക്കൽ കോളേജുകളിലും ലബോറട്ടറി പരിശോധനാ സൗകര്യം ലഭ്യമാണ്. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ലാബ് സൗകര്യമില്ലാത്ത ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*

(സി) കൊല്ലം ജില്ലയിൽ 57 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. അതിൽ ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്ത മുപ്പത്തിമൂന്ന് പി.എച്ച്.സി.കൾ നിലവിലുണ്ട്. പി.എച്ച്.സി. ഇട്ടിവ, പേരയം, ഈസ്റ്റ് കല്ലട, തലവൂർ, കിളികൊല്ലൂർ, പെരിനാട്, മൺറോതുരുത്ത്, പട്ടാഴി, വടക്കേക്കര, തൃക്കോവിൽവട്ടം, തൃക്കരുവ, ഇരവിപുരം, മാങ്കോട്, പത്തനാപുരം, പി.എച്ച്.സി. ചവറ, ഏരൂർ, കുമ്മിൾ, അച്ചൻകോവിൽ, ചിറക്കര, എഴുകോൺ, എഴുകോൺ പവിത്രേശ്വരം, മേലില, കുന്നത്തൂർ, മൈലം, നെടുവത്തൂർ, പൂയപ്പള്ളി, എസ്.എൻ. പുരം, ശൂരനാട് സൗത്ത്, തലച്ചിറ, തഴവ, തൊടിയൂർ, വെസ്റ്റ് കല്ലട. ആശുപത്രി വികസനസമിതിയും പഞ്ചായത്തുമായി സഹകരിച്ച് എച്ച്.എം.എസി. ലാബുകൾ, നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ പി.എച്ച്.സി. പോരുവഴി, പി.എച്ച്.സി. ഉമ്മന്നൂർ, പി.എച്ച്.സി കെ.എസ്.പുരം എന്നിവിടങ്ങളിൽ നടന്നുവരുന്നു.

(ഡി) ജില്ലയിലെ ലബോറട്ടറി സംവിധാനം ഇല്ലാത്ത പി.എച്ച്.സി.-കളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വരുന്നു. ലാബ് ടെക്നീഷ്യന്മാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് 51852/എച്ച്2/2011 എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എട്ട് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

6 (2280) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗ നിർണ്ണയ - ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയൊരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിയാതിരുന്നതും എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ആലപ്പുഴയിൽ ആരംഭിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി വിപുലീകരിക്കുന്നതിനു കഴിയാതിരുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) വിവിധ രോഗ നിർണയത്തിനായി അന്യ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതും അതുവഴി രോഗ നിർണ്ണയം വൈകുന്നതും ഒഴിവാക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിൽ രണ്ടായിരാമാണ്ടിൽ പ്രവർത്തനം ആരംഭിച്ച കേരള സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് മതിയായ സാങ്കേതിക വിദഗ്ദ്ധരും നൂതന ഉപകരണങ്ങളും ഇല്ലാത്തതിനാൽ പ്രവർത്തനം വിപുലപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇപ്പോൾ അടിസ്ഥാന രോഗനിർണ്ണയവും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനവും പരിമിതമായ രീതിയിൽ നടന്നുവരികയാണ്. ഈ സ്ഥാപനം അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയൊരു ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ശിപാർശ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) നിലവിൽ വൈറസ് രോഗങ്ങൾ തിരിച്ചറിയുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഉള്ളതിനാൽ ചുരുക്കം ചില

പരിശോധനകൾക്ക് മാത്രമേ അന്യസംസ്ഥാനത്തെ ആശ്രയിക്കാറുള്ളൂ.

**പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി**

7 (2281) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കാസർഗോഡ് ജില്ലയിലെ പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകയുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; എന്റോസൽഫാൻ രോഗികൾ ഉൾപ്പെടെയുള്ളവർ ചികിത്സ തേടുന്ന ഈ സ്ഥാപനം ഈ വർഷം തന്നെ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ 50 കിടക്കകളോടുകൂടിയ പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനും പേവാർഡ്, മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും ആവശ്യമായ സ്ഥലം ലഭ്യമല്ല. ആയതിനാൽ ആശുപത്രി നിർമ്മിക്കുന്നതിനുവേണ്ടി ഹോസ്ദുർഗ്ഗ് താലൂക്കിൽ അഞ്ച് ഏക്കർ സർക്കാർ ഭൂമി അനുവദിച്ച് കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**നഴ്സുമാരുടെ ഒഴിവുകൾ**

8 (2282) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യവകുപ്പ് സ്റ്റാഫ് നഴ്സ് തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ്;

(ബി) ഇതുവരെ എത്ര വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു; എത്ര നിയമനങ്ങൾ നടക്കുകയുണ്ടായി;

(സി) ഉദ്യോഗക്കയറ്റം, റിട്ടയർമെന്റ്, ദീർഘകാല അവധി എന്നിങ്ങനെ ഉണ്ടായിട്ടുള്ള എത്ര ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യുവാനുണ്ട്;

(ഡി) തിരുവനന്തപുരം ജില്ലയിലെ വിവിധ ആശുപത്രികളിലും സി.എച്ച്.സി.കളിലും പി.എച്ച്.സി.-കളിലുമായി പുതുതായി എത്ര സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(ഇ) പുതുതായി സൃഷ്ടിച്ച എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പുതുതായി സൃഷ്ടിച്ച എത്ര സ്റ്റാഫ് നഴ്സ് ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 12-11-2013-ൽ

(ബി) 167 ഒഴിവുകൾ, 166 പേർക്ക് നിമയന ഉത്തരവ് നൽകുകയുണ്ടായി.

(സി) തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് -II-ൽനിന്നും സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ഉണ്ടാകുന്ന 19 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്. റിട്ടയർമെന്റ്, ദീർഘകാല അവധി എന്നിവ മുഖേനയുണ്ടായിട്ടുള്ള ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 147 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഇ) പുതുതായി സൃഷ്ടിച്ച ഒഴിവുകളിൽ സ.ഉ. (എം. എസ്) നമ്പർ. 27/2016/ ആ.കു.വ. തീയതി 02-02-2016 പ്രകാരം വലിയതുറ കോസ്റ്റൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അധികമായി സൃഷ്ടിച്ച അഞ്ച് ഒഴിവുകൾ ഒഴികെ മറ്റുള്ളതെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

**ബയോമെഡിക്കൽ വേസ്റ്റ്**

9 (2283) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ/സർക്കാർ ആശുപത്രികളിൽ നിന്നും പുറന്തള്ളപ്പെടുന്ന ബയോമെഡിക്കൽ വേസ്റ്റ് സുരക്ഷിതമായല്ല സംസ്കരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പി.എച്ച്.സി./സി.എച്ച്.സി.കളിൽ വേസ്റ്റ് സംസ്കരിക്കുന്ന സംവിധാനങ്ങൾ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ബയോമെഡിക്കൽ വേസ്റ്റുകൾ സുരക്ഷിതമായി സംസ്കരിക്കാത്തത് മാരക വ്യാധികൾക്ക് കാരണമായേക്കാവുന്നത് സംബന്ധിച്ചും അത് ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുവാനും മുൻകരുതലുകൾ എടുക്കുവാനും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. സംസ്ഥാനത്തെ 5702 സ്വകാര്യ/സർക്കാർ ആശുപത്രികളിൽ നിന്നും ബയോമെഡിക്കൽ വേസ്റ്റ് പൊതു ബയോ മെഡിക്കൽ സംസ്കരണ സംവിധാനമായ 'IMAGE' പാലക്കാട് വഴിയാണ് നിർമ്മാർജ്ജനം ചെയ്യുന്നത്. 'IMAGE'-ൽ ചേരാത്ത വൻകിട ആശുപത്രികളിൽ സ്വന്തം സംവിധാനം നിലവിലുണ്ട്. 23 പി.എച്ച്.സി.-കളും 100 സി.എച്ച്.സി.-കളും 'IMAGE' വഴി ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നു.

(സി) പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടില്ല.

**വിദ്യാർത്ഥികളുടെ ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുന്നതിനായി പദ്ധതികൾ**

10 (2284) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ;

(സി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുന്നതിനായി താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. വിദ്യാലയ ആരോഗ്യപദ്ധതി

2. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ)

3. ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി)

4. കൗമാര ആരോഗ്യ പദ്ധതി

(ബി) <u>വിദ്യാലയ ആരോഗ്യ പദ്ധതി</u> :

പദ്ധതികളുടെ നടത്തിപ്പിനായി എടുത്തിരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ച സ്കൂൾ ആരോഗ്യപദ്ധതിയുടെ നടത്തിപ്പിലേക്കായി പ്രത്യേകം നിയോഗിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സുമാരെ ആവശ്യാനുസൃതം നിയമിച്ചു.

2. നിയമിതരായ എല്ലാ സ്കൂൾ ഹെൽത്ത് നഴ്സുമാർക്കും അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന ഇൻഡക്ഷൻ പരിശീലനത്തിന് പുറമെ തുടർ പരിശീലനങ്ങളും നൽകിവരുന്നു.

3. കൂടാതെ ആരോഗ്യവകുപ്പിലെ ജെ.പി.എച്ച്.എൻ, മെഡിക്കൽ ഓഫീസർമാർ, ജെ.എച്ച്.ഐ, അദ്ധ്യാപകർ, പ്രധാനാദ്ധ്യാപകർ എന്നിവർക്ക് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനെ സംബന്ധിച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

4. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഹെൽത്ത് റെക്കാർഡുകൾ ഹെൽത്ത് രജിസ്റ്ററുകൾ, ആരോഗ്യ വിദ്യാഭ്യാസ പോസ്റ്ററുകൾ, വൈദ്യ പരിശോധനയ്ക്കായി പരിശോധനാകിറ്റുകൾ മുതലായവ ലഭ്യമാക്കിയിട്ടുണ്ട്.

**രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK)**

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) എന്ന കേന്ദ്രസർക്കാർ പദ്ധതി 2013 അവസാനത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങി. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പദ്ധതിക്കാവശ്യമായ തുക ദേശീയ ആരോഗ്യ ദൗത്യം വഴി ലഭ്യമാക്കുകയും പദ്ധതി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പുകളുടെ സഹായസഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി കേന്ദ്ര ഗവൺമെന്റ് വിശദമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ

വിവിധ വശങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന സമഗ്രമായ മാർഗ്ഗനിർദ്ദേശം 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാന ആരോഗ്യ കേരളം മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനം ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കാര്യക്ഷമമായി നടന്നുവരുന്നു.

20-5-2013-ലെ സ.ഉ.(എം.എസ്.)നമ്പർ 178/2013/ ആ.കു.വപ്രകാരം ആരോഗ്യകിരണം പദ്ധതി നിലവിൽവന്നു. തുടർന്ന് പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന ആരോഗ്യമിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യകിരണം പദ്ധതിക്കാവശ്യമായി വരുന്ന തുക, അതാത് സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും തുക പൂർണ്ണമായും ലഭ്യമാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികൾ മുഖേനയും ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മുഖേനയുമാണ് സൗജന്യ ചികിത്സ മുഖ്യമായും നൽകിവരുന്നത്.

## ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി)

18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾക്ക് സമ്പൂർണ്ണ സൗജന്യചികിത്സ ലഭ്യമാക്കുന്ന ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഡി.ഇ.ഐ.സി. (ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ) പ്രവർത്തനസജ്ജമായി. ആർ.ബി.എസ്.കെ പദ്ധതിയുടെ ഭാഗമാണ് ഡി.ഇ.ഐ.സി.. കേരളത്തിൽ എല്ലാജില്ലകളിലും ഡി.ഇ.ഐ.സി.യുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലേയും ജില്ലാതല ആശുപത്രികളിൽ ഡി.ഇ.ഐ.സി. ആരംഭിച്ചു.

പീഡിയാട്രീഷ്യൻ, മെഡിക്കൽ ഓഫീസർ, ഡെന്റിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ഓപ്റ്റോമെട്രിസ്റ്റ്, ഓഡിയോളജിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരെ കൂടാതെ ഡി.ഇ.ഐ.സി. മാനേജർ, സ്റ്റാഫ് നഴ്സ് എന്നിവരാണ് ഡി.ഇ.ഐ.സി.-യിൽ സേവനം അനുഷ്ഠിക്കുന്നത്. ഈ ആരോഗ്യസ്ഥാപനം കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയെയും വികാസത്തെയും സംബന്ധിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിച്ച് സമയോചിതമായി വിവിധതരം ഇടപെടലുകൾ നടത്തുന്നു.

## കൗമാര ആരോഗ്യ പദ്ധതി

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായിട്ടുള്ള കൗമാര ആരോഗ്യ പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാതലത്തിൽ പദ്ധതിയുടെ ജില്ലാ

കോ-ഓർഡിനേറ്റർമാർ അതാത് ജില്ലകളിൽ ഡി.എം.ഒ., ഡി.പി.എം., ആർ.സി.എച്ച്.ഒ. എന്നിവരുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന തലത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി ആരോഗ്യവകുപ്പ് ഡയറക്ടറുടെയും സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെയും കീഴിൽ സംസ്ഥാന നോഡൽ ഓഫീസർ പ്രവർത്തിച്ചുവരുന്നു. ഈ നോഡൽ ഓഫീസറുടെ കീഴിലായി രണ്ട് ജൂനിയർ കൺസൾട്ടന്റുമാരും പ്രവർത്തിക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായിട്ടുള്ള കൗമാര ആരോഗ്യ ക്ലിനിക്കുകൾ ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്നതോടൊപ്പം പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ബ്ലോക്ക് തലത്തിൽ വരെ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലിനിക്കുകൾ വഴി കൗമാരക്കാർക്ക് ക്ലിനിക്കൽ, കൗൺസിലിംഗ്, റഫറൽ എന്നീ സേവനങ്ങൾ നൽകിവരുന്നു. കൗമാര പോഷണ പരിപാടിയുടെ ഭാഗമായി കൗമാരക്കാർക്കിടയിലെ വിളർച്ച തടയുന്നതിനുവേണ്ടി പ്രതിവാര അയൺ ഫോളിക് ആസിഡ് പരിപാടി നടത്തിവരുന്നു. ഇതിലൂടെ ആറാം ക്ലാസ്സുമുതൽ പന്ത്രണ്ടാംക്ലാസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അതോടൊപ്പം അംഗൻവാടികളിലൂടെ സ്കൂളുകളിൽ പോകാത്ത കൗമാര പെൺകുട്ടികൾക്കും ഗുളികകൾ നൽകുന്നു. ഇതുകൂടാതെ ആർത്തവ ശുചിത്വപദ്ധതിയുടെ ഭാഗമായി ഏഴ് ജില്ലകളിലെ (കോട്ടയം, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ്) കൗമാര പെൺകുട്ടികൾക്ക് കുറഞ്ഞ ചെലവിൽ സാനിറ്ററി നാപ്കിനുകളും വിതരണം ചെയ്യുന്നു. ഇതിനുപരിയായി രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യകാര്യക്രം എന്ന പേരിൽ വിപുലീകരിച്ച പദ്ധതി സമൂഹതലത്തിൽ കൂടുതൽ കൗമാരക്കാർക്ക് സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പിയർ എഡ്യൂക്കേഷൻ പ്രോഗ്രാം, കൗമാര ആരോഗ്യദിനം എന്നീ ഘടകങ്ങൾ ആവിഷ്കരിച്ച് വരുന്നു. ഇതിനുപുറമെ കേരളത്തിലൊട്ടാകെയുള്ള കൗമാരക്കാർക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രശ്നനിവാരണ/ടെലി കൗൺസിലിംഗ് ദിശ 1056 എന്ന ഹെൽപ്പ് ലൈൻ വഴി സംയോജിച്ച് നടത്തുന്നു.

(സി) വിദ്യാലയ ആരോഗ്യപദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. കുട്ടികളിൽ സർവ്വസാധാരണയായി കാണുന്ന അസുഖങ്ങൾ കാലേക്കൂട്ടി കണ്ടുപിടിച്ച് ചികിത്സിപ്പിക്കുക.

2. കുട്ടികളിൽ  കാണുന്ന മാനസികപ്രശ്നങ്ങളിൽ സംയോജിതമായി ഇടപെട്ട് അവരുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക.

3. വിവിധ ആരോഗ്യവിദ്യാഭ്യാസ പ്രവർത്തനങ്ങൾ വഴി തങ്ങളുടെ ആരോഗ്യം കാത്ത് സൂക്ഷിച്ച് മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുന്നതിനും ഇതുവഴി ആരോഗ്യസംബന്ധിയായ കാര്യങ്ങളിൽ ബുദ്ധിപൂർവ്വമായ തീരുമാനങ്ങളെടുക്കാൻ പ്രാപ്തരാക്കുക.

2014-15 കാലയളവിൽ സ്കൂൾ ആരോഗ്യപദ്ധതി രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം എന്ന പദ്ധതിയായി രൂപാന്തരപ്പെട്ടു.

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ താഴെചേർക്കുന്നു.

<u>വിദഗ്ധ സ്ക്രീനിംഗ്/പരിശോധന</u> :

1. നവജാതശിശുക്കളെ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ആരോഗ്യപ്രവർത്തകർ സ്ക്രീൻ ചെയ്യുന്നു.

2. 6  ആഴ്ച വരെ പ്രായമായ കുഞ്ഞുങ്ങളെ വീടുകളിൽ സന്ദർശനം നടത്തുന്ന ജെ.പി.എച്ച്.എൻ/ജെ.എച്ച്.ഐ., ആശാപ്രവർത്തകർ എന്നിവർ സ്ക്രീനിംഗ് നടത്തുന്നു.

3. ആറ് ആഴ്ചമുതൽ പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികളെ അംഗൻവാടിയിൽവച്ച് (അംഗൻവാടി വർക്കേഴ്സിന്റെ സഹായത്തോടെ) പരിശോധനയും സ്കൂൾ കുട്ടികളെ സ്കൂൾ ഹെൽത്ത് നഴ്സുമാരും പരിശോധിക്കുന്നു.
<u>റഫറൽ</u> :

ആരോഗ്യപ്രശ്നത്തിന്റെ സ്വഭാവമനുസരിച്ച് പൊതുജനാരോഗ്യ കേന്ദ്രങ്ങളിലേക്കും ജില്ലാതല ആശുപത്രികളിൽ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകളിലേക്കും അസുഖത്തിന്റെ സ്ഥിരീകരണത്തിനും തുടർ ചികിത്സയ്ക്കുമായി റഫർ ചെയ്യുന്നു. കൂടാതെ ഈ കേന്ദ്രങ്ങളിൽ നിന്നും ആവശ്യമെങ്കിൽ വിദഗ്ധ ചികിത്സാ കേന്ദ്രങ്ങളിലേക്കും റഫർ ചെയ്യുന്നു.

<u>ചികിത്സയും പരിചരണവും</u> :

1. ശസ്ത്രക്രിയ ഉൾപ്പെടെ എല്ലാ ചികിത്സാ സേവനങ്ങളും(30 അസുഖങ്ങൾക്കുള്ള) സർക്കാർ ആശുപത്രികൾ വഴി പൂർണ്ണമായും സൗജന്യമാണ്.

2. ആർ.ബി.എസ്.കെ. പദ്ധതി നടപ്പിലാക്കിയതോടെ സംസ്ഥാനത്ത് വിദ്യാലയ

ആരോഗ്യപദ്ധതിക്ക് വിപുലമായ ഒരു പുതിയ മാനം കൈവരിക്കുകയാണ്.

3. 27 കോടി കുട്ടികളെ ഈ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി നടപ്പിലാക്കിയിരിക്കുന്ന ആർ.ബി.എസ്.കെ. പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

4. ഡി.ഇ.ഐ.സി (ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ)-യുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

5. പ്രധാനപ്പെട്ട ഒരു ജില്ലാതല ആരോഗ്യകേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള ഡി.ഇ.ഐ.സി-യിൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കുകയും സമാന മാർഗ്ഗത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ ആരോഗ്യ പദ്ധതികളുടെയും മറ്റ് സേവനങ്ങളുടെയും ഒരു ജില്ലാതല കേന്ദ്രമായി ഡി.ഇ.ഐ.സി.-കൾ പ്രവർത്തിച്ചുവരുന്നു.

6. ആരോഗ്യപ്രശ്നങ്ങളുടെ സ്ഥിരീകരണം, ചികിത്സാ വിവരശേഖരണം എന്നിവയും ഡി.ഇ.ഐ.സി. -യുടെ ചുമതലയാണ്.

7. വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളും വൈകല്യങ്ങളുമുള്ള ജനനം മുതൽ പതിനെട്ട് വയസ്സുവരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനുള്ള സ്ഥാപനമാണ് ഡി.ഇ.ഐ.സി. ഹോസ്പിറ്റലിൽനിന്നും റഫർ ചെയ്യുന്ന ഇത്തരം പ്രശ്നങ്ങളുള്ള കുഞ്ഞുങ്ങളെ വേണ്ട ചികിത്സ നൽകി പരിചരിക്കുന്നു. ഈ കുഞ്ഞുങ്ങളെ തുടർനിരീക്ഷണത്തിന് വിധേയമാക്കുന്നു. ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ഹെൽത്ത് സെന്ററിലേക്ക് റഫർ ചെയ്യുന്നു. അംഗൻവാടികളിൽനിന്നും സ്കൂളുകളിൽ നിന്നും സ്കൂൾ ഹെൽത്ത് നഴ്സുമാർ, അംഗൻവാടി ടീച്ചർമാർ, ആശാപ്രവർത്തകർ മുതലായവർ കണ്ടെത്തുന്ന ഇത്തരം പ്രശ്നങ്ങളുള്ള കുട്ടികൾക്ക് വേണ്ട തുടർചികിത്സയും നൽകുന്നു.

കൗമാര ആരോഗ്യപദ്ധതിയുടെ പ്രധാന ഉദ്ദ്യേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

<u>കൗമാര സൗഹൃദ ആരോഗ്യ ക്ലിനിക്കുകൾ</u>

എല്ലാ ജില്ലകളിലെയും ജില്ലാതല ആശുപത്രിയിൽ പ്രവർത്തനം നടത്തി

ക്കൊണ്ടിരിക്കുന്ന ക്ലിനിക്കുകൾ, കൗമാരക്കാർക്ക് സമഗ്രവും കേന്ദ്രീകൃതവുമായ സേവനങ്ങൾ നൽകുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്നു.

പ്രതിവാര അയൺഫോളിക് ആസിഡ് പോഷണ പരിപാടി

ആറാം ക്ലാസ്സ് മുതൽ പന്ത്രണ്ടാംക്ലാസ്സുവരെയുള്ള സ്കൂൾ കുട്ടികൾക്ക് സ്കൂൾ മുഖേനയും സ്കൂളിൽ പോകാത്ത കൗമാര പെൺകുട്ടികൾക്ക് അംഗൻവാടികൾ വഴിയും ആഴ്ചതോറും ഒരു അയൺഫോളിക് ആസിഡ് ഗുളിക ലഭ്യമാക്കുന്ന ഈ പദ്ധതിയുടെ ലക്ഷ്യം കൗമാരക്കാരിൽ കൂടുതലായി കണ്ടുവരുന്ന വിളർച്ചയെ തടയുകയെന്നതാണ്.

ആർത്തവ ശുചിത്വ പദ്ധതി

കേരളത്തിലെ ഏഴ് ജില്ലകളിൽ (കോട്ടയം, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ്) നടത്തിക്കൊണ്ടിരിക്കുന്ന ഈ പദ്ധതിയിലൂടെ കൗമാര പെൺകുട്ടികൾക്ക് സാനിറ്ററി നാപ്കിനുകൾ വിതരണം ചെയ്യുന്നു. ഈ പദ്ധതിയിലൂടെ ആർത്തവ ശുചിത്വവും പ്രജനനാരോഗ്യവും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നു.

രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം (ആർകെഎസ് കെ)

ഈ പദ്ധതിയിലൂടെ ആദ്യപടിയായി പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ മാത്രം ജില്ലാതലത്തിൽ നൽകിക്കൊണ്ടിരിക്കുന്ന കൗമാര ക്ലിനിക്കിന്റെ സേവനങ്ങൾ ബ്ലോക്കുതലത്തിലേക്കും വ്യാപിപ്പിച്ചുകഴിഞ്ഞു. അതോടൊപ്പം ഈ പദ്ധതിയുടെ തന്നെ ഭാഗമായ പിയർ എഡ്യൂക്കേഷൻ എന്ന പദ്ധതിയിലൂടെ കൗമാരക്കാരായ സ്കൂൾ കുട്ടികൾക്ക് ആരോഗ്യത്തെപ്പറ്റിയും ആരോഗ്യപരമായ ശീലങ്ങളെപ്പറ്റിയും ഉള്ള അവബോധം സൃഷ്ടിക്കുന്നതിനും ശ്രമിക്കുന്നു.

**ഗ്രാമീണാരോഗ്യമേഖലയിലെ സ്പെഷ്യലിസ്റ്റ് ഒഴിവുകൾ**

11 (2285) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ നിർബന്ധിത ആരോഗ്യ സേവന വ്യവസ്ഥ ഒഴിവാക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഗ്രാമീണാരോഗ്യമേഖലയിൽ 896 സ്പെഷ്യലിസ്റ്റുകൾ വേണ്ടിടത്ത് വെറും 36 പേർ മാത്രമാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാരിന്റെ അനാസ്ഥ കൊണ്ട് ഗ്രാമീണാരോഗ്യ മേഖല നിശ്ചലമാകാനിടയായതു മൂലം ഗ്രാമീണ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ നിർബന്ധിത ഗ്രാമീണ സേവനത്തിനുപകരം സ്വമേധയായുള്ള ഗ്രാമീണസേവനം കൊണ്ടുവരികയാണ് ഈ സർക്കാർ ചെയ്തത്. ഹൗസ് സർജൻസി കഴിഞ്ഞ ഡോക്ടർമാരുടെ നിരന്തരമായ പരാതികളും നിവേദനങ്ങളും പരിഗണിച്ചാണ് സർക്കാർ ഇത് നടപ്പാക്കിയത്.

(ബി) ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ആണ് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമീണ മേഖലയിലുള്ള ചില സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഗ്രാമീണമേഖലയിൽ കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) സർക്കാരിന്റെ അനാസ്ഥമൂലം ഗ്രാമീണാരോഗ്യ മേഖല നിശ്ചലമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്രാമീണാരോഗ്യമേഖലയിൽ പി.എച്ച്.സി-കളും സി.എച്ച്.സി-കളും പ്രവർത്തിച്ചുവരുന്നുണ്ട്. പരിമിതമായ സ്പെഷ്യാലിറ്റി സൗകര്യ ങ്ങളുടെ അഭാവമുള്ളയിടങ്ങളിൽ താലൂക്ക്-ജില്ലാ ആശുപത്രികളിലേക്ക് രോഗികളെ റഫർ ചെയ്യാറുണ്ട്. കൂടാതെ സബ്സെന്ററുകളിൽ എല്ലാ ആഴ്ചയും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകളും (NCD) പ്രവർത്തിച്ചുവരുന്നുണ്ട്. വിവിധ ആരോഗ്യ പദ്ധതികളും ഗ്രാമീണമേഖലയിൽ ആരോഗ്യപ്രവർത്തകർ വഴി നടപ്പിലാക്കിവരുന്നുണ്ട്.

**സിക വൈറസ്-മുൻകരുതലുകൾ**

12 (2286) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക വൈറസ് കേരള സംസ്ഥാനത്ത് എത്തിപ്പെടാതിരിക്കാൻ ആരോഗ്യ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളും മുൻകരുതലുകളും, പ്രസ്തുത രോഗപരിശോധനാ നടപടികളും എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വേണ്ട ജാഗ്രത/ചികിത്സാ സൗകര്യം/ പരിശോധാനാ സൗകര്യം/കൊതുക നശീകരണം/ജനങ്ങളെ ബോധവത്കരിക്കൽ എന്നിവ ഓരോന്നിനുമായി വകുപ്പ് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) ഡെങ്കി, ചിക്കുൻഗുനിയ, ജപ്പാൻജ്വരം എന്നീ ഈഡിസ് കൊതുക

പരത്തുന്ന രോഗങ്ങൾക്ക് വിധേയരായി നാളിതുവരെ സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിയവർ എത്ര; മരണപ്പെട്ടവർ എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സിക വൈറസ് രോഗം നാളിതുവരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും രോഗം കേരളത്തിലെത്താൻ സാധ്യത വിമാനമാർഗ്ഗവും കപ്പൽ മാർഗ്ഗവുമായതിനാൽ മുൻകരുതലായി സംസ്ഥാനത്തെ മൂന്ന് അന്തർദേശീയ വിമാനത്താവളങ്ങളിലെയും തുറമുഖ വകുപ്പ് അധികൃതരുമായി ആരോഗ്യവകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നതാണ്. ഇതുവഴി യാത്രക്കാരെയും സാങ്കേതിക ജീവനക്കാരെയും സ്ക്രീനിംഗിന് വിധേയമാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. രോഗബാധിത രാജ്യങ്ങളിൽ നിന്നും എത്തുന്ന സംശയമുള്ള വ്യക്തികളെ ആവശ്യമായ പരിശോധനകൾക്കും നിരീക്ഷണത്തിനും സംവിധാനങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. രക്തപരിശോധന ആവശ്യമാകുന്ന സാഹചര്യത്തിൽ രക്തസാമ്പിളുകൾ ഡൽഹിയിലെ എൻ.സി.ഡി.സി.-യിലേക്ക് അയച്ച് പരിശോധിക്കുന്നതാണ്.

സികരോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായതിനാൽ മറ്റ് വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനി പോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ്). ജനങ്ങൾക്ക് സിക രോഗത്തെപ്പറ്റിയുള്ള ബോധവത്ക്കരണത്തിനായി പത്രക്കുറിപ്പുകൾ, ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ-ടി.വി.-പത്രപരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കി

വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ആരോഗ്യ വകുപ്പുമന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും അടിയന്തര യോഗങ്ങൾ കൂടി തീരുമാന ങ്ങളെടുത്തു. എല്ലാ ജില്ലകളിലുമുള്ള ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് സിക വൈറസ് രോഗം സംബന്ധിച്ച് കേന്ദ്ര ആരോഗ്യ വകുപ്പിൽനിന്നും ലഭിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, സംയോജിത കൊതുകുനിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ നൽകി. ഇതനുസരിച്ച് ജില്ലകളിൽ രോഗനിരീക്ഷണം, കൊതുകു നിരീക്ഷണം, ഉറവിട നശീകരണം, ഫോഗിംഗ്, ബോധവത്ക്കരണം തുടങ്ങിയവ നടത്തിവരുന്നു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾവഴി വിമാനത്താവളം, തുറമുഖം എന്നിവ കേന്ദ്രീകരിച്ച് ദിവസേന കൊതുകുനിരീക്ഷണവും നശീകരണവും നടത്തി വരുന്നുണ്ട്. പരിശോധനകൾ വിമാനത്താവളങ്ങളിലും നിർദ്ദിഷ്ട ആശുപത്രികളിലും നടത്താൻ നിർദ്ദേശം നൽകി. സ്ഥിരീകരണം, എൻ.ഐ.വി. (പൂന), എൻ.സി.ഡി.സി. (ഡൽഹി) എന്നിവിടങ്ങളിൽ നടത്താൻ സാധിക്കും. ജനങ്ങൾക്ക് ബോധവത്ക്കരണം ആരോഗ്യകേന്ദ്രങ്ങളിൽ കൂടി നൽകുന്നു. പത്രവാർത്തകളും, ടി.വി, റേഡിയോ വഴിയുള്ള ബോധവത്ക്കരണവും നടത്തുന്നു.

(സി) ജപ്പാൻജ്വരം ഈഡിസ് കൊതുകല്ല പരത്തുന്നത്. ഡെങ്കിപ്പനി 2015-ൽ 4113 പേരെയും ഈ സർക്കാർ നിലവിൽ വന്നശേഷം 20340 പേരെയും ബാധിച്ചു. ഇതുമൂലം 2015-ൽ 29 പേർ ഉൾപ്പെടെ ആകെ 96 പേർ മരിച്ചു. ചിക്കുൻഗുനിയ 2015-ൽ 152 പേരെയും ഈ സർക്കാർ നിലവിൽ വന്നശേഷം 807 പേരെയും ബാധിച്ചു. ഇതുമൂലം ആരും മരിച്ചിട്ടില്ല. ജപ്പാൻജ്വരം ഈ സർക്കാർ നിലവിൽവന്നശേഷം 40 പേരെ ബാധിച്ചു. ഇതുമൂലം 5 പേർ മരിച്ചു.

## എനർജി ഡ്രിങ്കുകളുടെ പരിശോധന

13 (T*2287) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) 'എനർജി ഡ്രിങ്കുകൾ' എന്ന പേരിൽ വിപണനം ചെയ്യുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിന് മുമ്പ് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നത് ;

(ബി) ഇത്തരം എനർജി ഡ്രിങ്കുകളിൽ ആരോഗ്യത്തിന് ദോഷകരമായ പദാർത്ഥങ്ങളും അളവിൽ കൂടുതൽ കഫീനിന്റെ സാന്നിദ്ധ്യവുമുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉൽപാദിപ്പിക്കുന്നതും വിപണനം ചെയ്യുന്നതുമായ എല്ലാ എനർജി ഡ്രിങ്കുകളും ആവശ്യമായ പരിശോധനകൾ നടത്തിയ ശേഷം വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) എനർജി ഡ്രിങ്കുകളെന്ന പേരിൽ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് മുമ്പ് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രോഡക്ട് അപ്രൂവൽ ആവശ്യമാണ്. എനർജി ഡ്രിങ്കുകൾ ഉൾപ്പെടെ എല്ലാത്തരം ഭക്ഷ്യഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്നതിനായി ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കേണ്ടതാണ്. സംസ്ഥാനത്ത് ലഭ്യമാകുന്ന എനർജി ഡ്രിങ്കുകളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. നിശ്ചിത നിലവാരമില്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് നടപടി സ്വീകരിക്കാറുണ്ട്. എനർജി ഡ്രിങ്കുകൾക്ക് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് പ്രകാരമുള്ള സ്റ്റാന്റേർഡ് നിശ്ചയിച്ചിട്ടില്ല. ഇത്തരം ഭക്ഷ്യവസ്തുക്കൾ പ്രൊപ്രൈറ്ററി ഫുഡ് ആയതിനാൽ അനുവദനീയമല്ലാത്ത നിറങ്ങളോ കൃത്രിമ മധുരപദാർത്ഥങ്ങളോ ചേർത്തിട്ടുണ്ടോ എന്നും കൂടാതെ മൈക്രോബയോളജി പരിശോധനയും കഫീന്റെ സാന്നിദ്ധ്യവും പരിശോധിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിക്കാനുള്ള അധികാരം ഭക്ഷ്യസുരക്ഷാനിയമപ്രകാരം കേന്ദ്രസർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

**'പി.എം.എസ്.എസ്.വൈ. പദ്ധതി'**

14 (2288) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി സ്വസ്ഥീയ സുരക്ഷാ യോജന (പി.എം.എസ്.എസ്.വൈ)-യിൽ

ഉൾപ്പെടുത്തി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിന് എന്ത് തുകയുടെ എന്തെല്ലാം പദ്ധതിയാണ് നടപ്പാക്കിയതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പി.എം.എസ്.എസ്.വൈ. (2210-05-105-19) 2008-09 സാമ്പത്തികവർഷം മുതൽ സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ച് തുടങ്ങി.

2008-09 - 50,00,000

2009-10 - 1,50,00,000

2010-11 - 4,00,00,000

ആകെ - 6,00,00,000 (ആറ്കോടിരൂപ എൽ.ഡി.എഫ്.സർക്കാരിന്റെ കാലഘട്ടം)

2011-12 - 3,50,00,000

<u>ചെലവായത്</u>

| | | |
|---|---|---|
| 2012-13 | -6,00,00,000 | (5,95,62,791) |
| 2013-14 | -5,00,00,000 | (4,99,98,949) |
| 2014-15 | -6,00,00,000 | (3,84,49,658) |
| 2015-16 | -10,00,00,000 | (5,68,78,305+ക്ലെയിംസ് 73,72,002) |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിന് അനുവദിച്ച തുകയും ചെലവാക്കിയ തുകയും അനുബന്ധം- 1 ആയി ചേർത്തിരിക്കുന്നു*.

## സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ

15 (2289) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സി.എച്ച്.സി കളിലെ സ്റ്റാഫ് പാറ്റേൺ എപ്രകാരമാണ്; ഈ സർക്കാർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അധികാരത്തിൽ വന്നതിനു ശേഷം സി.എച്ച്.സി -കൾക്കായി എത്ര സ്റ്റാഫിനെ ഏതെല്ലാം തസ്തികയിൽ നിയമിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

6-11-2008-ലെ സ.ഉ. (എം.എസ്.) നമ്പർ 568/2008/ആ.കു.വ. പ്രകാരമാണ് സി.എച്ച്.സി.കളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.എച്ച്.സി-കൾക്കായി അനുവദിച്ച തസ്തികകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**സിക വൈറസ്**

16 (2290) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള ഭീഷണിയായിക്കൊണ്ടിരിക്കുന്ന സിക വൈറസ് അതിവേഗത്തിൽ പടർന്ന് പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) സിക വൈറസ് പ്രതിരോധത്തിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിക വൈറസ് രോഗം നാളിതുവരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും രോഗം കേരളത്തിലെത്താൻ സാധ്യത വിമാനമാർഗ്ഗവും കപ്പൽ മാർഗ്ഗവുമായതിനാൽ മുൻകരുതലായി സംസ്ഥാനത്തെ മൂന്ന് അന്തർദേശീയ വിമാനത്താവളങ്ങളിലെയും തുറമുഖ വകുപ്പ് അധികൃതരുമായി ആരോഗ്യവകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നതാണ്. ഇതുവഴി യാത്രക്കാരെയും സാങ്കേതിക ജീവനക്കാരെയും സ്ക്രീനിംഗിന് വിധേയമാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. രോഗബാധിത രാജ്യങ്ങളിൽനിന്നും എത്തുന്ന സംശയമുള്ള വ്യക്തികളെ ആവശ്യമായ പരിശോധനകൾക്കും നിരീക്ഷണത്തിനും വിധേയമാക്കുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. രക്തപരിശോധന ആവശ്യമാകുന്ന സാഹചര്യത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രക്തസാമ്പിളുകൾ ഡൽഹിയിലെ എൻ.സി.ഡി.സി.-യിലേക്ക് അയച്ച് പരിശോധിക്കുന്നതാണ്.

(സി) സിക രോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായ തിനാൽ മറ്റ് വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനി പോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽകോളേജ്). ജനങ്ങൾക്ക് സിക രോഗത്തെപ്പറ്റിയുള്ള ബോധവത്ക്കരണത്തിനായി പത്രക്കുറിപ്പുകൾ, ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ-ടി.വി.-പത്രപ്പരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കി വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**സിക വൈറസ് പ്രതിരോധം**

17 (2291) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക വൈറസ് പടരുന്നതു തടയാൻ കേരളത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സിക വൈറസ് പരത്തുന്ന ഈഡിസ് കൊതുകിന്റെ അമിതമായ സാന്ദ്രത കണ്ടെത്തി കൊതുക നിർമ്മാർജ്ജനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലേയും തമിഴ് നാട്ടിലേയും വിമാനത്താവളങ്ങളിൽ പരിശോധന ഊർജ്ജിതപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സിക വൈറസ് രോഗം നാളിതുവരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും രോഗം കേരളത്തിലെത്താൻ സാധ്യത വിമാനമാർഗ്ഗവും കപ്പൽ മാർഗ്ഗവുമായതിനാൽ മുൻകരുതലായി സംസ്ഥാനത്തെ മൂന്ന് അന്തർദേശീയ വിമാനത്താവളങ്ങളിലെയും തുറമുഖ വകുപ്പ് അധികൃതരുമായി ആരോഗ്യവകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നതാണ്. ഇതുവഴി യാത്രക്കാരെയും സാങ്കേതിക ജീവനക്കാരെയും സ്ക്രീനിംഗിന് വിധേയമാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. രോഗബാധിത രാജ്യങ്ങളിൽ നിന്നും എത്തുന്ന സംശയമുള്ള വ്യക്തികളെ ആവശ്യമായ പരിശോധനകൾക്കും നിരീക്ഷണത്തിനും സംവിധാനങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. രക്തപരിശോധന ആവശ്യമാകുന്ന സാഹചര്യത്തിൽ രക്തസാമ്പിളുകൾ ഡൽഹിയിലെ എൻ.സി.ഡി.സി.-യിലേക്ക് അയച്ച് പരിശോധിക്കുന്നതാണ്.

(ബി) ഈഡിസ് കൊതുകിന്റെ സാന്ദ്രത കണ്ടെത്തി കൊതുകുനശീകരണം നടത്തുന്നതിന് നടപടി എടുക്കുവാൻ എല്ലാ ജില്ലകളിലുമുള്ള ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ജില്ലാ മലേറിയ ആഫീസർമാർക്കും നിർദ്ദേശം നൽകി. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ വഴി വിമാനത്താവളം, തുറമുഖം എന്നിവ കേന്ദ്രീകരിച്ച് ദിവസേന കൊതുകുനശീകരണവും നടത്തിവരുന്നുണ്ട്. ഉറവിട നശീകരണം, ഫോഗിംഗ്, ബോധവത്ക്കരണം തുടങ്ങിയവ നടത്തിവരുന്നു. ഓരോ ആരോഗ്യകേന്ദ്രത്തിലും പ്രതിവാര കൊതുക് നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങളും നടക്കുന്നു.

(സി) ലഭിച്ചിട്ടുണ്ട്. സിക രോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായതിനാൽ മറ്റ് വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനി പോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ്). ജനങ്ങൾക്ക് സിക രോഗത്തെപ്പറ്റിയുള്ള ബോധവത്ക്കരണത്തിനായി

പത്രക്കുറിപ്പുകൾ, ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ-ടി.വി.-പത്രപ്പരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കി വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്റ്റർ കൺട്രോൾ യൂണിറ്റ് എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**സിക വൈറസിനെതിരെ മുൻകരുതൽ**

18 (2292) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക വൈറസ് ബാധിതരുടെ എണ്ണം വർദ്ധിക്കുന്നതിനാൽ ജാഗ്രത പാലിക്കണമെന്ന ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു മുൻകരുതൽ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിക രോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായതിനാൽ മറ്റ് വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനി പോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ്). ജനങ്ങൾക്ക് സിക രോഗത്തെപ്പറ്റിയുള്ള ബോധവത്കരണത്തിനായി പത്രക്കുറിപ്പുകൾ, ആരോഗ്യവകുപ്പിന്റെ വെബ് സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ-ടി.വി.- പത്രപ്പരസ്യങ്ങൾ, ലേഖനങ്ങൾ

എന്നിവ തയ്യാറാക്കിവരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ലാബ് പരിശോധനാ സൗകര്യം**

19 (2293) ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. പി. തിലോത്തമൻ
ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാബ് പരിശോധനാ സൗകര്യങ്ങളില്ലാത്ത ആശുപത്രികളുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര വീതം;

(ബി) ലാബ്പരിശോധനാ സൗകര്യങ്ങളില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുമുണ്ടോ; എങ്കിൽ ഓരോ വിഭാഗത്തിലും ഓരോ ജില്ലയിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) ആശുപത്രികൾ ഉൾപ്പെടെ ആവശ്യമായ എല്ലായിടങ്ങളിലും പരിശോധനാ ലാബുകൾ ആരംഭിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ എത്തുന്നരോഗികളിൽ എത്ര ശതമാനം സ്വകാര്യ ലാബുകളെ ആശ്രയിക്കുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും ലബോറട്ടറി സംവിധാനം ലഭ്യമാണ്. എന്നാൽ എല്ലാ പ്രാഥമിക/ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ലബോറട്ടറി സംവിധാനം ലഭ്യമായിട്ടില്ല. ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന നടപ്പിലാക്കിവരുന്നു.

**കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി**

20 (2294) ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ൽ നിയമിതനായ എക്സ്ക്യൂട്ടീവ് എഞ്ചിനീയർ ഏത് സ്ഥാപനത്തിൽ നിന്നും വന്നതാണെന്നും എന്നാണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ൽ ജോയിൻ ചെയ്തതെന്നും ഈ തസ്തികയുടെ സ്കെയിൽ-

ഓഫ്-പേ എത്രയാണെന്നും വ്യക്തമാക്കാമോ; ഇത്തരത്തിൽ സ്ഥാപനത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ഡെപ്യൂട്ടേഷൻ ജീവനക്കാരേ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 58 വയസ്സ് കഴിഞ്ഞവരും മറ്റ് സ്ഥാപനത്തിൽ നിന്നും റിട്ടയർ ചെയ്ത ശേഷം വരുന്നതുമായ ഉദ്യോഗസ്ഥരിൽ നിന്നും ഈ സ്ഥാപനത്തിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ തിരിച്ചുപിടിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്; ഇല്ലെങ്കിൽ ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സ്ഥാപനത്തിൽ 2010 ജൂൺ മാസത്തിന് ശേഷം സ്ഥിരമായി ഏതെങ്കിലും തസ്തികയിൽ നിയമനം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ നിയമനം ലഭിച്ചവരുടെ വിദ്യാഭ്യാസ യോഗ്യതയും സ്കെയിൽ-ഓഫ്-പേയും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കാമോ; ഇതിന്റെ രേഖ മേശപ്പുറത്ത് വയ്ക്കാമോ; 20 വർഷവും അതിൽ താഴെയും കാലയളവിൽ ജോലി ചെയ്തു വരുന്ന ദിവസവേതനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കെ.എച്ച്.ആർ.ഡബ്ല്യു.എസ് ൽ സർക്കാർ ജീവനക്കാർക്ക് മൂന്നു വർഷത്തിലൊരിക്കൽ സ്ഥലം മാറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഈ രീതിയിൽ ആർക്കെങ്കിലും സ്ഥലംമാറ്റം നൽകിയിരുന്നോ; വിശദവിവരം നൽകുക;

(ഇ) ഈ സ്ഥാപനത്തിൽ ഐ.വി ഫ്ലൂയിഡ് യൂണിറ്റ് നിർത്തലാക്കിയപ്പോൾ അന്നു ജോലിചെയ്തിരുന്ന ടെക്നീഷ്യന്മാരെ പിരിച്ചുവിടാതെ തുടരാൻ അനുവദിക്കുന്നത് സാമ്പത്തികബാധ്യത കൂട്ടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാർക്ക് ഫ്ലൂയിഡ് യൂണിറ്റിൽ ജോലി ചെയ്തിരുന്നപ്പോഴുള്ള ശമ്പളമാണോ ഇപ്പോഴും നൽകുന്നതെന്ന് വ്യക്തമാക്കാമോ; നിറുത്തലാക്കിയ യൂണിറ്റിലെ ജീവനക്കാരെ സർവ്വീസിൽ നിന്നും പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി ജോലി നോക്കുന്ന ഉദ്യോഗസ്ഥൻ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 22-2-2013-ൽ ജോലിയിൽ പ്രവേശിച്ചു. ടി തസ്തികയുടെ ശമ്പളസ്കെയിൽ 16650-23200 (പ്രീറിവൈസ്ഡ്). നിലവിലുള്ള ഗവൺമെന്റ് ഉത്തരവുപ്രകാരം പ്രസ്തുത തസ്തികകളുടെ നിയമനരീതി ഡെപ്യൂട്ടേഷൻ

മുഖേനയാണ്.

(ബി) സാമ്പത്തികനഷ്ടം സംബന്ധിച്ച് സംസ്ഥാന ആഡിറ്റ് വിഭാഗമോ, അക്കൗണ്ടന്റ് ജനറലോ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പക്ഷം റവന്യൂ റിക്കവറി നടപടിയിലൂടെ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും നഷ്ടം ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്.

(സി) ജി.ഒ.(എം.എസ്)നം. 239/13/എച്ച്ആന്റ് എഫ്.ഡബ്ല്യൂ.ഡി., തീയതി 11/6/2013 പ്രകാരം ഹയർസെക്കൻഡറി യോഗ്യതയുള്ള ശ്രീ. ഷിനോസ് ഖാൻ എച്ച്.എസ്, മരുതറ, റോഡരികത്തുവീട്, നെട്ടിറച്ചിറ, നെടുമങ്ങാട് എന്ന വ്യക്തിയെ 9940-16550 ശമ്പളസ്കെയിലിൽ കംപാഷണേറ്റ് ഗ്രൗണ്ടിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ എൽ.ഡി.ക്ലാർക്കായി നിയമിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*) ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, ജൂനിയർ സൂപ്രണ്ട്, ജൂനിയർ അസിസ്റ്റന്റ് തസ്തികകളിൽ സർക്കാർ ജീവനക്കാരെ നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിക്കുന്നത്.

(ഇ) ഐ.വി.ഫ്ലൂയിഡ് യൂണിറ്റ് നിർത്തലാക്കിയപ്പോൾ ഈ യൂണിറ്റിലെ പതിനാല് സ്ഥിരം ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് ഗവേണിംഗ് ബോഡി തീരുമാനിക്കുകയുണ്ടായി. ഇവരെ യോഗ്യതയനുസരിച്ച് സമാനമായ തസ്തികയിൽ നിയമിച്ച് ശമ്പളസ്കെയിൽ അനുവദിക്കണമെന്നാണ് പ്രസ്തുത ഗവേണിംഗ് ബോഡിയിൽ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഇവരെ ഇപ്പോൾ താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ വിവിധ യൂണിറ്റുകളിൽ നിയമിച്ചിരിക്കുകയാണ്. ഐ.വി.ഫ്ലൂയിഡ് യൂണിറ്റിൽ ജോലി ചെയ്തപ്പോൾ ഉള്ള ശമ്പളസ്കെയിലിൽ തന്നെയാണ് ടി ജീവനക്കാർ ഇപ്പോഴും ശമ്പളം വാങ്ങിവരുന്നത്. ടി ജീവനക്കാർ സ്ഥിരജീവനക്കാരായതിനാൽ ഇവരെ പിരിച്ചുവിടാൻ സാധിക്കുകയില്ല.

## ആർ.സി.സി.-ക്ക് അനുവദിച്ച തുക

21 (2295) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2006 വരെ ആർ.സി.സി-യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്ത് തുകയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2006-2011- കാലത്ത് ആർ.സി.സി-യ്ക്ക് എന്ത് തുകയാണ് നൽകിയതെന്നും, അത് എന്തെല്ലാം പ്രവർത്തികൾക്കായിരുന്നെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.സി.സി യ്ക്കായി ഇതിനകം എന്ത് തുക ഏതെല്ലാം പദ്ധതിയ്ക്കായി നൽകിയെന്നും ആയതിൻെറ ഇതുവരെയുള്ള വിനിയോഗവും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) വിശദവിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു*.

## ആർ.സി.സി.-യിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ യൂണിറ്റ്

22 (2296) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ആദ്യത്തെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ യൂണിറ്റ് ആർ.സി.സി. യിൽ സ്ഥാപിച്ചത് എന്നായിരുന്നു; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത ചികിത്സയ്ക്കായി എത്ര തുക അനുവദിച്ചുവെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&ബി) ആദ്യത്തെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ യൂണിറ്റ് ആർ.സി.സി.യിൽ സ്ഥാപിച്ചത് ഒക്ടോബർ 2007-ൽ ആയിരുന്നു. ഇതിനായി സർക്കാർ അനുവദിച്ച രണ്ടുകോടി രൂപ പൂർണ്ണമായും ചെലവഴിച്ചു.

## എൻ.ആർ.എച്ച്.എം. വിഹിതം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

23 (2297) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എൻ.ആർ.എച്ച്.എം വിഹിതമായി കേരളത്തിന് എത്ര കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്; ആയതിന്റെ വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം ഇനങ്ങളിലായാണ് പ്രസ്തുത പണം വിനിയോഗം ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻ.ആർ.എച്ച്.എം. -ൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; തസ്തികകളുടെ വിശദവിവരങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത നിയമനങ്ങൾ നടത്തിയ രീതിയും ജീവനക്കാരെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങളും വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 നവംബർ മാസം വരെ ലഭിച്ച തുക താഴെ ചേർക്കുന്നു:

| വർഷം | കേന്ദ്രവിഹിതം ലഭിച്ച തുക (രൂപ കോടിയിൽ) |
|---|---|
| 2011-12 | 599.87 |
| 2012-13 | 504.05 |
| 2013-14 | 359.2 |
| 2014-15 | 520 |
| 2015-16 | 161.98 |

പ്രസ്തുത തുക താഴെപ്പറയുന്ന പ്രധാന പദ്ധതികൾക്കായാണ് ചെലവഴിച്ചത്.

1. മാതൃ ആരോഗ്യപദ്ധതി
2. ജനനി സുരക്ഷായോജന
3. മാതൃമരണ ആഡിറ്റ് നടപ്പാക്കുക
4. ജനനി ശിശു സുരക്ഷാ കാര്യക്രം
5. നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം

6. ശിശു ആരോഗ്യപദ്ധതി
7. വിദ്യാലയ ആരോഗ്യപദ്ധതി
8. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യകാര്യക്രം
9. ഇമ്മ്യൂണൈസേഷൻ
10. കുടുംബക്ഷേമ പദ്ധതി
11. കൗമാര ആരോഗ്യപദ്ധതി
12. നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യപദ്ധതി
13. ആദിവാസിമേഖലയിലെ ആരോഗ്യപദ്ധതി
14. പി.എൻ.ഡി.റ്റി. ആക്ട് നടപ്പാക്കുക.
15. ആരോഗ്യപരിശീലനം
16. ആരോഗ്യമേഖലയിലെ മാനവശേഷി വികസനം
17. അംഗീകൃത സാമൂഹികാരോഗ്യ പ്രവർത്തക (ആശ)പദ്ധതി
18. ആശുപത്രികൾ, സാമൂഹികാരോഗ്യകേന്ദ്രം, പ്രാഥമികാരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിതഫണ്ട്
19. ആശുപത്രികൾ,സാമൂഹികാരോഗ്യകേന്ദ്രം,പ്രാഥമികാരോഗ്യകേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണസമിതി ഗ്രാന്റ്
20. ആശുപത്രികൾ, സാമൂഹികാരോഗ്യകേന്ദ്രം, പ്രാഥമികാരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപ്പണികൾക്കായുള്ള ഗ്രാന്റ്
21. ആശുപത്രികളുടെ നവീകരണവും കെട്ടിടനിർമ്മാണവും
22. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ
23. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക
24. ആയുഷ് പദ്ധതി
25. ആരോഗ്യ ബോധശീലവൽക്കരണ പ്രവർത്തനങ്ങൾ
26. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും
27. ആരോഗ്യവിവര ശേഖരണ പദ്ധതി (എച്ച്.ഐ.എം.എസ്)
28. റേഡിയോ ഹെൽത്ത്

29. ജീവിതശൈലീരോഗ നിയന്ത്രണപദ്ധതി

30. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗനിയന്ത്രണപദ്ധതി

31. സംയോജിത രോഗ അവലോകന പദ്ധതി

32. ദേശീയ ജന്തുജന്യ രോഗനിയന്ത്രണ പദ്ധതി

33. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

34. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

35. സമഗ്ര ആരോഗ്യ പദ്ധതി

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം.-ൽ 8498 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. തസ്തികകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) പത്രങ്ങൾ വഴിയും ആരോഗ്യകേരളം വെബ്സൈറ്റ് വഴിയും പരസ്യം നൽകിയും അപേക്ഷ ഓൺലൈൻ വഴി സ്വീകരിച്ചും കേന്ദ്രസർക്കാർ പ്രതിനിധി അടങ്ങുന്ന ഇന്റർവ്യൂ ബോർഡിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നുമാണ് വിവിധ തസ്തികകളുടെ നിയമനം നടത്താറുള്ളത്.

**എൻ.ആർ.എച്ച്.എം. വഴി നടപ്പിലാക്കിയ പദ്ധതികൾ**

24 (2298) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എൻ.ആർ.എച്ച്.എം.വഴി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ആരംഭിച്ചതായ പദ്ധതികളും/പ്രവൃത്തികളും താഴെക്കൊടുക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | വകയിരുത്തിയത് | ചെലവാക്കിയത് |
|---|---|---|---|

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | കൈനാട്ടി ജനറൽ ആശുപത്രി പുതിയ കെട്ടിടനിർമ്മാണം | 7.2 കോടി | 7.2 കോടി |
| 2 | ജീവനക്കാരുടെ താമസസൗകര്യം (താലൂക്ക് ആശുപത്രി, വൈത്തിരി) | 75 ലക്ഷം | 75 ലക്ഷം |
| 3 | ഡി.ഇ.ഐ.സി. ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ | 1 ലക്ഷം | 1 ലക്ഷം |
| 4 | കൈനാട്ടി ജനറൽ ആശുപത്രി എച്ച്.റ്റി. ലൈൻകണക്ഷൻ | 45 ലക്ഷം | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| 5 | വൈത്തിരി താലൂക്ക് ആശുപത്രി വാർഡ് നവീകരണം. | 1 കോടി | 1 കോടി |
| 6 | ജീവനക്കാരുടെ താമസസൗകര്യം (ജനറൽ ആശുപത്രി, കൽപ്പറ്റ) | 75 ലക്ഷം | 75 ലക്ഷം |

**എൻ.എച്ച്.എം. വഴിയുള്ള ഫിസിയോതെറാപ്പിസ്റ്റ് നിയമനങ്ങൾ**

25 (2299) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.എം. വഴി സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ., ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന്റെ മാനദണ്ഡമെന്താണ്; വിശദമാക്കാമോ;

(ബി) എൻ.എച്ച്.എം. വഴിയുള്ള ഫിസിയോതെറാപ്പിസ്റ്റ് നിയമനങ്ങൾ പി. എസ്. സി. ലിസ്റ്റിൽ നിന്നും നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.എച്ച്.എം.വഴി സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ., ഫാർമസിസ്റ്റ് തസ്തികകളിലേക്ക് നിയമനം നടത്തുന്നത് 28-2-2011-ലെ NRHM/Admn/ 804/2009/SPMSU, 18-9-2011-ലെ NRHM/Admn/804/ 2009/SPMSU എന്നീ സർക്കുലറുകൾ പ്രകാരമാണ്.

സ്റ്റാഫ് നഴ്സ് :

1. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന ബോണ്ടഡ് ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ

2. പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലെങ്കിൽ
3. നേരിട്ടുള്ള നിയമനം.

<u>ജെ.പി.എച്ച്.എൻ. :</u>

1. സർക്കാർ സ്ഥാപനങ്ങളിൽനിന്നും പഠിച്ചിറങ്ങുന്ന ബോണ്ടഡ് ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ
2. പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലെങ്കിൽ
3. നേരിട്ടുള്ള നിയമനം

<u>ഫാർമസിസ്റ്റ്:</u>

1. സർക്കാർ സ്ഥാപനങ്ങളിൽനിന്നും പഠിച്ചിറങ്ങുന്ന ബോണ്ടഡ് ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ
2. പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലെങ്കിൽ
3. നേരിട്ടുള്ള നിയമനം

(ബി) 5-12-2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഡി.ആർ.III(4)26031/12/ഗവി-1 പ്രകാരം നാഷണൽ ഹെൽത്ത് മിഷനിലെ പാരാമെഡിക്കൽ തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും ഉദ്യോഗാർത്ഥികളെ നൽകേണ്ടതില്ല എന്ന് അറിയിച്ചിരിക്കുന്നു.

**നഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോപ്പതി) കോഴ്സ്**

26 (2300) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോപ്പതി) കോഴ്സ് ഇപ്പോൾ സർക്കാർ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഇപ്പോൾ ഈ കോഴ്സ് നടത്തുന്നത്;

(ബി) കോഴിക്കോട് മേപ്പയൂർ എ.കെ.ബി മിഷൻ ആശുപത്രിയിൽ നിലവിൽ ഈ കോഴ്സിന് അനുമതി ഉണ്ടോ; 2014-15 അദ്ധ്യയനവർഷം ഇവിടെ വിദ്യാർത്ഥി പ്രവേശനം നടത്തിയിട്ടുണ്ടോ; ഈ വിദ്യാർത്ഥികളുടെ പരീക്ഷ കഴിഞ്ഞ് ഫലം

പ്രസിദ്ധീകരിച്ചോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ കോഴ്സ് സർക്കാർ നിർത്തലാക്കുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നിലവിലുണ്ടായിരുന്ന കോഴ്സിൽ പ്രവേശനം നേടിയവർക്ക് കോഴ്സ് പൂർത്തീകരിക്കാനും സർട്ടിഫിക്കറ്റ് നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുതിയ കോഴ്സിന് തുല്യമായി പഴയ കോഴ്സിനെ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) പുതിയ കോഴ്സ് സ്വകാര്യ സ്ഥാപനങ്ങൾക്ക് നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി; പ്രവേശനത്തിനുള്ള മാനദണ്ഡം, സർക്കാർ നിശ്ചയിച്ച ഫീസ് എന്നിവ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. 2014-15 അദ്ധ്യയനവർഷം ഇവിടെ വിദ്യാർത്ഥി പ്രവേശനം നടത്തിയിട്ടുണ്ട്. ഈ വിദ്യാർത്ഥികളുടെ പരീക്ഷ 29-2-2016 മുതൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) 30-10-2010-ലെ സ.ഉ.(സാധാ)നം. 4284/2010/ആ.കു.വ പ്രകാരം ഈ കോഴ്സ് സർക്കാർ ഹോമിയോ കോളേജുകളിൽ നിർത്തലാക്കിയിട്ടുണ്ട്. പ്രസ്തുത കോഴ്സ് പരിഷ്കരിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന കോഴ്സിൽ പ്രവേശനം നേടിയവർക്ക് കോഴ്സ് പൂർത്തീകരിക്കാനും സർട്ടിഫിക്കറ്റ് നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ഇല്ല.

**പുതിയ ഡെന്റൽ കോളേജുകൾ**

27 (2301) <u>ശ്രീ. എം. പി. വിൻസെന്റ്</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. ഹൈബി ഈഡൻ</u>:
<u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ നിലവിൽവന്നശേഷം സർക്കാർ മേഖലയിൽ പുതിയ രണ്ട് ഡെന്റൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ ഇനി പുതിയ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിന് പദ്ധതിയില്ല.

**വിമാന ആംബുലൻസ് സർവ്വീസ്**

28 (2302) <u>ശ്രീ. സി. പി. മുഹമ്മദ്</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. എം. എ. വാഹീദ്</u>:
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാന ആംബുലൻസ് സർവ്വീസിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) എയർ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടില്ല.

(ബി) കേരളത്തിലെ അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി സർക്കാർ നിയോഗിച്ചിരിക്കുന്ന കേരളാ നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് എന്ന പദ്ധതിക്ക് ഉപകാരപ്രദമായി മരണാനന്തരം വ്യക്തികൾ ദാനം ചെയ്യുന്ന അവയവങ്ങൾ കേരളമൊട്ടാകെ ആവശ്യമുള്ള രോഗികൾക്ക് അതിവേഗം വിമാനം മുഖാന്തരം

എത്തിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 14-10-2015 തീയതിയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സ്വകാര്യ ആശുപത്രി മേധാവികളുടെ ഒരു യോഗം വിളിക്കുകയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. അതിനുശേഷം സ്വകാര്യ ആശുപത്രികളെ കത്ത് മുഖാന്തരം പദ്ധതിയിൽ ചേർന്ന് പ്രവർത്തിപ്പിക്കാനുള്ള താല്പര്യം അറിയിക്കുവാനായി ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഭൂരിഭാഗം ആശുപത്രികളും പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കാനുള്ള താല്പര്യം പ്രകടമാക്കിയില്ല. അതിനാൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മറ്റു വഴികൾ ആരായുകയും തത്ഫലമായി രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജിയെ സമീപിക്കുകയും ചെയ്തു. 14-1-2016 തീയതിയിൽ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി മേധാവിയും ട്രാൻസ്പോർട്ട് വകുപ്പുസെക്രട്ടറിയും ആരോഗ്യവകുപ്പ് സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ചേർന്ന് ഒരു യോഗം നടത്തുകയും രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി പരിശീലന പറക്കലിനായി ഉപയോഗിക്കുന്ന അവരുടെ വിമാനങ്ങൾ ഉപയോഗിച്ച് വളരെ കുറഞ്ഞ ചെലവിൽ ഫലപ്രദമായി പ്രസ്തുത പദ്ധതി നടത്താമെന്ന് സമ്മതിക്കുകയും ചെയ്തു. അതിലേക്കായി രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി ഒരു കരട് ധാരണാപത്രം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

**ആയൂഷ് ഹോളിസ്റ്റിക്ക് കേന്ദ്രങ്ങൾ**

29 (2303) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഹൈബി ഈഡൻ
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയൂഷ് ഹോളിസ്റ്റിക്ക് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആയുർവ്വേദം, ഹോമിയോ, സിദ്ധ, യുനാനി, യോഗ, പ്രകൃതിചികിത്സ എന്നീ ചികിത്സാസമ്പ്രദായങ്ങളെ ഒരു കുടക്കീഴിൽ ലഭ്യമാക്കുക, രോഗികൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ചികിത്സാസമ്പ്രദായങ്ങളെ തെരഞ്ഞെടുക്കുക, ഡോക്ടർമാർക്ക് രോഗികളെ പരസ്പരം റഫർ ചെയ്യുക, പഴകിയ രോഗങ്ങൾക്ക് സംയോജിത ചികിത്സ നൽകുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഹോമിയോപ്പതി വകുപ്പിനുകീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക്ക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ഹെൽത്ത് മിഷന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ ഒരു ആയുഷ് ഹോളിസ്റ്റിക്ക് കേന്ദ്രം ആരംഭിച്ചു. സംസ്ഥാനത്തെ നാല് ജില്ലകളിൽക്കൂടി ആയുഷ് ഹോളിസ്റ്റിക്ക് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഭക്ഷ്യ സുരക്ഷാ നിയമം**

30 (T* 2304) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദത്തിന് കാരണമാകുമെന്ന് കണ്ടെത്തിയിട്ടുള്ള 'മോണോ സോഡിയം ഗ്ലൂട്ടമേറ്റ്" അടങ്ങിയിട്ടുള്ള ഭക്ഷണപദാർത്ഥങ്ങളുടെ വിപണനം തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിച്ച് ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പ്രസ്തുത കമ്പനികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ; അല്ലാത്തപക്ഷം ഇത് ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മോണോ സോഡിയം ഗ്ലൂട്ടമേറ്റ് അർബുദത്തിന് കാരണമാകുമെന്ന് കണ്ടെത്തിയ പഠന റിപ്പോർട്ട് ലഭ്യമല്ല. ഭക്ഷണപദാർത്ഥങ്ങളിൽ നിശ്ചിതമായ അളവിലുള്ള ഇവയുടെ ഉപയോഗം 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് ചില ഭക്ഷണ സാധനങ്ങളിൽ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷണപദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ക്രമാതീതമായ അളവിൽ മോണോ സോഡിയം ഗ്ലൂട്ടമേറ്റ് പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന പക്ഷം ഉത്തരവാദികൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് അനന്തര നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഭക്ഷ്യപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാത്തരം കമ്പനികളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നതും നിശ്ചിതനിലവാരമില്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം പ്രസ്തുത കമ്പനികൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുംപ്രകാരം അഡ്ജ്യൂഡിക്കേഷനും പ്രോസിക്യൂഷനും അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യ എണ്ണയുടെ ഉപയോഗം**

31 (T* 2305) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ എണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗം മൂലം കാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങളും കുടൽ രോഗങ്ങളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥിതിവിശേഷം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഭക്ഷ്യ എണ്ണയുടെ പ്രസ്തുത ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പൊതുജനങ്ങൾക്കും ഭക്ഷണശാല നടത്തിപ്പുകാർക്കും അവബോധം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പ് ഇതുസംബന്ധിച്ച് നിലവിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാന വ്യാപകമായി ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്കും പൊതുജനങ്ങൾക്കുമായി സംഘടിപ്പിച്ചിട്ടുള്ള ക്ലാസ്സുകളിൽ ഭക്ഷ്യഎണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം ഇതിനകം നടത്തിയിട്ടുണ്ട്.

(സി) ഭക്ഷ്യഎണ്ണയുടെ ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പൊതുജനങ്ങൾക്കും ഭക്ഷണശാല നടത്തിപ്പുകാർക്കും അവബോധം നൽകുന്നതിനുവേണ്ടി ലഘുലേഖകൾ, ബോധവത്കരണക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഇത്തരത്തിൽ ഭക്ഷ്യഎണ്ണ ആവർത്തിച്ച് ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം, 2006 അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്കുള്ള ട്രെയിനിംഗ്**

32 (2306) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.പി.എച്ച്.എൻ-I തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റിലെ 3182 മുതൽ 3726 വരെയുള്ളവരിൽ നിന്നും 100 പേർക്ക് എൽ.എച്ച്.ഐ. ട്രെയിനിംഗ് നൽകുന്നതിനുള്ള ഉത്തരവ് നൽകിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ട്രെയിനിംഗ് താത്കാലികമായി റദ്ദ്ചെയ്യുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് പരാതി കോടതിയുടെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പരാതി സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ഇ) ട്രെയിനിംഗും തുടർന്നുള്ള പ്രൊമോഷനും കാത്തിരിക്കുന്നവരിൽ ബഹുഭൂരിപക്ഷവും റിട്ടയർമെന്റിന് അടുത്തെത്തിയിരിക്കുന്നവരായതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ.മാരുടെ സീനിയോറിറ്റി ലിസ്റ്റിലെ 3182 മുതൽ 3726 വരെയുള്ള 100 പേരെ എൽ.എച്ച്.ഐ. ട്രെയിനിംഗിനായി 30-10-2015-ലെ എം.സി.346055/2015/ ആ.വ.ഡ നമ്പർ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ നിയോഗിച്ചിരിക്കുന്നു.

(ബി) ഒ. എ. 961/2015 പ്രകാരം ശ്രീമതി ഉഷ ബി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ അടിസ്ഥാന ത്തിലാണ് ട്രെയിനിംഗ് താൽക്കാലികമായി തടഞ്ഞുവച്ചിട്ടുള്ളത്.

(സി) ഇതുസംബന്ധിച്ച പരാതി ഒ. എ. 961/2015 പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി&ഇ) ഒ.എ. 961/2015 ഫയൽ ചെയ്തിട്ടുള്ള കക്ഷികളുടെ പൂർണ്ണമായ സേവനവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമായാലുടൻ തന്നെ സർക്കാർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വയനാട് ജില്ലയിലെ ചികിത്സാ സൗകര്യങ്ങൾ**

33 (2307) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാ സൗകര്യങ്ങൾ കുറഞ്ഞ വയനാട് ജില്ലയിൽ കേന്ദ്ര സഹായത്തോടെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിലുണ്ടായിരുന്ന ചികിത്സാ സൗകര്യങ്ങൾ തന്നെ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ സർക്കാരിന് വീഴ്ച വന്നതായിട്ടുള്ള വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) വയനാട്ടിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രഖ്യാപിച്ച സൗകര്യങ്ങൾ നടപ്പാക്കുന്നതിനും സർക്കാർ വേണ്ടത്ര പരിഗണന കാണിക്കാതിരുന്നുവെന്ന ആക്ഷേപത്തിന്റെ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വയനാട്ടിൽ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനായി 190,21,000 രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് സഹായമായി 250 ലക്ഷം രൂപ നൽകുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽവന്നിട്ടുള്ള വാർത്തകൾ പരിശോധിച്ച് നിലവിലുള്ള സൗകര്യങ്ങൾക്കനുസരിച്ച് വേണ്ട ചികിത്സാസൗകര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്.

(സി) വയനാട്ടിലെ ചികിത്സസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രഖ്യാപിച്ച സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനും സർക്കാർ മുന്തിയ പരിഗണന നൽകിവരുന്നു. ജില്ലയിലെ ആരോഗ്യമേഖല ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു. മാനന്തവാടി ജില്ലാ ആശുപത്രി-സർജിക്കൽ കോംപ്ലക്സ് നിർമ്മാണം, ട്രോമാകെയർ നിർമ്മാണം, 75 കിടക്കകളുള്ള വാർഡിന്റെ നിർമ്മാണം, നവജാത ശിശു തീവ്രപരിചരണ യൂണിറ്റ്, ഓപ്പറേഷൻ തീയറ്റർ ആധുനികവത്കരണം, ലിഫ്റ്റ് ജനറേറ്റർ കണക്ഷൻ പാസേജ്, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, ഡയാലിസിസ് യൂണിറ്റ്, താലൂക്കാശുപത്രി, ബത്തേരി ഓപ്പറേഷൻ തീയേറ്റർ നവീകരണം, കേന്ദ്രീകൃത ഓക്സിജൻ യൂണിറ്റ്, എയർ കണ്ടീഷനിംഗ്, നവജാത ശിശുതീവ്രപരിചരണ യൂണിറ്റ്, ഭൂമിക കൗൺസിലിംഗ് സെന്റർ, ജനറൽ ആശുപത്രി, കൽപ്പറ്റ - പുതിയ കെട്ടിടനിർമ്മാണം, എച്ച്.ടി.ലൈൻ കണക്ഷൻ, ജീവനക്കാരുടെ താമസസൗകര്യം, ഡി.ഇ.ഐ.സി, ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, വൈത്തിരി താലൂക്കാശുപത്രി-വാർഡ് നവീകരണം, ജീവനക്കാരുടെ താമസസൗകര്യം നബാർഡ് - കാപ്പുകുന്ന്, ചെതലയം, ബേഗൂർ എന്നീ പി.എച്ച്.സി.കളുടെ കെട്ടിടനിർമ്മാണം.

## വയനാട് ജില്ലയിലെ ആശുപത്രി ജീവനക്കാരുടെ കുറവ്

34 (2308) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്തതുമൂലം രോഗികൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധിൽപെട്ടിട്ടുണ്ടോ;

(ബി) നിലവിൽ വയനാട് ജില്ലയിൽ പി.എച്ച്.സി മുതൽ ജില്ലാ ആശുപത്രി വരെ ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും കുറവ് എത്രയാണെന്നും എത്ര സ്റ്റാഫുകളാണ് വേണ്ടിയിരുന്നതെന്നും പി.എച്ച്.സി., സി.എച്ച് .സി., ജനറൽ ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ എന്നീ ക്രമത്തിൽ സ്പെഷ്യലിസ്റ്റ് കേഡർമാർ

ഉൾപ്പെടെ തരം തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ അടിയന്തരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ഡോക്ടർമാരുടെ തസ്തികകളിൽ 47 ഒഴിവുകളാണ് നിലവിലുള്ളത്. എന്നാൽ രോഗികൾക്ക് ഇതുമൂലം ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ അഡ്ഹോക് വ്യവസ്ഥയിൽ 21 ഡോക്ടർമാരെയും ദേശീയ ആരോഗ്യ ദൗത്യം മുഖേന 31 ഡോക്ടർമാരെയും നിയമിച്ച് അവശ്യസേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ വിവിധ ആശുപത്രികളിലായി അനുവദിക്കപ്പെട്ട തസ്തികകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ വിശദാംശങ്ങൾ അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു*. ജില്ലയിലെ വിവിധ ആശുപത്രികളിൽ അനുവദിക്കപ്പെട്ട പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തികകളും അതിൽ നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച പട്ടിക അനുബന്ധം-ബി* ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

(സി) ഡോക്ടർമാരുടെ കുറവുമൂലം രോഗികൾക്കുണ്ടാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ അഡ്ഹോക് വ്യവസ്ഥയിൽ 21 ഡോക്ടർമാരെയും ദേശീയ ആരോഗ്യ ദൗത്യം മുഖേന 31 ഡോക്ടർമാരെയും ഉൾപ്പെടെ ആകെ 52 ഡോക്ടർമാരെ നിയമിച്ച് അവശ്യസേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഒഴിവുള്ള അസിസ്റ്റന്റ് സർജൻ തസ്തികകളിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. ഒഴിവുള്ള കൺസൾട്ടന്റ്/സിവിൽ സർജൻ തസ്തികകൾ നികത്തുന്നതിനായി ഡി.പി.സി. യോഗം കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഡി.പി.സി.-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം മുഖേന കൺസൾട്ടന്റ്/സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ളവരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തികകളും നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പാരാമെഡിക്കൽ വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടവയായ ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ്-I, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

എന്നിവയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്റ്റാഫ് നഴ്സ്/ഫാർമസിസ്റ്റ് തസ്തികയിലെ സ്ഥാനക്കയറ്റം/ സീനിയോറിറ്റി സംബന്ധിച്ച് കോടതിയിൽ കേസ്സുകൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത കേസ്സുകളിലെ അന്തിമ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നടത്തി സ്റ്റാഫ് നഴ്സ്ഗ്രേഡ്-I/ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്. പി.എസ്.സി. നിയമനം മുഖാന്തരം നിയമനം നടത്തേണ്ട തസ്തികകളായ റേഡിയോഗ്രാഫർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ദന്തൽ ഹൈജീനിസ്റ്റ്, ദന്തൽ മെക്കാനിക്, റഫ്രിജറേഷൻ മെക്കാനിക്ക് എന്നിവ നികത്തുന്നതിനും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രി

35 (2309) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ; കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ പ്രസ്തുത പുതിയ തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ സി.എച്ച്.സി. നിലവാരത്തിൽ ആവശ്യമുള്ള ഡോക്ടർമാരും ഇതര ജീവനക്കാരും നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രി 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ജീവനക്കാർ ഇല്ലാത്ത സാഹചര്യം പരിഗണിച്ച് പുതിയ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ താലൂക്ക് ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരുടെയും, ഇതര പാരാമെഡിക്കൽ ജീവനക്കാരുടെയും ഓരോ കാറ്റഗറിയിലെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2581 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകൾ സൃഷ്ടിച്ചതിൽ നെടുങ്ങോലം താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ഡി) 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നതെങ്കിലും ഓരോ ആശുപത്രിയിലെയും കിടക്കകളുടെയും നിലവിലുള്ള ഐ.പി., ഒ.പി. എന്നിവയുടെ അനുപാതത്തിനും പരിശോധനാ സൗകര്യങ്ങൾ, സ്പെഷ്യാലിറ്റി സംവിധാനം എന്നിവയ്ക്കും ആനുപാതികമായാണ് ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും എണ്ണം നിശ്ചയിക്കുന്നത്.

**ജീവൻ രക്ഷാമരുന്നുകളുടെ വില വർദ്ധന**

36 (2310) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ലഭ്യമായിരുന്ന ജീവൻ രക്ഷാ മരുന്നുകൾ ഏതെല്ലാം; പ്രസ്തുത മരുന്നുകളുടെ വിലയിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണ് ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മരുന്നുകളുടെ സംസ്ഥാനത്തെ മൊത്ത വിതരണ ചുമതലക്കാർ ആരെല്ലാം; പ്രസ്തുത മരുന്നുകളുടെ വില വർദ്ധന തടയുവാൻ ഇവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) വില വർദ്ധനവ് സംബന്ധിച്ച് ഡ്രഗ്സ് കൺട്രോളർ പി. ഹരിപ്രസാദ് നല്കിയ റിപ്പോർട്ടിൽ പറയുന്ന വിശദാംശങ്ങൾ എന്തെല്ലാം; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അമിതവില വർദ്ധനവുണ്ടായ ജീവൻരക്ഷാ മരുന്നുകൾ ഏതെല്ലാമാണെന്നും ഇതിൽ ഏതെല്ലാം മരുന്നുകളുടെ വിതരണവും വില്പനയും കേരളത്തിൽ നിർത്തിവച്ചിട്ടുണ്ടെന്നും അറിയിക്കുമോ ; ജീവൻരക്ഷാ മരുന്നുകൾ വിലകുറച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ സർക്കാർ, മരുന്നുനിർമ്മാണ കമ്പനികളിൽ നിന്നും ഉപഹാരം സ്വീകരിച്ചിരുന്ന ഏതെല്ലാം ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചു; ഇത്തരം ആനുകൂല്യം സ്വീകരിക്കുന്ന ഡോക്ടർമാർക്കെതിരെ കടുത്ത ശിക്ഷാ/നിയമ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 348 മരുന്നുകൾ അടങ്ങുന്ന ഒരു പട്ടിക കേന്ദ്ര സർക്കാർ നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻസ് (NLEM) എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽപ്പെട്ട മരുന്നുകളാണ് ജീവൻരക്ഷാമരുന്നുകൾ ആയികണക്കാക്കുന്നത്. ഈ പട്ടികയിൽപ്പെട്ട മരുന്നുകളെല്ലാം തന്നെ കാലാകാലങ്ങളായി സംസ്ഥാനത്ത് സുലഭമായി ലഭ്യമാകുന്നുണ്ട്. 2013-ന് മുമ്പ് കേന്ദ്രസർക്കാർ 76 ഇനം മരുന്നുകളുടെ വിലകൾ മാത്രമാണ് നിശ്ചയിച്ചുറപ്പിച്ചിരുന്നത്. എന്നാൽ 2013 മുതൽ മേൽപ്പറഞ്ഞ NLEM-ൽ വരുന്ന 348 മരുന്നുകളുടെ വില കേന്ദ്രസർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (NPPA) നിശ്ചയിച്ച് ഉറപ്പിക്കുകയുണ്ടായി. ഇപ്പോൾ 348 മരുന്നുകളും അവയുടെ വിവിധ കോമ്പിനേഷനുകളും ഉൾപ്പെടെ 600-ഓളം മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ ഏതെങ്കിലും നിർമ്മാതാക്കൾ ഈടാക്കുന്നതായി കണ്ടെത്തിയാൽ, ഇപ്രകാരം അധിക വില ഈടാക്കി വിപണനം ചെയ്ത എല്ലാ ബാച്ചുകളുടെയും കണക്കെടുത്ത് അതിന്റെ പിഴയും ഉൾപ്പെടുത്തി നിർമ്മാതാക്കളിൽ നിന്ന് ഈടാക്കുന്നതിന് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ (NPPA) അധികാരപ്പെടുത്തിയിട്ടുണ്ട്. NPPA നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വില വർദ്ധിപ്പിക്കാൻ നിർമ്മാതാവിനോ മറ്റേതെങ്കിലും ഏജൻസിക്കോ നിയമപരമായി അധികാരമില്ല. ആയതിനാൽ NLEM-ൽ ഉൾപ്പെട്ട ജീവൻരക്ഷാമരുന്നുകൾക്ക് കേന്ദ്രസർക്കാരിന്റെ അറിവില്ലാതെ വിലവർദ്ധനവ് ഉണ്ടാകുന്നില്ല. എന്നാൽ NLEM ലിസ്റ്റിൽ ഉൾപ്പെടാത്ത അനേകം മരുന്നുകൾ വിപണിയിൽ ലഭ്യമാണ്. ഇവയുടെ വില നിശ്ചയിക്കുന്നത് നിർമ്മാതാക്കളാണെങ്കിലും അതിനും NPPA യുടെ അംഗീകാരം ആവശ്യമാണ്. ഇത്തരത്തിൽ വില തിട്ടപ്പെടുത്തിയിട്ടുള്ള NLEM-ൽ ഉൾപ്പെടാത്ത മരുന്നുകൾക്ക് ഒരു വർഷത്തിൽ പത്ത് ശതമാനത്തിൽ അധികം വില വർദ്ധിപ്പിക്കുവാൻ അനുവദിക്കാത്ത രീതിയിൽ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013 വഴി നിയമനിർമ്മാണം നടപ്പാക്കിയിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള മരുന്നുകളുടെ വിലയേക്കാൾ കൂടുതൽ വിലയ്ക്ക് വിൽപ്പന നടത്തുന്ന മരുന്നുകളുടെ വിൽപ്പന തടഞ്ഞ് വകുപ്പ് അനന്തര നടപടികൾക്കായി വിവരം NPPA-യെ അറിയിക്കുന്നുണ്ട്. NPPA ശിക്ഷാനടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

(ബി) വിവിധ കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന പല ബ്രാൻഡിലുള്ള അനേകായിരം മരുന്നുകൾ സംസ്ഥാന വിപണി ഉൾപ്പെടെ രാജ്യമെമ്പാടും വിതരണം ചെയ്ത് ഉപയോഗിക്കപ്പെടുന്നുണ്ട്. എല്ലാ നിർമ്മാതാക്കളും അവരുടെ

മരുന്നുകൾ വിപണനം ചെയ്യുന്നതിലേക്കായി ഓരോ സംസ്ഥാനത്തും ഒന്നോ അതിലധികമോ ഫസ്റ്റ് പോയിന്റ് സെല്ലേഴ്സിനെയും (Depot, C&F Agency, Super Stockist) അവരുടെ കീഴിൽ ജില്ലാതല ഡിസ്ട്രിബ്യൂട്ടേഴ്സിനെയും സബ് ഡിസ്ട്രിബ്യൂട്ടേഴ്സിനെയും നിയമിച്ചുകൊണ്ടുള്ള വിതരണ ശൃംഖലാരീതിയാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ സ്വന്തമായി വിതരണശൃംഖല ഇല്ലാത്ത നിർമ്മാതാക്കൾ അവരുടെ മരുന്നുകൾ പ്രൊപ്പൊഗാൻഡ കം ഡിസ്ട്രിബ്യൂഷൻ വഴി വിതരണം ചെയ്യുന്നതിലേക്കായി വിതരണക്കാരെ നിയമിക്കുന്ന രീതിയുമുണ്ട്. സംസ്ഥാനത്ത് 5800 ഔഷധ മൊത്ത വിതരണക്കാർ ഉണ്ട്. NPPA നിശ്ചയിച്ച് ഉറപ്പിച്ചിട്ടുള്ള വിലയേക്കാൾ (Ceiling Price) കൂട്ടി MRP പ്രിന്റ് ചെയ്ത് വിപണിയിലെത്തിക്കുന്ന മരുന്നുകൾ കണ്ടെത്തി അവയുടെ നിർമ്മാതാക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിലേക്കായി NPPA അറിയിക്കുന്നതാണ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി. 2015-ൽ ഇത്തരം അമിതമായി വില ഈടാക്കിയ അമ്പതോളം മരുന്നുകൾ വകുപ്പ് കണ്ടെത്തുകയും NPPA-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്നിന്റെ ലേബലിൽ പ്രിന്റ് ചെയ്തിരിക്കുന്ന MRP-യേക്കാൾ അധികവില ഏതെങ്കിലും വ്യാപാരി ഈടാക്കിയതായി കണ്ടെത്തിയാൽ അവർക്കെതിരെ നിയമനടപടി വകുപ്പ് സ്വീകരിച്ചുവരുന്നു. 2015-ൽ ഇത്തരത്തിൽ രണ്ട് കേസ്സുകൾ വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) Drugs & Price Control Order (DPCO) 2013-ലെ പത്തൊമ്പതാമത്തെ ഖണ്ഡിക പ്രകാരം കേന്ദ്ര സർക്കാരിന്റെ പൊതുജന താൽപ്പര്യാർത്ഥം (മേൽപ്പറഞ്ഞ 348 മരുന്നുകളിൽപ്പെടാത്ത) ഏതൊരു മരുന്നിന്റെയും വിലപരിധി നിശ്ചയിക്കുവാൻ അധികാരം നൽകുന്നുണ്ട്. ഈ ഖണ്ഡിക പ്രകാരം കേന്ദ്രസർക്കാർ 29-5-2014 ന് ഒരു സർക്കുലർ (Internal Guideline) പുറത്തിറക്കിയിരുന്നു. ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ 348 NLEM അവശ്യമരുന്നുകളിൽപ്പെടാത്ത 108 മരുന്നുകളുടെ വിലപരിധി നിശ്ചയിക്കുകയും ചെയ്തു. എന്നാൽ മരുന്ന് ഉൽപ്പാദകർ ബഹു.കോടതിയെ സമീപിച്ച സാഹചര്യത്തിൽ പ്രസ്തുത Internal Guideline കേന്ദ്രസർക്കാർ പിൻവലിക്കുകയും ചെയ്തു. ഇത് മരുന്നുകളുടെ ആകെയുള്ള വിലനിയന്ത്രണം തന്നെ പിലൻവലിച്ചു എന്ന് തെറ്റായി വ്യാഖ്യാനം ചെയ്ത് പത്രമാധ്യമങ്ങളിൽ വരികയും ചെയ്തു. 348 അവശ്യമരുന്നുകൾക്ക് ഇതുമൂലം വില വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.)

(ഡി) കേന്ദ്രസർക്കാരിന്റെ 2013-ലെ ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഓർഡർ പ്രകാരം NLEM-ൽ ഉൾപ്പെടുത്തിയിട്ടുള്ള 348 ഇനം മരുന്നുകളുടെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അവയുടെ വിവിധ അളവുകളുടെ ഫോർമുലേഷനും ഉൾപ്പെടെ 600-ഓളം മരുന്നുകളുടെ വിലയാണ് നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നത്. ഈ മരുന്നുകൾ ഓരോന്നിന്റെയും തന്നെ വിലയിൽ വർദ്ധനവ് വരുത്തുവാൻ കേന്ദ്രസർക്കാർ ഒഴികെയുള്ള ഒരു ഏജൻസിക്കും സാധിക്കുകയില്ല. കൂടാതെ NLEM-ൽ ഉൾപ്പെടുത്താത്ത മരുന്നുകളുടെ വിലകളും NPPA-യും വകുപ്പും നിരീക്ഷിച്ചു വരുന്നുണ്ട്. നിയമത്തിൽ അനുശാസിക്കുന്ന പത്ത് ശതമാനം വാർഷിക വർദ്ധനവ് മാത്രമാണ് നിർമ്മാതാക്കൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യം. അത്തരത്തിലുള്ള വർദ്ധനവും NPPA-യുടെ അനുമതിയോടെ മാത്രമേ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നുണ്ട്.

NPPA നിശ്ചയിച്ചിട്ടുള്ള വില ലംഘിച്ച് വിപണനം നടത്തുന്ന നിർമ്മാതാക്കൾക്കെതിരെ പിഴ ഈടാക്കുന്നതും MRP-യേക്കാൾ കൂടുതൽ വില ഈടാക്കുന്ന വ്യാപാരികൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതുമാണ് നിലവിലുള്ള ശിക്ഷാനിയമം. ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ മരുന്നുകളുടെ വിതരണവും വിൽപ്പനയും നിർത്തി വയ്പിക്കാനുള്ള നിയമങ്ങളൊന്നും തന്നെ നിലവിലില്ല.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും ജീവൻരക്ഷാ മരുന്നുകൾ തീർത്തും സൗജന്യമായാണ് വിതരണം ചെയ്യുന്നത്. കൂടാതെ പൊതുജനതാൽപ്പര്യാർത്ഥം സർക്കാരിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി തുടങ്ങിയിട്ടുള്ള മാവേലി, നീതി, കാരുണ്യ എന്നീ സ്ഥാപനങ്ങൾവഴി പരമാവധി വില കുറച്ചാണ് ജീവൻരക്ഷാമരുന്നുകൾ വിപണനം നടത്തുന്നത്. ബ്രാൻഡ് നാമത്തിലുള്ള മരുന്നുകളേക്കാൾ ജനറിക് നാമത്തിലുള്ള മരുന്നുകളുടെ വിപണനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകളും സംസ്ഥാനത്ത് തുടങ്ങുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അവയ്ക്കും അനുവാദം നൽകുന്നത് പരിശോധിക്കുന്നതാണ്.

(ഇ) ഉപഹാരം സ്വീകരിച്ച ഡോക്ടർമാരെ കുറിച്ചുള്ള പരാതികളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുന്നതിനനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**കുരങ്ങ് പനി**

37 (2311) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കുരങ്ങ് പനി റിപ്പോർട്ട് ചെയ്തത് എപ്പോഴാണ് എന്ന് വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലയിൽ ഇതുവരെ ഈ രോഗം പിടിപെട്ട് മരിച്ചവരുടെ എണ്ണം ലഭ്യമാക്കാമോ;

(സി) ഇതിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ട് എന്ന് അറിയിക്കുമോ;

(ഡി) രോഗം പ്രതിരോധിക്കുന്നതിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; ഇപ്പോഴും കുരങ്ങ് പനി വയനാട് ജില്ലയിൽ പടരുന്നു എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ രോഗം പ്രതിരോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വയനാട് ജില്ലയിൽ 2013 മുതലാണ് കുരങ്ങുപനി റിപ്പോർട്ട് ചെയ്തത്. വയനാട് ജില്ലയിൽ കുരങ്ങ് പനി പിടിപെട്ട് 2015-ൽ 11 പേർ മരിച്ചു. ഇതിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട 7 പേർ ഉണ്ട്.

(ഡി) വയനാട് ജില്ലയിലെ കുറിച്ചിയാട് വനമേഖലയിലാണ് കുരങ്ങുപനി സ്ഥിരീകരിച്ചിട്ടുള്ളത്. രോഗം സ്ഥിരീകരിച്ച ദിവസം മുതൽ വനം വകുപ്പ് ജീവനക്കാർക്ക് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. വനപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികൾക്കിടയിലും മറ്റ് ജനവിഭാഗങ്ങൾ ക്കിടയിലും വ്യാപകമായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി. ആരോഗ്യവകുപ്പ് ജീവനക്കാർ രോഗബാധ റിപ്പോർട്ട് ചെയ്ത ആദിവാസി കോളനികളിൽ ഗൃഹസന്ദർശനം നടത്തി പനിബാധിതരെ കണ്ടെത്തി ആശുപത്രികളിൽ എത്തിച്ചു. കുരങ്ങുമരണങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും ആവശ്യമായ സ്ഥലത്ത് അണുനശീകരണം നടത്തുകയും ചെയ്തു. രോഗ നിർണ്ണയത്തിനായി മണിപ്പാൽ ആശുപത്രിയിലെ വൈറോളജി വിഭാഗം ഒരു

പ്രത്യേക സപ്പോർട്ട് യൂണിറ്റ് സുൽത്താൻബത്തേരി താലൂക്കാശുപത്രിയിൽ ഏർപ്പെടുത്തി. കോഴിക്കോട് മെഡിക്കൽ കോളേജ്, വിംസ് ആശുപത്രി, ജി.എച്ച്. മാനന്തവാടി, ജി.എച്ച്. കൽപ്പറ്റ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻബത്തേരി എന്നിവയിൽ ചികിത്സാസൗകര്യം ഉറപ്പാക്കി. സംസ്ഥാന ആരോഗ്യ വകുപ്പ് വിദഗ്ദ്ധ സംഘം രോഗബാധിത പ്രദേശങ്ങളിൽ സന്ദർശനം നടത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. വനം വകുപ്പ് ജീവനക്കാർക്കും രോഗബാധ സാദ്ധ്യതകൾ കൂടിയ ആദിവാസി വിഭാഗങ്ങൾക്കും കെ.എഫ്.ഡി. വാക്സിൻ നൽകി. ആകെ 8000 ഡോസ് വാക്സിൻ വാങ്ങി രോഗസാദ്ധ്യതയുള്ള ആദിവാസികൾക്കും വനംവകുപ്പിലെയും ആരോഗ്യവകുപ്പിലെയും മൃഗസംരക്ഷണ വകുപ്പിലെയും ജീവനക്കാർക്കും പ്രാദേശികവാസികൾക്കും നൽകി. ആകെ 3720 പേർക്ക് ഒന്നാമത്തെ ഡോസും 1714 പേർക്ക് രണ്ടാമത്തെ ഡോസും 1100 പേർക്ക് മൂന്നാമത്തെ ഡോസും വാക്സിൻ നൽകി. സംസ്ഥാനതലത്തിലും മടപ്പള്ളി ഗവ.കോളേജ് ജന്തുശാസ്ത്ര വിഭാഗത്തിലെയും വിദഗ്ദ്ധരുമായി സംയോജിത നിരീക്ഷണം നടത്തി കുരങ്ങുപനി പരത്തുന്ന പ്രാണികളെ രോഗബാധിത പ്രദേശത്ത് നിന്ന് കണ്ടെത്തുകയും അവയുടെ നശീകരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു.

ആകെ 35 ലക്ഷം രൂപ സർക്കാർ രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചു. 25 ലക്ഷം രൂപ ആരോഗ്യവകുപ്പിൽനിന്നും 10 ലക്ഷം രൂപ ട്രൈബൽ ഡിപ്പാർട്ടുമെന്റിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്. ഈ ഫണ്ട് ഉപയോഗിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. വയനാട് ജില്ലയിൽ ക്യാസന്നൂർ ഫോറസ്റ്റ് രോഗം റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ ഫെബ്രുവരി മാസം ബഹു. പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മിയും 19-2-2015-ന് കർണ്ണാടകയിലെയും തമിഴ്നാട്ടിലെയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സുൽത്താൻബത്തേരിയിൽ ഒരു ഇന്റർസ്റ്റേറ്റ് മീറ്റിംഗ് നടത്തി രോഗചികിത്സ, നിയന്ത്രണം തുടങ്ങിയവ കൂടുതൽ ഊർജ്ജിതപ്പെടുത്തി. ഈ യോഗത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഉൾപ്പെടെയുള്ള സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥരും പങ്കെടുത്തു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും അസിസ്റ്റന്റ് എന്റമോളജി കൺസൾട്ടന്റിന്റെ നേതൃത്വത്തിലുള്ള എന്റമോളജി ടീം രോഗം പരത്തുന്ന ടിക്കുകളുടെ സർവ്വെ നടത്തി കണ്ടുപിടിക്കുകയും ടിക്ക് നിയന്ത്രണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. രോഗബാധയുണ്ടായ വനപ്രദേശത്ത് നിയന്ത്രിതമായ

രീതിയിൽ തീയിടൽ, മാലത്തിയോൺ സ്പ്രേയിംഗ് തുടങ്ങിയവ നടത്തി.

വയനാട് ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ തുടർ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. രോഗവാഹകരായ ചെള്ളുകളെ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങൾ അടയാളപ്പെടുത്തി പ്രതിരോധ നടപടികൾ സ്വീകരിക്കാനുമായി ഒരു ദീർഘകാല പ്രവർത്തനരേഖ തയ്യാറാക്കി. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഇ) ജില്ലാ കളക്ടറേറ്റിൽ പ്രത്യേക കൺട്രോൾ റൂം ആരംഭിക്കുകയും ജില്ലാകളക്ടറും ജില്ലാ മെഡിക്കൽ ആഫീസറും സംയുക്തമായി ദൈനംദിന സ്ഥിതിവിവരങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നു. കുരങ്ങുമരണം കാണുന്ന പ്രദേശങ്ങളിൽ മാലത്തിയോൺ കീടനാശിനി വിതറുക, വീട്ടുമൃഗങ്ങളിൽ ലേപനങ്ങൾ തേയ്ക്കാൻ നിർദ്ദേശം നൽകുക, വനം ജീവനക്കാർക്കും വനങ്ങളിൽ ജോലിയെടുക്കുന്നവർക്കും ഗൗൺ, ഏപ്രൺ, ഗംബൂട്ട് ഉപയോഗിക്കുവാനും ചെള്ളുകളെ പ്രതിരോധിക്കാൻ ലേപനങ്ങൾ പുരട്ടുന്നത് ശീലമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. കുരങ്ങുകൾ മരിച്ചുകിടക്കുന്നത് കണ്ടാൽ ഉടനടി റിപ്പോർട്ട് ചെയ്യാനും ആരോഗ്യ വകുപ്പിലെ വെക്ടർ കൺട്രോൾ വിഭാഗത്തിലെ ജീവനക്കാരുടെ സഹായത്തോടെ അത്തരം പ്രദേശങ്ങളിൽ അണു/ചെള്ള് വിമുക്തമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ വി.സി.ആർ.സി. കോട്ടയവുമായി ചേർന്ന് ചെള്ളുകളെ (ടിക്കുകൾ) നിരീക്ഷിക്കുവാനും അവയിലെ രോഗബാധ കണ്ടെത്തുവാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കുരങ്ങുപനി ചികിത്സാർത്ഥം വ്യക്തമായ ഒരു ചികിത്സ മാർഗ്ഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. ഈ രോഗം മനുഷ്യരിൽനിന്നും മനുഷ്യരിലേക്ക് നേരിട്ട് പകരുന്നതല്ലാത്തതിനാൽ സ്കൂളിൽ പോകുന്ന കുട്ടികളെപ്പറ്റി ആശങ്കപ്പെടേണ്ട കാര്യമില്ല. ഊർജ്ജിതമായ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിയതിനാൽ ജൂൺ മാസത്തിനുശേഷം പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. 29-09-2015-നും 12-11-2011-നും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുടെ സംയോജിത യോഗം വിളിച്ചുകൂട്ടി രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണം, വാക്സിനേഷൻ, ശുചീകരണം തുടങ്ങിയവ നടത്തിക്കുകയുണ്ടായി. ഈ വർഷം ഫെബ്രുവരിയിൽ (2016) മുള്ളൻകൊല്ലി (2) നൂൽപ്പുഴ (1) വനപ്രദേശങ്ങളിൽ ആകെ 3 കുരങ്ങുപനികൾ സ്ഥിരീകരിക്കുകയുണ്ടായി. അതിനെത്തുടർന്ന് ഈ പ്രദേശങ്ങളിലെ സ്കൂളുകൾ, വീടുകൾ, സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച്

ബോധവത്കരണ ക്ലാസ്സുകളും ക്യാമ്പുകളും നടത്തിവരുന്നു. അതിനെത്തുടർന്ന് ഈ പ്രദേശങ്ങളിൽ ചികിത്സാ സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ എപ്പിഡമോളജിസ്റ്റിന്റെയും എന്റമോളജിസ്റ്റിന്റെയും ഒരു ടീം പ്രശ്നബാധിത മേഖലകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും അടിയന്തര നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഊർജ്ജിത രോഗനിയന്ത്രണ പ്രവർത്തനങ്ങളും ചെള്ള് നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

## നൂറനാട് ലെപ്രസി സാനിറ്റോറിയം

38 (2312) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയം താലൂക്ക് ആശുപത്രിയാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രി താലൂക്കാശുപത്രിയാക്കി ഉയർത്തുകയും നടപ്പുസാമ്പത്തിക വർഷത്തിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ചെയ്യുമോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) നൂറനാട് ലെപ്രസി സാനിറ്റേറിയം താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഇടുക്കി ജില്ലയിലെ താലൂക്കാശുപത്രികളിലെ ഒഴിവുകൾ

39 (2313) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിൽ വിവിധ ആശുപത്രികളിലായി എത്ര ഡോക്ടർമാരുടെ ഒഴിവ് നിലവിലുണ്ട്; എത്ര പേർ അനധികൃത അവധിയിൽ പോയിരിക്കുന്നു; എത്ര പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്യുന്ന വിശദാംശം നൽകാമോ;

(ബി) ഗൈനക്കോളജി, ശിശുരോഗ വിഭാഗം, അനസ്തേഷ്യാ എന്നീ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്ന എത്ര താലൂക്ക് ആശുപത്രികൾ ഉണ്ട്; വിശദാംശം

നൽകാമോ;

(സി) താലൂക്ക് ആശുപത്രികളിൽ ഗൈനക്കോളജി, ശിശുരോഗ വിഭാഗം, അനസ്തേഷ്യാ വിഭാഗങ്ങൾ മുടക്കം കൂടാതെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത നടപടികൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ ആരോഗ്യവകുപ്പിൽ വിവിധ ആശുപത്രികളിലായി അറുപത്തിയേഴ് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. പതിനൊന്ന് പേർ അനധികൃത അവധിയിൽ പോയിരിക്കുന്നു. രണ്ടുപേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്യുന്നു.

(ബി) ഗൈനക്കോളജി-താലൂക്കാശുപത്രി, നെടുങ്കണ്ടം ശിശുരോഗവിഭാഗം-താലൂക്കാശുപത്രി, കട്ടപ്പന അനസ്തേഷ്യ വിഭാഗം-താലൂക്കാശുപത്രി, നെടുങ്കണ്ടം.

(സി&ഡി) നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റ് ജോലി നോക്കിവരുന്നതിനാൽ ഈ വിഭാഗത്തിലെ പ്രവർത്തനം തടസ്സമില്ലാതെ നടത്തുന്നു. കട്ടപ്പന താലൂക്കാശുപത്രിയിൽ ശിശുരോഗവിഭാഗത്തിൽ 2015 നവംബർ മാസത്തിൽ പുതുതായി സൃഷ്ടിച്ച രണ്ട് തസ്തികകളാണ് നിലവിലുള്ളത്. ഈ ഒഴിവിലേക്ക് രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ അനസ്തേഷ്യ വിഭാഗത്തിലെ ഒഴിവ് നികത്തുന്നതിലേക്കായി ജനറൽ കേഡറിൽ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. മേൽനടപടികൾ മുഖേന പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കിടത്തി ചികിത്സയുള്ള പി.എച്ച്.സി.-കൾ**

40 (2314) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കിടത്തി ചികിത്സയുള്ള പി.എച്ച്.സി.കളായി

ഉയർത്തിയിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഇത്തരത്തിൽ മാറ്റിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ കാലത്ത് 6-11-2008-ലെ സ.ഉ.(എം.എസ്.) നമ്പർ 568/2008/ആ.കു.വ. പ്രകാരമാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കിടത്തി ചികിത്സയുള്ള 24x7 പി.എച്ച്.സി. എന്ന വിഭാഗത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തിയത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 150 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ 24x7 പി.എച്ച്.സി.-കളായി നാമകരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എച്ച്.സി.-കളെ 24x7 പി.എച്ച്.സി.യായി ഉയർത്തിയിട്ടില്ല.

**താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി**

41 (2315) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്ത്രീകളും കുട്ടികളും ഏറെ ആശ്രയിക്കുന്ന പ്രസ്തുത സി.എച്ച്.സി, താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി.**

42 (2316) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. നിലവിലില്ലാത്തത് ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മാവൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യസ്ഥാപനമായ ചെറൂപ്പ എം.സി.എച്ച് യൂണിറ്റിനെ 6-11-2008 ലെ സ.ഉ.(എം.എസ്) നം. 568/2008/ആ.കു.വ. പ്രകാരം 24x7 പി.എച്ച്.സി.-യായി ഉയർത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിൽ ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിലുള്ള താഴെപ്പറയുന്ന ഫീൽഡ് വിഭാഗം ജീവനക്കാരാണ് പ്രവർത്തിക്കുന്നത്.

1. ഹെൽത്ത് സൂപ്പർവൈസർ - 1
2. ഹെൽത്ത് ഇൻസ്പെക്ടർ - 2
3. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ - 2
4. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I - 4
5. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II - 4
6. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് -12

മേൽപ്പറഞ്ഞ ഫീൽഡ് വിഭാഗം ജീവനക്കാരാണ് മാവൂർ, പെരുവയൽ, പെരുമണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിക്കുന്നത്. ആയതിനാൽ മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ഇല്ലാത്തതുകൊണ്ട് ഫീൽഡ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ല.

**സ്റ്റാഫ് നഴ്സ് തസ്തികകൾ**

43 (2317) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ഗ്രേഡ്-I തസ്തികകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് പ്രമോഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവിറങ്ങിയതെന്നും എത്ര പേർക്ക് പ്രമോഷൻ നൽകിയെന്നും വ്യക്തമാക്കാമോ;

(സി) പ്രമോഷൻ ലഭിച്ചവരെ എറണാകുളം ജില്ലയിൽ തന്നെ തുടരുന്നതിന് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ മുൻകാലങ്ങളിൽ ഇത്തരത്തിൽ തുടരാൻ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രമോഷൻ ലഭിച്ചവരെ ഇതര ജില്ലകളിൽ നിയമിക്കാത്തതുമൂലം വർഷങ്ങളായി അന്യ ജില്ലകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തം ജില്ലയിൽ നിയമനം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ന്റെ 363 തസ്തികയും സ്റ്റാഫ് നഴ്സ് ഗ്രേഡ്-I ന്റെ 362 തസ്തികയും നിലവിലുണ്ട്.

(ബി) ഉണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 13-01-2016 ലെ ഉത്തരവ് നം.ഇഇ 1/60/2016/ആ.വ.ഡ പ്രകാരം 308 പേർക്ക് സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് പ്രൊമോഷൻ നടത്തിയിട്ടുണ്ട്.

(സി) ഉത്തരവായിട്ടുണ്ട്. ഡി.ആർ.ബി. ചട്ടപ്രകാരം ജില്ലയിൽ നിന്നും മാറ്റി നിയമിക്കേണ്ട കാര്യമില്ല.

(ഡി) ഇക്കാര്യം ബഹു. കോടതിയുടെ പരിഗണനയിലാണ്.

**മലപ്പുറം ജില്ലയിലെ ഡിഫ്ത്തീരിയ ബാധ**

44 (2318) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്രപേർക്ക് ഡിഫ്ത്തീരിയ രോഗം ബാധിച്ചിട്ടുണ്ട്; എത്രപേർ മരിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ ഡിഫ്ത്തീരിയ രോഗപ്രതിരോധ മരുന്ന് ആവശ്യത്തിന് ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് പ്രസ്തുത പ്രതിസന്ധിക്ക് കാരണമെന്ന് അറിയിക്കുമോ;

(സി) എന്തെല്ലാം പ്രതിരോധ നടപടികളാണ് പ്രസ്തുത രോഗത്തിനെതിരായി മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) മതിയായ പ്രതിരോധ മരുന്ന് ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ; പ്രസ്തുത രോഗവ്യാപനം തടയുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞവർഷം മലപ്പുറം ജില്ലയിൽ അഞ്ച് പേർക്ക് ഡിഫ്ത്തീരിയ ബാധിക്കുകയും ഒരാൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽനിന്നും ഡിഫ്ത്തീരിയ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) കേരളത്തിൽ വളരെ കാലമായി പ്രതിരോധ കുത്തിവയ്പുകൾ കൊണ്ട് അപ്രത്യക്ഷമായിരുന്ന ഡിഫ്ത്തീരിയ എന്ന രോഗം, മലപ്പുറം ജില്ലയിൽ ഇപ്പോൾ വന്നത് രോഗപ്രതിരോധ കുത്തിവയ്പുകൾ എടുക്കാത്ത കുട്ടികളിലാണ്. ഡിഫ്ത്തീരിയ കുട്ടികളിൽ വാക്സിൻമൂലം തടയുവാൻ കഴിയുന്ന ഒരു രോഗമാണ്. അതുകൊണ്ട് തന്നെ ഈ രോഗം അധികം ഉണ്ടാകാറില്ല. മലപ്പുറം ജില്ലയിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളജിൽ ഡിഫ്ത്തീരിയക്കെതിരെയുള്ള വാക്സിൻ ലഭ്യമാണ്. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിലും പ്രസ്തുത വാക്സിൻ ലഭ്യമാണ്.

(സി) മലപ്പുറം ജില്ലയിൽ ഡിഫ്ത്തീരിയ ഔട്ട് ബ്രേക്കുണ്ടായത് രണ്ട് യത്തീംഖാനകളിലാണ്. രോഗം റിപ്പോർട്ട് ചെയ്തയുടനെ തന്നെ രണ്ട് സ്ഥാപനങ്ങളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള വിദഗ്ധ ആരോഗ്യസംഘം സന്ദർശിക്കുകയും സ്ക്രീനിംഗ് നടത്തി സംശയാസ്പദമായി കണ്ട കുട്ടികളെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി. മറ്റ് കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പും Prophylaxis antibiotic-ഉം നൽകുകയും ചെയ്തു. സ്ഥാപന ത്തിന്റെ ചുറ്റിലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ, രോഗ ബാധിതരായ കുട്ടികളുടെ വീട്ടിലുള്ളവർക്കും പരിസരവാസികളിലും കുത്തിവയ്പ് എടുക്കാത്തവർക്ക് പ്രതിരോധ കുത്തിവയ്പുകൾ, മരുന്നുകൾ എന്നിവ നൽകി. ഇതുകൂടാതെ ദീർഘകാല പദ്ധതിയായി ജില്ലയിലെ 0-16 വയസ്സുള്ള, ഭാഗികമായോ പൂർണ്ണമായോ പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികൾക്ക് ഡി.ടി.വാക്സിൻ നൽകുന്നതിന് അനുമതി നൽകുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ഡി) രോഗപ്രതിരോധ വാക്സിൻ ലഭ്യമാണ്. കുട്ടികളുടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കെതിരെ വ്യാജപ്രചരണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്ക അകറ്റിയാൽ മാത്രമേ ഈ പദ്ധതി വിജയിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പോസ്റ്റ് ക്രിയേഷൻ**

45 (2319) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച് നൽകിയിരുന്ന പുതിയ പ്രൊപ്പോസൽ (ഫയൽ നമ്പർ 221/ എം2/2016/എച്ച് &;എഫ്.ഡബ്ല്യു) പ്രകാരം സമർപ്പിച്ചിരുന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഫയൽ നമ്പർ 13344/2012-ൽ ആവശ്യപ്പെട്ടിരുന്ന കാര്യങ്ങൾ ഡി എച്ച് എസ്-ൽ നിന്നും ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ അകാരണമായി താമസം വരുത്തുന്നുവെന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) കുറവിലങ്ങാട് താലൂക്കാശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച സർക്കാർ ഫയൽ നം. 13344/എം.1/2013/ ആ.കു.വ. ആണ്. മേൽ ഫയലിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടാണ് 221/എം1/16/H&FWD. ടി റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ അധികവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ (13344/എം1/2013) അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ധനകാര്യവകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് ചില അധികവിവരങ്ങൾ ആരാഞ്ഞു. ടി അധികവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയെങ്കിലും (221/എം1/16) പൂർണ്ണമല്ലാത്തതിനാൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആരോഗ്യവകുപ്പ് ഡയറക്ടർ പൂർണ്ണമായ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി**

46 (2320) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയുടെ ഉടമസ്ഥതയിലുള്ള 110 ഏക്കറിൽ ആശുപത്രിയുടെ ആവശ്യത്തിലധികമുള്ള സ്ഥലത്ത് ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട ഏതെങ്കിലും വികസന പദ്ധതി നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് സംസ്ഥാനത്തിനാകെ മുതൽക്കൂട്ടാവുന്ന തരത്തിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതടക്കമുള്ള വികസന പദ്ധതികൾ നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ "Institute for Human Resource Development in Health Sector"-ന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ രണ്ടാംഘട്ടനിർമ്മാണ പ്രവർത്തനങ്ങളുടെ (2nd Phase) ഭരണാനുമതി G.O.(Rt)No.4032/2015/ H&FWD തീയതി 18-12-2015 പ്രകാരം അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ നിലവിലില്ല.

(ബി) പി.ഡബ്ല്യു.ഡി. മുഖേന ഫൗണ്ടേഷൻ/പില്ലർ വർക്കുകൾ നടന്നുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും ചൂഷണം**

47 (2321) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെയും ലാബുകളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ഡോക്ടർമാർ, നഴ്സുമാർ,

ലാബ് ടെക്നീഷ്യൻമാർ, മറ്റു ജീവനക്കാർ എന്നിവരുടെ യോഗ്യത, പ്രായം എന്നിവ പരിശോധിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) പി.എൻ.ഡി.റ്റി. നിയമപ്രകാരവും സേഫ് കേരള പരിപാടി വഴിയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളിലും സ്കാനിംഗ് സെന്ററുകളിലും പരിശോധന നടത്തി പോരായ്മകൾ കണ്ടെത്തിയാൽ പി.എൻ.ഡി.റ്റി. നിയമപ്രകാരവും പൊതുജനാരോഗ്യ നിയമപ്രകാരവും നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യുന്നുണ്ട്. ഓരോ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ തീരുമാനപ്രകാരം നടത്തുന്ന പരിശോധനകൾക്ക് പുറമെ സംസ്ഥാനതലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവുപ്രകാരം സേഫ് കേരള പരിപാടിയുടെ ഭാഗമായി 2015-ൽ 27-2-2015, 26-5-2015, 12-8-2015 എന്നീ തീയതികളിലും പ്രത്യേക പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചു. സ്വകാര്യ ആശുപത്രികളിൽ പരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം ആരോഗ്യവകുപ്പിനില്ല. വ്യക്തമായ പരാതികളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും സ്ഥാപനത്തിൽ ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങളെക്കുറിച്ചോ പ്രവർത്തന രീതികളെക്കുറിച്ചോ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മാത്രമെ ആരോഗ്യവകുപ്പിന് സാധിക്കുകയുള്ളു. സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പി.എൻ.ഡി.റ്റി. നിയമപ്രകാരം അൾട്രാസോണോഗ്രാഫി നടത്തുന്ന ഏത് സെന്ററും പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും അപ്രോപ്രിയേറ്റ് അതോറിറ്റി എന്ന അധികാരം ഉപയോഗിച്ച് ആരോഗ്യവകുപ്പ് ജീവനക്കാർക്ക് പരിശോധന നടത്തുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ച് 2015 മേയ് 26-ാം തീയതി സംസ്ഥാന വ്യാപകമായി സേഫ് കേരള പദ്ധതിയുടെ ഭാഗമായി 520 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 16 സ്ഥാപനങ്ങൾ സീൽ ചെയ്യുകയും ചെയ്തു. ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന സേഫ് കേരള പദ്ധതി വഴി ചെറുകിട ലാബുകളും ക്ലിനിക്കുകളും പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. സ്വകാര്യ ആശുപത്രികളെയും ലാബുകളെയും നിയന്ത്രിക്കുന്നതിനും മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിനും വിഭാവന ചെയ്തുകൊണ്ട് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പരിശോധനകൾ നടത്തുമ്പോൾ ജീവനക്കാരുടെ അടിസ്ഥാന യോഗ്യതകൾ, ലാബിന്റെ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത, ഉപയോഗിക്കുന്ന രാസവസ്തുക്കളുടെയും കിറ്റുകളുടെയും സ്റ്റെയിനുകളുടെയും കാലാവധി, ഗുണമേന്മ, ഉപകരണങ്ങളുടെ അണു വിമുക്തി, മാലിന്യസംസ്കരണ സംവിധാനങ്ങൾ, ഗുണനിലവാര പരിശോധന, ലൈസൻസ് ഉണ്ടോ എന്നത് തുടങ്ങി വിവിധ കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്.

## നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്

48 (2322) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ഗവൺമെൻറ് നഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ രണ്ട് വർഷമായി സ്റ്റൈപന്റ് നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) മറ്റ് ജില്ലകളിലെ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് കൃത്യമായി ലഭിക്കുമ്പോൾ കാസർഗോഡ് ജില്ലയിൽ മാത്രം മുടങ്ങുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) നിലവിൽ സ്റ്റൈപന്റ് എത്രയെന്നും,ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തികവർഷം കാഞ്ഞങ്ങാട് ഗവൺമെന്റ് നേഴ്സിംഗ് സ്കൂളിന് സ്റ്റൈപന്റ് ഇനത്തിൽ 1,50,000 രൂപ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം അനുവദിക്കുകയുണ്ടായി.

(സി) ആരോഗ്യവകുപ്പിന്റെ കീഴിൽ പതിനാല് ജില്ലകളിലായി പതിനാറ് നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിനായി രണ്ട് ശീർഷകത്തിൽ (2210-05-105-89-NP) (2210-05-105-74-NP) സ്കോളർഷിപ്പ് ആന്റ് സ്റ്റൈപന്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക വളരെ കുറവാണ്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ലഭ്യമായ തുക അനുവദിക്കുന്നു.

(ഡി) നിലവിൽ ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 700 രൂപയും ബോണ്ട്

പീരിയഡിൽ പ്രതിമാസം 2000 രൂപയും നൽകിവരുന്നു. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ആയുർവ്വേദ പഠന മേഖലയിലെ ഗവേഷണ കേന്ദ്രങ്ങൾ**

49 (2323) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ പഠന മേഖലയിൽ എത്ര ഗവേഷണ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത് ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ ഗവേഷണ കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരം സർക്കാർ ആയുർവ്വേദ കോളേജിൽ ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഡ്രഗ്സ് സ്റ്റാന്റേർഡൈസേഷൻ യൂണിറ്റ് എന്നീ ഗവേഷണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എയ്ഡഡ് മേഖലയിൽ കോട്ടയ്ക്കലിൽ ആയുർവ്വേദ പഠനഗവേഷണ സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച ശിപാർശ പരിഗണനയിലില്ല.

**ഡയാലിസിസ് സൗകര്യം**

50 (2324) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളിൽ പ്രസ്തുത സൗകര്യമുണ്ടെന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഇടുക്കി ജില്ലയിൽ പ്രസ്തുത സൗകര്യമുള്ള സർക്കാർ ആശുപത്രികൾ

ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) താലൂക്ക് ആശുപത്രി പുനലൂർ, തൊടുപുഴ, ഒറ്റപ്പാലം, വടകര, താമരശ്ശേരി സർക്കാർ ഉത്തരവ് (സാധാ) നം. 114/2013/നികുതിവകുപ്പ് തീയതി 5-2-2013 പ്രകാരം, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ ചുവടെ ചേർത്തിരിക്കുന്ന 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ടുപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

1 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചിറയിൻകീഴ്

2 ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര

3 ജില്ലാ ആശുപത്രി, നെടുമങ്ങാട്

4 ഫോർട്ട് ഹോസ്പിറ്റൽ, തിരുവനന്തപുരം

5 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കൊട്ടാരക്കര

6 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പുനലൂർ

7 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചേർത്തല

8 ജനറൽ ആശുപത്രി, ആലപ്പുഴ

9 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, റാന്നി

10 ജനറൽ ആശുപത്രി, അടൂർ

11 ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി

12 ജനറൽ ആശുപത്രി, പാലാ

13 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പീരുമേട്

14 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, മൂവാറ്റുപുഴ

15 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പരവൂർ

16 ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

17 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കുന്നംകുളം

18 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ഒറ്റപ്പാലം

19 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, മണ്ണാർക്കാട്

20 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കൊയിലാണ്ടി

21 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, താമരശ്ശേരി

22 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, തളിപ്പറമ്പ്

23 ജനറൽ ആശുപത്രി, തലശ്ശേരി

24 ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്

25 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, നീലേശ്വരം

26 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, സുൽത്താൻബത്തേരി

27 ജനറൽ ആശുപത്രി, കൽപ്പറ്റ

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ പുനലൂർ, ചേർത്തല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ കരുനാഗപ്പള്ളി, കായംകുളം, ചിറ്റൂർ എന്നിവിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് ലഭ്യമാക്കി ഡയാലിസിസ് യൂണിറ്റുകൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ആരംഭിക്കുന്നതാണ്.

(സി) ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്ക് ആശുപത്രിയിൽ മാത്രമാണ് ഡയാലിസിസ് സൗകര്യമുള്ളത്. (തൊടുപുഴ താലൂക്ക് ആശുപത്രി ഇപ്പോൾ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്).

**ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി**

51 (2325) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളിലാണ് ഡോക്ടർമാരുടെ കുറവുള്ളതെന്നും അതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നും പറയാമോ;

(ബി) ഇവിടെ നേത്ര രോഗ വിഭാഗം എല്ലാ ദിവസവും പ്രവർത്തിച്ചിരുന്നതാണെങ്കിലും ഇപ്പോൾ മൂന്നു ദിവസമാക്കാൻ കാരണമെന്തെന്നു പറയാമോ; എല്ലാ ദിവസവും ഈ വിഭാഗത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ദന്തൽ ഡോക്ടർമാരുടെ ലിസ്റ്റിൽ നിന്നും ചേർത്തല താലൂക്ക് ആശുപത്രിയിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് പറയാമോ?

<u>ഉത്തരം</u>

(എ) ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കുറവുള്ള ഡോക്ടർമാരുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അഡ്മിനിസ്ട്രേറ്റീവ് സൂപ്രണ്ട് | - 1 |
| ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | - 1 |
| കൺസൾട്ടന്റ് ( അനസ്തേഷ്യ) | - 1 |
| കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - 1 |
| കൺസൾട്ടന്റ് (ഓർത്തോപീഡിയാട്രിക്സ്) | - 1 |
| ജൂനിയർ കൺസൾട്ടന്റ് (ദന്തൽ) | - 1 |

അനസ്തേഷ്യ ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. കൺസൾട്ടന്റ് പോസ്റ്റിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിനും ജൂനിയർ കൺസൾട്ടന്റ് പോസ്റ്റിലെ ഒഴിവുകൾ ജനറൽ കേഡറിലെ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ നേത്രരോഗവിഭാഗത്തിൽ ഒരു

തസ്തികയാണുള്ളത്. ആ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. സി.എച്ച്.സി. മുഹമ്മയിൽ നിന്നും ആഴ്ചയിൽ മൂന്ന് ദിവസം വർക്കിംഗ് അറേഞ്ച്മെന്റിൽ നേത്രരോഗ വിദഗ്ധനെ നിയോഗിച്ചിട്ടുണ്ട്. ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ചേർത്തല താലൂക്കാശുപത്രിയിൽ ദന്തൽ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലാണ് ഒഴിവുള്ളത്. 2014-ൽ ഓപ്ഷൻ നൽകിയ സ്പെഷ്യാലിറ്റി കേഡറിലെ എല്ലാ മെഡിക്കൽ അസിസ്റ്റന്റ് ദന്തൽ സർജന്മാർക്കും നിയമനം നൽകിയിട്ടുണ്ട്. 2015-ൽ യോഗ്യത നേടിയ അസിസ്റ്റന്റ് ദന്തൽ സർജന്മാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തിക നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീജിയണൽ ക്യാൻസർ സെന്റർ**

52 (2326) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ കാൻസർ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ എന്ന് അറിയിക്കുമോ;

(ബി) എത്ര രൂപയാണ് നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആർ.സി.സി. ക്യാമ്പസിനോട് ചേർന്ന് നൂറ് സെന്റ് സ്ഥലത്തിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്

(ബി) 187.22 കോടി രൂപ.

(സി) ആവശ്യമായ എല്ലാ അനുമതികൾക്കുശേഷം മുപ്പത്തിയാറ് മാസമാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കുവാനായി ലക്ഷ്യമിട്ടിരിക്കുന്നത്.

**പാലക്കാട് ജില്ലയിൽ ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകൾ**

53 (2327) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സർക്കാർ മേഖലയിലെ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ജനങ്ങളുടെയും, ആശുപത്രികളുടെയും എണ്ണത്തിനനുസരിച്ചുള്ള തസ്തികകൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണ് അധികമായി ആവശ്യമുള്ളതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും പാലക്കാട് ഡി.എം.ഒ.യും സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളത്; ഇവ സൃഷ്ടിക്കാൻ എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ആശുപത്രികൾക്കും ജനങ്ങൾക്കും ആനുപാതികമായി ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലാബ് ടെക്നീഷ്യൻ ഗ്രേഡ് - I - 38

ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II - 42

(ബി) ജനങ്ങളുടെയും ആശുപത്രികളുടെയും എണ്ണത്തിനനുസരിച്ചുള്ള തസ്തികകൾ നിലവിലില്ല.

(സി&ഡി) പാലക്കാട് ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II-ന്റെ 65 തസ്തികകൾ അടക്കം സംസ്ഥാനത്തൊട്ടാകെ ലാബ് ടെക്നീഷ്യൻമാരുടെ 667 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ഡയാലിസിസ് യൂണിറ്റുകൾ**

54 (2328) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) 2011-12 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, താലൂക്കാശുപത്രി തൊടുപുഴ, ജനറൽ ആശുപത്രി തൃശ്ശൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4427/2011/ ആ.കു.വ. തീയതി 23-2-2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് 100 ലക്ഷം രൂപയും സാധന സാമഗ്രികൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും 400 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്. ആണ് നടപ്പിലാക്കിയത്. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ.-ഉം പൂർത്തിയാക്കിയിട്ടുണ്ട്. അഞ്ച് യൂണിറ്റുകളും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. 2015-16-ൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നെടുങ്ങോലം, ഹരിപ്പാട് എന്നീ താലൂക്കാശുപത്രികളിൽ 7.10 കോടി രൂപ ചെലവിൽ 10 ബെഡ് വീതമുള്ള രണ്ട് ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 114/2013/നികുതി വകുപ്പ് തീയതി 5-2-2013 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ അനുബന്ധമായി ചേർത്തിട്ടുള്ള 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ, ചേർത്തല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ആസ്ഥാന ആശുപത്രി കരുനാഗപ്പള്ളി, കായംകുളം, ചിറ്റൂർ എന്നിവിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വൃക്കകളുടെ പ്രവർത്തനം തകരാറിലായവരെ സ്വകാര്യ സെന്ററുകളുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിനും കുറഞ്ഞ നിരക്കിൽ ഡയാലിസിസ് നൽകാനും സാധിക്കുന്നു. കിഡ്നി പ്രവർത്തനം തകരാറിലായി കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ളവർക്ക് അനുയോജ്യമായ കിഡ്നി ലഭിക്കാതെ വരികയോ സാമ്പത്തിക പ്രതിസന്ധിമൂലം കിഡ്നി മാറ്റിവയ്ക്കലിന്

വിധേയരാകുവാൻ കഴിയാതെ വരികയോ ചെയ്യുമ്പോൾ ഡയാലിസിസ് ചികിത്സ വേണ്ടിവരുന്നു. ഈ ചികിത്സ സർക്കാർ മേഖലയിൽ ഡയാലിസിസ് യൂണിറ്റുകൾ വഴി മിതമായ നിരക്കിൽ നൽകുവാൻ കഴിയുന്നു.

(സി) 2011-12 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, താലൂക്കാശുപത്രി തൊടുപുഴ, ജനറൽ ആശുപത്രി തൃശ്ശൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 4427/2011/ആ.കു.വ. തീയതി 23/2/2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് 100 ലക്ഷം രൂപയും സാധന സാമഗ്രികൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും 400 ലക്ഷംരൂപയും വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ആണ് നടപ്പിലാക്കിയത്. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ.-ലും പൂർത്തിയാക്കിയിട്ടുണ്ട്. അഞ്ച് യൂണിറ്റുകളും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. 2015-16-ൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നെടുങ്ങോലം, ഹരിപ്പാട് എന്നീ താലൂക്കാശുപത്രികളിൽ 7.10 കോടി രൂപ ചെലവിൽ 10 ബെഡ് വീതമുള്ള രണ്ട് ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 114/2013/നികുതി വകുപ്പ് തീയതി 5/2/2013 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ, ചേർത്തല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ആസ്ഥാന ആശുപത്രി കരുനാഗപ്പള്ളി, കായംകുളം, ചിറ്റൂർ എന്നിവിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**താൽക്കാലിക ജീവനക്കാരുടെ വേതനം**

55 (2329) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേശീയ ആരോഗ്യപദ്ധതിയിൽ താത്കാലികമായി ജോലിചെയ്തുവരുന്ന പബ്ളിക് റിലേഷൻസ് ഓഫീസർമാർ അടക്കമുള്ള ജീവനക്കാരുടെ പ്രതിമാസ വേതനം ഉയർത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർവ്വീസിലെ സീനിയോറിട്ടി, തസ്തിക, വിദ്യാഭ്യാസ യോഗ്യത എന്നിവയ്ക്കനുസൃതമായി ശമ്പളം പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ ജോലിസ്ഥിരത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പബ്ലിക് റിലേഷൻസ് ഓഫീസർമാർ ഉൾപ്പെടെയുള്ള എൻ.എച്ച്.എം. ജീവനക്കാർ നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന പ്രതിമാസവേതനം പതിനയ്യായിരം രൂപയ്ക്ക് താഴെയാണെങ്കിൽ പതിനഞ്ച് ശതമാനവും 15001 മുതൽ 25000 വരെ ആണെങ്കിൽ 10 ശതമാനവും 25001-ന മുകളിലാണെങ്കിൽ 5 ശതമാനവും ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഈ വർഷം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്.

(സി) നാഷണൽ ഹെൽത്ത് മിഷൻ 2017 വരെയുള്ള ഒരു ആരോഗ്യ ദൗത്യമാണ്. ആയതിനാൽ കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. മേൽ സാഹചര്യത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ-പുനരധിവാസ പദ്ധതികൾ**

56 (2330) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ കാൻസർ രോഗികൾക്കും മറ്റ് മാരക രോഗങ്ങൾ ബാധിച്ച് കിടപ്പിലായവർക്കും നൽകിവരുന്ന പെൻഷൻ-പുനരധിവാസ നടപടികൾ എന്തെല്ലാം;

(ബി) പുനരധിവാസ നടപടികൾ വ്യാപിപ്പിക്കുന്നതിനും പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർദ്ധനരായ ക്യാൻസർ രോഗികൾക്കും ക്ഷയം, കുഷ്ഠം എന്നിവ ബാധിച്ചവർക്കും പ്രതിമാസം ആയിരം രൂപ വീതം നൽകിവരുന്നു. ഇത് നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്. ചികിത്സ കഴിഞ്ഞവർക്കും ഇപ്പോൾ ചികിത്സയിലിരിക്കുന്നവർക്കും ജില്ലാതലത്തിൽ മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നാണ് ഈ തുക ആറ് മാസം വീതം നൽകിവരുന്നത്. മറ്റ് മാരകരോഗങ്ങൾ ബാധിച്ചവർക്ക് പദ്ധതിപ്രകാരം ആരോഗ്യവകുപ്പിൽനിന്നും ചികിത്സാധനസഹായം നൽകി വരുന്നുണ്ട്.

(ബി) പുനരധിവാസ പദ്ധതികളൊന്നും നിലവിലില്ല.

**സാന്ത്വനം വാളണ്ടിയർമാർ**

57 (2331) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിയേറ്റീവ് രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് വരുന്ന സാന്ത്വനം വാളണ്ടീയർമാരുടെ തുച്ഛമായ വേതനം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധന സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 21-2-2015 ലെ സ.ഉ.(സാധാ)നമ്പർ 526/2015/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഹോണറേറിയം 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉടനെ ഒരു വർദ്ധന ഇപ്പോൾ പരിഗണനയിലില്ല.

**പതിനെട്ട് വയസ്സിനുതാഴെയുള്ളവർക്ക് സൗജന്യചികിത്സ**

58 (2332) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിനു താഴെയുള്ളവർക്ക് ഏതൊക്കെ രോഗങ്ങൾക്കുള്ള ചികിത്സകളാണ് സൗജന്യമായി നല്കുന്നത്; വരുമാന പരിധിയുണ്ടോ; വിശദാംശം

നല്കാമോ;

(ബി) ഏതൊക്കെ ആശുപത്രികളിലെ ചികിത്സകൾക്കാണ് സഹായം അനുവദിക്കുന്നത്; എത്ര തുക വരെയുള്ള ചികിത്സകൾക്കാണ് സഹായം നല്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) വഴിയും ആരോഗ്യകിരണം പദ്ധതി വഴിയും പതിനെട്ട് വയസ്സിനുതാഴെയുള്ളവർക്ക് ചികിത്സാസഹായം സൗജന്യമായി ലഭ്യമാക്കുന്നു.

<u>രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം :</u>

പതിനെട്ട് വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന മുപ്പത് അസുഖങ്ങൾക്കാണ് സൗജന്യചികിത്സ നൽകി വരുന്നത്.

<u>ജനനവൈകല്യങ്ങൾ (Defects at Birth) :</u>

- ന്യൂറൽ ട്യൂബ് ഡിഫക്ട് (Neural Tube Defect)
- ഡൗൺ സിൻഡ്രോം (Down Syndrome)
- മുറിച്ചുണ്ട് (Cleft lip)
- അണ്ണാക്കിലെ വിടവുകൾ (Palate/Cleft Palate alone)
- കാൽപ്പാദ വൈകല്യങ്ങൾ Talipes (Club foot)
- അരക്കെട്ടിനുണ്ടാകുന്ന വികാസ വൈകല്യം (Developmental Pysplasia of the Hip)
- ജന്മനാലുള്ള തിമിരം (Congenital Cataract)
- ജന്മനാലുള്ള കേൾവിക്കുറവ് (Congenital Deafness)
- ജന്മനാലുള്ള ഹൃദ്രോഗം (Congenital Heart Diseases)
- മാസം തികയാതെ പ്രസവിക്കുന്നതുകൊണ്ട് കണ്ണിലെ റെറ്റിനയ്ക്കുണ്ടാകുന്ന

തകരാറുകൾ (Retinopathy of Prematurity)

<u>ന്യൂനതകൾ (Deficiencies) :</u>

- വിളർച്ചയും ഗുരുതരമായ അനീമിയയും
- വിറ്റാമിൻ എ യുടെ കുറവ് (Bitot Spot)
- വിറ്റാമിൻ ഡി യുടെ കുറവ് (Rickets)
- ഗുരുതരമായ പോഷകാഹാരക്കുറവ്
- തൊണ്ടവീക്കം (Goiter)

<u>ശൈശവ രോഗങ്ങൾ (Childhood Diseases) :</u>

- ത്വക്ക് രോഗങ്ങൾ (Scabies, Fungal Infection and Eczema)
- ചെവിക്കുള്ളിലെ അണുബാധ (Otitis Media)
- റുമാറ്റിക് ഹൃദ്രോഗം (Rhumatic Heart Diseases)
- പല്ലിലെ പോട് (Dental caries)
- ജന്നി രോഗങ്ങൾ (Convulsive Disorders)

<u>വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും (Developmental delays and Disabilities) :</u>

- കാഴ്ചക്കുറവ്
- കേൾവിക്കുറവ്
- Neuro Motor impairment ചലനവൈകല്യങ്ങൾ Motor delay
- ബുദ്ധിപരമായ വികാസത്തിനുള്ള കാലതാമസം (Cognitive Delay )
- ഭാഷാപരമായ വികാസത്തിനുള്ള കാലതാമസം (Language Delay)
- ഓട്ടിസം (Autism )
- പഠനവൈകല്യം (Learning Disorder)
- എ.ഡി.എച്ച്.ഡി (Attention Deficit Hyperactivity Disorder)
- Congenital Hypothyroidism, Sickle Cell Anaemia, Beta Thalassemia (ബീറ്റാതലസീമിയ) (optional)

മേൽ പ്രസ്താവിച്ച രോഗങ്ങൾക്കുള്ള സൗജന്യചികിത്സയ്ക്ക് വരുമാന പരിധിയില്ല.

മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം താഴെപ്പറയുന്നു.

1. 18 വയസ്സിന് താഴെയായിരിക്കണം
2. വരുമാന പരിധിയില്ല
3. ബി.പി.എൽ /എ.പി.എൽ ഒരുപോലെ ബാധകമാണ്.
4. ഇന്ത്യൻ പൗരനായിരിക്കണം

5. വളർച്ചയും വികാസവുമായി ബന്ധപ്പെട്ട കാലതാമസവും/ വൈകല്യങ്ങൾക്കും ചികിത്സയും തുടർചികിത്സയും ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായ ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി) എന്ന സ്ഥാപനം വഴി സൗജന്യമായിരിക്കുന്നു.

6. സർക്കാർ സ്ഥാപനങ്ങൾ മുഖാന്തരമാണ് ഈ പദ്ധതി സൗജന്യമാക്കിയിരിക്കുന്നത്.

<u>ആരോഗ്യകിരണം പദ്ധതി :</u>

ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാവിധ രോഗങ്ങളുടെയും ചികിത്സ ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്.

സംസ്ഥാനത്ത് ആരോഗ്യകിരണം പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനങ്ങൾ നടപ്പിലാക്കിയിട്ടുള്ള ആർ.ബി.എസ്.കെ. (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) പദ്ധതിക്ക് സമാനമായ രീതിയിലാണ്. ആർ.ബി.എസ്.കെ പദ്ധതിപ്രകാരം കുട്ടികളിൽ കൂടുതലായും കണ്ടുവരുന്ന 30 അസുഖങ്ങൾക്കായുള്ള പരിശോധനയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാവിധ ചികിത്സയും തീർത്തും സൗജന്യമാണ്. ആരോഗ്യകിരണം പദ്ധതി ഈ 30 അസുഖങ്ങൾക്ക് പുറമെയുള്ളവയെ ഉദ്ദേശിച്ചാണ്.

ആശുപത്രികളിൽ ചികിത്സയ്ക്കായി വരുന്ന 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഒ.പി. ടിക്കറ്റ് മുതൽ എല്ലാ സേവനങ്ങളും തികച്ചും സൗജന്യമാക്കിയിരിക്കുന്നു. രോഗികൾക്കുള്ള മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാണെന്ന്

ഉറപ്പുവരുത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഏതെങ്കിലും ലാബ് പരിശോധനകൾക്ക് അതാത് ആശുപത്രികളിൽ സംവിധാനം ഇല്ലാത്തപക്ഷം അവ ആർ.എസ്.ബി.വൈ.-പദ്ധതിയിൽ എംപാനൽ ചെയ്ത് ലാബുകളിൽ നിന്നും ചെയ്തുകൊടുക്കപ്പെടും. സമാനരീതിയിൽ ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ, നീതി, സപ്ലൈകോ ഫാർമസി, എച്ച്.ഡി.സി /എച്ച്.എം.സി. നടത്തുന്ന ഫാർമസികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കിയിരിക്കുന്നു. ഇങ്ങനെ എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്കുള്ള തുക ആരോഗ്യകിരണം ഫണ്ടിൽനിന്നും നേരിട്ട് നൽകുന്നതാണ്. ഈ പദ്ധതി എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും സൗജന്യചികിത്സ ഉറപ്പുവരുത്തുന്നു. എന്നാൽ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കും വരുമാന നികുതി അടയ്ക്കുന്നവർക്കും ഈ പദ്ധതി ലഭ്യമല്ല.

(ബി) കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും ഈ സൗജന്യ ചികിത്സ ലഭ്യമാണ്. വളർച്ചയും വികാസവുമായി ബന്ധപ്പെട്ട അസുഖങ്ങൾക്ക് ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ (ഡി. ഇ. ഐ. സി) എന്ന സ്ഥാപനം 14 ജില്ലകളിലും ചുവടെ ചേർക്കുന്ന ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ. നമ്പർ | ജില്ല | സ്ഥാപനം |
|---|---|---|
| 1. | തിരുവനന്തപുരം | ജനറൽ ആശുപത്രി, തിരുവനന്തപുരം |
| 2. | കൊല്ലം | ഗവ.വിക്ടോറിയ ആശുപത്രി, കൊല്ലം |
| 3. | പത്തനംതിട്ട | താലൂക്ക് ആശുപത്രി, തിരുവല്ല |
| 4 | ആലപ്പുഴ | ജനറൽ ആശുപത്രി, ആലപ്പുഴ |
| 5 | കോട്ടയം | ജനറൽ ആശുപത്രി, കോട്ടയം |
| 6 | ഇടുക്കി | ജില്ലാ ആശുപത്രി, ഇടുക്കി |
| 7 | എറണാകുളം | ജനറൽ ആശുപത്രി, എറണാകുളം |
| 8 | തൃശ്ശൂർ | ജില്ലാ ആശുപത്രി, തൃശ്ശൂർ |
| 9 | മലപ്പുറം | താലൂക്ക് ആശുപത്രി, തിരൂരങ്ങാടി |

| | | |
|---|---|---|
| 10 | പാലക്കാട് | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട് |
| 11 | കോഴിക്കോട് | ജനറൽ ആശുപത്രി, ബീച്ച്, കോഴിക്കോട് |
| 12 | വയനാട് | ജനറൽ ആശുപത്രി, കൽപ്പറ്റ |
| 13 | കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ |
| 14 | കാസർഗോഡ് | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് |

ആർ.ബി.എസ്.കെ. പദ്ധതി പ്രകാരം താഴെപ്പറയുന്ന ആശുപത്രികൾ മുഖേനയും ചികിത്സാ സഹായം അനുവദിക്കുന്നു.

1. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മുഖാന്തരം മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾക്കും ഹൃദയസംബന്ധമായ അസുഖങ്ങൾക്കുമുള്ള ശസ്ത്രക്രിയകൾ നടത്തുന്നു.
2. സർക്കാർ ആശുപത്രികൾ മുഖാന്തരം ചെയ്യാൻ സാധിക്കാത്ത ഹൃദയ സംബന്ധമായതും മസ്തിഷ്ക സംബന്ധമായതും സർക്കാർ ആശുപത്രികളിൽ നിന്ന് ഈ കാരണത്താൽ റഫർ ചെയ്യുന്നതുമായ അസുഖങ്ങൾക്കുള്ള ചികിത്സ കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് വഴിയും നൽകുന്നു.

ആരോഗ്യകിരണം പദ്ധതി പ്രകാരം പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ തലങ്ങളിലുമുള്ള സർക്കാർ ആശുപത്രികളിലെ ചികിത്സയും നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായി സൗജന്യമാണ്. ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അസുഖങ്ങൾക്ക് ചികിത്സാ തുകയ്ക്ക് പരിധിയില്ല. ആരോഗ്യകിരണം പദ്ധതിയിലും ചികിത്സാ ചെലവുകൾക്ക് പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല.

**ആയുർവ്വേദ-യോഗ-പ്രകൃതി ചികിത്സാരംഗം**

59 (2333) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ-യോഗ-പ്രകൃതി ചികിത്സാ രംഗത്തെ വളർച്ചയുടെ പ്രാമുഖ്യം പരിഗണിച്ച്, ടി ചികിത്സാരംഗത്തിന്റെ വളർച്ചയ്ക്കും പ്രചാരത്തിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) എല്ലാ പഞ്ചായത്തുകളിലും ആയുർവേദ-യോഗ-പ്രകൃതി ചികിത്സാ

കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) യോഗ തെറാപ്പിയുടെ പ്രചാരത്തിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ, വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നാല് ഗ്രാമപഞ്ചായത്തുകൾ ഒഴിച്ച് എല്ലാ ഗ്രാമപഞ്ചായത്തിലും സർക്കാർ എൻ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. എല്ലാ ജില്ലാ ആയുർവ്വേദ ആശുപത്രികളിലും യോഗ/പ്രകൃതി ചികിത്സാ വിഭാഗത്തിനായി പ്രത്യേകം യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ ആയുഷ് മിഷന്റെ കീഴിൽ പതിനാല് യോഗ വെൽനെസ്സ് കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) യോഗപ്രകൃതി ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ശിപാർശ പരിഗണനയിലില്ല.

(സി) യോഗ തെറാപ്പിയുടെ പ്രചാരത്തിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനത്തിനുവേണ്ട സംവിധാനങ്ങൾ ആയുഷ് മെഡിക്കൽ ആഫീസർമാർ മുഖാന്തരം നൽകിവരുന്നു.

**കുന്ദംകുളം ഗവ.താലൂക്കാശുപത്രിയിലെ ഒഴിവുള്ള തസ്തികകൾ**

60 (2334) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദംകുളം ഗവ. താലൂക്കാശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെയും, നഴ്സുമാരുടെയും തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്ദംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിൽ ജനറൽ മെഡിസിനിൽ കൺസൾട്ടന്റിന്റെ ഒരൊഴിവും ജൂനിയർ കൺസൾട്ടന്റിന്റെ (അനസ്തേഷ്യ) ഒരൊഴിവും നിലിവിലുണ്ട്. സ്റ്റാഫ് നഴ്സ് തസ്തികയിൽ ഒഴിവുകളൊന്നും നിലവിലില്ല.

(ബി) ജൂനിയർ കൺസൾട്ടന്റിന് പ്രൊമോഷൻ നൽകി കൺസൾട്ടന്റ്

തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ജനറൽ കേഡറിലെ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്നതിനുള്ള സത്വര നടപടികളും സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ**

61 (2335) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണ്; പ്രസ്തുത തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞു കിടപ്പുണ്ടോ; എങ്കിൽ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു;

(ബി) പ്രസ്തുത ആശുപത്രിയിലെ സി റ്റി സ്കാൻ, എക്സ് -റേ മെഷീൻ എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എത്രകാലമായി ഇത് പ്രവർത്തിക്കുന്നില്ല; പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്താൻ വരുന്ന പാവപ്പെട്ട രോഗികൾക്ക് വേണ്ടി ബദൽ സംവിധാനം ഏർപ്പാട് ചെയ്തിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയിൽ എത്ര കിടക്കകളാണ് ഉള്ളത്; പലപ്പോഴും കിടക്ക ലഭിക്കാതെ രോഗികൾക്ക് നിലത്ത് കിടക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ദുരവസ്ഥ ശാശ്വതമായി പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) പ്രസ്തുത ആശുപത്രിയിലെ സി.ടി. സ്കാൻ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എക്സ്റേ മെഷീൻ സ്ഥാപിച്ചിരുന്ന പഴകിയ കെട്ടിടം തകർന്നതിനാൽ 2010 നവംബറിൽ എക്സ്റേ മെഷീൻ അഴിച്ചുവച്ചതു മുതൽ ജനറൽ ആശുപത്രിയുടെ എക്സ്റേ പ്രവർത്തിക്കുന്നില്ല. പകരമായി ആശുപത്രി കോമ്പൗണ്ടിനുള്ളിലുള്ള ജില്ലാ റ്റി.ബി. സെന്ററിലെ എക്സ്റേ യൂണിറ്റ് മുഖേനയാണ് ആശുപത്രിയിലെ രോഗികളുടെയും എക്സ്റേ എടുത്തുകൊണ്ടിരുന്നത്. എന്നാൽ 2014 സെപ്റ്റംബർ പകുതിയോടെ ജില്ലാ റ്റി.ബി. സെന്ററിലെ മെഷീന്റെ പ്രധാന ഭാഗങ്ങൾ പൂർണ്ണമായി തകരാറിലായതിനാൽ പ്രവർത്തനം നിർത്തിവച്ചു. 2015 ഏപ്രിൽ മാസത്തിൽ ജനറൽ ആശുപത്രിക്ക് ഒരു 300 എം.എ. എക്സ്റേ യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത എക്സ്റേ യൂണിറ്റ് ജില്ലാ റ്റി.ബി. സെന്ററിൽ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം സ്ഥാപിക്കുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

സമഗ്ര ആദിവാസി ആരോഗ്യ സുരക്ഷാ പദ്ധതി, ആരോഗ്യ കിരൺ, ആർ.എസ്.ബി.വൈ. എന്നീ സ്കീമിൽ ഉൾപ്പെടുന്ന പാവപ്പെട്ട രോഗികൾക്ക് പുറത്തുനിന്നു എക്സ്റേ എടുക്കുന്നതിനുവേണ്ടിവരുന്ന ചെലവ് 18-6-2014 മുതൽ ഹോസ്പിറ്റലിൽ നിന്നു തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 212 ആണ്. അനുവദിച്ച കിടക്കകളുടെ എണ്ണത്തേക്കാൾ കൂടുതൽ രോഗികൾ പ്രവേശിക്കപ്പെടുമ്പോൾ രോഗികളെ നിലത്ത് കിടക്കകൾ ഇട്ട് കിടത്തേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രസ്തുത ദുരവസ്ഥ പരിഹരിക്കുവാൻ ബെഡ്സ്ട്രെങ്ത് ഉയർത്തുവാൻ വേണ്ടിയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് തസ്തിക

62 (2337) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ എൻ.സി.എ.-എസ്.ഐ.യു.സി.-നാടാർ വിഭാഗത്തിന്റെ ഒഴിവുകൾ നികത്തുന്നതിലേക്കായി എന്നാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; അവസാനമായി നിയമന ഉത്തരവ് എന്നാണ് നൽകിയിട്ടുള്ളത്;

(ബി) നിലവിൽ എൻ.സി.എ.-എസ്.ഐ.യു.സി.-നാടാർ വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇവ ഉടൻ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 25-6-2012-ന് നിലവിൽ വന്നു. 4 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 23-7-2012-ന് അവസാനമായി പി.എസ്.സി. നിയമന ശിപാർശ നൽകുകയും 3-11-2012-ന് അവസാനമായി നിയമന ഉത്തരവ് നൽകുകയും ചെയ്തു.

(ബി) ഇപ്പോൾ നിലവിലില്ല.

**ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കാൻ സംവിധാനം**

63 (2338) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പി. എച്ച്. സി., സി. എച്ച്. സി.-കളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) ഗ്രാമീണതലത്തിൽ ആരുടെ ചുമതലയിലാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത് ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളും വഴിയാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ ആഴ്ചയിൽ ഒരു ദിവസം വീതം നടത്തിവരുന്നു. ഇതിനായി ഈ കേന്ദ്രങ്ങളിൽ ബി.പി. അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ, വെയിങ് മെഷീൻ തുടങ്ങിയ നിരവധി ഉപകരണങ്ങൾ വാങ്ങി നൽകുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരം മരുന്നുകൾ പി.എച്ച്.സി.തലം മുതൽ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യുന്നു. ഇതിനുപുറമേ ആരോഗ്യ വിദ്യാഭ്യാസം, സ്കൂൾതല പദ്ധതികൾ, തൊഴിൽ മേഖലകളിലുള്ള പ്രത്യേക പദ്ധതികൾ, യോഗ പരിശീലനം തുടങ്ങിയ പ്രത്യേക പദ്ധതികൾ ഇതിനോടൊപ്പം നടത്തിവരുന്നു.

(ബി) ഗ്രാമീണ തലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും മെഡിക്കൽ ഓഫീസർമാർക്കാണ് ഇതിന്റെ നിയന്ത്രണ അധികാരമുള്ളത്. മെഡിക്കൽ ഓഫീസറുടെ കീഴിൽ ഹെൽത്ത് സൂപ്പർവൈസർമാർ, പബ്ലിക് ഹെൽത്ത് നഴ്സ്, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയ ഫീൽഡ് തല ജീവനക്കാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് തുടങ്ങിയ പാരാമെഡിക്കൽ ജീവനക്കാരും ഇതിൽ പങ്കാളികളാണ്.

**കേരളത്തിലെ ക്യാൻസർ ചികിത്സ**

64 (2339) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാൻസർ ചികിത്സ നടത്തുന്ന സർക്കാർ ആശുപത്രികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) റീജിയണൽ ക്യാൻസർ സെന്ററിനെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ഡി) മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്ററായി ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ചികിത്സ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ഇവിടെ അടിസ്ഥാന ആവശ്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അർബുദരോഗ ചികിത്സക്ക് വിദഗ്ദ്ധ ചികിത്സാ സംവിധാനങ്ങൾ നിലവിലുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, തലശ്ശേരി മലബാർ ക്യാൻസർ സെന്റർ എന്നിവ അത്യന്താധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെറിഷറി ക്യാൻസർ കെയർ സെന്റർ കേന്ദ്ര സഹായത്തോടെ ആരംഭിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. എറണാകുളം ജില്ലാ ആശുപത്രിയിലും ക്യാൻസർ ചികിത്സാ സൗകര്യം ലഭ്യമാണ്. സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യം

ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ സഹായത്തോടുകൂടി ക്യാൻസർ ചികിത്സാകേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

(സി) ലോകോത്തര നിലവാരത്തിലുള്ള ക്യാൻസർ ചികിത്സ റീജിയണൽ ക്യാൻസർ സെന്ററിൽ ലഭ്യമാണ്.

(ഡി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ ഒരു ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KC&RC) സ്ഥാപിക്കാൻ സർക്കാർ നയപരമായി തീരുമാനമെടുക്കുകയും അതിൻപ്രകാരം 3-2-2014-ൽ പ്രസ്തുത സെന്റർ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ പ്രാഥമിക ഉത്തരവ് നൽകുകയും ചെയ്തു. അതനുസരിച്ച് 300 കിടക്കകളോടുകൂടിയ ക്യാൻസർ ആശുപത്രിയും റിസർച്ച് സെന്ററും പ്രവർത്തനസജ്ജമാകുവാൻ താമസം നേരിടുമെന്നതിനാലും അടിയന്തരമായി ഒരു ക്യാൻസർ ആശുപത്രി വേണമെന്ന എറണാകുളത്തെ ജനതയുടെ ആവശ്യംപരിഗണിച്ചും പ്രസ്തുത പ്രോജക്ട് തിരുവനന്തപുരം റീജിയണൽ ക്യാൻസർസെന്ററിന്റെ കാര്യത്തിലെന്നപോലെ ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ 2015-ൽ തീരുമാനിക്കുക യുണ്ടായി. 4-9-2015-ലെ ജി.ഒ. (എം.എസ്.) 192/2015/ ആ.കു.വ. പ്രകാരം ഒന്നാംഘട്ടമായി OP ഡിപ്പാർട്ടുമെന്റും രണ്ടാം ഘട്ടത്തിൽ 150 കിടക്കകളോടുകൂടിയ ആശുപത്രിയും മൂന്നാം ഘട്ടത്തിൽ വീണ്ടും 150 കിടക്കകളോടുകൂടിയ ആശുപത്രിയും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രാഥമിക ഘട്ടം എന്ന നിലയിൽ എറണാകുളം മെഡിക്കൽ കോളേജിന്റെ പേ വാർഡ് ബ്ലോക്കിനോട് ചേർന്ന സെൻട്രൽ ബ്ലോക്ക് കെട്ടിടം OP ഡിപ്പാർട്ടുമെന്റ് തുടങ്ങുന്നതിനായി കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന് (KC&RC) വിട്ടുനൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി PWD-യെ ചുമതലപ്പെടുത്തുകയും ചെയ്തു. കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന്റെ (KC&RC) പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക സ്പെഷ്യൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് 22-1-2016-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 229/2016/ആ.കു.വ. പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 27-1-2016-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 289/2016/ ആ.കു.വ. പ്രകാരം ഒരു കോടി മുപ്പതിനായിരം രൂപയ്ക്ക് ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

19-1-2016-ൽ കൂടിയ കൊച്ചി ക്യാൻസർ & റിസർച്ച് സെന്റർ സൊസൈറ്റിയുടെ (KC&RC) ഭരണസമിതി യോഗം ഒ.പി. ഡിപ്പാർട്ടുമെന്റ് അടിയന്തരമായി തുടങ്ങുന്നതിന് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ ക്യാൻസർ സെന്റർ (RCC) ആയാലും മറ്റ് മേജർ ആശുപത്രികളായാലും ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഇന്നത്തെ നിലയിൽ പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമായിട്ടുള്ളത്. ആ രീതിയിൽ ഘട്ടംഘട്ടമായി കൊച്ചി ക്യാൻസർ ആന്റ് റിസർച്ച് സെന്ററും (KC&RC) പൂർണ്ണതോതിലുള്ള ഒരു ക്യാൻസർ സെന്റർ ആയി മാറ്റുന്നതാണ്.

## കാസർഗോഡ് മണ്ഡലത്തിലെ പ്രൈമറി & കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

65 (2340) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി.) & കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.)-കൾ എത്ര; ഇവയിൽ എത്ര തസ്തികകളാണ് ഉള്ളത്; പ്രസ്തുത തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവ ഏതെല്ലാം; എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; പ്രസ്തുത തസ്തികകൾ എന്നത്തേക്ക് നികത്താനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് മണ്ഡലത്തിലെ ഏതെങ്കിലും പി.എച്ച്.സി.യെ സി.എച്ച്.സി.-യായി ഉയർത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്താനുള്ള സാധ്യതകൾ ഉണ്ടോ; ഇതേക്കുറിച്ച് നടത്തിയിട്ടുള്ള പഠനങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാമൂഹികാരോഗ്യ കേന്ദ്രം - 1 എണ്ണം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ - 6 എണ്ണം

| കാസർഗോഡ്അസംബ്ലി നിയോജകമണ്ഡലത്തിലെ സി.എച്ച്.സി./പി.എച്ച്.സി. | ആകെ തസ്തികകളുടെ എണ്ണം | ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ |
|---|---|---|

| | | |
|---|---|---|
| സി.എച്ച്.സി., ബദിയടുക്ക | 35 (മുപ്പത്തിയഞ്ച്) | അസിസ്റ്റന്റ് സർജൻ - 5<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് I- 1 |
| പി.എച്ച്.സി., ബെള്ളൂർ | 15 (പതിനഞ്ച്) | ജൂനിയർപബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I – 1<br>എച്ച്.എ. ഗ്രേഡ് I – 1<br>പി.ടി.എസ് - 1<br>അസിസ്റ്റന്റ് സർജൻ - 1 |
| പി.എച്ച്.സി., കുംബഡാജെ | 17 (പതിനേഴ്) | എച്ച്.എ. ഗ്രേഡ് II – 1<br>ജെ.പി.എച്ച്.എൻ. ഗ്രേഡ് I – 1<br>എൽ.എച്ച്.ഐ. ഗ്രേഡ് I – 1<br>ഫാർമസിസ്റ്റ് - 1<br>അസിസ്റ്റന്റ് സർജൻ - 1 |
| പി.എച്ച്.സി., മുള്ളേരിയ | 15 (പതിനഞ്ച്) | ജെ.പി.എച്ച്.എൻ. ഗ്രേഡ് I – 1 |
| പി.എച്ച്.സി., ചെങ്കള | 18 (പതിനെട്ട്) | ജെ.പി.എച്ച്.എൻ. ഗ്രേഡ് I – 1 |
| പി.എച്ച്.സി., മൊഗ്രാൽപുത്തൂർ | 17 (പതിനേഴ്) | ഒഴിവില്ല |
| പി.എച്ച്.സി., മധൂർ | 8 (എട്ട്) | സ്റ്റാഫ് നഴ്സ് ഗ്രേഡ് I - 1 |

നിലവിലുള്ള അസിസ്റ്റന്റ് സർജന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. സ്റ്റാഫ് നഴ്സ് ഗ്രേഡ് I, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I, എൽ.എച്ച്.ഐ. എന്നീ തസ്തികകളുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എച്ച്.എ. ഗ്രേഡ് I, പി.റ്റി.എസ്. എന്നീ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഫാർമസിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലില്ല. താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ബദിയടുക്ക സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ആവശ്യം നിലവിലുണ്ടെങ്കിലും ബദിയടുക്കയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ബദിയടുക്ക സി.എച്ച്.സി.-യിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് സി.എച്ച്.സി.-യായി തന്നെ നിലനിർത്തുന്നതാണ്.

**മെഡിക്കൽ കോളേജുകളിലെ സ്കാനിംഗ്, എക്സ്റേ പരിശോധനകൾ**

66 (2341) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ സ്കാനിംഗ്, എക്സ്-റേ തുടങ്ങിയ പരിശോധനകൾ ആവശ്യമുള്ള രോഗികൾക്ക് യഥാസമയം പരിശോധന നടത്താൻ കഴിയാത്ത സ്ഥിതി നിലവിലുണ്ടോ;

(ബി) അടിയന്തര പരിശോധന ആവശ്യമുള്ള രോഗികൾക്കുപോലും പരിശോധന നടത്തി ഫലം ലഭിക്കുന്നതിന് ദീർഘനാൾ കാത്തിരിക്കേണ്ടി വരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു കാരണം പല രോഗികൾക്കും സ്വകാര്യ ലാബുകളെ പരിശോധനകൾക്കായി ആശ്രയിക്കേണ്ടിവരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും കാര്യക്ഷമമായ പരിശോധന സംവിധാനങ്ങൾ ഇല്ലാത്തത് രോഗികളെ ബുദ്ധിമുട്ടിക്കുന്നതാണെന്നതും സ്വകാര്യ ലാബുകളെ പരോക്ഷമായി സഹായിക്കുന്നതാണെന്നുമുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

<u>ഉത്തരം</u>

(എ) രോഗികളുടെ ബാഹുല്യം കൂടുതലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇത്തരമൊരവസ്ഥ നിലവിലുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ എം.ആർ.ഐ/സി.റ്റി. സ്കാൻ/എക്സ്റേ മെഷീനുകളും ഡിജിറ്റൽ ആൻജിയോഗ്രാഫി സംവിധാനങ്ങളും തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

**കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

67 (2342) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക്

ആശുപത്രിയായി ഉയർത്തുന്ന നടപടിക്രമം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ധനകാര്യവകുപ്പിൽ നിന്നും ലഭിച്ച കത്തിന് ആവശ്യമായ മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) താലൂക്ക് ആശുപത്രിയായി ഉയർത്തി എന്നത്തേയ്ക്ക് ഉത്തരവിറക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച ഫയലിൽ (4632/എം.1/ 2014/ആ.കു.വ.) ധനകാര്യവകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും ആയത് പൂർണ്ണമായിരുന്നില്ല. പൂർണ്ണമായ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഇല്ല. ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി പൂർണ്ണമല്ലാത്തതിനാൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മെഡിക്കൽ കോളേജുകളിലെ അവയവമാറ്റ ശസ്ത്രക്രിയ**

68 (2343) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് നിലിവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ബൈപ്പാസ്, കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നീ സൗകര്യങ്ങൾ ഇല്ലാത്ത മെഡിക്കൽ കോളേജുകളിൽ ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ;

(സി) സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ അവയവമാറ്റ ശസ്ത്രക്രിയകൾ ചെയ്യുന്നതിന് ആവശ്യമായ ആധുനിക അടിസ്ഥാന സൗകര്യങ്ങളും യന്ത്രസാമഗ്രികളും

ഏർപ്പെടുത്തുന്നതിനും ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുമുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ നിലവിൽ നാല് സർക്കാർ മെഡിക്കൽ കോളേജുകളിലാണ് ഇപ്പോൾ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത്. ഈ മെഡിക്കൽ കോളേജുകളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഓപ്പറേഷൻ തീയറ്ററുകൾ, ട്രാൻസ്പ്ലാന്റ് ICU, ഡയാലിസിസ് യൂണിറ്റ് എന്നീ സൗകര്യങ്ങൾ ഉണ്ട്. കേരള സർക്കാരിന്റെ ആദ്യ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ നടന്നു. കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടങ്ങുന്നതിനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമായിക്കഴിഞ്ഞു.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ആയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നുവരുന്നു. കാർഡിയോതൊറാസിക് സർജൻ ഉള്ള മെഡിക്കൽ കോളേജുകളിൽ ബൈപ്പാസ് സർജറിയും നടത്തുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നുണ്ട്.

(സി) നടപ്പിലാക്കിയിട്ടുണ്ട്.

**തെക്കേക്കര കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം**

69 (2344) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ

(ബി) പ്രസ്തുത സി.എച്ച്.സി.-യുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത സി.എച്ച്.സി.-യിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) തെക്കേക്കര കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2004

ഡിസംബർ 24-ന് തുടങ്ങിയ കിടത്തി ചികിത്സ ഇപ്പോഴും തുടരുന്നു. പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാത്തതിനാൽ പഴയ കെട്ടിടത്തിലാണ് ഇപ്പോഴും കിടത്തിചികിത്സ നടത്തുന്നത്. ഇവിടത്തെ ശരാശരി ഒ.പി. 300-ഉം ഐ.പി.15-ഉം ആണ്.

(ബി) സി.എച്ച്.സി.-യുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കുന്നതിന് സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിനാവശ്യമായ ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. പുതിയ ഐ.പി. കെട്ടിടത്തിന്റെ നിർമ്മാണം പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ നിരക്ക് വർദ്ധന**

70 (T* 2345) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ചികിത്സകൾക്കാണ് നിരക്ക് വർദ്ധനവ് വരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

ഉത്തരം

കാർഡിയോളജി, കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, ന്യൂറോളജി, ന്യൂറോ സർജറി, ഇമേജിംഗ് സയൻസസ് ആന്റ് ഇന്റർവെൻഷണൽ റേഡിയോളജി എന്നീ വിഭാഗങ്ങളിൽപ്പെട്ട അസുഖങ്ങളുടെ റഫറൽ ആശുപത്രിയാണ് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ശ്രീചിത്രയിൽ നടത്തപ്പെടുന്ന എല്ലാ ചികിത്സകളുടെയും നിരക്കുകളിൽ 1-1-2016 മുതൽ 15% നിരക്ക് വർദ്ധന പ്രാബല്യത്തിൽ വന്നു. ഇതിന് ഉപരിയായി റിവ്യൂചാർജ്ജ് 300 രൂപയായും രജിസ്ട്രേഷൻ ചാർജ്ജ് 400 രൂപയായും വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കായി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുണ്ടായിരുന്ന കൺസഷൻ ഘടന യാതൊരു മാറ്റവും ഇല്ലാതെ ഇപ്പോഴും തുടരുന്നു.

**അട്ടപ്പാടി, നല്ലൂർനാട് മേഖലയിലെ ആശുപത്രികളുടെ ശോചനീയാവസ്ഥ**

71 (2346) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് സ്പെഷ്യാലിറ്റി ആശുപത്രികളാക്കി സേവനം ലഭ്യമാക്കിയ അട്ടപ്പാടി, നല്ലൂർനാട് ആശുപത്രികളുടെ ഇന്നത്തെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അട്ടപ്പാടി, നല്ലൂർനാട് മേഖലയിലെ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതോടൊപ്പം പ്രവർത്തനമാരംഭിച്ച ട്രൈബൽ ഹെൽത്ത് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നിർജ്ജീവമായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ 2007-ൽ ആരംഭിച്ച ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. 2013-ൽ ഇവിടെ 75 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ഇപ്പോൾ ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോ, അനസ്തേഷ്യാ, ഇ.എൻ.ടി., സൈക്യാട്രി, ഡെന്റൽ, സർജറി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ 24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ, ഐ.സി.യു, പീഡിയാട്രിക്സ്, എസ്.എൻ.സി.യു. ലാബ്, ഇ.സി.ജി., എക്സ്റേ തുടങ്ങിയവയും പ്രവർത്തിക്കുന്നു. പ്രതിദിനം ശരാശരി 120 രോഗികൾ ഐ.പി. വിഭാഗത്തിലും 600 പേർ ഒ.പി. വിഭാഗത്തിലും ഈ ആശുപത്രിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

നല്ലൂർനാട് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അഞ്ച് ഡോക്ടർമാരുടെ തസ്തിക ഉള്ളതിൽ നാല് പേർ ജോലി ചെയ്യുന്നുണ്ട്. ഒരു ഡോക്ടറുടെ ഒഴിവുണ്ട്. ഈ ആശുപത്രിയെ 2013 മുതൽ ക്യാൻസർ കീമോതെറാപ്പി & റേഡിയേഷൻ യൂണിറ്റായി ഉയർത്തിയിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം ഒരു റേഡിയോ തെറാപ്പി ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ 2013 മുതൽ 2015 നവംബർ വരെ 622 പേർക്ക് കീമോതെറാപ്പി ചികിത്സ നൽകിയിട്ടുണ്ട്.

(സി) അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പ് നേരിട്ട് നടത്തുന്ന രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് പുറമേ എൻ.എച്ച്.എം. മുഖേന മൂന്ന് യൂണിറ്റുകൾ കൂടി സജീവമായി പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിൽ ആരോഗ്യവകുപ്പ് നേരിട്ട് നടത്തുന്ന അഞ്ച് മൊബൈൽ മെഡിക്കൽ

യൂണിറ്റുകൾക്കുപുറമേ രണ്ട് യൂണിറ്റുകൾ എൻ.എച്ച്.എം മുഖേനയും നടത്തിവരുന്നു. ഇവ കൃത്യമായ ഇടവേളകളിൽ ആദിവാസി ഊര് സന്ദർശിക്കുകയും ആവശ്യമായ പരിശോധനകളും ചികിത്സയും സൗജന്യമായി ലഭ്യമാക്കി വരികയും ചെയ്യുന്നു.

## കൊട്ടാരക്കര മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ

72 (2347) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ ഏതെല്ലാം ജീവനക്കാരുടെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ എന്നു മുതലാണ് ഒഴിഞ്ഞു കിടക്കുന്നത്; അതിൽ ജീവനക്കാരെ നിയമിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നിലവിലുള്ള തസ്തികകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| ആശുപത്രി | തസ്തിക | ഒഴിവ് |
|---|---|---|
| താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര | ജൂനിയർകൺസൾട്ടന്റ് ഇ.എൻ.ടി. | 1 |
| | ജൂനിയർ കൺസൾട്ടന്റ് ഓർത്തോ | 1 |
| | ജൂനിയർ ലാബ് അസിസ്റ്റന്റ് | 1 |
| | നഴ്സിംഗ് അസിസ്റ്റന്റ് | 3 |
| | ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് -2 | 3 |
| നെടുമൺകാവ് സി.എച്ച്.സി | സിവിൽ സർജൻ | 1 |
| കുളക്കട സി.എച്ച്.സി. | സിവിൽ സർജൻ | 1 |
| | ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് -II | 2 |
| | പി.റ്റി.എസ്. | 1 |
| | ഡ്രൈവർ | 1 |
| എസ്.എൻ.പുരം പി.എച്ച്.സി. | ക്ലാർക്ക് | 1 |

| | | |
|---|---|---|
| ഉമ്മന്നൂർ പി.എച്ച്.സി. | ക്ലാർക്ക് | 1 |
| എഴുകോൺ പി.എച്ച്.സി. | ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് -II | 1 |

(ബി) കൊട്ടാരക്കര താലൂക്കാശുപത്രി

ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.) -3-3-2015 മുതൽ ഒഴിഞ്ഞു കിടക്കുന്നു.

ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) -31-5-2015 മുതൽ ഒഴിഞ്ഞു കിടക്കുന്നു.

നെടുമൺകാവ് സി.എച്ച്.സി.

സിവിൽ സർജൻ -2015 ഡിസംബർ മുതൽ

കുളക്കട സി.എച്ച്.സി.

സിവിൽ സർജൻ -2015 ഡിസംബർ മുതൽ

ജൂനിയർ കൺസൾട്ടന്റ് ഒഴിവുകൾ നികത്തുന്നതിനായി ജനറൽ കേഡറിൽ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് തെരഞ്ഞെടുക്കുന്ന ഡോക്ടർമാരെ ഒഴിവുള്ള സ്ഥലങ്ങളിൽ നിയമിച്ച് ഒഴിവ് നികത്തുന്നതാണ്. ഡി.പി.സി.-യുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകി സിവിൽ സർജൻ തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതാണ്. മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് നിലവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടറെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഡ്രൈവർ തസ്തിക രണ്ട് വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്നു. ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എസ്.എൽ.പുരം, സി.എച്ച്.സി.-യിലെ ക്ലാർക്ക് മെറ്റേണിറ്റി ലീവിൽ പ്രവേശിച്ചതിനാൽ 2015 ജൂലൈ മുതൽ ഒഴിഞ്ഞ് കിടപ്പുണ്ട്. ഉമ്മന്നൂർ പി.എച്ച്.സി.യിലെ ക്ലാർക്കിന്റെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊട്ടാരക്കര താലൂക്കാശുപത്രി :

ജൂനിയർ ലാബ് അസിസ്റ്റന്റ് - 2015 ജൂലൈ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

നഴ്സിംഗ് അസിസ്റ്റന്റ് - 2015 ഒക്ടോബർ മുതൽ ഒഴിഞ്ഞു

കിടക്കുന്നു.

ഹോസ്പിറ്റൽ അറ്റൻന്റ് ഗ്രേഡ്- II - 2015 ഒക്ടോബർ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

കുളക്കട സി.എച്ച്.സി.:

ഹോസ്പിറ്റൽ അറ്റൻന്റ് ഗ്രേഡ് -II - 2015 നവംബർ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

പി.റ്റി.എസ്. - 2015 സെപ്റ്റംബർ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

എഴുകോൺ പി.എച്ച്.സി.

ഹോസ്പിറ്റൽ അറ്റൻന്റ് ഗ്രേഡ് -II - 2015 ജൂലൈ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

ജൂനിയർ ലാബ് അസിസ്റ്റന്റ്, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻന്റ് ഗ്രേഡ് -2, പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ നിയമനാധികാരി ജില്ലാ മെഡിക്കൽ ഓഫീസറാണ്. പാർട്ട് ടൈം സ്വീപ്പർ, ഹോസ്പിറ്റൽ അറ്റൻന്റ് ഗ്രേഡ്-2 തസ്തികകളുടെ പ്രൊമോഷൻ തസ്തികയാണ് ഹോസ്പിറ്റൽ അറ്റൻന്റ് ഗ്രേഡ്-1, നഴ്സിംഗ് അസിസ്റ്റന്റ്, ജൂനിയർ ലാബ് അസിസ്റ്റന്റ് എന്നിവ. ആയതിനാൽ ടി ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് - സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

73 (2348) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് -സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ കെട്ടിടം പണിയുന്നതിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകും ;വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) കാഞ്ഞങ്ങാട് പുതിയകോട്ടയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച സ്കെച്ച് പ്ലാൻ അംഗീകരിച്ച് നൽകുകയും 560 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പഴയ കെട്ടിടങ്ങൾ പൊളിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനോട് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തി ആരംഭിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്.

**സംസ്ഥാനത്തെ പി.എച്ച്.സി.-കളുടെ പ്രവർത്തനം**

74 (2349) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി-കളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ;

(ബി) ഡോക്ടർമാർ ഇല്ലാത്ത എത്ര പി.എച്ച്.സി. -കൾ സംസ്ഥാനത്തുണ്ട്;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.എച്ച്.സി.-കളിലെ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.എച്ച്.എം.

മുഖേന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനും സബ്സെന്ററുകളുടെ കെട്ടിടനിർമ്മാണ പ്രവർത്തനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്, എം.എൽ.എ./ എം.പി.ഫണ്ട്, പ്ലാൻ/നോൺ പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട് എന്നിവയുപയോഗിച്ച് പി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എച്ച്.സി.-കളിലെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി 42 പി.എച്ച്.സി.-കളിലായി ആകെ 281 തസ്തികകൾ സൃഷ്ടിച്ചു. പ്രതിദിന ശരാശരി ഒ.പി. 200-ൽ കൂടുതലുള്ള പി.എച്ച്.സി.-കളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഡോക്ടർമാരുടെ തസ്തികകൾ ഇല്ലാത്ത പി.എച്ച്.സി.-കൾ നിലവിലില്ല. സംസ്ഥാനത്ത് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുള്ളത് 35 പി.എച്ച്.സി. കളിലാണ്. ഇവിടങ്ങളിൽ അഡ്ഹോക്ക് നിയമനങ്ങൾ വഴിയും മറ്റ് സമീപത്തെ മേജർ സ്ഥാപനങ്ങളിൽ നിന്നും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

(സി) ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## സമഗ്ര ആരോഗ്യ നയം

75 (2350) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ നയം ആവിഷ്കരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നയം നാളിതുവരെ നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണമെന്ത്; ആയത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ഒരു സമഗ്ര ആരോഗ്യ നയം രൂപീകരിക്കുന്നതിന് വിവിധ വിഭാഗങ്ങളിലെ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് 8-10-2012-ലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ.ഉ.(സാധാ) നമ്പർ3334/2012/ആ.കു.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. തുടർന്ന് വിവിധ തലങ്ങളിലായി നടന്ന ചർച്ചകളിലൂടെ ക്രോഡീകരിച്ച് ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ ഇടുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തു. ഇതിനുപുറമേ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.77/2015/ഫിൻ., തീയതി 21-8-2015 അടിസ്ഥാനമാക്കി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ വച്ച് ആരോഗ്യ വകുപ്പിലെയും ബന്ധപ്പെട്ട മറ്റ് ആരോഗ്യ വിഭാഗങ്ങളിലെ വിദഗ്ധരെയും ഉൾക്കൊള്ളിച്ചുകൊണ്ട് towards a pragmatic health policy for Kerala എന്ന വിഷയത്തിൽ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി.

**ക്യാൻസറും ജീവിതശൈലി രോഗങ്ങളും**

76 (2351) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ ക്രമാതീതമായ വർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനം സർക്കാർ നേതൃത്വത്തിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജീവിത ശൈലി രോഗങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും വീണ്ടും തിരികെ വരികയും പുതിയ രോഗങ്ങളുടെ കടന്നുകയറ്റവും ആരോഗ്യ രംഗത്ത് സമഗ്രമായ മാറ്റവും ജാഗ്രതയും അവശ്യമാണെന്നത് സർക്കാർ ഗൗരവമായി കാണുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ക്യാൻസർ രോഗികളുടെ എണ്ണത്തെക്കുറിച്ച് പഠിക്കുന്നതിനായി കേരള ക്യാൻസർ രജിസ്ട്രി ഗ്രാമീണതലത്തിൽ 2016 ജനുവരി മുതൽ സർവ്വേ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ കണക്കുകൾ 2016 മാർച്ചിൽ മാത്രമേ ലഭ്യമാകുകയുള്ളൂ.

(ബി) ജീവിതശൈലീ രോഗങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ചും വർദ്ധനവിനെ കുറിച്ചും വിവിധ പഠനങ്ങൾ അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും സംസ്ഥാനതലത്തിലും വിവിധ ഏജൻസികൾ നടത്തിയിട്ടുണ്ട്. ഇതിന്റെ

അടിസ്ഥാനത്തിൽ മൂന്ന് പ്രധാനപ്പെട്ട കാരണങ്ങളാണ് ജീവിതശൈലി രോഗങ്ങളുടെ പ്രധാന ഹേതുക്കളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

1. അനാരോഗ്യകരമായ ഭക്ഷണ രീതി
2. വ്യായാമം ഇല്ലായ്മ
3. മദ്യം, പുകവലി തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി.

കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവരിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്നത് കേരളത്തിലെ ജനങ്ങളിൽ വന്നിട്ടുള്ള ജീവിതശൈലി വ്യതിയാനം മൂലമാണ്.

(സി) നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ തിരിച്ചുവരുന്നതും പുതിയ രോഗങ്ങൾ ഉടലെടുക്കുന്നതും കേരളത്തിലെ ആരോഗ്യരംഗത്ത് പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. ഇത് ഫലപ്രദമായി നേരിടാൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. പകർച്ചവ്യാധികൾ, വാക്സിൻ നിയന്ത്രിത രോഗങ്ങൾ എന്നിവ പടരുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ് തടയുന്നതിനായി അമൃതം ആരോഗ്യം എന്ന പേരിൽ ജീവിതശൈലി രോഗനിയന്ത്രണത്തിനുള്ള കർമ്മപരിപാടികൾ നടപ്പിലാക്കിവരുന്നു.

## ഇടുക്കിയിലെ ജില്ലാ ആശുപത്രികൾ

77 (2352) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിനു കീഴിൽ ഒന്നിൽ കൂടുതൽ ജില്ലാ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) തൊടുപുഴ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ; ജില്ലാ ആശുപത്രിയുടെ പദവി നൽകിയപ്പോൾ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ചെറുതോണിയിൽ പ്രവർത്തിക്കുന്ന ആശുപത്രി ജില്ല ആശുപത്രിയാണോ, മെഡിക്കൽ കോളേജാണോ എന്നത് സംബന്ധിച്ച

വിശദീകരണം നൽകാമോ;

(ഇ) ജില്ലാ ആശുപത്രിയുടെ സേവനവും മെഡിക്കൽ കോളേജിന്റെ സേവനവും ഒരു സ്ഥാപനത്തിൽ നിന്നാണോ ലഭിക്കുന്നത്; ആണെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ;

(എഫ്) ചെറുതോണിയിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രിയിലെ ജീവനക്കാരെ തൊടുപുഴ ആശുപത്രിയിലേക്ക് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. ജില്ലാ ആശുപത്രി - ഇടുക്കി, ജില്ലാ ആശുപത്രി - തൊടുപുഴ എന്നീ രണ്ട് ജില്ലാ ആശുപത്രികൾ ഇടുക്കി ജില്ലയിലുണ്ട്.

(ബി) പദവി ഉയർത്തിയിട്ടുണ്ട്. പദവി നൽകിയതോടനുബന്ധിച്ച് 15 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | സീനിയർ കൺസൾട്ടന്റ് | 3 |
| 2 | കൺസൾട്ടന്റ് | 2 |
| 3 | ജൂനിയർ കൺസൾട്ടന്റ് | 3 |
| 4 | ഫിസിയോതെറാപ്പിസ്റ്റ് | 1 |
| 5 | സ്റ്റാഫ് നഴ്സ് ഗ്രേഡ് -2 | 2 |
| 6 | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 | 1 |
| 7 | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2 | 3 |

(സി) ഇല്ല. സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ തസ്തികകളിൽ ഡി.പി.സി. കൂടി പ്രൊമോഷന് അർഹതയുള്ളവർക്ക് നിയമനം നൽകുന്നതാണ്. ജനറൽ കേഡറിൽ ജോലി നോക്കിവരുന്ന യോഗ്യരായ ഡോക്ടർമാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ചെറുതോണിയിൽ പ്രവർത്തിക്കുന്ന ആശുപത്രി നിലവിൽ മെഡിക്കൽ

കോളേജ് ആശുപത്രിയായാണ് പ്രവർത്തിക്കുന്നത്.

(ഇ) ജില്ലാ ആശുപത്രിയെ നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജുകൾ എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായാണ് ചെറുതോണിയിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്.

(എഫ്) ഇക്കാര്യം സംബന്ധിച്ച് ഇതുവരെ തീരുമാനമായിട്ടില്ല.

**ആരോഗ്യകേരളം സാന്ത്വന പരിചരണ പദ്ധതി**

78 (2353) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകേരളം സാന്ത്വന പരിചരണ പദ്ധതി പ്രകാരം നിയമിതരായ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ നിയമനം ആരംഭിച്ചത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ നിയമനം സ്ഥിരവേതനാടിസ്ഥാനത്തിലാക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.എച്ച്.എം. സാന്ത്വന പരിചരണ പദ്ധതി 2008-09-ലാണ് ആരംഭിച്ചത്. സെക്കന്ററിതല സാന്ത്വന പരിചരണത്തിന് നഴ്സിന്റെ നേതൃത്വ ത്തിലാണ് ഗൃഹകേന്ദ്രീകൃത രോഗീ പരിചരണം സാധ്യമാകുന്നത്. സാന്ത്വന പരിചരണ പദ്ധതി പ്രകാരം നിയമിതരായ നഴ്സുമാർക്ക് പ്രതിമാസം 13900 രൂപയാണ് നൽകുന്നത്.

(ബി) 2008-09 വർഷത്തിലാണ് ഇവരെ നിയമിച്ചത്.

(സി) നാഷണൽ ഹെൽത്ത് മിഷൻ 2017 വരെയുള്ള ഒരു ആരോഗ്യ ദൗത്യമാണ്. ആയതിനാൽ കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. മേൽ സാഹചര്യത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം

തൽക്കാലം പരിഗണിക്കാനാവില്ല.

**സർക്കാർ താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി ആരംഭിക്കുന്നത്**

79 (2354) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇനിയും കാഷ്വാലിറ്റി ആരംഭിക്കാത്ത ഹോസ്പിറ്റലുകളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവു പ്രകാരം എല്ലാ സർക്കാർ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഉത്തരം എ-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി&ഡി) എല്ലാ താലൂക്കാശുപത്രികളിലും കാഷ്വാലിറ്റി സംവിധാനം ആരംഭിക്കണമെങ്കിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുമാണ്. ഇത് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാകയാൽ സമീപപ്രദേശത്തുള്ള മറ്റ് സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടും, ജനങ്ങളുടെ/ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ചും നാഷണൽ ഹൈവേ/പ്രധാന റോഡുകൾ ഇവയുടെ സമീപത്തുള്ള താലൂക്കാശുപത്രികളിലാണ് ഇപ്പോൾ മുൻഗണനാക്രമത്തിൽ കാഷ്വാലിറ്റി സംവിധാനം അനുവദിച്ചുവരുന്നത്. ആയതിനാൽ എല്ലാ താലൂക്കുതല ആശുപത്രികളിലും കാഷ്വാലിറ്റി ആരംഭിക്കുന്ന കാര്യം ഇപ്പോൾ

പരിഗണനയിലില്ല.

**എമർജൻസി ആംബുലൻസ് സർവ്വീസ്**

80 (2355) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജൻസി ആംബുലൻസ് സർവ്വീസ് എല്ലാ ജില്ലകളിലും ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രഖ്യാപനം ഈ സർക്കാരിന്റെ ഏതെങ്കിലും ബഡ്ജറ്റിൽ ആവർത്തിച്ചിരുന്നോ; എങ്കിൽ അതിനായി എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് 25 ആംബുലൻസുകളുമായി പ്രസ്തുത സംവിധാനം സേവനം നൽകിയിരുന്നത്. 21-4-2012-ൽ 18 ആംബുലൻസുകളുമായി പ്രസ്തുത സേവനം ആലപ്പുഴ ജില്ലയിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി.

2012-13 ബഡ്ജറ്റിൽ 108 ആംബുലൻസ് സംവിധാനം കേരളത്തിലാകെ വ്യാപിപ്പിക്കുവാനായി 40 കോടി രൂപ വകയിരുത്തിയിരുന്നു. അതിൻപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും ഈ സർവ്വീസ് വ്യാപിപ്പിക്കുവാനായി നടപടി സ്വീകരിച്ചുവരുന്നു.

**ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ വികസനം**

81 (2356) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പശ്ചാത്തല വികസനത്തിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും എത്ര തുക വീതം ചെലവഴിച്ചു;

(ബി) 2011-2016 കാലയളവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പശ്ചാത്തല

വികസനത്തിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി എത്ര തുക വീതം ചെലവഴിച്ചു?

ഉത്തരം

(എ) 2006-2011 കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക 12,78,66,000. മറ്റ് നാല് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള വിശദാംശം ശേഖരിച്ചുവരുന്നു.

(ബി) 2011-2016 കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക 14,28,11,522. മറ്റ് നാല് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള വിശദാംശം ശേഖരിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യം**

82 (2357) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്; ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനായത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും പരിശോധനാ സൗകര്യങ്ങളുടെയും അപര്യാപ്തത മൂലം പാവപ്പെട്ട രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാനായി ആവിഷ്കരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിലെ മാതൃ ശിശു സംരക്ഷണ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായുള്ള പദ്ധതി, എമർജൻസി & ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ തുടങ്ങുക, എല്ലാ മെഡിക്കൽ കോളേജുകളിലും ബേൺസ് യൂണിറ്റുകൾ സ്ഥാപിക്കുക, അവയവദാന പദ്ധതി, ഓങ്കോളജി & ടേർഷ്യറി കെയർ സംവിധാനം സജ്ജീകരിക്കുക, നിയോനാറ്റോളജി യൂണിറ്റുകൾ സ്ഥാപിക്കുക എന്നീ പദ്ധതികളാണ് മെഡിക്കൽ കോളേജുകൾക്ക് വേണ്ടി നടപ്പിലാക്കിവരുന്നത്.

(ബി) ഇത്തരം ഒരു സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ പ്രൊമോഷൻ**

83 (2358) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ആശുപത്രികളിലെ എത്ര നേഴ്സുമാർക്ക് പ്രൊമോഷൻ നൽകിയെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര നഴ്സുമാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സർക്കാർ ആശുപത്രികളിൽ മുൻ സർക്കാരിന്റെ കാലത്ത് വിവിധ ഗ്രേഡുകളിലായി 4340 നഴ്സുമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ടായിരുന്ന ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചതിന്റെ ഭാഗമായി ഓപ്ഷൻ മുഖേന 2010-ലാണ് നഴ്സിംഗ് സ്റ്റാഫ് ഈ വകുപ്പിൽ വന്നത്. ആയതിനാൽ ഈ കാലഘട്ടത്തിൽ പ്രൊമോഷനുകൾ ഒന്നും നടന്നിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിൽ വിവിധ ഗ്രേഡുകളിലായി 2815 നഴ്സുമാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1862 നഴ്സുമാർക്കും പ്രൊമോഷൻ നൽകിയിട്ടുണ്ട്.

**ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ ട്രോമാകെയർ സംവിധാനം**

84 (2360) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് സേഫ്റ്റി അതോറിറ്റി 16-12-2015-ന് ചേർന്ന സ്ക്രൂട്ടിനൈസിംഗ് കമ്മിറ്റി മീറ്റിംഗിന്റെ ഭാഗമായി ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുവാൻ എന്തെല്ലാം രേഖകൾ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) നമ്പർ എം. സി.-2/14362/08/ഡി. എച്ച്. എസ്. തീയതി 26-10-2015 ഫയൽ പ്രകാരം എന്തു തുകയുടെ ശിപാർശയാണ് കേരള റോഡ് സേഫ്റ്റി അതോറിറ്റിയ്ക്ക് സമർപ്പിച്ചതെന്നും ഇതിൽ കെട്ടിട നിർമ്മാണത്തിന് എന്തു

തുകയാണെന്നും ഉപകരണത്തിന് എന്തു തുകയാണെന്നും വ്യക്തമാക്കാമോ ; എസ്റ്റിമേറ്റ് പ്ലാനുമുൾപ്പെടെയുള്ള ശുപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) 4-2-2016 -ൽ 009727-ാം നമ്പരായി തപാലിൽ സ്വീകരിച്ച കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ കത്തിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആറ്റിങ്ങൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തരം 4,27,98,956 രൂപ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ടി പ്രൊപ്പോസൽ കേരള റോഡ് സേഫ്റ്റി അതോറിറ്റിയിലേക്ക് 26-10-2015-ൽ നൽകിയിട്ടുമുണ്ട്. 16-12-2015-ൽ ചേർന്ന റോഡ് സേഫ്റ്റി അതോറിറ്റിയുടെ സ്കൂട്ടിനൈസിംഗ് കമ്മിറ്റി മീറ്റിംഗിന്റെ തീരുമാനമനുസരിച്ച് ട്രോമാകെയർ യൂണിറ്റിന് ആവശ്യമുള്ള നിർമ്മാണ പ്രവർത്തികൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിക്കാനും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ മാത്രമായി നൽകാനും റോഡ് സേഫ്റ്റി അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) 4,27,98,956 രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിന് 2,54,00,000 രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധസാമഗ്രികൾക്കും 1,15,66,956 രൂപയും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിതരാകുന്ന ജീവനക്കാർക്കുള്ള വേതനത്തിനായി 58,32,000 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്ന് ലഭിച്ച നിർദ്ദേശാനുസരണം ആറ്റിങ്ങൽ താലൂക്ക് ആശുപത്രിക്ക് ട്രോമാകെയർ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാണോയെന്നും അല്ലെങ്കിൽ ട്രോമാകെയർ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ വേണ്ട കെട്ടിട സൗകര്യം ഉണ്ടോ എന്നുള്ള വിവരം ആരായാനും കെട്ടിടസൗകര്യം ഉണ്ടെങ്കിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാത്രമായി സമർപ്പിക്കാൻ താലൂക്ക് ആശുപത്രി സൂപ്രണ്ടിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ അഞ്ച് നിലകളിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ തുക ലഭ്യമല്ല. 2016-17 സാമ്പത്തിക വർഷത്തിൽ ആവശ്യമായ ഫണ്ട് ലഭിക്കുകയാണെങ്കിൽ പരിഗണിക്കുന്നതാണ്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി തുകയിൽ നിന്ന് 35.51 ലക്ഷം രൂപയുടെ വിവിധ ഉപകരണങ്ങൾ ആറ്റിങ്ങൽ താലൂക്ക് ആശുപത്രിക്ക് വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.-ലേക്ക് കൈമാറിയിട്ടുണ്ട്. കേരള റോഡ് സേഫ്റ്റിയുടെ ഫണ്ട് ലഭിക്കുകയാണെങ്കിൽ ആറ്റിങ്ങൽ താലൂക്ക് ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചെറുവത്തൂർ വി.വി. സ്മാരക സി.എച്ച്.സി.**

85 (2361) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എന്റോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി ചെറുവത്തൂർ വി.വി സ്മാരക സി.എച്ച്.സി-യിൽ ഒന്നരക്കോടി രൂപ ചെലവിൽ നിർമ്മിക്കാൻ പോകുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ എന്റോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി ചെറുവത്തൂർ വി.വി. സ്മാരക സി.എച്ച്.സി.-യിലെ കെട്ടിടനിർമ്മാണത്തിന് 11-2-2016 ലെ 56/RD/1/15 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഫയർഫോഴ്സിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സ്ഥലപരിശോധനയും നടത്തിയിട്ടുണ്ട്. നടപടിക്രമങ്ങളെല്ലാം

പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മാനസികാരോഗ്യ പദ്ധതി**

86 (2362) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് മാനസികാരോഗ്യ നയം രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിനുവേണ്ടി കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, 1999-ൽ കേരള സംസ്ഥാന മാനസികാരോഗ്യ നയം രൂപീകരിക്കുകയും സ.ഉ.(അ) 92/2000/ആ.കു.വ. തീയതി 13-4-2000 പ്രകാരം ഇത് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാകുന്നു. സ.ഉ.(അച്ചടി) നം.206/2013/ആ.കു.വ. തീയതി 28-5-2013 പ്രകാരം ഈ മാനസികാരോഗ്യ നയം കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ട്. മാനസികാരോഗ്യ നയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.* പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-ന്റെ എഴുപത്തിയൊൻപതാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി രൂപീകരിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഒരു കമ്മിറ്റി ജി.ഒ.(ആർ. റ്റി.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നമ്പർ 2556/2015 എച്ച് ആന്റ് എഫ്.ഡബ്ല്യു.ഡി, തീയതി 6-8-2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്കൂളുകളിൽ ഹെർബൽ ഗാർഡൻ**

87 (2363) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി.സി വിഷ്ണുനാഥ് :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഹെർബൽ ഗാർഡൻ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ഔഷധസസ്യ സമ്പത്തിന്റെ സംരക്ഷണം, കൃഷി, ശാസ്ത്രീയ ഉപയോഗം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, സ്കൂളുകളുടെ പരിസരത്ത് ഹരിതസമ്പത്ത് വർദ്ധിപ്പിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക, വിവിധ തരത്തിലുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രചോദനവും അതിനുള്ള അവസരവും കുട്ടികൾക്ക് നൽകുക തദ്ദേശീയവും വംശനാശഭീഷണി നേരിടുന്നതുമായ ഔഷധസസ്യങ്ങളെ സംരക്ഷിക്കുക, സ്കൂളുകളുടെ പരിസരത്ത് ലഭ്യമായ സ്ഥലം ഔഷധസസ്യ സംരക്ഷണത്തിനായി പ്രയോജനപ്പെടുത്തുക, ഔഷധസസ്യത്തിന്റെ പ്രാധാന്യത്തെ കുറിച്ചും ചികിത്സാ സമ്പ്രദായത്തിൽ അവയ്ക്കുള്ള സ്ഥാനത്തെക്കുറിച്ചും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വിജ്ഞാന വ്യാപനം നടത്തുക, സ്കൂൾ പരിസരത്ത് ആരോഗ്യകരമായ ഒരു ഹരിതാന്തരീക്ഷം ഉണ്ടാക്കിയെടുക്കുക.

(സി) ദേശീയ ഔഷധസസ്യ ബോർഡിന്റെ സാമ്പത്തിക സഹായ ത്തോടെയും അതത് വർഷങ്ങളിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയുമാണ് സംസ്ഥാന ഔഷധ സസ്യ ബോർഡ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതുവരെ ഏകദേശം 1200 സ്കൂളുകളിൽ ഔഷധ സസ്യ ഉദ്യാനങ്ങൾ സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ മേൽനോട്ടത്തിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 200 സ്കൂളുകളിൽകൂടി ഈ പദ്ധതി സമീപ ഭാവിയിൽത്തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

**മരുന്നുകളുടെ ഗുണനിലവാരം**

88 (2364) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം കുറവാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) ജില്ലാ-താലൂക്ക് ആശുപത്രികൾ കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്ക് ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം സ്റ്റോക്കുകൾ പിടിച്ചെടുത്ത് നശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഗുണനിലവാരമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഗുണനിലവാരമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താനായി തെരഞ്ഞെടുക്കപ്പെട്ട മരുന്നുനിർമ്മാണ കമ്പനികളിൽ ഡ്രഗ്സ് കൺട്രോളർ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള പ്രതിനിധികൾ ഉൾപ്പെട്ട Technical Committee പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമാണ് കോർപ്പറേഷനുമായുള്ള കരാർ ചെയ്ത് മരുന്ന്

വിതരണം ചെയ്യുന്നത്.

## ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

89 (2365) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എം. ഉമ്മർ :

ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം ഭക്ഷ്യ സുരക്ഷാ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതിനകം ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ്സേഫ്റ്റി (അഡ്മിനിസ്ട്രേഷൻ & ലീഗൽ) എന്ന തസ്തികയും മൂന്ന് ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (എൻഫോഴ്സ്മെന്റ്) തസ്തികയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവയിൽ ഓരോ തസ്തികയും നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ സർക്കിൾ ഓഫീസ് എന്ന നിലയിൽ പുനഃസംഘടിപ്പിക്കുന്നതിലേക്ക് ആവശ്യമായ 62 ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തികയും വിവിധ ഭക്ഷ്യ സുരക്ഷാ ഓഫീസുകളിലേക്കായി 99 ക്ലാർക്കുമാരുടെയും 30 ഓഫീസ് അറ്റന്റർമാരുടെയും തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയത് ദേശീയ നിലവാരത്തിലുള്ള അക്രെഡിറ്റേഷൻ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നതിനോടൊപ്പം 3 റിസർച്ച് ഓഫീസർ, 3 ജൂനിയർ റിസർച്ച് ഓഫീസർ, 3 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, 6 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകളും ഇതിനകം പുതുതായി അനുവദിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികളുടെ ഭാഗമായി ഭക്ഷ്യരംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ പേരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് ക്ലാസ്സുകളും പരിശീലന പദ്ധതികളും വിദ്യാർത്ഥികൾക്കിടയിൽ ഇതുസംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി

പ്രത്യേകം ക്ലാസ്സുകളും ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്.

**ഭക്ഷണശാലകളിലെ പരിശോധന**

90 (2366) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭക്ഷണശാലകളിൽ നടത്തിയ പരിശോധനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം എത്ര;

(ബി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഫാസ്റ്റ് ഫുഡ് ഭക്ഷണശാലകളിൽ ഫലപ്രദമായി പരിശോധന നടത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര രൂപ പിഴയായി ഒടുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭക്ഷണശാലകളിൽ നടത്തിയ പരിശോധനയിൽ കോമ്പൗണ്ടിംഗ് ഉൾപ്പെടെ 742 കേസ്സുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 71 കേസ്സുകളിൽ ഇതിനകം കോമ്പൗണ്ടിംഗ് നടപടികളുൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനായി ഇതിനകം 66,26,500 രൂപ ഈടാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനമൊട്ടാകെ നൈറ്റ് സ്ക്വാഡുകളുൾപ്പെടെ പ്രത്യേകമായി രൂപീകരിച്ച് ഇതിനകം പരിശോധന നടത്തിയിട്ടുണ്ട്. 35 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 15,37,000 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

**ബാക്ടീരിയോളജി ടെസ്റ്റ്**

91 (2367) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിലെ മായവും പഴക്കവും പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് എത്ര ലാബുകളാണ് ഉള്ളതെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ബാക്ടീരിയോളജി ടെസ്റ്റ് നടത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്നും സംസ്ഥാനത്ത് എത്ര മൈക്രോബയോളജിസ്റ്റുകൾ ഉണ്ടെന്നും

വെളിപ്പെടുത്താമോ;

(സി) ബാക്ടീരിയോളജി ടെസ്റ്റിന് സാമ്പിളുകൾ പൂജ്യം ഡിഗ്രി ഊഷ്മാവ് നിലനിർത്തുന്നപെട്ടിയിലാക്കി നിശ്ചിത സമയത്തിനകം ലബോറട്ടറിയിൽ എത്തിച്ചാലേ പരിശോധനാ ഫലം കൃത്യമാകുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാൽ ഭൂരിഭാഗം ഇൻസ്പെക്ടർമാരും ബസ്സുകളിലാണ് സാമ്പിളുകൾ കൊണ്ടു പോകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബാക്ടീരിയോളജി ടെസ്റ്റിനുള്ള സാമ്പിളുകൾ പൂജ്യം ഡിഗ്രി ഊഷ്മാവ് നിലനിർത്തുന്ന പെട്ടിയിലാക്കി സമയബന്ധിതമായി ലാബുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യവസ്തുക്കളിലെ മായവും പഴക്കവും പരിശോധിക്കുന്ന തിനായി സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ ഗവൺമെന്റ് അനലറ്റിക്കൽ ലബോറട്ടറി തിരുവനന്തപുരം, റീജിയണൽ അനലറ്റിക്കൽ ലബോറട്ടറി എറണാകുളം, അനലറ്റിക്കൽ ലബോറട്ടറി - കോഴിക്കോട്, ഡിസ്ട്രിക്ട് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി - പത്തനംതിട്ട എന്നിങ്ങനെ 4 ലാബുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ബാക്ടീരിയോളജി ടെസ്റ്റ് നടത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം , റീജിയണൽ അനലറ്റിക്കൽ ലബോറട്ടറി- എറണാകുളം, അനലറ്റിക്കൽ ലബോറട്ടറി, കോഴിക്കോട് എന്നിവിടങ്ങളിൽ മൈക്രോബയോളജി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് അനലറ്റിക്കൽ ലബോറട്ടറിയിൽ 2-ഉം എറണാകുളത്ത് റീജിയണൽ അനലറ്റിക്കൽ ലാബിൽ ഒരാളും മൈക്രോ ബയോളജി തസ്തികയിൽ ഉണ്ട്. കോഴിക്കോട് ഒരു മൈക്രോബയോളജിസ്റ്റിന്റെ തസ്തിക നികത്താതെ ഒഴിഞ്ഞുകിടക്കുന്നതിനാൽ തിരുവനന്തപുരം ലാബിലെ ഒരു മൈക്രോബയോളജിസ്റ്റ് വർക്കിംഗ് അറേഞ്ച്മെന്റിൽ കോഴിക്കോട് ലാബിലും ജോലി നോക്കുന്നു. ആകെ നാല് മൈക്രോബയോളജിസ്റ്റുകൾ നിലവിലുണ്ട്.

(സി&ഡി) ശീതീകരണം ആവശ്യമുള്ള എല്ലാ ഭക്ഷ്യപദാർത്ഥങ്ങളിലും നിശ്ചിത ഡിഗ്രി ഊഷ്മാവ് നിലനിർത്തുന്നതിന് ആവശ്യമായ അണുവിമുക്തമായ കണ്ടെയ്നറുകൾ എല്ലാ ജില്ലകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന കണ്ടെയ്നറുകൾ നാല് ദിവസംവരെ സാമ്പിളുകൾ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്നതാണ്. സാമ്പിളുകൾ ബസ്സിൽ കൊണ്ടുപോകുന്ന കാരണത്താൽ പരിശോധനാഫലത്തിൽ

കൃത്യത നഷ്ടമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആശുപത്രികളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ**

92 (2368) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മെഡിക്കൽ കോളേജ് ആശുപത്രി മുതൽ പി.എച്ച്.സി വരെയുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന വികസന പ്രവർത്തനത്തിനായി നടത്തിയ പ്രവൃത്തികൾ എന്തൊക്കെയെന്നും അതിനായി എത്ര തുക ചെലവായിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും ഏതൊക്കെ പദ്ധതി പ്രകാരമെന്നും അറിയിക്കാമോ; ഇതിൽ കേന്ദ്ര സഹായം പ്രത്യേകം അറിയിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2006-07 മുതൽ 2010 വരെയുള്ള കാലയളവിൽ വിവിധ സ്കീമുകൾക്കായി അൻപത്തി ഒൻപതോളം 2210 പ്ലാൻ ശീർഷകങ്ങളിൽ തുക വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികളും ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയാണ് പ്രധാനപ്പെട്ട പ്രവൃത്തികൾ. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ 2210 പ്ലാൻ ശീർഷകത്തിൽ (45 എണ്ണം ശീർഷകം) നാൽപ്പത്തി അഞ്ചോളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*. 4210 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. ടി ശീർഷകത്തിലെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചാൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കണക്കിൽ ചെലവഴിച്ചതായി രേഖപ്പെടുത്തുന്നു.

2014-15-ലെയും 2015-16-ലെയും ഒറ്റത്തവണ അധികകേന്ദ്ര സഹായം ലഭിക്കാത്തതിനാൽ ടി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. 2015-2016-ലെ 14 - ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ടി ഫണ്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിനിയോഗിച്ച് നടപ്പിലാക്കേണ്ട പദ്ധതികളും നടപ്പിലാക്കിയിട്ടില്ല.

## കുറവിലങ്ങാട് താലൂക്ക് ആശുപത്രി

93 (2369) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ അത്യാവശ്യ പോസ്റ്റുകൾ സാംഗ്ക്ഷൻ ചെയ്യുന്നതിനുവേണ്ടി ഡി.എച്ച്.എസ്. സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ അടങ്ങിയ ഫയൽ നമ്പർ 221/2016/M/H&FW നമ്പർ ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലും പഴയ 13344/2012/M/H&FW ഫയലും തമ്മിൽ കൂട്ടിക്കുഴച്ച് ആവശ്യമായ തസ്തികപോലും അനുവദിക്കാതെ ഫയൽ വീണ്ടും ഡി.എച്ച്.എസ്സിലേക്ക് അയയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 221/2016/M/H&FW നമ്പർ ഫയൽ അടിയന്തരമായി ധനകാര്യവകുപ്പിന്റെ പരിഗണനയിൽ അയക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച സർക്കാർ ഫയൽ 13344/എം.1/13/ആ.കു.വ. ആണ്. മേൽ ഫയലിൽ ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ടാണ് 221/എം1/16/H&FW. ടി റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ അധികവിവരങ്ങൾ വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ (13344/എം.1/13/ആ.കു.വ.) അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ധനകാര്യ വകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് ചില അധിക വിവരങ്ങൾ ആരാഞ്ഞു. ടി അധിക വിവരങ്ങളാണ് ആരോഗ്യവകുപ്പ് ഡയറക്ടർ 221/എം.1/16/ആ.കു.വ. പ്രകാരം ലഭ്യമാക്കിയത്. ടി റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആരോഗ്യ വകുപ്പ് ഡയറക്ടർ പൂർണ്ണമായ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) 21-1-2016-ലെ 13344/എം.1/13/ആ.കു.വ. നമ്പർ കത്തു പ്രകാരം ആവശ്യപ്പെട്ട അധികവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക്

ഫയൽ ധനകാര്യ വകുപ്പിലേക്ക് അയക്കുന്നതാണ്.

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ - ദേശീയ നിലവാരം**

94 (2370) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ഇന്ത്യൻ പബ്ലിക് സ്റ്റാൻഡേർഡ് പ്രകാരം ദേശീയ നിലവാരത്തിലുയർത്തുന്നതിന് മുൻസർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചത്;

(ബി) ഈ സർക്കാർ പ്രസ്തുത പ്രവർത്തനങ്ങൾക്കായി എന്തൊക്കെ ചെയ്തെന്നും എന്ത് തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 108 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ഇന്ത്യൻ പബ്ലിക് സ്റ്റാൻഡേർഡ് പ്രകാരം ദേശീയ നിലവാരത്തിലുയർത്തി. ഇതിനായി 21.59 കോടി രൂപ ചെലവഴിച്ചു.

(ബി) എൻ.എച്ച്.എം. വേറെ 15 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ഇന്ത്യൻ പബ്ലിക് സ്റ്റാൻഡേർഡ് പ്രകാരം ദേശീയ നിലവാരത്തിലുയർത്തി. ഇതിനായി 23.04 കോടി രൂപ നാളിതുവരെ ചെലവഴിച്ചു.

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന**

95 (2371) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലമായതോടെ ദാഹശമനത്തിന് കച്ചവടക്കാർ വില്ക്കുന്ന ജ്യൂസ്, സർബത്ത് തുടങ്ങിയവയിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ അടങ്ങിയിട്ടുണ്ടോയെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സീസണിൽ ഇതേവരെ എത്ര സാമ്പിളുകൾ എടുത്തു പരിശോധിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കുമോ;

(സി) ജ്യൂസ്, സർബത്ത് എന്നിവയുണ്ടാക്കാൻ മലിനജലം ഉപയോഗിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഭക്ഷ്യസുരക്ഷാവകുപ്പ്, ആരോഗ്യവകുപ്പ് എന്നിവ കാര്യക്ഷമമായ പരിശോധനയും, തുടർനടപടികളും സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കാറുണ്ട്.

(ബി) ഈ സീസണിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തുടനീളം നടത്തിയിട്ടുള്ള പരിശോധനകളിൽ ഇതുമായി ബന്ധപ്പെട്ട് 29 സാമ്പിളുകൾ നാളിതുവരെ ശേഖരിച്ച് ലാബുകളിലേക്ക് പരിശോധനക്ക് അയച്ചിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം മലിനജലം ഉപയോഗിച്ച് ജ്യൂസ്, സർബത്ത് എന്നിവയുണ്ടാക്കുന്നതുമായി ബന്ധപ്പെട്ടതാണ്. പാലക്കാട് ജില്ലയിൽ 2 സാമ്പിളുകൾ നിശ്ചിത നിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ മലിനജലം ഉപയോഗിച്ച് ജ്യൂസ്, സർബത്ത് എന്നിവയുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ നിലവിലുണ്ട്.

(ഡി) ജ്യൂസ് നിർമ്മാണ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്റ്റാളുകൾ കൃത്യമായ ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. സംസ്ഥാനത്ത് ജ്യൂസ് കടകൾ നടത്തുന്നവർ പാലിക്കേണ്ട നിബന്ധനകൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. പരിശോധനയിൽ ടി മാനദണ്ഡങ്ങൾ പാലിക്കാതെ ജ്യൂസ് കടകൾ പ്രവർത്തിപ്പിക്കുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം അനുസരിച്ച് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

## ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ

96 (2372 ) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപത് വർഷം മുൻപ് ആരോഗ്യവകുപ്പ് നിർണ്ണയിച്ച ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സ്റ്റാഫ് പാറ്റേൺ അടിയന്തരമായി പുനഃപരിശോധിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) എന്നാൽ നാളിതുവരെയായി ഇത് നടപ്പാക്കിയിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) എന്തുകൊണ്ടാണിത് നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 568/2008/ആ.കു.വ. തീയതി 6-11-2008 പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രം, 24x7 പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹ്യ ആരോഗ്യ കേന്ദ്രം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ആരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികൾ, ജില്ല/ജനറൽ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയ മേജർ ആരോഗ്യ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കുമെന്ന് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ പറയുന്നുണ്ട്. മേൽപ്പറഞ്ഞ മേജർ ആരോഗ്യ സ്ഥാപനങ്ങളിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴുള്ളതെന്ന് പറയുവാൻ കഴിയുകയില്ല. സ്പെഷ്യാലിറ്റി യൂണിറ്റുകൾ, ത്രീഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം, പുതിയ ചികിത്സാ രീതികൾ, പരിശോധനാ സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നതിനനുസരിച്ച് ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ചില കാറ്റഗറികളുടെ സ്റ്റാഫ് പാറ്റേണിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് ആശുപത്രികളിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴി ലഭ്യമാക്കുന്ന തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ, നിലവിലെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരം വിലയിരുത്തി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ നിലവിലെ സാമ്പത്തിക നില കൂടി കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വൃക്കരോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ്**

97 (2374) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃക്ക രോഗം വർദ്ധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പഠനം നടത്തിയിട്ടില്ലെങ്കിൽ അത്തരം ഒരു പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) വൃക്ക രോഗികളെ സഹായിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ്

നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഇന്ത്യയിൽ സൊസൈറ്റി ഓഫ് നെഫ്രോളജിയുടെ രജിസ്റ്റർ പ്രകാരം പ്രമേഹരോഗവും അമിത രക്തസമ്മർദ്ദവും ആണ് വൃക്കരോഗത്തിന് പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ളത്.

(സി) പഠനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വൃക്കരോഗികളെ സഹായിക്കുന്നതിനായി ആർ.എസ്.ബി.വൈ. മുഖാന്തരം 30,000 രൂപയും സി.എച്ച്.എസ്. മുഖാന്തരം 70,000 രൂപയും കേരള സർക്കാരിന്റെ കാരുണ്യ മുഖാന്തരം 2,00,000 രൂപയും മുഖ്യമന്ത്രിയുടെ സഹായനിധി മുഖാന്തരം 30,000 മുതൽ 50,000 രൂപവരെയും പ്രധാനമന്ത്രിയുടെ സഹായനിധി മുഖാന്തരം 2 മുതൽ 4 ലക്ഷം വരെ നൽകിവരുന്നു.

**സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ**

98 (2375) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :

<u>ശ്രീമതി പി. അയിഷാ പോറ്റി</u> :

<u>ഡോ. കെ. ടി. ജലീൽ</u> :

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതാണെന്ന 2011-12, 2012-13 വർഷങ്ങളിലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഏതെല്ലാം ജില്ലകളിൽ ഇത്തരം പുതിയ ആശുപത്രികൾ പ്രവർത്തനസജ്ജമായി; എത്ര ആശുപത്രികൾ നിർമ്മിച്ചു;

(സി) പ്രസ്തുത ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ എന്നത്തേക്ക് ഇവ സ്ഥാപിക്കും; അതിനായി വകയിരുത്തിയതും ഇതുവരെ ചെലവഴിച്ചതുമായ തുക

എത്രയെന്ന് അറിയിക്കുമോ;

(ഡി) മുൻസർക്കാർ മാതൃകാപരമായി വിപുലീകരിച്ച തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മെഡിക്കൽകോളേജായി മാറ്റാൻ നീക്കമുണ്ടോ; ഇതിനു പകരം ആശുപത്രി വികസിപ്പിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതാണെന്ന 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2012-13 ബഡ്ജറ്റിൽ 35 കോടി രൂപ നീക്കിവച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 25-3-2013-ലെ സ.ഉ.(സാധാ)നമ്പർ 1069/2013/ആ.കു.വ.,25-3-2013-ലെ സ.ഉ.(സാധാ) നമ്പർ 1070/2013/ആ.കു.വ.എന്നീ ഉത്തരവുകൾ പ്രകാരം താഴെ പറയുന്ന ജില്ലകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

1. കോട്ടയം
2. തൃശ്ശൂർ
3. മലപ്പുറം
4. വയനാട്
5. തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി (ശക്തിപ്പെടുത്തൽ)

(ബി) നിലവിൽ പ്രസ്തുത ആശുപത്രികൾ ആയതിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്. മലപ്പുറം പൊന്നാനിയിൽ കെട്ടിടത്തിന്റെ പണികൾ 14-7-2009 ലെ സ.ഉ.(സാധാ) നമ്പർ 1046/2009/പൊ.മ.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരവും 25-3-2013-ലെ സ.ഉ.(സാധാ) നമ്പർ1069/2013/ആ.ക.വ. 25-3-2013-ലെ സ.ഉ.(സാധാ) നമ്പർ 1070/2013/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും അനുവദിച്ച തുക ചെലവഴിച്ച് പണി പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭരണാനുമതിക്കായി

സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനും നിലവിൽ ഉള്ളവയെ ശക്തിപ്പെടുത്തുന്നതിനുമായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് പ്രഖ്യാപനത്തിൽ തുക വകയിരുത്തുകയും അവ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നുവരികയുമാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയെ ശക്തിപ്പെടുത്തുന്നതിനുമായി വിവിധ ബഡ്ജറ്റുകളിലായി നീക്കിവച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു:

2012-13 - 35 കോടി രൂപ

2013-14 - 10 കോടി രൂപ

1. ഡബ്ല്യൂ & സി ആശുപത്രി, കാസർഗോഡ് - 360 ലക്ഷംരൂപ
2. ഡബ്ല്യൂ & സി ആശുപത്രി, കോന്നി, പത്തനംതിട്ട - 311 ലക്ഷംരൂപ
3. ഡബ്ല്യൂ & സി ആശുപത്രി, മാങ്ങാട്ടുപറമ്പ, കണ്ണൂർ - 329 ലക്ഷംരൂപ

2014-15 – 1095 ലക്ഷം രൂപ

1. ഡബ്ല്യൂ & സി ആശുപത്രി, തൈക്കാട്, തിരുവനന്തപുരം - 195 ലക്ഷം രൂപ
2. താലൂക്ക് ആശുപത്രി, കോന്നി, പത്തനംതിട്ട - 319 ലക്ഷം രൂപ
3. ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം - 200 ലക്ഷംരൂപ
4. ഡബ്ല്യൂ & സി ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് - 381 ലക്ഷം രൂപ

ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായം ലഭിച്ചിട്ടില്ല.

2015-16 വകയിരുത്തിയത് :

(State Share – 650 ലക്ഷം രൂപ

One time ACA – 500 ലക്ഷം രൂപ)

(ഒറ്റത്തവണ അധിക കേന്ദ്രസഹായം 2015-16 ലഭ്യമായിട്ടില്ലാത്തതിനാൽ ഭരണാനുമതി നാളിതുവരെ ലഭിച്ചിട്ടില്ല.)

ഡബ്ല്യൂ & സി ആശുപത്രി, അടിമാലി, ഇടുക്കി - 450 ലക്ഷം രൂപ

ഡബ്ല്യൂ & സി ആശുപത്രി, കാസർഗോഡ് - 200 ലക്ഷം രൂപ

**(3rd instalment)**

ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും, തിരുവനന്തപുരം ജനറൽ ആശുപത്രിയും ചേർത്ത് പുതിയ മെഡിക്കൽ കോളേജാക്കി മാറ്റിക്കൊണ്ട് 16-6-2015-ൽസ.ഉ.(സാധാ) നം.1821/2015/ആ.കു.വ.പ്രകാരം ഉത്തരവായിട്ടുണ്ട്.

**പരിക്കേറ്റവർക്കും ട്രോമാ കേസുകൾക്കും സൗജന്യ ചികിത്സ**

99 (2376) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളിൽ പരിക്കേറ്റവർക്കും ട്രോമോ കേസുകൾക്കും നൂറ് ശതമാനം സൗജന്യ ചികിത്സ ഉറപ്പുവരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലത്ത് ഇവ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും ഇതിനായി ഓരോ ബഡ്ജറ്റിലും എത്ര തുകകൾ വീതം നീക്കി വച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) എവിടെയെങ്കിലും ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം; ഇതിനായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യത്തിൽ ഒരു പ്രഖ്യാപനം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര സഹായത്തോടെ ദേശീയ പാതയോരങ്ങളിലുള്ള ആശുപത്രികളിൽ ട്രോമാ കെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിൽ കേന്ദ്ര സഹായമായി 7,70,000 രൂപ ലഭിക്കുകയും ആ തുക ദേശീയ ആരോഗ്യ മിഷൻ വഴി വിവിധ ആശുപത്രികളിൽ ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി വിനിയോഗിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ കോളേജുകളിലെ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 2015-16 വർഷത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ 3.675 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011-12 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ആലത്തൂർ, കായംകുളം, തിരുവല്ല, തലശ്ശേരി ചാലക്കുടി, ജില്ലാ ആശുപത്രി കൊല്ലം, കണ്ണൂർ, പേരൂർക്കട,

കാസർഗോഡ് എന്നിവിടങ്ങളിൽ കാഷ്വാലിറ്റി വിഭാഗത്തിലെ ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 134.40 ലക്ഷം രൂപ അനുവദിച്ചു. 2012-13 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്, കരുനാഗപ്പള്ളി, തൊടുപുഴ, നോർത്ത് പറവൂർ, തിരൂർ, കൊയിലാണ്ടി, ബത്തേരി, ഒറ്റപ്പാലം, നിലമ്പൂർ, ജനറൽ ആശുപത്രി, ആലപ്പുഴ എന്നിവിടങ്ങളിൽ ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തന ത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 200 ലക്ഷം രൂപ അനുവദിച്ചു. 2013-14 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല, കായംകുളം, ചാലക്കുടി, ആലത്തൂർ, താമരശ്ശേരി, ജില്ലാ ആശുപത്രി, കാസർഗോഡ്, കൊല്ലം, താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ എന്നിവിടങ്ങളിലെ ട്രോമാ കെയർ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 300 ലക്ഷം രൂപ അനുവദിച്ചു.

2014-15 വർഷത്തിൽ ജനറൽ ആശുപത്രി, ആലപ്പുഴ, എറണാകുളം, നെയ്യാറ്റിൻകര, ജില്ലാ ആശുപത്രി, കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്ക് 142 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 337.28902 ലക്ഷം രൂപയും അനുവദിച്ചു. ഇതുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**108 ആംബുലൻസ് സംവിധാനം**

100 (2378) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> :

<u>ശ്രീ. രാജു എബ്രഹാം</u> :

<u>ശ്രീ. ബി. ഡി. ദേവസ്സി</u> :

<u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഉണ്ടായിരുന്ന പ്രസ്തുത സംവിധാനത്തെ നിലവിലെ സ്ഥിതിയുമായി താരതമ്യം ചെയ്തു വിശദമാക്കാമോ;

(സി) 2012-13 ബഡ്ജറ്റിൽ പ്രസ്തുത ആവശ്യത്തിനായി 40 കോടി രൂപ വകയിരുത്തിയിട്ടും പ്രസ്തുത സംവിധാനത്തെ ശരിയായ രീതിയിൽ പരിപാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് 25 ആംബുലൻസുകളുമായി പ്രസ്തുത സംവിധാനം സേവനം നൽകിയിരുന്നത്. 21-4-2012-ൽ 18 ആംബുലൻസുകളുമായി പ്രസ്തുത സേവനം ആലപ്പുഴ ജില്ലയിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. 2012-13 ബഡ്ജറ്റിൽ 108 ആംബുലൻസ് സംവിധാനം കേരളത്തിലാകെ വ്യാപിപ്പിക്കുവാനായി 40 കോടി രൂപ വകയിരുത്തിയിരുന്നു. അതിൻപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും ടി സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**108 ആംബുലൻസുകൾ**

101 (2379) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര 108 ആംബുലൻസുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര എണ്ണം നിലവിൽ ഓടുന്നുണ്ട്; ആലപ്പുഴ ജില്ലയിൽ ഏതൊക്കെ ആശുപത്രികൾക്കാണ് ആംബുലൻസ് അനുവദിച്ചിട്ടുള്ളത്;

(ബി) 108 ആംബുലൻസുകളിൽ ജോലി നോക്കുന്ന ഡ്രൈവർമാർക്കും നഴ്സിങ് അസിസ്റ്റന്റിനും വേതനം കൃത്യമായി നൽകുന്നുണ്ടോ; ഇവർക്കുള്ള വേതനം എന്നുവരെയാണ് നൽകിയിട്ടുള്ളത്; ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ചേർത്തലയിൽ നിന്നും 108 ആംബുലൻസുകൾ കോട്ടയം മെഡിക്കൽ കോളേജിലേക്കും എറണാകുളം ജനറൽ ആശുപത്രിയിലേക്കും പോകുന്നതിനുള്ള പ്രത്യേക അനുമതി നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കേരളത്തിൽ 43 (നാല്പത്തി മൂന്ന്) 108 ആംബുലൻസുകൾ ഉള്ളതിൽ 34 എണ്ണം പ്രവർത്തനക്ഷമമാണ്. ആലപ്പുഴ ജില്ലയിലെ താഴെപ്പറയുന്ന ആശുപത്രികൾക്കാണ് 108 ആംബുലൻസ് അനുവദിച്ചിട്ടുള്ളത്.

1. ഹരിപ്പാട് താലൂക്ക് ആശുപത്രി

2. നൂറനാട് ലെപ്രസി സാനിട്ടോറിയം

3. സി.എച്ച്.സി., എടത്വാ

4. സി.എച്ച്.സി., തൃക്കുന്നപ്പുഴ

5. യു.എച്ച്.റ്റി.സി., അമ്പലപ്പുഴ

6. ജില്ലാ ആശുപത്രി, മാവേലിക്കര

7. ചെങ്ങന്നൂർ താലൂക്ക് ആശുപത്രി

8. സി.എച്ച്.സി., മാന്നാർ

9. ചേർത്തല താലൂക്ക് ആശുപത്രി

10. ആലപ്പുഴ ജനറൽ ആശുപത്രി

11. സി.എച്ച്.സി., വെളിയനാട്

12. തുറവൂർ താലൂക്ക് ആശുപത്രി

13. സി.എച്ച്.സി., അരൂക്കുറ്റി

14. സി.എച്ച്.സി., മുഹമ്മ

15. പി.എച്ച്.സി., മാരാരിക്കുളം

16. സി.എച്ച്.സി., ചമ്പക്കുളം

17. കായംകുളം താലൂക്ക് ആശുപത്രി

18. പി.എച്ച്.സി., മുതുകുളം

(ബി) 108 ആംബുലൻസുകളിൽ ജോലി നോക്കുന്ന ഡ്രൈവർമാർക്കും നഴ്സിംഗ് അസിസ്റ്റന്റുമാർക്കും കൃത്യമായി വേതനം നൽകുന്നുണ്ട്. ഇവർക്ക് 2016 ജനവരി മാസം വരെയുള്ള ശമ്പളം നൽകിക്കഴിഞ്ഞു. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ആലപ്പുഴ ജില്ലയിൽ അത്യാഹിതങ്ങളിൽപ്പെടുന്നവരെ അടുത്തുള്ള സർക്കാർ ആശുപത്രികളിലോ അല്ലെങ്കിൽ അപകടത്തിന്റെ ഗൗരവം പരിഗണിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിലോ എത്തിക്കുന്നതിനാണ് 108 ആംബുലൻസ് സർവ്വീസ് ഉപയോഗിക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ

ആവശ്യപ്രകാരം മാത്രമേ സാധാരണയായി, ആലപ്പുഴ ജില്ല വിട്ട് മറ്റ് ജില്ലകളിലെ ആശുപത്രികളിലേക്ക് രോഗികളെ എത്തിക്കാറുള്ളൂ. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 108 ആംബുലൻസ് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു.

## ഇടുക്കി ജില്ലയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ

102 (2380) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വിവിധ ആശുപത്രികളിലായി ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്; ഒഴിവുകൾ സംബന്ധിച്ച വിശദാംശം ആശുപത്രികളുടെ പേര് തിരിച്ച് നൽകുമോ;

(ബി) ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കൈകൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ?

### ഉത്തരം

(എ) ഇടുക്കി ജില്ലയിൽ വിവിധ ആശുപത്രികളിലായി ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിൽ 26 ഒഴിവുകൾ നിലവിലുണ്ട്. ആശുപത്രികളുടെ പേര് തിരിച്ചുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | സി.എച്ച്.സി., മറയൂർ | 2 |
| 2 | സി.എച്ച്.സി., പുറപ്പുഴ | 1 |
| 3 | പി.എച്ച്.സി. കൊക്കയാർ | 1 |
| 4 | പി.എച്ച്.സി., കുമളി | 1 |
| 5 | ജില്ലാ ആശുപത്രി, ഇടുക്കി | 3 |
| 6 | പി.എച്ച്.സി., ചിന്നക്കനാൽ | 1 |
| 7 | പി.എച്ച്.സി., കോടികുളം | 2 |
| 8 | പി.എച്ച്.സി., കെ.പി. കോളനി | 1 |
| 9 | താലൂക്ക് ആശുപത്രി, കട്ടപ്പന | 4 (പുതുതായി അനുവദിച്ച 3 തസ്തിക ഉൾപ്പെടെ) |

| | | |
|---|---|---|
| 10 | പി.എച്ച്.സി., രാജകുമാരി | 1 |
| 11 | പി.എച്ച്.സി., ഇടപെട്ടി | 1 |
| 12 | താലൂക്ക് ആശുപത്രി, അടിമാലി | 1 |
| 13 | പി.എച്ച്.സി., ബൈസൺവാലി | 1 |
| 14 | പി.എച്ച്.സി., അറകുളം | 1 |
| 15 | പി.എച്ച്.സി., തൊടുപുഴ | 4 (പുതുതായി അനുവദിച്ച 3 തസ്തിക ഉൾപ്പെടെ) |
| 16 | ജില്ലാ ആശുപത്രി, ആലക്കോട് | 1 |
| | ആകെ | 26 |

(ബി) ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-ന്റെ 50% ഒഴിവുകൾ വിവിധ വകുപ്പുകളിലെ പാർട്ട്ടൈം സ്വീപ്പറുടെ കോമൺ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ജില്ലാ കളക്ടർ നൽകുന്ന ക്രമത്തിലാണ് നിയമനം നടത്തുന്നത്. അതിനായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർമാരിൽ നിന്നും പ്രൊമോഷന് സന്നദ്ധരായിട്ടുള്ളവരിൽ നിന്നും പ്രൊമോഷൻ നടത്തി ബാക്കി 50% ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006

103 (2381) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം -2006 പ്രകാരവും, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ പ്രകാരവും സംസ്ഥാനത്ത് (ജില്ല തിരിച്ച്) ലൈസൻസും രജിസ്ട്രേഷനും നല്കുന്ന അധികാര സ്ഥാനങ്ങൾ ആരെല്ലാമെന്നും ഓരോ വർഷവും എത്ര പേർ രജിസ്ട്രേഷൻ സ്വീകരിച്ചു എന്നും പ്രസ്തുത അധികാര സ്ഥാനത്തിന്റെ കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും വിഷലിപ്തമായ ഉല്പന്നങ്ങൾ വില്ക്കുന്നതും, ഹോട്ടൽ തുടങ്ങിയ മേഖലകളിലെ ഭക്ഷ്യ വിഷബാധ സംബന്ധിച്ചും റിപ്പോർട്ടു ചെയ്യപ്പെട്ട കേസ്സുകൾ എത്ര; ഭക്ഷ്യ വിഷബാധയേറ്റ് ഓരോ വർഷവും മരണപ്പെട്ടവർ എത്ര; ഇതിനു കാരണക്കാരായ വിപണനക്കാർ ആരെല്ലാം; എന്തു നടപടി നാളിതുവരെ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കുമോ;

(സി) 2015-16 വർഷം ഹോട്ടലുകളിൽ എത്ര റെയ്ഡുകൾ നടത്തി എന്നും കുറ്റക്കാരായി എത്ര പേരെ കണ്ടെത്തി എന്നും എത്ര തുക ഫൈൻ ആയി ലഭിച്ചു എന്നും മറ്റ് എന്ത് നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു എന്നും വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ലൈസൻസ് നൽകുവാനുള്ള അധികാരം അതാത് ജില്ലകളിലെ ഡെസിഗ്നേറ്റഡ് ഓഫീസർക്കും (അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി) രജിസ്ട്രേഷൻ നൽകുവാൻ അതാത് സ്ഥലങ്ങളിലെ ഫുഡ് സേഫ്റ്റി ഓഫീസർമാരേയുമാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. ആയതുപ്രകാരം സംസ്ഥാനത്ത് 2011 മുതൽ 2016 വരെ നൽകിയ രജിസ്ട്രേഷന്റെ എണ്ണം ജില്ല തിരിച്ച് മറുപടി അനുബന്ധമായിചേർക്കുന്നു* .

(ബി) ഈ സർക്കാർ കാലയളവിൽ വിഷലിപ്തമായ ഉല്പന്നങ്ങൾ വിൽക്കുന്നതും ഹോട്ടൽ തുടങ്ങിയ മേഖലകളിലെ ഭക്ഷ്യ വിഷബാധ സംബന്ധിച്ച് ഇതിനകം 57 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2012-ൽ ഭക്ഷ്യവിഷബാധയേറ്റ് ഒരാൾ മരണപ്പെട്ടത് സംബന്ധിച്ച പ്രോസിക്യൂഷൻ കേസ്സ് നിലവിലുണ്ട്.

(സി) 2015-16 വർഷം സംസ്ഥാനമൊട്ടാകെ ഹോട്ടലുകളിൽ 5038 റെയ്ഡ് നടത്തിയതിൽ 153 പേർക്ക് എതിരെ കോമ്പൗണ്ടിംഗ് ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും 31,65,500 രൂപ ഫൈനായി ഈടാക്കിയിട്ടുള്ളതുമാണ്.

**ആശ വർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ**

104 (2382) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ആശാ വർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവരുടെ പ്രവർത്തി സമയവും പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കേരളത്തിൽ ആശാ പദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. സമൂഹത്തെ, പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. കേരളത്തിൽ 31549 ആശ പ്രവർത്തകർ പ്രവർത്തിച്ചുവരുന്നു. ആശാ പ്രവർത്തകരുടെ ചുമതലകൾ താഴെ പറയുന്നവയാണ്.

1. സാമൂഹികബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക.
2. ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ചുവടെ പറയുന്ന അരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക. ഉദാ.
3. ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക
4. ഗർഭകാല ശുശ്രൂഷയും, ടി.ടി., അയൺ ഫോളിക് ആസിഡ് എന്നിവയും ലഭ്യമാക്കുക
5. ജനനീസുരക്ഷാ യോജനയുടെ പ്രയോജനം ലഭ്യമാക്കുക
6. കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ ചികിത്സ തുടങ്ങിയവയിൽ സഹായിക്കുക
7. പ്രാദേശിക ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക
8. പകർച്ചവ്യാധി നിയന്ത്രണം, കൊതുകുനിവാരണം, തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക
9. നവജാത ശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക
10. നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്., ക്ഷയരോഗ മരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക

ആശ പ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളാണ് ഇവർക്ക് നൽകുന്നത്. ഇൻസെന്റീവുകൾ താഴെ പറയുന്നവയാണ്:

1. പരിശീലനങ്ങൾക്ക് യഥാർത്ഥ യാത്രാപ്പടി
2. പരിശീലന ദിവസങ്ങൾക്ക് 100 രൂപ വീതം ക്ഷാമബത്ത

3. ആരോഗ്യ സ്ഥാപനങ്ങളിൽ മാസം തോറും നടക്കുന്ന മീറ്റിംഗിന് 100 രൂപ
4. ജനനി സുരക്ഷാ യോജന പ്രകാരം ഒരു ഗുണഭോക്താവിനെ സഹായിക്കുന്നതിന് 200 രൂപ
5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവയ്പുകൾക്ക് കുട്ടികളെ കൊണ്ടു വരുന്നതിന് 100 രൂപ (കുറഞ്ഞത് അഞ്ച് കുട്ടികളെയെങ്കിലും)
6. വന്ധ്യംകരണത്തിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷന്മാർക്ക് 200 രൂപയും
7. വാർഡുതല ആരോഗ്യപോഷക ദിനം സംഘടിപ്പിക്കുന്നതിന് 150 രൂപ (കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം)
8. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണ നൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)
9. ടി.ബി. രോഗികൾക്ക് കഫ പരിശോധനയ്ക്കും അതിനുശേഷം ഡോട്സ് നൽകുന്നതിനുമായി 250 രൂപ

10. കുട്ടികൾക്ക് മുഴുവൻ പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കുകയും അത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിന് ഒരു കുട്ടിക്ക് 50 രൂപ.

(ബി) ആശമാരുടെ പ്രവർത്തനത്തിന് ഒരു പ്രത്യേക സമയക്രമം നിജപ്പെടുത്തിയിട്ടില്ല. എങ്കിലും ആഴ്ചയിൽ കുറഞ്ഞത് 3 ദിവസമെങ്കിലും ഫീൽഡ് തലത്തിൽ പ്രവർത്തിക്കേണ്ടതാണ്. ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതും വിലയിരുത്തുന്നതും അതാത് പ്രദേശത്തെ ജെ.പി.എച്ച്.എൻ-മാരാണ്.

## സിക്കിൾസെൽ അനീമിയ, ഹീമോഫീലിയ രോഗികൾക്കുള്ള ആനുകൂല്യങ്ങൾ

105 (T* 2383) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം), ഹിമോഫീലിയ എന്നിവ ബാധിച്ച രോഗികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇവർക്ക് പെൻഷൻ നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം) ബാധിച്ച രോഗികൾക്ക് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ പദ്ധതി പ്രകാരം അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് പരമാവധി 50,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നതിന് 8-1-2016-ലെ 129/2016/ആ.കു.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ സിക്കിൾസെൽ അനീമിയ (അരിവാൾ രോഗം) ബാധിച്ച രോഗികൾക്ക് സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും രക്തം സൗജന്യമായി കൊടുക്കുന്നു. ട്രൈബൽ വിഭാഗത്തിലെ രോഗികൾക്ക് പ്രതിമാസം 2000 രൂപ വീതം പട്ടികവർഗ്ഗ വികസന വകുപ്പും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രതിമാസം 1000 രൂപ വീതവും ധനസഹായമായി നൽകിവരുന്നു. ഹീമോഫീലിയ രോഗം ബാധിച്ച് വരുന്ന രോഗികൾക്ക് ഫാക്ടർ 8, 9 എന്നിവ സൗജന്യമായി കൊടുക്കുന്നു. എല്ലാ മാസവും ആദ്യത്തെ ശനിയാഴ്ച ഹീമോഫീലിയ രോഗികൾക്ക് പ്രത്യേക ക്ലിനിക്ക് നടത്തുന്നുണ്ട്. എല്ലാ ദിവസവും വരുന്ന ഹീമോഫീലിയ രോഗികൾക്ക് വേണ്ട ചികിത്സയും കൗൺസിലിംഗും നടത്തുന്നുണ്ട്. അംഗവൈകല്യത്തിനുള്ള സർട്ടിഫിക്കറ്റും ട്രെയിനിൽ യാത്രാസൗജന്യത്തിനുള്ള സർട്ടിഫിക്കറ്റും കൊടുക്കുന്നുണ്ട്. കൂടാതെ ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1,000 രൂപ നിരക്കിലുള്ള പ്രതിമാസ ധനസഹായം സാമൂഹ്യ സുരക്ഷാ മിഷൻ നൽകിവരുന്നു.

(ബി) സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം) ബാധിച്ച ട്രൈബൽ വിഭാഗത്തിലെ രോഗികൾക്ക് പ്രതിമാസം 2000 രൂപ വീതം പട്ടികവർഗ്ഗ വികസന വകുപ്പും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രതിമാസം 1000 രൂപ വീതവും ധനസഹായമായി നൽകിവരുന്നു.

കൂടാതെ ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1,000 രൂപ നിരക്കിലുള്ള പ്രതിമാസ ധനസഹായം സാമൂഹ്യ സുരക്ഷാ മിഷൻ നൽകിവരുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോമിൽ ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ധനസഹായം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് RTGS ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം**

106 (2386) <u>ശ്രീ. എം. ഹംസ</u> :

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> :

<u>ശ്രീ.കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻട്രൻസ് കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് വ്യത്യസ്ത സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്ക് പ്രവേശനം ലഭിക്കുന്നവർ ഒരേതരത്തിലുള്ള ഫീസാണോ നൽകേണ്ടത്; അല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എൻട്രൻസ് കമ്മീഷണറുടെ ലിസ്റ്റിൽ നിന്ന് പ്രവേശനം നടത്തുന്ന കോളേജുകൾ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്ന രീതി വിശദമാക്കാമോ; ഇത്തരം കോളേജുകളിൽ ന്യൂനപക്ഷ പദവിയുള്ളവ മെരിറ്റ് സീറ്റുകളായി നീക്കിവെച്ചിട്ടുള്ള അമ്പതു ശതമാനം സീറ്റുകളിൽ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നടത്തുന്നത് കരാർ പ്രകാരമാണോ; അതിന്റെ മാനദണ്ഡവും പ്രവേശന രീതിയും വ്യക്തമാക്കാമോ;

(സി) കരാറിലേർപ്പെടാത്ത കോളേജുകൾക്ക് നൽകി വരുന്ന സൗകര്യങ്ങൾ പിൻവലിക്കുമോ ;

(ഡി) അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ പ്രവർത്തനം നിഷ്ഫലമാക്കാൻ കാരണമെന്തെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) എൻട്രൻസ് കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് വ്യത്യസ്ത സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്ക് പ്രവേശനം ലഭിക്കുന്നവർ ഒരേ തരത്തിലുള്ള ഫീസല്ല നൽകേണ്ടത്. അതാത് കോളേജ് മാനേജ്മെന്റുകളും സർക്കാരും തമ്മിലുള്ള കാരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചിയിക്കപ്പെടുന്ന ഫീസാണ് നൽകേണ്ടത്. ക്രിസ്ത്യൻ മാനേജ്മെന്റുകൾ സർക്കാരുമായി ഏർപ്പെട്ട കരാറിൽ ഫീസ് ഘടനയിൽ വ്യത്യാസമുണ്ട്. മറ്റ് വ്യവസ്ഥകൾ എല്ലാം ഒരു പോലെയാണ്. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം സ്കോളർഷിപ്പിലൂടെ നൽകുമെന്ന് ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് സ്വാശ്രയ കോളേജുകളിൽ നിന്നും വിഭിന്നമായി ന്യൂനപക്ഷ പദവിയുള്ള ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് ഏകീകൃത ഫീസ് വ്യവസ്ഥ അനുവദിച്ചിട്ടുള്ളത്. ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ഒപ്പുവച്ച കരാറിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ന്യൂനപക്ഷ പദവിയുള്ള കോളേജുകളിൽ സർക്കാരിന് ലഭ്യമായ 50% സീറ്റുകളുടെ 30% സീറ്റുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയായി കരാർ പ്രകാരം പ്രവേശനം നടത്തുന്നുണ്ട്. പ്രസ്തുത സീറ്റുകളിൽ അതാത് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്നസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റാങ്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത്.

(സി) പിൻവലിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി കാര്യക്ഷമമായി തന്നെയാണ് പ്രവർത്തിക്കുന്നത്. 2015-2016 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ കോളേജുകൾ സ്വീകരിക്കേണ്ട രീതികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോളേജിൽ അപ്രകാരമാണോ പ്രവേശനം നടന്നതെന്ന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയാണ് പരിശോധിക്കുന്നത്. ഏതെങ്കിലും കോളേജ് അമിതമായി ഫീസ് ഈടാക്കിയതായി പരാതി ലഭിക്കുമ്പോഴൊക്കെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നിയമാനുസരണം നടപടി എടുത്ത് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## സർക്കാർ ഡെന്റൽ കോളേജുകൾ

107 (2387) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഡെന്റൽ കോളേജുകളുടെ എണ്ണം എത്രയാണെന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളേജുകളിൽ ഓരോ കോഴ്സുകൾക്കും എത്ര സീറ്റുകൾ വീതമാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 എണ്ണം

(ബി) ബിഡിഎസ് കോഴ്സിന് തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ ഡെന്റൽ കോളേജുകളിൽ 50 സീറ്റ് വീതവും കോട്ടയം ഡെന്റൽ കോളേജിൽ 40 സീറ്റുകളും, എം.ഡി.എസ്. കോഴ്സിന് തിരുവനന്തപുരം ഡെന്റൽ കോളേജിൽ 26-ഉം കോട്ടയം ഡെന്റൽ കോളേജിൽ 18-ഉം കോഴിക്കോട് ഡെന്റൽ കോളേജിൽ 18-ഉം സീറ്റുകളുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ**

108 (2388) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്, പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പെർമിറ്റഡ് അൺ റെക്കഗ്നൈസ്ഡ് സീറ്റുകളിൽ പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ എത്രപേർക്ക് ഏതെല്ലാം വിഷയങ്ങളിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്;

(ബി) ഇത്തരം സീറ്റുകളിൽ പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ അപേക്ഷ നൽകിയതിൽ എത്രപേർക്ക് ഏതെല്ലാം വിഷയങ്ങളിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാനുണ്ട്; എത്രപേരുടെ അപേക്ഷ നിരസിച്ചിട്ടുണ്ട്;

(സി) ഇത്തരം സീറ്റുകളിൽ പ്രവേശനം നേടി ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയവർക്ക് രജിസ്ട്രേഷൻ നൽകിയത് രേഖപ്പെടുത്തുന്നതിന് എന്തെങ്കിലും രജിസ്റ്റർ/രേഖ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലോ സർക്കാരോ സൂക്ഷിക്കുന്നുണ്ടോ; കഴിഞ്ഞ അഞ്ചു വർഷം ഇത്തരത്തിലുള്ള ബിരുദാനന്തര ബിരുദധാരികൾക്ക് രജിസ്ട്രേഷൻ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഗവൺമെന്റ്, പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പെർമിറ്റഡ് അൺ റെക്കഗ്നൈസ്ഡ് സീറ്റുകളിൽ പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകുന്നതിനാവശ്യമായ എന്തെങ്കിലും ശിപാർശ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ കഴിഞ്ഞ നാലു യോഗങ്ങളുടെ മിനിട്ട്സും അംഗീകരിച്ച പ്രമേയത്തിന്റെ പകർപ്പും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡോക്ടർമാരുടെ പേരുവിവരങ്ങൾ, യോഗ്യത എന്നിവ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ സൂക്ഷിച്ചുവരുന്നുണ്ട്. മെഡിക്കൽ ബിരുദ യോഗ്യതകൾ നേടിയതിനുശേഷം രജിസ്ട്രേഷനായി കൗൺസിലിനെ സമീപിക്കുന്നവർക്ക് എം.ബി.ബി.എസ്. രജിസ്ട്രേഷൻ അനുവദിക്കുന്നത് ഒരു പ്രത്യേക നമ്പർ നൽകിയാണ്. പ്രസ്തുത നമ്പറിൽ തന്നെ ഏതൊരു രജിസ്റ്റേർഡ് ഡോക്ടർക്കും അധിക യോഗ്യതകൾ ഉൾക്കൊള്ളിക്കാവുന്നതും ആയതിന് പ്രത്യേകമായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകി വരികയുമാണ് ചെയ്യുന്നത്. ആയതിനാൽ ബിരുദാനന്തര ബിരുദ യോഗ്യതകളുടെ രജിസ്ട്രേഷനുവേണ്ടി മാത്രം ഒരു രജിസ്റ്റർ നിലവിലില്ല. കൂടാതെ നിലവിലുള്ള രജിസ്റ്ററിൽ ഗവൺമെന്റ്/ പ്രൈവറ്റ്/പെർമിറ്റഡ് അൺറെക്കഗ്നൈസ്ഡ് എന്നിങ്ങനെ വേർതിരിച്ച് രേഖപ്പെടുത്തിവരുന്നില്ല. അധിക യോഗ്യതയുടെ നാമധേയം, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി, പാസായ വർഷം എന്നിവ മാത്രമാണ് നിലവിലെ രജിസ്റ്ററിൽ രേഖപ്പെടുത്തിവരുന്നത്.

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തെ തുടർന്ന് അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത (പെർമിറ്റഡ്) അധിക യോഗ്യതയ്ക്ക് രജിസ്ട്രേഷൻ നിർത്തിവച്ചിട്ടുണ്ട്. ഇത്തരത്തിൽ 96 അപേക്ഷകൾ ലഭിച്ചതിൽ സർക്കാർ കോളേജിൽ പഠിച്ച് പാസ്സായ 22 പേർക്കും പ്രൈവറ്റ് കോളേജുകളിൽ (അന്യസംസ്ഥാനമുൾപ്പെടെ) പഠിച്ച് പാസ്സായ 74 പേർക്കും രജിസ്ട്രേഷൻ നൽകിയിട്ടില്ല. ഇവരുടെ യോഗ്യതകൾ കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽപ്പെടുത്തുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നൽകുന്നതാണ്.

(സി) ഉത്തരം (എ) ബാധകമാണ്.

(ഡി) ഇല്ല. എന്നാൽ വിവിധ അപേക്ഷകളിന്മേൽ ഈ വിഷയം സംബന്ധിച്ച് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

(ഇ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ കഴിഞ്ഞ മൂന്ന് യോഗങ്ങളുടെ മിനിറ്റ്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. 28-12-2015-ലെ യോഗത്തിന്റെ മിനിറ്റ്സ് 19-2-2016-ലെ കൗൺസിൽ അംഗീകരിച്ചശേഷം ലഭ്യമാക്കുന്നതാണ്.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗം**

109 (2389) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗം എം.ഡി/ഡി.എം. മുതലായ കോഴ്സുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാത്തതിനുള്ള കാരണങ്ങൾ ഏതെല്ലാമാണ്; ഈ പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിനീയർ ആക്സലറേറ്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് സ്ഥാപിക്കാൻ നേരിടുന്ന കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ലിനീയർ ആക്സലറേറ്റർ സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന ചെലവ് എത്രയാണെന്ന് പറയാമോ; പ്രസ്തുത തുക ചെലവാക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് തുക അനുവദിക്കുമെന്ന് പറയാമോ?

ഉത്തരം

(എ) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗത്തിൽ നിലവിൽ 3 എം.ഡി. സീറ്റും 2 ഡി.എം.ആർ.റ്റി. സീറ്റും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2 എം.ഡി. സീറ്റിനുമാത്രമേ ഇപ്പോൾ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളൂ. എം.സി.ഐ. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ലീനിയർ ആക്സലറേറ്റർ, ബ്രേക്കി തെറാപ്പി, സിമുലേറ്റർ തുടങ്ങിയ ഭൗതിക സൗകര്യങ്ങളുടെ അഭാവമാണ് അംഗീകാരം നഷ്ടപ്പെടാൻ ഇടയാക്കിയത്. ബ്രേക്കി തെറാപ്പി മെഷീൻ സ്ഥാപിക്കാൻ 1.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പർച്ചേസ് ഓർഡറുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു. ലീനിയർ ആക്സിലറേറ്റർ വാങ്ങാൻ ഭരണാനുമതി നൽകിക്കഴിഞ്ഞു.

(ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ലീനിയർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആക്സലറേറ്റർ വാങ്ങാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിലേക്കായി ലിനീയർ ആക്സലറേറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ടി ആവശ്യത്തിനായി 27 കോടി 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നത്

110 (2390) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവനന്തപുരം മെഡിക്കൽകോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിനായി എട്ടു കോടി രൂപ വകയിരുത്തിയിരുന്നതു വിനിയോഗിച്ച് പ്രസ്തുത യന്ത്രം സ്ഥാപിച്ചുവോ; വ്യക്തമാക്കുമോ;

(ബി) സ്ഥാപിച്ചുവെങ്കിൽ ആയത് എന്നാണ് സ്ഥാപിച്ചതെന്നും, അത് ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിനായി എട്ടുകോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപനമുണ്ടായെങ്കിലും ആവശ്യമായ തുക ലഭ്യമല്ലാത്ത തിനാൽ പെറ്റ് സ്കാനർ സ്ഥാപിക്കാനായിട്ടില്ല. 2015-16-ലെ ബഡ്ജറ്റിൽ ഇതിന് 10 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## ഡോക്ടർമാർക്ക് വിദേശത്ത് പോകാൻ അവധി

111 (2391) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ എത്ര അദ്ധ്യാപകർക്ക് വിദേശത്തു പോകാൻ അവധി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2011-2016 കാലയളവിൽ ആരോഗ്യ വകുപ്പിലെ എത്ര ഡോക്ടർമാർക്ക്

വിദേശത്തു പോകാൻ അവധി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2011-2016 കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 31 അദ്ധ്യാപകർക്കും ആരോഗ്യ വകുപ്പിലെ 3 ഡോക്ടർമാർക്കും വിദേശത്ത് പോകാൻ അവധി അനുവദിച്ചിട്ടുണ്ട്.

**ഔഷധ ഗവേഷണ കേന്ദ്രം**

112 (2392) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയൂർവ്വേദത്തിനും ട്രൈബൽ മെഡിസിനും വേണ്ടി ഔഷധ ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന വാഗ്ദാനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ആയുർവ്വേദത്തിനും ട്രൈബൽ മെഡിസിനുംവേണ്ടി ഔഷധ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനം**

113 (2393) ശ്രീ. എം. എ. വാഹീദ്
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. വർക്കല കഹാർ
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി ഒഴികെയുള്ള ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) അലോപ്പതി ഒഴികെയുള്ള ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജന ത്തിനും വളർച്ചയ്ക്കുമായി സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ആയുർവ്വേദ, യോഗ, നാച്ച്യുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ ചികിത്സാ വിഭാഗങ്ങളുടെ സർവ്വതോന്മുഖമായ വികസനമാണ് ആയുഷ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. രോഗികൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ചികിത്സാ സമ്പ്രദായങ്ങളെ തെരഞ്ഞെടുക്കാൻ സാധിക്കും. ഡോക്ടർമാർക്ക് രോഗികളെ പരസ്പരം റഫർ ചെയ്യാൻ സാധിക്കും. പഴകിയ രോഗങ്ങൾക്ക് ഒരു സംയോജിത ചികിത്സ നൽകാൻ സാധിക്കും.

(സി) തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ എൻ.എച്ച്.എം.ന്റെ കീഴിൽ ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം ആരംഭിച്ചു. പ്രസ്തുത കേന്ദ്രത്തിലൂടെ ആയുർവ്വേദം, ഹോമിയോ, സിദ്ധ എന്നീ ചികിത്സാ സമ്പ്രദായങ്ങളുടെ സേവനം ഒരു കുടക്കീഴിൽ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചു. ഹോമിയോപ്പതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയുഷ് ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ആയുഷ് മിഷന്റെ കീഴിൽ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ആയുർവ്വേദ പ്രോത്സാഹനം - നൂതന പദ്ധതികൾ**

114 (2394) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി നേട്ടങ്ങൾ കൈവരിക്കുന്നതിനും പര്യാപ്തമായ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(ബി) ആയുർവ്വേദ ചികിത്സാരംഗത്ത് വളർച്ചയും പുരോഗതിയും കൈവരിക്കുന്നതിനും ഈ രംഗത്തെ വിവിധ ഗവേഷണത്തിനും ഉതകുന്ന വിധത്തിൽ ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ മതിയായ കേന്ദ്രസഹായം നേടിയെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി നേട്ടങ്ങൾ കൈവരിക്കുന്നതിനുമായി നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

**പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ ലിഫ്റ്റ് നിർമ്മിക്കുന്നതിന്**

**നടപടി**

115 (2395) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രിക്കായി പുതിയ മന്ദിരം എന്നാണ് നിർമ്മിച്ചത്; എത്ര രൂപയായിരുന്നു അന്ന് നിർമ്മാണത്തിനായി ചെലവഴിച്ചത്;

(ബി) പ്രസ്തുത കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ടെങ്കിലും, ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രായമേറിയവരും, ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ രോഗികൾക്ക് പടികൾ കയറുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് ഇവിടെ ലിഫ്റ്റ് നിർമ്മിക്കുന്നതിന് ഫണ്ടനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടെ അടിയന്തരമായി ലിഫ്റ്റ് സ്ഥാപിക്കുന്നതിനും, വീൽചെയറുകളും, സ്ട്രെച്ചറുകളും കൊണ്ടുപോകുന്നതിന് പ്രത്യേക സൗകര്യം ഒരുക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രിക്കായി പുതിയ മന്ദിരത്തിന്റെ നിർമ്മാണം 2001-ൽ പൂർത്തിയായി. ഏകദേശം ഒരു കോടി രൂപ കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ജില്ലാ ആയുർവ്വേദ ആശുപത്രി ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ലിഫ്റ്റ് സ്ഥാപിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം 25 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വകയിരുത്തിയിരുന്നു. എന്നാൽ ടെണ്ടർ വിളിക്കാൻ ആരും തയ്യാറാകാത്തതുകൊണ്ട് ലിഫ്റ്റിന്റെ നിർമ്മാണ പ്രവർത്തനം നടന്നിട്ടില്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

**ആയുർവ്വേദ ആശുപത്രികളുടെ പ്രവർത്തനം**

116 (2396) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ട അവധിയെടുക്കുന്ന ആയുർവ്വേദ ഡോക്ടർമാർക്ക് പകരം തൊട്ടടുത്ത ഡിസ്പെൻസറികളിലെ ഡോക്ടർമാർക്ക് അധികച്ചുമതല നൽകുന്നത് കാരണം ആശുപത്രികളുടെ പ്രവർത്തനം താളംതെറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെ ദൂരം സഞ്ചരിച്ച് രണ്ടോ മൂന്നോ സ്ഥാപനങ്ങളിൽ ജോലി നോക്കേണ്ടിവരുന്നതിനാൽ, ഡോക്ടർമാർക്കും രോഗികൾക്കും ഉണ്ടാകുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മറ്റു വകുപ്പുകളിൽ ചെയ്യുന്നതുപോലെ ആയുർവേദ സ്ഥാപനങ്ങളിലും ദിവസവേതനാടിസ്ഥാനത്തിൽ പകരക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഡോക്ടർമാർ ദീർഘകാലം അവധി എടുക്കുന്നതുമൂലമുള്ള ഒഴിവുകൾ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കാറുണ്ട്. അഡ്വൈസ് ലഭിക്കുന്നതുവരെയുള്ള കാലയളവിലേക്ക് മാത്രമാണ് തൊട്ടടുത്ത സ്ഥാപനങ്ങളിലെ ഡോക്ടർമാർക്ക് അധിക ചുമതല നൽകിവരുന്നത്. ഇതുമൂലം ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റുന്ന അവസ്ഥ വരുന്നില്ല.

(ബി) ഒരു സമയം ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളുടെ അധിക ചുമതല ഡോക്ടർമാർക്ക് നൽകാറില്ല. പരമാവധി സമീപ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ഡോക്ടർമാർക്കാണ് അധികചുമതല നൽകിവരുന്നത്. ടി സാഹചര്യത്തിൽ ഡോക്ടർമാർക്കും രോഗികൾക്കും അസൗകര്യം ഉണ്ടാകുന്നുണ്ട്.

(സി) ദിവസവേതനക്കാരെ നിയോഗിക്കുന്ന കാര്യം പരിഗണനയിലില്ല.

**നെടുങ്കുന്നം ആയുർവ്വേദ ഡിസ്പെൻസറി**

117 (2397) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നെടുങ്കുന്നം ആയുർവ്വേദ ഡിസ്പെൻസറിയെ ആയുർവ്വേദ ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നെടുങ്കുന്നം ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയെ 30 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. എൻ. ജയരാജിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 7-12-2015-ലെ സ.ഉ. (സാധാ) നമ്പർ 59/2015/ആയുഷ് ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**പഞ്ചായത്തുകളിൽ ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ**

118 (2398) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) എല്ലാ ജനവിഭാഗങ്ങൾക്കും സൗജന്യമായി മെച്ചപ്പെട്ട ആയുർവ്വേദ ചികിത്സ ലഭ്യമാക്കുവാൻ ഇതുവഴി ഉദ്ദേശിക്കുന്നു.

(സി) ഈ ഗവൺമെന്റ് 77 പുതിയ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പുതിയ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

119 (2399) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) അവശ്യമരുന്നുകൾ വിലകുറച്ച് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി കോർപ്പറേഷൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സ്ഥിരം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ പലതും കോർപ്പറേഷൻ ഔട്ട് ലെറ്റുകളിൽ ലഭ്യമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന എല്ലാ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളും, മരുന്നുൽപ്പന്നങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുക എന്നതാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശം. കൂടാതെ ആശുപത്രികൾക്കാവശ്യമായ ആധുനിക മെഡിക്കൽ, പാരാമെഡിക്കൽ ഉപകരണങ്ങളും, അനുബന്ധ സജ്ജീകരണങ്ങളും ലഭ്യമാക്കുക തുടങ്ങിയവയാണ് കോർപ്പറേഷന്റെമേൽ ഏൽപ്പിച്ചിട്ടുള്ള പ്രധാന ചുമതലകൾ. മരുന്നു വിപണിയിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ സാധാരണക്കാർക്ക് ബ്രാന്റഡ് മരുന്നുകൾ വളരെ കുറഞ്ഞ വിലയ്ക്ക് (വിപണി

വിലയെക്കാൾ 93 ശതമാനം വരെ വിലക്കുറവിൽ) ലഭ്യമാക്കാൻ സാധിക്കുന്നു. നിലവിൽ എല്ലാ ജില്ലകളിലുമായി 42 കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ ആരോഗ്യവകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ, മുൻകൂട്ടി ലഭിക്കുന്ന ഇന്റന്റ് പ്രകാരം ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ഗുണനിലവാരമുള്ള മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ ഉപകരണങ്ങളും വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ വിവിധ കമ്പനികളുടെ മിക്ക ഇനം ജീവൻരക്ഷാ മരുന്നുകളും മറ്റു മരുന്നുൽപ്പന്നങ്ങളും വിപണി വിലയെക്കാൾ 93 ശതമാനം വരെ വിലക്കുറവിൽ നൽകിവരുന്നു. രോഗികളെയും അപകടത്തിൽപ്പെടുന്നവരെയും അടിയന്തര ഘട്ടത്തിൽ ആശുപത്രികളിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച കേരള എമർജൻസി മാനേജ്മെന്റ് പ്രോജക്ടായ 108 ആംബുലൻസ് സർവ്വീസ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രവർത്തനം നടത്തിവരുന്നു.

(ബി) സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികൾക്ക് അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം ജനറിക് മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും സൗജന്യമായി നൽകുന്നുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കാരുണ്യ ഫാർമസികളിൽ 9359 ഇനം മരുന്നുകളുൾപ്പെടെ സർജിക്കൽ ഉപകരണങ്ങളും ലഭ്യമാണ്. ജനങ്ങളുടെ ആവശ്യകതയനുസരിച്ച് ഓരോ ഫാർമസിയിലും കൂടുതൽ മരുന്നുകൾ ലഭ്യമാക്കിവരുന്നു.

## ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിലെ നിയമനം

120 (T* 2400) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തുവാൻ എഴുത്തു പരീക്ഷയും ഇന്റർവ്യൂവും

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏത് ഏജൻസിയാണ് എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തിയതെന്നും എവിടെ വച്ചാണ് നടത്തിയത് എന്നും വ്യക്തമാക്കുമോ?

(സി) ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിലെ ഏതെല്ലാം തസ്തികകളിലേക്കാണ് പി.എസ്.സി. വഴി നിയമനം നടത്തേണ്ടത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)കെ.എസ്.ഡി.പി.-യിൽ താഴെക്കൊടുത്തിരിക്കുന്ന തസ്തികകളിലേക്കുള്ള എഴുത്തുപരീക്ഷ നടന്നു. സ്കിൽ ടെസ്റ്റ്/ഇന്റർവ്യൂ നടന്നുവരുന്നു.

1. ഫോർമാൻ ഗ്രേഡ്
2. വർക്കർ ഗ്രേഡ് I പ്രൊഡക്ഷൻ
3. വർക്കർ ഗ്രേഡ് II പ്രൊഡക്ഷൻ
4. മെക്കാനിക് ഗ്രേഡ് I
5. മെക്കാനിക് ഗ്രേഡ് II
6. ഇലക്ട്രീഷൻ ഗ്രേഡ് I
7. ഇലക്ട്രീഷൻ ഗ്രേഡ് II
8. എ. സി. മെക്കാനിക്ക് ഗ്രേഡ് I
9. എ. സി. മെക്കാനിക്ക് ഗ്രേഡ് II
10. വർക്കർ ഗ്രേഡ് I (എ)
11. വർക്കർ ഗ്രേഡ് I (ബി)
12. വർക്കർ ഗ്രേഡ് II (സ്റ്റോർ ഫംഗ്ഷൻ)
13. വർക്കർ ഗ്രേഡ് II (സ്റ്റോർ സെക്യൂരിറ്റി)
14. വർക്കർ ഗ്രേഡ് III
15. ജൂനിയർ മാനേജർ (ക്യൂ.എ.)-എ
16. ജൂനിയർ മാനേജർ (ക്യൂ.എ.)-ബി
17. ജൂനിയർ മാനേജർ (ക്യൂ.സി)

താഴെക്കാണിച്ചിരിക്കുന്ന തസ്തികകളിൽ നിയമനം കഴിഞ്ഞിട്ടുണ്ട്.

1. അസിസ്റ്റന്റ് മാനേജർ - പ്രൊഡക്ഷൻ
2. അസിസ്റ്റന്റ് മാനേജർ - ക്യൂ.സി.
3. അസിസ്റ്റന്റ് മാനേജർ - മെയിന്റനൻസ്
4. പ്രൊഡക്ഷൻ മാനേജർ

(ബി) കെ.എസ്.ഡി.പി.യിൽ റിയാബ് മുഖാന്തരം നടത്തിയ നിയമന പ്രക്രിയയുടെ ഭാഗമായുള്ള എഴുത്തുപരീക്ഷ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കേന്ദ്രങ്ങളിൽ വച്ച് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) എന്ന സ്ഥാപനം മുഖേനയാണ് നടത്തിയത്. ഇന്റർവ്യൂ/സ്കിൽ ടെസ്റ്റ് കമ്പനി തലത്തിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ചാണ് നടത്തിയത്.

(സി) കമ്പനിയിലെ ജൂനിയർ അസിസ്റ്റന്റ്, സ്റ്റെനോഗ്രാഫർ, അറ്റൻഡർ, ഗാർഡനർ, സെക്യൂരിറ്റി ഗാർഡ്, റിസപ്ഷനിസ്റ്റ് കം ടെലഫോൺ ഓപ്പറേറ്റർ, ഡ്രൈവർ എന്നീ തസ്തികകളിലേക്കാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നത്.

**സ്വകാര്യ ആശുപത്രികളിലെ ഫാർമസികളിലെ**

**മരുന്നുവില നിയന്ത്രണം**

121 (2401) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ഫാർമസികളുടെ പ്രവർത്തനം നിരീക്ഷിക്കാറുണ്ടോ; ഇവ ആശുപത്രികളുടെ അമിതലാഭം വർദ്ധിപ്പിക്കാനുള്ള ഒരു ഉപാധിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഡ്രഗ് ഇൻസ്പെക്ടർമാർ പ്രസ്തുത ഫാർമസികളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താറുണ്ടോ;

(സി) രോഗികൾക്ക് പ്രത്യേകിച്ച് കിടത്തി ചികിത്സ നൽകുന്നവർക്ക് അമിത വിലയ്ക്കാണ് മരുന്ന് വില്ക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലുള്ള ആശുപത്രികളിലെ ഫാർമസികൾക്കെല്ലാം തന്നെ കർശനമായും ഡ്രഗ്സ് ലൈസൻസുകൾ നൽകി ഡ്രഗ്സ് & കോസ്മെറ്റിക്സ് ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ ക്ലിനിക്കുകളും ഡിസ്പെൻസറികളും വഴി രോഗികളെ ചികിത്സിച്ച് അവർക്ക് നേരിട്ട് ഡോക്ടർ തന്നെ മരുന്ന് നൽകുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരമുള്ള ഡ്രഗ്സ് ലൈസൻസ് ഒഴിവാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ Schedule K-യിൽ അനുശാസിക്കുന്ന രീതിയിൽ മരുന്നുകൾ കൈകാര്യം ചെയ്താൽ മതിയാകും. മേൽപ്പറയുന്ന രണ്ടുതരം സ്ഥാപനങ്ങളും മരുന്നുകൾ അവയുടെ ലേബലിൽ കാണിച്ചിരിക്കുന്ന MRP-യിൽ കൂടുതൽ ഈടാക്കുവാൻ അനുവാദമില്ല. ഇപ്രകാരം അധികവില ഈടാക്കുന്നുണ്ടോ എന്ന് വകുപ്പ് നിരന്തരമായ പരിശോധനകളിലൂടെ നിരീക്ഷിച്ചുവരുന്നുണ്ട്. ഇത്തരം സ്വകാര്യ ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഡോക്ടർമാർ കുറിക്കുന്ന മരുന്നുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഫാർമസികൾ നടത്തിവരുന്നത്. ഈ സ്ഥാപനങ്ങളിൽനിന്ന് അമിത ലാഭത്തിനുവേണ്ടി മരുന്നുകൾക്ക് അധിക വില ഈടാക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്നുകളുടെ ലേബലിൽ പ്രിന്റ് ചെയ്തിരിക്കുന്ന MRP മാത്രമാണ് ഈടാക്കുന്നതെന്നതിനാൽ അമിത ലാഭം സമ്പാദിക്കുന്നു എന്ന് അവകാശപ്പെടുവാൻ സാധിക്കുകയില്ല.

(ബി) ഈ സ്ഥാപനങ്ങളെല്ലാം തന്നെ സംസ്ഥാനത്തെ അംഗീകൃത മൊത്ത വ്യാപാരികളിൽ നിന്നാണ് മരുന്നുകൾ സ്വീകരിച്ച് വിൽപ്പന നടത്തുന്നത്.

(സി) ഇല്ല. മരുന്നിന്റെ ലേബലുകളിൽ പ്രിന്റ് ചെയ്തിരിക്കുന്ന MRP-യെക്കാൾ അധിക വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രികളിലെയും ഫാർമസികൾക്ക് ഡ്രഗ്സ് ലൈസൻസുകൾ അനുവദിക്കുകയും ഡ്രഗ്സ് & കോസ്മെറ്റിക്സ് ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായുമാണ് മരുന്നുകൾ സംഭരിക്കുന്നതും വിൽക്കുന്നതും എന്ന് വകുപ്പ് കർശനമായി ഉറപ്പാക്കുന്നുണ്ട്.

**നിരോധിക്കപ്പെട്ട മരുന്നുകളുടെ പട്ടിക**

122 (2402) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിക്കപ്പെട്ട മരുന്നുകൾ വിറ്റഴിക്കപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നിരോധിക്കപ്പെട്ട മരുന്നുകളുടെ പട്ടിക യഥാസമയം പൊതുജനങ്ങളെയും ഫാർമസിസ്റ്റുകളെയും അറിയിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ഇതിന് ഉചിതമായ രീതിയിൽ അറിയിപ്പ് നൽകുന്നതിന് വൈകാതെ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിരോധിക്കപ്പെട്ട മരുന്നുകൾ വിറ്റഴിക്കപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരാണ് മരുന്നുകളുടെ പാർശ്വഫലങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ നിരോധിക്കാൻ ഉത്തരവിറക്കുന്നത്. ഇത് ലഭ്യമായാലുടൻതന്നെ ഈ മരുന്നുകളോ അവയുടെ ചേരുവകളോ നിർമ്മിക്കുന്ന നിർമ്മാതാക്കളുടെ പ്രോഡക്ട് പെർമിറ്റ് അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാർ പിൻവലിക്കുകയും വിപണിയിലുള്ള സ്റ്റോക്കുകൾ തിരികെയെടുപ്പിച്ച് യഥാവിധം നശിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആയതിനാൽ നിരോധിക്കപ്പെട്ട മരുന്നുകൾ വിപണിയിൽ ലഭ്യമാകുന്നില്ല എന്ന് ഉറപ്പാക്കുന്നുണ്ട്.

(ബി) ഏതെങ്കിലും മരുന്നോ, അവയുടെ ചേരുവകളോ നിരോധിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ലഭ്യമായാൽ ഉടൻതന്നെ ഇത്തരം മരുന്ന് നിർമ്മാതാക്കളുടെ പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി ഇവരുടെ സംസ്ഥാനത്തെ ഫസ്റ്റ് പോയിന്റ് സെല്ലേഴ്സിന്റെ സ്ഥാപനങ്ങളിൽനിന്ന് ഇവയുടെ തുടർന്നുള്ള വിപണനം നിർത്തിവയ്പ്പിക്കുകയും വിപണിയിലുള്ള സ്റ്റോക്ക് സമയബന്ധിതമായി തിരിച്ചെടുപ്പിച്ച് നശിപ്പിക്കുന്നതിലേക്കായി നിർമ്മാതാക്കൾക്ക് തിരിച്ചയയ്ക്കാൻ വകുപ്പ് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിരോധിക്കപ്പെട്ട മരുന്നുകൾ വിപണിയിൽനിന്ന് പൂർണ്ണമായി പിൻവലിക്കുവാൻ വകുപ്പിന് സാധിക്കുന്നുണ്ട്. കൂടാതെ നിരോധിക്കപ്പെട്ട മരുന്നുകളുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്കും ആരോഗ്യ മേഖലയിലെ ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കുന്നതിലേക്കായി പി.ആർ.ഡി. വിഭാഗം വഴി പത്ര മാധ്യമങ്ങൾക്ക് വിവരങ്ങൾ നൽകാറുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിരോധിക്കപ്പെട്ട മരുന്നുകളുടെ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനെയും ഔഷധ വ്യാപാര സംഘടനകളെയും വിവരങ്ങൾ അറിയിക്കാറുണ്ട്.

(സി) കേന്ദ്ര സർക്കാർ നിരോധിക്കുന്ന മരുന്നുകൾ വിപണിയിൽ ലഭ്യമാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ കാര്യപ്രാപ്തമാണ്. ഉചിതമായ രീതിയിൽ അറിയിപ്പ് നൽകുന്നതിനും കാലതാമസം വരുത്തിയിട്ടില്ല.

**ആയുർവ്വേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ**

123 (2403) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര ഹോമിയോ, ആയുർവേദ ഡിസ്പെൻസറികളും യുനാനി, സിദ്ധ അശുപത്രികളും ആരംഭിച്ചിട്ട് ണ്ടെന്നറിയിക്കുമോ ;

(ബി) ആയുർവേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 110 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും 77 സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്. സിദ്ധ, യുനാനി ഡിസ്പെൻസറികൾ ആരംഭിച്ചിട്ടില്ല. കൂടാതെ, നാഷണൽ ഹെൽത്ത് മിഷനുകീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയുർവ്വേദ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ആയുർവ്വേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 54 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഹോമിയോപ്പതി വകുപ്പിനുകീഴിൽ നിലവിൽ 659 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സംസ്ഥാന വാർഷിക പദ്ധതി പ്രകാരം ഘട്ടം ഘട്ടമായി പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കൊട്ടാരക്കര ഗ്രൂപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ**

124 (2404) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിന്റെ അധീനതയിൽ ഉള്ളതും ചെലവിനേക്കാൾ കൂടുതൽ വരുമാനം ഉള്ളതുമായ ക്ഷേത്രങ്ങൾ ഏതെല്ലാമാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ പ്രതിമാസ വരവും ചെലവും എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിന്റെ അധീനതയിലുള്ളതും ചെലവിനേക്കാൾ കൂടുതൽ വരുമാനമുള്ളതുമായ ക്ഷേത്രങ്ങളും അവയുടെ ശരാശരി പ്രതിമാസ വരവും ചെലവും പട്ടികയാക്കി ചുവടെ ചേർക്കുന്നു:

| ക്രമ നം. | ക്ഷേത്രങ്ങളുടെ പേര് | പ്രതിമാസ വരവ് (രൂപ) | പ്രതിമാസ ചെലവ് (രൂപ) |
|---|---|---|---|
| 1 | വെട്ടിക്കവല | 3,45,348 | 3,14,430 |
| 2 | പുല്ലാമല | 2,22,328 | 48,463 |
| 3 | അടൂർ | 3,05,579 | 2,27,776 |
| 4 | പട്ടാഴി | 6,57,287 | 3,00,152 |
| 5 | പൊലിക്കോട് | 2,22,488 | 2,08,738 |
| 6 | പി.ഡി. മണികണ്ഠേശ്വരം | 44,24,201 | 7,31,738 |

**ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം**

125 (2405) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽപ്പെടുന്ന ക്ഷേത്രങ്ങളോട് ചേർന്ന് കിടക്കുന്ന കുളം, കാവ്, ആൽത്തറ, ചിറ എന്നിവയുടെ പുനഃരുദ്ധാരണത്തിന് വേണ്ടി റവ്യന്യൂ (ദേവസ്വം) വകുപ്പ് സ.ഉ. (സാധാ) നമ്പർ 6435/14/ആർ.ഡി. നമ്പറായി 23-12-2014-ന് ഉത്തരവിറക്കിയിരുന്നുവോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിരുന്നത്;

(സി) പ്രസ്തുത ഉത്തരവിൽ പറയുന്ന ക്ഷേത്രങ്ങൾക്ക് പരാമർശിക്കപ്പെട്ട തുക

ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ക്ഷേത്രങ്ങൾക്ക് ലഭിച്ചുവെന്നും ബാക്കിയുള്ളവർക്ക് ലഭിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും, ലഭിക്കാത്ത ക്ഷേത്രങ്ങൾക്ക് അത് ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇറക്കിയിരുന്നു.

(ബി) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രക്കുളം/ കാവ്/ആൽത്തറ നവീകരണത്തിന് അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിനായി മലബാർ ദേവസ്വംബോർഡിനെയും സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിച്ച തുക മാറുന്നതുമായി ബന്ധപ്പെട്ട് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിരുന്നു.

(സി) മലബാർ ദേവസ്വം ബോർഡിനു കീഴിലെ 87 ക്ഷേത്രങ്ങൾക്ക് അനുവദിച്ചതുക നൽകുന്നതിന് ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിരുന്നതും പ്രസ്തുതതുക മാറി റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും ആയത് അതത് ക്ഷേത്രങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായും മലബാർദേവസ്വം ബോർഡിൽനിന്നും അറിയിച്ചിട്ടുള്ള താണ്. 27 സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിച്ചിരുന്ന തുകയിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറി മുഖാന്തരം സർക്കാരിലേക്ക് ബിൽ സമർപ്പിച്ചിരുന്ന ക്ഷേത്രങ്ങൾക്ക് തുക അനുവദിച്ചിട്ടുള്ളതാണ്. യഥാസമയം ബിൽ സമർപ്പിക്കാത്ത സ്വകാര്യ ക്ഷേത്രങ്ങൾക്ക് തുക അനുവദിച്ചിരുന്നില്ല.

(ഡി) മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങൾക്ക് തുക അനുവദിക്കുന്നതിൽ മലബാർ ദേവസ്വംബോർഡിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിരുന്നില്ല. എന്നാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ക്ഷേത്രങ്ങളുടെ ബിൽ നിശ്ചിത സമയത്തിനുള്ളിൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്കെതിരെ ദേവസ്വം വകുപ്പിൽനിന്നും നടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ല.

**ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനികർക്കും**

**കോലധാരികൾക്കുമുള്ള സാമ്പത്തിക സഹായം**

126 (2406) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്നചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാര സ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ നിലവിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട് എന്നറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയിൽ എത്ര പേരെ സാമ്പത്തിക സഹായത്തിനായി കൂട്ടതലായി ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തണമെന്ന നിരന്തരമായുള്ള ആവശ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ആചാരസ്ഥാനികർക്ക് 800 രൂപ പ്രകാരവും കോലധാരികൾക്ക് 700 രൂപ പ്രകാരവും പ്രതിമാസ ധനസഹായം നല്കി വരുന്നുണ്ട്.

(ബി) ആറ് മാസം

(സി) 601 ആചാരസ്ഥാനികരേയും 89 കോലധാരികളേയും കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം അനുവദിക്കുന്നതിലേക്കായി ബഡ്ജറ്റിൽ ഒരുകോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. കൂടുതൽ തുക വകകൊള്ളിച്ചാൽ മാത്രമേ പുതിയ അപേക്ഷകൾ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിലേക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## ദേവസ്വം ബോർഡ് സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടിക ഗോത്രവർഗ്ഗക്കാർക്ക് നിയമനം

127 (2407) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

<u>ശ്രീ. ബി. സത്യൻ </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലും സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികഗോത്രവർഗക്കാർക്ക് നാമമാത്ര പ്രാതിനിധ്യം മാത്രമേ ഉള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൂടൽ മാണിക്യം ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്ര, ഭരണ നിർവ്വഹണ ജീവനക്കാരിൽ ഒരാൾ പോലും ഈ വിഭാഗത്തിൽ നിന്നുള്ളവരില്ലെന്നതും, ഗുരുവായൂർ ദേവസ്വത്തിനു കീഴിലെ ക്ഷേത്ര ജീവനക്കാരിൽ ആനക്കാർ, വാച്ച്മാൻ എന്നീ തസ്തികകളിൽ മാത്രവും കൊച്ചിൻ ദേവസ്വത്തിനു കീഴിലെ ക്ഷേത്ര ജീവനക്കാരിൽ അടിച്ചുതളി, കൗണ്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ മാത്രവും പട്ടികജാതി പട്ടികഗോത്രവിഭാഗത്തിൽപ്പെട്ടവരെ നിയമിച്ചിട്ടുള്ളുവെന്നതും, മലബാർ, തിരുവിതാംകൂർ ദേവസ്വം ബോർഡുകൾക്ക് കീഴിലും സമാന സ്ഥിതിയാണെന്നതു കണക്കിലെടുത്തും അടിയന്തര തിരുത്തൽ നടപടിക്ക് തയ്യാറാകുമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡു മുഖേന നിയമനം നടത്തുന്ന തസ്തികകളിലേക്ക് പട്ടികജാതി/പട്ടികഗോത്രവർഗ്ഗക്കാർക്കായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ക്ഷേത്ര നിയമനങ്ങളിലും ദേവസ്വം ബോർഡിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിലും പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാർ ഒഴിവാക്കപ്പെട്ടിരിക്കുന്നത് അടിയന്തരമായി പരിഹരിക്കാൻ എന്ത് നടപടിയാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഈ തസ്തികകളിൽ കൂടി സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദേവസ്വങ്ങളും ദേവസ്വം ബോർഡുകളും സ്വന്തമായി നിയമന പ്രക്രിയ നടത്തിവന്നപ്പോൾ ചില ആരോപണങ്ങൾ ഉയർന്നുവരികയും ആയത് അന്വേഷിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷനെ നിയോഗിക്കുകയുമുണ്ടായി. കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകളിലെ നിയമനത്തിന് ഒരു ഏകീകൃത റിക്രൂട്ട്മെന്റ് രൂപീകരിക്കണമെന്നും

ശിപാർശ ചെയ്യുകയുണ്ടായി. ഈ റിപ്പോർട്ട് ഹൈക്കോടതിയും അംഗീകരിച്ചിട്ടുണ്ട്. ഇതിനെത്തുടർന്നാണ് തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകളിലേയും ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലേയും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പാരമ്പര്യ തസ്തികകളിലേയും ഒഴിവുകൾ ഒഴിച്ച് മറ്റ് തസ്തികകളിലേക്ക് അർഹരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിതമായത്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നിയമനം നടപ്പിൽ വരുത്തുന്നതോടെ നിലവിലെ സ്ഥിതിക്ക് പരിഹാരമാകുന്നതാണ്. എന്നാൽ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ നിയമനാവകാശം അതാത് ക്ഷേത്രം ട്രസ്റ്റിമാരിൽ നിക്ഷിപ്തമാകയാൽ ട്രസ്റ്റിമാരുടെ അധികാരത്തിലുള്ള ക്ഷേത്രങ്ങളിലെ നിയമനങ്ങൾ നടത്തുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അധികാരമില്ലായെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 8-7-2015-ന് WP(C) 19644/15 നമ്പർ കേസ്സിൽ ഉത്തരവായിട്ടുണ്ട്.

(സി) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമന നടപടികൾ ആരംഭിച്ചതിനുശേഷം സംവരണത്തിലുണ്ടായിട്ടുള്ള യഥാർത്ഥ കുറവുകൾ കണ്ടെത്തിയതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ അതാത് മാനേജ്മെന്റുകൾക്ക് നടത്താമെന്ന നിലവിലെ വ്യവസ്ഥപ്രകാരം ദേവസ്വം ബോർഡുകൾക്കുകീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഇടപെടുന്നതിനുള്ള സാഹചര്യം പരിമിതമാണ്. എന്നാൽ ഗുരുവായൂർ ദേവസ്വത്തിൽ നേരിട്ടുള്ള നിയമനങ്ങളിൽ 10 ശതമാനം ഒഴിവുകൾ പട്ടികജാതി പട്ടികഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ളതായും ആയതിനാൽ ഗുരുവായൂർ ദേവസ്വത്തിനുകീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാർ ഒഴിവാക്കപ്പെടുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

**ശബരിമല വരുമാനം**

128 (2408) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷത്തെ മണ്ഡല കാലയളവിലും മകരവിളക്ക് കാലയളവിലുമായി ശബരിമലയിൽ ആകെ എത്ര കോടി രൂപ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് മുൻ വർഷത്തെക്കാൾ കൂടുതലോ കുറവോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 217,76,31,983 രൂപ.

(ബി) കുറവാണ്.

**അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ**

**നിർമ്മാണ പ്രവർത്തനങ്ങൾ**

129 (2409) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നത്; വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും അവയുടെ കരാറുകാർ ആരാണെന്നും വ്യക്തമാക്കാമോ;

(സി) ക്ഷേത്രത്തിൽ നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ക്രമക്കേടുണ്ടെന്ന് ചൂണ്ടിക്കാട്ടി ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പരാതികളൊന്നും ലഭിച്ചതായി കാണുന്നില്ല.

**ശബരിമലയിലെ സ്ത്രീ പ്രവേശനം**

130 (2410) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുപ്രീം കോടതിയുടെ നിർദ്ദേശം കണക്കിലെടുത്ത് ശബരിമലയിലെ സ്ത്രീ പ്രവേശനത്തെക്കുറിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ: ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

ശബരിമലയിലെ സ്ത്രീ പ്രവേശനത്തെക്കുറിച്ച് സുപ്രീംകോടതി നിർദ്ദേശങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒന്നും നൽകിയിട്ടില്ല. ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളിൽ അന്തിമ തീരുമാനം എടുക്കുന്നതിനുള്ള അവകാശം അതാതു ക്ഷേത്രങ്ങളിലെ തന്ത്രിമാർക്കും അതാതു ദേവസ്വങ്ങൾക്കുമാണെന്നുള്ളതാണ് സർക്കാർ നിലപാട്. ഇക്കാര്യം സർക്കാർ സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളായി പിൻതുടർന്നുവരുന്ന ആചാരാനുഷ്ഠാനങ്ങൾ മാറ്റുന്നതിനോട് സർക്കാർ യോജിക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

**ക്ഷേത്രകലകളുടെ നിരക്ക് വർദ്ധന**

131 (2411) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളിൽ ഉത്സവങ്ങളോട് അനുബന്ധിച്ച് നടത്തുന്ന ക്ഷേത്രകലകൾക്ക് വർഷങ്ങൾക്ക് മുൻപ് ദേവസ്വംബോർഡ്നിശ്ചയിച്ച നിരക്കുകളാണ് ഇപ്പോഴും പ്രാബല്യത്തിലുള്ളതെന്നും, അതു കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഹരികഥയ്ക്ക് നിലവിലുള്ള ഏഴുരൂപ എന്ന നിരക്ക് അപര്യാപ്തമായതു കൊണ്ട് പ്രസ്തുത കലാരൂപം തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥ പരിഗണിച്ച് നിരക്കുകൾ വർദ്ധിപ്പിച്ചു നല്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹരികഥയ്ക്ക് ഏഴുരൂപ എന്ന നിരക്ക് ഒരു ദേവസ്വത്തിലും നിലവിലില്ല എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ അതാത് ദേവസ്വങ്ങളിലെ ഉത്സവപടിത്തരം അനുസരിച്ചാണ് നിരക്കുകൾ നൽകുന്നതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡും കാലാനുസൃതമായുള്ള വർദ്ധനവ് കൂടാതെ ഹരികഥ അവതരിപ്പിക്കുന്നുണ്ടെങ്കിൽ കഥാകാരനനുസരിച്ച് ഉയർന്നനിരക്ക് നൽകാറുണ്ടെന്ന് കൂടൽമാണിക്യം ദേവസ്വവും അതാത് ക്ഷേത്രങ്ങളിലെ ഭരണസമിതിയും ഉത്സവനടത്തിപ്പ് സംബന്ധിച്ച കമ്മിറ്റികളുമാണ് ഇത്തരം കാര്യങ്ങളിൽ നടപ്പ് രീതിയനുസരിച്ച് പ്രതിഫലം നിശ്ചയിക്കുന്നതെന്ന് മലബാർ ദേവസ്വംബോർഡും കാലാനുസൃതമായ വർദ്ധനവ് നൽകുന്നുണ്ടെന്ന് കൊച്ചിൻ ദേവസ്വംബോർഡും അറിയിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൻകീഴിൽ ഹരികഥ എന്ന കലാരൂപം അവതരിപ്പിച്ചുവരുന്നില്ല.

**നബാർഡ് സഹായത്തോടെ കൽപ്പറ്റയിൽ നടത്തിയ**

**വികസന പ്രവർത്തനങ്ങൾ**

132 (2412) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പ് മുഖേന നബാർഡ് സഹായത്തോടെ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ നബാർഡ് സഹായം, സംസ്ഥാന വിഹിതം എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കേരള വാട്ടർ അതോറിറ്റിയിൽ ജോലി ചെയ്യുന്ന എച്ച്.ആർ. ജീവനക്കാർ

133 (2413) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ജോലി ചെയ്യുന്ന എച്ച്.ആർ. ജീവനക്കാർക്ക് വേതനം കൃത്യമായി ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എച്ച്.ആർ. വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; ഇവർക്ക് മിനിമം വേതനം ഉറപ്പാക്കുവാൻ സർക്കാർ ഭാഗത്തുനിന്നും ബോർഡിന്റെ ഭാഗത്തുനിന്നും നടപടി ആരംഭിക്കുമോ?

ഉത്തരം

(എ) 2014 മാർച്ച് മാസം മുതൽ കരാറുകാർ മുഖേന ജോലി ചെയ്യുന്ന എച്ച്.ആർ. ജീവനക്കാരുടെ വേതനം കമ്പ്യൂട്ടർവൽക്കരിക്കുകയുണ്ടായി. അന്നു മുതൽ അതാതു മാസത്തെ വേതനം അടുത്തമാസം 15-ാം തീയതിക്ക് മുമ്പ് നൽകി വരുന്നുണ്ട്. 2014 മാർച്ചിനു മുമ്പുള്ള മാസത്തെ കുടിശ്ശിക അതാത് ഡിവിഷനുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവശ്യപ്പെടുന്ന മുറയ്ക്ക് കണക്കുകൾ പരിശോധിച്ച് തീർപ്പാക്കുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ കരാറുകാർ മുഖേനയാണ് സ്ഥിരം ജീവനക്കാർ ഇല്ലാത്ത പമ്പ് ഹൗസുകളും മറ്റും പ്രവർത്തിപ്പിക്കുന്നത്. ഇത്തരം പ്രവൃത്തികൾക്ക് കരാർ നൽകി വരുന്നത് സർക്കാർ അംഗീകൃത ഷെഡ്യൂൾ റേറ്റ് അനുസരിച്ചാണ്. ഇത് നിലവിൽ ഗവൺമെന്റ് അംഗീകൃത മിനിമം വേജസിന് മുകളിലുള്ള തുകയാണ്.

**ചേലക്കര മണ്ഡലത്തിലെ നദീതട സംരക്ഷണ പണികൾ**

134 (2414) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ നദീതടസംരക്ഷണ പണികൾ ഏതെല്ലാമാണെന്നും അതിലേക്ക് വിനിയോഗിച്ച തുക എത്രയാണെന്നും പറയാമോ;

(ബി) 2014-15, 2015-16 വർഷങ്ങളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്നും അവ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 2014-15, 2015-16 വർഷങ്ങളിൽ RMF-ൽ നിന്നും ഭരണാനുമതികളൊന്നും തന്നെ ചേലക്കര മണ്ഡലത്തിൽ ലഭ്യമായിട്ടില്ല.

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് RMF പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ.

1. തിരുവില്വാമല പഞ്ചായത്തിലെ കൂട്ടിൽമുക്കിൽ ഭാരതപ്പുഴയുടെ ഇടതുകരയുടേയും ഗായത്രിപ്പുഴയുടെ വലതുകരയുടേയും സംരക്ഷണ പ്രവൃത്തികൾ. തുക - 73,00,000 രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. വള്ളത്തോൾ നഗർ പഞ്ചായത്തിൽ ഭാരതപ്പുഴയുടെ ഇടതുകരയും പുണ്യതീരം ശ്മശാനത്തിന്റെ സംരക്ഷണവും ബലിതർപ്പണ കടവിന്റെ നിർമ്മാണവും. തുക - 61,00,000 രൂപ

3. വള്ളത്തോൾ നഗർപഞ്ചായത്തിൽ ചെറുതുരുത്തി പാലത്തിന് താഴ്ഭാഗത്തായി ഭാരതപ്പുഴയ്ക്കുകുറുകെ തടയണ നിർമ്മാണം. തുക - 14,50,00,000 രൂപ

**കായംകുളം മണ്ഡലത്തിലെ ചേരാവള്ളി കുളം പുനരുദ്ധാരണം**

135 (2415) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിലെ കായംകുളം നഗരസഭാ വാർഡ് 27 -ൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച ചേരാവള്ളി കുളം പാതി വഴിയിൽ കരാറുകാരൻ ഉപേക്ഷിച്ച് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ഇത് എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള കായംകുളം നിയോജക മണ്ഡലത്തിലെ ചേരാവള്ളി കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടില്ല. പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും അതിൽനിന്നും കൺവീനറെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. ടി കൺവീനർ 9-2-2015-ന് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ കുട്ടനാട് പാക്കേജിൽ 2014-15 വർഷത്തെ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ ഇനിയൊരറിയിപ്പ് ലഭിക്കുന്നതുവരെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കാൻ കൺവീനറോട് ആവശ്യപ്പെട്ടിരുന്നു.

(ബി) കുട്ടനാട് പാക്കേജിൽ ലഭിക്കാനുള്ള തുകയ്ക്ക് ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ 9-2-2016-ൽ കൺവീനറുമായി ഉപകരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ആയതിന് അംഗീകാരം നൽകിയിട്ടുള്ളതും 2016 മാർച്ച് 31-നകം പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതുമാണ്.

**ക്രോസ്ബാർ കം ബ്രിഡ്ജ്**

136 (2416) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ ക്രോസ്ബാർ കം ബ്രിഡ്ജ് പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) തയ്യാറാക്കിയെങ്കിൽ തുടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ ?

ഉത്തരം

(എ&ബി) മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ ക്രോസ്ബാർ കം ബ്രിഡ്ജ് പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിവരുന്നു.

**കടൽഭിത്തി നിർമ്മാണം**

137 (2417) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇപ്പോൾ ഭരണാനുമതി ലഭിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇവിടങ്ങളിൽ 4.545 കി. മീറ്റർ ഐ.ഐ.ടി. മുഖേന വിശദമായ പഠനം നടത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പ്രകൃതിദത്ത ജലസ്രോതസ്സുകളുടെ സംരക്ഷണം**

138 (2418) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദത്ത ജലസ്രോതസ്സുകളെ സംരക്ഷിക്കുമെന്ന പ്രകടന

പത്രികയിലെ വാഗ്ദാനം നടപ്പിലാക്കിയോ;

(ബി) എത്ര ഏക്കർ ഭൂമി 2008 ആഗസ്റ്റ് 12-ന മുമ്പ് നികത്തിയെന്ന് അറിയിക്കാമോ;

(സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന വിരുദ്ധമായി ഇപ്പോൾ ഉണ്ടാക്കിയ ചട്ടം തിരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ജലസുരക്ഷാ പദ്ധതി**

139 (2419) ശ്രീ. പി. തിലോത്തമൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. കെ. അജിത് :

ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല സുരക്ഷാ പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; പ്രസ്തുതപദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ; ഈ സർവ്വേ നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീയെ ഏല്പിച്ചിട്ടുണ്ടോ; പ്രസ്തുത സർവ്വേ മുഖാന്തിരമുള്ള വിവര ശേഖരണം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുതപദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;പദ്ധതിയുടെ പ്രവർത്തനങ്ങൾ യഥാസമയം ആരംഭിക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജലസുരക്ഷാ പദ്ധതി ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. പ്രസ്തുത പദ്ധതി മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പാണ് വിഭാവന ചെയ്തിരിക്കുന്നത്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**ജലസംഭരണികളുടെ വിസ്തൃതി**

140 (2420) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളും, തടാകങ്ങളും, കുളങ്ങളും ഉൾപ്പടെയുള്ള ജലസംഭരണികളുടെ വിസ്തൃതി, ആഴം, വേനൽക്കാലത്തും മഴക്കാലത്തുമുള്ള ജലവിസ്തൃതി അളവ് എന്നിവ കണ്ടെത്തുന്നതിനുള്ള സർവ്വെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പൊതു താല്പര്യാർത്ഥം അത്തരമൊരു സർവ്വെ നടത്താനുള്ള തീരുമാനം കൈക്കൊള്ളുമോ;

(സി) ജലസംഭരണികളെ സംബന്ധിച്ച ഒരു സർവ്വെ ഏറ്റവും ഒടുവിൽ നടന്നത് എന്നാണ്; ആ സർവ്വെയിൽ ശേഖരിച്ച വിവരങ്ങളും, തയാറാക്കിയ മാപ്പുകളും ഏതൊക്കെ വകുപ്പുകളിൽ ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ; അപ്ഡേറ്റ് ചെയ്യാൻ നടപടിയുണ്ടാകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ കായലുകളും തടാകങ്ങളും കുളങ്ങളും ഉൾപ്പെടെയുള്ള ജലസംഭരണികളുടെ വിസ്തൃതി, ആഴം, വേനൽക്കാലത്തും മലക്കാലത്തുമുള്ള ജലവിസ്തൃതി/അളവ് എന്നിവ കണ്ടെത്തുന്നതിന് ആവശ്യമായ സർവ്വേ നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെക്കുറിച്ച് 'നാഷണൽ വെറ്റ് ലാന്റ് ഇൻവെന്ററി ആന്റ് അസസ്സ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻ കീഴിൽ പഠനം നടത്തി, 2010 ഫെബ്രുവരിയിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ.-യ്ക്ക് കീഴിലെ അഹമ്മദാബാദിലെ സ്പേസ് ആപ്ലിക്കേഷൻ സെന്റർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്റർ എന്നീ ഏജൻസികളാണ് പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹകരിച്ച സാങ്കേതിക സ്ഥാപനങ്ങൾ. റിപ്പോർട്ടിന്റെ പ്രസക്തമായ പേജ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ നടത്തിയ പ്രസ്തുത സർവ്വേ അപ്ഡേറ്റ് ചെയ്യുന്നത് പരിശോധിക്കാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

141 (2421) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ എത്ര കുളങ്ങൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഏതൊക്കെ; പ്രസ്തുത കുളങ്ങളുടെ നവീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ നിലവിൽ നിർദ്ദേശങ്ങളൊന്നും തന്നെയില്ല. എന്നാൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ആർ.ആർ. സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി അരൂർ മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**ശമ്പള നിഷേധം**

142 (2422) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന ജലസേചന വകുപ്പ് ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ജലസേചന വകുപ്പ് ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കുവാൻ ധനവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഓഫീസ്, തസ്തിക എന്നിവ തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ടാകാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച് ജലസേചന വകുപ്പ് ചീഫ് എൻജിനീയറും സെക്രട്ടറിയും എന്തെല്ലാം നിർദ്ദേശങ്ങളും റിപ്പോർട്ടുകളുമാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് പറയാമോ;

(ഡി) ചില പ്രത്യേക ഓഫീസുകളിൽ നിയമിക്കപ്പെട്ടു എന്ന കാരണത്താൽ എത്ര സർവ്വീസുള്ളവരായാലും തുടർച്ചാനുമതിയുടെ പേരിൽ ശമ്പളം നിഷേധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കുട്ടനാട് പാക്കേജ് ഉൾപ്പെടെയുള്ള ജലസേചന വകുപ്പിലെ താൽക്കാലികതസ്തികകൾക്ക് തുടർച്ചാനുമതി ലഭിക്കുവാൻ വൈകിയതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്.

(ബി) ജലസേചന വകുപ്പിലെ അധിക തസ്തികകൾ വെട്ടിക്കുറയ്ക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഫീസ്, തസ്തിക തിരിച്ച് കണക്കുകളൊന്നും ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നതേയുള്ളൂ.

(സി) പ്രസ്തുത ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതിനായി ജലസേചന വകുപ്പിലെ എല്ലാ താൽക്കാലിക തസ്തികകൾക്കും 31-3-2016 വരെ തുടർച്ചാനുമതി നൽകിക്കൊണ്ട് 15-2-2016-ലെ സ.ഉ.(ആർ.റ്റി.)നം. 134/2016/ ജവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ജലസേചന വകുപ്പിലെ അധിക തസ്തികകൾ നിർത്തലാക്കി ബാക്കിയുള്ളവ സ്ഥിരം തസ്തികകളാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിച്ചിട്ടുള്ളനിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

**കല്ലട ജലസേചന പദ്ധതിയിലെ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ**

143 (2423) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി ചിറക്കര ഗ്രാമപഞ്ചായത്തിലെ 23-ാം കിലോമീറ്ററിൽ സ്ഥാപിച്ചിട്ടുള്ള ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന സജ്ജമാക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും അപേക്ഷയും, നിയമസഭയിൽ സബ്മിഷനും ഉന്നയിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലേക്ക് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; അവ ഒഴിവാക്കുന്നതിലേക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം ആരംഭിച്ച് ചിറക്കര, പൂതക്കുളം, പരവൂർ എന്നീ പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിലേക്ക് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇനി നടപ്പാക്കുവാനുള്ളത്; ഇതിലേക്ക് ഏത്ര രൂപാ ആവശ്യമായി വരുമെന്ന് അറിയിക്കുമോ;

(ഡി) എന്നത്തേക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാൻവേണ്ടി ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി ഏകദേശം 10 കോടിരൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. ടി പ്രവൃത്തികൾ 'പ്രധാൻമന്ത്രി കൃഷി സിഞ്ചയി യോജന' (PMKSY)-യിൽ ഉൾക്കൊള്ളിച്ച് നടപ്പാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചുവരികയാണ്.

1. KIP (LB) formation of Kottappuram minor distributory from ch.0 cm to 1200 m including CD works (Balance work)
2. KIP (LB) formation of Kottappuram minor distributory from ch.1200 m to 2570 m including CD works (Balance work)
3. KIP (LB) formation of Bhoothakulam minor distributory from ch.0 cm to 3350 m and Bhoothakulam sub minor from Ch.0 m to 403 m including CD works (Balance work) revamping of Paravoor distributory from Ch.0 m to 23000 m.
4. Revival of Chirakkarathazham lift irrigation Ch. 23000 m of Paravoor Distributory.
5. Rectification of Paravoor distributory from ch. 23000 m to 32330m (Silt removal, lining of canal, rectification of acqueduct etc.)
6. Revamping of Paravoor distributory of ch. 0 m to 23000 m.

(ഡി) ആവശ്യമായ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാങ്കേതിക പരിശോധനയ്ക്കുശേഷം പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**വക്കം, ചെറുന്നിയൂർ പ്രദേശത്തെ വ്യാപകമായ കായൽകയ്യേറ്റം**

144 (2424) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, ചെറുന്നിയൂർ പഞ്ചായത്തുകളോട് ചേർന്നുള്ള കായൽ പ്രദേശത്ത് വ്യാപകമായ കായൽകയ്യേറ്റം നടക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) കയ്യേറ്റക്കാർക്കെതിരെ എന്തെല്ലാം നിയമനടപടി സ്വീകരിച്ചുവെന്നും ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ജലവിഭവ വകുപ്പ് സമർപ്പിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രോജക്ടുകൾ**

145 (2425) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ RIDF-21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് ജലവിഭവ വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ഏര്യം പുഴയ്ക്ക് കുറുകെ പൂരക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നബാർഡിന്റെ RIDF-21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്യാശ്ശേരി മണ്ഡലത്തിലെ താഴെപ്പറയുന്ന നാല് പ്രോജക്ടുകളുടെ പ്രൊപ്പോസൽ ലഭ്യമായെങ്കിലും സെക്ടറൽ അലോക്കേഷന്റെ അപര്യാപ്തത മൂലം നബാർഡ് RIDF-21-ൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

1. കണ്ണപുരം പഞ്ചായത്ത് കയറ്റിയിൽ മൂക്കോല എന്ന സ്ഥലത്ത് ഉപ്പുവെള്ളം പ്രതിരോധിക്കാനുള്ള എർത്തേൺ ബണ്ടിന്റെ നിർമ്മാണം - 42.00 ലക്ഷം രൂപ

2. ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽ കാപ്പ് റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തി - 104.65 ലക്ഷം രൂപ

3. ചെറുകുന്ന് പഞ്ചായത്തിലെ ഗവൺമെന്റ് ആയുർവ്വേദ ഹോസ്പിറ്റലിന് സമീപം R.S.No. 122-ൽ ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ നിർമ്മാണം - 53.00 ലക്ഷം രൂപ

4. കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവവും അനുബന്ധ വില്ലേജുകൾക്കുംവേണ്ടി ബാക്കിയുള്ള വിതരണ ശൃംഖലയുടെ ഒന്നാംഘട്ട കുടിവെള്ള പദ്ധതിക്കുവേണ്ടി - 1390.37 ലക്ഷം രൂപ

(ബി) കണ്ണൂർ ജില്ലയിലെ പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഡിസൈൻ അപ്രൂവൽ ആയിട്ടുണ്ട്. 386.00 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ എസ്റ്റിമേറ്റ് (DPR) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കി വരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി RIDF-22-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**കനോലി കനാലിന്റെ അരികുവശം ഇടിഞ്ഞുവീണതുമൂലമുള്ള റോഡുകളുടെ അപകടാവസ്ഥ**

146 (2426) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കനോലി കനാലിന്റെ അരികുവശം പലസ്ഥലങ്ങളിലും ഇടിഞ്ഞുവീണ് റോഡുകൾ അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടങ്ങളിൽ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കനോലി കനാലിന്റെ ഇരുകരകളിലുമുള്ള ഇൻസ്പെക്ഷൻ റോഡുകൾ കോർപ്പറേഷൻ വിഭാഗം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അനുവാദം കൂടാതെയാണ് ഗതാഗത യോഗ്യമാക്കിയിട്ടുള്ളത്. കനാലിന്റെ ഇരുകരകളിലുമുള്ള പാർശ്വഭിത്തികൾ ഒന്നുംതന്നെ റോഡ് ഗതാഗതത്തിന് യോഗ്യമായ ബലമുള്ളവയല്ല. കനാലിന്റെ ഇരുകരകളിലുമുള്ള ഇൻസ്പെക്ഷൻ റോഡിലൂടെ ഭാരമേറിയ വാഹനങ്ങൾ

പോകുന്നതുകൊണ്ടാണ് പാർശ്വഭിത്തി ഇടിയാൻ കാരണമാകുന്നത്. ഇ. കെ. കനാൽ ദേശീയ ജലപാതയായി ഉയർത്തിയിട്ടുള്ളതിനാൽ 14 മീറ്റർ എന്ന മാനദണ്ഡം പാലിച്ചുകൊണ്ട് മാത്രമേ പാർശ്വഭിത്തിയുടെ പുനർനിർമ്മാണത്തിന് അനുവാദം നൽകുവാൻ സാധിക്കുകയുള്ളൂ. കനാലിന്റെ 14 മീറ്റർ വീതി വരുന്ന ഭാഗങ്ങളിലെ പ്രവൃത്തികൾക്കുവേണ്ടി 170 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. വെണ്ണീർവയൽ ഭാഗത്ത് റോഡിലുണ്ടായ വിള്ളലുകൾ പരിഹരിക്കുന്നതിന് കളക്ടറുടെ നിർദ്ദേശത്തെത്തുടർന്ന് പാർശ്വഭിത്തി സംരക്ഷണവും ചെളി നീക്കവും കൂടി 11.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. പക്ഷേ കോൺട്രാക്ടർമാരുടെ ഭാഗത്തുനിന്ന് പ്രതികരണം ലഭിച്ചിരുന്നില്ല. ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. തുടർന്ന് ചെളി നീക്കുന്ന പ്രവൃത്തി ഒഴിവാക്കി പാർശ്വഭിത്തി കെട്ടി സംരക്ഷണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതിയ നിരക്കനുസരിച്ച് സമർപ്പിക്കുവാൻ കോഴിക്കോട് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മൈക്രോ ഇറിഗേഷൻ പദ്ധതികൾ**

147 (2427) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര മൈക്രോഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചു; എവിടെയെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഇതുവരെ ലഭിച്ചു; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കിയതിലൂടെ പദ്ധതി പ്രദേശത്തുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് വയനാട് ജില്ലയിലെ പുൽപ്പള്ളിയിലും ഇടുക്കി ജില്ലയിലെ വട്ടവടയിലും മൈക്രോ ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചു.

(ബി) മേൽ പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടില്ല.

(ഡി) ഈ പദ്ധതി പൂർത്തിയാകുമ്പോൾ മഴനിഴൽ പ്രദേശങ്ങളായ പുൽപ്പള്ളിയിലും വട്ടവടയിലും കുറഞ്ഞ ജലലഭ്യത ഉള്ളപ്പോൾത്തന്നെ ഏക്കറുകണക്കിന് ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുവാൻ കൃഷിക്കാർക്ക് സാഹചര്യം ഉണ്ടാകുന്നതാണ്.

**മൈക്രോ ഇറിഗേഷൻ പദ്ധതികൾ**

148 (2428) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായം ഉപയോഗിച്ച് സംസ്ഥാനത്ത് മൈക്രോ ഇറിഗേഷൻ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇതുവരെ പ്രസ്തുത പദ്ധതിയ്ക്കായി എന്ത് തുക അനുവദിക്കപ്പെട്ടുവെന്നും എത്ര പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികളാണിവയെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മൈക്രോ ഇറിഗേഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ, സംസ്ഥാനത്തെ 10 ജില്ലകൾക്ക് 45 ശതമാനവും മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ 4 ജില്ലകൾക്ക് 60 ശതമാനവും, ധനസഹായമായി നൽകുന്നു. എന്നാൽ സംസ്ഥാന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ 75 ശതമാനം ധനസഹായമാണ് അനുവദിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിക്ക് ധനസഹായത്തിന്റെ തോതിലുള്ള കുറവ് കാരണം കർഷകരെ പ്രസ്തുത പദ്ധതിയിലേക്ക് ആകർഷിക്കുവാൻ

കഴിയാതെ വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും മാത്രമേ കർഷകർക്ക് മൈക്രോ ഇറിഗേഷനായുള്ള ഉപകരണങ്ങൾ വാങ്ങുവാൻ നിർവ്വാഹമുള്ളൂ. മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിരക്കാണ് പ്രസ്തുത ഏജൻസികൾ ഈടാക്കുന്നത്. ഇതും കർഷകരെ പ്രസ്തുത പദ്ധതിയിൽനിന്നും അകറ്റിനിർത്താൻ കാരണമാകുന്നു.

(ബി&സി) 12-ാം പഞ്ചവത്സര പദ്ധതിയിൽ On Farm Water Management (OFWM) എന്ന സ്കീമിൽ ഉൾപ്പെടുത്തിയാണ് മൈക്രോ ഇറിഗേഷൻ പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിവരുന്നത്. മൈക്രോ ഇറിഗേഷൻ പദ്ധതിക്കായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായം (മലപ്പുറം,പാലക്കാട്, കണ്ണൂർ,കാസർഗോഡ് ജില്ലകൾക്ക്) |
|---|---|---|---|
| | | (തുക ലക്ഷം രൂപയിൽ) | |
| 2014-15 | 375.00 (35%) | 97.5 (10%) | 79.09 (15%) |
| 2015-16 | 85.62 (27%) | -- | -- |
| ആകെ | 460.62 | 97.5 | 79.09 |

സംസ്ഥാനത്താകെ മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 623.9 ഹെക്ടറിൽ ഡ്രിപ്പ് ഇറിഗേഷനും 508.83 ഹെക്ടർ സ്ഥലത്ത് സ്പ്രിംഗ്ളർ ഇറിഗേഷനും സ്ഥാപിച്ചിട്ടുണ്ട്.

**ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണം**

149 (2429) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിനായി

എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിലേക്കായി കേരള ഡാം സുരക്ഷ അതോറിറ്റി (Kerala Dam Safety Authority) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനാതിർത്തിക്കുള്ളിൽ (മുല്ലപ്പെരിയാർ ഡാം ഒഴികെ) സ്ഥിതി ചെയ്യുന്ന അണക്കെട്ടുകളുടെ സുരക്ഷ വിലയിരുത്തുക, പരിശോധനകൾ നടത്തുക, സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അണക്കെട്ടുകളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ആവശ്യമായ മുൻകരുതലുകൾ എടുക്കുവാൻ നിർദ്ദേശങ്ങൾ നൽകുക എന്നീ ചുമതലകൾ ഡാം സുരക്ഷ അതോറിറ്റി നിർവ്വഹിച്ചുവരുന്നു. ജലസേചനവകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിനായി എല്ലാ വർഷവും ഡാം സേഫ്റ്റി ഓർഗനൈസേഷനും പരിശോധനകൾ നടത്താറുണ്ട്. ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകളിൽ അണക്കെട്ടുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 16 അണക്കെട്ടുകളുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ "ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്" (DRIP) എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ നവീകരണവും പുനരുദ്ധാരണവും നടത്തുക, സുരക്ഷ ഉറപ്പാക്കുക, അറ്റകുറ്റപ്പണികൾ നടത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് മേൽ സൂചിപ്പിച്ച പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) ജലസേചന വകുപ്പിലെ അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും മുൻനിർത്തി "ഡ്രിപ്പ്" പദ്ധതി നടപ്പാക്കുന്നതിലേക്കായി 360 (മുന്നൂറ്റി അറുപത് കോടി രൂപ മാത്രം) കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി

അവലോകനം ചെയ്യുന്നതിനും പുരോഗതി ഉറപ്പാക്കുന്നതിനും ഐ.ഡി.ആർ.ബി. വിഭാഗത്തിൽ പ്രത്യേക പദ്ധതി നിർവ്വഹണ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. "ഡ്രിപ്പ്" പദ്ധതിയുടെ പുരോഗതി സർക്കാർ തലത്തിൽ വിലയിരുത്തുകയും പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

### വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

150 (2430) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-6-95 ലെ കെ. ഡബ്ല്യു.എ./എച്ച്. ഒ/ഇ. 5 (ബി)/10931/92 നമ്പറായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഉത്തരവു പ്രകാരമുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) 21-5-1995 -ലെ 3448 നമ്പറായി കേരള വാട്ടർ അതോറിറ്റി ബോർഡ് പാസ്സാക്കിയ പ്രമേയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അതോറിറ്റിയിലെ വിവിധ തസ്തികകളിൽ പ്രമോഷൻ കൂടാതെ എത്ര സ്ഥലംമാറ്റങ്ങൾ ഈ സർക്കാർ കാലയളവിൽ നടന്നു;

(ഡി) സ്ഥലംമാറ്റ മാനദണ്ഡത്തിന് വിരുദ്ധമായോ പോളിസി ലംഘിച്ചോ സ്ഥലമാറ്റങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ; മാനദണ്ഡങ്ങൾ മാനിക്കാതെ നടത്തിയ സ്ഥലംമാറ്റ ഉത്തരവുകൾ പരിശോധിക്കാനും തിരുത്തുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

(ബി) പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) ഏഴായിരത്തോളം ജീവനക്കാരുള്ള കേരള വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിൽ പ്രൊമോഷൻ കൂടാതെ 883 സ്ഥലം മാറ്റങ്ങൾ ഈ സർക്കാർ കാലയളവിൽ നടന്നിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായിത്തന്നെ സ്ഥലംമാറ്റങ്ങൾ നടത്തുവാനായി അതോറിറ്റി കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നാൽ മാനുഷിക പരിഗണന, ആരോഗ്യപരമായ കാരണങ്ങൾ, ഭരണപരമായ സൗകര്യം എന്നിവ കണക്കിലെടുത്ത് മാനദണ്ഡങ്ങളിൽനിന്നും ചില സാഹചര്യങ്ങളിൽ വ്യതിചലിക്കേണ്ടതായും വന്നിട്ടുണ്ട്.

**ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ്**

151 (2431) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, ബാവിക്കര-റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ പ്രസ്തുത കരാറിൽ നിന്ന് തന്നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) തന്നെ ഒഴിവാക്കണമെന്ന കരാറുകാരന്റെ ആവശ്യത്തിന്മേൽ സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ടെങ്കിൽ നിർമ്മാണം എങ്ങനെ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; 30 വർഷത്തിലധികമായി ജനങ്ങൾ കാത്തിരിക്കുന്ന പ്രസ്തുത പദ്ധതി എപ്പോൾ തുടങ്ങുവാനും പൂർത്തീകരിക്കുവാനും കഴിയും എന്നാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല. ഈ പ്രവൃത്തിയുടെ ഡിസൈനിൽ വ്യത്യാസം വരുത്തി പുതുക്കിയ സാങ്കേതികാനുമതി നൽകിയപ്പോൾ നിലവിലുള്ള കരാറിലെ ഇനങ്ങൾക്ക് വ്യത്യാസങ്ങൾ വരുകയും പുതിയ ഇനങ്ങൾ ചേർക്കേണ്ടതായും വന്നു. പുതുക്കിയ സാങ്കേതികാനുമതി പ്രകാരമുള്ള എസ്റ്റിമേറ്റിൽ വന്ന വ്യത്യാസങ്ങൾക്കുള്ള സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരൻ തയ്യാറായില്ല. ആയതിനാൽ കരാറുകാരനെ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കേണ്ടിവന്നു.

(ബി) 27-1-2016-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗതീരുമാന പ്രകാരം റെഗുലേറ്ററിന്റെ ബാക്കി പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) പുതിയ റേറ്റിൽ തയ്യാറാക്കി വരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമായാലുടൻ പദ്ധതി തുടങ്ങുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**കുട്ടനാട് പാക്കേജ്**

152 (2432) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് പ്രകാരം വൈക്കം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് പൂർത്തിയാക്കാൻ സമയം നീട്ടി നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) സമയം നീട്ടി നൽകിയവ മുഴുവൻ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജ് പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലെ മൂന്ന് പ്രവൃത്തികൾക്കാണ് സമയം നീട്ടി നൽകിയിട്ടുള്ളത്.

1. കല്ലറ ഗ്രാമപഞ്ചായത്തിലെ ഹരിജൻ ബ്ലോക്കിൽ ഗ്രൂപ്പ് 19-ൽപ്പെട്ട പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം.
2. കല്ലറ ഗ്രാമപഞ്ചായത്തിലെ ഗിരിജൻ ബ്ലോക്കിൽ ഗ്രൂപ്പ് 19-ൽപ്പെട്ട പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം.
3. കല്ലറ ഗ്രാമപഞ്ചായത്തിലെ മുണ്ടാർ ബ്ലോക്കിൽ ഗ്രൂപ്പ് 19-ൽപ്പെട്ട പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം.

(ബി) പൂർത്തീകരിച്ചിട്ടില്ല. 2016 മാർച്ച് 31-ന് പൂർത്തീകരിക്കുന്നതിനായുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

**കടൽത്തീരം സംരക്ഷിക്കുവാൻ നടപടി**

153 (2433) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽതീരം സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കരിങ്കൽ ഭിത്തി നിർമ്മാണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; കരിങ്കൽ കടൽഭിത്തി നിർമ്മാണം എവിടെയെല്ലമാണ് നടത്തുന്നത് ; അത് ഏതുഘട്ടം വരെയായി;

(സി) തീരസംരക്ഷണത്തിനായി കണ്ടൽ, കൈത, കാറ്റാടി എന്നിവ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കടലാക്രമണ പ്രതിരോധത്തിന്റെ  ഭാഗമായി പുതിയ കടൽഭിത്തിയുടെ നിർമ്മാണവും തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണവും അറ്റകുറ്റ പ്രവൃത്തി കളുമാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. കൂടാതെ, കടൽത്തീര സംരക്ഷണത്തിന്റെ ഭാഗമായി പുലിമുട്ടുകളുടെ നിർമ്മാണവും നടത്താറുണ്ട്.

(ബി) മദ്രാസ് ഐ.ഐ.റ്റി.-യും സി.ഡബ്ല്യൂ.പി.ആർ.എസ്. പൂനെയും കുറച്ചു സ്ഥലങ്ങളിൽ പഠനം നടത്തിയിട്ടുണ്ട്. സി.ഡബ്ല്യൂ.പി.ആർ.എസ്. പൂനെ വഴി കേരളത്തിലുടനീളം പഠനം നടത്താനുള്ള നടപടികൾ നടന്നുവരുന്നു. ചേരിയമുട്ടം മുതൽ വേളിവരെയും പെരുമാതുറ മുതൽ അഞ്ചുതെങ്ങ് വരെയും കരിങ്കൽ കടൽഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ട്. ചെല്ലാനം, വൈപ്പിൻ ഭാഗങ്ങളിലും തൃശ്ശൂരിൽ  പെരിഞ്ഞനത്ത് 50 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മാണം നടത്തിവരുന്നു. പരപ്പനങ്ങാടി നഗരസഭയിൽ ആലിങ്ങൽ ബീച്ചിൽ 300 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ നടത്തിവരുന്ന കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ:

1. ആറാട്ടുപുഴ പഞ്ചായത്തിൽ വലിയഴിക്കൽ 96.00 മീറ്ററും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പാനൂരിൽ 700.00 മീറ്ററും കടൽഭിത്തിയുടെ പുനരുദ്ധാരണം നടത്തിവരുന്നു.
2. ആറാട്ടുപുഴ ബസ്സ്റ്റാന്റിന് സമീപം 26.00 ലക്ഷം രൂപയുടെ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി ടെൻഡർ ചെയ്തു.

കൂടാതെ ആലപ്പുഴ ജില്ലയിൽ ആലപ്പുഴ, ചേർത്തല നിയോജക മണ്ഡലങ്ങളിൽ രണ്ട് വീതം പുലിമുട്ടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. ആറാട്ടുപുഴയിൽ രണ്ട് പുലിമുട്ടുകളുടെയും പണി പുരോഗമിക്കുന്നു.  കൂടാതെ, പുറക്കാട് 22.00 കോടി രൂപയുടെയും ഹരിപ്പാട് കാർഗിലിൽ 3.00 കോടി രൂപയുടെയും പുലിമുട്ടുകളുടെ നിർമ്മാണത്തിന് പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. കൊല്ലത്ത് താന്നി മുതൽ കാക്കത്തോപ്പ് വരെ 26 പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ആലപ്പാട് പഞ്ചായത്തിലെ പുലിമുട്ട് നിർമ്മാണം പൂർത്തിയാവുകയും കരിക്കശ്ശേരിയിൽപുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലുമാണ്. കോഴിക്കോട്

ഡിവിഷനുകീഴിൽ ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) തീരസംരക്ഷണത്തിനായി ശംഖുമുഖത്തും കാക്കത്തോപ്പ് ഭാഗത്തും കാറ്റാടി മരങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

**ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട്**

**പയ്യന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

154 (2434) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പയ്യന്നൂർ നിയോജക മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പ് മുഖേന ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം -**

**അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

155 (2435) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജനം എന്നിവയ്ക്കാവശ്യമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ആയതിലേയ്ക്കായി ഇതുവരെ എന്തെല്ലാം പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്നും ഇതുവരെ സർക്കാർ ഖജനാവിൽ നിന്നും ഇതിനായി എത്ര തുക നീക്കിവെച്ചെന്നും ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ പദ്ധതികൾ**

156 (2436) <u>ശ്രീ. എൻ.എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടത്തിയ പദ്ധതികളുടേയും ചെലവാക്കിയ തുകയുടേയും കണക്ക് മണ്ഡലം തിരിച്ച് വിശദീകരിക്കാമോ;

(ബി) പ്രഖ്യാപിച്ച പദ്ധതികൾ മുഴുവനും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; പ്രഖ്യാപിച്ച പദ്ധതികളിൽ പ്രവർത്തി തുടങ്ങിയിട്ടും പൂർത്തീകരിക്കാൻ സാധിക്കാത്തവയുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) <u>കേരള ജല അതോറിറ്റി :</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു*.

<u>ജലസേചന വകുപ്പ് :</u>

ജലസേചന വകുപ്പിന്റെ കീഴിൽ നടത്തിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു*.

<u>ഭൂജലവകുപ്പ് :</u>

ഭൂജലവകുപ്പിനുകീഴിൽ നടത്തിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു*.

<u>ജലനിധി :</u>

കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| നിയോജക മണ്ഡലം | പഞ്ചായത്തിന്റെ പേര് | ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| കാഞ്ഞങ്ങാട് | ബളാൽ | 27 | 694.11 |
| | കിനാലൂർ-കരിന്തളം | പദ്ധതി ആസൂത്രണ ഘട്ടത്തിലാണ് | |
| മഞ്ചേശ്വരം | പൈവലികെ | 12 | 1755.43 |
| | മീഞ്ച | പദ്ധതി ആസൂത്രണ ഘട്ടത്തിലാണ് | |
| | പുത്തിഗെ | 46 | |
| ഉദുമ | ദേലംപാടി | 14 | 1215.76 |
| | പുല്ലൂർ പെരിയ | 6 | |
| തൃക്കരിപ്പൂർ | ഈസ്റ്റ് എളേരി | 1 | 397.58 |
| | പടന്ന | 8 | |
| കാസർഗോഡ് | ബെല്ലൂർ | 1 | 53.60 |
| | **ആകെ** | | **4116.48** |

(ബി) <u>കേരള ജല അതോറിറ്റി</u> :

പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു*.

<u>ജലസേചന വകുപ്പ്</u> :

പ്രഖ്യാപിച്ച മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടില്ല. റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്ന് അനുമതി ലഭിച്ച രണ്ട് ഇൂക്കുപാലങ്ങളുടെ നിർമ്മാണ പ്രവൃത്തി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരംഭിച്ചിട്ടില്ല. 13-ാം ധനകാര്യ കമ്മീഷൻ വാട്ടർ സെക്യൂർ പ്രവൃത്തികളിൽ മൂന്ന് എണ്ണം ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പാക്കിയിട്ടില്ല.

പ്രവൃത്തി തുടങ്ങിയിട്ടുള്ള പദ്ധതികളിൽ എം.ഐ. ക്ലാസ്സ്-1 ഒരു പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല (ബാവിക്കര റെഗുലേറ്റർ). ഈ പ്രവൃത്തിയുടെ ഡിസൈനിൽ വ്യത്യാസം വരുത്തി പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചപ്പോൾ നിലവിലുള്ള കരാറിലെ ഇനങ്ങൾക്ക് വ്യത്യാസം വരികയും പുതിയ ഇനങ്ങൾ ചേർക്കേണ്ടതായും വന്നു. പുതുക്കിയ സാങ്കേതികാനുമതി പ്രകാരമുള്ള എസ്റ്റിമേറ്റിൽ വന്ന വ്യത്യാസങ്ങൾക്കുള്ള സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരൻ തയ്യാറായില്ല. അതിനാൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കേണ്ടി വന്നു. 27-1-2016-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനപ്രകാരം റെഗുലേറ്ററിന്റെ ബാക്കി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പുതുക്കിയ റേറ്റിൽ തയ്യാറാക്കിവരുന്നു.

ഭൂജല വകുപ്പ് :

പ്രഖ്യാപിച്ച പദ്ധതികളിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിൽപ്പെട്ട ചില പ്രവൃത്തികൾ സമയപരിധി മൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ജലനിധി :

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ (2012-2017) ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ 10 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ഏറ്റെടുത്ത എല്ലാ പദ്ധതികളും പദ്ധതി കാലയളവിനുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലാശയങ്ങളും കുളങ്ങളും ഉപയോഗയോഗ്യമാക്കൽ**

157 (2437) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികന്നുപോകുന്ന ജലാശയങ്ങളും കുളങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഓരോ ബഡ്ജറ്റിലും എത്ര വീതം തുക വകകൊള്ളിച്ചിരുന്നു;

(സി) ഓരോ വർഷവും എത്ര കുളങ്ങൾ ഉപയോഗയോഗ്യമാക്കി; അവ

എവിടെയെല്ലാമെന്നും അതിനായി പ്രതിവർഷം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലാശയങ്ങളും കുളങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി
2. റിപ്പെയർ, റിനൊവേഷൻ, റെസ്റ്റോറേഷൻ സ്കീം

(ബി) ജലാശയങ്ങളും കുളങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനായി ഓരോ ബഡ്ജറ്റിലും വകകൊള്ളിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | സാമ്പത്തിക വർഷം | | ബഡ്ജറ്റ് പ്രൊവിഷൻ |
|---|---|---|---|
| 1. | 2011-2012 | - | 2289.00 ലക്ഷം |
| 2. | 2012-2013 | - | 3500.00 ലക്ഷം |
| 3. | 2013-2014 | - | 500.00 ലക്ഷം |
| 4. | 2014-2015 | - | ഇല്ല |
| 5. | 2015-2016 | - | ഇല്ല |

(സി) വിവരം ശേഖരിച്ചുവരുന്നു.

**ജലാശയങ്ങളുടെ കയ്യേറ്റം**

158 (2438) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളെ കൈയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാം; ഇവയെ റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളെയും കൈയ്യേറ്റത്തിൽ നിന്നും വീണ്ടെടുത്തും റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂജല റീചാർജ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ സംരംഭത്തിനായി ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**വരട്ടാറിന്റെ സ്വാഭാവിക ഒഴുക്ക്**

159 (T* 2439) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവൻ വണ്ടൂർ പഞ്ചായത്ത്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലൂടെ ഒഴുകിയിരുന്ന 'വരട്ടാറിന്റെ' സ്വാഭാവിക ഒഴുക്ക് സാദ്ധ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനായി സംയുക്ത യോഗം വിളിച്ചു ചേർക്കുന്നതിലുള്ള കാലവിളംബത്തിന് കാരണം വിശദമാക്കുമോ;

(ബി) ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ അടിയന്തര യോഗം ചേരുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) നാളിതുവരെ വരട്ടാറിന്റെ ഒഴുക്ക് സാദ്ധ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) വരട്ടാറിന്റെ സ്വാഭാവിക ഒഴുക്ക് സാദ്ധ്യമാക്കുന്നതിന് വിശദമായ ഒരു പാരിസ്ഥിതിക പഠനം ആവശ്യമാണ്. ഈ പഠനത്തിനുശേഷം പൂർവ്വനദിയായ വരട്ടാറിന്റെ ഇപ്പോഴത്തെ ബെഡ് ലെവലിന് സമാനമായുള്ള മണലും മറ്റും മാലിന്യങ്ങളും ഡ്രഡ്ജ് ചെയ്തും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും മാത്രമേ വരട്ടാറിന്റെ പുനരുദ്ധാരണം സാദ്ധ്യമാവുകയുള്ളൂ. ഇതിനായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ ലഭിച്ചശേഷം സംയുക്ത യോഗം വിളിക്കാവുന്നതാണ്.

(സി) വരട്ടാറിന്റെ പുനരുദ്ധാരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കോഴിപ്രം, ഇരവിപേരൂർ, കുറ്റൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

**പഞ്ചായത്തിൽ ഒരു കുളം**

160 (2440) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം മണലൂർ നിയോജക മണ്ഡലത്തിൽ പുനർ നിർമാണത്തിനായി ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാം;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും ബാക്കി പദ്ധതികൾ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം മണലൂർ നിയോജക മണ്ഡലത്തിൽ പുനർ നിർമ്മാണത്തിനായി താഴെപ്പറയുന്ന കുളങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

1. പൈങ്കിളിക്കുളം
2. കോന്നിക്കുളം
3. വെങ്കിടങ്ങ് - ശ്രീ ശങ്കരനാരായണ ക്ഷേത്രക്കുളം
4. രാമൻ കായൽ

(ബി) പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പൈങ്കിളിക്കുളം | - പ്രവൃത്തി പുരോഗമിക്കുകയാണ് |
| 2 | കോന്നിക്കുളം | പ്രവൃത്തികൾ ടെണ്ടർ ചെയ്തെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണമൊന്നും ഇല്ലാത്തതിനാൽ നിലവിലുള്ള നിരക്ക് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| 3 | വെങ്കിടങ്ങ്-ശ്രീ ശങ്കരനാരായണ ക്ഷേത്രക്കുളം | |
| 4 | രാമൻ കായൽ | |

## ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പരിപാടി

161 (2441) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പരിപാടിക്ക് കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കി കാര്യക്ഷമമാക്കുമെന്ന് യു.ഡി.എഫ്. പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) എന്നാൽ പ്രസ്തുതപദ്ധതി സർക്കാരിന്റെ അനാസ്ഥമൂലം വിജയകരമായില്ലെന്നത് പരിശോധിക്കുമോ;

(സി) പദ്ധതിക്കായി കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനും, പ്രവൃത്തി കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാതിരുന്നതിനും കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) സർക്കാരിന്റെ അനാസ്ഥ ഉണ്ടായിട്ടില്ല.

(സി) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പദ്ധതിക്കുകീഴിൽ വരുന്ന മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി 2000-2009 വർഷം വരെ ആകെ 154.964 കോടി രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. എം.വി.ഐ.പി.-ക്കുവേണ്ടി ഡിഎസ്ആർ 2014 പ്രകാരം തയ്യാറാക്കിയ 965 കോടി രൂപയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവനന്തപുരം-പേട്ട മൂന്നാംമനയ്ക്കൽ-പുള്ളിലൈൻ ഡ്രെയിനേജ്**

162 (2442) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-പേട്ട മൂന്നാംമനയ്ക്കൽ നിന്നും പുള്ളിലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി ചാക്ക മുതൽ കൽപ്പക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ പൂർത്തീകരിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അനുവാദം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുവാദം നേടിയെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) 1985-ൽ സ്ഥാപിച്ച ഡ്രെയിനേജ് ലൈൻ ഉപയോഗയോഗ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത പ്രദേശത്തിന് സമീപമുള്ള 350 മീറ്റർ ദൂരത്തിൽ പൈപ്പ്ലൈൻ നിലവില്ലാത്തതിനാൽ പ്രസ്തുത ദൂരം സ്വീവറേജ് ലൈൻ സ്ഥാപിക്കുവാൻ നിലവിലുള്ള

ലൈനുമായി ഫീസിബിലിറ്റി സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശത്ത് എന്ന് സ്വീവറേജ് ലൈൻ സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചാക്ക മുതൽ കൽപ്പക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്ന് അനുമതി ലഭിച്ചതനുസരിച്ച് ട്രങ്ക് മെയിൻ 550 മീറ്റർ സ്ഥാപിച്ചെങ്കിലും, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം പണി നിർത്തിവച്ചു. തുടർന്നുള്ള പണിക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടില്ല. ഈ പൈപ്പുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തന്നെ മാറ്റി സ്ഥാപിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതുകഴിഞ്ഞാലേ തുടർന്നുള്ള പണികൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇനി ഇടാനുള്ള 317 മീറ്ററിനുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ എൻ.ഒ.സി. ലഭ്യമാക്കുവാൻ MORTH Format-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയ കൺസൾട്ടന്റ്, 1985 കാലഘട്ടത്തിൽ സ്ഥാപിച്ച പ്രസ്തുത ലൈൻ ഉപയോഗയോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൻപ്രകാരം തുടർ നടപടി എന്ന നിലയിൽ സി ബ്ലോക്കിന്റെ പദ്ധതിയിൽ ടി ലൈനുകളെ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി നടന്നുവരുന്നു.

(സി) ഫീസിബിലിറ്റി സർവ്വേ നടത്തിയിട്ടുണ്ട്. പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി.-യുടെ അനുമതി ലഭിക്കുവാനായി, പ്രസ്തുത ദൂരം കൂടി സ്വീവറേജ് നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള നെറ്റ്‌വർക്ക് ഡ്രോയിംഗ് സമർപ്പിക്കുവാൻ നിലവിലെ കരാറുകാരന് കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.

**പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ ബലിഘട്ട് നിർമ്മാണം**

163 (2443) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ മഹാദേവേശ്വരം തേവരുകടവിൽ ബലിഘട്ട് നിർമ്മിക്കുവാൻ ഇറിഗേഷൻ വിഭാഗം തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ എത്രയും വേഗം നടപടി സ്വീകരിയ്ക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി 25.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പുസാമ്പത്തിക വർഷം അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ അനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) W1-37571/15 എന്ന നമ്പരിൽ പ്രസ്തുത വിഷയം ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിന്റെ പരിഗണനയിലാണ്.

**കടൽഭിത്തി നിർമ്മാണം**

164 (2444) <u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി പ്രദേശത്ത് കടലാക്രമണം തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) 2010 മുതൽ ഇവിടെ കടൽഭിത്തി നിർമ്മാണത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്ത് പുലിമുട്ട് നിർമ്മാണത്തിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാടാനപ്പള്ളി പ്രദേശത്ത് കടലാക്രമണം തടയുന്നതിന് വാടാനപ്പള്ളി പഞ്ചായത്തിൽ സി.പി. 3770-ന് വടക്ക് 30 മീറ്റർ നീളത്തിൽ കേടുവന്ന കടൽഭിത്തി പുനരുദ്ധരിക്കുന്നതിനായി 13 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

വാടാനപ്പള്ളി പ്രദേശത്ത് കടലാക്രമണം തടയുന്നതിനായി 840 മീറ്ററോളം കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 399 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റും 278 മീറ്റർ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്കായി 130 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

(ബി) 2010 മുതൽ കടൽ പുനരുദ്ധാരണത്തിന് 1,33,22,533 രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) പുലിമുട്ട് ഉൾപ്പെടെയുള്ള കടലേറ്റ സംരക്ഷണ സംവിധാനങ്ങളുടെ നിർമ്മാണത്തിനായുള്ള സാധ്യതാ പഠനം കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസ്-ന്റെ ആഭിമുഖ്യത്തിൽ സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷൻ, പൂനെ പൂർത്തീകരിച്ചിട്ടുണ്ട്.

**പൊതുടാപ്പുകൾ**

165 (2445) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ടാപ്പുകളിൽ കൂടി ശുദ്ധജലം ലഭ്യമാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബ) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) പൊതുടാപ്പുകളിൽ കൂടി ശുദ്ധജലം നൽകുന്നതിനായി പ്രത്യേക കർമ്മപദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ സംസ്ഥാനത്തുടനീളം പൊതുടാപ്പുകളിൽ കൂടി വിവിധ ശുദ്ധജല വിതരണ പദ്ധതികളിൽ നിന്നും ശുദ്ധജലം നൽകി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് പൊതു ടാപ്പുകൾ അനുവദിക്കാറുണ്ട്.

**കേരള വാട്ടർ അതോറിറ്റി അധീനതയിലുള്ള ഭൂമി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ലഭ്യമാക്കുന്നത് സംബന്ധിച്ച്**

166 (2446) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി അധീനതയിൽ ആലിശ്ശേരി റോഡിൽ ബ്ലോക്ക് നമ്പർ 75-ൽ റീസർവ്വെ നമ്പർ78(സർവ്വേ നമ്പർ 530/17, 530/18, 530/19)A പുറമ്പോക്ക് സ്ഥലത്ത് നിന്നും 40 സെന്റ് ഭൂമി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പുതിയ വാട്ടർ കണക്ഷൻ**

167 (2447) ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റിയുടെ 16-7-2013-ലെ കെ.ഡബ്ല്യു.എ/ആർ.എം.സി./ആർ1/2013 നടപടിക്രമപ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പുതിയ ഗാർഹിക കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം പരമാവധി ലഘൂകരിക്കാനും, പരമാവധി കണക്ഷനുകൾ നൽകുവാനുമാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

(സി) കേരള വാട്ടർ അതോറിറ്റിയുടെ 16-7-2013-ലെ കെ.ഡബ്ല്യു.എ/ ആർ.എം.സി./ആർ1/2013 നമ്പർ നടപടിക്രമപ്രകാരം ഗാർഹിക കണക്ഷൻ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പദ്ധതി**

168 (2448) ശ്രീ. വി.ടി. ബൽറാം

ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി

ശ്രീ. ആർ . സെൽവരാജ്

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണത്തിനായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് എന്തു കർമ്മ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന

കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) ജലവിതരണത്തിനായുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകളിലെ ചോർച്ചമൂലം ശുദ്ധജലം പാഴായിപ്പോകുന്നത് ഒഴിവാക്കുവാനും മലിനജലം വിതരണ ശൃംഖലകളിൽ കയറുന്നത് തടയാനും അറ്റകുറ്റപ്പണികൾക്കായി വൻതുക ചെലവാക്കുന്നത് തടയാനും തന്മൂലം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാനുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(സി) ജലവിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി വർഷങ്ങൾക്കുമുമ്പ് കമ്മീഷൻ ചെയ്യപ്പെട്ട നഗര ശുദ്ധജല വിതരണ പദ്ധതികളുടേയും ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടേയും കേടായ പൈപ്പ് ലൈനുകൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, വിതരണ ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 2011 മുതൽ സംസ്ഥാന ബഡ്ജറ്റിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ തുക വകകൊള്ളിച്ചിരിക്കുന്നു.

വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തിയും ത്രിതല പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് വർക്കായും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത്യാവശ്യമായി മാറ്റി സ്ഥാപിക്കേണ്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്. കൂടാതെ നബാർഡ് ഫണ്ട് ഉപയോഗിച്ചും ചില പദ്ധതികളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

**ഐരൂർ - പാറക്കടവ് ശുദ്ധജല പദ്ധതി**

169 (2449) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിലെ 6.10 കോടി രൂപ അനുവദിച്ചിട്ടുള്ള ഐരൂർ - പാറക്കടവ് ശുദ്ധജല പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും പണി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതിയിൽ കുടിവെള്ള വിതരണത്തിനായി പൈപ്പ് ലൈൻ രണ്ട് മേഖലകളിലായി (സോൺ-1, സോൺ-2) സ്ഥാപിക്കുന്നതും, 110 എച്ച്.പി.-യുടെ പമ്പ് സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു. ഒന്നാംമേഖലയുടെ (സോൺ-1) ടെണ്ടർ "deviation approval" സഹിതം പുനഃസമർപ്പിക്കുന്ന നടപടി ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്നു. രണ്ടാംമേഖലയുടെ (സോൺ-2)ടെണ്ടറിന് 11-2-2016-ൽ അംഗീകാരം നൽകി. അതനുസരിച്ചുള്ള നടപടിക്രമങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നടത്തിവരുന്നു.

(ബി) റോഡ് കട്ടിംഗിന് അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാം മേഖലയിലെ (സോൺ-2) പ്രവൃത്തിക്കുള്ള സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. സെലക്ഷൻ നോട്ടീസ് നൽകിയാൽ, കരാറുകാരൻ 20 ദിവസത്തിനകം കേരള വാട്ടർ അതോറിറ്റിയുമായി ഉടമ്പടിയിൽ ഏർപ്പെട്ട് ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

**പൈപ്പ് പോളിസി**

170 (2450) <u>ശ്രീ. കെ. അച്ചുതൻ</u>:

<u>ശ്രീ. വർക്കല കഹാർ</u>:

<u>ശ്രീ. എം. പി. വിൻസെന്റ്</u> :

<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പ് പോളിസി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിലും ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധനകൾക്ക് അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മുൻകാലങ്ങളിൽ വൻകിട ശുദ്ധജല വിതരണ പദ്ധതികളിൽ സംഭവിച്ച പൈപ്പ് പൊട്ടലുകൾ വിശകലനം ചെയ്ത് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പൈപ്പുകളുടെ മെറ്റീരിയൽ തെരഞ്ഞെടുക്കുന്നതിൽ ഏകീകരണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പൈപ്പ് പോളിസി രൂപീകരിച്ചത്. ശുദ്ധജല/സ്വീവറേജ് പദ്ധതികൾക്കായി ഉപയോഗിക്കുന്ന വിവിധതരം പൈപ്പുകളുടെ ഗുണങ്ങളേയും ദോഷങ്ങളേയും പറ്റിയുള്ള വിവരണങ്ങളാണ് പൈപ്പ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ സാഹചര്യത്തിനനുസരിച്ചുള്ള ഏറ്റവും യുക്തമായ പൈപ്പ് തെരഞ്ഞെടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് കേരള വാട്ടർ അതോറിറ്റി പൈപ്പ് പോളിസി തയ്യാറാക്കിയിരിക്കുന്നത്.

(സി) പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റി എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിലും ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധനകൾക്ക് അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**താനൂർ സമഗ്ര കുടിവെള്ള പദ്ധതി**

171 (2451) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന താനൂർ സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിക്കാവശ്യമായ ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള സ്ഥലവും ടാങ്കിനുള്ള സ്ഥലവും ലഭ്യമായിട്ടും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും കമ്മീഷൻ

ചെയ്യാനാകുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ താനൂർ നിയോജക മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള (താനൂർ, താനാളൂർ, നിറമരുതൂർ, ചെറിയമുണ്ടം, പൊൻമുണ്ടം) (ഫേസ്-1) താനൂരിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്രകുടിവെള്ള പദ്ധതി നടപ്പാക്കാൻ76.25 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രവൃത്തിക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് രണ്ടുവർഷം കൊണ്ട് പദ്ധതി നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിയുന്നതാണ്.

**ശുദ്ധജല നിലവാര പരിശോധന**

172 (2452) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല നിലവാര പരിശോധനയ്ക്ക് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി എത്ര ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ജല ഗുണനിലവാരം ഉയർത്തുന്നതിനും പരിശോധിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ശുദ്ധജല നിലവാര പരിശോധനയ്ക്കുവേണ്ടി കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ 14 ജില്ലാതല ലാബുകളും 33 സബ് ഡിവിഷണൽ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട് മേൽപ്പറഞ്ഞ ലാബുകളിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ വാട്ടർ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന ലാബുകളിൽ ഇന്ത്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകൾ, ട്യൂബ് വെല്ലുകൾ, നദികൾ എന്നിവിടങ്ങളിൽ നിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം പരിശോധിക്കാറുണ്ട്. ഇതിനുപുറമേ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് മൊബൈൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള

നടപടികൾ അവസാന ഘട്ടത്തിലാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ജലഗുണനിലവാര പരിശോധനയ്ക്കായി 31 സബ് ഡിവിഷണൽ ലാബുകൾ പുതിയതായി ആരംഭിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ശുദ്ധജല ഗുണനിലവാര പരിശോധനയ്ക്കുവേണ്ടി 14 ജില്ലാതല ലാബുകളും 33 സബ് ഡിവിഷണൽ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | ജില്ല | ജില്ലാതല ലാബിന്റെ എണ്ണം |
|---|---|---|
| | (1) | (2) |
| 1 | ആലപ്പുഴ | ജില്ലാ ലാബ് -1<br>സബ് ഡിവിഷണൽ ലാബ് - 1 |
| 2 | എറണാകുളം | ജില്ലാ ലാബ് -1<br>സബ് ഡിവിഷണൽ ലാബ് - 3<br>സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് - 1 |
| 3 | ഇടുക്കി | ജില്ലാ ലാബ് -1<br>സബ് ഡിവിഷണൽ ലാബ് - 2 |
| 4 | കണ്ണൂർ | ജില്ലാ ലാബ് -1<br>സബ് ഡിവിഷണൽ ലാബ് - 1 |
| 5 | കാസർഗോഡ് | ജില്ലാ ലാബ് -1<br>സബ് ഡിവിഷണൽ ലാബ് - 2 |
| 6 | കൊല്ലം | ജില്ലാ ലാബ് -1<br>സബ് ഡിവിഷണൽ ലാബ് - 1 |
| 7 | കോട്ടയം | ജില്ലാ ലാബ് -1<br>സബ് ഡിവിഷണൽ ലാബ് - 4 |
| 8 | കോഴിക്കോട് | ജില്ലാ ലാബ് -1<br>സബ് ഡിവിഷണൽ ലാബ് - 2 |
| 9 | മലപ്പുറം | ജില്ലാ ലാബ് -1 |

| | |
|---|---|
| | സബ് ഡിവിഷണൽ ലാബ് - 5 |
| 10 പാലക്കാട് | ജില്ലാ ലാബ് -1 |
| | സബ് ഡിവിഷണൽ ലാബ് - 3 |
| 11 പത്തനംതിട്ട | ജില്ലാ ലാബ് -1 |
| | സബ് ഡിവിഷണൽ ലാബ് - 1 |
| (1) | (2) |
| 12 തിരുവനന്തപുരം | ജില്ലാ ലാബ് -1 |
| | സബ് ഡിവിഷണൽ ലാബ് |
| 13 തൃശ്ശൂർ | ജില്ലാ ലാബ് -1 |
| | സബ് ഡിവിഷണൽ ലാബ് - 3 |
| 14 വയനാട് | ജില്ലാ ലാബ് -1 |
| | സബ് ഡിവിഷണൽ ലാബ് - 4 |

(സി) ജലഗുണനിലവാരം ഉയർത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണ ശാലകളിൽ ശുദ്ധീകരിച്ചും ഇൻഫിൽട്രേഷൻ ഗ്യാലറിയിൽ നിന്ന് ലഭ്യമാകുന്ന വെള്ളം ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ മുതായവ ഉപയോഗിച്ച് അണുവിമുക്തമാക്കിയിട്ടുമാണ് വിതരണം ചെയ്യുന്നത്. ഇതിനുപുറമേ കേരള വാട്ടർ അതോറിറ്റിയുടെ ജലഗുണനിലവാര പരിശോധന ലാബുകളിൽ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്. ആയതിന്റെ റിപ്പോർട്ട് ജലവിതരണവുമായി ബന്ധപ്പെട്ടവർക്ക് വേണ്ട നടപടികൾക്കായി ലഭ്യമാക്കുന്നുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സി.സി.ഡി.യു ഫീൽഡ് ടെസ്റ്റ് കിറ്റും കോളിഫോം പരിശോധിക്കുന്ന തിനായി H2S strip-ഉം ഉപയോഗിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു. സി.സി.ഡി.യു.വിന്റെ നേതൃത്വത്തിൽ സ്കൂൾ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സന്നദ്ധ ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു.

**ചുനക്കര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ കുടിവെള്ള ടാങ്ക്**

173 (2453) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ

സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ടാങ്ക് ശോചനീയവും അപകടകരവുമായമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ടാങ്കിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ടാങ്ക് മാറ്റി പുതിയ ടാങ്ക് സ്ഥാപിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) പുതിയ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ടാങ്കിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(സി&ഡി) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ചുനക്കര, പാലമേൽ പദ്ധതിയുടെ അടുത്ത ഘട്ടമായി പുതിയ ടാങ്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല.

**ആലപ്പുഴ കുടിവെള്ള പദ്ധതി**

174 (2454) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുടിവെള്ള പദ്ധതി എന്നാണ് പ്രവർത്തനം ആരംഭിച്ചത്; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പൂർത്തീകരിക്കാനുണ്ടായ കാലതാമസത്തിനു കാരണം വിശദമാക്കാമോ;

(സി) പദ്ധതിയോടനുബന്ധിച്ച് പൂർത്തിയായതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ കുടിവെള്ള പദ്ധതി 2009-ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. 2013-ൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും നിലവിലുള്ള തടസ്സങ്ങൾ നീങ്ങിക്കിട്ടിയാൽ 31-3-2016-ൽ ഭാഗികമായി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) റെയിൽവേയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും അനുമതി ലഭിക്കാനുണ്ടായ താമസവും നിലവിലെ കേസ്സുകൾ തീർപ്പാക്കാനുണ്ടായ താമസവും കാരണം പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

(സി) പൂർത്തിയായതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ചേലക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

175 (2455) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിരുന്ന ചേലക്കര പഞ്ചായത്തിലെ ആലങ്ങോട്ടുകുന്ന് കുടിവെള്ള പദ്ധതി, പാണാൾ പഞ്ചായത്തിലെ പാറപ്പുറം കുടിവെള്ള പദ്ധതി എന്നിവ നടപ്പിലാക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ധനകാര്യ വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട് എന്നാണ് വാട്ടർ അതോറിറ്റിക്ക് അറിയിപ്പുകൾ ലഭിച്ചതെന്നും എന്നാണ് ഭരണാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചതെന്നും വിശദമാക്കാമോ ;

(സി) കുടിവെള്ളക്ഷാമം അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതികൾ കാലതാമസം ഒഴിവാക്കി നടപടികൾ പൂർത്തിയാക്കുവാൻ കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) ആലങ്ങോട്ടുകുന്ന് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എം.എൽ.എ.-യുടെ 5-3-2015 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ 24-4-2015-ലെ 7921/സി1/15/ ജവിവ. നമ്പർ കത്ത് മുഖേന ടി പദ്ധതിക്കുള്ള ഡി.ഇ.ആർ. സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റി എം.ഡി.-ക്ക് നിർദ്ദേശം നൽകുകയും ആ വിവരം എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് എം.എൽ.എ.-യുടെ 15-5-2015-ലെ കത്ത് മുഖേന ആലങ്ങോട്ടുകുന്ന് കുടിവെള്ള പദ്ധതിയുടെയും പാറപ്പുറം കുടിവെള്ള പദ്ധതിയുടെയും എസ്റ്റിമേറ്റുകൾ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടെന്നും ടി വകുപ്പിനെ കൊണ്ടുതന്നെ പ്രസ്തുത പദ്ധതികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കണമെന്നും അറിയിക്കുകയുണ്ടായി.പ്രസ്തുത പദ്ധതികൾക്കുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകൾ കേരള വാട്ടർ അതോറിറ്റി മദ്ധ്യമേഖല ചീഫ് എഞ്ചിനീയർ തയ്യാറാക്കിയത് 17-2-2016 തീയതിയിൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി മുഖേന പ്രസ്തുത പദ്ധതികൾ നടപ്പിലാക്കണമെന്ന് എം.എൽ.എ. ആവശ്യപ്പെട്ടാൽ പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വാട്ടർ അതോറിറ്റിയിലെ അധികാര വികേന്ദ്രീകരണം**

176 (2456) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അധികാര വികേന്ദ്രീകരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-9-1999-ലെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം നമ്പർ കെ.ഡബ്ല്യു.എ./എച്ച്.ഒ/ഡബ്ല്യു.എൻ./33/97 പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും സേവനങ്ങൾ കൃത്യമായി ജനങ്ങളിലെത്തിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വഴി ലക്ഷ്യമിട്ടത്.

(സി) 14-9-1999-ലെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം നമ്പർ കെ.ഡബ്ല്യു.എ./എച്ച്.ഒ./ഡബ്ല്യു.എൻ./33/97 പ്രകാരം അധികാര വികേന്ദ്രീകരണത്തെക്കുറിച്ചുള്ള വിശദമായ ഉത്തരവിറക്കുകയും ആയതിൻപ്രകാരം നടപടിക്രമങ്ങൾ പാലിച്ചുവരികയും ചെയ്യുന്നു.

**ജലവിതരണം സുഗമമാക്കാൻ മുൻകരുതൽ**

177 (2457) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലും സമീപപ്രദേശങ്ങളിലും വരൾച്ചക്കാലം വരുന്നതിന് മുമ്പേ ജലവിതരണം സുഗമമാക്കാൻ എന്തൊക്കെ മുൻകരുതൽ എടുക്കണമെന്ന് ജല അതോറിറ്റി ആലോചിച്ചിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം നഗരത്തിൽ പൈപ്പ് പൊട്ടി നാലാം ദിവസവും വെള്ളം കിട്ടാതിരുന്നതിനും ചോർച്ച അടയ്ക്കാൻ ദിവസങ്ങൾ വൈകിക്കുന്നതിനും പിന്നിൽ എന്താണ് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കാലഹരണപ്പെട്ട പൊതുടാപ്പുകൾ നീക്കംചെയ്ത് പുതിയവ സ്ഥാപിക്കാനും, പൊട്ടിയ പൈപ്പ് ലൈനുകൾ കാര്യക്ഷമമാക്കുന്നതോടൊപ്പം വരൾച്ച മുന്നിൽ കണ്ട് ജലവിതരണം തടസ്സപ്പെടാതിരിക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർക്കുകയും വിവിധ ഏജൻസികളുടെ ഏകോപനത്തിന് സമിതി രൂപീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും വരൾച്ചക്കാലം വരുന്നതിനുമുമ്പേ ജലവിതരണം സുഗമമാക്കാൻ താഴെപ്പറയുന്ന മുൻകരുതലുകൾ കൈക്കൊണ്ടിട്ടുണ്ട്. വരൾച്ച പ്രതിരോധിക്കുന്നതിനുവേണ്ടി വിവിധ പമ്പുഹൗസുകളിൽ കേടായ പമ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശേഷികുറഞ്ഞ പഴയ പൈപ്പ് ലൈനുകൾ മാറ്റി വ്യാസം കൂടിയ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന ലീക്കേജുകൾ മൂലമുള്ള ജലനഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള ബ്ലൂ ബ്രിഗേഡ് ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലെ പ്രധാന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്ക് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട പ്ലാന്റോ ടാങ്കോ അടച്ചതിനുശേഷമാണ് റിപ്പയർ വർക്ക് ചെയ്യുന്നത്. റിപ്പയർ വർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുതീർക്കാറുണ്ട്. എന്നാൽ അറ്റകുറ്റപ്പണികൾ ചെയ്തതിനുശേഷം ജലസംഭരണിയിൽ ആവശ്യത്തിന് ജലനിരപ്പ് ഉയർന്നാൽ മാത്രമേ ഉയർന്ന പ്രദേശങ്ങളിൽ ജലം എത്തിച്ചേരുകയുള്ളൂ. ടികാരണത്താൽ ലീക്ക് പരിഹരിച്ചതിനുശേഷവും അടുത്തദിവസമേ

ഉയർന്ന പ്രദേശങ്ങളിൽ വെള്ളമെത്താറുള്ളു. ലീക്കുകൾ 24 മണിക്കൂറിനുള്ളിൽ റിപ്പയർ ചെയ്യുന്നുണ്ട്. എന്നാൽ നഗരപ്രദേശത്തെ KRFB, NH റോഡുകളിൽ റോഡു വെട്ടുന്നതിനുള്ള അനുമതി വൈകുന്നതുമൂലം അത്തരം റോഡുകളിലുണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. ഇവ പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധിയും ജല അതോറിറ്റി ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി കാലഹരണപ്പെട്ട പൊതുടാപ്പുകൾ നീക്കം ചെയ്തുവരാറുണ്ട്. പൊട്ടിയ പൈപ്പ് ലൈനുകൾ ഉടൻ റിപ്പയർ നടത്തി ശുദ്ധജല വിതരണം കാര്യക്ഷമമാക്കി വരുന്നുണ്ട്. ജലവിതരണം തടസ്സപ്പെടാതിരിക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും വരൾച്ചയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ വിവിധ ഏജൻസികളുമായി യോഗം ചേരുകയും ചെയ്തുവരുന്നു.

**പെരുനാട്-അത്തിക്കയം കുടിവെള്ളപദ്ധതിയുടെ നിർമ്മാണം**

178 (2458) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

പെരുനാട്-അത്തിക്കയം കുടിവെള്ളപദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്; ആദ്യഘട്ടത്തിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; അടുത്തഘട്ടത്തിൽ എത്ര തുകയാണ് ചെലവുവരിക; ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് ഇതിലുണ്ടാവുക; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 1400 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. 8 mld ജലശുദ്ധീകരണശാല
2. 350 mm DI K9 പൈപ്പ് ഉപയോഗിച്ച് റോ വാട്ടർ പമ്പിംഗ് മെയിൻ
3. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ
   (a) കോട്ടുപാറ ശുദ്ധജല സംഭരണിയിലേക്ക് (150 mm DI K9)
   (b) ഇടപ്രാമല ശുദ്ധജല സംഭരണിയിലേക്ക് (100 mm DI K9)
   (c) മുക്കം വരെയുള്ള ഗ്രാവിറ്റി മെയിന് (500 mm DI K7)
4. നിലവിലുള്ള ഇൻടേക്ക് കിണറിന്റെയും പമ്പ് ഹൗസിന്റെയും

നവീകരണം

5. ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം
6. ചെമ്പൻമുടി, പഞ്ചാരമുക്ക് എന്നിവിടങ്ങളിലെ ജലസംഭരണികളുടെ നിർമ്മാണം
7. പമ്പ് സെറ്റ് സ്ഥാപിക്കൽ

ഇവയിൽ ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് ലൈനുകൾ, ഗ്രാവിറ്റി മെയിൻ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. നിലവിലുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും നവീകരണ പ്രവൃത്തികൾ രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ പങ്കെടുത്തില്ല. ടി പണിയുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ. അനുസരിച്ച് പുതുക്കി തയ്യാറാക്കിവരുന്നു. ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ എസ്റ്റിമേറ്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ കേരളാ വാട്ടർ അതോറിറ്റി ഉടൻ ആരംഭിക്കുന്നതാണ്. ചെമ്പൻമുടി, പഞ്ചാരമുക്ക് എന്നീസ്ഥലങ്ങളിലെ ജലസംഭരണികൾ നിർമ്മിക്കുവാനുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കേണ്ടിയിരിക്കുന്നു. മേൽ സൂചിപ്പിച്ച പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതാണ്.

പെരുനാട്-അത്തിക്കയം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 41.40 കോടിരൂപയുടെ ഡി.ഇ.ആർ. തയ്യാറാക്കിവരുന്നു.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. വിതരണ ശൃംഖല
2. കോട്ടുപാറ ജലസംഭരണി മുതൽ മാമ്പറ ജലസംഭരണിവരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
3. ജലശുദ്ധീകരണശാല മുതൽ മന്നംപുഴ ലോ ലെവൽ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
4. മന്നംപുഴ സംപ് മുതൽ മന്നംപുഴ ടോപ്പ് ജലസംഭരണി വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
5. ജലശുദ്ധീകരണശാല മുതൽ മുണ്ടാമല ലോ ലെവൽ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
6. മുണ്ടാമല ലോ ലെവൽ മുതൽ മുണ്ടാമല ടോപ്പ് ജലസംഭരണി വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ

7. മുണ്ടാമലയിൽ (ലോ ലെവൽ) പമ്പ് ഹൗസ് നിർമ്മാണം
8. മുണ്ടാമല ടോപ്പിൽ ജലസംഭരണിയുടെ നിർമ്മാണം
9. പമ്പ് സെറ്റ് സ്ഥാപിക്കൽ
10. വൈദ്യുത ലൈൻ നീട്ടൽ, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കൽ മുതലായവ.

**ബന്തടുക്ക-കരിപേടകം വില്ലേജുകളിൽ കുടിവെള്ളം**

**നൽകുന്നതിനുള്ള പദ്ധതി**

179 (2459) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്ക - കരിപേടകം വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിക്ക് അനുമതി ലഭിച്ചിട്ട് എത്ര മാസമായി; ഇതിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്ക-കരിപേടകം വില്ലേജുകൾക്കായുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം നടപ്പിലാക്കുന്നതിന് 18-10-2012 തീയതിയിലെ ഉത്തരവ് നമ്പർ കെ.ഡബ്ല്യു.എ/എച്ച്.ഒ./ഡബ്ല്യു.എൻ./39/2012-13 പ്രകാരം 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) 39 മാസമായി. 18-10-2012-ലാണ് ഭരണാനുമതി ലഭിച്ചത്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് അധികൃതർ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുമെന്ന ഉറപ്പിന്മേൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ കണ്ണൂർ സർക്കിൾ 30-12-2013-ലെ ടെണ്ടർ നമ്പർ 48/2013-14/പി.എച്ച്.സി/ കെ.എൻ.ആർ. പ്രകാരം ടെണ്ടർ വിളിക്കുകയുണ്ടായി. എന്നാൽ എസ്റ്റിമേറ്റ് തുകയേക്കാൾ ഉയർന്ന തുകയായതിനാൽ ടെണ്ടർ റദ്ദ് ചെയ്യുകയാണുണ്ടായത്. ഈ പദ്ധതിയുടെ ഭാഗമായ കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് സ്വകാര്യ സ്ഥലം പനത്തടി പഞ്ചായത്തിൽനിന്നും ഭൂതല ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം കുറ്റിക്കോൽ പഞ്ചായത്തിൽ നിന്നുമാണ് ലഭ്യമാക്കേണ്ടത്. പല തവണകളായി പ്രസ്തുത പഞ്ചായത്തുകളോട് കേരള വാട്ടർ അതോറിറ്റി സ്ഥലം കൈമാറാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയായി സ്ഥലം ലഭ്യമായിട്ടില്ല. കൂടാതെ ശുദ്ധീകരണശാല നിർമ്മിക്കുന്നതിന് കരിപേടകം

വില്ലേജിലെ (ആർ.എസ്. നമ്പർ 106/01)-ലെ 50 സെന്റ് സർക്കാർ സ്ഥലം ലഭ്യമാക്കുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർക്ക് കത്ത് നൽകിയെങ്കിലും സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. പദ്ധതിക്കാവശ്യമായ എല്ലാ സ്ഥലങ്ങളും ഗ്രാമ പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്നതനുസരിച്ച് പുതുക്കിയ ഡി.എസ്.ആർ നിരക്കിൽ എസ്റ്റിമേറ്റും പദ്ധതി റിപ്പോർട്ടും തയ്യാറാക്കി ഭരണാനുമതിക്കുവേണ്ടി നടപടി സ്വീകരിക്കുന്നതാണ്.

## കുടിവെള്ളവിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

180 (2460) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ഫണ്ട് വിനിയോഗിച്ച് ചേർത്തല താലൂക്കിലെ വിവിധ പഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(ബി) കുടിവെള്ള പൈപ്പ് ലൈൻ ഇല്ലാത്ത എല്ലാ മേഖലകളിലേയ്ക്കും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുപകരം കോൺട്രാക്ടർമാരും സൂപ്പർവൈസർമാരും തങ്ങൾക്ക് താല്പര്യമുള്ള മേഖലകളിലേയ്ക്കുമാത്രം പൈപ്പ് ലൈൻ വലിച്ച് പക്ഷപാതപരമായി പെരുമാറുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടക്കരപ്പള്ളി പഞ്ചായത്ത് എട്ടാം വാർഡിലെ കുടിവെള്ളമെത്താത്ത മേഖലകളിൽ ചില ഇടങ്ങളിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കില്ല എന്ന് അറിയിച്ചിട്ടുണ്ടോ, പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ പരാതി പറഞ്ഞിട്ടും അപ്രകാരമുള്ള മേഖലകളെ ഒഴിവാക്കാൻ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും കോൺട്രാക്ടർമാരും ശാഠ്യം പിടിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ,

(ഡി) ഉദ്യോഗസ്ഥർ ജനവിരുദ്ധമായി പെരുമാറുന്നുവെന്ന് ബോധ്യപ്പെട്ടാൽ പരാതിയുടെ അടിസ്ഥാനത്തിൽ അവർക്കെതിരെ അടിയന്തിരമായി അച്ചടക്ക നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചേർത്തല താലൂക്കിൽ നടപ്പിലാക്കിയ ജിക്ക പദ്ധതിയുടെ കീഴിലുള്ള പ്രദേശങ്ങളിൽ ഇനിയും വിതരണ ശൃംഖല ഇട്ടിട്ടില്ലാത്ത പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുവാൻ വേണ്ടിയാണ് നബാർഡ് ഫണ്ട് വിനിയോഗിച്ചത്.

ചേർത്തല താലൂക്കിലെ ബാക്കിയുള്ള വിതരണ ശൃംഖലയ്ക്കുവേണ്ടി നബാർഡ് ധനസഹായത്തോടെ RIDF XIX-ൽ ഉൾപ്പെടുത്തി 60.554 കോടിരൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നബാർഡ് ഗ്രാമീണ മേഖലയിലാണ് വായ്പ അനുവദിക്കാറുള്ളത്. ജിക്ക ഓഫീസ് നിലനിന്നപ്പോൾ 2012-ൽ പഞ്ചായത്ത് അധികൃതരെ ഉൾപ്പെടുത്തി നടത്തിയ സർവ്വേ അടിസ്ഥാനമാക്കി തന്ന ഡി.പി.ആർ. ലിസ്റ്റിൽ ഉൾപ്പെട്ട റോഡുകളിലാണ് ഇപ്പോൾ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. ഇതര സ്കീമുകളിൽ ഉൾപ്പെട്ട ടി സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് സേവിംഗ്സ് ആയി കണക്കാക്കി പുതുതായി നിലവിൽ വന്ന റോഡുകളിൽ സ്ഥാപിക്കുന്നതാണ്. കൂടാതെ റോഡ് കട്ടിംഗ് അനുമതി ലഭിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ റഗുലർ ഡിവിഷന്റെ നിർദ്ദേശപ്രകാരം റൈഡർ ലൈനുകളും ആവശ്യമെങ്കിൽ സ്ഥാപിക്കാവുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല. കടക്കരപ്പള്ളി പഞ്ചായത്ത് എട്ടാം വാർഡിൽ ഡി.പി.ആർ. ലിസ്റ്റിൽ 150 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ ആവശ്യാനുസരണം പ്രസ്തുത വാർഡിൽ 399 മീറ്റർ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡിൽ നടന്നുകൊണ്ടിരിക്കുകയാണ്.

(ഡി) അപ്രകാരം ബോദ്ധ്യപ്പെട്ടാൽ ആയതിന്മേൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കുടിവെള്ളവിതരണം

181 (2461) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരൾച്ചാകാലത്ത് കുടിവെള്ള വിതരണം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നിലവിലുള്ള പൈപ്പ് ലൈനുകൾ നീട്ടി നൽകുന്നതിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. ജില്ലാ ഭരണകൂടം ആവശ്യപ്പെടുന്ന മുറയ്ക്ക് വരൾച്ചാ ദുരിതാശ്വാസ

പദ്ധതിയിൽപ്പെടുത്തി പ്രൊപ്പോസലുകൾ നൽകാറുണ്ട്. ചില പ്രൊപ്പോസലുകൾ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇവ താഴെ വിവരിക്കുന്നു.

1. കൊല്ലം സർക്കിളിന് കീഴിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായി 4.5 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ.

2. കണ്ണൂർ ജില്ലയിൽ 2015-ൽ പൈപ്പ് ലൈൻ നീട്ടുന്നതിനായി 365 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ (പദ്ധതികൾ പൂർത്തീകരിച്ചു)

3. കണ്ണൂർ ജില്ലയിൽ 2016-ൽ 19.63 ലക്ഷം രൂപയുടെ പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള പ്രൊപ്പോസലുകൾ.

4. കാസർഗോഡ് ജില്ലയിൽ 680.45 ലക്ഷം രൂപയുടെ പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള പ്രൊപ്പോസലുകൾ.

**കുടിവെള്ള പദ്ധതികൾ**

182 (2462) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി, എം.എൽ.എ. എസ്.ഡി.എഫ്, എ.ആർ.ഡബ്ല്യൂ.എസ്.എസ്., ത്രിതല പഞ്ചായത്ത്/ മറ്റ് സർക്കാർ വകുപ്പുകളുടെ ഡെപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ഭൂഗർഭജലം ഉപയോഗപ്പെടുത്തിയിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ ഭൂജലവകുപ്പ് നടപ്പാക്കി വരുന്നു.

(ബി) മറ്റ് കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ

പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്.

(സി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ ഫണ്ടിനുപുറമേ വരൾച്ചാ ദുരിതാശ്വാസ പദ്ധതി, എം.എൽ.എ. എസ്.ഡി.എഫ്, എ.ആർ.ഡബ്ല്യൂ.എസ്.എസ്., ഡി.ആർ.ഡബ്ല്യൂ. എന്നിവയിലുൾപ്പെടുത്തി അനുവദിക്കുന്ന തുക ത്രിതല പഞ്ചായത്ത്/മറ്റ് സർക്കാർ വകുപ്പുകളുടെ ഡെപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗപ്പെടുത്തി ഭൂജല വകുപ്പ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം 2012-13-ൽ 10 കോടിരൂപയും 2013-14-ൽ 4 കോടിരൂപയും 2014-15-ൽ 8.45 കോടിരൂപയും ഭൂജല വകുപ്പിന് ലഭ്യമാക്കിയിരുന്നു. ഇതിൽ 9.94, 3.96, 8.44 കോടിരൂപ യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 2 കോടിരൂപ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷങ്ങളിലെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**വരൾച്ച-നിവാരണ പ്രവൃത്തികൾക്കുള്ള തുക**

183 (2463) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-2016 കാലയളവുകളിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയ വരൾച്ചാ-നിവാരണ പ്രവൃത്തികൾക്കുള്ള തുക ഇനിയും അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഈ വർഷത്തെ വരൾച്ചാ നിവാരണ പ്രവൃത്തികൾ നടപ്പിലാക്കുവാൻ കരാറുകാർ തയ്യാറാവാത്ത സാഹചര്യത്തിൽ, കുടിശ്ശിക തുക അനുവദിച്ചു നൽകുന്നതിനും, വരൾച്ചാ നിവാരണ പണികളും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2013-16 കാലയളവുകളിൽ കേരള വാട്ടർ അതോറിറ്റി മുഖേന വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ 2013-ലും 2014-ലുമാണ് നടപ്പാക്കിയത്.

ടി പദ്ധതികൾക്കായി 88.00 കോടിരൂപ അധികവ്യയ അനുമതി പദ്ധതി വിഹിതമായി നൽകിയിട്ടുണ്ട്.

(ബി) 2013-ലും 2014-ലും നടപ്പിലാക്കിയ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കായി അനുവദിച്ച 88.00 കോടിരൂപയിൽ 21-10-2015 വരെ ജല അതോറിറ്റി ഹെഡ് ഓഫീസിൽ ലഭിച്ച ബില്ലുകളുടെ തുകയായ 33.02 കോടിരൂപ അനുവദിക്കുകയും ആയത് കൊടുത്തു തീർക്കുകയും ചെയ്തു. ബാക്കിയുള്ള

വർക്കുകളുടെ തുക, ബില്ലുകൾ തയ്യാറായി ഹെഡ്ഡോഫീസിൽ ലഭിക്കുന്ന മുറയ്ക്ക് അധികവ്യയ അനുമതി ലഭിച്ച തുകയിൽ നിന്നും പിൻവലിച്ച് നൽകുന്നതാണ്. വരാനിരിക്കുന്ന വരൾച്ചാ നിവാരണ പണികളും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുടിവെള്ളം**

184 (2464) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് അടിയന്തരഘട്ടങ്ങളിൽ വെള്ളം നൽകുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജല അതോറിറ്റിയ്ക്ക് നാമമാത്രമായ തുക നൽകി ജീവനക്കാരുടെ ഒത്താശയോടെ കുടിവെള്ള മാഫിയ ടാങ്കറുകളിൽ വെള്ളം കടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു തവണ എടുക്കുന്ന പാസ് ഉപയോഗിച്ച് ഒരു ദിവസം പല തവണ വെള്ളം കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടിവെള്ള മാഫിയയുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടിയന്തര ഘട്ടങ്ങളിൽ ടാങ്കർലോറി വഴി കുടിവെള്ളം വിതരണം ചെയ്യാറുണ്ട്. വാട്ടർ അതോറിറ്റിയുടെ ടാങ്കർ ലോറികൾക്ക് പുറമേ തദ്ദേശ സ്ഥാപനങ്ങളും റവന്യൂ വകുപ്പും ഏർപ്പാടു ചെയ്യുന്ന ടാങ്കർ ലോറികൾ വഴിയും അടിയന്തരഘട്ടങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാറുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആക്ഷേപം ലഭിച്ചാൽ അതിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതി**

185 (2465) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്റ്റ്) പദ്ധതിയിൽ ചെങ്കള, മൂളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പുരോഗതി ഏതുവരെയായെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്) പദ്ധതിയിൽ ചെങ്കള, മൂളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് ഒന്നാം ഘട്ടത്തിനായി 2012-ലെ എസ്.എൽ.എസ്.സി.യിൽ 1980 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടത്തിന് 2013-ൽ 2350 ലക്ഷം രൂപയ്ക്ക് നബാർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ:

1. ഇൻടേക്ക് വെൽ കം പമ്പ് ഹൗസ്
2. റോ വാട്ടർ പമ്പിംഗ് മെയിൻ
3. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
4. 3 ഉപരിതല ജലസംഭരണികൾ
5. 30 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാല

ഇവയിൽ പ്ലാന്റ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. ശുദ്ധീകരണ ശാലയുടെ പ്രവൃത്തി പ്രാഥമിക ഘട്ടത്തിലാണ്. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നബാർഡിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ.

1. 3 ജലസംഭരണികൾ
2. ഗ്രാവിറ്റി മെയിൻ
3. 75 കിലോമീറ്റർ ജലവിതരണ ശൃംഖല എന്നിവയാണ്. ഇവയുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

(സി) ഈ പദ്ധതി ജനവരി 2017-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**മാവേലിക്കര ഭരണിക്കാവ് കുടിവെള്ള പദ്ധതി**

186 (2466) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഭരണിക്കാവ് (കാരനികാട്) കുടിവെള്ള പദ്ധതി നാളിതുവരെയായി പൂർത്തീകരിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ഇ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ റീത്തുപള്ളി-മഞ്ചാടിത്തറ റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എം.എൽ.എ.യുടെ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയിലെ ശുദ്ധജല പദ്ധതിക്കായി**

**വെട്ടിപ്പൊളിച്ച റോഡുകൾ**

187 (2467) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ശുദ്ധജല പദ്ധതിയുടെ ഭാഗമായി എത്ര റോഡുകൾ വെട്ടിപ്പൊളിച്ചുവെന്ന് വിശദമാക്കാമോ; അവയുടെ പേരുവിവരവും നീളവും വ്യക്തമാക്കാമോ;

(ബി) പൊളിച്ച റോഡുകൾ പുനരുദ്ധരിക്കാൻ എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ എത്ര റോഡുകൾ പുനരുദ്ധരിച്ചുവെന്ന് വ്യക്തമാക്കാമോ; ശേഷിക്കുന്ന റോഡുകളുടെ നവീകരണം എന്ന് പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ചെറുതുരുത്തി തടയണ നിർമ്മാണം**

188 (2468) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതുരുത്തി തടയണ നിർമ്മാണം ആരംഭിച്ചത് എന്നാണ്; ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; നിർമ്മാണ പ്രവർത്തനങ്ങൾ എത്ര ശതമാനം പൂർത്തിയായെന്ന് വിശദമാക്കാമോ;

(ബി) കൃഷിക്കും കുടിവെള്ള പദ്ധതികൾക്കും വളരെ പ്രയോജനകരമായ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാത്തത് മൂലമുണ്ടായ നഷ്ടത്തിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തടയണ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചെറുതുരുത്തി തടയണയുടെ നിർമ്മാണം ആരംഭിച്ചത് 20-11-2008-ലാണ്. ഇതിനായി 2.8 കോടിരൂപ ചെലവഴിച്ചു. 25 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത പദ്ധതി RMF-ൽ ഉൾപ്പെട്ടതാണ്. ടി പദ്ധതി ഏറ്റെടുത്ത കരാറുകാരൻ നിര്യാതനായതിനാൽ പൂർത്തിയാക്കാതെ അവസാനിപ്പിക്കേണ്ടിവന്നു. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 14.50 കോടിരൂപയുടെ എസ്റ്റിമേറ്റ് RMF പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ചാലക്കുടിയിലെ വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ്**

189 (2469) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 പഞ്ചായത്തുകളും 100 കിലോമീറ്ററിലധികം ദൈർഘ്യവും പ്രവർത്തന മേഖലയായിട്ടുള്ള ചാലക്കുടി വാട്ടർ അതോറിറ്റി സബ് ഡിവിഷന്റെ കീഴിൽ ഒരു സെക്ഷൻ ഓഫീസ് കൂടി അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൂടുതൽ സ്റ്റാഫിനേയോ അധിക സാമ്പത്തിക ബാധ്യതയോ ഇല്ലാതെ തന്നെ ചാലക്കുടിയിൽ ഒരു സെക്ഷൻ ഓഫീസ് കൂടി രൂപീകരിക്കുന്നതിന് അടിയന്തിര

നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വരൾച്ച നേരിടുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ**

190 (2470) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) ടാങ്കറുകളിലും പൈപ്പുകളിലും വരൾച്ചക്കാലത്ത് വിതരണം ചെയ്തുവരുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(സി) വെള്ളത്തിന്റെ ഉപഭോഗം, ചൂഷണം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിച്ച സംവിധാനങ്ങൾ വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജലക്ഷാമം നേരിടുന്നതിന് കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
2. കേടായ പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ
3. പമ്പ് സെറ്റുകൾ മാറ്റിവയ്ക്കുന്ന പ്രവൃത്തികൾ
4. വാട്ടർ ലൈനുകളിലുള്ള ലീക്കുകൾ മാറ്റുക
5. സാങ്കേതികമായി സാദ്ധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യതയനുസരിച്ച് പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുക.
6. തകരാറിലായ പൈപ്പ് ലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് ജലം തിരിച്ചുവിടുകയും ചെയ്യുക.

8. ഇൻഫിൽട്രേഷൻ ഗ്യാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ലഷ് ചെയ്യുകയും ചെയ്യുക.

9. വാൽവുകൾ നിയന്ത്രിച്ചും പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിത സമയത്ത് കുടിവെള്ളം നൽകുക മുതലായവ.

(ബി) ടാങ്കറുകളിൽ വരൾച്ചാകാലത്ത് വിതരണം ചെയ്തുവരുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ അതാത് പ്രൈമറി ഹെൽത്ത് സെന്ററുകളിലെ മെഡിക്കൽ ഓഫീസർ വാട്ടർ സാമ്പിളുകളുടെ രാസ, ഭൗതിക, ബാക്ടീരിയോളജി പരിശോധനകൾ നടത്തി പരിശോധനാ റിപ്പോർട്ട് അയച്ചുതരുന്നുണ്ട്. ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം നിശ്ചിത എണ്ണം വാട്ടർ സാമ്പിളുകൾ സൗജന്യമായി പരിശോധന നടത്തിവരുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം വിവിധ ശുദ്ധീകരണശാലകളിലെ ഗുണനിലവാര പരിശോധനാലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്. കൂടാതെ ഇപ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ സാമ്പിളുകളിൽ ശേഖരിച്ച് ഗുണനിലവാര പരിശോധനാ ലാബുകളിൽ ഇന്ത്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചുവരുന്നു.

ഇപ്രകാരം പ്രവർത്തിക്കുന്ന 14 ജില്ലാതല ലാബുകളും എറണാകുളം ജില്ലയിലെ നെട്ടൂരിൽ ഒരു സംസ്ഥാന ലാബും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വെള്ളത്തിന്റെ ഉപഭോഗം നിയന്ത്രിക്കുന്നതിന് ബൾക്ക് കൺസ്യൂമേഴ്സിന് കണക്ഷൻ നൽകുമ്പോൾ തന്നെ നിശ്ചിത തോതിൽ കൂടുകയില്ലെന്ന് എഗ്രിമെന്റ് വയ്ക്കാറുണ്ട്. ഇത്തരം ഉപഭോക്താക്കളുടെ ജല ഉപഭോഗം നിരീക്ഷിക്കുന്നുമുണ്ട്. ജലചൂഷണം തടയുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു.

**കായംകുളം ദേശീയ ജലപാത**

191 (2471) <u>ശ്രീ. സി. കെ സദാശിവൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ടൂറിസം പദ്ധതി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി

കായംകുളം ദേശീയ ജലപാതയിൽ നിന്നും ഡി.റ്റി.പി.സി. അമിനിറ്റി സെന്റർവരെയുള്ള ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിക്ക് എന്നാണ് കരാർ നൽകിയതെന്നും എത്ര കി.മി. നീളത്തിലും വീതിയിലും ആണ് ഉപജലപാത വീണ്ടെടുക്കുന്നതിനുള്ള ഡ്രഡ്ജിംഗ് നടത്തുന്നത് എന്നും വിശദമാക്കാമോ;

(ബി) ഡ്രഡ്ജിംഗ് നടത്തുന്ന ഭാഗത്ത് കരിമണൽ ഉണ്ട് എന്ന വാദത്തിൽ എന്തെങ്കിലും കഴമ്പുണ്ടോയെന്നും ഏതെങ്കിലും ഏജൻസികൾ ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്റെ ഉള്ളടക്കം എന്തെന്നും വിശദമാക്കാമോ;

(സി) കരാർ ഏറ്റെടുത്ത കമ്പനി ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട് പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്നും ഇത് കരാറുകാർ പൂർണ്ണമായി പാലിക്കുന്നുണ്ടോ എന്നും ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്തെന്നും ഈ പദ്ധതി പൂർണ്ണതയിൽ എത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കായംകുളം ടൂറിസം പദ്ധതി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കായംകുളം ദേശീയ ജലപാതയിൽ നിന്നും ഡി.റ്റി.പി.സി. അമിനിറ്റി സെന്റർ വരെയുള്ള ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിക്കുവേണ്ട കരാർ 2014 നവംബർ 21-ാം തീയതി നൽകുകയും അതുപ്രകാരം 4 കിലോമീറ്റർ നീളത്തിലും ശരാശരി 40 മീറ്റർ വീതിയിലും ഡ്രഡ്ജിംഗ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഡ്രഡ്ജിംഗ് നടത്തുന്ന ഭാഗത്തെ കരിമണലിന്റെ സാന്നിദ്ധ്യത്തെ കുറിച്ച് ഈ ഭാഗത്തുനിന്ന് എടുത്ത മണലിന്റെ സാമ്പിളുകൾ M/s. IREL, M/s. KMML എന്നീ പൊതുമേഖലാ സ്ഥാപനങ്ങളും അറ്റോമിക് എനർജി വകുപ്പിന്റെ കീഴിലുള്ള ലാബും പരിശോധന നടത്തുകയും പ്രസ്തുത പരിശോധനാ റിപ്പോർട്ട് ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതിന് 2015 ഫെബ്രുവരി 27-ന് കൂടിയ യോഗത്തിൽ മൂന്ന് സ്ഥാപനങ്ങളുടെയും സാമ്പിൾ പരിശോധനാഫലം എല്ലാം സാമ്യമുള്ളതും ഹെവി മിനറൽസിന്റെ ഏറ്റവും കൂടിയ സാന്നിദ്ധ്യം 7.8 എന്നും കണ്ടെത്തുകയുണ്ടായി.

(സി) കരാർ ഏറ്റെടുത്ത കമ്പനി താഴെപ്പറയുന്ന വ്യവസ്ഥകൾ

പാലിക്കേണ്ടതായിട്ടുണ്ട്.

1. 4 കിലോമീറ്റർ നീളത്തിലും ശരാശരി 40 മീറ്റർ വീതിയിലും ലോ വാട്ടർ ലെവലിൽ നിന്നും 2.5 മീറ്റർ ഡ്രാഫ്റ്റ് കിട്ടത്തക്ക രീതിയിൽ അവിടെ അടിഞ്ഞ് കൂടിയിട്ടുള്ള സിൽറ്റ് ഉൾപ്പെടെയുള്ള സെഡിമെന്റ്സ് മാറ്റണം.
2. ഇങ്ങനെ മാറ്റുന്ന സെഡിമെന്റ്സ് ഒരു ക്യൂബിക് മീറ്ററിന് 203 രൂപ എന്ന നിരക്കിൽ അടയ്ക്കേണ്ടതുണ്ട്.
3. ഇങ്ങനെ ഡ്രഡ്ജ് ചെയ്ത് നീക്കുമ്പോൾ അടുത്തുള്ള കരയ്ക്കോ നിലവിലുള്ള സ്ട്രക്ച്ചറുകൾക്കോ യാതൊരു രീതിയിലും കേടുപാടുകൾ സംഭവിക്കാൻ പാടില്ല.
4. നിലവിൽ ജലഗതാഗതത്തിന് ഉപയോഗിച്ചുവരുന്ന വഴി ആയതിനാൽ നിലവിൽ ഗതാഗതം നടത്തുന്ന ബോട്ടുകൾക്കോ മറ്റ് വാഹനങ്ങൾക്കോ തടസ്സം വരാത്ത രീതിയിൽ വേണം ഡ്രഡ്ജിംഗ് നടത്തേണ്ടത്.
5. ഡ്രഡ്ജ് ചെയ്ത് കിട്ടുന്ന സെഡിമെന്റ്സ് സൈറ്റിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ വെള്ളത്തിൽ നിക്ഷേപിക്കാൻ പാടില്ലാത്തതാണ്.
6. ഡ്രഡ്ജ് ചെയ്യുന്ന സെഡിമെന്റ്സ് കരാറുകാരന് വ്യാവസായിക അടിസ്ഥാനത്തിൽ വിൽക്കുന്നതിനുവേണ്ടി നീക്കം ചെയ്യാവുന്നതാണ്.

പല കാരണങ്ങളാൽ പ്രവൃത്തിയിൽ തടസ്സം നേരിട്ടതിനാൽ കരാർ കാലാവധി 2016 ജനുവരി 10 വരെ നീട്ടി കൊടുക്കുകയുണ്ടായെങ്കിലും കാലാവധി തീരുന്നതിന് മുമ്പേ പ്രവർത്തനം പൂർത്തീകരിക്കാത്തതുകൊണ്ട് കരാറുകാരനെതിരെ ടെർമിനേഷൻ നോട്ടീസ് ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ എടുത്തുവരികയാണ്.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ട്. ഖനനം ചെയ്യുന്ന സെഡിമെന്റ്സിൽ വാണിജ്യാടിസ്ഥാനത്തിൽ വേർതിരിച്ചെടുക്കാവുന്ന കരിമണലിന്റെ സാന്നിദ്ധ്യമുണ്ടെന്ന നിർദ്ദേശം പല വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഉയർന്ന സാഹചര്യത്തിൽ അത് തിട്ടപ്പെടുത്താൻ പല ഏജൻസികൾ മുഖേന നടപടി സ്വീകരിച്ചുവന്ന ഘട്ടത്തിൽ കരാറുകാരന് ഏകദേശം 10 മാസംവരെ പ്രവൃത്തി ചെയ്യാൻ തടസ്സം വന്നിട്ടുണ്ട്. നീട്ടി കൊടുത്ത കരാർ

കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ടെർമിനേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും അതിനുശേഷം പുനർലേലം ചെയ്ത് പ്രവൃത്തി പൂർണ്ണതയിൽ എത്തിക്കുന്നതുമാണ്.

**തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ദേശീയ ജലപാത**

192 (2472) <u>ശ്രീ. ജെയിംസ് മാത്യു</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണം പൂർത്തിയാക്കുകയും വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെടുത്തുകയും ചെയ്യുമെന്ന വാഗ്ദാനം നടപ്പാക്കാൻ കഴിയാതിരുന്ന തെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

590 കിലോമീറ്റർ നീളമുള്ള തിരുവനന്തപുരം-കാസർഗോഡ് ജലപാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്റർ ദൂരം മാത്രമാണ് ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കിലോമീറ്ററും ആലപ്പുഴ സീറോജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. പ്രസ്തുത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാനുള്ള നടപടികളാണ് നടന്നുവരുന്നത്. ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റുമാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും കൊല്ലം-ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite bed) മുതലായവയാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ. സംസ്ഥാന ജലപാത തെക്ക് കോവളം മുതൽ കൊല്ലം വരെയും (74 കിലോമീറ്റർ) വടക്ക് കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും (348 കിലോമീറ്റർ) വ്യാപിച്ചുകിടക്കുന്നു. ദേശീയ ജലപാത

കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ദീർഘിപ്പിക്കുന്നതിനാണ് ഇപ്പോൾ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. സംസ്ഥാന ജലപാതയിൽ നബാർഡ്, സംസ്ഥാന ഫണ്ട്, 13-ാം ധനകാര്യകമ്മീഷൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. വ്യത്യസ്ത ഭാഗങ്ങളിൽ പ്രവൃത്തികളിൽ ചിലത് പൂർത്തീകരിച്ചും ബാക്കിയുള്ളവ പുരോഗമിച്ചും വരുന്നു. പ്രസ്തുത പാതകളുടെ പ്രവൃത്തികൾ പൂർത്തിയാക്കി ഗതാഗത യോഗ്യമാകുന്ന മുറയ്ക്ക് വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിശോധിക്കാവുന്നതാണ്.

**അന്യസംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ**

193 (2473) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി എത്ര ലേബർ ക്യാമ്പുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനകം എത്ര ക്യാമ്പുകൾ നിർമ്മിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരം ക്യാമ്പുകളുടെ നിർമ്മാണത്തിനായി എത്ര തുക നീക്കിവച്ചു; എത്ര തുക ചെലവഴിച്ചു;

(സി) പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്റർ പ്രകാരം സംസ്ഥാനത്തെ അന്യദേശ തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ നിർമ്മിക്കുന്നതിന് ഭവനം ഫൗണ്ടേഷൻ കേരളയെയാണ് ചുമതലപ്പെടുത്തി യിട്ടുള്ളത്. ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്ന-ഘർ പദ്ധതി. അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നൽകുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്രാ ഐ.ഐ.റ്റി.പി., കഞ്ചിക്കോടിൽ (കിൻഫ്രയിൽ നിന്നും സ്ഥലം ലീസിന് എടുത്ത്) 42,000 സ്ക്വയർ

ഫീറ്റ് വിസ്തീർണ്ണമുള്ള ഗ്രൗണ്ട് + 3 പാർപ്പിട സമുച്ചയം എല്ലാ സൗകര്യങ്ങളോടും കൂടി നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും 2016 മാർച്ച് 31-ഓടുകൂടി ഒന്നാംഘട്ട പണി പൂർത്തിയാക്കി തൊഴിലാളികൾക്ക് താമസ സൗകര്യത്തിന് വിട്ടുനൽകുന്നതുമാണ്.

(ബി) അപ്ന-ഘർ പദ്ധതിക്കുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 2.5 കോടിരൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 3 കോടിരൂപയും അനുവദിച്ചു. 2015-16 സാമ്പത്തിക വർഷത്തിലെ 3 കോടിരൂപയുടെ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. ഇതുവരെ അനുവദിച്ച 5.5 കോടി രൂപയിൽ 3 കോടിരൂപ ചെലവായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിലെ കണക്കുകൾ പ്രകാരം 134177-ൽപ്പരം ഇതര സംസ്ഥാന തൊഴിലാളികൾ 2015 ഒക്ടോബർ 30 വരെ സംസ്ഥാനത്ത് എത്തിയതായി കണക്കാക്കുന്നു. എന്നാൽ 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നാളിതുവരെ ഇതര സംസ്ഥാന തൊഴിലാളികളായ 52422 പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പിനുവേണ്ടി 2015-ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം 2500000 അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്തുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

### ബീഡി ഉല്പാദകർ

194 (2474) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ സംഘങ്ങൾ ഉൾപ്പെടെ എത്ര ബീഡി ഉല്പാദകർ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്നും ഏതൊക്കെ ഉല്പാദകരുടെ കീഴിലാണ് ജോലി ചെയ്യുന്നതെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

### ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോട്ടലുകൾ എന്നീ തൊഴിൽ മേഖലകളിലെ പരിശോധനകൾ

195 (2475) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ടെക്സ്റ്റൈൽ ഷോപ്പുകളിലും ഹോട്ടലുകളിലും അന്യ സംസ്ഥാനത്തു നിന്നുമുള്ള ജീവനക്കാരെ ജോലിക്കായി നിയോഗിക്കുമ്പോൾ ഇവർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിക്കുന്നുണ്ടോയെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലിടങ്ങളിൽ ജീവനക്കാർക്ക് യാതൊരു വിധ അടിസ്ഥാന സൗകര്യങ്ങളും പലപ്പോഴും ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ തൊഴിൽ സാഹചര്യം പരിശോധിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള പരിശോധനകൾ പ്രസ്തുത സ്ഥാപനങ്ങളിൽ ക്രമമായ ഇടവേളകളിൽ നടത്താറുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവർ പ്രത്യേകിച്ച് സ്ത്രീകൾ പലപ്പോഴും തൊഴിൽ ചൂഷണങ്ങൾക്ക് വിധേയമാകുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലെയും റസ്റ്റോറന്റുകളിലെയും ജീവനക്കാർക്ക് 23-7-2009 തീയതിയിലെ സർക്കാർ ഉത്തരവ് (എം. എസ്) 100/2009 പ്രകാരമുള്ള മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം 8 മണിക്കൂർ ജോലിയും അധിക സമയം ജോലിക്ക് അധിക വേതനവുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുന്ന സമയങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ടോ യെന്ന് പരിശോധിക്കുകയും മറ്റ് തൊഴിലാളികൾക്ക് നൽകുന്നതുപോലെ അന്യസംസ്ഥാന തൊഴിലാളികൾക്കും മിനിമം വേതനം നൽകുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യാറുണ്ട്. കൂടാതെ നിയമലംഘനങ്ങൾ കണ്ടെത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം ഉൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കാറുണ്ട്. സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനും ആയത് ഓൺലൈനായി പരിശോധിക്കുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കി വരികയാണ്.

(ബി) സ്ഥാപനങ്ങളിൽ സ്ക്വാഡ് ഇൻസ്പെക്ഷൻ, പീരിയോഡിക്കൽ ഇൻസ്പെക്ഷൻ എന്നിവ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. കൂടാതെ ജീവനക്കാരിൽനിന്നും ലഭ്യമാകുന്ന പരാതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുകയും തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ/ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഉണ്ട്. 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നടപടികൾ സ്വീകരിക്കുകയും 16-9-2015-ലെ ജി.ഒ.(പി) നമ്പർ 134/2015/എൽ.ബി.ആർ. നമ്പർ ഉത്തരവ് പ്രകാരം തൊഴിലാളികൾക്ക് നിയമന ഉത്തരവ് നൽകണമെന്നും ആവശ്യമായ വിശ്രമസ്ഥലം നൽകണമെന്നും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ലാട്രിൻ/യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ സ്ഥാപനങ്ങളിലും കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം റൂൾ 6(B) പ്രകാരം തൊഴിൽ ചൂഷണങ്ങൾക്കെതിരെ ഒരു അഞ്ചംഗ Compliant Committee രൂപീകരിക്കുകയും ആയത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുകയും ചെയ്യുന്നതാണ്. അപകടം പിടിച്ച മേഖലയിലുള്ള തൊഴിലാളികൾക്ക് സംരക്ഷണ സാമഗ്രികൾ നൽകണമെന്നും പ്രഥമ ശുശ്രൂഷാ സംവിധാനം ഒരുക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ഇരുപതും അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം നൽകണമെന്നും സ്ത്രീ/പുരുഷ തൊഴിലാളികൾക്ക് സൗജന്യമായി താമസ സൗകര്യം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും ഉറപ്പ് വരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശംനൽകിയിട്ടുണ്ട്.

**ആം ആദ്മി ബീമാ യോജന പദ്ധതി**

196 (2476) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ആം ആദ്മി ബീമാ യോജന പദ്ധതിയിലൂടെ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്;

(സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനായി സർക്കാർ 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ 965697 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ 56299 പുതിയ കുടുംബങ്ങളെ 'ആം ആദ്മി ബീമാ യോജന' പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## ഖാദി തൊഴിലാളി ക്ഷേമനിധി

197 (2477) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതത്തിൽ ഭീമമായ കുടിശ്ശികയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര തുക ഈ ഇനത്തിൽ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക അടച്ചുതീർക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് 2015-16 സാമ്പത്തിക വർഷം വരെ 7,38,44,271 (ഏഴുകോടി മുപ്പത്തിയെട്ട് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി ഇരുന്നൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) രൂപ കുടിശ്ശിക നൽകുവാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണനയിലാണ്.

**ക്ഷേമനിധി പെൻഷനുകൾ**

198 (2478) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ നിധി പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ പെൻഷനുകൾ എത്ര മാസങ്ങളായി കുടിശ്ശികയായിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകത്തൊഴിലാളി പെൻഷൻ, അസംഘടിത തൊഴിലാളി പെൻഷൻ, മരംകയറ്റത്തൊഴിലാളി പെൻഷൻ എന്നിവയാണ് തൊഴിൽ വകുപ്പ് നേരിട്ട് വിതരണം നടത്തുന്ന പെൻഷനുകൾ. 2015 ഡിസംബർ വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് വിതരണത്തിനായി നിക്ഷേപിച്ചിട്ടുണ്ട്. ജനുവരി 2016-ലെ കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വിതരണം നടത്തുന്നതിനുള്ള നടപടിക്രമം നടന്നുവരുന്നു. 2015 മാർച്ച് വരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ ജില്ലാ ലേബർ ഓഫീസർമാർക്ക് വിതരണത്തിനായി നൽകിയിട്ടുണ്ട്. 2015 ഏപ്രിൽ മുതൽ നാളിതുവരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. 2015 സെപ്റ്റംബർ വരെയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുള്ളതും അവശേഷിക്കുന്ന പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതും വിതരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ്, ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി, സിഗാർ തൊഴിലാളികളുടെ പെൻഷൻ, കേരള ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളി പദ്ധതി, ബാർബർ ബ്യൂട്ടീഷൻസ് തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി എന്നിവയിൽ ആഗസ്റ്റ് 2015 മുതൽ പെൻഷൻ കുടിശ്ശികയാണ്. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് സ്കാറ്റേർഡ് വിഭാഗത്തിന് മാർച്ച് 2014 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള ബിൽഡിംഗ് വർക്കേഴ്സ് വെൽഫെയർ സെസ്സ്

199 (2479) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബിൽഡിംഗ് വർക്കേഴ്സ് വെൽഫെയർ സെസ്സ് പിരിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ പുതുതായി ഇറക്കിയിട്ടുള്ള സ്ലാബ് സമ്പ്രദായത്തിന്റെ അപാകത പരിഹരിക്കുമോ; സെസ്സ് നിർണ്ണയത്തിൽ മുൻകാലങ്ങളിൽ നിശ്ചയിച്ചിരുന്ന അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; 100 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങളെ സെസ്സിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമപ്രകാരം സെസ്സ് പിരിക്കുന്നതിനായി എല്ലാ ജില്ലകളിലും ഡെപ്യൂട്ടി ലേബർ ഓഫീസർമാരേയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I മാരേയും അസസ്സിംഗ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇതിനായി കെട്ടിട നിർമ്മാണം നടത്തിയവരുടെ വിവരങ്ങൾ, ബിൽഡിംഗ് നമ്പർ, ഏരിയ, ഓർഡർ മുതലായവ താലൂക്ക് ആഫീസിൽ നിന്നും ശേഖരിക്കുകയും അതിന്മേൽ നിയമപ്രകാരം നോട്ടീസ് നൽകി സെസ്സ് പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) 1996-ലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് നിയമപ്രകാരം 10 ലക്ഷത്തിൽ കുറവ് തുക വരുന്ന സ്വന്തമായി താമസത്തിനുള്ള വീടുകളെ സെസ്സ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതും 10 ലക്ഷത്തിന് മുകളിൽ വരുന്ന വീടുകൾക്ക് ഒരു ശതമാനം ബിൽഡിംഗ് സെസ്സ് അടയ്ക്കേണ്ടതുമാണ്. മറ്റ് കൊമേഴ്സ്യൽ ആവശ്യങ്ങൾക്ക് നിർമ്മിച്ച കെട്ടിടങ്ങൾക്ക് നിർമ്മാണ ചെലവിന്റെ ഒരു ശതമാനം കണക്കാക്കി സെസ്സ് അടയ്ക്കേണ്ടതുമാണ്. സെസ്സ് നിർണ്ണയം സംബന്ധിച്ച് പരാതി പരിഹരിക്കുന്നതിനായി നിർമ്മാണച്ചെലവ് ഏകീകരിച്ചുകൊണ്ട് പുതുക്കിയ മാർഗ്ഗരേഖ 16-12-2015 തീയതിയിൽ ഉത്തരവായിട്ടുണ്ട്. 100 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങളെ ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## തോട്ടം തൊഴിലാളികളുടെ വേതന-സേവന വ്യവസ്ഥകൾ പരിഷ്കരണം

200 (2480) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതന-സേവന-വ്യവസ്ഥകൾ പരിഷ്കരിക്കുമെന്നും ചികിത്സ, ഗതാഗതം, കുടിവെള്ളം, വിദ്യാഭ്യാസം, ഭവനം എന്നിവ ലയങ്ങളിൽ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന വാഗ്ദാനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) തോട്ടം തൊഴിലാളികൾ പ്രത്യക്ഷ സമരപരിപാടികളുമായി മുന്നോട്ടുവരാൻ നിർബന്ധിതരായത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 1. <u>മിനിമം വേതന പരിഷ്കരണം</u> :

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെയും ജനപ്രതിനിധി കളുടെയും ഇടപെടലുകളുടെ ഭാഗമായി 14-10-2015-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ കൂലി വർദ്ധനവ് സംബന്ധിച്ച് ധാരണയിലെത്തുകയും അടിസ്ഥാന വേതനവും ക്ഷാമബത്തയും അടക്കം തേയിലയിലും കാപ്പിയിലും 301 രൂപയും റബ്ബറിൽ 381 രൂപയും ഏലത്തിൽ 330 രൂപയും ആയി കൂലി വർദ്ധന വരുത്താൻ തീരുമാനിക്കുകയും വർദ്ധിപ്പിച്ച കൂലി നിരക്കുകൾ 2015 നവംബർ 1 മുതൽ നടപ്പിലാക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. ആയതിനുശേഷം വിവിധ തീയതികളിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്ന് കരാറിന്റെ ഭാഗമായി ജോലി ഭാരം (ടാസ്ക്), മാസ ശമ്പളക്കാരുടെ കൂലി, വേജ് ഡിഫറൻഷ്യൽ, ക്ഷാമബത്തയുടെ ലയനം, ഓവർകിലോ റേറ്റ്, സർവ്വീസ് വെയിറ്റേജ്, റബ്ബർ മേഖലയിലെ പ്രതിസന്ധി, കൂലി വർദ്ധനയുടെ മുൻകാല പ്രാബല്യം തുടങ്ങിയ വിഷയങ്ങൾ ഓരോന്നായി ചർച്ച ചെയ്യുകയും മിക്ക വിഷയങ്ങളിലും ധാരണയുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

20-1-2016-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ പ്ലാന്റേഷൻ മേഖലയിൽ ആഴത്തിലുള്ള പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ റബ്ബർ വ്യവസായത്തിലെ സേവന വ്യവസ്ഥകൾ സംബന്ധിച്ചും കരാർ കാലാവധി, മുൻകാല പ്രാബല്യം എന്നിവ സംബന്ധിച്ചും സമവായം സാധ്യമല്ലെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് ഇരുകക്ഷികളുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് പ്രസ്തുത വിഷയങ്ങളിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ ഉണ്ടായിട്ടുള്ള ധാരണകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ 28-1-2016-ലെ 428/ഇ 1/2016/തൊഴിൽ പ്രകാരം പ്രാഥമിക മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2. <u>ക്യാബിനറ്റ് സബ് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ</u> :

29-9-2015-ൽ ചേർന്ന ക്യാബിനറ്റ് സബ്കമ്മിറ്റി പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയ്ക്ക് ആശ്വാസം നൽകുന്നതിനും നിലവിലുള്ള പ്രതിസന്ധി മറികടക്കുന്നതിനും 9-11-2015-ലെ ജി.ഒ. (എം.എസ്.) നമ്പർ 166/2015/ തൊഴിൽപ്രകാരം ലയങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ട്. മേൽ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

(1) പ്ലാന്റേഷൻ സ്കൂളുകളെ ഇംഗ്ലീഷ്, തമിഴ് മീഡിയം സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുക, സ്കൂളുകളില്ലാത്ത പ്ലാന്റേഷനുകളിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഭവനം ഫൗണ്ടേഷൻ മുഖേന നടപടി സ്വീകരിക്കുക, സ്കൂളുകളിൽ മെച്ചപ്പെട്ട അദ്ധ്യാപകരെ (പ്രത്യേകിച്ച് ഇംഗ്ലീഷ് അദ്ധ്യാപകർ) കൊണ്ടുവരുന്നതിന് കുട്ടി ഒന്നിന് 10,000 രൂപ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി അനുവദിക്കുന്നതാണ്.

(2) തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് പ്ലാന്റേഷൻ മേഖലയിലെ ഹൗസിംഗ് സ്കീമിന് പദ്ധതി തയ്യാറാക്കുന്നതാണ്. ഇതിനായി 150 കോടിരൂപ അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതാണ്. ആയതിന്റെ നടത്തിപ്പിനായി ഭവനം ഫൗണ്ടേഷനെ ചുമതലപ്പെടുത്തുന്നതാണ്.

(3) പ്ലാന്റേഷനുകളിലെ കുടിവെള്ളം, ശൗചാലയങ്ങൾ, റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുന്നതാണ്.

(4) പ്ലാന്റേഷൻ തൊഴിലാളികളെ ആർ.എസ്.ബി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(5) പ്ലാന്റേഷൻ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

3. വാസയോഗ്യമായ ലയങ്ങൾ :

തോട്ടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്ക് വാസയോഗ്യമായി ലയങ്ങൾ അറ്റകുറ്റപ്പണികൾ തീർത്ത് നവീകരിക്കുന്നതിനും പുതിയ നിർമ്മാണപ്രവർത്തനം ഘട്ടംഘട്ടമായി നടത്തുന്നതിനും 5 വർഷത്തെ പദ്ധതി തയ്യാറാക്കുകയും അപ്രകാരം നടപ്പുസാമ്പത്തിക വർഷം തന്നെ 20 കോടി രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഈ ജോലികൾ '1974-ലെ സബ്സിഡൈസ്ഡ് ഹൗസിംഗ് സ്കീം ഫോർ പ്ലാന്റേഷൻ ലേബർ കേരള' ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിൽ വരുത്താനും തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി കേരള പ്ലാന്റേഷൻ ഹൗസിംഗ് അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2016-17-ലെ പദ്ധതിയിൽ പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശാനുസരണം ലയങ്ങൾ പുനർനിർമ്മിക്കുന്നതിന് ഭവനം ഫൗണ്ടേഷൻ കേരള (ബി.എഫ്.കെ.) മുഖേന 55 കോടിരൂപയുടെ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്.

4. ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി :

പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരാത്തതും 5 ഹെക്ടറിൽ താഴെ ഭൂമിയുള്ളവരുമാണ് 2008-ലെ കേരള ചെറുകിടതോട്ടം തൊഴിലാളി ആക്ടിന്റെ വകുപ്പ് മൂന്ന് പ്രകാരം രൂപീകരിച്ചിട്ടുള്ള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ വരുന്നത്. പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം പരമാവധി 10,000 രൂപ, ഭവനനിർമ്മാണ വായ്പ, മരണാനന്തര ധനസഹായമായി 10,000 രൂപ (പദ്ധതിയിൽ അംഗമായി മൂന്ന് വർഷം അംശദായം അടച്ച തൊഴിലാളികൾക്ക് 1500 രൂപയും തുടർന്ന് ഓരോ വർഷവും 400 രൂപ വീതം കണക്കാക്കി പരമാവധി 10,000 രൂപയും പദ്ധതി പ്രകാരം നൽകുന്നു.) വിദ്യാഭ്യാസ ധനസഹായം, കുടുംബപെൻഷൻ (15 വർഷമെങ്കിലും ചെറുകിടതോട്ടം തൊഴിലാളി ആയിരുന്നതും തുടർച്ചയായി 3 വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ചവരുന്നതുമായ ഒരംഗമോ, ഈ പദ്ധതി

പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ പെൻഷൻ ലഭിക്കുവാൻ അർഹതപ്പെട്ട അംഗമോ., മരണപ്പെട്ടാൽ അയാളുടെ കുടുംബപെൻഷന് അർഹതയുണ്ടായിരിക്കും), അവശതാ പെൻഷൻ, (രണ്ട് വർഷത്തിൽ കൂടുതൽ കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന അംഗത്തിന് പൂർണ്ണ അവശത തുടരുന്ന പക്ഷം, അങ്ങനെ രണ്ട് വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ പ്രതിമാസം അവശതാപെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്). കുറഞ്ഞത് ഒരു വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുകയും ഇ.എസ്.ഐ. ആക്ടിന്റെ പരിധിയിൽ വരാത്തതുമായ തൊഴിലാളികൾക്ക് പ്രസവാനന്തര ധനസഹായമായി 2000 രൂപ ക്ഷേമനിധി പദ്ധതിയിൽനിന്നും 13,000 രൂപ 2012-ലെ അസംഘടിത സ്ത്രീ തൊഴിലാളി പ്രസവാനുകൂല്യ പദ്ധതിയിൽനിന്നും നൽകുന്നു. 10 വർഷം വരെ ക്ഷേമനിധി അടയ്ക്കുന്നവർക്ക് 200 രൂപ പെൻഷൻ വർഷന്തോറും 15 രൂപ കൂടി വരുന്ന നിരക്കിൽ നൽകിവരുന്നു.

5. <u>മെച്ചപ്പെട്ട ചികിത്സാ സൗകര്യം :</u>

തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് അടിയന്തര ഘട്ടങ്ങളിൽ അൾട്രാ സൗണ്ട് സ്കാനിംഗ്, എൻഡോസ്കോപ്പി, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ ആധുനിക ചികിത്സയ്ക്ക് വിധേയമാകുന്ന സാഹചര്യത്തിൽ തോട്ടംവക ഗാർഡൻ/ഗ്രൂപ്പ് ഹോസ്പിറ്റലുകൾ, തോട്ടവുമായി ബന്ധപ്പെടുത്തിയ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ശിപാർശ ചെയ്യുന്ന സാഹചര്യങ്ങളിൽ തൊഴിലാളിക്കും തൊഴിലാളികളുടെ ആശ്രിതർക്കും വിദഗ്ദ്ധ ചികിത്സയ്ക്ക് ചെലവാകുന്ന തുക തൊഴിലുടമ റീ-ഇമ്പേഴ്സ് ചെയ്യുന്ന വ്യവസ്ഥയിൽ പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ അംഗീകാരത്തോടുകൂടി എം.ആർ.ഐ., അൾട്രാസൗണ്ട് സ്കാനിംഗ്, എൻഡോസ്കോപ്പി, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ഫിസിയോ തെറാപ്പി എന്നീ സൗകര്യങ്ങളും ക്ഷയം, ക്യാൻസർ, ഹൃദ്രോഗം എന്നിവയുടെ ചികിത്സയ്ക്ക് പ്രത്യേകം വാർഡുകളും സാംക്രമിക രോഗങ്ങൾ ചികിത്സിക്കുന്നതിനും പ്രസവശുശ്രൂഷയ്ക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം വാർഡുകളും തോട്ടങ്ങളോടനുബന്ധിച്ച ആശുപത്രികളിൽ സജ്ജീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 24-04-2013-ൽത്തന്നെ 1959-ലെ കേരള പ്ലാന്റേഷൻ ചട്ടങ്ങൾ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ മേൽ നോട്ടം നിർവ്വഹിക്കുന്നതിനും തോട്ടം മേഖലയിലെ ആരോഗ്യപരിപാലനത്തിനും കേരള പ്ലാന്റേഷൻ മെഡിക്കൽ അഡ്വൈസറിബോർഡ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

6. <u>എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി</u> :

നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തോട്ടങ്ങളിലെ മരണപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്ക് 25,000 രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷം 64 തൊഴിലാളികളുടെ ആശ്രിതർക്ക് ആകെ 16 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ, പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് പഠനത്തിന് ചെലവാകുന്ന തുക ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ മുഴുവനും തിരികെ ആനുകൂല്യമായി നൽകുന്ന രീതി നിലവിലുണ്ട്.

7. <u>പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി</u> :

പൂട്ടിക്കിടക്കുന്ന പ്ലാന്റേഷനുകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ആഫീസർ കൺവീനറുമായി പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കൂലി പ്രതിദിനം 500 രൂപയാക്കുക, 20 ശതമാനം ബോണസ് നൽകുക, മെഡിക്കൽ അഡ്വൈസറി ബോർഡ്, ഹൗസിംഗ് അഡ്വൈസറി ബോർഡ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് തൊഴിലാളികൾ സമരപരിപാടികൾ ആരംഭിച്ചത്. 22-5-2012-ൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഒപ്പുവച്ചത് ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലാണ്. ഏറ്റവും ഒടുവിലായി തൊഴിലാളികൾക്ക് വേതനം നിശ്ചയിച്ചത് 1-1-2012 മുതൽ 31-12-2014 വരെ ആയിരുന്നു. പ്രസ്തുത കരാറിന്റെ കാലാവധി പുതുക്കുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി യഥാസമയം വിളിച്ചുകൂട്ടിയെങ്കിലും കൂലി പരിഷ്കരണം നടപ്പാക്കാനായില്ല. പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി മൂലം ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാതെ കൂലി പരിഷ്കരിക്കുവാൻ സാധ്യമല്ലായെന്ന നിലപാടാണ് പ്ലാന്റേഷൻ ഉടമകൾ സ്വീകരിച്ചത്. ആയതിനാൽ തൊഴിലാളികളുടെ കൂലി വർദ്ധനവ് സംബന്ധിച്ച തീരുമാനം 9 മാസം നീണ്ടു പോയി. ഈ സാഹചര്യത്തിൽ മൂന്നാറിലെ കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.)-ലെ തോട്ടം തൊഴിലാളികൾ ബോണസ് വർദ്ധനവ് ആവശ്യപ്പെട്ട് സമരം ആരംഭിക്കുകയും ഇതേത്തുടർന്ന് വേതന വർദ്ധനവ് ആവശ്യപ്പെട്ട് സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ സമരം

ആരംഭിക്കുകയും ചെയ്തു. ലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുക, മെഡിക്കൽ ബില്ലുകൾ യഥാസമയം റീ-ഇമ്പേഴ്സ് ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാവുക, കാലാവസ്ഥാ സംരക്ഷണോപാധികൾ യഥാസമയം വിതരണം ചെയ്യാൻ നടപടികൾ ഉണ്ടാവുക, ശുചിമുറികളുടെ അപകടകരമായ ശോചനീയാവസ്ഥ പരിഹരിക്കുക, ലയങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടികൾ മെച്ചപ്പെടുത്തുക എന്നിവയായിരുന്നു തൊഴിലാളികൾ ഉന്നയിച്ച മറ്റ് ആവശ്യങ്ങൾ.

തോട്ടം തൊഴിലാളികളുടെ സമരം 14-10-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബിജോൺ, ബഹുമാനപ്പെട്ട ഊർജ്ജവകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി മീറ്റിംഗിൽ ധാരണയായി. പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ ഉണ്ടായിട്ടുള്ള ധാരണകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ 28-1-2016-ലെ 428/ഇ 1/2016/തൊഴിൽ പ്രകാരം പ്രാഥമിക മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**തെങ്ങ്-കവുങ്ങ് കയറ്റത്തൊഴിലാളികൾ**

201 (2481) <u>ശ്രീ. എസ്. ശർമ്മ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങ്-കവുങ്ങ് കയറ്റതൊഴിലാളികളെ വിദഗ്ദ്ധ തൊഴിലാളികളായി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും, വിദഗ്ദ്ധതൊഴിലാളി വിഭാഗത്തിൽ പ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ചികിത്സ, പെൻഷൻ, ക്ഷേമനിധി എന്നിവ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 20-3-1991-ലെ ജി.ഒ.(പി)21/91/തൊഴിൽ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുള്ള 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങ്-കവുങ്ങ് കയറ്റത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മരം കയറ്റത്തൊഴിലാളികൾക്ക് അംഗത്വം നൽകി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

(ബി) 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങ്-കവുങ്ങ് കയറ്റത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മരം കയറ്റത്തൊഴിലാളികൾക്ക് അംഗത്വം നൽകി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ഇതുകൂടാതെ കേരള മരം കയറ്റത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരം കയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്കും മരം കയറ്റത്തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്കും നിലവിൽ യഥാക്രമം 1,00,000 (ഒരുലക്ഷം രൂപ മാത്രം) രൂപയും 50,000 (അമ്പതിനായിരം രൂപ മാത്രം) രൂപയും നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതിനുപുറമേ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്ത വിധം പരിക്ക് പറ്റുന്ന തൊഴിലാളിക്കും മരത്തിൽ നിന്നും വീണ് മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ ത്തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**തൊഴിൽ നൈപുണ്യപദ്ധതി-സാങ്കേതിക വിദ്യാഭ്യാസം**

202 (2482) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് കോളേജുകൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസത്തിൽ നല്ല മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ സ്കോളർഷിപ്പുകൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ & ബി) തൊഴിൽ നൈപുണ്യപദ്ധതിയുമായി ബന്ധപ്പെട്ട് പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനോ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനോ തൊഴിലും നൈപുണ്യവും വകുപ്പിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ്

203 (2483) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ് & സ്കിൽ ഫിയസ്റ്റ - 2016, നടത്തിപ്പിനായി എത്ര തുക ചിലവഴിച്ചു; എന്ത് നേട്ടങ്ങളാണ് ഇതിലൂടെ കൈവരിക്കാനായത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ് & സ്കിൽ ഫിയസ്റ്റ-2016 നായി ജി.ഒ. (ആർ.ടി.) നമ്പർ 179/2016/തൊഴിൽ തീയതി 9-2-2016 പ്രകാരം 4.95 കോടി രൂപയുടെ എസ്റ്റിമേറ്റ് റീ-അപ്രോപ്രിയേഷന് വിധേയമായി അംഗീകരിച്ചിട്ടുണ്ട്. കണക്കുകൾ ക്രോഡീകരിച്ചതിനുശേഷം ചെലവഴിച്ച തുകയുടെ വ്യക്തമായ വിവരം സർക്കാരിൽ സമർപ്പിക്കുന്നതാണ് എന്ന് KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ സ്കിൽ ഫിയസ്റ്റ നടത്തിയത്. ഇതിലൂടെ കേരളത്തെ ഇന്ത്യയിലെ ഒരു സ്കിൽ ക്യാപ്പിറ്റൽ ആക്കി മാറ്റുവാനും ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള ആധുനിക ട്രേഡുകളെ സംബന്ധിച്ച് യുവതലമുറയ്ക്ക് അവബോധം സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ഐ.ടി.ഐ.-കളുടെ പോരായ്മകൾ മനസ്സിലാക്കി അവയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം നേടുവാനും സാധിച്ചിട്ടുണ്ട്. 25 വയസ്സിനു താഴെയുള്ള യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിൽ സോണൽ മത്സരങ്ങൾ സംഘടിപ്പിച്ചു. പ്ലസ്-ടു/ഐ.ടി.ഐ./ഡിപ്ലോമ/ഡിഗ്രി വിഭാഗങ്ങളിൽ പ്പെട്ടവരും മത്സരങ്ങളിൽ പങ്കെടുത്തു. സ്കിൽ ഫിയസ്റ്റയിലെ ജേതാക്കൾക്ക് വിവിധ കമ്പനികൾ ജോലി നൽകിക്കഴിഞ്ഞു. അതോടൊപ്പം മറ്റ് മത്സരാർത്ഥികൾക്ക് Carborndum Universal, Nippon Toyota, Tata Group, Taj Group, Sobha Developers തുടങ്ങിയ ദേശീയ-അന്തർദ്ദേശീയ കമ്പനികൾ ജോലി വാഗ്ദാനം ചെയ്ത് മുന്നോട്ടു വന്നിട്ടുണ്ട്. സ്കിൽ ഫിയസ്റ്റയുടെ മാതൃകയിൽ കേരളത്തിലെ യുവതീ യുവാക്കൾക്ക് അബുദാബിയിൽ നടക്കുന്ന അന്താരാഷ്ട്ര സ്കിൽ മീറ്റിൽ

പങ്കെടുക്കുന്നതിനുള്ള അവസരം ഒരുക്കിക്കഴിഞ്ഞു. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന കലോത്സവത്തിന്റെ മാതൃകയിൽ നൈപുണ്യം സംബന്ധമായി എല്ലാ വർഷവും ഒരു മീറ്റ് നടത്തുന്നതിനുവേണ്ട ആശയം രൂപീകരിച്ചിട്ടുണ്ട്.

<u>സ്കിൽ ഫിയസ്റ്റ</u> :

1. നിലവിലുള്ള ആധുനിക സാങ്കേതികവിദ്യ മനസ്സിലാക്കുവാനും ആയത് ഐ.ടി.ഐ.-കളിലെ ട്രേഡുകളിൽ പ്രാവർത്തികമാക്കുന്നതിനുമുള്ള അവസരം ഐ.ടി.ഐ. അദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും ലഭിച്ചു.
2. തൊഴിലിന്റെ മഹത്വം കേരളത്തിലെ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സാധിച്ചു.
3. സ്കിൽ ഫിയസ്റ്റ വിജയകരമായി നടത്തിയതുവഴി കേരളത്തിലെ നൈപുണ്യവികസനത്തിന്റെ നിലവാരം ലോക ശ്രദ്ധ പിടിച്ചുപറ്റി.

<u>നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ്</u> :

നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ് നടത്തിയതുവഴി കേരളത്തിലെ യുവതലമുറയ്ക്ക് നൈപുണ്യവികസനം സംബന്ധിച്ച് വ്യക്തമായ ഒരു ദിശാബോധം നൽകുന്നതിന് സാധിച്ചു. World Skills India/National Skill Development Corporation -ലെ വിദഗ്ദ്ധരും മറ്റു വിവിധ മേഖലകളിലെ വിദഗ്ദ്ധരും ചേർന്ന് നൈപുണ്യ വികസനം സംബന്ധിച്ച ചർച്ചകൾ നടത്തുകയും നൈപുണ്യ വികസനം സംസ്ഥാനത്തിലെ യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ എങ്ങനെ നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽവച്ച് കെട്ടിട നിർമ്മാണ മേഖലയിലെ നൈപുണ്യ വികസനത്തിനുവേണ്ടിയുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ഇതുപോലെ മറ്റു മേഖലകളിലും ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇക്കഴിഞ്ഞ നൈപുണ്യം-2016 കേരളത്തിന്റെ നൈപുണ്യ വികസനത്തിൽ ആഗോളതലത്തിൽ വലിയ ഒരു കുതിച്ചുചാട്ടമായി കരുതാം. കേരളത്തിലെ നൈപുണ്യ വികസനം പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദിയായി മാറ്റുന്നതിനും നൂതനമായ സാങ്കേതിക വിദ്യയിലൂന്നിയ ട്രേഡുകൾ ആരംഭിച്ച് ഈ സംസ്ഥാനത്തിന്റെ നൈപുണ്യ വികസനത്തെ ലോകനിലവാരത്തിൽ എത്തിക്കുന്നതിനും അതുവഴി നൈപുണ്യ വികസനം അടിസ്ഥാനമാക്കി നിലവിലുള്ള വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ തൊഴിൽവർഗ്ഗത്തെ വാർത്തെടുക്കുവാനും കഴിയും. വിദേശ രാജ്യങ്ങളിൽ നിന്നടക്കം 600 delegates participate ചെയ്തു.

## നഴ്സിംഗ് അക്കാഡമി

204 (2484) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഴ്സിംഗ് അക്കാഡമിയുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) പ്രവർത്തനമാരംഭിച്ചു.

(ബി) വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം, ആശയ വിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര-ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് ഉറപ്പുവരുത്തുക എന്നിവയാണ് NICE-ന്റെ ലക്ഷ്യങ്ങൾ. ബിരുദധാരികളോ അല്ലെങ്കിൽ ഡിപ്ലോമാധാരികളോ ആയ പരിചയസമ്പന്നരായ നഴ്സുമാർക്ക് തൊഴിൽ സാദ്ധ്യത ഉയർത്താനായി രൂപകല്പന ചെയ്തിട്ടുള്ളതാണ് അഡ്വാൻസ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം.

(സി) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) പ്രവർത്തനമാരംഭിക്കുകയും ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാകുകയും ചെയ്തു. കൂടാതെ പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ 116 വിദ്യാർത്ഥികൾക്കും വിദേശത്ത് ജോലി ലഭ്യമാക്കുകയും ചെയ്തു.

**ആദിസർഗ്ഗ പദ്ധതികൾ**

205 (2485) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ സമുദായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി "ആദിസർഗ്ഗ "എന്ന പേരിലുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

എംപ്ലോയ്മെന്റ് വകുപ്പിലൂടെ അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് അവരിലൂടെ തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു നൂതന പദ്ധതിയാണ് ആദിസർഗ്ഗ. ഈ പദ്ധതി പ്രകാരം ആദിസർഗ്ഗ കേന്ദ്ര എന്ന പേരിൽ അഗളി കേന്ദ്രമാക്കി ആദിവാസികൾക്കുമാത്രമായി ഒരു ട്രൈബൽ എംപ്ലോയബിലിറ്റി-കം-ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ആദിവാസി യുവജനങ്ങളുടെ സ്കിൽ ഗ്യാപ് വിവിധതരം അസസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനാവശ്യമായ പരിശീലനം നൽകി അവരെ എംപ്ലോയബിൾ ആക്കുവാനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കമ്പ്യൂട്ടർ പരിജ്ഞാനവും ആശയവിനിമയ ശേഷിയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും നൽകുവാനും വിവിധ മത്സരപരീക്ഷാ പരിശീലനങ്ങൾ നൽകുക വഴി സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/ബാങ്കിംഗ് മേഖലകളിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ഉദ്ദേശിക്കുന്നു. ആദിസർഗ്ഗ കേന്ദ്രയ്ക്കായി AHADS-ന്റെ ബിൽഡിംഗ് ഗ്രാമവികസന വകുപ്പ് വിട്ടുനൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ ദളിത് റിസോർട്ടിലെ തൊഴിലാളി സമരം**

206 (2486) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദളിത് റിസോർട്ടിലെ തൊഴിലാളികൾ സമരത്തിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) രണ്ട് തൊഴിലാളികളെ സ്ഥലം മാറ്റിയതുമായി ബന്ധപ്പെട്ട തർക്കത്തിലാണ് ഇപ്പോൾ സമരം നടക്കുന്നത്. സ്ഥലം മാറ്റപ്പെട്ട രണ്ട് തൊഴിലാളികളും സ്ഥാപനത്തിലെ തൊഴിലാളികളല്ലാത്ത ട്രേഡ് യൂണിയൻ പ്രവർത്തകരുമാണ് സമരത്തിൽ പങ്കെടുക്കുന്നത്. തർക്ക പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് ജില്ലാ ലേബർ ആഫീസർ വിളിച്ച് ചേർത്ത അനുരഞ്ജന ചർച്ച ഫലം കാണാതെ വന്നതിനെത്തുടർന്ന് കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നടന്ന അനുരഞ്ജന ചർച്ചയും പരാജയപ്പെട്ട സാഹചര്യത്തിൽ വ്യവസായ തർക്ക നിയമത്തിലെ 12(4) വകുപ്പ് പ്രകാരമുള്ള അനുരഞ്ജന പരാജയ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്.

**സർക്കാർ ഏജൻസികൾ വഴി നഴ്സിംഗിനായി വിദേശത്തേക്കുള്ള റിക്രൂട്ട്മെന്റ്**

207 (2487) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സർക്കാർ ഏജൻസികൾ വഴി നഴ്സിംഗിനായി വിദേശത്തേയ്ക്ക് റിക്രൂട്ട് ചെയ്തവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിസ ലഭിച്ച എല്ലാ നഴ്സുമാർക്കും സർക്കാർ ഏജൻസി വഴി യഥാസമയം വിദേശത്തേയ്ക്ക് പോകുന്നതിനുള്ള സൗകര്യം ലഭ്യമാണോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ഏജൻസികളുടെ നഴ്സിംഗ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ് പൂർണ്ണമായും അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) വിസ ലഭിച്ചതും വിദേശത്തേയ്ക്ക് റിക്രൂട്ട് ചെയ്യപ്പെടാൻ ആഗ്രഹിക്കുന്നതുമായ എല്ലാ നഴ്സുമാർക്കും സർക്കാർ ഏജൻസികൾ വഴി റിക്രൂട്ട്മെന്റ് കാര്യക്ഷമമായി നടത്തുന്ന തരത്തിലുള്ള സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 428.

(ബി) ഉണ്ട്.

(സി) പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) നോർക്ക, ഒഡെപെക് എന്നീ സ്ഥാപനങ്ങൾ വഴി നഴ്സുമാരുടെ റിക്രൂട്ട്മെന്റ് കാര്യക്ഷമമായി നടത്തുന്നതിന് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ**

208 (2488) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തൊഴിലാളികളെന്ന ഭാവത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദികളും ക്രിമിനൽ കുറ്റവാളികളും മോഷ്ടാക്കളും മറ്റും കേരളത്തിൽ എത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ പ്രകാരം നാളിതുവരെ ഇതര സംസ്ഥാന തൊഴിലാളികളായ 52422 പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

(സി&ഡി) ഇതര സംസ്ഥാന തൊഴിലാളികൾ എന്ന വ്യാജേന ഇതര സംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദികളും ക്രിമിനൽ കുറ്റവാളികളും മോഷ്ടാക്കളും മറ്റും എത്തുന്നത് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗത്തിൽ നിന്നുള്ളതും നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ നിന്നുമുള്ള മുന്നറിയിപ്പ് വിവരങ്ങളും കുറ്റവാളികളുടെ വിവരങ്ങളും ശേഖരിച്ച് ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകൾ, തൊഴിൽ ശാലകൾ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമപദ്ധതി**

209 (2489) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി 2010-ൽ പ്രഖ്യാപിച്ച ക്ഷേമ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) എത്ര അന്യസംസ്ഥാന തൊഴിലാളികളാണ് കേരളത്തിൽ പണിയെടുക്കുന്നത്;

(സി) പ്രസ്തുത ക്ഷേമ പദ്ധതിയിൽ ഇതിനകം എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) സംസ്ഥാനത്തുള്ള മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളേയും രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

(ബി) തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ നടത്തിയ പഠനത്തിൽ 25 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ പണിയെടുക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 31-1-2016 വരെ 52422 ഇതര സംസ്ഥാന തൊഴിലാളികൾ അംഗത്വ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.

(ഡി) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിലുള്ള 14 ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ മുഖേന ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങൾ നേരിട്ട് സമീപിച്ച് അംഗത്വ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലാ ലേബർ ഓഫീസർ (ഇ), അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I എന്നീ ഓഫീസർമാർ സ്ക്വാഡ് പരിശോധനയിലൂടെ ഇതര സംസ്ഥാന തൊഴിലാളികളെ മേൽപ്പറഞ്ഞ ക്ഷേമനിധിയിൽ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**ഓട്ടോറിക്ഷാ തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

210 (2490) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ അംഗങ്ങൾ ആയിട്ടുള്ളവർ എത്ര; ഇൻഷ്വറൻസ് സ്കീമിൽ നിന്നും ആനുകൂല്യങ്ങൾ ലഭിച്ചവർ എത്ര;

(സി) ഇൻഷ്വറൻസ് പദ്ധതി എന്നുമുതലാണ് നിലവിൽ വന്നത്; പ്രീമിയം അടയ്ക്കുന്നതിന് എന്ത് തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു; അതിൽ പ്രീമിയം അടയ്ക്കുന്നതിനായി പിൻവലിച്ച തുക എത്ര; ഏത് കമ്പനി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്?

ഉത്തരം

(എ) സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾ എത്രയാണെന്ന വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല. എന്നാൽ 2015 ഒക്ടോബർ മാസം വരെ 1991-ലെ പഴയ ഓട്ടോറിക്ഷാ പദ്ധതിയിൽ 17966 തൊഴിലാളികളും 2005-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമപദ്ധതിയിൽ 339695 തൊഴിലാളികളും അംഗത്വം എടുത്തിട്ടുണ്ട്.

(ബി&സി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതിയൊന്നും തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കിയിട്ടില്ല.

**പടക്കശാലകൾ, നെയ്ത്തുമില്ലുകൾ എന്നിവിടങ്ങളിലെ ബാലവേല**

211 (T*2491) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടക്കശാലകൾ, നെയ്ത്തുമില്ലുകൾ തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലകളിൽ ധാരാളം കുട്ടികൾ ജോലി ചെയ്യുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തം കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള അപകടരഹിത തൊഴിൽ മേഖലകളിൽ കുട്ടികളെ ജോലി ചെയ്യിക്കാമെന്ന കേന്ദ്ര ബാലവേല (നിരോധനവും

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിയന്ത്രണവും) ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് ബന്ധുക്കൾ എന്ന വ്യാജേന കുട്ടികളെക്കൊണ്ട് ബാലവേല ചെയ്യിക്കാനുള്ള സാധ്യത ഇല്ലായ്മ ചെയ്യുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത്തരത്തിലുള്ള തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 1996-ലെ ബാലവേല നിരോധന നിയമപ്രകാരം സംസ്ഥാന തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ കർശന പരിശോധന നടത്തി ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബാലവേല നിർമ്മാർജ്ജനത്തിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ചൈൽഡ് ലൈൻ ജില്ലാ ഭരണകൂടവുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനും ബാലവേലയ്ക്കെതിരായി സ്റ്റിക്കർ, പോസ്റ്റർ എന്നിവ ഡിസൈൻ ചെയ്ത് സ്കൂളുകൾ, ഹോട്ടലുകൾ വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യാനുള്ള കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറായും ചൈൽഡ് വെൽഫയർ കം മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളെ ബാലവേല വിമുക്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് ജില്ലകളെ കൂടി ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) 2010-ലെ വിദ്യാഭ്യാസ നിയമത്തിലൂടെ 6 വയസ്സു മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം രാജ്യത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബാലവേലയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി ചൈൽഡ് ലൈൻ, സാമൂഹ്യ നീതി വകുപ്പ്, പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ പങ്കാളിത്തത്തോടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്.

**തൊഴിലാളികളുടെ വേതനം ബാങ്ക് വഴി**

212 (2492) <u>ശ്രീ. കെ. എസ്. ശബരീനാഥൻ :</u>

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി.ടി. ബൽറാം :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ വേതനം ബാങ്കിലൂടെ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി ഉറപ്പുവരുത്തുന്നതിനുള്ള ഉദ്ദേശത്തോടെ 2013-14 വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തി വേതന സുരക്ഷാ പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയും ആയതിന് 29-3-2014-ലെ സ.ഉ. (സാധാ) നമ്പർ 447/2014/തൊഴിൽ പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി കെൽട്രോണുമായി ഒരു കരാറിൽ ഏർപ്പെടുകയും ഇതിനായി ഒരു പ്രത്യേക സോഫ്റ്റ്‌വെയർ നിർമ്മിക്കുകയും 2015 ഫെബ്രുവരിയിൽ പ്രാരംഭഘട്ടം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. ഇതിന് നിയമത്തിന്റെ പരിരക്ഷ ഉറപ്പാക്കാൻ 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനപ്രകാരം ആദ്യഘട്ടമെന്ന നിലയിൽ കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, സെക്യൂരിറ്റി സർവ്വീസുകൾ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഇത് വിജയകരമായി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം

തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈൻ ആയിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 8-7-2015-ലെ സ.ഉ. (അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും വിവിധ നാഷണലൈസ്ഡ്, ഷെഡ്യൂൾഡ്, കൊമേഴ്സ്യൽ ബാങ്കുകളുമായും സ്വകാര്യ തൊഴിലുടമാ പ്രതിനിധികളുമായും ചർച്ച നടത്തുകയും 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 20 കോടിയോളം രൂപ വേതന സുരക്ഷാ പദ്ധതിയിലൂടെ ഇതിനകം കൈമാറിക്കഴിഞ്ഞിട്ടുണ്ട്.

**പൊതുമേഖലയിലും സ്വകാര്യമേഖലയിലും വ്യവസായ സ്ഥാപനങ്ങൾ സൃഷ്ടിച്ച തൊഴിലവസരങ്ങൾ**

213 (2493) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും കഴിഞ്ഞ 5 വർഷം കൊണ്ട് വ്യവസായ സ്ഥാപനങ്ങൾ സൃഷ്ടിച്ച തൊഴിലവസരങ്ങളുടെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; അതിൽ വിദഗ്ദ്ധ തൊഴിലവസരങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

214 (2494) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി.ബി. അബ്ദുൾ റസാക് :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ പുതുക്കുന്നതിൽ വീഴ്ചവന്നവർക്ക് സീനിയോറിറ്റി നിലനിർത്തി പുതുക്കി നൽകാൻ അവസരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) രജിസ്റ്റർ ചെയ്തവരിൽ സ്ഥിരം തൊഴിൽ ലഭിച്ചവരെ കണ്ടെത്തി, ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിലും നൈപുണ്യവും കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെ "എംപ്ലോയബിലിറ്റി സെന്റർ" പദ്ധതിക്ക് 2012-13 സാമ്പത്തിക വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഈ സാമ്പത്തികവർഷം തന്നെ എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തനം ആരംഭിക്കുന്നതാണ്.

എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ സ്കിൽ ഗ്യാപ്, അഭിരുചി എന്നിവ വിവിധ അസ്സസ്മെന്റ് ടൂൾസ്

ഉപയോഗിച്ച് കണ്ടെത്തുകയും സോഫ്റ്റ് സ്കിൽസ്, ഇംഗ്ലീഷ് ആശയവിനിമയശേഷി തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു.

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളേയും പങ്കെടുപ്പിച്ചുകൊണ്ട് മെഗാജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് വകുപ്പിനുകീഴിലുള്ള 84 എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർ വൽക്കരിക്കുകയും കേരള NIC വികസിപ്പിച്ച തൊഴിൽ സോഫ്റ്റ്വെയർ ഉപയോഗിച്ച് ഈ ഓഫീസുകളുടെ ഡാറ്റാ ഡിജിറ്റൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുവേണ്ടി കേരള NIC-യുമായി സഹകരിച്ച് ഒരു ഓൺലൈൻ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനായി കരാറിൽ ഒപ്പ് വയ്ക്കുകയും ആയതിന്റെ ജോലികൾ പുരോഗമിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം ലഭിക്കുകയാണെങ്കിൽ ടി വിവരം അവരുടെ രജിസ്ട്രേഷൻ റെക്കോർഡിൽ രേഖപ്പെടുത്തി പ്രത്യേകമായി സൂക്ഷിക്കാറുണ്ട്. നിയമനവിവരം ലഭ്യമാക്കാത്ത കേസുകളിൽ ഉദ്യോഗദായകന് കത്തുനൽകി നിയമനവിവരം ലഭ്യമാക്കി നടപടി സ്വീകരിക്കാറുണ്ട്.

**നൈപുണ്യ വികസന അക്കാഡമികൾ**

215 (2495) <u>ശ്രീ. വർക്കല കഹാർ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന അക്കാഡമികൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പദ്ധതി നടപ്പാക്കൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ&ബി) വിവിധ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിലേക്കായി തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സെക്ഷൻ 8 ഗവൺമെന്റ് കമ്പനികളിൽ പ്രവർത്തിച്ചുവരുന്നു. ആഗോളവൽക്കരണത്തെത്തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകൾക്കനുസൃതമായി ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം.

(സി) KASE മുഖേന വിവിധ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) -ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനും ആയുള്ള അഡ്വൈസറി കൗൺസിലും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അദ്ധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കുകയും അതുവഴി തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് 7 എംപ്ലോയബിലിറ്റി സെന്ററുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. കൂടാതെ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം

ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൺസ്ട്രക്ഷൻ മേഖലയിലെ തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സ്ഥാപനം 2016 മാർച്ച് മാസത്തിൽ പ്രവർത്തനം ആരംഭിക്കും. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു. ഇവിടെത്തന്നെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയ്ൽ, ഹോസ്പിറ്റാലിറ്റി സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു.

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

**ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.**

216 (2496) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ യിൽ, ഈ സർക്കാർ ഭരണാനുമതി നൽകി പ്രാവർത്തികമാക്കിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ പുതുതായി ആരംഭിച്ച ട്രേഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഐ.ടി.ഐ.കളുടെ

നിലവാരമുയർത്തൽ പദ്ധതി അനുസരിച്ച് ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് 2009-10 സാമ്പത്തിക വർഷം 2.5 കോടി രൂപ പലിശരഹിത വായ്പയായി കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് സ്ഥാപനത്തിലെ ഐ.എം.സി. അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഐ.ടി.ഐ.-യിൽ പുതുതായി ആരംഭിച്ച ട്രേഡുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ട്രേഡുകളുടെ പേര് | യൂണിറ്റുകളുടെ എണ്ണം | ആരംഭിച്ച വർഷം |
|---|---|---|---|
| 1 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 | 2012 |
| 2 | ഫിറ്റർ | 1 | 2013 |
| | | 1 | 2014 |
| 3 | വെൽഡർ | 1 | 2013 |
| | | 1 | 2014 |
| 4 | മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 | 2013 |
| | | 1 | 2014 |
| 5 | സർവ്വേയർ | 1 | 2013 |
| | | 1 | 2014 |

## ഗവൺമെന്റ് ഐ.ടി.ഐ.

217 (T*2497) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച ഗവ. ഐ.റ്റി.ഐ. കളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) ഉണ്ട്.

(ബി) പുതുതായി ആരംഭിച്ച ഐ.ടി.ഐ.-കളിൽ കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് ഐ.ടി.ഐ.-യിൽ ജി.ഒ. (എം.എസ്)നം. 16/2016/തൊഴിൽ തീയതി 27-01-2016 പ്രകാരം 9 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പനമരം, കൊണ്ടോട്ടി, നരിപ്പറ്റ, എലുമ്പുലാശ്ശേരി (കരിമ്പുഴ) എന്നീ ഐ.ടി.ഐ.-കളിലെ തസ്തിക സൃഷ്ടിക്കൽ സംബന്ധമായി ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു. കൊടുവള്ളി, ചടയമംഗലം, കൊഴിഞ്ഞാംപാറ എന്നീ ഐ.ടി.ഐ.-കളിൽ തസ്തിക സൃഷ്ടിക്കൽ സംബന്ധമായി ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ പരിശോധിച്ചുവെങ്കിലും ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആയത് അംഗീകരിക്കുവാൻ കഴിഞ്ഞില്ല.

**കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്**

218 (2498) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ആഗോളവൽകരണത്തെത്തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകൾക്ക് അനുയോജ്യമായി ശാസ്ത്രീയമായി

തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം.

(സി) തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യപരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനും ആയുള്ള അഡ്വൈസറി കൗൺസിലും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അദ്ധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കുകയും അതുവഴി തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് 7 എംപ്ലോയബിലിറ്റി സെന്ററുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. കൂടാതെ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൺസ്ട്രക്ഷൻ മേഖലയിലെ തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു. ഇതിനകംതന്നെ ഹൈടെക് ഓട്ടോമേഷൻ &

മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു.

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

**കൗശൽ കേന്ദ്ര**

219 (2499) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ. പി. സി വിഷ്ണുനാഥ്</u> :

<u>ശ്രീ. എം. എ. വാഹീദ്</u> :

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൗശൽ കേന്ദ്ര ആരംഭിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഗ്രാമീണ യുവാക്കളുടെ വൈദഗ്ധ്യ വികസനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് കൗശൽ കേന്ദ്ര-കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസാണ് (KASE) പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നത് കൂടിയാണ്

കൗശൽ കേന്ദ്രങ്ങളിലൂടെ KASE ലക്ഷ്യമിടുന്നത്.

(സി) തൊഴിൽരഹിത യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കൗശല കേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും ആരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. മറ്റു ജില്ലകളിൽ കൗശലകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള പ്രവർത്തനവും പുരോഗമിച്ചുവരുന്നു.

**ഒഡെപെക് വഴി തൊഴിൽ ലഭ്യത**

220 (2500) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരും, സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടിയവരുമായ ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ജോലി ലഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ വന്ന ശേഷം ഒഡെപെക് വഴി എത്ര പേർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കി; കാറ്റഗറി തിരിച്ച് വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഓവർസീസ് ഡെവലപ്പ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് മുഖേന കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനായി വിദേശത്ത് തൊഴിൽദാതാക്കളുടെ ഒരു സംഗമം സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഒഡെപെക്-ന്റെ പ്രവർത്തനം തൊഴിൽദാതാക്കളിൽ എത്തിക്കുന്നതിനായി വിദേശരാജ്യങ്ങളിലെ എംബസികളിൽ കൂടി ബ്രോഷറുകൾ നൽകുകയും ഇന്ത്യയിലുള്ള വിദേശ അംബാസിഡർമാരെ സന്ദർശിച്ച് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ വിദേശ ജോലിക്ക് സജ്ജരാക്കുന്നതിന് സർക്കാർ ധനസഹായത്തോടെ കേരളത്തിന്റെ എല്ലാ ജില്ലകളിലും വച്ച് എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ ഓറിയന്റേഷൻ കോഴ്സുകൾ നടത്തുകയുണ്ടായി.

(ബി) 1096 പേർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. കാറ്റഗറി തിരിച്ച് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി**

221 (2501) <u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. എ. റ്റി. ജോർജ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിച്ചുവരുന്നു. ആഗോളവത്ക്കരണത്തെത്തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകൾക്ക് അനുസൃതമായി ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം.

(സി) തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യപരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനും ആയുള്ള അഡ്വൈസറി കൗൺസിലും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും കിൻഫ്രയിൽ

പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അദ്ധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കുകയും അതുവഴി തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് 7 എംപ്ലോയബിലിറ്റി സെന്ററുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. കൂടാതെ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൺസ്ട്രക്ഷൻ മേഖലയിലെ തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിനായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സ്ഥാപനം 2016 മാർച്ച് മാസത്തിൽ പ്രവർത്തനം ആരംഭിക്കും. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR)അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചു വരുന്നു. ഇവിടെത്തന്നെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

**തൊഴിൽ നൽകുന്നതിന് നടപടി**

222 (2502) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും

നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലന്വേഷകരുടെ അഭിരുചിക്കനുസൃതമായി തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്തവർക്കും നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധി കഴിഞ്ഞവർക്കും പ്രത്യേക പരിഗണന നൽകി തൊഴിൽ നല്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOiR) എന്ന സ്ഥാപനവും ഗ്രാമീണ യുവാക്കളുടെയും സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെയും നൈപുണ്യ വികസനത്തിനായി കൗശൽ കേന്ദ്ര കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും കൺസ്ട്രക്ഷൻ മേഖലകളിൽ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമിയും തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി Entrepreneurship Development India, Ahemedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. Banking & Finance മേഖലയിൽ HEDGE- School of Applied Economics-ഉം Scientific Electrolysis-ൽ LILI-Scientific Electrolysis-നും അക്രഡിറ്റേഷൻ നൽകി പരിശീലനം ലഭ്യമാക്കി വരുന്നു.

(ബി) പരിഗണനയിലില്ല.

**തൊഴിൽ അന്വേഷകർക്ക് കൗൺസിലിംഗും പരിശീലനവും**

223 (2503) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ അന്വേഷകർക്കായി കൗൺസിലിംഗും പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ അന്വേഷകർക്കായി കൗൺസിലിംഗും പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻഅവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി

സെന്ററുകളുടെ ലക്ഷ്യം.

(സി) ഈ പദ്ധതി പ്രകാരം കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആലപ്പുഴ എംപ്ലോയബിലിറ്റി സെന്ററിന്റെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ കേരള സർക്കാർ സ്ഥാപനമായ Kerala Academy for Skills Excellence മുഖേന പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടപ്പാക്കി വരുന്നത്.

## കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.

224 (2504) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. മികവിന്റെ കേന്ദ്രമാക്കി ഉയർത്തിയശേഷം എത്ര പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടെന്നും എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ കയ്യൂർ ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ.-യെ പി.പി.പി. സ്കീമിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 2013 സെഷൻ മുതൽ വെൽഡർ ട്രേഡ് പുതുതായി ആരംഭിച്ചിട്ടുണ്ട്.

വെൽഡർ ട്രേഡിനാവശ്യമായ കെട്ടിടം പി.പി.പി. സ്കീം പ്രകാരം പണിതിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിനാവശ്യമായ ജനറേറ്റർ, ഇൻകം ജനറേഷൻ പദ്ധതി പ്രകാരം ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിലേക്കാവശ്യമായ വാഹനം എന്നിവ സംഭരിച്ചിട്ടുണ്ട്. വെഹിക്കിൾ പാർക്കിംഗ് ഷെഡ് പണിതിട്ടുണ്ട്. കൂടാതെ ഇലക്ട്രോണിക്സ് മെക്കാനിക്, COPA, മെക്കാനിക് ഡീസൽ, മെക്കാനിക് മോട്ടോർ

വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, പ്ലംബർ എന്നീ ട്രേഡുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് പി.പി.പി. സ്കീം പ്രകാരം ഉപകരണങ്ങൾ സംഭരിച്ചിട്ടുണ്ട്. ഫിറ്റർ ട്രേഡിനാവശ്യമായ കെട്ടിടം പി. പി. പി. സ്കീം പ്രകാരം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കരിമ്പുഴ സർക്കാർ ഐ.ടി.ഐ.**

225 (2505) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കരിമ്പുഴ സർക്കാർ ഐ.റ്റി.ഐ പ്രവർത്തനം ആരംഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത ഐ.റ്റി.ഐ-യിലെ കോഴ്സുകൾ ഏതെല്ലാം; ഓരോ കോഴ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്ര ;

(സി) ഐ.റ്റി.ഐ.- യിലെ ആകെ ജീവനക്കാർ എത്ര; നിലവിൽ ഏതെങ്കിലും തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 19-10-2015-ലാണ് കരിമ്പുഴ ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചത്.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ നിലവിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ 2 ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. ടി ഐ.ടി.ഐ.-യിൽ ഡി/സിവിൽ ട്രേഡിൽ 20 കുട്ടികളും പ്ലംബർ ട്രേഡിൽ 21 കുട്ടികളും പഠിക്കുന്നുണ്ട്.

(സി) ടി ഐ.ടി.ഐ.-യ്ക്കായി ജീവനക്കാരുടെ തസ്തികകൾ ഒന്നും തന്നെ ഇതുവരെയും സൃഷ്ടിച്ചിട്ടില്ല. എന്നിരുന്നാലും ക്ലാസ്സുകൾക്ക് തടസ്സം വരാത്ത രീതിയിൽ മറ്റ് ഐ.ടി.ഐ.കളിൽ നിന്ന് ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ട്.

**കൽപ്പറ്റ നിയോജകമണ്ഡലത്തിൽ തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

226 (2506) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വ്യാവസായിക പരിശീലന വകുപ്പ് :

ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പരിശീലനാർത്ഥികൾക്കുള്ള ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കി. ലോകബാങ്ക് സഹായത്തോടെ ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ (വി.ടി.ഐ.പി) കൽപ്പറ്റ ഐ.ടി.ഐ.-യെയും തെരഞ്ഞെടുത്തിരുന്നു. ടി പദ്ധതി പ്രകാരം കൽപ്പറ്റ ഐ.ടി.ഐ.യിൽ കെട്ടിട നിർമ്മാണവും ഉപകരണ സംഭരണവും നടത്തിയിരുന്നു. ഇത് ഒരു തുടർപദ്ധതിയാണ്. ഈ സർക്കാരിന്റെ കാലത്ത് 259.20 ലക്ഷം രൂപയുടെ ഉപകരണ സംഭരണം നടത്തിയിട്ടുണ്ട്.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് :

കേരളത്തിൽ ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിക്കാത്ത ഏക ജില്ലയായ വയനാട് ജില്ലയിലെ കൽപ്പറ്റ ആസ്ഥാനമാക്കി ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയതിനെത്തുടർന്ന് 07-01-2016-ൽ ടി ഡിസ്പെൻസറി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വ്യാവസായിക പരിശീലന വകുപ്പ് :

ന്യൂട്രീഷ്യൻ പ്രോഗ്രാമിനുവേണ്ടി 2014-15 വർഷം 3,21,375 രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 വർഷത്തേക്ക് ടി പദ്ധതിക്കായി 7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2009-10-ലാണ് ടി പദ്ധതി കൽപ്പറ്റ ഐ.ടി.ഐ.-യിൽ ആരംഭിച്ചത്. കൽപ്പറ്റ ഐ.ടി.ഐ.-യിലെ പദ്ധതികളുടെ തുക 381.32 ലക്ഷം രൂപയാണ്. ഇതിനുപുറമെ 2014-15 വർഷത്തിൽ 67.3 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം ആകെ 390.63 ലക്ഷം രൂപ (CoE-381.32+9.31 Additional Fund) ചെലവായി.

| പദ്ധതി തുക (ലക്ഷം) | ആകെ ചെലവായ തുക (ലക്ഷം) | കഴിഞ്ഞ 5 വർഷ ക്കാലം ചെലവായ തുക (ലക്ഷം) |
|---|---|---|
| 448.62<br>CoE - 381.32+<br>Additonal<br>Fund - 67.30 | 390.63<br>CoE - 381.32+<br>Additonal<br>Fund - 9.31 | 259.20<br>CoE - 249.89+<br>Additonal<br>Fund - 9.31 |

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് :

7-1-2016-ൽ പ്രവർത്തനമാരംഭിച്ച കല്ലറയിലെ പ്രസ്തുത ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ജീവനക്കാരുടെ ശമ്പളവും മറ്റലവൻസുകളും മാത്രമേ സംസ്ഥാന സർക്കാരിൽ നിന്ന് ചെലവഴിക്കുന്നുള്ളൂ.

**കിളിമാനൂർ ;ടൗൺ എംപ്ലോയ്മെന്റ് ഓഫീസ്**

227 (2507) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സർട്ടിഫിക്കറ്റുകളും ഫോട്ടോയും സാക്ഷ്യപ്പെടുത്തി നൽകുവാൻ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് സമയക്രമം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കിളിമാനൂർ ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ സർട്ടിഫിക്കറ്റുകളും ഫോട്ടോയും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കാൻ എത്തുന്നവരോട് അപമര്യാദയായി പെരുമാറുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ & ബി) ഇല്ല.

**അന്താരാഷ്ട്ര കൺസ്ട്രക്ഷൻ അക്കാദമി**

228 (2508) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനത്തിന് വേണ്ടി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന ഗവൺമെന്റ് കമ്പനിയുടെ കീഴിൽ കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാഡമി ആരംഭിക്കുന്നതിനായി കൊല്ലം ജില്ലയിലെ ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ആധുനിക ലോകത്ത് കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുക്കുകയും അവർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിലേയ്ക്കായി 4-1-2013 തീയതിയിലെ ജി.ഒ.(എം.എസ്.) നമ്പർ 08/2013/ആർ.ഡി. പ്രകാരം കൊല്ലം ജില്ലയിലെ ചവറയിൽ 9.2 ഏക്കർ സ്ഥലം അനുവദിച്ചു. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 23 കോടിരൂപ അനുവദിക്കുകയും ചെയ്തു. പ്രസ്തുത തുക നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

## അന്യസംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല വാസകേന്ദ്രം

229 (T*2509) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യ സംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല വാസ കേന്ദ്രങ്ങൾ നിർമ്മിക്കുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയിരുന്നോ; എങ്കിൽ നിർമ്മിച്ച് നൽകിയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ കേന്ദ്രത്തിനും ചെലവായ തുക എത്ര;

(ബി) പ്രഖ്യാപനം നടത്തിയത് ഏത് ബഡ്ജറ്റിലാണ്; പദ്ധതി പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ, ട്രഷറിയിൽ നിന്നും പിൻവലിക്കാതെയുള്ള തുകയുടെ കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് 'അപ്ന-ഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നൽകുന്നത്. ഇത് രാത്രികാല വാസ കേന്ദ്രം (നൈറ്റ് ഷെൽറ്റർ) അല്ല.

<u>അപ്ന-ഘർ പദ്ധതി</u> :

മതിയായ താമസ സൗകര്യങ്ങളുടെ അഭാവത്തിൽ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ അനാരോഗ്യകരവും വൃത്തിഹീനവും സുരക്ഷിതത്വമില്ലാത്ത സ്ഥലങ്ങളിലാണ് വസിക്കുന്നത്. ഇതിന് പരിഹാരമായിട്ടാണ് അപ്ന-ഘർ പദ്ധതി. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര IITP, കഞ്ചിക്കോടിൽ (കിൻഫ്രയിൽ നിന്ന് സ്ഥലം ലീസിന് എടുത്ത്) 42000 Sqft. വിസ്തീർണ്ണമുള്ള ഗ്രൗണ്ട് +3 പാർപ്പിട സമുച്ചയം എല്ലാ സൗകര്യങ്ങളോടും കൂടി നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും 2016 മാർച്ച് 31-ഓടുകൂടി ഒന്നാംഘട്ട പണികൾ പൂർത്തിയാക്കി തൊഴിലാളികൾക്ക് താമസ സൗകര്യത്തിന് വിട്ട് നൽകുന്നതുമാണ്.

(ബി) 2012-13-ലെ ബഡ്ജറ്റിലാണ് പ്രഖ്യാപനം നടത്തിയത്. അതേ വർഷം തന്നെ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അപ്ന-ഘർ പദ്ധതിക്കുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 2.5 കോടിരൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 3 കോടിരൂപയും അനുവദിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 2.5 കോടിരൂപ 31 ജനുവരി 2014-ലും 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3 കോടിരൂപ 26 സെപ്റ്റംബർ 2015-ലുമാണ് ഭവനം

ഫൗണ്ടേഷൻ കേരളയ്ക്ക് നൽകിയത്. നിലവിൽ പാലക്കാട് ജില്ലയിൽ മാത്രമാണ് ഈ പദ്ധതി നടന്നുവരുന്നത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങി പാർക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായി താമസസൗകര്യം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ലഭിച്ച 5.5 കോടി രൂപയിൽ നാളിതുവരെ 3 കോടി രൂപ ചെലവായിട്ടുള്ളതും ബാക്കി തുകയായ 2.5 കോടിരൂപ ഇപ്പോൾ ട്രഷറിയിൽ നിലനിൽക്കുകയും ചെയ്യുന്നു.

**ബീഡി തൊഴിലാളികളുടെ പുനരധിവാസം**

230 (2510) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബീഡി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**ബാർ തൊഴിലാളികളുടെ പുനരധിവാസം**

231 (2511) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കെ. ദാസൻ :

ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ നിരോധനത്തെ തുടർന്ന് അവിടെ പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പട്ടിണിയിലായ തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബാർ സ്ഥാപനങ്ങൾ പൂട്ടിയതുമൂലം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല. ഇത്തരം പദ്ധതികൾ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്നത്

സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളൽ**

232 (2512) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ കടങ്ങളാണ് എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എത്ര രൂപ വരെയുള്ള കടങ്ങളാണ് എഴുതിത്തള്ളുന്നത്; ഏത് തീയതി വരെ കുടിശ്ശികയായ വായ്പയാണ് എഴുതിത്തള്ളുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഈ സർക്കാർ വന്നതിന് ശേഷം ഓരോ ബജറ്റിലും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ഡി) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനായി എത്ര അപേക്ഷകളാണ് നിലവിൽ വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളുടെ 1,00,000 രൂപ വരെയുള്ള ബാദ്ധ്യത എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(അച്ചടി) 24/2015/പജപവിവ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) കടം എഴുതിത്തള്ളൽ പദ്ധതിക്കായി 2011-12 വർഷം 100 ലക്ഷം രൂപ വകയിരുത്തിയതിൽ വനിതാ വികസന കോർപ്പറേഷന്റെ കടം എഴുതിത്തള്ളുന്നതിനായി 9,651 രൂപ ചെലവഴിച്ചു. 2013-14, 2014-15 വർഷങ്ങളിൽ ടി പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് തുക കണ്ടെത്തിയതെന്ന വിവരം അറിയിക്കുന്നു. ഈ വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. സ.ഉ.(അച്ചടി)24/2015/പജപവിവതീയതി 30-3-

2015 പ്രകാരം ഉത്തരവായ കടം എഴുതിത്തള്ളൽ പദ്ധതിക്കായി നോഡൽ ഏജൻസിയായ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ അക്കൗണ്ടിൽ 2014-15 സാമ്പത്തിക വർഷം 10 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതിക്കായി ഉപധനാഭ്യർത്ഥന പ്രകാരം 2015-16 സാമ്പത്തിക വർഷം40 കോടിരൂപ ലഭ്യമായിട്ടുണ്ട്. മേൽ തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കടം എഴുതിത്തള്ളലിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സമാഹരിച്ച് ലഭ്യമാക്കുന്ന തുക സംബന്ധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്.

**സ്വയം പര്യാപ്ത ആവാസ കേന്ദ്രങ്ങൾ**

233 (2513) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അവയെ സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്തുന്നതാണെന്ന 2012-13 ലെ ബജറ്റ് പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയോ; ആകെ എത്ര കോളനികൾ ഉണ്ടെന്നും അതിൽ എത്രയെണ്ണം സ്വയംപര്യാപ്തമാക്കാൻ സാധിച്ചെന്നും അറിയിക്കാമോ;

(ബി) പ്രഖ്യാപനത്തിനനുസരിച്ച് പദ്ധതി നടപ്പിലാക്കാതിരുന്നതിന്റെ കാരണങ്ങൾ അറിയിക്കാമോ;

(സി) കഴിഞ്ഞ രണ്ടുവർഷങ്ങളായി ഈ പദ്ധതിയിൽ പുതുതായി ഒരു കോളനിയെയും ഉൾപ്പെടുത്താതിരുന്നതെന്തുകൊണ്ടാണ്; പദ്ധതി ഉപേക്ഷിച്ചോ?

ഉത്തരം

(എ) പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അവയെ സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്തുന്നതാണെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനം പൂർണ്ണമായും പ്രാവർത്തികമാക്കിയിട്ടില്ല. 2008-ലെ കിലയുടെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന 436 കോളനികൾ കണ്ടെത്തുകയും പദ്ധതിയുടെ ഒന്നാം ഘട്ടമെന്ന നിലയിൽ 2012-13 വർഷം 114 കോളനികളെയും രണ്ടാം ഘട്ടത്തിൽ 2013-14 വർഷം 102 കോളനികളെയും തെരഞ്ഞെടുത്തിരുന്നു. എന്നാൽ 2012-13 വർഷം തെരഞ്ഞെടുത്ത 114 കോളനികളിൽ ഒരു കോളനിയിലെ വികസന പ്രവർത്തനങ്ങൾ സാങ്കേതിക കാരണങ്ങളാൽ നിറുത്തിവച്ചിരിക്കുകയാണ്. ആകെ 215 കോളനികളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. ടി കോളനികളിൽ 19 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി കോളനികളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി&സി) 2012-13, 2013-14 എന്നീ വർഷങ്ങളിൽ തെരഞ്ഞെടുത്ത 215 കോളനികളിലെ വികസന പ്രവർത്തനങ്ങൾ ടി കോളനികളിലെ തർക്കങ്ങൾ കാരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയായതിനുശേഷം പുതിയ കോളനികളിൽ നടപ്പിലാക്കിയാൽ മതിയെന്ന് തീരുമാനം എടുത്തിട്ടുണ്ട്. പദ്ധതി ഉപേക്ഷിച്ചിട്ടില്ല.

**എസ്.സി.പി. ഫണ്ടിന്റെ വിനിയോഗം**

234 (2514) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ പട്ടികജാതി വകുപ്പുവഴി ത്രിതല പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ചിട്ടുള്ള എസ്.സി.പി. ഫണ്ടിന്റെ വിനിയോഗം എത്ര ശതമാനം വീതമായിരുന്നു; ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തു തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു;

(ബി) ഈ സർക്കാർ വന്നതിനുശേഷം എസ്.സി.പി. ഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്നത് സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ചെലവഴിക്കാത്ത ഫണ്ട് അടുത്ത വർഷത്തെ ബജറ്റിൽ വകയിരുത്താൻ നേരത്തേ ഉണ്ടായിരുന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് 2011-12-ൽ 647.42 കോടിരൂപയും 2012-13-ൽ 739.46 കോടിരൂപയും 2013-14-ൽ 828.2 കോടിരൂപയും 2014-15-ൽ 927.58 കോടിരൂപയും 2015-16-ൽ 927.58 കോടിരൂപയും ഗ്രാന്റ്-ഇൻ-എയ്ഡായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) പട്ടികജാതി വികസന വകുപ്പിൽ നിന്നും പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

**മുഖാരി-മൂവാരി സമുദായം**

235 (2515) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഖാരി/മൂവാരി സമുദായാംഗങ്ങളിലെ കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>ഉത്തരം</u>

കേന്ദ്ര ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഖാരി/മൂവാരി സമുദായാംഗങ്ങളിലെ വിദ്യാർത്ഥികളെക്കൂടി പ്രീമെട്രിക് സ്കോളർഷിപ്പിന് പരിഗണിക്കാൻ 4-2-2016-ലെ സ.ഉ. (സാധാ) നം. 09/2016/പിസവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**അഗ്രോ നഴ്സറികൾ**

236 (2516) <u>ശ്രീ. വി. ശിവൻകുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി അഗ്രോ നഴ്സറികൾ ആരംഭിക്കുന്നതിന് നീക്കിവച്ച തുകയുടെയും ചെലവഴിച്ച

തുകയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ അഗ്രോ നഴ്സറികൾ ആരംഭിച്ച ഗുണഭോക്താക്കളുടെ ജില്ലകൾ തിരിച്ചുള്ള വിശദാംങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷം മാത്രമാണ് പ്രോജക്ടടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പ് അഗ്രോ നഴ്സറി പദ്ധതി നടപ്പിലാക്കിയത്. വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതിയിലൂടെ അഗ്രോ നഴ്സറികൾ ആരംഭിച്ച ഗുണഭോക്താക്കളുടെ ജില്ലകൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു*.

**പട്ടികജാതി വിഭാഗക്കാർക്കായി ചികിത്സാ ധനസഹായം**

237 (2517) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക വിഭാഗക്കാർക്കായി ചികിത്സാ ധനസഹായത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത്നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽനിന്നും പട്ടികവിഭാഗക്കാരുടെ ചികിത്സയ്ക്കായി പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധിയിൽ നിന്നും 9-1-1998- ലെ സ.ഉ.(കൈ) നമ്പർ 1/98/പജപവവിവ പ്രകാരം 1998 മുതൽ 25,000 രൂപ വരെ ചികിത്സാധനസഹായമായി അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20-9-2012-ലെ സ.ഉ.(കൈ) നമ്പർ 128/12/പജപവവിവ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകാരം ചികിത്സാധനസഹായം 50,000 രൂപയായി വർദ്ധിപ്പിക്കുകയും ടി ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി 50,000 രൂപയായും വർദ്ധിപ്പിച്ചു. കൂടാതെ ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി നിർധനരോഗികൾക്ക് ഒരു ലക്ഷം രൂപ വരെ ബന്ധപ്പെട്ട ആശുപത്രി മുഖേന അനുവദിച്ചു വരുന്നുണ്ട്.

(ബി) നിർദ്ധനരും മാരകരോഗം ബാധിച്ചവരുമായ പട്ടികജാതിക്കാരുടെ ആരോഗ്യ പരിപാലനമാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് തുക അനുവദിച്ചുനൽകുകയും ജില്ലാ ആഫീസർമാർ തുക മാറി ഡി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച് ബന്ധപ്പെട്ട അപേക്ഷകർക്ക് നേരിട്ടോ ചെക്കായോ അല്ലെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർ മുഖാന്തരമോ ധനസഹായം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകർ ജില്ലാ ഓഫീസുകളിലെത്തി തുക കൈപ്പറ്റുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും, തുക വിതരണത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുമായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പേരിൽ TSB അക്കൗണ്ട് ആരംഭിച്ച് ധനസഹായ വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## വളപ്പ്, സീഷോർ കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

238 (2518) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ വളപ്പ്, സീഷോർ എന്നീ കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങളുണ്ടോ;എങ്കിൽ ആയത് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ;

(ഡി) ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വയം പര്യാപ്തഗ്രാമം പദ്ധതി പ്രകാരം വൈപ്പിൻമണ്ഡലത്തിലെ വളപ്പ്- പുലയാസ്, കോളനിയിലെ 92 ശതമാനം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. സീഷോർ കോളനിക്ക് ഒന്നാം ഗഡു അനുവദിക്കുകയും നിർമ്മാണ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) തടസ്സങ്ങൾ ഇല്ല.

(സി) വളപ്പ്-പുലയാസ് കോളനിയിൽ ഒരു മാസത്തിനകം പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണെന്ന് നിർമ്മാണ ഏജൻസിയായ FIT അറിയിച്ചിട്ടുണ്ട്. സീഷോർ കോളനിയിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

(ഡി) വളപ്പ് - പുലയാസ് കോളനി, സീഷോർ കോളനി എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നാടാർ സംവരണം**

239 (2519) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടാർ സംവരണം സംബന്ധിച്ച് കേന്ദ്രനയം നടപ്പാക്കുന്നത് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മീഷനെ നിയോഗിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ ഇതിനായി കമ്മീഷനെ നിയമിച്ചിരുന്നോ; കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പ്രഖ്യാപിച്ചിരുന്നു. റിട്ട. ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മഹാത്മാ അയ്യൻകാളിയുടെ നാമധേയത്തിൽ ഒരു സർവ്വകലാശാല**

240 (2520) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാ അയ്യൻകാളിയുടെ നാമധേയത്തിൽ ഒരു സർവ്വകലാശാല ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമെന്ന വാഗ്ദാനം എന്തുകൊണ്ടാണ് നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

മഹാത്മാ അയ്യൻകാളിയുടെ നാമധേയത്തിൽ ഒരു സർവ്വകലാശാല ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ജാതിയുടെ പേരിലുള്ള വിവേചനം**

241 (2521) ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. കെ. ബാലൻ:
ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിൽ ദളിത് യുവതിയെ കൂട്ട ബലാത്സംഗം ചെയ്തതുൾപ്പെടെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരായ വിവേചനത്തിന്റെയും പീഡനങ്ങളുടെയും റിപ്പോർട്ടുകൾ പുറത്ത് വന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർകോട് കേന്ദ്ര സർവ്വകലാശാലയിൽ ദളിത് വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡി രജിസ്ട്രേഷൻ നൽകുന്നതിൽ വിവേചനം കാണിക്കുന്നതായ റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജാതിയുടെ പേരിലുള്ള വിവേചനം ആവർത്തിക്കാതിരിക്കാനും ദളിതർക്കു നേരെ വർദ്ധിച്ചുവന്നിരിക്കുന്ന ആക്രമണ സംഭവങ്ങളിൽ ഉടൻ നടപടി സ്വീകരിക്കാനും തയ്യാറാകുമോ;

(ഡി) ദളിത് വിഭാഗങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതിയെ കൂട്ടബലാത്സംഗം ചെയ്തതുമായിബന്ധപ്പെട്ട സംഭവം റിപ്പോർട്ട് ചെയ്തിട്ടില്ല. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കെതിരായ വിവേചനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവർക്കെതിരായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡി. രജിസ്ട്രേഷൻ നൽകുന്നതിൽ വിവേചനം കാണിക്കുന്നതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടില്ല.

(സി) പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989, പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടങ്ങൾ 1995 എന്നിവ പ്രകാരം അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ നിയമപ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ എല്ലാ ജില്ലകളിലും വർഷം തോറും സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത നിയമ പ്രകാരമുള്ള കേസുകൾ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989, പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടങ്ങൾ 1995 എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിനും പ്രസ്തുത വിഭാഗങ്ങൾക്ക് ആവശ്യമായ സംരക്ഷണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**വിജ്ഞാൻവാടി നിർമ്മാണം**

242 (2522) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവകുപ്പ് വിജ്ഞാൻ വാടികൾ നിർമ്മാണം പൂർത്തിയാക്കിയത് ഏതൊക്കെ പഞ്ചായത്തുകളിൽ ആണെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി ചെലവഴിക്കപ്പെട്ട തുകയുടെ ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വിജ്ഞാൻവാടി കെട്ടിട നിർമ്മാണം ആരംഭിച്ചവയിൽ 108 എണ്ണം പൂർത്തിയായിട്ടുണ്ടെങ്കിലും 84 എണ്ണം മാത്രമേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിജ്ഞാൻവാടികൾ നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും 1000 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഒരു കെട്ടിടത്തിന് 5 ലക്ഷം രൂപ നിരക്കിൽ 50 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 108 കെട്ടിടങ്ങൾ പൂർത്തിയാക്കി യിട്ടുണ്ട്. ഈ ഇനത്തിൽ 4.15 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്.

**പട്ടികജാതി സഹകരണ സംഘങ്ങൾ**

243 (2523) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി മേഖലയിലെ സഹകരണ സ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ കമ്മീഷനെ നിയമിക്കുമെന്ന പ്രഖ്യാപനം നടപ്പിലായോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) എന്തുകൊണ്ടാണ് പട്ടികജാതി സഹകരണ സംഘങ്ങൾ തകർച്ചയിലേക്ക് പോകുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പിന്നോക്കസമുദായ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. പട്ടികജാതി മേഖലയിലെ സഹകരണ സ്ഥാപനങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ കമ്മീഷനെ നിയമിക്കുമെന്ന പ്രഖ്യാപനം സംബന്ധിച്ച വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെയും പട്ടികജാതി/ പട്ടികവർഗ്ഗ ഫെഡറേഷന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രാപ്തനായ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുവാനാണ് പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. റിപ്പോർട്ടിൻമേൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന ഡയറക്ടർ, സഹകരണ സംഘം രജിസ്ട്രാർ, മാനേജിംഗ് ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ എന്നിവരുടെ അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി ലഭ്യമാകുന്ന ധനസഹായം ശരിയായ രീതിയിൽ വിനിയോഗിക്കാത്തതും ഭരണ സമിതിയുടെ കെടുകാര്യസ്ഥതയും സഹകരണ വകുപ്പിന്റെ മേൽനോട്ടക്കുറവും വിദ്യാഭ്യാസ യോഗ്യതയുള്ളവരും യുവാക്കളും ഉണ്ടെങ്കിലും അവർ സംഘം പ്രവർത്തനങ്ങളിലും ഭരണസമിതികളിലും ഭാഗമാകാതിരിക്കുന്നതുമാണ് സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമായിട്ടുള്ളതെന്നാണ് റിപ്പോർട്ടിൽ പരാമർശിച്ചു കാണുന്നത്.

**പട്ടികജാതി വികസന വകുപ്പിന്റെ സ്റ്റാർട്ട് അപ്ഡ്രീംസ് പദ്ധതി**

244 (2524) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന 'സ്റ്റാർട്ട് അപ് ഡ്രീംസ്' പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിന്റെ മേൽനോട്ടം ആർക്കാണെന്നും ആരുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതിയിലേക്ക് എന്ത് തുകയാണ് നീക്കിവച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബിസിനസ്സ് മേഖലയിൽ എത്തിപ്പെടാൻ താൽപ്പര്യമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്ന തിനുമായി ഒരു ഇൻകുബേഷൻ സെന്റർ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മണ്ണന്തല അംബേദ്കർ ഭവനിൽ കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് ആരംഭിക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഇൻകുബേഷൻ സെന്ററിൽ തൽപ്പരരായവർക്ക് സംരംഭം ആരംഭിക്കുന്നതിന് പരിശീലനവും അടിസ്ഥാന സൗകര്യവും നൽകുന്ന ഒരു പദ്ധതി കൂടിയാണ് സ്റ്റാർട്ട് അപ് ഡ്രീംസ്.

(ബി) കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ടെക്നോപാർക്കിലെ കേരള സ്റ്റാർട്ട് അപ് മിഷൻ എന്ന സ്ഥാപനവുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) മണ്ണന്തല അംബേദ്കർ ഭവനിലെ 5000 ചതുരശ്ര അടി സ്ഥലം കേരള സ്റ്റാർട്ട് അപ് മിഷന്റെ നേതൃത്വത്തിൽ നവീകരിച്ച് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിന് 133.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ 40 ശതമാനം തുക കേരള സ്റ്റാർട്ട് അപ് മിഷന് വിതരണം നടത്തിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും**

245 (2525) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>
<u>ശ്രീ. ബെന്നി ബെഹനാൻ</u>
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും നൽകാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും നൽകാൻ താഴെപ്പറയുന്ന കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

1. <u>പ്രീ- മെട്രിക് തലം</u> :- ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം അതാത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ സ്കോളർഷിപ്പ്/ ഗ്രാന്റ് തുക ഡിമാന്റ് ഡ്രാഫ്റ്റായി സ്ഥാപന മേധാവിക്ക് കൈമാറുകയും സ്ഥാപനമേധാവി തുക മാറി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

1. <u>പോസ്റ്റ് മെട്രിക് തലം</u>:- വിദ്യാഭ്യാസാനുകൂല്യ വിതരണത്തിന് ഇ-ഗ്രാന്റ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.
2. 2014-15 അദ്ധ്യയന വർഷം മുതൽ 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനായി പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി നടപ്പിലാക്കി.
3. IX മുതൽ XII വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് പദ്ധതി, IX, XII ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതികൾ) എന്നിവയും ഡി.ബി.റ്റി.എസ്. മുഖേന നടപ്പാക്കി വരുന്നു.
4. അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നതും ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരല്ലാത്ത 2.50 ലക്ഷം

രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകിവരുന്നു.

5. ഒന്നാം വർഷ എം.ബി.ബി.എസ്. കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് (2014-15) അദ്ധ്യയനവർഷം മുതൽ ധനസഹായം.

6. ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു.

7. ഒരു ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള എം.ബി.ബി.എസ്/ബി.ഡി.എസ്/ബി.ടെക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രാരംഭ വിദ്യാഭ്യാസ ചെലവുകൾക്കുള്ള തുക അനുവദിക്കുന്നു.

8. വൃത്തിഹീന തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (2013-14 വർഷം മുതൽ) ഡി.ബി.റ്റി.എസ്. മുഖേന നടപ്പാക്കി വരുന്നു.

9. അയ്യങ്കാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കീം പ്രകാരം IV, VII ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ X-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് 4500 രൂപ സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു.

10. എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+-നു മുകളിൽ ഗ്രേഡ് ലഭിച്ച് +1 ന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന കോച്ചിംഗിന് (വാർഷിക കുടുംബ വരുമാന പരിധി 4.50 ലക്ഷം രൂപ) ധനസഹായമായി 25,000 രൂപ വീതം (2 വർഷത്തേക്ക്) അനുവദിച്ചു വരുന്നു.

11. എസ്.എസ്.എൽ.സി. +2, ടി.ടി.സി., ഡിപ്ലോമ, ബിരുദം,

ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നതവിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ് നൽകിവരുന്നു.

12. ബുക്ക് ബാങ്ക് സ്കീം (50% CSS) പ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കു വേണ്ട റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

(ബി&സി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ അവസരസമത്വം ലഭ്യമാക്കി ജീവിത നിലവാരമുയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണതലത്തിൽ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

**പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി**

246 (2526) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കോളനികളിൽ വികസനം പൂർണ്ണമായും നടപ്പിലാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇനി ഏതെല്ലാം കോളനികളിൽ ഏതൊക്കെ വർഷങ്ങളിലെ പദ്ധതികളാണ് പൂർത്തിയാകാതെ അവശേഷിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ചേലക്കര മണ്ഡലത്തിൽ ഏഴരക്കുന്ന് പട്ടികജാതി കോളനിയുടെ സമഗ്ര വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ; എന്തുകൊണ്ടാണ് ഇവിടെ ഈ പദ്ധതി നടപ്പിലാക്കുവാൻ ഇത്രയും കാലതാമസമുണ്ടായതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിനുള്ളിൽ ഏഴരക്കുന്ന് കോളനി സമഗ്ര വികസന പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19 കോളനികളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2012-13-ൽ 113 കോളനിയും 2013-14-ൽ 102 കോളനിയും ഉൾപ്പെടെ ആകെ 215 കോളനികളെയാണ് സ്വയംപര്യാപ്ത കോളനി പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിൽ നിർമ്മാണം പൂർത്തിയാക്കിയ 19 കോളനികൾ ഒഴികെ ശേഷിക്കുന്ന 196 കോളനികളിലും പദ്ധതി പൂർത്തീകരിക്കാനുണ്ട്.

(സി) ചേലക്കര മണ്ഡലത്തിലെ ഏഴരക്കുന്ന് കോളനിയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് എസ്റ്റിമേറ്റ് ലഭിക്കുകയും ആയതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കോളനിയിലെ പ്രവൃത്തികൾ ചെയ്യുന്നതിന് ആദ്യം സിഡ്കോ എന്ന ഏജൻസിയെ ഏൽപ്പിക്കുകയും ടി ഏജൻസി എസ്റ്റിമേറ്റ് എടുക്കാൻ കാലതാമസം വരുത്തിയതിനാൽ ജില്ലാ നിർമ്മിതി കേന്ദ്രത്തെ (തൃശ്ശൂർ) പ്രസ്തുത പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. അവർ എസ്റ്റിമേറ്റ് എടുത്തു തന്നിരുന്നുവെങ്കിലും സാങ്കേതിക ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിച്ച് വീണ്ടും എസ്റ്റിമേറ്റ് എടുക്കേണ്ടി വന്നു. ഇക്കാരണങ്ങളാലാണ് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടത്.

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതിക്കാർ**

247 (2527) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതിക്കാരുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതിക്കാർക്ക് വീടും സ്ഥലവും നൽകുന്നതിനായി സ്വീകരിച്ച നടപടികളും ആയത് ലഭിച്ചവരുടെ എണ്ണവും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത ഇനത്തിൽ ഓരോ വർഷവും സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2009-ൽ കില നടത്തിയ സർവ്വേ അനുസരിച്ച് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|
| തിരുവനന്തപുരം | 4172 | 7600 |
| കൊല്ലം | 1163 | 10990 |
| പത്തനംതിട്ട | 849 | 2092 |
| ആലപ്പുഴ | 964 | 2019 |
| കോട്ടയം | 2022 | 1446 |
| ഇടുക്കി | 997 | 3323 |
| എറണാകുളം | 1876 | 6721 |
| തൃശ്ശൂർ | 3796 | 4251 |
| പാലക്കാട് | 3374 | 4204 |
| മലപ്പുറം | 100 | 3153 |
| കോഴിക്കോട് | 7230 | 2548 |
| വയനാട് | 210 | 199 |
| കണ്ണൂർ | 296 | 1477 |
| കാസർഗോഡ് | 366 | 2548 |

(ബി) ഭവനനിർമ്മാണ ധനസഹായ പദ്ധതി നടത്തിപ്പിന് ശീർഷകം നിശ്ചയിച്ച് ബഡ്ജറ്റിൽ ഓരോ വർഷവും നിശ്ചിത തുക വകയിരുത്തി ഭൗതിക ലക്ഷ്യം നിശ്ചയിച്ച് തുക അനുവദിച്ച് നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. യഥാസമയം ഗ്രാമസഭ ലിസ്റ്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അപേക്ഷകരെ പത്ര പരസ്യത്തിലൂടെ കണ്ടെത്തി അർഹത പരിശോധിച്ച് ആനുകൂല്യം നൽകിവരുന്നു. നടപ്പ് സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിന് 180 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് നടപ്പുവർഷം 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള

വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ഭവനനിർമ്മാണ ധനസഹായ പദ്ധതി

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 8986.01 |
| 2012-13 | 9999.85 |
| 2013-14 | 8484.75 |
| 2014-15 | 12381.45 |
| 2015-16 | 13756.66 (31-1-2016 വരെ) |

ദുർബല വിഭാഗ പുനരധിവാസ പദ്ധതി

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 227.32 |
| 2012-13 | 162.85 |
| 2013-14 | 269.94 |
| 2014-15 | 267.79 |
| 2015-16 | 784.07 (31-1-2016 വരെ) |

ഭവന പുനരുദ്ധാരണ/അഡീഷണൽ റൂം പദ്ധതി

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2013-14 | 1425 |
| 2014-15 | 3333.5 |
| 2015-16 | 2970.75 (31-1-2016 വരെ) |

ഭൂരഹിത ധനസഹായ പദ്ധതി

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | |
|---|---|
| 2011-12 | 8149.42 |
| 2012-13 | 16937.81 |
| 2013-14 | 9996.5 |
| 2014-15 | 13932.78 |
| 2015-16 | 14508.64 (31-1-2016 വരെ) |

**പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ**

248 (2528) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപെൻഡ്, മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിൽ എത്ര പ്രാവശ്യം കാലതാമസം നേരിട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇപ്പോഴും കുടിശ്ശികയുള്ളതായ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം കുടിശ്ശിക വന്നു ചേർന്നിട്ടുള്ളതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടില്ല.

(ബി-ഡി) ഇല്ല. എന്നാൽ അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവ തെറ്റായി രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷകൾ നിലവിലുണ്ട്. ബന്ധപ്പെട്ട അപേക്ഷകർ മേൽ വിവരങ്ങൾ തിരുത്തി അപേക്ഷ നൽകുന്ന മുറയ്ക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്.

## പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്കായുള്ള ക്ഷേമവികസന പദ്ധതികൾ

249 (2529) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി എന്തെല്ലാം ക്ഷേമ വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നഴ്സറി തലം മുതൽ പി.എച്ച്.ഡി. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കു വരെ വകുപ്പുതലത്തിൽ വിദ്യാഭ്യാസാനുകൂല്യം.

2. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ.

3. നഴ്സറി സ്കൂളുകളിൽ ഫീഡിംഗ് ചാർജ്ജ്, യൂണിഫോം ചാർജ്ജ്, ലംപ്സംഗ്രാന്റ്.

4. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിനു പുറമേ "പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്" പദ്ധതി പ്രകാരം (2014-15 മുതൽ) 2000 രൂപ.

5. 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് സി.എം.എസ്. സ്കോളർഷിപ്പ്.

6. 9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് അപ്ഗ്രഡേഷൻ

ഓഫ് മെറിറ്റ് - സി.എസ്.എസ്. പദ്ധതികൾ.

7. ഒരു ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.ടെക് വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ Initial Expenditure ആയി 10,000/5,000 രൂപ നൽകിവരുന്നു.

8. ബി.ടെക്, എം.ടെക്, എം.സി.എ. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം.

9. എം.ബി.ബി.എസ്. ഒന്നാംവർഷ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം.

10. സംസ്ഥാനത്തിനു പുറത്തും വിദേശത്തും പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം.

11. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് (1 മുതൽ 10 വരെ) സി.എസ്.എസ്. പദ്ധതി പ്രകാരം വിദ്യാഭ്യാസാനുകൂല്യം.

12. 4,7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസു വരെ പ്രതിവർഷം 4500 രൂപ വീതം അനുവദിക്കുന്ന അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.

13. SSLC, +2, TTC, Diploma, Degree, PG, Professional Course എന്നിവയിൽ മികച്ച വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

14. Medical/Engineering എൻട്രൻസ് കോച്ചിംഗ് നൽകുന്നതിനായുള്ള Vision -2013 പദ്ധതി.

15. സ്പോർട്സിൽ മികവ് കാണിക്കുന്ന വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസുമുതൽ പ്രവേശനം നൽകുന്നതിനായി ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ.

16. പാലക്കാട് മെഡിക്കൽ കോളേജിൽ പട്ടികജാതിയിൽപ്പെട്ട 70 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി.

17. വിവിധ മത്സരപ്പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി തിരുവനന്തപുരം,എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ 4 Pre-Examination Training Centres (PETC).

18. 5-ാം ക്ലാസ് മുതലുള്ള വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ.

19. അഖിലേന്ത്യാ സർവ്വീസ് മത്സരപ്പരീക്ഷയ്ക്ക് പ്രത്യേകം പരിശീലനം നൽകുന്നതിനായി ICSETS (Institute for Civil Service Examination Training Society) പ്രവർത്തിച്ചുവരുന്നു.

20. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കായി 87 പ്രീ-മെട്രിക്ഹോസ്റ്റലുകൾ, 18 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ.

21. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ-ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000 രൂപ വീതം പാരിതോഷികം.

22. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണ നാണയം.

23. എസ്.എസ്.എൽ.സി/പ്ലസ്-2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ+ ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അര പവൻ സ്വർണ്ണ നാണയം.

24. 2011-12 സാമ്പത്തികവർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8-ാം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിന് 3000 രൂപ അനുവദിച്ചു.

25. 80 ശതമാനം പട്ടികജാതി വനിതകൾ അംഗങ്ങളായുള്ള സ്വയം സഹായസംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം.

26. 50,000 രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായമായി 50,000 രൂപ.

(ബി) പട്ടികജാതി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവന്ന് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം.

(സി) ഓരോ പദ്ധതിക്കും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ആയത് റിലീസ് ചെയ്യുന്നതിനുള്ള അനുമതിയും ഫണ്ടും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗക്കാരുടെ വികസനം**

250 (2530) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ പദ്ധതി തുകയിൽ പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ നാളിതുവരെ അനുവദിച്ച തുകയുടെയും പദ്ധതികൾക്ക് വേണ്ടി വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പദ്ധതി വിഹിതത്തിൽ പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനായി House to Houseless പദ്ധതിക്ക് ലഭിച്ച അധിക ധനസഹായമായ 8000 ലക്ഷം രൂപ ഉൾപ്പെടെ 1120.92 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത തുകയിൽ 31-1-2016 വരെ 691.77 കോടിരൂപ അനുവദിക്കുകയുണ്ടായി. ആയതിൽ 627.24 കോടിരൂപ വിനിയോഗിക്കുക യുണ്ടായി.

**പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ**

251 (2531) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :</u>

<u>ശ്രീ. വി.പി.സജീന്ദ്രൻ :</u>

<u>ശ്രീ. സി. പി. മുഹമ്മദ്</u> :

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് പ്രത്യേക കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്നതും 2.5 KM ചുറ്റളവിനുള്ളിൽ മറ്റ് ആരോഗ്യസംവിധാന കേന്ദ്രങ്ങൾ നിലവിലില്ലാത്തതുമായ 29 പട്ടികജാതി കോളനികളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് 2011-12 സാമ്പത്തികവർഷം ഹോമിയോപ്പതി ഡയറക്ടർ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. അപ്രകാരം ആരംഭിച്ച ഹോമിയോ ഹെൽത്ത് സെന്ററുകൾ പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. 2011-12-നുശേഷം പുതിയ ഹോമിയോ ഹെൽത്ത് സെന്ററുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) 1. ഹോമിയോ ചികിത്സ രോഗികളായ പട്ടികജാതിക്കാർക്ക് ലഭ്യമാക്കുക.

2. പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് തടയുക.

3. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകുക.

4. മദ്യപാനം, പുകവലി, വെറ്റിലമുറുക്ക് എന്നിവയുടെ ദൂഷ്യവശങ്ങളെ

സംബന്ധിച്ച് അവബോധം, ചികിത്സ എന്നിവ നൽകൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്.

(സി) 2011-12 സാമ്പത്തികവർഷം ഹോമിയോപ്പതി ഡയറക്ടർ 29 ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും അവയുടെ നടത്തിപ്പിനായി 165.93 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രസ്തുത വർഷം ഹോമിയോ ഹെൽത്ത് സെന്ററുകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനും 35.96 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2013-14 വർഷം പ്രസ്തുത ഹോമിയോ ഹെൽത്ത് സെന്ററുകളുടെ തുടർച്ചയ്ക്കായി 189.08 ലക്ഷം രൂപയും, 2014-15 വർഷം 206.48 ലക്ഷം രൂപയും അനുവദിച്ചിരുന്നു. 2015-16 വർഷം പ്രസ്തുത സെന്ററുകളുടെ തുടർച്ചയ്ക്കായി 206.48 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പ്രൊഫഷണൽ കോഴ്സുകൾക്ക് സ്കോളർഷിപ്പ്

252 (2532) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിവിഭാഗത്തിൽപ്പെട്ട ബി.ടെക്,എം.ടെക്, എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് വകുപ്പ് നൽകുന്ന സ്കോളർഷിപ്പുകളും ധനസഹായങ്ങളും വ്യക്തമാക്കുമോ?

### ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി.ടെക്, എം.ടെക്, എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് വകുപ്പ് നൽകുന്ന ധനസഹായങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ലംപ്സംഗ്രാന്റ്
2. സ്റ്റൈപ്പന്റ്
3. ട്യൂഷൻ ഫീസ് (സർക്കാർ അംഗീകരിച്ചത്)
4. സ്പെഷ്യൽ ഫീസ്
5. പരീക്ഷാഫീസ്
6. യഥാർത്ഥ ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ചാർജ്ജ് (ABLC) പ്രാരംഭ

ചെലവ് (വരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക്)

എം.ബി.ബി.എസ് - 10,000 രൂപ

ബി.ടെക് - 5,000 രൂപ

7. <u>സ്റ്റെതസ്കോപ്പ് വാങ്ങൽ</u> :

എം.ബി.ബി.എസ് (ഒന്നാം വർഷം)

പരമാവധി - 5800 രൂപ

8. <u>ലാപ്ടോപ്പ് വാങ്ങൽ</u> :

ബി.ടെക്, എം.ടെക്

പരമാവധി - 25,000 രൂപ

**പട്ടികജാതി കുടുംബങ്ങൾക്ക് കാളകളെ വിതരണം ചെയ്യുന്നതിന് പദ്ധതി**

253 (2533) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പട്ടികജാതി കുടുംബങ്ങൾക്ക് കാളകളെ വിതരണം ചെയ്തുവെന്നും ഈ പദ്ധതിക്കായി പട്ടികജാതി വകുപ്പ് എന്ത് തുക നീക്കിവച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എന്ത് തുക ചെലവഴിച്ചു എന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ 300 പട്ടികജാതി കുടുംബങ്ങൾക്ക് മൃഗസംരക്ഷണ വകുപ്പ് മുഖേന 3 കാളക്കുട്ടികളെ വീതം വിതരണം നടത്തുന്നതിനായി (Male calf Fattening) 2012-13 സാമ്പത്തിക വർഷം 92.661 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കിയ പുരോഗതി റിപ്പോർട്ട് പ്രകാരം പ്രസ്തുത ജില്ലകളിൽ കാളക്കുട്ടികളെ വിതരണം നടത്തപ്പെട്ട പട്ടികജാതി കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | കോട്ടയം | - | 32 |
| 2. | എറണാകുളം | - | 84 |

| | | | |
|---|---|---|---|
| 3. | ഇടുക്കി | - | 44 |
| | ആകെ | - | 160 |

(ബി) ജില്ല തിരിച്ചുള്ള വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | കോട്ടയം | - | 9,88,384 |
| 2. | എറണാകുളം | - | 25,94,508 |
| 3. | ഇടുക്കി | - | 13,59,028 |
| | ആകെ | - | 49,41,920 |

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

254 (2534) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടുതൽ ഹോസ്റ്റൽ സൗകര്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

### ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് ഇ-ഗ്രാന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ട ഹോസ്റ്റൽ സൗകര്യങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനം

255 (2535) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ 2011-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് നൽകിയ തുകയെത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തിലും പ്രസ്തുത ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനായി ഒരു ലക്ഷം രൂപയാണ് ധനസഹായമായി നൽകിവന്നിരുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം 2011 സെപ്റ്റംബറിൽ ധനസഹായ തുക 2 ലക്ഷം രൂപയായും 2014-15-ൽ മൂന്ന് ലക്ഷം രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തിലും ഭവനനിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ഭവനനിർമ്മാണ ധനസഹായ പദ്ധതി

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 8986.01 |
| 2012-13 | 9999.85 |
| 2013-14 | 8484.75 |
| 2014-15 | 12381.45 |
| 2015-16 | 13756.66 |
| | (31-1-2016 വരെ) |

ഭവന പുനരുദ്ധാരണം (അഡീഷണൽ റൂം പദ്ധതി)

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2013-14 | 1425 |
| 2014-15 | 3333.5 |
| 2015-16 | 2970.75<br>(31-1-2016 വരെ) |

ദുർബല വിഭാഗ പുനരധിവാസ പദ്ധതി

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 227.32 |
| 2012-13 | 162.85 |
| 2013-14 | 269.94 |
| 2014-15 | 267.79 |
| 2015-16 | 784.07<br>(31-1-2016 വരെ) |

## അട്രോസിറ്റി ആക്ട്

256 (2536) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്രോസിറ്റി ആക്ട് അനുസരിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതം ഇവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 3845 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989, 1995 ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള ആശ്വാസ ധനസഹായം യഥാസമയം അനുവദിക്കുന്നുണ്ട്.

**ഗാന്ധിഗ്രാമം പദ്ധതിക്ക് ചെലവഴിച്ച തുക**

257 (2537) <u>ശ്രീ. വി. ശിവൻകുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗാന്ധിഗ്രാമം പദ്ധതിക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ടി പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര തുക നീക്കിവച്ചുവെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള വകയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 30-9-2014 ലെ സ.ഉ (കൈ) നം. 70/2014/പജപവവിവ തീയതി പ്രകാരം 11,58,73,819 രൂപ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും അനുവദിക്കുകയും പ്രസ്തുത തുകയിൽ 2014-15 സാമ്പത്തിക വർഷം 2,89,68,455 രൂപ ചെലവഴിച്ചിട്ടുമുണ്ട്.

(ബി) അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെയും വിവിധ ഏജൻസികൾക്ക് തുക അനുവദിച്ചതിന്റെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

**പരിവർത്തിത ക്രൈസ്തവർ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

258 (2538) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിവർത്തിത ക്രൈസ്തവർക്കുകൂടി സംവരണ ആനുകൂല്യങ്ങൾ നൽകണമെന്ന ആവശ്യത്തെക്കുറിച്ച് പഠിച്ച് ശിപാർശകൾ നൽകാൻ ഒരു കമ്മീഷനെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ ഇതിനായി കമ്മീഷനെ നിയമിച്ചിരുന്നോ;

(സി) കമ്മീഷൻ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; അതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ-സി) പരിവർത്തിത ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനായി ശ്രീ. പി. പി. ഗോപി (ഐ.എ.എസ്.-റിട്ടയേർഡ്) ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**വിവാഹധനസഹായം - പട്ടികജാതി വിഭാഗക്കാർക്ക്**

259 (2539) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹധനസഹായത്തിന് അപേക്ഷ നൽകിയ അജിതകുമാരി, തൊട്ടുകയിൽ വീട്, കുന്നം പി.ഒ., മാവേലിക്കര എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) കാലതാമസം നേരിട്ടതിനാൽ ടി വ്യക്തിയുടെ മാപ്പപേക്ഷയുൾപ്പെടെ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീമതി അജിതകുമാരി, തൊട്ടുകയിൽ വീട്, കുന്നം പി.ഒ, മാവേലിക്കര എന്നയാളുടെ അപേക്ഷ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷയും കോ-ലിവിംഗ് സർട്ടിഫിക്കറ്റും സഹിതം ഹാജരാക്കുന്നതിലേയ്ക്കായി മാവേലിക്കര ബ്ലോക്ക് പട്ടികജാതി

വികസന ഓഫീസിൽ നിന്നും അപേക്ഷകർക്ക് തിരികെ നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും അപേക്ഷ വീണ്ടും വകുപ്പിൽ ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ടിയാളുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാനായിട്ടില്ല. അപേക്ഷ ലഭ്യമായാലുടൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മൈക്രോക്രെഡിറ്റ് വായ്പ

260 (2540) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിന്നോക്ക വികസന കോർപ്പറേഷനിൽനിന്നും എസ്.എൻ.ഡി.പി. യോഗത്തിനു ഏതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചത്;

(ബി) വായ്പാ വിനിയോഗം സംബന്ധിച്ച് ജില്ലാ മാനേജർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണ്;

(സി) വായ്പാ ദുരുപയോഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; എങ്കിൽ അതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എസ്.എൻ.ഡി.പി. യോഗത്തിന് മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചതിലെ നിബന്ധനകൾ ചുവടെ ചേർക്കുന്നു:

1. വായ്പ സ്വയം സഹായ സംഘങ്ങൾ വഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.
2. അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടുവാൻ പാടുള്ളതല്ല.
3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം

തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75 ശതമാനം അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.

4. ഗ്രാമങ്ങളിൽ 81,000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 1,03,000 രൂപയിൽ താഴെയും കുടുംബവാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.

5. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാതുക വിനിയോഗിക്കേണ്ടതാണ്.

6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000 രൂപ.

7. കോർപ്പറേഷൻ SNDP യോഗത്തിൽ നിന്നും നിലവിൽ ഈടാക്കുന്ന പലിശനിരക്ക് 3 ശതമാനം ആണ്. SNDP യോഗം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ട പലിശ നിരക്ക് 5 ശതമാനം ആണ്.

8. തുക ദുരുപയോഗം ചെയ്താൽ കരാർ ലംഘനമായി കണക്കാക്കി കരാർ വ്യവസ്ഥകൾ പ്രകാരം 3 ശതമാനം പലിശ കൂടാതെ 12 ശതമാനം അധിക പലിശ ഈടാക്കി തുക തിരിച്ചുപിടിക്കുന്നതാണ്.

9. തിരിച്ചടവ് കാലാവധി 36 മാസം

(ബി) 19-6-2014-ൽ കൊടുത്ത 5 കോടി രൂപ വായ്പയിൽ ജില്ലകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് പ്രകാരം SNDP യോഗം സമർപ്പിച്ച പട്ടികയിൽ ഉൾപ്പെടുന്നവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാതുക ലഭിച്ചിട്ടില്ലായെന്നും ചിലരിൽ നിന്നും കൂടുതൽ പലിശ ഈടാക്കി എന്നുമാണ് പ്രധാന ക്രമക്കേടുകൾ കണ്ടെത്തിയത്.

(സി) ഉണ്ട്. SNDP യോഗം സമർപ്പിച്ച പട്ടികയിൽ ഉൾപ്പെടുന്നവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാതുക ലഭിച്ചിട്ടില്ലായെന്നും ചിലരിൽ നിന്നും കൂടുതൽ പലിശ ഈടാക്കി എന്നുമാണ് പ്രധാന കണ്ടെത്തൽ. വായ്പാതുക ദുർവിനിയോഗം ചെയ്തത് ബോധ്യപ്പെട്ട സാഹചര്യത്തിൽ 3 ശതമാനം പലിശയും 12 ശതമാനം പിഴപ്പലിശയും ചേർത്ത് മൊത്തം 15 ശതമാനം പലിശയ്ക്ക് മുഴുവൻ തുകയും തിരിച്ചുപിടിക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതിക്ഷേമം കോർപ്പസ് ഫണ്ട്**

261 (2541) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമം കോർപ്പസ് ഫണ്ട് മുഖാന്തിരം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതെല്ലാമാണ്; എന്നാണ് അവ പൂർത്തീകരിച്ചത്; വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ആവശ്യമായ ഫണ്ട് വകുപ്പിൽ ലഭ്യമാണോ; ഫണ്ട് നൽകേണ്ടവർക്ക് അത് ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഫണ്ട് നൽകിയിട്ടുണ്ട്. തുക മാറി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് തുക മാറി നൽകുന്നതിന് ബഹു. ജില്ലാകളക്ടർ, ജില്ലാപട്ടികജാതി വികസന ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനാവശ്യമായ ഫണ്ട് വകുപ്പിൽ ലഭ്യമാണ്.

**മിശ്രവിവാഹിതരാകുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക്**
**നൽകിവരുന്ന ആനുകൂല്യം**

262 (2542) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരാകുന്ന പട്ടികജാതിയിൽപ്പെട്ടവരുടെ ജീവിത സുരക്ഷയ്ക്കും, അവർ നേരിടുന്ന സാമൂഹ്യ വെല്ലുവിളികളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും വിവിധ പദ്ധതികളും വിശദമാക്കാമോ;

(ബി) പട്ടികജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയെ മറ്റ് സമുദായത്തിൽ നിന്നുള്ള ഒരു പുരുഷൻ വിവാഹം കഴിച്ചാൽ അവർക്ക് എന്തെങ്കിലും സാമ്പത്തിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആനുകൂല്യത്തിന് അർഹതയുണ്ടോ; ഇത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പട്ടികജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയുടെ വിവാഹത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; ഇപ്രകാരം ധനസഹായം ലഭിച്ച് നടക്കുന്ന വിവാഹം മിശ്രവിവാഹമായാൽ, മിശ്രവിവാഹിതർക്കുള്ള ആനുകൂല്യത്തിന് പ്രസ്തുത ദമ്പതിമാർക്ക് അർഹതയില്ലെന്ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പട്ടികജാതിയിൽപ്പെട്ട പെൺകുട്ടിയെ വിവാഹം കഴിച്ച അന്യ സമുദായാംഗമായ ശ്രീ.സുനിൽകുമാർ.പി.ഡി, തറയിൽ, തൈക്കൽ.പി.ഒ, ചേർത്തല എന്ന കക്ഷി മിശ്രവിവാഹിതർക്കുള്ള സാമ്പത്തിക സഹായത്തിന് പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിച്ചപ്പോൾ പെൺകുട്ടിയുടെ മാതാവ് പട്ടിക ജാതിക്കാർക്കുള്ള വിവാഹധനസഹായം കൈപ്പറ്റിയിട്ടുള്ളതാണെന്ന കാരണത്താൽ അപേക്ഷ നിരസിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിർദ്ദേശപ്രകാരമല്ലാതെ സ്വീകരിച്ച നടപടിയാണെങ്കിൽ ഇപ്രകാരം അപേക്ഷ നിരസിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മിശ്രവിവാഹത്താൽ സാമ്പത്തിക ക്ലേശങ്ങളും സാമൂഹികമായ ഒറ്റപ്പെടലിനും വിധേയരാകുന്ന ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതി മറ്റേയാൾ പട്ടികേതര സമുദായം) മിശ്രവിവാഹ ധനസഹായമായി 50,000 രൂപ വകുപ്പിൽ നിന്നും അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷവും മുൻ വർഷങ്ങളിലെപ്പോലെ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് തുക അനുവദിക്കുകയും സംസ്ഥാനത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർ മുഖാന്തരം ലഭിക്കുന്ന അപേക്ഷകൾ അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ച് വരികയും ചെയ്യുന്നുണ്ട്. സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർക്ക് ആയത് സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി, കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം മിശ്രവിവാഹ ധനസഹായത്തിന് വിതരണം ചെയ്ത തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ഗുണഭോക്താവിന്റെ എണ്ണം |
|---|---|---|
| 2011-12 | 1033.67 | 2454 |
| 2012-13 | 1092.12 | 2189 |
| 2013-14 | 1040.7 | 2182 |
| 2014-15 | 1050.2 | 2112 |
| 2015-16 | 731.5 | 1468 (30-1-2016 വരെ) |

(ബി) പട്ടികജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയെ പട്ടികേതര സമുദായത്തിൽപ്പെട്ട ഒരു പുരുഷൻ വിവാഹം കഴിച്ചാൽ മാത്രം അവർക്ക് വകുപ്പിൽ നിന്നും മിശ്രവിവാഹ ധനസഹായത്തിന് അർഹതയുണ്ട്. ഇതിലേക്കായി നിശ്ചിതമാതൃകയിലുള്ള അപേക്ഷയോടൊപ്പം ദമ്പതിമാരുടെ ജാതി, വരുമാന സർട്ടിഫിക്കറ്റ്, കോ-ലിവിംഗ് സർട്ടിഫിക്കറ്റ്, അസ്സൽ വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം 3 വർഷം കഴിയുന്നതിന് മുൻപായി അപേക്ഷകർ താമസിക്കുന്ന സ്ഥലത്തുള്ള ബ്ലോക്ക്/ നഗരസഭ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ദമ്പതിമാരുടെ കുടുംബ വാർഷിക വരുമാനം 40,000 രൂപയിൽ കവിയാൻ പാടില്ല.

(സി) പട്ടികജാതിയിൽപ്പെട്ട കുടുംബ വാർഷിക വരുമാനം 50,000 രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി വകുപ്പിൽ നിന്നും വിവാഹ ധനസഹായ പദ്ധതി പ്രകാരം 50,000 രൂപ ധനസഹായം നൽകുന്നു. ധനസഹായം ലഭിച്ച് നടക്കുന്ന വിവാഹം മിശ്രവിവാഹമായാൽ മിശ്രവിവാഹിതർക്കുള്ള ആനുകൂല്യത്തിന് പ്രസ്തുത ദമ്പതിമാർക്ക് അർഹതയില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഒരേ വിവാഹത്തിനുതന്നെ രണ്ടു ധനസഹായം (വിവാഹ ധനസഹായവും മിശ്രവിവാഹ ധനസഹായവും) നിലവിൽ അനുവദിക്കുന്നില്ല.

(ഡി) പരിശോധിച്ചുവരുന്നു.

**പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് പദ്ധതി**

263 (2543) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാൻ നദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിനായി പട്ടികജാതി വികസന വകുപ്പ് താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. 44 ഐ.ടി.ഐ.കൾ - (എൻ.സി.വി.റ്റി. അഫിലിയേഷനുള്ളത് - 41; എസ്.സി.വി.റ്റി. അഫിലിയേഷനുള്ളത് - 3)
2. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ - 4 (വിവിധ തൊഴിലധിഷ്ഠിത കോഴ്സകൾക്കും മത്സരപ്പരീക്ഷകൾക്കും പരിശീലനം നൽകുന്നതിന്)

(ബി) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ ട്രേഡുകൾ പഠിക്കുന്നതിനും തൊഴിലധിഷ്ഠിതകോഴ്സകൾക്കും മത്സരപ്പരീക്ഷകൾക്കും പരിശീലനം നൽകുക വഴി അവർക്ക് എളുപ്പത്തിൽ മെച്ചപ്പെട്ട തൊഴിൽ മേഖല കണ്ടെത്തുന്നതിനും തദ്വാര സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിച്ച് ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) വകുപ്പിന് കീഴിലുള്ള 44 ഐ.ടി.ഐ.കളിലും 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിലും ഓരോ വർഷവും അർഹരായ അപേക്ഷകർക്ക്

പ്രവേശനം നൽകി പരിശീലനം നൽകിവരുന്നു. ഇവർക്ക് പ്രതിമാസ സ്റ്റൈപ്പന്റും യൂണിഫോം അലവൻസും നൽകിവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടും അനുവദിക്കുന്നുണ്ട്. കൂടാതെ മറ്റ് സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ വൊക്കേഷണൽ പരിശീലന സ്ഥാപനങ്ങൾ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) എന്നിവ മുഖേന പ്രോജക്ടിസ്ഥാനത്തിലും സൈബർശ്രീ, CREST എന്നീ സ്ഥാപനങ്ങൾ വഴിയും തൊഴിൽ പരിശീലനം നൽകിവരുന്നു.

**പട്ടികജാതിയിൽപ്പെട്ടവരുടെ അസ്വാഭാവിക മരണം**

264 (2544) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിയിൽപ്പെട്ട എത്രപേർക്ക് അസ്വാഭാവിക മരണം സംഭവിച്ചിട്ടുണ്ട്; ലഭ്യമായ വിവരങ്ങൾ നൽകുമോ?

ഉത്തരം

വിവരം ശേഖരിച്ച് വരുന്നു.

**പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് ചെലവഴിച്ച തുക**

265 (2545) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്രതുക വീതം നൽകിയെന്നും എത്ര പേർക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘം രജിസ്ട്രാർ, വനിതാവികസന കോർപ്പറേഷൻ, സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ച് നൽകിയിരുന്നു. വായ്പ എഴുതിത്തള്ളൽ പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

25,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് അനുവദിച്ച തുക

| | | |
|---|---|---|
| വനിതാ വികസന കോർപ്പറേഷൻ | - | 9651 |

50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് അനുവദിച്ച തുക

| | | |
|---|---|---|
| വ്യവസായ വാണിജ്യ വകുപ്പ് | - | 1,18,93,617 |
| ഖാദി ഗ്രാമ വ്യവസായ ബോർഡ് | - | 2,20,09,782 |
| സഹകരണ സംഘം രജിസ്ട്രാർ | - | 12,00,00,000 |
| പട്ടികജാതി വികസന കോർപ്പറേഷൻ | - | 2,49,99,167 |
| പട്ടികജാതി വികസന കോർപ്പറേഷൻ | - | 12,33,66,000 |

പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

കൂടാതെ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിലേക്കായി 2014-15 സാമ്പത്തികവർഷം അനുവദിച്ച 10 കോടിരൂപ പദ്ധതിയുടെ നോഡൽ ഏജൻസിയായ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ റ്റി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന പ്രകാരം പദ്ധതിക്കായി 40 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുകകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കനാൽ ടൂറിസം**

266 (T*2546) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച താനൂർ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കേന്ദ്രമാക്കിയുള്ള കനോലി കനാൽ ടൂറിസം സർക്യൂട്ട് എന്ന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) താനൂർ കേന്ദ്രമാക്കിയുള്ള കനോലി കനാൽ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**കേരളത്തിലെ വിനോദസഞ്ചാരികൾ**

267 (2547) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | ആഭ്യന്തര വിനോദ സഞ്ചാരികൾ | ആകെ |
|---|---|---|---|
| 2011 | 7,32,985 | 93,81,455 | 1,01,14,440 |
| 2012 | 7,93,696 | 1,00,76,854 | 1,08,70,550 |
| 2013 | 8,58,143 | 1,08,57,811 | 1,17,15,954 |
| 2014 | 9,23,366 | 1,16,95,411 | 1,26,18,777 |
| 2015 ഒക്ടോബർ വരെ (പ്രൊവിഷണൽ ) | 7,75,390 | 99,53,137 | 1,07,28,527 |

**കെ.റ്റി.ഡി.സി.-യിലെ അസിസ്റ്റന്റ് കുക്കുകൾ**

268 (2548) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് കുക്കുകളുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ഡി) പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് കുക്കുകളുടെ 24 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) കെ.റ്റി.ഡി.സി.യിൽ - അസിസ്റ്റന്റ് കുക്കിന്റെ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരുന്നതല്ല.

(സി) കെ.റ്റി.ഡി.സി.യിലെ അസിസ്റ്റന്റ് കുക്ക് നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരുന്ന WP(C) No. 27303/2014-ൽ 5-11-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം വിശദമായി പരിശോധിക്കുകയും അസിസ്റ്റന്റ് കുക്ക് തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ കെ.റ്റി.ഡി.സി. മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടുകൊണ്ട് 5-6-2015-ലെസ.ഉ(സാധാ)നമ്പർ 246/2015/ ടൂറിസം പ്രകാരം ഉത്തരവായിട്ടുമുണ്ട്.

(ഡി) 'ബി' പിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**'വിസ ഓൺ അറൈവൽ' പദ്ധതി**

269(2549) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ:

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് വിനോദസഞ്ചാരമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് വിസ ഓൺ അറൈവൽ പദ്ധതി ഏർപ്പെടുത്തുക വഴി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) 'വിസ ഓൺ അറൈവൽ' പദ്ധതി ഇപ്പോൾ 'ഇ-ടൂറിസ്റ്റ് വിസ ഓൺ അറൈവൽ' സംവിധാനമായി പരിഷ്കരിച്ചാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്നത്. ഇന്ത്യയിലെ 16 വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ സംവിധാനം കേരളത്തിൽ കൊച്ചി, തിരുവനന്തപുരം എന്നീ 2 വിമാനത്താവളങ്ങളിൽ ലഭ്യമാണ്. താരതമ്യേന എളുപ്പമായ നടപടിക്രമങ്ങളിലൂടെ 113 രാജ്യങ്ങളിൽ നിന്ന് വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ചികിത്സ/ബിസിനസ് ആവശ്യങ്ങൾ എന്നിവയ്ക്കായി ഇന്ത്യയിലെത്തുന്ന വിദേശികൾക്ക് ഹ്രസ്വകാലയളവിലേക്ക് മിതമായ ഫീസിന് നൽകുന്ന ഈ വിസ കേരളത്തിലെ വിനോദസഞ്ചാര മേഖലയിലും ഉണർവ് പകർന്നിട്ടുണ്ട്. ഓൺലൈൻ വഴി അപേക്ഷ നൽകിയശേഷം ലഭിക്കുന്ന ഇലക്ട്രോണിക് ആതറൈസേഷനുമായി (ETA) കേരളത്തിലേക്ക് വരാവുന്നതാണ്. തുടർന്ന് വിമാനത്താവളത്തിൽ നടത്തുന്ന ലളിതമായ പരിശോധനകൾക്ക് ശേഷം നൽകുന്ന 30 ദിവസത്തെ കാലാവധിയുള്ള വിസ ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. ഇ-ടൂറിസ്റ്റ് വിസ അനുവദിച്ചിട്ടുള്ള 113 രാജ്യങ്ങളുടെ പട്ടികയിൽ കേരളത്തിന് വിപണി സാധ്യതയുള്ള ധാരാളം മാർക്കറ്റുകൾ ഉണ്ട്. ഇവിടങ്ങളിൽ പ്രചാരണപരിപാടികൾ ശക്തമാക്കിയും പുതിയ മാർക്കറ്റുകളിൽ സാന്നിദ്ധ്യം അറിയിച്ചും കേരള ടൂറിസം കൂടുതൽ ആൾക്കാരെ കേരളത്തിലേക്ക് ആകർഷിക്കുവാൻ വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിദേശ വിനോദസഞ്ചാരികളുടെ എണ്ണം, വളർച്ചാനിരക്ക് എന്നിവ കൂടുതൽ വിദേശനാണ്യ വരുമാനം നേടുന്നതിന് സഹായിക്കും. ഇത് കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്കാകെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉണർവ്വേകും. അനുബന്ധ വ്യവസായങ്ങൾക്കും ജനവിഭാഗങ്ങൾക്കും ഇത് സഹായകമാകുമെന്ന് കരുതുന്നു.

**ഫാം ടൂറിസം പദ്ധതി**

270 (2550) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലായി ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിയിൽ ചേലക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം മേഖലകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ഫാംടൂറിസം പദ്ധതി ഇപ്പോൾ നിലവിലില്ല. പരിശോധിക്കുന്നതാണ്.

**പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ**

271 (2551) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. വി. ഡി.സതീശൻ:
ശ്രീ. പി. സി വിഷ്ണുനാഥ്:
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്താനും വികസിപ്പിക്കാനും എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് 176 ടൂറിസ്റ്റ് ലൊക്കേഷനുകൾ നിലവിലുണ്ടെങ്കിലും

ഗവൺമെന്റ് ഉത്തരവ് G.O.(Rt.) No. 1030/09/TSM തീയതി 9-2-2009, G.O. (Rt.) No. 9926/10/TSM തീയതി 21-12-2010 പ്രകാരം 51 സ്ഥലങ്ങളെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ടൂറിസം ലൊക്കേഷനുകൾ കൂടി ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി പ്രൊപ്പോസൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതനുസരിച്ച് ലഭിച്ച ചില പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അംഗീകാരം സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്.

(ബി) ടൂറിസം ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദ പരവുമായ വികസനമാണ് ലക്ഷ്യമിടുന്നത്. കൂടാതെ വിനോദസഞ്ചാരികളെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി സൗകര്യ പ്രദമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി മെഗാ സർക്യൂട്ട് ഡെവലപ്പ്മെന്റ്, ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് തുടങ്ങി വിവിധ പദ്ധതികൾ ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി അതാത് നിർവ്വഹണ ഏജൻസികളെ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ,പദ്ധതി നടത്തിപ്പുകളുടെ പുരോഗതി വിലയിരുത്തുവാനും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും 14 ജില്ലകളിലും നിലവിലുള്ള ജില്ലാഓഫീസുകളുടെ മേൽനോട്ടത്തിൽ പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

**വിനോദസഞ്ചാര മേഖലയിലെ വിമാനസർവ്വീസ്**

272 (2552) <u>ശ്രീ. സാജു പോൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യക്കുറവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കേരളത്തിലെ ടൂറിസം മേഖലകളെ ബന്ധിപ്പിക്കുന്നതിന് ചെറു വിമാന സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കേരളം സന്ദർശിച്ച വിദേശസഞ്ചാരികൾ**

273 (2553) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014, 2015 എന്നീ വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) 2015-ൽ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ടൂറിസത്തിൽ നിന്നും ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2014-ലെ കണക്കും 2015 ഒക്ടോബർ മാസം വരെയുള്ള കണക്കും ചുവടെ ചേർക്കുന്നു:

| വർഷം | 2014 | 2015 ഒക്ടോബർ വരെ |
|---|---|---|
| വിദേശ വിനോദ സഞ്ചാരികൾ | 923366 | 775390 |

(ബി) 2015 വർഷത്തിൽ ഒക്ടോബർ മാസം വരെ ലഭ്യമായ കണക്ക് അനുസരിച്ച് സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 2014-ൽ ടൂറിസത്തിൽ നിന്നും സർക്കാരിന് ലഭിച്ച ആകെ വരുമാനം (നേരിട്ടും അല്ലാതെയും) 24,885.44 കോടി രൂപയാണ്. 2015-ലെ കണക്കുകൾ ശേഖരിച്ചുവരുന്നു.

**കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർപ്ലാൻ**

274 (2554) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി

പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-6-2012-ൽ 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) മാസ്റ്റർ പ്ലാൻ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാസ്റ്റർപ്ലാനിന്റെ Interim Report-II നിർവ്വഹണ ഏജൻസിയായ GITPAC സമർപ്പിച്ചത് പരിശോധിച്ചുവരുന്നു.

ഓരോ ഘട്ടത്തിലേയും റിപ്പോർട്ടുകൾ പരിശോധിച്ച് അതിന്റെ അനുബന്ധ പഠനങ്ങൾ നടത്തിയാണ് റിപ്പോർട്ട് അംഗീകരിക്കുന്നത്. മാസ്റ്റർപ്ലാനിന്റെ കരട് രൂപരേഖ അന്തിമഘട്ടത്തിലാണെന്ന് GITPAC അറിയിച്ചിട്ടുണ്ട്.

(സി) 2016 മാർച്ചോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം**

275 (2555) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം എത്ര കോടി രൂപയാണ്; വർഷം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ടൂറിസം മേഖലയിൽ സർക്കാർ-സ്വകാര്യ സംയുക്ത സംരംഭങ്ങൾ വഴി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം സംബന്ധിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ബി) പാലായിലേയും പരിസര പ്രദേശങ്ങളിലേയും ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങൾ ഉൾക്കൊള്ളിച്ച് "ഗ്രീൻ ടൂറിസം സർക്യൂട്ട്-കോട്ടയം" എന്ന പേരിൽ 8970 ലക്ഷം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി പൊതു-സ്വകാര്യ

പങ്കാളിത്തത്തോടെ (PPP) നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സ്വകാര്യ പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ടേക്ക്-എ-ബ്രേക്ക് പദ്ധതി**

276 (2556) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പ് പ്രഖ്യാപിച്ച ടേക്ക്-എ- ബ്രേക്ക്പദ്ധതി നടപ്പിലാക്കിത്തുടങ്ങിയോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം കേന്ദ്രങ്ങളാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്;

(സി) ഓരോ കേന്ദ്രത്തിനും പദ്ധതി നടത്തിപ്പിനായി എത്ര തുകയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട് ;

(ഡി) ടേക്ക്-എ- ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ എത്ര കേന്ദ്രങ്ങൾക്കാണ് ഭരണാനുമതി നൽകിയത്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പാക്കിത്തുടങ്ങി.

(ബി-ഡി) കണ്ണൂർ ജില്ലയിൽ പയ്യാവൂർ ശിവക്ഷേത്രത്തിന് സമീപമുള്ള സ്ഥലമാണ് ടേക്ക്-എ-ബ്രേക്ക് യൂണിറ്റിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനായി ഏകദേശം 46 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

**ആലപ്പുഴ മെഗാ ടൂറിസം പദ്ധതി**

277 (2557) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതി പ്രഖ്യാപിച്ചതെന്നാണെന്നും എത്ര രൂപയുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും, ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളേതൊക്കെയെന്നും വിശദമാക്കാമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച പദ്ധതികൾ ഏതൊക്കെയെന്നും, ഇതിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള ഏതെങ്കിലും പ്രവൃത്തികൾ ജില്ലയിൽ തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) "Development of Back water Circuit in Alappuzha in Back water Region as a Mega Circuit in Kerala" എന്ന പദ്ധതിക്ക് 31-3-2013-ലാണ് കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകിയത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു* .

(സി) ഉണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ 14-12-2015-ൽ പ്രസ്തുത ഫണ്ട് സംസ്ഥാന ശീർഷകങ്ങളിൽ നിന്നും തൽക്കാലം നൽകുവാൻ തീരുമാനിക്കുകയും അപ്രകാരം ചെയ്യുകയും ചെയ്തു.

**കായംകുളം മെഗാ ടൂറിസം പദ്ധതി**

278 (2558) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മെഗാ ടൂറിസം പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് പണം ലഭിക്കാത്തതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ കാലാവധി എന്നുവരെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കായംകുളം മെഗാ ടൂറിസം പദ്ധതി നിലവിലില്ല. എന്നാൽ ആലപ്പുഴ ബാക്ക് വാട്ടർ മെഗാ സർക്യൂട്ട് പദ്ധതിയിൽ കായംകുളവും ഉൾപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥയും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണം നിലയ്ക്കാതിരിക്കുവാൻ പ്രസ്തുത ഫണ്ട് സംസ്ഥാന ശീർഷകങ്ങളിൽ നിന്നും തൽക്കാലം നൽകിയിട്ടുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം 31-3-2016 വരെയാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ കാലാവധി.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ്**

**നടപ്പിലാക്കിയ പദ്ധതികൾ**

279 (2559) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ പേരും തുകയും വിശദമാക്കാമോ?

ഉത്തരം

പൂർത്തീകരിച്ച പദ്ധതികൾ :

1. കോഴിക്കോട് ബീച്ച് അക്വേറിയത്തിന്റെ പുനരുദ്ധാരണവും/ സൗന്ദര്യവത്കരണവും - 39,00,000 രൂപ
2. ഭട്ട് റോഡ് ബീച്ച് വൈദ്യുതീകരണം - 28,58,000 രൂപ
3. ഭട്ട് റോഡ് ബീച്ചിന്റെ മറ്റ് അറ്റകുറ്റ പണികൾ - 4,50,000 രൂപ

നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ :

1. SIHM കെട്ടിട നിർമ്മാണം - 19,71,15,000 രൂപ
2. കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണം
   (1) 70,00,000 രൂപ
   (2) 35,15,000 രൂപ
3. കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം - 4,25,00,000 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

4. കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ ഗാരേജിന്റെ നിർമ്മാണം - 56,00,000 രൂപ

5. പുതിയ പദ്ധതികൾ :

1. സരോവരം ബയോപാർക്കിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - 57,35,000 രൂപ

## മണപ്പാട്ട് ചിറക്ക് ചുറ്റും സോളാർ ലാംവ് സ്ഥാപിക്കൽ

280 (2560) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിലെ മണപ്പാട്ട് ചിറയ്ക്ക് ചുറ്റും സോളാർ ലാംവ് സ്ഥാപിക്കുന്നതിനായി എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്ന് 25,81,250 രൂപയും ടൂറിസം വകുപ്പിൽ നിന്ന് 51,38,750 രൂപയും ഭരണാനുമതി ലഭിക്കുന്നതിനായി 15-9-2015 -ൽ സമർപ്പിച്ച നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ;

(ബി) ഇതിന് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 17-2-2016-ലെ സ.ഉ.(സാധാ) നമ്പർ 98/16/ടൂറിസം പ്രകാരം മണപ്പാട്ട് ചിറയ്ക്ക് ചുറ്റും സോളാർ ലാംപ് സ്ഥാപിക്കുന്നതിനായി എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 25,81,250 രൂപയുടെ (ഇരുപത്തിയഞ്ച് ലക്ഷത്തി എൺപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം) ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുക കൂടി അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണം

281 (2561) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കെട്ടിടത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി അവസാന ഘട്ടത്തിലാണ്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും ടൂറിസം വകുപ്പിന് കൈമാറിയ ഭൂമി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിക്ക് നിലവിലെ വ്യവസ്ഥകൾ പ്രകാരം കൈമാറ്റം ചെയ്യാൻ തടസ്സമുള്ളതിനാൽ പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. ഭൂമി കൈമാറാത്തതിനാൽ കേന്ദ്രവിഹിതമായ 10 കോടി രൂപയിൽ 6 കോടിരൂപ ഇനിയും ലഭിച്ചിട്ടില്ല. ഉയർന്ന നിർമ്മാണ ചെലവും ഫണ്ടിന്റെ അപര്യാപ്തതയും കെട്ടിടത്തിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സമായിട്ടുണ്ട്.

(സി) കെട്ടിടനിർമ്മാണം അവസാന ഘട്ടത്തിലാണ്. 2016 ഫെബ്രുവരിയിൽ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

**വിനോദസഞ്ചാര മേഖലയിലെ കോഴ്സുകൾ**

282 (2562) ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ തൊഴിലവസരത്തിനായി പ്രത്യേക കോഴ്സുകൾ നടത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലെ തൊഴിലവസര

ത്തിനായി താഴെപ്പറയുന്ന സ്ഥാപനങ്ങൾ വഴി ടൂറിസം കോഴ്സുകൾ നടത്തിവരുന്നു.

1. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS)
2. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (FCI)
3. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-ൽ കേരള സർവകലാശാലയുടെ അംഗീകാരത്തോടെ 2 വർഷം ദൈർഘ്യമുള്ള എം.ബി.എ. (ട്രാവൽ & ടൂറിസം) കോഴ്സുകൾ നടത്തുന്നുണ്ട്. ഇതിനുപുറമേ 6 മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഒരു വർഷം ദൈർഘ്യമുള്ള പി.ജി. ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്നീ കോഴ്സുകളും നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ കോഴ്സുകൾ കിറ്റ്സ് നേരിട്ടാണ് നടത്തുന്നത്. SIHM, FCI എന്നിവ ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് എന്നീ കോഴ്സുകളാണ് നടത്തുന്നത്.

(ബി) ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി രംഗത്ത് വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ കണക്കിലെടുത്ത് യുവതീയുവാക്കളെ സന്നദ്ധരാക്കുന്നതിനുള്ള പരിശീലന പദ്ധതികളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിലൂടെ യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ് എന്നിവയ്ക്കുള്ള പരിശീലനം നൽകിവരുന്നു.

(സി) നോഡൽ ഏജൻസികളായ കിറ്റ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നിവ വഴി ഉചിതമായ ടൂറിസം കോഴ്സുകൾ രൂപീകരിക്കുകയും നടപ്പാക്കിവരികയും ചെയ്യുന്നു. ഇതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 8.5 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

**സീപ്ലെയിൻ സർവ്വീസ്**

283 (2563) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീപ്ലെയിൻ സർവ്വീസ് ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉത്പന്നം അവതരിപ്പിക്കുന്നതിനും വേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും മുൻഗണനാപ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, ബോൾഗാട്ടി, ബേക്കൽ മുതലായ പ്രദേശങ്ങളിൽ നടത്തുവാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇവയിൽ അഷ്ടമുടിയിലും പുന്നമടയിലും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സീപ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണതോതിലുള്ള ജലവിമാന സർവ്വീസ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**റാന്നിയിൽ നടപ്പാക്കിയ ടൂറിസം പദ്ധതികൾ**

284 (2564) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ മണിയാർ കേന്ദ്രമാക്കി നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പദ്ധതിയുടെയും പെരുന്തേനരുവി കേന്ദ്രമാക്കി നടപ്പാക്കുന്ന പെരുന്തേനരുവി ടൂറിസം പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിക്കുവേണ്ടിയും ഇതേവരെ അനുവദിക്കപ്പെട്ടതും ചെലവാക്കിയതുമായ തുക എത്ര; ഇതുപയോഗിച്ച് ഓരോ ഇടങ്ങളിലും നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെ; വ്യക്തമാക്കാമോ ;

(സി) മണിയാർ ടൂറിസം പദ്ധതിയുടെ പ്രവർത്തനം മുടങ്ങാനിടയായ സാഹചര്യം എന്ത്; ഇതിന്റെ നിർമ്മാണം പുനനാരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പെരുന്തേനരുവി പദ്ധതിയിൽ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്;വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ലാന്റ് സ്കേപ്പ്, ടോയ്‌ലറ്റ് ബ്ലോക്ക്, കോമ്പൗണ്ട് വാൾ, പവലിയൻ എന്നിവ പൂർത്തീകരിച്ചു. ഇതിൽ വൈദ്യുത-ജല സംവിധാനങ്ങൾ, പെയിന്റിംഗ് എന്നിവ പൂർത്തീകരിക്കാനുണ്ട്. പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ടപണികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പെരുന്തേനരുവി പദ്ധതിക്കായി ഒന്നാംഘട്ടത്തിൽ 97,12,800 രൂപയും രണ്ടാംഘട്ടത്തിൽ 75,85,000 രൂപയും അനുവദിക്കുകയും അതിൽ 1,00,45,740 രൂപ പദ്ധതിക്കായി ചെലവഴിക്കുകയും ചെയ്തു. സിഡ്കോയ്ക്കാണ് പദ്ധതിയുടെ നിർമ്മാണച്ചുമതല.

(സി) വൈദ്യുത-ജലസംവിധാനങ്ങൾ,പെയിന്റിംഗ് എന്നിവപൂർത്തീകരിക്കാനുണ്ട്. ഇത് ലഭ്യമാക്കുന്നതിന് ജലസേചന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ടമായുള്ള എല്ലാ കമ്പോണന്റുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുത-ജല സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

**അംഗീകാരമുള്ള ടൂറിസം കേന്ദ്രങ്ങൾ**

285 (2565) ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വകുപ്പ് അംഗീകരിച്ച എത്ര ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉണ്ട്; അവ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) സഞ്ചാരികളുടെ സുരക്ഷയ്ക്കായും, സാമൂഹ്യ വിരുദ്ധശല്യം ഒഴിവാക്കുന്നതിനുമായി പുരുഷ-വനിതാ സ്ക്വാഡുകളെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിയോഗിക്കുമോ;

(ഡി) ഇവിടങ്ങളിൽ മദ്യപൻമാരുടെ ശല്യം ഒഴിവാക്കുവാൻ എന്തൊക്കെ

നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 52. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി&ഡി) ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവത്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രത്യേക പരിശീലനം സിദ്ധിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അത്തരം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ബ്രോഷറുകളിലും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദ സഞ്ചാരികൾക്ക് "Life Jacket" പോലുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഹൗസ് ബോട്ട് ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്കുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങി അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ കാര്യമായി ആശ്രയിച്ചാണ് കേരളത്തിലെ ടൂറിസം മേഖല നീങ്ങുന്നത്. പ്രധാന കടലോരങ്ങളിലെല്ലാം തന്നെ പരിശീലനം നേടിയ ജീവൻരക്ഷാ പ്രവർത്തകരെ (ലൈഫ് ഗാർഡ്സ്) നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 പേർ ലൈഫ്ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. (കോവളം-35, ശംഖുമുഖം - 8, വേളി - 9, വർക്കല - 18, കൊല്ലം - 8, ആലപ്പുഴ - 9, എറണാകുളം - 24, തൃശ്ശൂർ - 8, മലപ്പുറം - 2,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോഴിക്കോട് - 8, കണ്ണൂർ - 8, കാസർഗോഡ് - 2) ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളോട് അപമര്യാദയായി പെരുമാറുകയും അവരെ ആക്രമിക്കുകയും ചെയ്ത ഒട്ടേറെ സംഭവങ്ങൾ തടയുന്നതിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഇത്തരം പ്രശ്നങ്ങൾ തടയുവാൻ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസം പോലീസിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

## കേരളത്തിന്റെ ടൂറിസം രംഗം

286 (2566) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി കേരളത്തിന്റെ ടൂറിസം രംഗത്തെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു. ഇതു വഴി എന്ത് തുക സംസ്ഥാന ഖജനാവിന് ലഭിക്കുകയുണ്ടായി എന്നും ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണ് ഏറ്റവും അധികം പേർ വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിനുള്ളിൽ നാളിതുവരെ എത്ര ആഭ്യന്തര ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു; ഇതുവഴി എത്ര തുക ഖജനാവിന് ലഭ്യമാക്കുവാൻ സാധിച്ചു ഏറ്റവും കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകൾ വരുന്നത് ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുമാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി വിദേശ രാജ്യങ്ങളിൽ പര്യടനം നടത്തിയതു വഴി സംസ്ഥാന ഖജനാവ്/ടൂറിസം വകുപ്പിന് ആകെ ചെലവായ തുക എത്രയെന്നു വ്യക്തമാക്കുമോ;

(ഇ) വിദേശ രാജ്യങ്ങളിലെ യാത്രയുമായി ബന്ധപ്പെട്ട് നാളിതുവരെ ടൂറിസം വകുപ്പിലെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ/ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പര്യടനം നടത്തിയതു വഴി സംസ്ഥാന ഖജനാവ്/ടൂറിസം വകുപ്പിന് ആകെ ചെലവായ തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുക?

ഉത്തരം

(എ) ഇല്ല.

(ബി) വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം -II ആയി ചേർക്കുന്നു.*

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന ഖജനാവിന് 6,53,727 രൂപയും ടൂറിസം വകുപ്പിന് 25,37,596 രൂപയും ചെലവായിട്ടുണ്ട്.

(ഇ) ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിദേശയാത്രകൾക്ക് ടൂറിസം വകുപ്പിന് 1,44,25,831 രൂപ ചെലവായിട്ടുണ്ട്.

## ഡെസ്റ്റിനേഷൻ കേരള സ്കീമിലെ ടൂറിസ്റ്റ് സെന്റർ

287 (2567) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംപുഴ പഞ്ചായത്തിലെ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെ ഡെസ്റ്റിനേഷൻ കേരള സ്കീമിലെ ടൂറിസ്റ്റ് സെന്ററായി ഉൾപ്പെടുത്തുന്നതിന് എറണാകുളം ഡി.റ്റി.പി.സി. സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിൻ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെ ഡെസ്റ്റിനേഷൻ കേരള സ്കീമിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് എറണാകുളം ഡി.റ്റി.പി.സി-യുടെ നിർദ്ദേശത്തിന്മേൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## തണ്ണീർമുക്കം ബണ്ടിന്റെ വിനോദസഞ്ചാര സാധ്യതകൾ

288 (2568) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല -വൈക്കം താലൂക്കുകളെ ബന്ധിപ്പിക്കുന്ന തണ്ണീർമുക്കം റഗുലേറ്റർ കം ബ്രിഡ്ജിന്റെ പൂർത്തീകരണത്തോടെ ഉണ്ടാകാവുന്ന വിനോദ സഞ്ചാര സാധ്യതകൾ കണക്കിലെടുത്തുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് എന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യക്തമാക്കാമോ;

(ബി) സ്പീഡ് ബോട്ടുകളും ഹൗസ് ബോട്ടുകളും അടുപ്പിക്കുന്നതിനുള്ള ജെട്ടികൾ ഇവിടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയാമോ;

(സി) സഞ്ചാരികൾക്ക് വിശ്രമിക്കാനും കുട്ടികൾക്കുള്ള പാർക്ക് ഒരുക്കാനും അവശ്യം വേണ്ടുന്ന സാധനങ്ങൾ ലഭ്യമാക്കുന്ന കടകൾ ഒരുക്കാനും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട മറ്റു പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ബാക്ക് വാട്ടർ എന്ന കേന്ദ്രപദ്ധതിയുടെ ഭാഗമായി തണ്ണീർമുക്കത്ത് 162.01 ലക്ഷം രൂപ ചെലവിൽ ഒരു ഹൗസ് ബോട്ട് ടെർമിനൽ നിർമ്മിക്കുന്നുണ്ട്. അതിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ടോയ്‌ലറ്റ്, ബോട്ട് ജെട്ടി, ടവർ, വ്യൂവിംഗ് പവലിയൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(സി&ഡി) പദ്ധതികൾ നിലവിലില്ല. പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി

289 (2569) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർചിറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പൂർത്തീകരിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇനി ശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണെന്നും, അവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. Rain Shelter

2. Landscaping
3. Retaining wall
4. Interlocking works (paved area)

ഇതിന്റെ എല്ലാ പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. 50% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2016 മാർച്ച് 31-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വിനോദസഞ്ചാരികളിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിലുള്ള വർദ്ധനവ്**

290 (2570) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന യൂറോപ്യൻ സഞ്ചാരികളുടെ എണ്ണത്തിലും ഇതിലൂടെയുണ്ടാകുന്ന വരുമാനത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) വിസ ഓൺ അറൈവൽ എന്ന പദ്ധതി ഈ മേഖലയ്ക്ക് എത്രത്തോളം പ്രയോജനകരമായിട്ടുണ്ട്;

(സി) ലോക ടൂറിസം ഭൂപടത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായ കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 'വിസ ഓൺ അറൈവൽ' പദ്ധതി ഇപ്പോൾ 'ഇ-ടൂറിസ്റ്റ് വിസ ഓൺ അറൈവൽ'സംവിധാനമായി പരിഷ്കരിച്ചാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്നത്. ഇന്ത്യയിലെ 16 വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ സംവിധാനം

കേരളത്തിൽ കൊച്ചി, തിരുവനന്തപുരം എന്നീ 2 വിമാനത്താവളങ്ങളിൽ ലഭ്യമാണ്. താരതമ്യേന എളുപ്പമായ നടപടിക്രമങ്ങളിലൂടെ 113 രാജ്യങ്ങളിൽ നിന്ന് വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ചികിത്സ/ബിസിനസ് ആവശ്യങ്ങൾ എന്നിവയ്ക്കായി ഇന്ത്യയിലെത്തുന്ന വിദേശികൾക്ക് ഹ്രസ്വകാലയളവിലേക്ക് മിതമായ ഫീസിന് നൽകുന്ന ഈ വിസ കേരളത്തിലെ വിനോദസഞ്ചാര മേഖലയിലും ഉണർവ് പകർന്നിട്ടുണ്ട്.

(സി) കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 2336, 2359, 2373, 2377, 2384, 2385 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM.]

## II. അടിയന്തരപ്രമേയം

### ഷിബുവിന്റെ കൊലപാതകം

മി. സ്പീക്കർ: ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം പഞ്ചായത്തിലെ തവണക്കടവിൽ സി.പി.ഐ.(എം) പ്രവർത്തകനായ ഷിബുവിനെ വീട്ടിൽ അതിക്രമിച്ചുകടന്ന് ആർ.എസ്.എസ്.-കാർ അതിക്രൂരമായി കൊലപ്പെടുത്തി യതിനെത്തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. എം. ആരിഫ്, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നല്കിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 14-2-2016-ന് രാത്രി 9.15-ഓടുകൂടി കിഷോർ, അഖിൽ, രാജേഷ്, ജോസ് കുട്ടി,

അംബി തുടങ്ങിയവർ ചേർത്തല പോലീസ് സ്റ്റേഷൻ പരിധിയിൽ പള്ളിപ്പുറം പഞ്ചായത്ത് ഏഴാം വാർഡിലുള്ള ഷിബു (39 വയസ്സ്) വിന്റെ വീട്ടിൽ അതിക്രമിച്ചുകയറി ഷിബുവിനെയും ഷിബുവിന്റെ മാതാവിനെയും ദേഹോപദ്രവം ഏൽപ്പിക്കുകയും വീടിന്റെ ജനൽചില്ലുകൾ അടിച്ചുപൊട്ടിക്കുകയും ചെയ്തു. ഷിബു ചേർത്തല താലൂക്കാശുപത്രിയിൽ ചികിത്സ നടത്തി 15-2-2016-ന് ഡിസ്ചാർജ്ജായി. ആയതിലേക്ക് ചേർത്തല പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 147, 148, 149, 452, 324 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 450/2016 ആയി കേസ് രജിസ്റ്റർ ചെയ്തു. പിന്നീട് മരണമടഞ്ഞ ഷിബുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത മൊഴിയിൽ കഞ്ചാവ് വിൽപ്പനയ്ക്കെതിരെ പരാതി നൽകിയിട്ടുള്ളതിന്റെ വിരോധമാണ് ആക്രമണ കാരണമെന്ന് പറഞ്ഞിട്ടുണ്ട്. അന്വേഷണം നടത്തിവരവെ 17-2-2016-ന് രാവിലെ 8.15-ഓടുകൂടി ഭാര്യ വിളിച്ചിട്ടും ഇദ്ദേഹം ഉണരാത്തതിനെത്തുടർന്ന് സമീപത്തുള്ള ചേർത്തല സെന്റ് തോമസ് ആശുപത്രിയിലും തുടർന്ന് ചേർത്തലതാലൂക്കാശുപത്രിയിലും കൊണ്ടുപോയെങ്കിലും ഷിബു മരണപ്പെട്ടു. ഇതിലേക്ക് Cr.P.C. 174 പ്രകാരം ചേർത്തല പോലീസ് സ്റ്റേഷനിൽ ക്രൈം 462/16 ആയി കേസ് രജിസ്റ്റർ ചെയ്തു. 17-2-2016-ൽ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് മൃതദേഹം പോസ്റ്റുമോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. ജില്ലാ പോലീസ് മേധാവി തുടങ്ങിയ ഉന്നത പോലീസുദ്യോഗസ്ഥർ സംഭവസ്ഥലം സന്ദർശിച്ച് കൂടുതൽ അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കുന്നതിനും പ്രതികളെ എത്രയുംവേഗം പിടികൂടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംഭവസ്ഥലത്തും പരിസരത്തും മൊബൈൽ പട്രോളും പോലീസ് പിക്കറ്റും ഉൾപ്പെടെയുള്ള ശക്തമായ സാന്നിധ്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഷിബുവിന്റെ മരണം ഏറ്റവും ഗൗരവമായിത്തന്നെയാണ് കാണുന്നത്. ഇക്കാര്യത്തിൽ ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് സമഗ്രമായ അന്വേഷണം നടത്തി മുഴുവൻ കുറ്റവാളികളെയും എത്രയും പെട്ടെന്ന് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, എന്റെ നിയോജകമണ്ഡലമായ അരൂരിലെ പള്ളിപ്പുറംപഞ്ചായത്തിൽ തവണക്കടവ് പ്രദേശത്ത് താമസിക്കുന്ന സി.പി.ഐ.(എം) അംഗവും മത്സ്യത്തൊഴിലാളി മേഖലാ യൂണിയൻ അംഗവും ഡി.വൈ.എഫ്.ഐ.-യുടെ സജീവപ്രവർത്തകനുമായ സഖാവ് ഷിബുവിനെയാണ് ആർ.എസ്.എസ്. ക്രിമിനൽ സംഘം അതിദാരുണമായി കൊലപ്പെടുത്തിയത്. സഖാവ് ഷിബുവിനെ ആക്രമിക്കും മുമ്പ് അദ്ദേഹത്തിന്റെ വീട് അക്രമിസംഘം

അടിച്ചുതകർക്കുകയും അമ്മ വിലാസിനിയെയും ഭാര്യ ഷൈനിയെയും ആക്രമിക്കുകയും ചെയ്തു. അതിനുമുമ്പ് തവണക്കടവ് ജംഗ്ഷനിൽ പെട്ടിക്കട നടത്തുന്ന ഡി.വൈ.എഫ്.ഐ. നേതാവുകൂടിയായ സഖാവ് അരുൺപ്രകാശിന്റെ പെട്ടിക്കട തല്ലിപ്പൊളിക്കുകയും ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ സഖാവ് ജിതേഷിന്റെ ബൈക്ക് അടിച്ചുതകർക്കുകയും ചെയ്തു. സഖാവ് ഷിബുവിനെ വീട്ടിൽ അന്വേഷിച്ചു ചെന്നപ്പോൾ അദ്ദേഹത്തെ കാണാതെ വന്നതിനെത്തുടർന്ന് വീട് തകർത്ത് ഭാര്യയെയും അമ്മയെയും ഉപദ്രവിച്ചതിനുശേഷം തിരിച്ചുവരുന്ന വഴിക്ക് ഷിബുവിനെ കണ്ടു. ഷിബുവിനെ അതിഭീകരമായിട്ടാണ് മർദ്ദിച്ചത്. അതിഭീകരമായി മർദ്ദിച്ചപ്പോൾ ആ ശബ്ദവും ഒച്ചയും കേട്ട് അവിടെ വന്ന പാർട്ടിയുടെ ബ്രാഞ്ച് സെക്രട്ടറി കൂടിയായ സഖാവ് സുനിൽകുമാറിനെയും അവർ ഭീകരമായി മർദ്ദിച്ചു. ഇതിനെല്ലാം കാരണം അവിടെ മയക്കുമരുന്ന് കച്ചവടവും അതിന്റെ ഉപയോഗവും വ്യാപകമായിക്കൊണ്ടിരിക്കുന്നു എന്നതാണ്. ഇതു സംബന്ധിച്ച് ഷിബു ഉൾപ്പെടെയുള്ളവർ പോലീസിൽ പരാതി കൊടുത്തതിന്റെ വൈരാഗ്യത്തിലാണ് അവർ ആക്രമണം നടത്തിയത്. 'ഞങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യും, നീയൊക്കെ ആരാടാ' എന്ന് ചോദിച്ചുകൊണ്ടാണ് ആക്രമണം നടത്തിയത്.

കഴിഞ്ഞദിവസം വൈക്കത്തഷ്ടമി ഉത്സവവുമായി ബന്ധപ്പെട്ട് അവിടെ പോലീസ് വന്നപ്പോൾ പോലീസിനെയും ഈ അക്രമിസംഘം ഉപദ്രവിക്കാൻ ശ്രമിച്ചു. പോലീസിന് ആരാണെന്ന് മനസ്സിലായിരുന്നില്ല. പോലീസ് പിന്നീട് വന്ന് അന്വേഷിച്ചപ്പോൾ സംഘത്തെ കാണിച്ചുകൊടുക്കാൻ ഇവർ നേതൃത്വം നൽകി. അതിന്റെ വൈരാഗ്യം കൂടി ചേർത്താണ് ഇവരെ ആക്രമിച്ചത്. ഒരു നീണ്ട ആക്രമണ പരമ്പരയാണ് നടന്നത്. ഷിബുവിനെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് ഒരു കേസ്സെടുത്തിട്ടുണ്ട്. അതോടൊപ്പം സുനിൽകുമാറിന്റെ ബോഡി നോട്ട് കൂടിചേർത്ത് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ അതിനുമുമ്പ് നടന്ന ആ സംഭവപരമ്പരയിൽ കടയാക്രമിച്ചതിനെ സംബന്ധിച്ച് പരാതിയുണ്ട്, പക്ഷെ കേസ് എടുത്തതായി കാണുന്നില്ല. ജിതേഷിന്റെ ബൈക്ക് തകർത്തതുമായി ബന്ധപ്പെട്ട കേസ്സും കാണുന്നില്ല. ഇതിന്റെ ആദ്യസംഭവം മുതലുള്ള കേസ്സുകളൊന്നും തന്നെ എടുത്തിട്ടില്ല. സംഭവം നടന്നിട്ട് പ്രതികളെ അറസ്റ്റ് ചെയ്യാനാവശ്യമായ യാതൊരു നടപടികളും എടുത്തിട്ടില്ല. പ്രതികളെല്ലാം അവിടെ സ്വൈരവിഹാരം നടത്തുകയാണ്. 14-ാം തീയതി നടന്ന സംഭവമാണ്. 17-ാം തീയതിവരെ ഒരാളെയും പിടികൂടിയിട്ടില്ല. മയക്കുമരുന്ന് സംഘത്തിന് നേതൃത്വം നൽകുന്ന സാമൂഹ്യവിരുദ്ധ സംഘത്തെ അവിടെ ഒരു സാംസ്കാരിക സംഘടനാ പ്രവർത്തകൻ

കൂടിയായ, കൈരളി സ്റ്റഡീസ് സംഘം പ്രവർത്തകനായ ഷിബുവും ഷിബുവിന്റെ സഹപ്രവർത്തകരായിട്ടുള്ള ആളുകളും ചേർന്ന് സമൂഹത്തെ രക്ഷിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തി എന്ന കുറ്റത്തിനാണ് ആക്രമിച്ച് ഭീകരമായി കൊലപ്പെടുത്തിയത്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി വളരെ ലാഘവത്തോടു കൂടിയാണ് ഇവിടെ മറുപടി പറഞ്ഞത്. സംഭവം നടന്ന് ഇത്രയും സമയമായിട്ടും കൊലപാതക കുറ്റത്തിന് കേസ്സെടുത്തിട്ടില്ല. 302-ാം വകുപ്പ് പ്രകാരം കേസ്സെടുക്കണ്ടേ; ഇതുവരെ അങ്ങനെയൊരു സംഭവം നടന്നിട്ടില്ലെന്നു മാത്രമല്ല, ഇപ്പോഴും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്.

ഞാൻ ഇന്നലെ അദ്ദേഹത്തെ വിളിച്ചിരുന്നു. ഈ സംഭവം വളരെ സീരിയസ്സാണ്, അങ്ങ് ഇടപെടണമെന്നുപറഞ്ഞ് അദ്ദേഹത്തോട് സംസാരിച്ചപ്പോൾ ഉടനെ ഇടപെടാമെന്നുപറഞ്ഞു. ഇടപെട്ടതുകൊണ്ട് എന്തായാലും 302-ാം വകുപ്പ് ഉൾപ്പെടുത്തിയിട്ടില്ല. ഞാൻ ജില്ലാ പോലീസ് ചീഫിനെ വിളിച്ച് നിങ്ങൾ കാര്യം മനസ്സിലാക്കണമെന്നും സംഭവം വഷളാക്കാൻ ഇടനൽകരുതെന്നും ഇവർക്കെതിരായി നിങ്ങൾ ശക്തമായി നടപടിയെടുക്കണമെന്നും പറഞ്ഞിട്ടും അവർ ഓരോരോ സാങ്കേതിക ന്യായങ്ങളാണ് പറയുന്നത്. അത്തരം സാങ്കേതിക ന്യായങ്ങൾ പറയുന്നത് ക്രിമിനൽ സംഘത്തെ സഹായിക്കുന്നതിനുവേണ്ടിയാണ്. ഇക്കഴിഞ്ഞ ദിവസം ശ്രീ. പി. തിലോത്തമന്റെ മണ്ഡലത്തിൽ കളവംകോണത്ത് ഒരു കല്യാണ വീട്ടിൽ കയറിയാണ് ആക്രമണം നടത്തിയത്. അവിടെ വിരുന്ന് വന്നവർക്കുനേരെയും ആക്രമണം നടത്തിയിരിക്കുകയാണ്. ഈ സംഘത്തിന് അഴിഞ്ഞാടാൻ വേണ്ടിയുള്ള സർവ്വഒത്താശയും പോലീസിന്റെ ഭാഗത്തുനിന്ന് ചെയ്തുകൊടുക്കുകയാണ്. ഇത്തരത്തിൽ ആർ.എസ്.എസ്. സംഘത്തെ അതിരുവിട്ട് സഹായിക്കുന്നത്........(ബഹളം)....... ഇതെന്താണ് സർ, ഒരു അടിയന്തര പ്രമേയം അവതരിപ്പിക്കുമ്പോൾ.... ഇതെന്താണ്? സഭ ഓർഡറിലാക്കണം. .....(ബഹളം)....... സർ, സഭ ഓർഡറിലാക്കണം. അവർക്കിത് നിസ്സാരമാണ്. കൊല്ലപ്പെട്ടത് സി.പി.ഐ.(എം) പ്രവർത്തകൻ ആയതു കൊണ്ടാണോ; കൊല്ലപ്പെട്ടത് സി.പി.ഐ(എം) പ്രവർത്തകനാണെങ്കിൽ നിങ്ങൾക്ക് പിന്നെ പ്രശ്നമില്ലല്ലോ; ആർ.എസ്.എസ്. ആണെങ്കിൽ മാത്രമേ ഇവർക്ക് പ്രശ്നമുള്ളൂ. ആർ.എസ്.എസ്. ആണെങ്കിൽ ഇവർക്ക് പ്രശ്നമാണ്. വലിയ വാർത്താതലക്കെട്ടുമായി ഇവരെ അനുകൂലിക്കുന്ന ചില മാധ്യമങ്ങൾ വരും; ....... (ബഹളം)....... സഭ ഓർഡറിലാക്കണമെന്ന് ഞങ്ങൾക്ക് പറയണ്ടേ; അത് സ്പീക്കറുടെ ചുമതലയല്ലേ;.....(ബഹളം)......

ശ്രീ. റ്റി. വി. രാജേഷ്: .സർ, .......(ബഹളം)........

മി. സ്പീക്കർ: പ്ലീസ്......അദ്ദേഹം പറയട്ടെ. ......(ബഹളം).....ശ്രീ. രാജേഷ് അവിടെ ഇരിക്ക്...

ശ്രീ. എ. എം. ആരിഫ്: സർ, ഇവർക്കിതിൽ ഒരു കുഴപ്പവുമില്ല. കൊല്ലപ്പെട്ടത് സി.പി.ഐ(എം) പ്രവർത്തകനാണെങ്കിൽപ്പിന്നെ ഇവർക്ക് ഒരു പ്രശ്നവുമില്ല. കൊല്ലപ്പെട്ടത് ആർ.എസ്.എസ്. പ്രവർത്തകനാണെങ്കിൽ അവർ രംഗത്തുവരും. അവരെ സംരക്ഷിക്കാനും അനുകൂലിക്കാനും ഇവർ വരും. ഇവരെ അനുകൂലിക്കുന്ന ഒന്നുരണ്ട് മാധ്യമങ്ങളും ആ നിലയിലാണ് പ്രവർത്തിക്കുന്നത്. കൊല്ലപ്പെട്ടത് സി.പി.ഐ(എം) പ്രവർത്തകനായതുകൊണ്ട് ഒരു പത്രം വാർത്താതലക്കെട്ട് കൊടുത്തതേയില്ല, മറ്റൊരു പത്രം സി.പി.ഐ(എം) ആണെന്ന് ആരോപിക്കപ്പെടുന്ന എന്നൊക്കെയാണ് കൊടുത്തത്. ആർ.എസ്.എസ്. ആണ് കൊല്ലപ്പെട്ടത് എങ്കിൽ 'ആർ.എസ്.എസ്. പ്രവർത്തകനെ സി.പി.ഐ.(എം) പ്രവർത്തകർ വെട്ടിയും കുത്തിയും കൊലപ്പെടുത്തി' എന്നാകും ഹെഡ്ഡിംഗ്. കൊല്ലപ്പെട്ടത് സി.പി.ഐ(എം) പ്രവർത്തകരാണെങ്കിൽ വായിച്ചു നോക്കിയാൽപ്പോലും അറിയില്ല ആരാണ് കൊന്നതെന്ന്. എങ്ങനെയോ കൊല്ലപ്പെട്ടു; സ്വയം മരിച്ചതാണെന്ന് തോന്നും; ആ സമീപനമാണ് ഇവർക്കുള്ളത്. ഇപ്പോൾ കാണുന്നുണ്ടല്ലോ; എന്തായാലും ഇങ്ങനെ ആർ.എസ്.എസ്. നമ്മുടെ നാട്ടിൽ അഴിഞ്ഞാടാൻ പോകുന്നതിന്റെ വിപത്ത് ഇവർ കാണുന്നില്ല. ഇതുപോലെ ചെറുതായും വലുതായും തുടങ്ങി വന്ന ആർ.എസ്.എസ്. ഭീകരത ഇന്ന് ഇന്ത്യാരാജ്യത്തെ ഇവിടെ വരെ കൊണ്ടുചെന്നെത്തിച്ചു. ഇതിനെല്ലാം കുടപിടിച്ചുകൊടുക്കുന്നത് കോൺഗ്രസ്സല്ലേ; യു.എ.പി.എ. നിയമം ഭേദഗതി ചെയ്ത സന്ദർഭത്തിൽ ഇക്കാര്യം ഇന്ത്യൻ പാർലമെന്റിൽ സജീവ ചർച്ചയ്ക്ക് വിധേയമായതാണ്. ഇടതുപക്ഷ പാർട്ടി വളരെ ശക്തമായ രൂപത്തിൽ അതിന്റെ ആശങ്ക പറഞ്ഞതല്ലേ; ആ സമയത്ത് ഇത് രാഷ്ട്രീയ എതിരാളികൾക്കെതിരായി ഉപയോഗിക്കുമെന്നത് സംബന്ധിച്ച് അന്നേ സൂചന നൽകിയതല്ലേ?

പക്ഷെ, രാഷ്ട്രീയ പ്രവർത്തകർക്കെതിരെ ഇത് ചുമത്തുകയില്ല, ഭീകരവാദത്തെ തടയാൻ വേണ്ടിയുള്ളതാണെന്നാണ് അന്ന് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ചിദംബരം പാർലമെന്റിൽ പറഞ്ഞത്. പക്ഷെ ഇപ്പോഴെന്താണ് സ്ഥിതി; ഉത്തരേന്ത്യയിൽ മുഴുവൻ ന്യൂനപക്ഷങ്ങൾക്കെതിരായി ആ നിയമം ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്; ന്യൂനപക്ഷവേട്ട നടത്തുകയാണ്. ഇപ്പോൾ ആ നിയമം കേരളത്തിൽ ഇടതുപക്ഷത്തിനെതിരായി ഉപയോഗിക്കുകയാണ്. അതിനായി UAPA നിയമം ദുരുപയോഗം ചെയ്യുകയാണ്. ആ ദുരുപയോഗമാണ് ഇപ്പോൾ സഖാവ് പി.

ജയരാജനെതിരെ നടന്നുകൊണ്ടിരിക്കുന്നത്. സഖാവ് പി. ജയരാജൻ എന്ത് കുറ്റമാണ് ചെയ്തത്; എന്ത് ഭീകരവാദ പ്രവർത്തനമാണ് ചെയ്തത്; ഈ നിയമസഭയിലെ ഒരംഗമായിരുന്നില്ലേ; ഏറ്റവും മികച്ച നിയമസഭാ സാമാജികനായിരുന്നു; ഞാൻ അംഗമായിരുന്ന എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെർമാനായിരുന്ന അദ്ദേഹം നല്ല രീതിയിലുള്ള പ്രവർത്തനമാണ് നടത്തിയത്. നല്ല പൊതുപ്രവർത്തകനല്ലേ; സഖാവ് പി.ജയരാജനെ കൊല്ലാക്കൊല ചെയ്യുന്നതിനുപിന്നിൽ ഒരാശയമുണ്ട്.അതെന്താണെന്ന് ചോദിച്ചാൽ, ആർ.എസ്.എസ്.-ന്റെ അജണ്ടയാണ്. ബൈബിൾ പോലെ, ഖുർ-ആൻ പോലെ, ഭഗവത്ഗീത പോലെ അവർ കരുതുന്ന വിചാരധാരയിൽ ഇന്ത്യയിലെ ആഭ്യന്തര ശത്രുക്കൾ മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, കമ്മ്യൂണിസ്റ്റുകൾ എന്ന് പ്രതിപാദിച്ചിട്ടുണ്ട്. അതിൽ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും ഇല്ലാതാക്കണമെങ്കിൽ കേരളത്തിൽ കമ്മ്യൂണിസ്റ്റുകളെ ഇല്ലാതാക്കിയാൽ മാത്രമേ പറ്റുകയുള്ളൂ. കമ്മ്യൂണിസ്റ്റുകാരെ ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തിനായി അവർ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലത്തിന്റെ കേന്ദ്രബിന്ദു കണ്ണൂരാണ്. കണ്ണൂർ എടുക്കുന്നതിനെന്താണ് കാരണം; സി.പി.ഐ.(എം.)-നെ ഇല്ലാതാക്കണമെങ്കിൽ അതിന്റെ ശക്തികേന്ദ്രത്തെ ഇല്ലാതാക്കണം. അങ്ങനെ ചെയ്താൽ ബാക്കിയുള്ള സ്ഥലത്തെ ഇല്ലാതാക്കാൻ വേഗത്തിൽ കഴിയും. ശക്തികേന്ദ്രത്തെ ഇല്ലാതാക്കണമെങ്കിൽ അതിന് ശക്തമായ നേതൃത്വം നൽകുന്നവരെ ഇല്ലാതാക്കണം; ആ നേതൃത്വത്തെ ഇല്ലാതാക്കുകയെന്ന ലക്ഷ്യമാണ് സഖാവ് പി. ജയരാജനെതിരായി അവർ നടത്തിക്കൊണ്ടിരിക്കുന്നത്. സഖാവ് പി. ജയരാജനെ തിരുവോണനാളിൽ സ്വന്തം ഭാര്യയുടേയും മകന്റേയും മുന്നിൽ വച്ച് 23 വെട്ടുവെട്ടിയാണ് ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത്. 23 വെട്ടേറ്റ സഖാവ് പി. ജയരാജന്റെ കൈ അറ്റുകിടക്കുകയായിരുന്നു. സഖാവ് പി. ജയരാജനെയുംകൊണ്ട് ആദ്യം വണ്ടി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലേക്ക് പോയി, രണ്ടാമതാണ് അദ്ദേഹത്തിന്റെ കൈ എടുത്തുകൊണ്ടുപോയത്. ജീവൻ എങ്ങനെ തിരിച്ചുകിട്ടിയെന്നത് അത്ഭുതകരമാണ്. അങ്ങനെ അത്ഭുതകര മായി ജീവൻ തിരിച്ചുകിട്ടിയ സഖാവ് പി. ജയരാജൻ ഇന്ന് ജീവിച്ചിരിക്കുന്നതു കൊണ്ടാണ് ആർ.എസ്.എസ്. ക്രിമിനൽ സംഘത്തോടൊപ്പം നിന്ന പതിനായിരക്കണക്കിന് ആളുകളെ അതിൽനിന്നും പിന്തിരിപ്പിച്ച് ഇടതുപക്ഷ ത്തോടൊപ്പം കൊണ്ടുവരുന്നതിന് നേതൃത്വം കൊടുത്തത്. സഖാവ് പി. ജയരാജൻ ജീവിച്ചിരിക്കുംകാലം, നേതൃത്വം കൊടുക്കുംകാലം ആർ.എസ്.എസ്. കണ്ണൂരിൽ ഇല്ലാതാകുമെന്ന് അവർക്ക് അറിയാവുന്നതു കൊണ്ടാണ് ആർ.എസ്.എസ്.-ന്റെ നേതാവ് ശ്രീ. മോഹൻ ഭഗവത് അടിക്കടി കേരളത്തിലേയ്ക്ക് വരുന്നതും കണ്ണൂരിൽ ബൈഠക് നടത്തുന്നതും. സഖാവ് പി. ജയരാജനെ എങ്ങനെയെങ്കിലും കൽത്തുറുങ്കിലടച്ച് ഇല്ലാതാക്കണമെന്നത് കണ്ണൂരിലെ ബൈഠക്കിന്റെ തീരുമാനമാണ്.

അതല്ലേ ഇപ്പോൾ ചെയ്തത്? നാല് പ്രാവശ്യം ആൻജിയോപ്ലാസ്റ്റി കഴിഞ്ഞയാളാണ് അദ്ദേഹം. ഇപ്പോൾ പരിയാരം മെഡിക്കൽ കോളേജിൽ കിടക്കുകയാണ്. അവിടെ നിന്നും ഡിസ്ചാർജ് ചെയ്ത് വേറെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നത്, നല്ല നിലയിൽ ചികിത്സ കിട്ടിക്കൊണ്ടിരിക്കുന്നയാൾക്ക് അതില്ലാതാക്കുന്നതിനു വേണ്ടിയാണ്. ചട്ടം 196 പ്രകാരം ആശുപത്രിയിൽ തുടർചികിത്സയ്ക്കുള്ള അവകാശമുണ്ട്. ആ അവകാശത്തെപ്പോലും നിഷേധിക്കുന്നതിന്റെ ഭാഗമായിട്ടാണ് അവിടെ നിന്നും മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: .......(മൈക്ക് ഓഫ്)............. അടിയന്തര പ്രമേയത്തിന്റെ വിഷയം മാറിയോ?

ശ്രീ. എ. എം. ആരിഫ്: സർ, ഈ അസഹിഷ്ണുത കാണിക്കുന്നത് എന്തിനാണ്; സഖാവ് പി. ജയരാജനെ എങ്ങനെയെങ്കിലും ഇല്ലാതാക്കുന്നതിനുള്ള ആർ.എസ്.എസ്.-ന്റെ ഗൂഢാലോചനയിൽ ഇവർക്കുള്ള പങ്കിന്റെ തെളിവാണിത്.

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ വിഷയം ആലപ്പുഴയിൽ നിന്നും പോയോ?

ശ്രീ. എ. എം. ആരിഫ്: സർ, ഈ കേസിൽ സി.ബി.ഐ. വരുന്നത് എങ്ങനെയാണ്?ആർ.എസ്.എസ്.-കാർ മുഖ്യമന്ത്രിയെ കാണുന്നു, ചർച്ച ചെയ്യുന്നു, പരാതി കൊടുക്കുന്നു, ശ്രീ. മോഹൻ ഭഗവത് വരുന്നു, ശ്രീ. രാജ്നാഥ് സിംഗ് വരുന്നു, അവരും പരാതി കൊടുക്കുന്നു. ഈ പരാതിയുടെയെല്ലാം അടിസ്ഥാനത്തിലാണ് കതിരൂർ മനോജ് വധക്കേസ് സി.ബി.ഐ.-ക്ക് വിടുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ....(മൈക്ക് ഓഫ്).... അടിയന്തര പ്രമേയത്തിന്റെ വിഷയം മാറിയാണ് സംസാരിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, റൂൾ 50-ൽ എല്ലാം വരും. ഇന്ത്യയാകെ വർഗ്ഗീയവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്, ഫാസിസ്റ്റ് വൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളിതെല്ലാം കൂട്ടിയിണക്കിവേണം കാണാൻ. പള്ളിപ്പുറത്ത് നടന്നത് ഒറ്റപ്പെട്ട സംഭവമല്ല. അങ്ങനെ നിങ്ങൾ കാണരുത്. അങ്ങനെ കണ്ടതുകൊണ്ടാണ് നിങ്ങൾ പാർലമെന്റിൽ 44 സീറ്റിൽ ഒതുങ്ങിയിരിക്കുന്നത്. അതൊന്നും മറന്നുപോകരുത്. 440 സീറ്റുണ്ടായിരുന്ന പാർട്ടിയായിരുന്നു നിങ്ങളുടേത്. ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രായവും നിങ്ങൾക്കുള്ള സീറ്റിന്റെ എണ്ണവും 44, ആ പരുവത്തിലാണ് നിങ്ങളെത്തിനിൽക്കുന്നത്. നിങ്ങൾ ഒത്തുകളിച്ചതുകൊണ്ടാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സർ, ......(മൈക്ക് ഓഫ്)..... നിങ്ങൾക്കുണ്ടായിരുന്ന സീറ്റൊന്നും നഷ്ടമായില്ലേ?

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, ഞങ്ങൾക്കുണ്ടായിരുന്നതിൽ നിന്നും കുറച്ച് സീറ്റ് പോയിട്ടുണ്ടാകും. നിങ്ങളുടെ അവസ്ഥ ആലോചിച്ചു നോക്കൂ. ഈ അസഹിഷ്ണുതയാണ്എല്ലാത്തിനും കാരണം. ആർ.എസ്.എസ്.-ന്റെ പ്രതിനിധികൾ ഈ നിയമസഭയിലില്ല. ആ കുറവ് നിങ്ങൾ നികത്തിക്കൊടുക്കുകയാണ്. ആർ.എസ്.എസ്.-നുവേണ്ടി വാദിക്കുന്നത് കണ്ടില്ലേ; ആർ.എസ്.എസ്.-ന്റെ പ്രതിനിധികൾ ഇവിടെ ഇല്ലെങ്കിലും ഞങ്ങൾ നോക്കിക്കോളാം എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ സുപ്രീംകോടതിക്കുപോലും പ്രവർത്തിക്കാൻ പറ്റുന്നില്ല. സുപ്രീംകോടതിക്കകത്ത് വന്ദേമാതരം എന്ന് പറഞ്ഞാണ് മുദ്രാവാക്യം വിളിക്കുന്നത്. കോടതി ഇക്കാര്യത്തിൽ ഇടപെട്ടിരിക്കുകയാണ്. ആ നിലയിലേക്ക് കാര്യങ്ങൾ മാറുകയാണ്.

പള്ളിപ്പുറത്ത് ഒരാൾ കൊല്ലപ്പെട്ടു, അതുകൊണ്ട് അതുമാത്രം പറഞ്ഞ് അവസാനിപ്പിച്ചാൽ മതിയാകുമോ; ഇതിനെല്ലാം ഒത്താശ ചെയ്തുകൊടുക്കുന്നത് കേരളത്തിലെ ഈ ഭരണമാണ്. ഉമ്മൻ ചാണ്ടി സാറിന്റെ ഭരണം, ഈ ഭരണത്തിൽ ആളുകളെയെല്ലാം കള്ളക്കേസിൽ കുടുക്കുകയും ആർ.എസ്.എസ്. കൊടുക്കുന്ന തിട്ടൂരം അനുസരിച്ച് സി.ബി.ഐ.-ക്ക് കേസ് വിടുകയും സഖാവ് പി. ജയരാജനെ കേസിൽ പ്രതിയാക്കുകയും ചെയ്യുന്നു. സി.ബി.ഐ. 505 ദിവസക്കാലം അന്വേഷണം നടത്തി. എല്ലാവരെയും കാര്യങ്ങൾ വിളിച്ചുചോദിച്ചു. ഒരൊറ്റ സ്ഥലത്തും സഖാവ് പി. ജയരാജനെ പ്രതിചേർക്കാൻ കഴിഞ്ഞില്ല. ഏറ്റവുമൊടുവിൽ വളരെ പെട്ടെന്നാണ് സഖാവ് പി. ജയരാജനെ പ്രതി ചേർക്കുന്നത്.

ജനപ്രതിനിധികളെക്കുറിച്ചൊക്കെ ഇന്നലെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ വാതോരാതെ സംസാരിക്കുന്നത് കേട്ടു. ശ്രീ. അടൂർ പ്രകാശ് വിധി നേടി വന്നു. ജില്ലാ പഞ്ചായത്തിലേക്ക് മത്സരിച്ച് ശ്രീ. കാരായി രാജനും ശ്രീ. കാരായി ചന്ദ്രശേഖരനും നല്ല ഭൂരിപക്ഷത്തിലല്ലേ ജയിച്ചത്. അവരെ ആ ജില്ലയിൽ പ്രവേശിപ്പിച്ചിട്ട് മൂന്നര കൊല്ലമായി. നല്ലവണ്ണം ജയിച്ചുവന്നവരെ നിങ്ങളെന്താ അംഗീകരിക്കാത്തത്. അവരെ ആ ജില്ലയിൽ പ്രവേശിപ്പിക്കാതിരിക്കാൻ ആഭ്യന്തര വകുപ്പല്ലേ ഇടപെട്ടുകൊണ്ടിരിക്കുന്നത്? മറ്റ് രണ്ടുമൂന്ന് കേസ്സുകളിലാണ് UAPA ചുമത്തിയത്. ആർ.എസ്.എസ്.-കാർ പ്രതികളായിട്ടുള്ള കേസിൽ അവർക്ക് പെട്ടെന്ന് ജാമ്യം കിട്ടുന്നതിനുള്ള എല്ലാ ഒത്താശയും ചെയ്തുകൊടുത്തു. അവർ ജാമ്യത്തിലിറങ്ങാനുള്ള സൗകര്യങ്ങൾ

ചെയ്തുകൊടുക്കുകയാണ്; സി.പി.ഐ.(എം.) പ്രവർത്തകർ ജയിലിൽ കിടക്കുകയും ജാമ്യം കിട്ടാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. അഡ്വ. ആസിഫ് അലിയാണ് സഖാവ് പി. ജയരാജന്റെ കേസിൽ ജാമ്യം തടയാനുള്ള നടപടി സ്വീകരിച്ചത്. അതേസമയം ആർ.എസ്.എസ്.കാർ പ്രതികളായുള്ള കേസിൽ അവർക്ക് ജാമ്യം കിട്ടുന്നതിന് അഭിഭാഷകരായ കോൺഗ്രസ് നേതാക്കന്മാർ കോടതിയിൽ ഹാജരായി അവരെ സഹായിക്കുകയാണ്. ഈ ഇരട്ടത്താപ്പ് നേരത്തെ തൊഗാഡിയ പ്രതിയായ കേസിലും കാണിച്ചു. സി.ഐ.-യെ ആക്രമിച്ച കേസിലും ശ്രീ. സി. പി. നായരെ ആക്രമിച്ച കേസിലും പ്രതികളായുള്ള എല്ലാ ആർ.എസ്.എസ്.-കാരെയും രക്ഷപ്പെടുത്തിക്കൊടുക്കുന്നത് ഇവിടെ നിന്നല്ലേ; അവർക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്നത് ഇവിടെ നിന്നല്ലേ; ഇങ്ങനെ ചെയ്തുകൊടുക്കുകയാണെങ്കിൽ കേരളത്തിലും കോൺഗ്രസ് പാർട്ടി മൂന്നാം സ്ഥാനത്തല്ല നാലാം സ്ഥാനത്തേയ്ക്ക് പോകും. നിങ്ങളുടെ അന്ധമായ സി.പി.ഐ.(എം.) വിരോധം നിമിത്തം സി.ബി.ഐ.-യെയും UAPA-യെയുമെല്ലാം ദുരുപയോഗം ചെയ്തുകൊണ്ട് സി.പി.ഐ.(എം.)-ന്റെ നേർക്ക് ആക്രമണമാണ് നടത്തുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........

ശ്രീ. എ. എം. ആരിഫ്: സർ, ഇത് പറയാതെ പോകാനാകില്ല. കൺക്ലൂഡ് ചെയ്യാറായില്ല.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ്...... പ്ലീസ് കൺക്ലൂഡ്........ എല്ലാം പറഞ്ഞു. ഇനിയൊന്നും പറയാൻ ബാക്കിയില്ല.

ശ്രീ. എ. എം. ആരിഫ്: സർ, ഇത്തരത്തിൽ ഇന്ത്യയിലാകെ വർഗ്ഗീയ ഫാസിസം അഴിഞ്ഞാടുന്ന സന്ദർഭത്തിൽ, ആ വർഗ്ഗീയ ഫാസിസത്തെ കേരളത്തിൽ ഫലപ്രദമായി ചെറുത്തുനിൽക്കുന്ന സി.പി.ഐ.(എം.)-നെതിരെ ആക്രമണം അഴിച്ചുവിടുകയാണ്. പഞ്ചാബിലും ഡൽഹിയിലും സി.പി.ഐ.(എം.)-ന്റെ ഓഫീസുകൾ ആക്രമിക്കുന്നു. പലതരത്തിലും സി.പി.ഐ.(എം.)-നെ ഇല്ലാതാക്കാൻ ശ്രമിക്കുമ്പോഴും കേരളത്തിൽ അതിനെ അതിശക്തമായി നേരിടുന്ന സി.പി.ഐ.(എം.)-നെ ഇല്ലാതാക്കാൻ നിങ്ങൾ UAPA കൊണ്ടുവന്നാലും സി.ബി.ഐ.-യെ ഇറക്കിയാലും ആരെയെല്ലാം ഇറക്കിയാലും വിലപ്പോവില്ല. നേരത്തെ ശ്രീ. കെ. സുധാകരനും മറ്റും കണ്ണൂരിൽ നടത്തിയ ആക്രമണങ്ങളൊക്കെ എല്ലാവർക്കുമറിയാം. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് കേരളത്തിലെ സി.പി.ഐ.(എം.) വളർന്നുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ ഇത്തരത്തിലുള്ള ആക്രമണങ്ങളും ഉമ്മാക്കിയും കൊണ്ടൊന്നും സി.പി.ഐ.(എം.) ഇല്ലാതാകാൻ

പോകുന്നില്ല. സി.പി.ഐ.(എം.) അതിനെയെല്ലാം അതിജീവിക്കും; അതിജീവിച്ച പാരമ്പര്യമാണുള്ളത്. ആ പാരമ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് സി.പി.ഐ.(എം.) മുന്നോട്ടുപോകുകതന്നെ ചെയ്യും. നിങ്ങൾ ആർ.എസ്.എസ്.-ന് ഒത്താശ ചെയ്തുകൊടുത്തു കൊണ്ട് സി.പി.ഐ.(എം.)-നെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത് നിങ്ങളുടെ ദിവാസ്വപ്നമാണ്. രാഷ്ട്രീയ ചരിത്രത്തിൽ ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്ന നിങ്ങളുടെ പാർട്ടിയുടെ അവസ്ഥ അതിദയനീയമാകുമെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

ചേർത്തലയിൽ പള്ളിപ്പുറത്ത് നടന്ന ഈ സംഭവത്തിൽ 302-ാം വകുപ്പ് ചുമത്തി കേസന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും നമ്മുടെ നാടാകെ വർഗ്ഗീയവൽക്കരിക്കാൻ ഒത്താശ ചെയ്തുകൊണ്ടിരിക്കുന്ന സംഭവത്തെക്കുറിച്ചുമെല്ലാം ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അടിയന്തരപ്രമേയത്തിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വളരെ ലാഘവത്തോടുകൂടിയാണെന്ന് സഭയ്ക്ക് ബോധ്യപ്പെട്ടതാണ്. ഇതൊരു രാഷ്ട്രീയ കൊലപാതകമല്ല. അദ്ദേഹം തന്നെ പറഞ്ഞതുപോലെ മയക്കുമരുന്ന് സംഘങ്ങൾ തമ്മിൽ നടന്ന, അതുമായി ബന്ധപ്പെട്ട കാര്യമാണ്. .......(...ബഹളം...)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇത് ഏകപക്ഷീയമാണ്. ആ പരാമർശം പിൻവലിക്കണം.

(ബഹുമാനപ്പെട്ട മന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് ബഹു. പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനരികിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ...... നിങ്ങൾക്ക് സംസാരിക്കാൻ അവസരം തരാം. എല്ലാ അംഗങ്ങളും ദയവായി ഇരിപ്പിടങ്ങളിലേക്ക് പോകണം (...ബഹളം....)

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, .....(മൈക്ക് ഓഫ്).....മയക്കുമരുന്നു സംഘത്തിനെതിരെ സംസാരിച്ചാൽ, അയാൾ മയക്കുമരുന്നു സംഘത്തിലുള്ളതാണെന്നു പറയാൻ പറ്റുമോ?

മി. സ്പീക്കർ: ഒരു മന്ത്രി എങ്ങനെ സംസാരിക്കണമെന്ന് ചെയറിന് പറയാൻ സാധിക്കുമോ? ..........(...ബഹളം...).......

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പറയുന്നത് മുഴുവൻ കേട്ടശേഷം പറയൂ. ഞാൻ പറഞ്ഞ് തീർത്തില്ലല്ലോ? മയക്കുമരുന്ന് സംഘത്തിനെതിരെ പരാതി കൊടുത്തയാൾ എന്നാണ് ഞാൻ പറഞ്ഞത്. (...ബഹളം...)

<u>മി. സ്പീക്കർ</u>: എല്ലാവരും ദയവായി സീറ്റുകളിലേക്ക് പോകണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതെന്താണെന്ന് ആദ്യം മനസ്സിലാക്കണം. അദ്ദേഹം അത് വ്യക്തമാക്കുകയാണ്. സീറ്റിൽ പോയിരിക്കു. മന്ത്രി പറഞ്ഞ ഭാഗം വ്യക്തമാക്കാൻ പോകുകയാണ്. ദയവായി സീറ്റിലിരിക്കു, ....പ്ലീസ്.....പ്ലീസ് ....... അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കണം. ..........(...ബഹളം...).........

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് തിരികെ പോയി.)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മയക്കുമരുന്നു സംഘങ്ങൾ തമ്മിലുള്ള വഴക്കെന്നല്ല ഞാൻ പറഞ്ഞത്. അത് മുഴുവൻ കേൾക്കാത്തതുകൊണ്ടാണ്. അവിടെ മയക്കുമരുന്ന് സംഘങ്ങൾ പരസ്പരം വഴക്കുനടക്കുന്നത് നിത്യ സംഭവമാണെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം ശ്രീ. എ.എം. ആരിഫ് പറഞ്ഞത് ശരിയാണ്. ചേർത്തല വൈക്കത്തഷ്ടമി ഉത്സവം നടക്കുന്ന സന്ദർഭത്തിലുൾപ്പെടെ ആ പ്രദേശങ്ങളിൽ മയക്കുമരുന്ന് സംഘങ്ങൾ തമ്മിൽ പരസ്പരം സംഘർഷങ്ങളുണ്ടാകാറുണ്ടെന്ന് പോലീസിന് വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ വിവരം ഷിബു എന്ന മരിച്ച വ്യക്തി പോലീസിൽ പരാതിപ്പെട്ടു. ആ വിരോധത്തിന്റെ പേരിലാണ് അദ്ദേഹത്തെ വീടുകയറി ആക്രമിച്ചത്. തവണക്കടവ്, ചേർത്തല, വൈക്കം എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിൽ സംസ്ഥാനത്ത് പലഭാഗത്തുമുള്ളതുപോലെ ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിനെക്കുറിച്ച് പരാതി പറഞ്ഞതിന്റെ വൈരാഗ്യ ത്തിലാണ് തന്നെ വീടുകയറി മർദ്ദിച്ചതെന്നാണ് ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ടിൽ ഷിബുവിന്റെ മൊഴി. മരിച്ച ഷിബുവിന്റെ വിശദമായ ഫസ്റ്റ് ഇൻഫർമേഷൻ മൊഴിയിൽ വിരോധകാരണം കഞ്ചാവ് കച്ചവടത്തിനെതിരെ പരാതി നൽകിയതുകൊണ്ടാണെന്നുള്ളതാണ്. പ്രസ്തുത മൊഴിയിൽ ഒരിടത്തും ആർ.എസ്.എസ്. എന്നോ ഡി.വൈ.എഫ്.ഐ. എന്നോ ഉള്ള പരാമർശ ങ്ങളില്ല. മാത്രവുമല്ല, ഈ സംഭവമുണ്ടായപ്പോൾ പോലീസ് ആവശ്യമായ നടപടികളെടുത്തിട്ടുമുണ്ട്. ശ്രീ. എ. എം. ആരിഫ് എം.എൽ.എ.-യുടെ പരാതി പ്രതികൾക്കെതിരെ 302-ാം വകുപ്പുപ്രകാരം കേസെടുത്തില്ലെന്നാണ്. ഏതെല്ലാം വകുപ്പുകളെടുക്കണമെന്നതു സംബന്ധിച്ച് വിശദമായഅന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പോലീസുദ്യോഗസ്ഥർ തീരുമാനിക്കേണ്ടതാണ്. നമുക്ക് ഇന്ന

വകുപ്പ് ഇടണമെന്ന് പറയാൻ പറ്റില്ല. ഇന്നലെ രാത്രി ശ്രീ. എ. എം. ആരിഫ് എം.എൽ.എ. എന്നെ വിളിച്ച് ഇക്കാര്യം പറഞ്ഞപ്പോൾത്തന്നെ ഞാൻ ആലപ്പുഴ എസ്.പി.-യുമായി സംസാരിച്ച് പ്രതികളെ അടിയന്തരമായി പിടികൂടാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. എസ്.പി. അവിടെ പോയി; അവിടെ പോലീസ് പിക്കറ്റിംഗും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ശക്തമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവരികയാണ്. പ്രതികളെ മുഴുവൻ അറസ്റ്റുചെയ്യുന്നതാണ്. അദ്ദേഹം പറഞ്ഞതുപോലുള്ള യാതൊരു സാഹചര്യവും ഇപ്പോൾ അവിടെയില്ല. അദ്ദേഹം പറഞ്ഞ മറ്റു രാഷ്ട്രീയകാര്യങ്ങളെപ്പറ്റി മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അത് പൊതുവായ കാര്യങ്ങളാണ്. പക്ഷേ ആര് അക്രമം നടത്തിയാലും ഗവൺമെന്റ് അവർക്കെതിരെ ശക്തമായ നടപടിയെടുക്കും.

ശ്രീ. കെ. എം. ഷാജി: സർ, എന്റെ മണ്ഡലത്തിൽ നടന്ന ഒരു കൊലപാതകത്തെ സംബന്ധിച്ചുകൂടി പറയാനുണ്ട്. എന്റെ മണ്ഡലത്തിലെ സുജിത്ത് എന്നൊരു ബി.ജെ.പി.-ക്കാരൻ സഹോദരനെ സി.പി.ഐ. (എം)-ലെ ആളുകൾ മിനിഞ്ഞാന്ന് കൊന്നു. അതും കൊലപാതകമാണ്. നടപടി എടുക്കുമ്പോൾ അതുകൂടി എടുക്കണം. (...ബഹളം...)

ശ്രീ. മാത്യു റ്റി. തോമസ്: സർ, ...(മൈക്ക് ഓഫ്).... അടിയന്തര പ്രമേയാവതരണ സമയത്ത് വേറെ വിഷയങ്ങളെടുക്കുന്നത് ശരിയല്ല. (...ബഹളം...)

ശ്രീ. രമേശ് ചെന്നിത്തല: സർ, സംസ്ഥാനത്ത് ആര് കൊലപാതകം നടത്തിയാലും അക്രമം നടത്തിയാലും മുഖം നോക്കാതെ ശക്തമായ നടപടി സ്വീകരിക്കും. അക്കാര്യത്തിൽ രാഷ്ട്രീയം കാണില്ല. ശ്രീ. കെ. എം. ഷാജി എം.എൽ.എ. പറഞ്ഞ പാപ്പിനിശ്ശേരി കൊലപാതകത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബി.ജെ.പി. ആണെങ്കിലും സി.പി.ഐ.(എം) ആണെങ്കിലും ആരുടെ പേരിലാണെങ്കിലും അക്രമം നടത്തിയാൽ നടപടിയെടുക്കും (...ബഹളം...).........ആര് കൊന്നാലും, അത് കോൺഗ്രസ്സായാലും സി.പി.ഐ.(എം) ആയാലും ബി.ജെ.പി. ആയാലും കൊലപാതകത്തെ ഗവൺമെന്റ് കൊലപാതകമായിട്ടാണ് കാണുന്നത്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ...(...ബഹളം...).........ശ്രീ. എ. എം. ആരിഫ് എം.എൽ.എ. പറഞ്ഞ കേസ് അതീവ ഗൗരവത്തോടെ ഗവൺമെന്റ് എടുക്കുകയാണ്. ഒരാൾ മരിച്ച സംഭവമാണ്. അത് ഗൗരവത്തോടെതന്നെ എടുക്കും. എവിടെ കൊലപാതകമുണ്ടായാലും ആ രീതിയിൽ തന്നെയാണ് നടപടിയെടുക്കുന്നത്.

ശ്രീ. പി. ജയരാജനെതിരെ കേരള പോലീസ് ഒരു കേസും എടുത്തിട്ടില്ല. അദ്ദേഹത്തിനെതിരെ കേരള പോലീസ് യു.എ.പി.എ. ചുമത്തിയിട്ടില്ല.

സി.ബി.ഐ. അന്വേഷണത്തിലൂടെ പ്രതി ചേർത്തതാണ്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റിന് യാതൊരു പങ്കുമില്ല. സി.ബി.ഐ. എടുത്ത കേസിന്റെ പേരിൽ ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് യാതൊരു കാര്യവുമില്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

10.00 AM]

ശ്രീ. എസ്. ശർമ്മ: സർ, ഒരു പാവപ്പെട്ട മത്സ്യത്തൊഴിലാളിയും, സി.പി.ഐ (എം) പ്രവർത്തകൻ കൂടിയുമായ സഖാവ് ഷിബുവിനെ, ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയും ശ്രീ. എ.എം. ആരിഫും പരാമർശിച്ചതു പോലെ 14-ാം തീയതി രാത്രിയോടുകൂടി വീട്ടിൽക്കയറി ആക്രമിച്ചു. കൂടാതെ ഷിബുവിന്റെ അമ്മയേയും ഭാര്യയേയും ആക്രമിച്ചു. ഗുരുതരമായ പരിക്കുകളോടുകൂടി ഷിബുവിനെ ചേർത്തല ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിൽ പറഞ്ഞത് 14-ാം തീയതി രാത്രി അഡ്മിറ്റുചെയ്തെന്നാണ്. വിശദീകരണക്കുറിപ്പിൽനിന്ന് ഞാൻ മനസ്സിലാക്കിയതനുസരിച്ച് 15-ാം തീയതി തന്നെ ഷിബുവിനെ ഡിസ്ചാർജ്ജ് ചെയ്തിട്ടുണ്ട്. ഗുരുതരമായ ഒരാക്രമണത്തിൽ സാരമായി പരിക്കേറ്റ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ച ഷിബുവിന്, തലയ്ക്ക് വേദനയുണ്ടെന്നും പ്രയാസമുണ്ടെന്നും പറഞ്ഞെങ്കിലും വീട്ടിൽ പോയി മരുന്ന് കഴിച്ചാൽ മതിയെന്ന് ഡോക്ടർ ഉപദേശിച്ച് പറഞ്ഞുവിട്ടു, അതൊരു പ്രശ്നം. രണ്ടാമത്തെ കാര്യം, 14-ാം തീയതി ആക്രമിക്കാൻ ഇടവന്നതിന്റെ കാരണം ഷിബുവിന്റെ മൊഴിയിൽ പറഞ്ഞത്, ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി രമേശ് ചെന്നിത്തല ബി.ജെ.പി. എന്നോ ആർ.എസ്.എസ്. എന്നോ പറയാൻ മടിക്കുന്ന സാമൂഹ്യവിരുദ്ധ ശക്തികൾക്കെതിരായി ഷിബു പരാതി കൊടുത്തിരുന്നു എന്നതാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ മരണം രാഷ്ട്രീയ കൊലപാതകമല്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇതിന്റെ പിന്നിൽ ബി.ജെ.പി. ആണെന്നോ ആർ.എസ്.എസ്. ആണെന്നോ, അവരുമായി ബന്ധപ്പെട്ട ക്രിമിനൽ സംഘമാണെന്നോ അദ്ദേഹത്തിന്റെ വിശദീകരണത്തിന്റെ ഒരു ഘട്ടത്തിലും

പരാമർശിക്കുന്നില്ല. ഇവിടെ എന്റെ പ്രസക്തമായ ചോദ്യം, 14 -ാം തീയതിക്കു മുമ്പ് ഷിബു ഈ ആർ.എസ്.എസ്. ക്രിമിനൽ സംഘത്തിനെതിരായി ചേർത്തല പോലീസിൽ പരാതികൊടുത്തിട്ട് അതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടിയാണ് എടുത്തതെന്നുള്ളതാണ്. ഗൗരവതരമായ തുടർനടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഷിബു മരിക്കാൻ ഇടവരുമായിരുന്നില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പ്രതികൾ കട നശിപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് കേസ്സെടുത്തിട്ടുണ്ട്. ഷിബുവിന്റെ അമ്മയ്ക്കും ഭാര്യയ്ക്കും നേരെ ഉപദ്രവമുണ്ടായ കാര്യം ഷിബുവിന്റെ മൊഴിപ്രകാരം എഫ്.ഐ.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.പി.സി.452 വകുപ്പുപ്രകാരം നോൺ ബെയ്ലബിൾ ആയി കേസ് എടുത്തിട്ടുണ്ട്. മുഴുവൻ മെഡിക്കൽ, ലീഗൽ എവിഡൻസുകളും എത്രയുംപെട്ടെന്ന് ശേഖരിച്ച് മറ്റു വകുപ്പുകൾ ചേർക്കണമെങ്കിൽ അക്കാര്യവും പോലീസ് ചെയ്യുന്നതാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, 14-ാം തീയതി ഷിബുവിന് വീടിനകത്തുവച്ച് മർദ്ദനമേൽക്കാൻ ഇടയായ സാഹചര്യം, ഒരർത്ഥത്തിൽ പറഞ്ഞാൽ മരണമൊഴി പോലെ കണക്കാക്കാൻ കഴിയുന്ന ഷിബുവിന്റെ മൊഴിയിൽ പറഞ്ഞിരിക്കുന്നത് പരാതി കൊടുത്തതിന്റെ പ്രതികാരമാണെന്നാണ്. പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കർശനമായ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഈ ക്രിമിനൽ സംഘം ഷിബുവിന്റെ വീട്ടിലേക്ക് ചെല്ലാൻ ഇടയാകുമായിരുന്നില്ല. പരാതി കൊടുത്തുവെന്ന് അറിഞ്ഞപ്പോൾ അവർക്ക് വൈരാഗ്യം കൂടി. സംസ്ഥാനത്തെ നിയമസമാധാന രംഗത്തുണ്ടായിട്ടുള്ള അതിദയനീയമായ തകർച്ചയുടെ ഒരുദാഹരണമാണ് ഇത് പ്രകടമാക്കുന്നത്. മാത്രവുമല്ല, ഈ കേസിൽ ഇതുവരെ ആരെയും അറസ്റ്റുചെയ്തിട്ടില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ശ്രീ. കെ. എം. ഷാജി പാപ്പിനിശ്ശേരിയിലെ ഒരു കാര്യമുന്നയിച്ചപ്പോൾ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത് അതുമായി ബന്ധപ്പെട്ട മുഴുവൻ പ്രതികളെയും അറസ്റ്റുചെയ്തുവെന്നാണ്. എന്നാൽ ഇവിടെ ഞങ്ങൾ ചോദിക്കുമ്പോൾ, അരി എത്ര എന്നതിന്, പയറഞ്ഞാഴി എന്ന് മറുപടി പറയുന്നത് ശരിയാണോ? ഈ കേസിൽ പ്രതിയെ അറസ്റ്റുചെയ്തിട്ടില്ല.

മൂന്നാമതായി ഞാൻ ഉന്നയിക്കുന്ന പ്രശ്നം, ഷിബു എങ്ങനെയാണ് മരിച്ചത്? സ്വയം നെഞ്ചത്തിടിച്ചു മരിച്ചതാണോ; അതോ ആർ.എസ്.എസ്. ഗുണ്ടകളുടെ ആക്രമണത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ പോയി മതിയായ ചികിത്സ

ലഭിക്കാതെ, ഡോക്ടർമാരുടെ ഉത്തരവാദിത്വമില്ലാത്ത പെരുമാറ്റത്തിന്റെ ഫലമായി ആശുപത്രിയിൽനിന്ന് മടങ്ങിയതിനെത്തുടർന്ന് മരിച്ചതാണോ? മർദ്ദനമേറ്റ് മരിച്ചതാണെങ്കിൽ കൊലക്കുറ്റത്തിന് കേസ്സെടുക്കുന്നതിന് ആരാണ് ഇവിടെ തടസ്സം നിൽക്കുന്നത്? ആർ.എസ്.എസ്.-കാരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുക്കാൻ എന്തിന് നിങ്ങൾ മടിക്കുന്നു? ഇവിടെ ഗൗരവതരമായ രാഷ്ട്രീയ പ്രശ്നമുണ്ട്. രാജ്യത്ത് മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ആർ.എസ്.എസ്., ബജ്റംഗ്ദൾ ശക്തികൾ വൻതോതിലുള്ള ആക്രമണം കെട്ടഴിച്ചു വിടുകയാണ്. അതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണങ്ങളാണ്, ഡൽഹിയിലെ കോടതിയിലുണ്ടായത്; ജെ.എൻ.യു.വിൽ ഉണ്ടായത്; പട്യാല കോടതി സ്തംഭിപ്പിക്കുവാൻ ശ്രമിച്ചത്; സുപ്രീം കോടതി അപലപിച്ചത്; അന്വേഷണ കമ്മീഷനെ അയച്ചത്; കമ്മീഷൻ പ്രാണരക്ഷാർത്ഥം രക്ഷപ്പെട്ടു എന്ന് കമ്മീഷൻ പരസ്യമായി പറയുന്ന സ്ഥിതിവിശേഷമുണ്ടായത്. സി.പി.ഐ. (എം)-ന്റെ കേന്ദ്ര കമ്മിറ്റി ഓഫീസിനു നേരെ ആക്രമണം, സി.പി.ഐ. (എം)-ന്റെ ജനറൽ സെക്രട്ടറി സഖാവ് സീതാറാം യെച്ചൂരിക്കുനേരെ വധഭീഷണി, ഈ രൂപത്തിൽ ഏറ്റവും ആപൽക്കരമായ, അസാധാരണമായരീതിയിൽ രാജ്യത്ത് വർഗ്ഗീയ/ ഫാസിസ്റ്റ് ശക്തികളുടെ ആക്രമണ പരമ്പര വർദ്ധിച്ചുവരുന്നു. സുപ്രീംകോടതി നിയോഗിച്ച അഭിഭാഷക കമ്മീഷന്റെ കൺവീനറായ ശ്രീ. കപിൽ സിബലിനെ വിരട്ടിയോടിച്ചു, അതുസംബന്ധിച്ച് അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റും വന്നു. രാജ്യത്ത് എവിടെ നോക്കിയാലും ഇതുപോലുള്ള കാര്യങ്ങൾ കാണാം. ഹൈദ്രാബാദിലെ സെൻട്രൽ യൂണിവേഴ്സിറ്റിയിൽ രോഹിത് വെമൂല എന്ന വിദ്യാർത്ഥി മറ്റ് 5 ദളിത് വിദ്യാർത്ഥികളോടൊപ്പം സസ്പെൻഡ് ചെയ്യപ്പെട്ടു. ബ്രാഹ്മണ്യ മേധാവിത്വത്തിന്റെയും വർഗ്ഗീയ/ഫാസിസ്റ്റു ശക്തികളുടെയും ആക്രമണത്തിന് ഇരയായിത്തീർന്ന ആ രോഹിത് വെമൂല അവസാനം മരണക്കുറിപ്പ് എഴുതിവച്ചത് ഇങ്ങനെയാണ്. 'ഞാൻ ഒരു ഭാരമാണ്, ഞാൻ ജനിച്ചതു തന്നെ തെറ്റാണ്.' ഏകലവ്യന്റെ പെരുവിരൽ ചോദിച്ച സംസ്കാരം പുതിയ രൂപത്തിൽ ഭാരതത്തിൽ പുനഃസൃഷ്ടിക്കപ്പെടുമ്പോൾ അതിനെതിരെ പോരാടാൻ ബാധ്യതപ്പെട്ട ഒരു ജനതയുടെ ഭാഗത്ത് നിൽക്കുന്നതിനുപകരം കേരളത്തിലും ഇപ്രകാരം സംഭവിക്കുകയാണ്. ഏകലവ്യന്റെ കയ്യിൽനിന്നും വാർന്നുവീണ രക്തം തീർന്നിട്ടില്ല, അതാണ് ഇപ്പോഴത്തെ ഇന്ത്യയുടെ സ്ഥിതി. ഇവിടെ ശ്രീ. പ്രവീൺ തൊഗാഡിയ തീ തുപ്പുന്ന, വിഷം ചീറ്റുന്ന ആപൽക്കരമായ ഒരു പ്രസംഗം നടത്തിയതിന്റെ പേരിൽ അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്തു, പിന്നീട് പിൻവലിച്ചു. തന്റെ പേരിലുള്ള കേസ് പിൻവലിക്കണമെന്ന് അദ്ദേഹം

ആവശ്യപ്പെട്ടില്ല, ആവശ്യപ്പെടാതെതന്നെ പിൻവലിച്ചു. പോലീസിന്റെ എതിർപ്പുണ്ടായിട്ടും കേസ് പിൻവലിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി മുൻകൈ എടുത്താണ് അത് ചെയ്തത്. എം.ജി. കോളേജിൽ വച്ച് പോലീസുകാരെ വധിക്കാൻ ശ്രമിച്ച എ.ബി.വി.പി. പ്രവർത്തകർക്കെതിരെയുണ്ടായിരുന്ന കേസും പിൻവലിച്ചു. ഇത്തരമൊരു സ്ഥിതിവിശേഷം രാജ്യത്ത് വളർന്നുവരുന്നു. ഇത്തരമൊരു കുടയുടെ സംരക്ഷണമുണ്ടെന്ന ബോധം അവർക്കുണ്ട്. ആർ.എസ്.എസ്., ബജ്റംഗ്ദൾ ശക്തികൾ കേരളത്തിൽ ശക്തിപ്പെട്ടുവരുന്നതിൽ ഒരു പങ്ക് യു.ഡി.എഫ്. ഗവൺമെന്റിനുണ്ട്. ഇവിടെ മതേതരത്വം സംരക്ഷിക്കാൻവേണ്ടി പ്രവർത്തിക്കുകയും പോരാടുകയും ചെയ്യുമ്പോൾ ആർ.എസ്.എസ്.-കാരുമായി ചില സന്ദർഭങ്ങളിൽ സി.പി.ഐ.(എം)-ന് ഏറ്റുമുട്ടേണ്ടിവന്നിട്ടുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ മതേതരത്വം സംരക്ഷിക്കുന്ന രാഷ്ട്രീയ വീക്ഷണത്തിൽ നിൽക്കുന്നതിനുപകരം അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ മറവിൽ, മാർക്സിസ്റ്റ് വിരുദ്ധ നിലപാടിന്റെ ഭാഗമായി ആർ.എസ്.എസ്.-നെ സംരക്ഷിക്കുന്ന നയം ഈ സർക്കാർ തുടരുന്നുവെന്ന് പറയേണ്ട സാഹചര്യത്തിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുന്നു.

ഒരു ഗൗരവതരമായ പ്രശ്നംകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കാം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു, യു.എ.പി.എ. അനുസരിച്ച് ശ്രീ. പി. ജയരാജന്റെ പേരിൽ സംസ്ഥാന സർക്കാർ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്ന്; അത് ശരിയാണ്. പക്ഷേ ജാമ്യം അനുവദിക്കണമോ വേണ്ടയോ എന്ന പ്രശ്നം കോടതിയിൽ വന്നപ്പോൾ ശ്രീ. പി. ജയരാജന് ജാമ്യമനുവദിക്കേണ്ടെന്ന നിലപാടാണ് പ്രോസിക്യൂഷൻ സ്വീകരിച്ചത്. എന്നാൽ യു.എ.പി.എ. അനുസരിച്ച് അറസ്റ്റിലായ രണ്ട് ആർ.എസ്.എസ്. പ്രവർത്തകർക്ക് ജാമ്യം അനുവദിക്കാമെന്ന നിലപാടാണ് പ്രോസിക്യൂഷൻ സ്വീകരിച്ചത്. ശ്രീ. പി. ജയരാജന്റെ കാര്യത്തിൽ ഒരു നിലപാടും ആർ.എസ്.എസ്.-കാരുടെ കാര്യത്തിൽ മറ്റൊരു നിലപാടും എടുക്കാൻ സർക്കാരിന് കഴിഞ്ഞു. ഒരു നിയമം, രണ്ട് നീതി - ഒന്ന് മാർക്സിസ്റ്റ് വിരുദ്ധം, മറ്റൊന്ന് വർഗ്ഗീയ പ്രീണനം. സർക്കാരിന്റെ ഈ നയത്തെയാണ് ഞങ്ങൾ എതിർക്കുന്നത്. ലോക മഹായുദ്ധകാലത്ത് ജർമ്മനിയിലെ നാസി തടവറയിൽ വെന്തുമരിച്ചവർ ഓതിയ ഒരു ശബ്ദമുണ്ട്. ആ തടവറയിൽ ഏഴുവർഷക്കാലം കൽത്തുറുങ്കിൽ കിടക്കേണ്ടിവന്ന പാസ്റ്റർ നെയ്മുള്ളർ, പ്രൊട്ടസ്റ്റന്റ്കാരനായിരുന്ന അദ്ദേഹം സാമൂഹ്യ പ്രവർത്തകനും ബുദ്ധിജീവിയുമായിരുന്നു. ജർമ്മൻ കോൺസെൻട്രേഷൻ ക്യാമ്പുകളിൽ ഏഴുവർഷക്കാലം തടവറയിൽ കിടക്കേണ്ടിവന്ന അദ്ദേഹം പുറത്തിറങ്ങിയപ്പോൾ പറഞ്ഞത്, "ഫാസിസം കടന്നുവന്നത് ആദ്യം ജൂതന്മാർക്കെതിരെ ആയിരുന്നു, അപ്പോൾ

ഞാനതിനെ എതിർത്തില്ല. കാരണം ഞാനൊരു ജൂതനായിരുന്നില്ല. രണ്ടാമത് കടന്നുവന്നത് സോഷ്യൽ ഡെമോക്രാറ്റുകൾക്കെതിരെ ആയിരുന്നു. അപ്പോഴും ഞാനതിനെ എതിർത്തില്ല.കാരണം ഞാനൊരു സോഷ്യൽ ഡെമോക്രാറ്റായിരുന്നില്ല. മൂന്നാമത് കടന്നുവന്നത് കമ്മ്യൂണിസ്റ്റുകാർക്കെതിരെ ആയിരുന്നു. അപ്പോഴും ഞാനതിനെ എതിർത്തില്ല. കാരണം ഞാനൊരു കമ്മ്യൂണിസ്റ്റുകാരനായിരുന്നില്ല.നാലാമത് കടന്നുവന്നത് എനിക്കെതിരെ ആയിരുന്നു.പ്രിയപ്പെട്ടവരെ അപ്പോൾ എനിക്കുവേണ്ടി എതിർക്കാൻ ആരുമുണ്ടായിരുന്നില്ല." ജൂതന്മാരെയും സോഷ്യൽ ഡെമോക്രാറ്റുകളെയും കമ്മ്യൂണിസ്റ്റുകാരെയുമെല്ലാം ഗ്യാസ് ചേമ്പറുകളിലിട്ടും തീയിട്ട് ചുട്ടെരിച്ചും കൊന്നിരുന്നു, അതാണ് ഫാസിസം. ഇന്നലെ സെക്രട്ടേറിയറ്റ് നടയിൽ പ്രകടനം നടത്തിയ വക്കീലന്മാരുടെ നേർക്ക് ഹിന്ദു വർഗ്ഗീയ ഫാസിസം ആക്രമണം കെട്ടഴിച്ചുവിട്ടത് പോലീസ് നോക്കിനിൽക്കെയായിരുന്നു. നമ്മുടെ കൺമുമ്പിൽ കാണുന്ന പച്ചയായ സത്യങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടി സ്വീകരിക്കണം. ഷിബുവിന്റെ ഘാതകർക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുക്കണം. അടിയന്തരമായി അറസ്റ്റും മറ്റ് നടപടികളും സ്വീകരിക്കണം. ആ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എസ്. ശർമ്മയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :സർ, വസ്തുതകൾക്ക് വിരുദ്ധമായ ചില കാര്യങ്ങൾ ശ്രീ. എസ്. ശർമ്മ സഭയിൽ പറഞ്ഞു ഞാനത് കറക്ട് ചെയ്യുകയാണ്. ശ്രീ. പി. ജയരാജനെതിരായ കേസിലെ പ്രോസിക്യൂഷൻ സി.ബി.ഐ. ആണ്. അതിൽ സ്റ്റേറ്റ് ഗവൺമെന്റിന് യാതൊരു പങ്കുമില്ല. ഈ കേസ്സിൽ ശ്രീ. പി. ജയരാജനെ പ്രതി ചേർത്തത് സംസ്ഥാന പോലീസല്ല. ഇതിൽ സി.ബി.ഐ.-യുടെ പ്രോസിക്യൂട്ടറാണ് ജാമ്യാപേക്ഷയെ എതിർത്തത്. അതിന് സംസ്ഥാന ഗവൺമെന്റിന് എന്ത് കുറ്റമാണുള്ളത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ച പ്രകാരമാണെങ്കിൽ ആർ.എസ്.എസ്.-കാർ പ്രതികളായിട്ടുള്ള കേസിൽ എങ്ങനെയാണ് പ്രോസിക്യൂഷൻ ജാമ്യമനുവദിക്കാവുന്നതാണെന്ന നിലപാടെടുത്തതെന്ന് മനസ്സിലാകുന്നില്ല. ഇവിടെ വ്യത്യസ്തമായ നിലപാടുകളാണ് സ്വീകരിച്ചതെന്ന് വളരെ വ്യക്തമാണ്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ രാജ്യത്താകമാനമുള്ള ജനങ്ങൾ പേടിച്ചുവിറച്ച് കഴിയുകയാണ്. ആർ.എസ്.എസ്.-ന്റെ അക്രമസ്വഭാവം എത്രമാത്രം ഗൗരവതരമാണെന്ന് ഓരോ ദിവസം കഴിയുന്തോറും ബോധ്യപ്പെടുകയാണ്. ചേർത്തലയിൽ നടന്ന ഷിബുവിന്റെ കൊലപാതകം ഒരു രാഷ്ട്രീയ കൊലപാതകമാണെന്നത് ഉറപ്പാണ്. കൊലപാതകത്തിന്

പിന്നിൽ മയക്കുമരുന്ന് സംഘമാണെന്നുള്ള ആക്ഷേപമുന്നയിക്കാമെങ്കിലും ഉന്നയിച്ച ആളുകൾക്കും അക്രമം സംഘടിപ്പിച്ചവർക്കും വ്യക്തമായ രാഷ്ട്രീയമുണ്ട്. കൊലചെയ്യപ്പെട്ട ആൾ കമ്മ്യൂണിസ്റ്റുകാരനായിരുന്നുവെന്നത് വ്യക്തമായി അറിയാവുന്ന വസ്തുതയാണ്. അതുകൊണ്ടുമാത്രം അവസാനിക്കുന്ന കാര്യമല്ല.

ചേർത്തലയിൽത്തന്നെ വീട് കയറിയുള്ള ആർ.എസ്.എസ്.-ന്റെ അക്രമത്തിൽ പരിക്കേറ്റ് സി.പി.ഐ.-യുടെ ആറ് പ്രവർത്തകർ ആശുപത്രിയിൽ കിടക്കുകയാണ്. ഇതുമാത്രമല്ല, എന്റെ നിയോജകമണ്ഡലമായ കാഞ്ഞങ്ങാട്ടെ അജാനൂർ പഞ്ചായത്തിൽ ആർ.എസ്.എസ്.-കാരുടെ അക്രമത്തിൽ പരിക്കേറ്റ് ഏഴുപേർ വ്യത്യസ്ത ആശുപത്രികളിൽ കഴിയുകയാണ്. വീട് കയറിയുള്ള അക്രമങ്ങളിലാണ് എല്ലാവർക്കും പരിക്കേറ്റത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഷിബുവിനെ കൊലപ്പെടുത്തിയവർ അദ്ദേഹത്തിന്റെ ഭാര്യയും അമ്മയും ഉൾപ്പെടെയുള്ള സ്ത്രീകൾക്കുനേരെയും അക്രമം നടത്തി. മനുഷ്യത്വരഹിതമായ രീതിയിൽ വീടുകയറി സ്ത്രീകളേയും കുട്ടികളേയും ആക്രമിക്കാൻ കഴിയുന്നത് അപകടകാരികളായ ആർ.എസ്.എസ്.-കാരുടെ നിലപാടുകളും നയവും കൊണ്ടാണെന്ന് നമുക്കെല്ലാമറിയാം. ഏത് രീതിയിലുള്ള അക്രമവും സംഘടിപ്പിക്കാൻ മടിയില്ലാത്തവരാണ് അവർ. മഹാത്മാഗാന്ധിയെ വധിക്കാൻ മടിയില്ലാത്തവർക്ക്, ഈ ഭൂമിയിൽ ആരെയാണ് ആക്രമിക്കാൻ കഴിയാത്തത്? അത്തരം ശക്തികൾക്ക് കൂട്ടുനിൽക്കുന്ന സമീപനം സ്വീകരിക്കുന്ന ഗവൺമെന്റിന്റെ നിലപാട് തീർച്ചയായും പരിശോധിക്ക പ്പെടുന്നില്ലെങ്കിൽ ഇതൊന്നും ഇവിടംകൊണ്ട് അവസാനിക്കുകയില്ല. ഡൽഹിയിലെ കാര്യം ഇവിടെ സൂചിപ്പിക്കപ്പെട്ടു. ബഹുമാനപ്പെട്ട കോടതികൾക്കുപോലും പ്രവർത്തിക്കാൻ കഴിയുന്നില്ല. എ.ഐ.എസ്.എഫ്. നേതാവും ജെ.എൻ.യു-വിലെ സ്റ്റുഡന്റ്സ് യൂണിയന്റെ ചെയർമാനുമായ സഖാവ് കനയ്യകുമാറിനെ പോലീസുകാരുടെ നിയന്ത്രണത്തിൽ പ്പോലും കോടതിയിൽ ഹാജരാക്കാൻ കഴിയുന്നില്ല. പട്യാല ഹൗസ് കോടതിയിൽ അദ്ദേഹത്തെ കൊണ്ടുവന്നപ്പോൾ കറുത്ത ഗൗണിട്ട, വക്കീലന്മാരെന്ന് വിളിക്കുന്ന ചില ആളുകൾ, അല്ലെങ്കിൽ വക്കീലന്മാരുടെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട ആർ.എസ്.എസ്. ഗുണ്ടകൾ ആക്രമിക്കുകയുണ്ടായി. ദേശീയപതാക കയ്യിൽ ഉയർത്തിക്കൊണ്ടാണ് അവിടെ അവർ വന്നതെങ്കിലും വിളിച്ച മുദ്രാവാക്യങ്ങളും അവരുടെ ചെയ്തികളും എന്തായിരുന്നുവെന്ന് പരിശോധിച്ചാൽ മനസ്സിലാകും. ആർ.എസ്.എസ്. ആശയം ഉൾക്കൊണ്ട ആളുകൾ വക്കീലന്മാരായാലും അവർ ഏത് ഉന്നത സ്ഥാനത്തുള്ളവരായാലും എങ്ങനെ പെരുമാറുമെന്നുള്ളതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഇന്നലെ അവിടെ കണ്ടത്. ബഹുമാനപ്പെട്ട സുപ്രീംകോടതി നേരിട്ട് നിയമിച്ച അഭിഭാഷകരുടെ കമ്മീഷന് അവിടെ കടന്നുചെല്ലാൻ കഴിഞ്ഞില്ല,

അവർക്കുനേരെ കല്ലേറുണ്ടായി. ശ്രീ. കപിൽ സിബലിനെപ്പോലുള്ള ഏറ്റവും മുതിർന്ന, ആദരണീയരായ വ്യക്തികൾക്ക് നേരെ നടത്തിയിട്ടുള്ള അക്രമങ്ങളെക്കുറിച്ചുള്ള വാർത്തകൾ മാധ്യമങ്ങളിലൂടെ നമുക്ക് അറിയാൻ കഴിഞ്ഞു. നാടാകെ വിറങ്ങലിച്ചുനിൽക്കുന്ന അവസ്ഥയാണുള്ളത്. ആർ.എസ്.എസ്.-ന്റെ അക്രമം കാരണം ജനങ്ങൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്. സെക്രട്ടേറിയറ്റ് പടിക്കൽ ഇന്നലെ പ്രതിഷേധ പ്രകടനങ്ങൾ നടത്തിയ വക്കീലന്മാർക്കുനേരെയും അക്രമം നടന്നു. ഇത്തരം സംഭവങ്ങൾ എവിടെ ഉണ്ടാകുമ്പോഴും ആർ.എസ്.എസ്. നേരിട്ട് കൈകാര്യകർതൃത്വം ഏറ്റെടുക്കുകയാണ്. അവർക്ക് കാര്യങ്ങൾ തീരുമാനിക്കാനുള്ള അധികാരമുണ്ടെന്ന് ചിന്തിച്ചുകൊണ്ട് കൊല ചെയ്യാൻ മടിയില്ലാത്ത തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും വീട് കയറിയുള്ള അക്രമങ്ങൾ നടത്തുകയും ചെയ്യുന്നു. ദേശീയതലത്തിൽ ഇത്തരം സംഭവങ്ങളുണ്ടായപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിയോട് അതിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, താൻ ദേശീയ പ്രശ്നങ്ങളിൽ ഇടപെടുന്നതിനോ അഭിപ്രായം പറയുന്നതിനോ ആഗ്രഹിക്കുന്നില്ലെന്നാണ്. എന്താണ് സർ ഇതിനർത്ഥം? യു.ഡി.എഫും കോൺഗ്രസ് പാർട്ടിയും ആർ.എസ്.എസ്-നെയും ബി.ജെ.പി.-യെയും എങ്ങനെയാണ് കാണുന്നത്? ആർ.എസ്.എസു.-മായി എന്തെങ്കിലും ബാന്ധവത്തെപ്പറ്റിയുള്ള ആലോചനയാണോ ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നതിന് പിന്നിലെന്ന് സംശയിച്ചാൽ എന്താണ് തെറ്റ്? ഇക്കാര്യത്തിൽ ലീഗുകാരുടെ അഭിപ്രായമെന്താണ്? ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. കെ. എം. ഷാജി പറഞ്ഞ കാര്യങ്ങളെന്താണ്? അദ്ദേഹം ഇത്തരം വിഷയങ്ങളെ മറ്റ് വഴിക്ക് തിരിച്ചുവിടാൻ ശ്രമിക്കുകയാണ്. ആർ.എസ്.എസ്-നുവേണ്ടി വക്കാലത്ത് പറയാൻ മടിയില്ലാത്ത തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. നാടാകെ ഭയപ്പെട്ട് വിറങ്ങലിച്ച് നിൽക്കുമ്പോൾ ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കുന്നതിനോടാണ് ഗവൺമെന്റിന് താൽപ്പര്യം. ഇത്തരം കൊലപാതകങ്ങളെ അപലപിക്കാനോ ബന്ധപ്പെട്ട ആളുകളെ അറസ്റ്റ് ചെയ്യാനോ ഇത്തരമൊരു വിഷയം സഭാതലത്തിൽ ചർച്ച ചെയ്യുന്നതിനോ അനുമതി നൽകാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, അതിദാരുണമായി കൊലചെയ്യപ്പെട്ട ഷിബു എന്ന ചെറുപ്പക്കാരൻ ചെയ്ത കുറ്റമെന്താണ്? നാട്ടിലെ ലഹരി മാഫിയ സംഘങ്ങൾക്കെതിരെ

അദ്ദേഹം പരാതിപ്പെട്ടു എന്നതാണ്. അദ്ദേഹവും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും ലഹരിവസ്തുക്കൾ വാങ്ങി ഉപയോഗിക്കാത്തതിനപ്പുറം നാട്ടിൽ ഇതിന്റെ പ്രചരണവും വ്യാപനവും തടയുന്നതിന് പോലീസ് നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് സാമൂഹിക പ്രതിബദ്ധതയോടുകൂടി പരാതി നൽകിയ ഒരു വ്യക്തിയെയാണ് കൊലപ്പെടുത്തിയത്. ഇങ്ങനെ വന്നാൽ, ഇത്തരം അധാർമ്മികമായ, നിയമവിരുദ്ധമായ കാര്യങ്ങൾ നേരിൽ കാണുന്ന ഒരു വ്യക്തിക്ക് പോലീസ് സ്റ്റേഷനിൽ പോയി പരാതി നൽകാൻ സാധിക്കാത്ത അവസ്ഥ നമ്മുടെ സംസ്ഥാനത്ത് സംജാതമാകില്ലേ? ഇക്കാര്യം ഗൗരവമായി ചിന്തിക്കണം. വളരെ ലാഘവത്തോടുകൂടിയാണ് ഭരണപക്ഷം ഈ വിഷയം കൈകാര്യം ചെയ്തത്. പ്രസ്തുത വിഷയം കൈകാര്യം ചെയ്യുമ്പോൾ കാണിക്കേണ്ടിയിരുന്ന ഗൗരവം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയിൽ നിന്നോ സർക്കാരിൽ നിന്നോ ഉണ്ടായില്ല എന്നത് വളരെ ഖേദകരമാണ്. ഷിബു എന്ന ചെറുപ്പക്കാരന്റെ രാഷ്ട്രീയ ബന്ധങ്ങൾ മാറ്റി നിർത്തിയാൽ, അദ്ദേഹം ഒരു പൊതു പ്രവർത്തകനാണ്. തന്റെ പരിസര പ്രദേശത്തെ യുവാക്കളെ ലഹരിക്ക് അടിമപ്പെടുത്തുന്ന പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി ധൈര്യമായി പോലീസ് സ്റ്റേഷനിൽപ്പോയി പരാതി നൽകിയ, സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു പൊതുപ്രവർത്തകന് ഇത്തരമൊരു അനുഭവമുണ്ടാകുന്നു എന്നുപറയുമ്പോൾ, പൊതുപ്രവർത്തനത്തിന്റെ മാന്യത സംരക്ഷിക്കുന്നതിൽപ്പോലും ഈ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു എന്നാണ് വെളിവാകുന്നത്. ഒരു എം.എൽ.എ.-യോ എം.പി.-യോ ചെയ്യുന്നതുപോലെ, അല്ലെങ്കിൽ അവരേക്കാൾ കൂടുതലായി നാട്ടിലെ ഒരു സാമൂഹിക വിപത്തിനെതിരെ ശബ്ദിച്ചു എന്ന കുറ്റത്തിനാണ് 32 വയസ്സുള്ള ഈ ചെറുപ്പക്കാരനെ കൊലപ്പെടുത്തിയത്. പ്രസ്തുത വിഷയം അത്യന്തം ഗൗരവത്തോടെ കാണാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഇതുവരെ കുറ്റക്കാർക്കെതിരെ വകുപ്പ് 302 അനുസരിച്ച് കേസ് ചാർജ്ജ് ചെയ്തിട്ടില്ല. അതിനുള്ള കാരണങ്ങൾ നിരവധിയാണ്. അന്വേഷണം വരട്ടെ, തെളിവുണ്ടാകട്ടെ, പോലീസ് പരിശോധിക്കട്ടെ എന്നിങ്ങനെയുള്ള വാദഗതികൾ പറയുകയല്ല വേണ്ടത്. തന്റെ നാട്ടിലെ തിന്മയ്ക്കെതിരെ തികഞ്ഞ സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രവർത്തിച്ച വ്യക്തിയെ സംരക്ഷിക്കുന്നതിനുള്ള ഗവൺമെന്റിന്റെ നിയമപരവും ധാർമ്മികവുമായ ഉത്തരവദിത്വത്തിൽനിന്നുള്ള ഒളിച്ചോട്ടമാണ് ഈ ദിവസം നമ്മൾ കണ്ടത്. ഇതിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാടെന്താണ്? സി.പി.ഐ.(എം)-നെയും എൽ.ഡി.എഫ്.-നെയും ക്ഷീണിപ്പിക്കുന്നതിന്, ആർ.എസ്.എസ്. എന്ത് അക്രമം കാണിച്ചാലും കണ്ണടച്ചിരിക്കാമെന്നുള്ള ഈ ഗവൺമെന്റിന്റെ നയം രാജ്യത്ത് വലിയ അപകടമുണ്ടാക്കും. ഇവിടെ ആർ.എസ്.എസ്.-നെതിരെ സംസാരിക്കുമ്പോൾ ലീഗിലെ ഒരു പ്രിയ സുഹൃത്താണല്ലോ ഏറ്റവും ശക്തമായി

എതിർത്തത്.നിങ്ങൾ തെരഞ്ഞെടുപ്പിൽ എന്തെങ്കിലും ഒത്താശ ചെയ്തുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കഴിഞ്ഞ നാളുകളിൽ ഉണ്ടാക്കിയതുപോലെ ഏതെങ്കിലും തരത്തിലുള്ളഅവിഹിത കൂട്ടുകെട്ടുണ്ടാക്കാൻ പോകുകയാണോ? ആർ.എസ്.എസ്.-നെതിരെ ശബ്ദിക്കുമ്പോൾ ലീഗ് അംഗങ്ങൾക്കെന്തിനാണ് ആവേശമുണ്ടാകുന്നത്? ഇത് വലിയ അപകടമാണ്. എൽ.ഡി.എഫ്.-നെ ക്ഷീണിപ്പിക്കുന്നതിനുവേണ്ടി, തെരഞ്ഞെടുപ്പിൽ കുറച്ച് വോട്ടുകൾ നേടുന്നതിനുവേണ്ടി, ആർ.എസ്എസ്. നടത്തുന്ന അക്രമങ്ങളെ, ഹൈന്ദവ ഫാസിസത്തിന്റെ അക്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഈ നയത്തിൽനിന്ന് ഗവൺമെന്റ് പിന്നോട്ടുപോയില്ലെങ്കിൽ വലിയ ഭവിഷ്യത്ത് ഈ സംസ്ഥാനത്തുണ്ടാകുമെന്ന തിരിച്ചറിവെങ്കിലും ഇന്ന് ഭരിക്കുന്നവർക്കുണ്ടാകണം. അതുണ്ടാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ ഗവൺമെന്റ് നിഷേധാത്മകമായ നിലപാട് സ്വീകരിച്ചിരുന്നില്ലെങ്കിൽ ഇത്തരമൊരു പ്രശ്നം ഈ സഭയ്ക്കകത്ത് ഇന്ന് ചർച്ച ചെയ്യാൻ സാധിക്കുമായിരുന്നു. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നതിനുശേഷം ഇന്ത്യയിൽ പടർന്ന് പന്തലിച്ചുകൊണ്ടിരിക്കുന്ന ആർ.എസ്.എസ്. ഭീകരതയ്ക്കെതിരെയുള്ള സന്ദേശം ജനങ്ങളിലേക്കെത്തിക്കാൻ കേരള നിയമ സഭക്ക് സാധിക്കുമായിരുന്നു. അതിനുള്ള അവസരം മനഃപൂർവ്വം ഗവൺമെന്റ് നിഷേധിച്ചു എന്നാണ് എന്റെ ആക്ഷേപം. ആർ.എസ്.എസ്. തുടരെത്തുടരെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളോട് കേരളത്തിലെ യു.ഡി.എഫ്. നേതാക്കന്മാർ മൃദുസമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയെ സന്ദർശിച്ച പത്രലേഖകർ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നടക്കുന്ന സംഭവവികാസത്തെക്കുറിച്ചുള്ള പ്രതികരണം ആരാഞ്ഞപ്പോൾ ഞാൻ ഈ നാട്ടുകാരനേ അല്ലെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. ബി.ജെ.പി.-യേയും ആർ.എസ്.എസ്.-നേയും മുഖ്യരാഷ്ട്രീയഘടകമായി അംഗീകരിക്കുന്ന ആപത്കരമായ ഒരു രാഷ്ട്രീയം മുഖ്യമന്ത്രി അരുവിക്കര തെരഞ്ഞെടുപ്പ് കാലത്തുതന്നെ സ്വീകരിച്ചിട്ടുണ്ട്. ആ ആപത്കരമായ മൃദുസമീപനം മതേതര മൂല്യങ്ങളെയും മതേതര സംസ്കാരത്തെയുമാണ് നശിപ്പിക്കുന്നത്. കേരളം അതിനെതിരാണെന്നുള്ള സന്ദേശം ഈ ചർച്ചയിലൂടെ ഇന്ത്യയ്ക്കാകെ നൽകാൻ നമുക്ക് സാധിക്കുമായിരുന്നു.അണിയറയിൽ നടക്കുന്ന നാടകം യാഥാർത്ഥ്യമാകാൻ പോകുന്നു എന്നാണ് ഇത്തരമൊരു ചർച്ച നിഷേധിച്ചതിലൂടെ ഗവൺമെന്റ് വ്യക്തമാക്കുന്നത്. ശ്രീ. മാത്യൂ റ്റി. തോമസ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പഴയ ബേപ്പൂർ മോഡൽ രാഷ്ട്രീയം കേരളത്തിലെ തെരഞ്ഞെടുപ്പിന് മുന്നോടിയായി

ഇവിടെ ഉടലെടുക്കാൻ പോകുകയാണോ എന്ന ഗുരുതരമായ പ്രശ്നമാണ് ഇന്നിവിടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഇത്തരത്തിലൊരു ആപത്കരമായ രാഷ്ട്രീയം ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിക്കാൻ പാടില്ലായെന്നാണ് വ്യക്തിപരമായി അദ്ദേഹത്തോട് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അദ്ദേഹം അങ്ങനെ ചെയ്യരുതായിരുന്നു. ഇവിടെ വർഗ്ഗീയ കക്ഷികൾ അഴിഞ്ഞാടാൻ, ആധിപത്യം ഉറപ്പിക്കാൻ ശ്രമിക്കുമ്പോൾ പരോക്ഷമായിപ്പോലും അവരെ ന്യായീകരിക്കുന്ന, അവർക്കുവേണ്ടി സംസാരിക്കുന്ന ഒരു ശബ്ദം കേരളത്തിൽ നിന്നും ഉയരാൻ പാടില്ലായിരുന്നു. പക്ഷേ ഈ സഭയിൽ അങ്ങനെയൊരു ദൗർഭാഗ്യകരമായ സംഭവം കൂടി ഉണ്ടായി. ഈ നാടിനെ ഇപ്പോൾ മഥിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും ഗുരുതരമായ വർഗ്ഗീയ ഫാസിസത്തിനെതിരെ ചർച്ച നടത്താൻ ലഭിച്ച അവസരത്തെ നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനകം സഭയിൽ വീണ്ടും ഹാജരായി)

## III. ശ്രദ്ധ ക്ഷണിക്കൽ

### ജീവൻരക്ഷാ മരുന്നുകളുടെ കസ്റ്റംസ് തീരുവ ഇളവ്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ഒരു ഭരണകൂടത്തിന് പൗരന്മാരോട്, പ്രത്യേകിച്ച് അങ്ങേയറ്റം കാരുണ്യവും പരിഗണനയും അർഹിക്കുന്ന പൗരന്മാരോട് എത്രത്തോളം ക്രൂരവും പൈശാചികവുമായി പെരുമാറാൻ സാധിക്കുമെന്നതിനുള്ള ഏറ്റവും പുതിയ തെളിവാണ് 76 ജീവൻ രക്ഷാ ഔഷധങ്ങൾക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിക്കൊണ്ടുള്ള നരേന്ദ്ര മോദി സർക്കാരിന്റെ വിജ്ഞാപനം. ക്യാൻസർ, അമിത രക്തസ്രാവം, എയ്ഡ്സ് തുടങ്ങിയ മാരക രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് അമിതവില നൽകേണ്ടിവരും. ലോകമെങ്ങും ക്യാൻസർ ദിനം ആചരിച്ചതിന് തൊട്ടുപിന്നാലെയാണ് ...........

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, പ്ലീസ്....................

ശ്രീ. എസ്. ശർമ്മ: സർ, കഴിഞ്ഞ കുറച്ചുദിവസങ്ങളിലായി പ്രതിപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്ന അഴിമതി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനോ പരിഹാരം കാണുന്നതിനോ മുന്നോട്ടുവരാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് സഭാനടപടികളിൽ ഞങ്ങൾ സഹകരിക്കുന്നില്ലാ

യെന്നുള്ള വിവരം അറിയിക്കുകയാണ്.

(തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് ഡയസ്സിനുമുമ്പിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, ശ്രദ്ധ ക്ഷണിക്കൽ ചുരുക്കി അവതരിപ്പിക്കുക.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ക്യാൻസർ ചികിത്സയ്ക്കായി ഇറക്കുമതി ചെയ്യുന്ന ഔഷധങ്ങളുടെ ഇറക്കുമതി ചുങ്കം 22 ശതമാനമാക്കി ഉയർത്തുക വഴി അതിന്റെ ഭാരം ആത്യന്തികമായി ചുമക്കേണ്ടിവരുന്നത് രോഗികളും അവരുടെ കുടുംബാംഗങ്ങളുമാണ്. ഓരോ വർഷവും നിരവധി പേർക്ക് പുതുതായി ക്യാൻസർ ബാധ കണ്ടെത്തുന്ന ഒരു രാജ്യമാണ് നമ്മുടേത്. കീമോതെറാപ്പിക്കും റേഡിയേഷനുമുള്ള മരുന്നുകൾക്കുപോലും വില കുത്തനെ ഉയരുകയാണ്. പുതിയതായി ഇറക്കുമതി ചുങ്കം ചുമത്തിയിരിക്കുന്ന ഔഷധങ്ങളിൽ ക്യാൻസർ ചികിത്സയ്ക്കുള്ള ഔഷധത്തിനുപുറമേ ഹൃദ്രോഗം, പ്രമേഹം, വൃക്ക രോഗങ്ങൾ, പാർക്കിൻസൺ, അസ്ഥിരോഗം, അണുബാധ എന്നിവയുടെ ചികിത്സയ്ക്കുള്ള മരുന്നുകൾക്കും വില വർദ്ധിച്ചിരിക്കുകയാണ്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ഈ വിഷയം അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷം സഹകരിക്കാത്തതിൽ വളരെ ഖേദമുണ്ട്. ഇപ്പോഴത്തെ നിലയിൽ മരുന്നുവില വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ആസന്ന ഭാവിയിൽത്തന്നെ നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് മരുന്ന് വാങ്ങാൻ സാധിക്കാതെ മരിക്കേണ്ട ഗതികേടുണ്ടാകും. ഭക്ഷണം വേണ്ടെന്ന് വയ്ക്കുന്നതുപോലെ മരുന്ന് വേണ്ടെന്ന് വയ്ക്കാൻ നമുക്ക് സാധിക്കില്ല. പട്ടിണി കിടന്നാൽപ്പോലും ജീവൻ രക്ഷിക്കാനും നിലനിർത്താനുമുള്ള പോരാട്ടത്തിലാണ് സാധാരണക്കാർ. അവരെ ഇരുട്ടിലേക്കും മരണത്തിലേക്കും നയിക്കുന്ന ഈ സമീപനം തിരുത്തേണ്ടത് അനിവാര്യമാണ്. മറ്റെല്ലാ വിഷയങ്ങളും താൽക്കാലികമായി മാറ്റിവച്ച്, നമ്മുടെ ഔഷധനയം തിരുത്തിക്കുന്നതിനുവേണ്ടിയുള്ള ഉത്തരവാദിത്വം ഈ നാട്ടിലെ മുഴുവൻ ജനപ്രതിനിധികൾക്കുമുണ്ട്. പ്രതിപക്ഷമുൾപ്പെടെയുള്ള എല്ലാ അംഗങ്ങളും അതിൽ സഹകരിക്കേണ്ടതാണ്. 76 ജീവൻ രക്ഷാ ഔഷധങ്ങളുടെ തീരുവ പിൻവലിച്ചത് നരേന്ദ്ര മോദി ഗവൺമെന്റിന്റെ ഏറ്റവും ഗുരുതരമായ വീഴ്ചയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷം ഇത് കാണുന്നില്ല എന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. ആയതിനാൽ സംസ്ഥാന ഗവൺമെന്റ് ഇതിൽ ഇടപെടുകയും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യണം. ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ എം.പി.-മാരെ ഉൾപ്പെടുത്തി കേന്ദ്രത്തിനെതിരായ പ്രക്ഷോഭത്തിന് നേതൃത്വം നൽകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരാണ്. കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വഴിയാണ് ഇത് ചെയ്യുന്നത്. കേന്ദ്ര ആക്ടായ ഡി.പി.സി.ഒ. (ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ) എന്ന നിയമം വഴിയാണ് എൻ.പി.പി.എ. വിലനിയന്ത്രണം നടപ്പിലാക്കുന്നത്. ഡി.പി.സി.ഒ. ആക്ട് 1995 പ്രകാരം 74 ഇനം മരുന്നുകളുടെയും അവയുടെ വിവിധ കോമ്പിനേഷനുകളുടെയും വില മാത്രമാണ് എൻ.പി.പി.എ.-യ്ക്ക് നിശ്ചയിക്കാൻ സാധിച്ചിരുന്നത്. മരുന്നുകളുടെ വില ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ മരുന്നുകൾ വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നു. കേരളത്തിന്റെ ആവശ്യം കൂടി കണക്കിലെടുത്ത് യു.പി.എ. സർക്കാരിന്റെ കാലത്ത് എൻ.പി.പി.എ. വില നിയന്ത്രണ പട്ടികയിലുള്ള അവശ്യ മരുന്നുകളുടെ എണ്ണം 348 ആയി വർദ്ധിപ്പിച്ചു. 2013-ലെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ബോർഡ് വഴി പ്രസ്തുത വിലനിയന്ത്രണം ജൂലൈ 2013-മുതൽ നടപ്പിലാക്കിവരുന്നു. വിപണിയിൽ പുതുക്കിയ നിരക്കിലുള്ള മരുന്നുകളുടെ ലഭ്യത ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം ഉറപ്പാക്കുന്നുണ്ട്. 348 ഇനം മരുന്നുകൾക്ക് പുറമെയുള്ളവയ്ക്ക് പഴയ വിലയെക്കാളും പത്ത് ശതമാനം വില വർദ്ധനവ് നടത്തുവാൻ മരുന്ന് കമ്പനികൾക്ക് എൻ.പി.പി.എ.-യുടെ അനുവാദം വേണം. അതായത് പത്ത് ശതമാനത്തിൽ കൂടുതൽ വില വർദ്ധിപ്പിക്കാൻ പാടില്ലായെന്നതാണ്. 2012 മാർച്ച് മുതൽ കേന്ദ്ര സർക്കാർ 76 ഇനം മരുന്നുകൾക്ക് അനുവദിച്ചിരുന്ന ഇറക്കുമതി തീരുവ ഇളവ് സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസ് 28-1-2016-ലെ കസ്റ്റംസ് നം. 6/2016 നോട്ടിഫിക്കേഷൻ വഴി കേന്ദ്ര സർക്കാർ പിൻവലിച്ചു. ഇതിൽ 61 ഇനം മരുന്നുകൾക്ക് 5% ഇറക്കുമതി തീരുവ വർദ്ധനവ് വന്നിട്ടുണ്ട്. ബാക്കി 15 ഇനം മരുന്നുകൾക്ക് ഇറക്കുമതി തീരുവയില്ലായിരുന്നു. ഈ 76 ഇനം മരുന്നുകളിൽ 41 എണ്ണം കേന്ദ്ര സർക്കാരിന്റെ എൻ.പി.പി.എ.-യുടെ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുന്നവയാണ്. അതിനാൽ പ്രസ്തുത മരുന്നുകൾക്ക് വില വർദ്ധിപ്പിച്ച് അമിതവിലയ്ക്ക് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. ബാക്കി 35 ഇനം മരുന്നുകളിൽ ചിലത് ആന്റി ക്യാൻസർ മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ, ഹൃദ്രോഗത്തിനുള്ള മരുന്നുകൾ, ആന്റി വൈറൽ തുടങ്ങിയ ജീവൻരക്ഷാ മരുന്നുകളിൽ ഉൾപ്പെടുന്നതാണ്. കസ്റ്റംസിന്റെ തീരുമാന പ്രകാരം ഈ ഇനങ്ങളുടെ വില വർദ്ധിക്കാൻ സാധ്യതയുണ്ട്. ഹീമോഫീലിയ ചികിത്സയ്ക്കുള്ള

മരുന്നുകൾ വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുന്നതിനാൽ ഇറക്കുമതി തീരുവയിലെ മാറ്റം പ്രസ്തുത മരുന്നിന്റെ വിലയിൽ ബാധകമാകുന്നില്ല. ഇത് ആഭ്യന്തര ഉൽപ്പാദനം കുറഞ്ഞ മരുന്നായതിനാൽ ഇറക്കുമതി കുറയുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് ക്ഷാമം അനുഭവിക്കുന്നതിനുള്ള സാധ്യതയുണ്ട്. കേരളത്തിലെ ഇക്കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇതിന്റെ ചുമതല വഹിക്കുന്ന കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പുമന്ത്രി ശ്രീ. ആനന്ദ് കുമാറിന് ഞാൻ കത്തയച്ചിട്ടുണ്ട്. 20-ാം തീയതി ആലപ്പുഴയിൽ അദ്ദേഹമുൾപ്പെടുന്ന ഒരു പരിപാടിയിൽ ഞാനും പങ്കെടുക്കുന്നുണ്ട്. ഇക്കാര്യത്തെക്കുറിച്ച് വളരെ ശക്തമായിട്ടുതന്നെ അദ്ദേഹത്തിന് നിവേദനം സമർപ്പിക്കുന്നതാണ്.

സംസ്ഥാനത്ത് മരുന്നുവില വർദ്ധിച്ച സാഹചര്യത്തിൽ ബ്രാന്റഡ് മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി 35 കാരുണ്യ ഫാർമസികൾ തുടങ്ങാനായി തീരുമാനിച്ചതെങ്കിലും 51 കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സൗജന്യ ചികിത്സയ്ക്ക് വിവിധ പദ്ധതികളുണ്ട്. പക്ഷേ കേരള ഗവൺമെന്റ് 300 കോടി രൂപയാണ് ഓരോ വർഷവും സൗജന്യമായി മരുന്ന് വിതരണത്തിന് നൽകുന്നത്. പക്ഷേ ഇക്കാര്യങ്ങളൊക്കെയുണ്ടെങ്കിലും വില നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റായതുകൊണ്ട് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയാണ്.

(ശ്രീ. എം. ചന്ദ്രൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: സബ്മിഷനുകൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ സബ്മിഷനുള്ള മറുപടി അംഗങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.

## IV. റിപ്പോർട്ട് സമർപ്പണം

### (1) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ചസബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ടുകൾ

ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, കേരളത്തിലെ വിവിധ ഊർജ്ജ പദ്ധതികളുടെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടും വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടി സംബന്ധിച്ച റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

3. എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും

സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(5) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിപ്പതിനൊന്നു മുതൽ നൂറ്റിഇരുപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ബെന്നി ബെഹനാൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അംഗമായ ഞാൻ സമിതി അദ്ധ്യക്ഷനായ ഡോ. ടി. എം. തോമസ് ഐസക്കിനു വേണ്ടി സമിതിയുടെ നൂറ്റിപ്പതിനൊന്നു മുതൽ നൂറ്റിഇരുപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(6) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ നൂറ്റിനാല് മുതൽ നൂറ്റിഒൻപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നൂറ്റിനാല് മുതൽ നൂറ്റിഒൻപതുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(7) ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. മോൻസ് ജോസഫ്: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്സമർപ്പിക്കുന്നു.

(8) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ പതിമൂന്ന് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. കെ. ബഷീർ: സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ അംഗമായ ഞാൻ സമിതി അദ്ധ്യക്ഷനായ ശ്രീ. ജോസ് തെറ്റയിലിനുവേണ്ടി സമിതിയുടെ പതിമൂന്ന് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(9) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെഏഴാമത് റിപ്പോർട്ട്

ശ്രീ. റ്റി. യു. കുരുവിള: സർ, മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## V. ധനകാര്യം

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് സമീപം വന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഇത്തരമൊരു സാഹചര്യത്തിൽ ഇന്നത്തെ ചർച്ച നടത്തിക്കൊണ്ടുപോകാൻ സാധ്യമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് മറുപടി പ്രസംഗം നടത്താവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 3 ദിവസം ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചകൾനടക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു.അത് ഒ.എൻ.വി.കുറുപ്പിന്റെ നിര്യാണത്തോടുകൂടി 2 ദിവസമായി ചുരുക്കി. ബഡ്ജറ്റ് സംബന്ധിച്ചുള്ള ഏറ്റവും സുപ്രധാനമായിട്ടുള്ള ചർച്ചകൾ ഇവിടെ നടക്കേണ്ടതായിരുന്നു. പക്ഷേ, പ്രതിപക്ഷത്തിന്റെ നിഷേധാത്മകമായ സമീപനംകൊണ്ട് ചർച്ച നടന്നില്ല. ഇവിടെ ചർച്ച നടന്നില്ലെങ്കിലും എം.എൽ.എ.-മാരോട് ഇതിനെക്കുറിച്ച് ഞാൻ സംസാരിക്കുകയും ജനങ്ങളോട് സംവാദം നടത്തുകയും

ചെയ്യു. ഈ ബഡ്ജറ്റിനെക്കുറിച്ച് നല്ല അഭിപ്രായങ്ങൾ മാത്രം കേൾക്കാനല്ല, ഈ ബഡ്ജറ്റിൽ എന്താണ് കുറവ്, എവിടെയാണ് പോരായ്മ അത് മനസ്സിലാക്കണം. എന്നോട് പലരും പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അതിനുള്ള മറുപടി ഞാനിവിടെ പറയുകയാണ്. ഇവിടെ ചർച്ച നടന്നില്ലെങ്കിലും ഈ ബഡ്ജറ്റിനെക്കുറിച്ച് പൊതുവായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ ബഡ്ജറ്റിൽ ചില മാറ്റങ്ങൾ, നല്ലതിനുവേണ്ടി കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്. പുതിയ നികുതി നിർദ്ദേശങ്ങളല്ല, പുതിയ വരുമാന മാർഗ്ഗങ്ങളല്ല, മറിച്ച് ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ പദ്ധതികൾ കൊണ്ടുവരാനും പ്രഖ്യാപിക്കാനും ഈ അവസരം വിനിയോഗിക്കുകയാണ്.

ഈ ബഡ്ജറ്റിനെതിരെ പ്രതിപക്ഷം പറഞ്ഞ മുഖ്യമായിട്ടുള്ള ആക്ഷേപം ധനാഗമന മാർഗ്ഗങ്ങളെക്കുറിച്ച് ഈ ബഡ്ജറ്റ് നിശബ്ദത പാലിക്കുന്നു വെന്നുള്ളതാണ്. അതിനെ സംബന്ധിച്ചുള്ള എന്റെ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.* അതോടൊപ്പം എനിക്ക് പുതിയതായി പറയാനുള്ളത്, മാധ്യമ പ്രവർത്തകരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയത്തിന്റെ 50% സർക്കാർ വഹിക്കുന്നതാണ്. ഇതിലേയ്ക്കായി അധികമായി 25 ലക്ഷം രൂപയും കോട്ടയം പ്രസ് ക്ലബ് നവീകരണത്തിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു. മംഗലാപുരം/കോയമ്പത്തൂർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്കുകൂടി കാരുണ്യ ബെനവലന്റ് സ്കീമിൽ ആനുകൂല്യം അനുവദിക്കുന്നതാണ്. കൃഷി വകുപ്പ് 86 നിയോജക മണ്ഡലങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ സമഗ്ര കാർഷിക വികസന പദ്ധതിയായ 'നിറവ് പദ്ധതി' ശേഷിക്കുന്ന 54 നിയോജക മണ്ഡലങ്ങളിൽക്കൂടി നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് കോഴി വളർത്തലും കന്നുകാലി വളർത്തലും ഉപജീവനമാക്കിയവർക്ക്, മറ്റ് കർഷകർക്ക് ലഭിക്കുന്ന വായ്പകളും വൈദ്യുതി സൗജന്യവും ടാക്സ് ഇളവുകളും ലഭ്യമാക്കുന്നതിന് കോഴി വളർത്തലും കന്നുകാലി വളർത്തലും കൃഷിയായി അംഗീകരിക്കുകയും സംസ്ഥാനത്തുടനീളം ഹരിതമൈത്രി കാർഷിക വിപണികൾ ആരംഭിക്കുയും ചെയ്യും. മാനന്തവാടി ജില്ലാ ആശുപത്രിയിൽ മാതൃശിശു മൾട്ടി സ്പെഷ്യാലിറ്റി യൂണിറ്റ് ആരംഭിക്കും. ഈറ്റവെട്ട്, പനമ്പ് തൊഴിലാളികളുടെ മിനിമം കൂലിയും ഡി.എ. കുടിശ്ശികയും നൽകാനായി 5 കോടിരൂപ ഒന്നാംഘട്ടമായി വകയിരുത്തുന്നു. സംസ്ഥാനത്തെ ഖാദിമേഖലയുടെ ആധുനികവത്കരണ പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്; ഇതിന്റെ ഒന്നാംഘട്ടമായി രണ്ടു കോടിരൂപ വകയിരുത്തുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതു സമൂഹവും മാധ്യമങ്ങളും ഇന്ന് കൂടുതലായി ചർച്ച ചെയ്യുന്ന ഒരു വിഷയമാണ് അവയവദാനം. എന്നാൽ അവയവദാനം നൽകുന്ന വ്യക്തിയുടെ കുടുംബത്തിന് ചികിത്സയുടെ പേരിൽ വലിയ തുക ചെലവഴിക്കേണ്ടിവരുന്നു. ഇത്തരത്തിൽ അവയവദാനത്തിന് തയ്യാറാകുന്നവരുടെ ഭാരിച്ച ആശുപത്രി ചെലവുകളുടെ ഒരു ഭാഗമെങ്കിലും സർക്കാർ വഹിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു കോടിരൂപ വകയിരുത്തുന്നു. അവശപത്രപ്രവർത്തക പെൻഷൻ 2000 രൂപ എന്നത് 3000 രൂപയായി വർദ്ധിപ്പിക്കുന്നു. മലയാളത്തിലെ ആദ്യ ദാർശനിക സാഹിത്യകാരൻ 14-ാം നൂറ്റാണ്ടിലെ മലയിൻകീഴ് മാധവകവിയുടെ സ്മരണാർത്ഥമുള്ള "മലയിൻകീഴ് മാധവകവി സംസ്കൃതികേന്ദ്രം" പൂർത്തീകരണത്തിന് 25 ലക്ഷംരൂപ വകയിരുത്തുന്നു. തയ്യൽ തൊഴിലാളികളുടെ അംശദായത്തിൽ 10 രൂപ കൂടി വർദ്ധിപ്പിച്ച് അവർക്ക് കൊടുക്കുന്ന മരണാനന്തര സഹായമുൾപ്പെടെ വർദ്ധനവ് വരുത്തുന്നതാണ്. നിലവിൽ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസവേതനം കേന്ദ്രവിഹിതം ഉൾപ്പെടെ യഥാക്രമം 6,600 രൂപയും 5,100 രൂപയുമാണ്. ഈ തുക യഥാക്രമം 10,000 രൂപയായും 7,000 രൂപയായും ഉയർത്തുന്നതാണ്. ഈയിനത്തിലുണ്ടാകുന്ന അധിക ചെലവ് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകുന്നതാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്ന ആയമാരുടെ പ്രതിദിന വേതനം നിലവിലുള്ള 350 - 400 രൂപ നിരക്കിൽനിന്നും 400-500 രൂപയായി ഉയർത്തുന്നതാണ്. സെറിബ്രൽ പാൾസി, ഓട്ടിസം, മാനസികവളർച്ച ഇല്ലായ്മ തുടങ്ങിയ പ്രശ്നങ്ങളാൽ കഷ്ടപ്പെടുന്ന വ്യക്തികൾക്ക് സഹായം നൽകുന്നതിനായി 'കനിവ്' എന്ന പ്രത്യേക പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട വ്യക്തികളിൽ 80 ശതമാനത്തിലധികം വൈകല്യമുള്ള രോഗികളുള്ള ഭവനങ്ങളെ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന വീട്ടുകരത്തിൽനിന്നും ഒഴിവാക്കുന്നതാണ്. ഈയിനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം സർക്കാർ പ്രത്യേക സഹായമായി നൽകുന്നതാണ്. 'കനിവ്' പദ്ധതിയുടെ പഞ്ചായത്തുതല പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എല്ലാ പഞ്ചായത്തിലും ഓരോ അംഗപരിമിതരെ കോ-ഓർഡിനേറ്റർമാരായി നിയമിക്കുന്നതാണ്. ഇതിനു വേണ്ടിവരുന്ന ചെലവിന്റെ പകുതി സർക്കാരും പകുതി തദ്ദേശസ്ഥാപനങ്ങളും വഹിക്കുന്നതാണ്. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് വയനാട്ടിൽ ആരംഭിക്കുന്ന ശ്രീചിത്ര ആശുപത്രിക്ക് 20 കിടക്കകളുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഒന്നരക്കോടി രൂപ വകയിരുത്തുന്നു. വിഴിഞ്ഞം പദ്ധതിയുടെ പുനരധിവാസ

പാക്കേജിനായി ആദ്യഗഡുവായി 50 കോടി രൂപ വകയിരുത്തുന്നു. ഹോംഗാർഡ്സിന് ദിവസ അലവൻസ് 500 രൂപയായി വർദ്ധിപ്പിച്ചിരുന്നു; അത് 100 രൂപ കൂടി അധികമായി വർദ്ധിപ്പിച്ച് 600 രൂപയാക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം ഉൾപ്പെടെ മുഖ്യഅടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി 2016-17 വർഷത്തേയ്ക്ക് 2536.07 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകേണ്ട നഷ്ടപരിഹാരവും പുനരധിവാസത്തിനുമായി വേണ്ടി വരുന്ന തുക സംസ്ഥാനത്തെ മുഖ്യഅടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള മൊത്തം തുകയായ 2536.07 കോടി രൂപയിൽനിന്നും വഹിക്കുന്നതാണ്.

വടക്കാഞ്ചേരി പുഴയുടെ സംരക്ഷണത്തിനും സൗന്ദര്യവത്ക്കരണത്തിനും വേണ്ടി രണ്ടുകോടി രൂപ മാറ്റിവയ്ക്കുന്നു. മുക്കം-കക്കാട്-കൊടിയത്തൂർ റോഡിൽ കക്കാട്ടുകടവ് പാലം നിർമ്മിക്കാൻ 3 കോടിരൂപ വകയിരുത്തുന്നു. തിരൂർ ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായും തളിപ്പറമ്പ് താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായും ഉയർത്തുന്നതാണ്. കുമ്പളയിൽ ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതാണ്. കോന്നി ബൈപ്പാസ് നിർമ്മാണത്തിനായി 10 കോടിരൂപയും മാനന്തവാടി-പാണ്ടിക്കടവ്-കല്ലോടി റോഡ് ബി.എം.എ.സി. ചെയ്യാൻ 5 കോടി രൂപയും പെരിന്തൽമണ്ണ അഞ്ചുമണിക്കാറ്റ് നവീകരണ പദ്ധതിക്ക് മൂന്നു കോടിരൂപയും വകയിരുത്തുന്നു. കൽപ്പറ്റ-വാരമ്പറ്റ റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ ഒന്നാംഘട്ടമായി 3 കോടിരൂപയും ചാലിയാർ നദിക്കുകുറുകെ മലപ്പുറം-കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന കുളിമാട് പാലം നിർമ്മിക്കുവാൻ 5 കോടി രൂപയും വകയിരുത്തുന്നു. വിളപ്പിൽശാല പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാനായി ഒരു കോടിരൂപയും അങ്ങാടിപ്പുറം പഞ്ചായത്തിലെ മാനത്തുമംഗലം ഓരാടം പാലം ബൈപാസ് നിർമ്മാണം പെട്ടെന്ന് പൂർത്തീകരിക്കുന്നതിനായി 5 കോടിരൂപയും വകയിരുത്തുന്നു. കണ്ണൂർ ജില്ലയിലെ നീർക്കടവ് ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് രണ്ടു കോടിരൂപ വകയിരുത്തുന്നു. കുറവിലങ്ങാട് പ്രവർത്തിക്കുന്ന കോട്ടയം സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനത്തിന് 5 കോടി രൂപയും തലശ്ശേരിയിൽ ചിത്രകലാരംഗത്ത് പ്രശസ്തനായ പി. കരുണാകരൻ മാസ്റ്റർ സ്മാരകത്തിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു. കോട്ടയം, ഇടുക്കി ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടിക്കൽ പഞ്ചായത്തിലെ തേൻപുഴ വെംബ്ലി റോഡും പാലവും നിർമ്മിക്കുന്നതിന് 5 കോടിരൂപ വകയിരുത്തുന്നു.

നാലമ്പല തീർത്ഥാടന ക്ഷേത്രങ്ങളായ കൂടൽമാണിക്യക്ഷേത്രം, തൃപ്രയാർ ശ്രീരാമക്ഷേത്രം, തിരുമൂഴിക്കുളം ശ്രീലക്ഷ്മണക്ഷേത്രം, പായമ്മൽ ശത്രുഘ്നക്ഷേത്രം എന്നിവിടങ്ങളിലെ തീർത്ഥാടന സൗകര്യം വർദ്ധിപ്പിക്കാൻ ഒരു കോടിരൂപ വകയിരുത്തുന്നു. സംഗീത സംവിധായകനായ ബാബുരാജിന്റെ പേരിൽ മഞ്ചേരിയിൽ ബാബുരാജ് സംഗീത അക്കാഡമി ആരംഭിക്കുന്നതാണ്. കെ.എം.എം.എൽ.-ന്റെ പരിസരപ്രദേശമായ ചിറ്റൂരിലെ തദ്ദേശവാസികളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. തീരദേശ ഹൈവേ നീണ്ടകര മുതൽ തോട്ടപ്പള്ളിവരെ നടപ്പിലാക്കുന്നതാണ്. ഇടുക്കി ജില്ലയിലെ കരിമ്പൻ-മുരിക്കാശ്ശേരി-ചിന്നാർ-കമ്പിളിക്കണ്ടം-പാറത്തോട്-പണിക്കൻ കുടി മുനിയറ-തിങ്കൾക്കാട് റോഡ് ബി.എം.എ.സി ചെയ്യാനായി 5 കോടിരൂപ വകയിരുത്തുന്നു. എൻ.എച്ച്. 47-ൽ തട്ടാമല-കുട്ടിക്കട-മയ്യനാട് റോഡിന് രണ്ടു കോടിരൂപയും വകയിരുത്തുന്നു. കുറവിലങ്ങാട് താലൂക്കാശുപത്രി കെട്ടിട സമുച്ചയത്തിന് ഒരു കോടിരൂപയും പ്രമാടം സ്റ്റേഡിയം നിർമ്മിക്കാൻ ഒരു കോടിരൂപയും വകയിരുത്തുന്നു. താല്ക്കാലിക ജീവനക്കാർക്കായി പുതിയവേതന പദ്ധതി സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ കീഴിൽ വർഷങ്ങളായി താൽക്കാലിക ജീവനക്കാരായി പ്രവർത്തിക്കുന്ന പാവപ്പെട്ട സാധാരണക്കാരായ ദിവസവേതനക്കാരുടെ ഈ സ്കീമിന്റെ വിശദവിവരം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

പാമ്പാടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ 5 കോടി രൂപയും വിളപ്പിൽശാല പോളിടെക്നിക് കെട്ടിടനിർമ്മാണത്തിന് 5 കോടി രൂപയും അനുവദിക്കുന്നു.

നികുതിയെ സംബന്ധിച്ച് ചില കാര്യങ്ങൾ കൂടി പറയാനുണ്ട്. കടകൾക്കുനേരെ നടത്തുന്ന പരിശോധനയിൽ പ്രതിഷേധിച്ചാണ് ഇന്നലെ വ്യാപാരി-വ്യവസായികൾ സമരം നടത്തിയത്. അവരുടെ ആശങ്ക പൂർണ്ണമായും മാറ്റുന്ന തരത്തിൽ, വ്യാപാരികളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്ന വിധത്തിൽ വ്യക്തമായിട്ടുള്ള നടപടി വാണിജ്യ നികുതിവകുപ്പ് നടപ്പിലാക്കുമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

പ്ലാന്റേഷൻ ടാക്സ് 700 രൂപയിൽനിന്ന് 500 രൂപയായി കുറച്ചു. കാർഷികാദായനികുതി ഇൻകംടാക്സിന് തുല്യമായി വരുത്തുകയും അത് ഈ വർഷം വേണ്ടെന്ന് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വർണ്ണത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന വിലക്കുറവും വിൽപ്പനമാന്ദ്യവും കണക്കിലെടുത്ത് 5 വർഷം തുടർച്ചായി കോമ്പൗണ്ടിംഗ് സ്കീം സ്വീകരിച്ചവർക്ക് അവരുടെ ഇന്നത്തെ അവസ്ഥയിൽ ചില മാറ്റം വരുത്താൻ, എല്ലാവരുമായി ആലോചിച്ച് കുറച്ച് ഇളവ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

ഈ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കാൻ ഭയമുള്ളതുകൊണ്ടാണ് പ്രതിപക്ഷം ഓടിയൊളിച്ചത്. ബഡ്ജറ്റിൽ വളരെ പ്രയോജനകരമായ കാര്യങ്ങൾ പ്രഖ്യാപിച്ചു. അത് പോരായെന്നുപറഞ്ഞപ്പോഴാണ് പുതിയ ഇളവുകൾ ഇന്ന് പ്രഖ്യാപിച്ചത്. പ്രതിപക്ഷത്തിന് മുദ്രാവാക്യം വിളിക്കാൻ മാത്രമേ അറിയാവൂ; ഞങ്ങൾ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കും. ഇവിടെ പാവപ്പെട്ടവർക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളിൽ പങ്കാളികളാകാൻ ഇവർക്ക് താൽപ്പര്യമില്ല. അതാണ് ഇന്ന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. എന്റെ പ്രസംഗത്തിന്റെ പൂർണ്ണരൂപം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് നിയമസഭാ ചട്ടം 236(2) താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## VI ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 'നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതുചർച്ചയുടെ അവസാനം ധനാഭ്യർത്ഥനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കും റിപ്പോർട്ടിനുംവേണ്ടി അയയ്ക്കപ്പെടുമെന്നും ചട്ടം 236-ന്റെ (2)-ാം ഉപചട്ടപ്രകാരം പൊതുചർച്ച അവസാനിച്ച തീയതി മുതൽ നാലാഴ്ചയിൽ കവിയാത്ത കാലാവധിക്കുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ എല്ലാ ധനാഭ്യർത്ഥനകളുടെയും സൂക്ഷ്മപരിശോധന പൂർത്തിയാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടനയുടെ വ്യവസ്ഥയനുസരിച്ച് കാലാവധി പൂർത്തിയാക്കി പിരിഞ്ഞുപോകുന്ന സഭ, വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കു വേണ്ടി 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്ത നിയമസഭയിൽ രൂപീകരിക്കുന്ന സബ്ജക്ട് കമ്മിറ്റികൾ ബഡ്ജറ്റ് പരിശോധന പൂർത്തിയാക്കുന്നതു വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിലെ ശിപാർശ ഭേദഗതി ചെയ്യുവാനുള്ളപ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

## VII സഭാസമ്മേളനം വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): "സഭാസമ്മേളനം സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ 2016 ഫെബ്രുവരി 19, 22 എന്നീ തീയതികളിൽ ചേരുവാൻ നിശ്ചയിച്ചിട്ടുള്ള സഭാസമ്മേളനം ചേരേണ്ടതില്ലെന്നും ഫെബ്രുവരി 22-ന് നിശ്ചയിച്ചിട്ടുള്ള വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും ഫെബ്രുവരി 24-ന് അന്നേദിവസം തീരുമാനിച്ചിട്ടുള്ള മറ്റ് ബിസിനസ്സുകളോടൊപ്പം എടുക്കണമെന്നും കാര്യോപദേശക സമിതിയുടെ 24-ാമത് റിപ്പോർട്ടിലെ ശിപാർശകൾ തദനുസൃതമായി ഭേദഗതി ചെയ്യണമെന്നും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ....., ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും 24-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.57-ന് പിരിഞ്ഞു.)

## അനുബന്ധം- I

## (*211) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ ): സർ, ആർ.എസ്.ബി.വൈ. പദ്ധതിയിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പതിനൊന്ന് വിഭാഗങ്ങളിലെ കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നു. പദ്ധതിയിൽ അംഗമാകുന്നതിനുവേണ്ടി ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും അവർക്ക് എൻറോൾമെന്റ് നടത്തി

ആരോഗ്യ കാർഡ് നൽകുകയും ചെയ്യുന്നു. ആർ.എസ്.ബി.വൈ. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പ്രാഥമിക ഘട്ടം മുതൽ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും പേപ്പർ ലെസ്സ്/ക്യാഷ് ലെസ്സ് സൗജന്യ ചികിത്സ നൽകുന്നു. പദ്ധതി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന/ജില്ലാ പരാതി പരിഹാരസമിതികൾ നിലവിലുണ്ട്. ഇതിന്റെ ചുവടു പിടിച്ച് ചിസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ഉത്തരവിൻപ്രകാരം നിർദ്ദേശിച്ച മേൽ പട്ടികയിൽപ്പെടാത്ത വിവിധ ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ/ പെൻഷൻകാർ/എസ്.സി./എസ്.ടി. ഉൾപ്പെടെ ഇരുപത്തിയെട്ട് വിഭാഗങ്ങളിലേയും മുഴുവൻ കുടുംബങ്ങളെയും പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം സമൂഹത്തിന്റെ താഴെത്തട്ടിലുള്ള അസംഘടിത മേഖലയിലെ ജനവിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷയോടൊപ്പം ആരോഗ്യ സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ട് ഒരു കുടുംബത്തിലെ അഞ്ച് അംഗങ്ങൾക്ക് പ്രതിവർഷം മുപ്പതിനായിരം രൂപയുടെ സൗജന്യ ചികിത്സാസഹായം നൽകിവരുന്നു.

(സി) ആർ.എസ്.ബി.വൈ. പദ്ധതി നടത്തിപ്പിനായി പദ്ധതിയുടെ പ്രാരംഭഘട്ടം മുതൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് ചിയാക് എന്ന നോഡൽ ഏജൻസി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആർ.എസ്.ബി.വൈ. പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഉന്നതാധികാര മേൽനോട്ട സമിതി രൂപീകരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ പദ്ധതി സംബന്ധിച്ച് തർക്കങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതി പരിഹാരസമിതികൾ നിലവിലുണ്ട്. ഭരണപരമായ മേൽനോട്ടം വഹിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും രൂപീകരിച്ചിട്ടുണ്ട്.

## അനുബന്ധം - II

**18-2-2016-ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച മറുപടി പ്രസംഗത്തിന്റെ പൂർണ്ണരൂപം.**

ഗവൺമെന്റിന്റെ അഞ്ചുവർഷം കാലാവധി പൂർത്തിയാകുന്ന അവസരത്തിൽ കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ പദ്ധതികളെപ്പറ്റിയും നേട്ടങ്ങളെയും കോട്ടങ്ങളെയും പറ്റിയും സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് ദിശാബോധം നൽകിയുമാണ് ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെയും ബഡ്ജറ്റ് പ്രസംഗത്തിലൂടെയും ഞങ്ങൾ ഈ സഭയെ അഭിമുഖീകരിച്ചത്.

ഗവൺമെന്റിനെതിരെ അക്രമാസക്തമായ സമരങ്ങളും വ്യക്തിഹത്യയും നടത്തിയും അപവാദപ്രചരണം നടത്തിയും ഞങ്ങളെ കടന്നാക്രമിച്ച പ്രതിപക്ഷകക്ഷികൾ അവർ ഉന്നയിച്ച ആരോപണങ്ങൾ ഗൗരവമുള്ളതാണെന്ന് ബോധ്യമുണ്ടെങ്കിൽ ഈ രണ്ടു ചർച്ചകളിലും പങ്കെടുത്ത് വിമർശനങ്ങൾ നിരത്തുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. പക്ഷേ നിരാശ ബാധിച്ച പ്രതിപക്ഷം ഈ ചർച്ചകളിൽനിന്നും ഒളിച്ചോടാനാണ് ശ്രമിച്ചത്. ഒരേ വിഷയം തന്നെ പല രീതിയിൽ അടിയന്തര പ്രമേയമായി അവതരിപ്പിച്ച് വാക്കൗട്ട് പ്രസംഗം നടത്തി സംതൃപ്തിയടഞ്ഞും മുദ്രാവാക്യം വിളിച്ച് സഭയെ സമരവേദിയാക്കാനും സ്പീക്കറുടെ ഡയസിനുമുന്നിലും സഭാതലത്തിലും സഭയുടെ അന്തസ്സിന് നിരക്കാത്ത സമരശൈലി സ്വീകരിച്ചും പ്രതിപക്ഷം നടത്തിയ പ്രകടനങ്ങൾ അവരുടെ ആത്മവിശ്വാസക്കുറവിനെയാണ് പ്രതിഫലിപ്പിച്ചത്. ജനാധിപത്യ ഭരണ സംവിധാനത്തിൽ എതിർപ്പുകൾ ഫലപ്രദമായി ഉന്നയിക്കാൻ ഏറ്റവും നല്ല വേദിയായ നിയമസഭാ വേദിയിൽ അതിന് തയ്യാറാകാതെ ഉത്തരനെപ്പോലെ ഒളിച്ചോടിയ പ്രതിപക്ഷത്തോട് എനിക്ക് സഹതാപമുണ്ട്. ഒരുകാര്യം പ്രതിപക്ഷം മനസ്സിലാക്കണം. കേരളത്തിലെ ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്. ഈ അതിരുവിട്ട പ്രകടനങ്ങൾക്ക് നിങ്ങൾ ജനങ്ങളുടെ മുന്നിൽ ഉത്തരം പറയേണ്ടിവരും.

നിങ്ങളുടെ അന്ധമായ കോൺഗ്രസ്സ് വിരോധം നിങ്ങളെ എവിടെ കൊണ്ടുവന്നെത്തിച്ചു എന്ന് നിങ്ങളോർക്കണം. ബി.ജെ.പി. അല്ല കോൺഗ്രസ്സാണ് മുഖ്യശത്രുവെന്ന് പറഞ്ഞ നിലപാടാണല്ലോ നിങ്ങൾ സ്വീകരിച്ചത്? കോൺഗ്രസ്സിന്റെ അധികാര കുത്തക തകർക്കാൻ വർഗ്ഗീയ താൽപ്പര്യങ്ങളോട് സന്ധിചെയ്ത നിങ്ങൾ മതേതര ശക്തികളെ ദുർബലപ്പെടുത്തി.

മൂന്ന് പതിറ്റാണ്ടിലേറെക്കാലം ബംഗാളിൽ ഭരണകുത്തകയിലായിരുന്ന നിങ്ങൾ ഇപ്പോൾ നിലനിൽപ്പിനുവേണ്ടി കോൺഗ്രസ്സിന്റെ പിന്നാലെ വരേണ്ട ഗതികേടിലല്ലേ? ബംഗാളിൽ മേൽവിലാസം നിലനിർത്തണമെങ്കിൽ നിങ്ങൾക്ക് കോൺഗ്രസ്സിന്റെ സഹകരണം ആവശ്യമായിരിക്കുന്നു.

ഇതാണ് ചരിത്രം നിങ്ങൾക്ക് നൽകിയ തിരിച്ചടി. കോൺഗ്രസ്സ് മുഖ്യശത്രുവായി കണ്ട കേരളത്തിലെ സി.പി.എം.-ന്റെ മുഖ്യശത്രു കോൺഗ്രസ്സാണോ സി.പി.എം. ബംഗാൾ ഘടകമാണോയെന്ന് വ്യക്തമാക്കേണ്ട ഗതികേട് നിങ്ങൾക്കുണ്ടായതിൽ ഞാൻ നിങ്ങളോട് സഹതപിക്കുന്നു.

കേരളത്തിന്റെ ഭാവി മുന്നിൽ കണ്ട് നിരവധി മൂലധന നിക്ഷേപ പദ്ധതികൾക്ക് ഈ സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. 'വികസനത്തോടൊപ്പം കരുതലും ശ്രദ്ധയും' എന്ന ഈ സർക്കാരിന്റെ മുദ്രാവാക്യം സാർത്ഥകമാക്കുന്നതിന് ആവശ്യമായ മുഴുവൻ പണവും ഇതിനായി നൽകിയിട്ടുമുണ്ട്. ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചയിൽ ഉണ്ടായ മാന്ദ്യത്തിനെത്തുടർന്ന് ദേശീയതലത്തിൽ റവന്യൂ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെയും ബാധിച്ചു. ഈ പ്രതികൂല പരിതസ്ഥിതിയിലും സംസ്ഥാനത്തിന്റെ റവന്യൂകമ്മി, ആഭ്യന്തര ഉല്പാദനത്തിന്റെ 1.85% ആയി 2015-16-ലും 1.50% ആയി 2016-17-ലും പിടിച്ചു നിർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 2006-11 കാലയളവിൽ ശരാശരി റവന്യൂകമ്മി ആഭ്യന്തര ഉല്പാദനത്തിന്റെ 1.86% രേഖപ്പെടുത്തിയ പശ്ചാത്തലത്തിലാണ് ഈ നേട്ടമെന്നത് പ്രത്യേകം പരാമർശിക്കപ്പെടേണ്ടതുണ്ട്. അതുപോലെ തന്നെ ധനകമ്മി മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ 3.02% ആയി 2015-16-ലും 3.03% ആയി 2016-17-ലും കുറച്ചുകൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 2006-2011 കാലഘട്ടത്തിൽ ശരാശരി ധനകമ്മി 3.08% ആയിരുന്നുവെന്നതും പരിഗണിക്കപ്പെടേണ്ടതുണ്ട്. വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് വൻതോതിൽ പണം ചെലവഴിക്കേണ്ടി വന്നിട്ടും ഈ സർക്കാരിന് മുൻകാലത്തേക്കാൾ മെച്ചപ്പെട്ട നിലയിൽ കമ്മി നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതാണ് വാസ്തവം.

സംസ്ഥാനത്തിന്റെ നിലവിലെ കടബാധ്യത, അനുവദനീയമായ പരിധിക്കുള്ളിലാണ്. പതിനാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള കടമെടുപ്പ് പരിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഇനിയും 31,000 കോടി രൂപവരെ കടം സ്വീകരിക്കാൻ കഴിയുന്നതാണ്. സംസ്ഥാനത്തിന്റെ സുപ്രധാന അടിസ്ഥാന വികസന പദ്ധതികൾക്കായി ഈ വായ്പാപരിധി ഉപയോഗിച്ചുകൊണ്ട് കേരളത്തിനെ വളർച്ചയുടെ പാതയിലേക്ക് നയിക്കാൻ സർക്കാർ ആഗ്രഹിക്കുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾക്ക് പണലഭ്യത ഉറപ്പ് വരുത്തുന്നതിനും പബ്ലിക് അക്കൗണ്ടിൽ സർക്കാർ പണം നിക്ഷേപിക്കുന്നത് തടയുന്നതിനും മൂലധന ചെലവുകൾ സുഗമമാക്കുന്നതിനും നിരവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വരുന്ന വർഷം ചരക്കുസേവന നികുതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തികനിലയിൽ കൂടുതൽ നേട്ടമുണ്ടാകുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. സംസ്ഥാന വാണിജ്യ നികുതി വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. ഇത്തരം നടപടികളിലൂടെ സംസ്ഥാനത്തിന്റെ വിഭവങ്ങൾ ഏറ്റവും നന്നായി പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നതാണ്.

കംപ്ട്രോളർ & ആഡിറ്റർ ജനറൽ കേരളത്തിന്റെ സാമ്പത്തിക നിലയെപ്പറ്റി 2015 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ പരാമർശിച്ചത് ഇപ്രകാരമാണ്. "കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദന വളർച്ചാ നിരക്ക്, 13.93% എന്ന നിലയിൽ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കഴിഞ്ഞ രണ്ടു വർഷത്തെ ദേശീയ ശരാശരി വളർച്ചയെക്കാൾ മെച്ചപ്പെട്ടതാണ്."

ഈ സഭാ സമ്മേളനത്തിൽ ബഡ്ജറ്റ് രേഖകൾ ചോർന്നതായി പ്രതിപക്ഷം ആരോപണം ഉന്നയിച്ചിരുന്നു. ഇത് സംബന്ധിച്ച് സർക്കാർ വിശദമായ അന്വേഷണം നടത്തി വരികയാണ്. പ്രാഥമികമായ അന്വേഷണത്തിൽ, ബഡ്ജറ്റ് രേഖകൾ ചോർന്നിട്ടില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്. കേരള സർക്കാരിന്റെ 2016-17-ലെ ഇടക്കാല സാമ്പത്തിക രേഖയിലെ ഏതാനും പേജുകൾ കൈക്കലാക്കി അതിൽ 'ബഡ്ജറ്റ് ഒറ്റനോട്ടത്തിൽ' എന്ന തലക്കെട്ടുചേർത്ത് ബഡ്ജറ്റ് രേഖകൾ ചോർന്നതായി വരുത്തിത്തീർക്കുന്നതിനുള്ള ഒരു ശ്രമം മാത്രമാണ് നടന്നിട്ടുള്ളത്. സംസ്ഥാന ബഡ്ജറ്റ് പ്രസംഗമോ ബഡ്ജറ്റ് ഒറ്റനോട്ടത്തിൽ എന്ന രേഖയോ ചോർന്നിട്ടില്ല. എങ്കിൽപ്പോലും ഇടക്കാല സാമ്പത്തികരേഖയിലെ ഏതാനും ഭാഗം ചോർന്നതായ ആക്ഷേപം വിശദമായി അന്വേഷിച്ച് സർക്കാർ തുടർനടപടി സ്വീകരിക്കുന്നതാണ്.

ഞാൻ ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിന് വിവിധ കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച നിർലോഭമായ പിന്തുണയ്ക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ബഡ്ജറ്റ് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ലഭിച്ച വിലപ്പെട്ട നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഇനി പറയുന്ന ആനുകൂല്യങ്ങൾ കൂടി ഞാൻ പ്രഖ്യാപിക്കുന്നു.

## താല്ക്കാലിക ജീവനക്കാർക്ക് പുതിയ വേതന പദ്ധതി

സർക്കാരിൽ വളരെയധികം ആൾക്കാർ ദിവസവേതനത്തിനും കോൺട്രാക്ട് അടിസ്ഥാനത്തിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്നു. സർക്കാർ ജീവനക്കാരെ അപേക്ഷിച്ച് ഇവർ തുലോം തുച്ഛമായ പ്രതിഫലമാണ് ഇപ്പോൾ കൈപ്പറ്റുന്നത്. ഇവർക്ക് ന്യായമായ ജീവിത നിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പ്രതിഫലം നല്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലേക്കായി സർക്കാർ പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. ദിവസവേതനവും കോൺട്രാക്ട് വേതനവും തത്തുല്യമായ തസ്തികകളിലെ സർക്കാർ ജീവനക്കാരുടെ ശമ്പളസ്കെയിലിന്റെ മിനിമം ഉറപ്പുവരുത്തി നല്കുന്നതാണ്. ഇതുകൂടാതെ എല്ലാവർഷവും വിലസൂചികയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് നൽകുന്നതാണ്. ഇതിലേക്കായി ഏകദേശം 135 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 10 വർഷം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് അവരുടെ പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ 3 വർഷംവരെ കോൺട്രാക്ട് വ്യവസ്ഥയിൽ പുനർനിയമനം നല്കാനും ഉദ്ദേശിക്കുന്നു.

## വിവിധ പദ്ധതികളുടെ പ്രഖ്യാപനം

1. വടക്കാഞ്ചേരി പുഴയുടെ സംരക്ഷണത്തിനും സൗന്ദര്യവത്ക്കരണത്തിനും വേണ്ടി രണ്ടുകോടി രൂപ മാറ്റിവയ്ക്കുന്നു.
2. മുക്കം - കക്കാട് കൊടിയത്തൂർ റോഡിൽ കക്കാട്ട കടവുപാലം നിർമ്മിക്കാൻ 3 കോടി രൂപ വകയിരുത്തുന്നു.
3. തിരൂർ ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായും താനൂർ സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായും തളിപ്പറമ്പ് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായും ഉയർത്തുന്നതാണ്.
4. കുമ്പളയിൽ ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതാണ്.
5. കോന്നി ബൈപ്പാസ് നിർമ്മാണത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.
6. മാനന്തവാടി-പാണ്ടിക്കടവ്-കല്ലോടി റോഡ് ബി.എം.എ.സി. ചെയ്യാനും ശ്രീകണ്ഠാപുരം-ചെമ്പൻതൊട്ടി - നടുവിൽ റോഡ് ബി.എം.എ.സി. ചെയ്യാനും 5 കോടി രൂപ വീതം വകയിരുത്തുന്നു.
7. പെരിന്തൽമണ്ണ അഞ്ചുമണിക്കാറ്റ് നവീകരണ പദ്ധതിക്ക് മൂന്നു കോടി രൂപ വകയിരുത്തുന്നു.

8. കൽപ്പറ്റ - വാരമ്പറ്റ റോഡിന്റെ നിർമ്മാണപ്രവർത്തനത്തിനായി ഒന്നാംഘട്ടമായി 3 കോടി രൂപ വകയിരുത്തുന്നു.

9. ചാലിയാർ നദിക്കുകുറുകെ മലപ്പുറം-കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന കുളിമാട് പാലം നിർമ്മിക്കുവാൻ 5 കോടി രൂപ വകയിരുത്തുന്നു.

10. വിളപ്പിൽശാല പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാനായി ഒരു കോടി രൂപ വകയിരുത്തുന്നു.

11. അങ്ങാടിപ്പുറം പഞ്ചായത്തിലെ മാനത്തുമംഗലം ഓരാടം പാലം ബൈപാസ് നിർമ്മാണം പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

12. കണ്ണൂർ ജില്ലയിലെ നീർക്കടവ് ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് രണ്ടു കോടി രൂപ വകയിരുത്തുന്നു.

13. കുറവിലങ്ങാട് പ്രവർത്തിക്കുന്ന കോട്ടയം സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനത്തിന് 5 കോടി രൂപ വകയിരുത്തുന്നു.

14. തലശ്ശേരിയിൽ ചിത്രകലാരംഗത്ത് പ്രശസ്തനായ പി. കരുണാകരൻ മാസ്റ്റർ സ്മാരകത്തിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

15. കോട്ടയം ജില്ലയും ഇടുക്കി ജില്ലയും തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടിക്കൽ പഞ്ചായത്തിലെ തേൻപുഴ വെംബ്ലി റോഡും പാലവും നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

16. നാലമ്പല തീർത്ഥാടന ക്ഷേത്രങ്ങളായ കൂടൽമാണിക്യ ക്ഷേത്രം, തൃപ്രയാർ ശ്രീരാമ ക്ഷേത്രം, തിരുമൂഴിക്കുളം ശ്രീലക്ഷ്മണക്ഷേത്രം, പായമ്മൽ ശത്രുഘ്നക്ഷേത്രം എന്നീ ക്ഷേത്രങ്ങളിലെ തീർത്ഥാടന സൗകര്യം വർദ്ധിപ്പിക്കാൻ ഒരു കോടി രൂപ വകയിരുത്തുന്നു.

17. മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു കാത്ത് ലാബ് ആരംഭിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

18. പട്ടാമ്പി ശ്രീനീലകണ്ഠ ഗവൺമെന്റ് കോളേജിൽ സ്റ്റേഡിയം നിർമ്മിക്കാൻ രണ്ടു കോടി രൂപ വകയിരുത്തുന്നു.

19. മഞ്ചേരിയിൽ സംഗീത സംവിധായകനായ ബാബുരാജിന്റെ പേരിൽ

ബാബുരാജ് സംഗീത അക്കാഡമി ആരംഭിക്കുന്നതാണ്.

20. കെ.എം.എം.എൽ.-ന്റെ പരിസര പ്രദേശമായ ചിറ്റൂരിലെ തദ്ദേശവാസികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിലേയ്ക്കായി ടോക്കൺ സംഖ്യ വകയിരുത്തുന്നു.

21. തീരദേശ ഹൈവേ നീണ്ടകര മുതൽ തോട്ടപ്പള്ളിവരെ നടപ്പിലാക്കുന്നതാണ്.

22. ഇടുക്കി ജില്ലയിലെ കരിമ്പൻ-മുരിക്കാശ്ശേരി- ചിന്നാർ-കമ്പിളിക്കണ്ടം-പാറത്തോട് - പണിക്കൻകുടി മുനിയറ-തിങ്കൾക്കാട് റോഡ് ബി.എം.എ.സി. ചെയ്യാനായി 5 കോടി രൂപ വകയിരുത്തുന്നു.

23. എൻ.എച്ച്. 47-ൽ തട്ടാമല – കൂട്ടിക്കട-മയ്യനാട് റോഡിന് രണ്ടു കോടി രൂപ വകയിരുത്തുന്നു.

24. കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട സമുച്ചയത്തിന് ഒരു കോടി രൂപ വകയിരുത്തുന്നു.

25. പ്രമാടം സ്റ്റേഡിയം നിർമ്മിക്കാൻ ഒരു കോടി രൂപ വകയിരുത്തുന്നു.

26. പാമ്പാടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ മൂന്നു കോടി രൂപ അനുവദിക്കുന്നു.

27. വിളപ്പിൽശാല പോളിടെക്നിക് കോളേജിന് മൂന്നു കോടി രൂപ അനുവദിക്കുന്നു.

28. സീപോർട്ട്-എയർപോർട്ട് റോഡിൽ എച്ച്.എം.റ്റി. ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും.

<u>പൊതുവായ കാര്യങ്ങൾ</u>

1. മാധ്യമ പ്രവർത്തകരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയത്തിന്റെ 50% സർക്കാർ വഹിക്കുന്നതാണ്. ഇതിലേയ്ക്കായി അധികമായി 25 ലക്ഷം രൂപയും കോട്ടയം പ്രസ് ക്ലബ് നവീകരണത്തിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു.

2. മംഗലാപുരം/കോയമ്പത്തൂർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്കുകൂടി കാരുണ്യ ബെനവലന്റ് സ്കീമിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

3. കൃഷി വകുപ്പ് 86 നിയോജക മണ്ഡലങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ സമഗ്ര കാർഷികവികസന പദ്ധതിയായ 'നിറവ് പദ്ധതി' ശേഷിക്കുന്ന 54 നിയോജക മണ്ഡലങ്ങളിൽക്കൂടി നടപ്പിലാക്കുന്നതാണ്.

4. സംസ്ഥാനത്ത് കോഴി വളർത്തലും കന്നുകാലി വളർത്തലും ഉപജീവനമാക്കിയവർക്ക്, മറ്റ് കർഷകർക്ക് ലഭിക്കുന്ന വായ്പകളും വൈദ്യുതി സൗജന്യവും ടാക്സ് ഇളവുകളും ലഭ്യമാക്കുന്നതിന് കോഴി വളർത്തലും കന്നുകാലി വളർത്തലും കൃഷിയായി അംഗീകരിക്കും.

5. സംസ്ഥാനത്തുടനീളം ഹരിതമൈത്രി കാർഷിക വിപണികൾ ആരംഭിക്കും.

6. മാനന്തവാടി ജില്ലാ ആശുപത്രിയിൽ മാതൃശിശു മൾട്ടി സ്പെഷ്യാലിറ്റി യൂണിറ്റ് ആരംഭിക്കും. മലപ്പുറം ക്യാൻസർ & റിസർച്ച് സെന്ററിന് 10 കോടി രൂപയും അനുവദിക്കുന്നു.

7. ഈറ്റവെട്ട്, പനമ്പ് തൊഴിലാളികളുടെ മിനിമം കൂലിയും ഡി.എ. കുടിശ്ശികയും നൽകാനായി 5 കോടി രൂപ ഒന്നാംഘട്ടമായി വകയിരുത്തുന്നു.

8. സംസ്ഥാനത്തെ ഖാദിമേഖലയുടെ ആധുനികവത്ക്കരണ പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഒന്നാംഘട്ടമായി രണ്ടു കോടി രൂപ വകയിരുത്തുന്നു.

9. നമ്മുടെ പൊതു സമൂഹവും മാധ്യമങ്ങളും ഇന്ന് ഏറെ ചർച്ച ചെയ്യുന്ന ഒരു വിഷയമാണ് അവയവദാനം. എന്നാൽ അവയവദാനം നൽകുന്ന വ്യക്തിയുടെ കുടുംബം ചികിത്സയുടെ പേരിൽ വലിയ തുകകൾ ചെലവഴിക്കേണ്ടിവരുന്നു. ഇത്തരത്തിൽ അവയവദാനത്തിന് തയ്യാറാകുന്നവരുടെ ഭാരിച്ച ആശുപത്രി ചെലവുകളുടെ ഒരു ഭാഗമെങ്കിലും സർക്കാർ വഹിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നു.

10. അവശപത്രപ്രവർത്തക പെൻഷൻ രണ്ടായിരം രൂപയെന്നത് 3000 രൂപയായി വർദ്ധിപ്പിക്കുന്നു.

11. മലയാളത്തിലെ ആദ്യ ദാർശനിക സാഹിത്യകാരൻ 14-ാം നൂറ്റാണ്ടിലെ മലയിൻകീഴ് മാധവകവിയുടെ സ്മരണാർത്ഥമുള്ള "മലയിൻകീഴ് മാധവകവി സംസ്കൃതികേന്ദ്രം" പൂർത്തീകരണത്തിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

12. തയ്യൽ തൊഴിലാളികളുടെ അംശദായത്തിൽ 10 രൂപ കൂടി വർദ്ധിപ്പിച്ച് അവർക്കു കൊടുക്കുന്ന മരണാനന്തര സഹായം ഉൾപ്പെടെ വർദ്ധനവ് വരുത്തുന്നതാണ്.

13. നിലവിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസവേതനം കേന്ദ്ര വിഹിതം ഉൾപ്പെടെ യഥാക്രമം 6,600 രൂപയും 5,100 രൂപയുമാണ്. ഈ തുക യഥാക്രമം 10,000 രൂപയായും 7,000 രൂപയായും ഉയർത്തുന്നതാണ്. ഈയിനത്തിലുണ്ടാകുന്ന അധിക ചെലവ് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നെടുത്ത് ചെലവഴിക്കാൻ അനുമതി നൽകുന്നതാണ്.

14. സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്ന ആയമാരുടെ പ്രതിമാസ വേതനം നിലവിലുള്ള 350 - 400 രൂപ എന്നുള്ള നിരക്കിൽനിന്നും 400-500 രൂപയായി ഉയർത്തുന്നതാണ്. സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം നിലവിലുള്ള നിരക്കിൽനിന്ന് 1,000 രൂപ വർദ്ധിപ്പിക്കുന്നു.

15. സെറിബ്രൽ പാൾസി, ഓട്ടിസം, മാനസികവളർച്ച ഇല്ലായ്മ തുടങ്ങിയവയാൽ കഷ്ടപ്പെടുന്ന വ്യക്തികൾക്ക് സഹായം നൽകുന്നതിനായി 'കനിവ്' എന്ന പ്രത്യേക പദ്ധതി ഞാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട വ്യക്തികളിൽ 80 ശതമാനത്തിലധികം വൈകല്യമുള്ളവരുടെ ഭവനങ്ങളെ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന വീട്ടുകരത്തിൽ നിന്നും ഒഴിവാക്കുന്നതാണ്. ഈയിനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം സർക്കാർ പ്രത്യേക സഹായമായി നൽകുന്നതാണ്.

16. കനിവ് പദ്ധതിയുടെ പഞ്ചായത്തുതല പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എല്ലാ പഞ്ചായത്തിലും ഓരോ അംഗപരിമിതരെ കോ-ഓർഡിനേറ്റർമാരായി നിയമിക്കുന്നതാണ്. ഇതിനുവേണ്ടിവരുന്ന ചെലവിന്റെ പകുതി സർക്കാരും പകുതി തദ്ദേശസ്ഥാപനങ്ങളും വഹിക്കുന്നതാണ്.

17. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും ചേർന്ന് വയനാട്ടിൽ ആരംഭിക്കുന്ന ശ്രീചിത്ര ആശുപത്രിക്ക് 20 കിടക്കകളുള്ള കെട്ടിടം പണിയുന്നതിന് ഒന്നര കോടി രൂപ വകയിരുത്തുന്നു.

18. ഹോംഗാർഡ്സിന് ദിവസ അലവൻസ് 500 രൂപയായി വർദ്ധിപ്പിച്ചിരുന്നു. അത് 100 രൂപ കൂടി അധികമായി നൽകും.

19. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം ഉൾപ്പെടെ മുഖ്യഅടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2016-17 വർഷത്തേയ്ക്ക് 2,536.07 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകേണ്ട നഷ്ടപരിഹാരവും പുനരധിവാസത്തിനുമായി വേണ്ടിവരുന്ന തുക സംസ്ഥാനത്തെ മുഖ്യ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള മൊത്തം തുകയായ 2,536.07 കോടി രൂപയിൽനിന്നും വഹിക്കുന്നതാണ്. വിഴിഞ്ഞം പദ്ധതിയുടെ പുനരധിവാസ പാക്കേജിന്റെ ആദ്യഗഡുവായി 50 കോടി രൂപ വകയിരുത്തുന്നു.

20. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ scattered തൊഴിലാളി പെൻഷനായി ഒരു കോടി രൂപ വകയിരുത്തുന്നു.

<u>പാരാ 442-ൽ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ കരാറുകാർ 2014-15 തുടങ്ങിയ കരാർ പണികൾക്ക് പ്രഖ്യാപിച്ച നികുതി അടയ്ക്കുന്ന മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 8A പ്രകാരം നികുതി അടയ്ക്കുന്ന എല്ലാ കരാറുകാർക്കും ബാധകമായിരിക്കുമെന്ന് വ്യക്തമാക്കുന്നു.</u>

പാരാ 450 പ്രകാരം പ്രഖ്യാപിച്ച ഉയർന്ന നികുതി നിരക്കായ 20 ശതമാനം വിവിധതരം പ്ലാസ്റ്റിക് carrybag-കൾക്കുമാത്രമേ ബാധകമാവുകയുള്ളൂവെന്നും വ്യക്തമാക്കുന്നു. Packing Materials ബാധകമല്ല. നിലവിൽ അനുമാന നികുതിദായകരുടെ വിറ്റുവരവ് പരിധി 60 ലക്ഷം രൂപയാണ്. ഇത് 75 ലക്ഷമായി വർദ്ധിപ്പിക്കുന്നതാണ്.

ട്രേഡ് മാർക്ക് നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബ്രാൻഡഡ് ബേക്കറി ഉൽപ്പന്നങ്ങൾക്ക് 12.5 ശതമാനം (നിലവിൽ) ആണ് നികുതി. നികുതി നിരക്കുമായി ബന്ധപ്പെട്ട ചില അവ്യക്തതകൾ നിലനിന്നിരുന്നതിനാൽ പല

വ്യാപാരികളും 4/5 ശതമാനം നികുതി മാത്രമേ അടച്ചിരുന്നുള്ളൂ. വ്യാപാരികൾ നിരക്കുകളിലെ ഈ വ്യതിയാനം അതായത് 8.5%/9.5% നികുതി ഒടുക്കേണ്ടതാണ്. പഴയ കുടിശ്ശികകൾ അടച്ചുതീർക്കുന്നതിനുള്ള ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി ഇത്തരം വ്യാപാരികൾക്ക് അവരുടെ നികുതി കുടിശ്ശിക 30-6-2016-നകം ഗവൺമെന്റ് സ്കീമിൽ ചേരാൻ തയ്യാറാകുന്നപക്ഷം പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി നൽകുന്നതാണ്. ഈ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് സാവകാശവും തവണകളും അനുവദിക്കും.

വാണിജ്യനികുതി വകുപ്പ് നടത്തുന്ന കടപരിശോധനയിൽ വ്യാപാരി സംഘടനകൾ ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി വെട്ടിപ്പ് നടത്തുന്നുവെന്ന് പ്രാഥമിക വിവരം ലഭിക്കുന്ന ഫയലുകളിൽ വിശദമായ പരിശോധനയ്ക്കും ചില നിശ്ചിതമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഡാറ്റ അവലോകനം ചെയ്തും കേന്ദ്രീകൃതമായി ഫയൽ തെരഞ്ഞെടുത്ത് അവയിൽ മാത്രമേ പരിശോധന നടത്തുകയുള്ളൂ.

പ്ലാന്റേഷൻ നികുതി, നിലവിൽ ഹെക്ടറിന് 700 രൂപയാണ്. ഇത് 500 രൂപയായി കുറയ്ക്കുന്നതാണ്.

കാർഷികാദായ നികുതി ഇൻകംടാക്സിന് സമാനമാക്കുന്നതും അതെല്ലാ കമ്പനികൾക്കും ബാധകമാക്കുന്നതുമാണ്. അതായത് 30 ശതമാനം എന്നാൽ ഇക്കൊല്ലം AIT ആരിൽനിന്നും ഈടാക്കുന്നതല്ല.

ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 112 കോടിരൂപ എന്നത് 12 കോടി രൂപയായി തിരുത്തേണ്ടതാണ്.

സ്വർണ്ണത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന വിലക്കുറവും വിൽപ്പനമാന്ദ്യവും കണക്കിലെടുത്ത് അഞ്ചുവർഷം തുടർച്ചയായി കോമ്പൗണ്ടിംഗ് സ്കീം സ്വീകരിച്ച വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ എല്ലാവരുമായും ചർച്ച ചെയ്ത് നേരിയ ഇളവ് അനുവദിക്കാൻ തീരുമാനിച്ചിരിക്കുന്നു.